# അറിയാൻ.. ആദരിക്കാൻ.. അനുകരിക്കാൻ...

(ജീവചരിത്രക്കുറിപ്പുകൾ)



ഫാ. ചെറിയാൻ താഴമൺ

www.malankaralibrary.com

# അറിയാൻ...
# ആദരിക്കാൻ...
# അനുകരിക്കാൻ...

(ജീവചരിത്രക്കുറിപ്പുകൾ)

ഫാ. ചെറിയാൻ താഴമൺ

മേരിഗിരി, തിരുവല്ല

2020

www.malankaralibrary.com

# ARIYAN... AADARICKAN... ANUKARICKAN...
(Jeevacharithra Kurippukal)

Malayalam

Author : Fr. Cherian Thazhamon

Published by : Archdiocese of Tiruvalla

Copy right : Author

First published : July 2020

Distribution : MCA Archdiocese, Tiruvalla

Available at : Marygiri, Santhinilayam

Cover Design : Sherry

Layout : Jaison Mathew Kochuvadavana

D.T.P : Jaison Mathew, Rintu Mathew

Printed at : St. Joseph Orphanage Press, Changanacherry

Price : 250/-

www.malankaralibrary.com

# ഉള്ളടക്കം

അനുഗ്രഹാശംസ : കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ

അവതരണസന്ദേശം: അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത

ആമുഖം : ഫാ. ചെറിയാൻ താഴമൺ

| | പുറം |
|---|---|
| മോൺ. സഖറിയാസ് വാച്ചാപ്പറമ്പിൽ ...................................... | 10 |
| മോൺ. ജോൺ കച്ചിറമറ്റം .......................................................... | 15 |
| മോൺ. തോമസ് വടശേരി .......................................................... | 25 |
| മോൺ. മാത്യു നെടുങ്ങാട്ട് ......................................................... | 47 |
| മോൺ. അലക്സാണ്ടർ പയ്യമ്പള്ളിൽ........................................ | 60 |
| പാലത്തിങ്കൽ ബഹു. ജോർജ്ജ് വർഗ്ഗീസ് അച്ചൻ................. | 81 |
| പവ്വോത്തിക്കുന്നേൽ ബഹു. ചെറിയാൻ അച്ചൻ..................... | 89 |
| മൂലമണ്ണിൽ വന്ദ്യ. തോമസ് മല്പാൻ......................................... | 105 |
| മുണ്ടപ്ലാക്കൽ ദിവ്യശ്രീ ജേക്കബ് കശ്ശീശ്ശാ................................ | 122 |
| ഇളവട്ട ദിവ്യശ്രീ ടി.എസ്. ഫിലിപ്പോസ് കശീശാ.................. | 139 |
| ചുണ്ടേവാലേൽ ബഹു. ജേക്കബ് അച്ചൻ................................ | 154 |
| നീലംപിലാലിൽ ബഹു. തോമസ് അച്ചൻ................................ | 164 |
| ചെമ്പോത്തിനാൽ ബഹു. മാത്യു അച്ചൻ.................................. | 189 |
| കിളിച്ചിമല ബഹു. വർഗീസ് അച്ചൻ........................................... | 200 |
| കളക്കുടി ബഹു. എബ്രഹാം അച്ചൻ........................................... | 213 |
| പുത്തൻപറമ്പിൽ ബഹു. ആൻഡ്രൂസ് അച്ചൻ......................... | 221 |
| പടിഞ്ഞാറേക്കുറ്റ് ബഹു. തോമസ് അച്ചൻ.............................. | 227 |
| അയന്തിയിൽ ബഹു. ജേക്കബ് അച്ചൻ.................................... | 239 |
| അയിരൂക്കുഴിയിൽ ബഹു. ജോസഫ് അച്ചൻ.......................... | 252 |
| തെങ്ങുതോട്ടത്തിൽ ബഹു. മാത്യു അച്ചൻ ............................. | 262 |
| ചെറുപുഴത്തോട്ടത്തിൽ ബഹു. ജോസഫ് അച്ചൻ............... | 270 |
| തോമ്പ്ര ബഹു. ഗീവർഗീസ് അച്ചൻ........................................... | 278 |
| കാരാമകോയിക്കൽ ബഹു. കെ. എം. പത്രോസ് അച്ചൻ...... | 287 |


www.malankaralibrary.com

**THE SYRO-MALANKARA CATHOLIC CHURCH**
**MAJOR ARCHDIOCESE OF TRIVANDRUM**



# അനുഗ്രഹാശംസ

'അറിയാൻ, ആദരിക്കാൻ, അനുകരിക്കാൻ' എന്ന പേരിൽ ബഹു. ചെറിയാൻ താഴമൺ അച്ചൻ ഒരു പുസ്തകം പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞപ്പോൾ അതിന്റെ ഉള്ളടക്കം അറിയുന്നതിന് അതിയായ ആഗ്രഹം എന്റെ ഉള്ളിൽ ജനിച്ചു. അപ്പോഴാണ് പുസ്തകത്തിന് ഒരു അനുഗ്രഹസന്ദേശം ആവശ്യപ്പെട്ടുകൊണ്ട് ബഹു. താഴമൺ അച്ചൻ എന്നെ സമീപിച്ചത്. ഗ്രന്ഥത്തിൽ പരാമർശിക്കുന്ന വിഷയം അറിഞ്ഞപ്പോൾ എനിക്ക് വലിയ ആനന്ദവും ഉത്സാഹവുംതോന്നി. ബഹു. ഗ്രന്ഥകർത്താവിനോട് ആദ്യമേതന്നെ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ നാമത്തിൽ ഹൃദയം നിറഞ്ഞ നന്ദിയും അഭിനന്ദനവും രേഖപ്പെടുത്തുന്നു. എന്റെ ഹൃദയസന്തോഷത്തിന്റെ കാരണംകൂടി വായനക്കാർ അറിഞ്ഞിരിക്കണം! നമ്മുടെ സഭയിലെ ഭാഗ്യസ്മരണാർഹരായ പിതാക്കന്മാരുടെയും ദിവംഗതരായ വൈദികരുടെയും താപസശ്രേഷ്ഠരായസമർപ്പിതരുടെയും ധീരരായ അത്മായ നേതാക്കളുടെയും ജീവചരിത്രവും സംഭാവനകളും ഗ്രന്ഥരൂപത്തിലാക്കേണ്ട ആവശ്യകതയെക്കുറിച്ച് ചിന്തിക്കുകയും പ്രായോഗികമായി അതിന്റെ വഴികളെക്കുറിച്ച് തീരുമാനത്തിലേക്ക് എത്തുകയും ചെയ്യുന്ന സമയത്താണ് ബഹു. ചെറിയാൻ താഴമൺ അച്ചൻ ഇപ്രകാരം ഒരു പുസ്തകത്തിന്റെ രചനയെക്കുറിച്ച് പങ്കുവച്ചത്. ''ആനന്ദലബ്ധിക്കിനിയെന്തുവേണം?'' എന്ന മൊഴിയാണ് മനസ്സിൽ!

www.malankaralibrary.com

അറിയുവാനും ആദരിക്കുവാനും അനുകരിക്കുവാനും ക്രിസ്തീയ ജീവിതത്തിന്റെ എല്ലാശ്രേണികളിലും മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ അനുഗൃഹീതരായ വ്യക്തികൾ ഉണ്ടെന്നുള്ളത് നമ്മുടെ സഭയുടെ ഭാഗ്യമാണ്. ക്രിസ്തീയ ജീവിതത്തിന്റെ ധർമ്മമാണ് ഗ്രന്ഥത്തിന്റെ തലക്കെട്ട്. മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ അമരക്കാരനായ ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലിത്തായും പ്രസ്ഥാനത്തിന്റെ രണ്ടാമനായ പുണ്യശ്ലോകൻ യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയും നേതൃത്വം നൽകിയ മലങ്കര സഭയുടെ അപ്പസ്തോലിക സ്വത്വസംരക്ഷണം! കത്തോലിക്കാസഭയിൽ പൂർണ്ണകൂട്ടായ്മ ഉറപ്പാക്കിയ ഈ മുന്നേറ്റത്തിൽ ആകൃഷ്ടരായി സമർപ്പണ ബുദ്ധിയോടെ സഭയുടെതൂണുകളെ ഉറപ്പിച്ച വിശുദ്ധരായ ഈ അഭിഷിക്തരുടെ മുൻപിൽ കരങ്ങൾകൂപ്പുന്നു.

തിരുവല്ലാ അതിരൂപതയിലൂടെ മലങ്കര സുറിയാനി കത്തോലിക്കാസഭയെ കുടുംബങ്ങളിലും ഇടവകകളിലും ദേശങ്ങളിലും പ്രതിഷ്ഠിച്ച ദിവംഗതരായ ഏതാനും വൈദികരെക്കുറിച്ചാണ് ഈ ഗ്രന്ഥം പരാമർശിക്കുന്നത്. സഭാശാസ്ത്രമേഖലയിലും അജപാലനമേഖലയിലും സഭയുടെ ഭരണമേഖലയിലും വചനപ്രഘോഷണം, സാഹിത്യം, മിഷ്യൻ, ആതുരശുശ്രൂഷ, എന്നീമേഖലകളിലും തനതായ വ്യക്തിമുദ്ര പതിപ്പിച്ച വൈദികരെക്കുറിച്ചാണ് അറിയുവാനും ആദരിക്കുവാനും അനുകരിക്കുവാനുമുള്ള ചരിത്രവും പ്രചോദനവും ആദരവും ഉൾക്കൊള്ളുന്ന ഈ ലേഖനങ്ങൾ. തിരുവല്ലാ അതിരൂപതയുടെയും സഭയുടെയും ചരിത്രത്തിലെ സജീവ അദ്ധ്യായങ്ങളാണ്, ഈ ഗ്രന്ഥത്തിൽ പരാമർശിച്ചിരിക്കുന്ന ദിവംഗതരായ 23 വൈദികരുടെ പൗരോഹിത്യ സമർപ്പണത്തിന്റെ ഓർമ്മകൾ!

സഭാസ്നേഹികളായ ഈ പുരോഹിതരിൽ നിന്ന് തിരുവല്ലാ അതിരൂപതയിലെ ദൈവജനം സ്വാംശീകരിച്ച നന്മകൾ അനുകരണീയമാണെന്ന യാഥാർത്ഥ്യബോധം നമ്മെ കൂടുതൽ വിനയാന്വിതരും സമർപ്പിതരുമാക്കുന്നു. അവരാകട്ടെ തങ്ങൾ ജീവിച്ച കാലഘട്ടത്തിലെവലിയ വിശുദ്ധരും സ്നേഹം പകർന്നവരും സഭാസ്നേഹികളും സാഹസീകതയോടെ തോണി നയിച്ചവരുമായിരുന്നു.

നഷ്ടമായി പോകാമായിരുന്ന ഈ സ്മരണകളെ സജീവമാക്കിയ ബഹുമാനപ്പെട്ട ചെറിയാൻ താഴമൺ അച്ചനെ അഭിനന്ദിക്കുകയും ഈ ഗ്രന്ഥത്തിന് പ്രചാരം നേരുകയും ചെയ്യുന്നു.

ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ!

+Baselios cleemis


**✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കരസുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ച്ബിഷപ്പ് - കാതോലിക്കോസ്

തിരുവനന്തപുരം
23-06-2020

www.malankaralibrary.com

**ARCHDIOCESE OF TIRUVALLA**

Dr. Thomas Mar Koorilos
Metropolitan Archbishop of Tiruvalla



# അവതരണ സന്ദേശം

**ച**രിത്രം പരിശുദ്ധാത്മാവിന്റെ പ്രവർത്തനസൂചികയാണ്. തിരുവല്ലാ അതിരൂപതയുടെ ആരംഭം മുതൽ പുനരൈക്യശുശ്രൂഷകൾക്കും ആത്മികവും ഭൗതികവുമായ പുരോഗതിക്കും അഭിവന്ദ്യ പിതാക്കന്മാരോടു ചേർന്നു പ്രവർത്തിച്ച മൺമറഞ്ഞ പ്രഗത്ഭമതികളായ ഏതാനും ബഹു. വൈദികരെപ്പറ്റിയുള്ള ഏറെ ശ്രമകരവും എന്നാൽ വസ്തുതകൾക്ക് കോട്ടം വരുത്താതെയും ഉള്ള ജീവചരിത്രമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ചരിത്രം പഠിക്കാനാഗ്രഹിക്കുന്നവർക്ക് അതിരൂപതയുടെ ആരംഭകാല യഥാർത്ഥ്യങ്ങൾ മനസിലാക്കുന്നതിനും ഇന്ന് അതിരൂപതാംഗങ്ങൾ അനുഭവിക്കുന്ന നന്മകൾക്കുകാരണക്കാരായിരുന്ന ഇരുപത്തിമൂന്ന് ബഹു. വൈദികരെപ്പറ്റിയുള്ള പ്രതിപാദനം ഒരു ഗുരുദക്ഷിണ തന്നെയാണ്. പലയിടങ്ങളിലും അഭി. പിതാക്കന്മാരുടെയും വളരെ പ്രസിദ്ധരായിരുന്ന ചില ബഹു. വൈദികരുടെയും ചിത്രങ്ങൾ കാണാം. എന്നാൽ വളരെയേറെ സ്വാധീനം ചെലുത്തുകയും സഭാശുശ്രൂഷകൾക്കു ഗൗരവമായ നേതൃത്വം നൽകുകയും ചെയ്തിട്ടുള്ള ബഹു. വൈദികരെ അനുസ്മരിക്കുവാനുള്ള ഒരു തപസ്യയുടെ പ്രഥമ പടിയായി ഈ ഗ്രന്ഥത്തെ കണക്കാക്കാം. ഇതു വായിക്കുന്നവർക്കു തീർച്ചയായും മലങ്കര സഭയുടെ ചൈതന്യം മനസ്സിലാക്കുന്നതിനും വലിയ ബുദ്ധിമുട്ടിലൂടെ കടന്നുപോയ കാലങ്ങളെക്കുറിച്ച് ബോദ്ധ്യം ഉണ്ടാകുന്നതിനും ഇടയാകും.

www.malankaralibrary.com

ഈ വിലയേറിയ പരിശ്രമം നടത്തിയ അതിഭദ്രാസനത്തിന്റെ മുഖ്യവികാരി ജനറാളും ദീപിക ദിനപ്പത്രത്തിന്റെ മുൻ സി. ഇ. ഒ. യും ചരിത്രാഭിമുഖ്യം ജീവിതത്തിൽ കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന ബഹു. ചെറിയാൻ താഴമൺ അച്ചനാണ്. എല്ലാ കാര്യങ്ങളും അതിന്റെ കൃത്യത യിൽ സമർത്ഥിക്കുവാനും കാര്യകാരണസഹിതം ഗവേഷണം നടത്തു ന്നതിനും അറ്റുപോയ കണ്ണികളെ ചരിത്രരേഖകൾകൊണ്ടു വിളക്കി ച്ചേർക്കുന്നതിനും ദൈവം നല്കിയിട്ടുള്ള താലന്തുകളെ നഷ്ടപ്പെടു ത്താതെ വർദ്ധിപ്പിക്കുന്ന സഭയുടെ വലിയ കാവൽഭടനുമായ ബഹു. താഴ മൺ അച്ചനെ എത്ര അഭിനന്ദിച്ചാലും അത് അധികമാവുകയില്ല. കോവി ഡ് – 19 ന്റെ ''ലോക്ക് ഡൗൺ'' കാലത്ത് ബഹു. അച്ചൻ തയ്യാറാക്കിയ ഈ ഗ്രന്ഥം അദ്ദേഹത്തിന്റെ കഠിനാദ്ധ്വാനത്തിന്റെയും സഭാസ്നേഹ ത്തിന്റെയും കുടുംബങ്ങളോടുള്ള ബന്ധത്തിന്റെയും സാക്ഷ്യമാണ്. തിരി ഞ്ഞുനോക്കുമ്പോൾ നഷ്ടപ്പെട്ട ദിനങ്ങളെപ്പറ്റിമാത്രം പറയാൻ കഴിയുന്ന ഒരു തലമുറയ്ക്കു മുമ്പിൽ സജീവമായ സമർപ്പണത്തിലൂടെ മൺമറഞ്ഞ മഹാരഥന്മാരായ ബഹു. വൈദികരെ പൊതുസമൂഹത്തിന്റെ മുമ്പിൽ അച്ചൻ ഒരിക്കൽകൂടി അവതരിപ്പിച്ചു നമ്മെ വെല്ലുവിളിക്കുകയാണ്. അ തിഭദ്രാസനാദ്ധ്യക്ഷൻ എന്നനിലയിൽ ഈ വലിയ സമർപ്പണത്തിന് അച്ച നോടു വലിയ കടപ്പാടാണുള്ളത്. ഈ ഗ്രന്ഥം വൈദികകൂട്ടായ്മയോ ടുള്ള അച്ചന്റെ സ്നേഹത്തിന്റെ ജ്വലനം കൂടിയാണ്. ''നാമറിയണം നാമെ ങ്ങനെ നമ്മളായി'' എന്ന്. ''അറിയാൻ ആദരിക്കാൻ അനുകരിക്കാൻ'' എന്ന ഈ ഗ്രന്ഥം ഒരു പുനർസമർപ്പണത്തിനുള്ള ഊർജ്ജം ഈ തല മുറയ്ക്ക് പകരുമെന്ന് കരുതുന്നു. മൺമറഞ്ഞ ഈ ബഹു. വൈദിക രുടെയും അവരുടെ കുടുംബാഗങ്ങളുടെയും നാമത്തിൽ അച്ചനു ഞാൻ കൃതജ്ഞത അറിയിക്കുന്നു. ഇനിയും ഇതുപോലെ അനേകം ചരിത്ര ഗ്രന്ഥങ്ങൾ എഴുതുവാൻ അച്ചനെ ദൈവം സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.



തിരുവല്ല
03-07-2020

✠ **തോമസ് മാർ കൂറിലോസ്**
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്
തിരുവല്ല അതിഭദ്രാസനം

www.malankaralibrary.com

# ആമുഖം

ചരിത്രം ഭൂതകാലത്തെക്കുറിച്ചുള്ള വസ്തുതകളുടെ സമാഹാരമല്ല. വസ്തുതകളെ മുൻനിർത്തി അവയെ വിശദീകരിക്കുമ്പോഴാണ് ചരിത്രം ഉണ്ടാകുന്നത്. വർത്തമാനകാലം ഭൂതകാലത്തിൽ സ്വന്തം മുഖം നോക്കുന്നതാണ് ചരിത്രം എന്നാണ് റോമിലാ ഥാപ്പർ പറയുന്നത്. ഭൂതകാലത്തിലേക്ക് നോക്കി ഭുതകാലത്തെയല്ല നമ്മെത്തന്നെ കാണണം. ഈ പ്രക്രിയ ഏതൊരു ചരിത്ര രചനയിലുമുണ്ട്. ചരിത്രത്തെക്കുറിച്ച് ആർജ്ജിച്ചിട്ടുള്ള ധാരണകളും ലോകത്തെക്കുറിച്ച് സമാഹരിച്ചിട്ടുള്ള വിവരണങ്ങളും ലോകത്തെയും ജീവിതത്തെയും കുറിച്ചുള്ള വീക്ഷണഗതികളും ഉൾപ്പെടുത്തി മാത്രമെ ഭൂതകാലത്തെ നമുക്ക് മനസ്സിലാക്കാൻ സാധിക്കു. അല്ലാതെ ഭൂതകാലത്തെ അതായിരുന്ന നിലയിൽ അക്കാലത്തുണ്ടായിരുന്നവർ ജീവിച്ചതോ അനുഭവിച്ചതോ ആയ നിലയിൽ, നമുക്കു മനസ്സിലാക്കാൻ സാധിക്കില്ല. ആ മനസ്സിലാക്കൽ നമ്മുടെ യുക്തിക്കനുസരിച്ചായതുകൊണ്ട് അത് വ്യാഖ്യാനമായി രൂപപ്പെടുന്നു. അതുകൊണ്ട് ചരിത്രം വ്യാഖ്യാനവൃത്തിയാണ്, ഭൂതകാലവിവരണമല്ല. നമ്മൾ എപ്പോഴും ചരിത്രത്തിലുണ്ട്. വസ്തുതകൾക്ക് മാറ്റമില്ല. വസ്തുതകളിൽനിന്ന് നാം രൂപപ്പെടുത്തുന്ന വ്യാഖ്യാനം ചരിത്രമായി മാറുന്നു. എല്ലാ ചരിത്രത്തിലും ചരിത്ര രചനയിൽ ഏർപ്പെടുന്ന വ്യക്തികളുടെ സാന്നിദ്ധ്യമുണ്ട്.

ഭൂതകാല വസ്തുതകളുടെ ഇടയിലുള്ള പരസ്പര ബന്ധങ്ങളുടെ വിശദീകരണമാണ് ചരിത്രം എന്നൊരു ചിന്താധാരയുണ്ട്. വസ്തുതകളുടെ പരസ്പര ബന്ധം നാം കണ്ടെത്തുന്നതാണ്. വസ്തുതകൾ സ്വമേധയാ പരസ്പര ബന്ധങ്ങളെ തെളിയിച്ചു തരാറില്ല. വഴിയിൽ ഒരു കല്ല് കിടക്കുന്നു  നിങ്ങൾ പോകുന്ന വഴി കാല് കല്ലിൽ തട്ടി മറിഞ്ഞു വീഴാം. മറിച്ച് ആ കല്ലിൽ കണ്ട ഒരു മുദ്രണം ഒന്നാം നൂറ്റാണ്ടിൽ മാർത്തോമ്മാ ശ്ലീഹായുടെ കാലത്തെ ഈ നാട്ടിലെ ഭരണ സാമൂഹിക വ്യവസ്ഥിതിയെ സൂചിപ്പിക്കുന്നതാണെന്ന് മനസ്സിലാക്കി അതിനെ വിശദീകരിക്കാം. അപ്പോൾ അത് ചരിത്രമായി തീരും അല്ലാതെ ആ കല്ല് അവിടെ കിടന്നാൽ ആളുകൾ തട്ടി വീഴുമെന്നേയുള്ളൂ. ചരിത്രം സ്വയം സംസാരിക്കുകയില്ല. അതിനാൽ നാം ചരിത്രത്തിൽ ഇടപെട്ടുകൊണ്ടേയിരിക്കണം.

തിരുവല്ലാ അതിരൂപതയുടെ വളർച്ചയിൽ ദൈവകരങ്ങളിൽ ഉപകരണങ്ങളായിരുന്ന ചില വന്ദ്യ വൈദികരുടെ ജീവചരിത്രക്കുറിപ്പുകളാണ്

www.malankaralibrary.com

ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ഓരോരുത്തരുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു സാഹചര്യത്തിലായിരിക്കും ഓരോരുത്തരെക്കുറിച്ചും എഴുതിയത്. അതിനാൽ ആ സാഹചര്യവുമായി ബന്ധപ്പെട്ട ചില പരാമർശങ്ങൾ ലേഖനങ്ങളിൽ കടന്നുകൂടിയിട്ടുണ്ടാകാം. വസ്തുതകളുടെ ഇടയിൽ വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും ഉണ്ടാകുമ്പോഴാണല്ലോ ചരിത്രം ഉണ്ടാകുക. വസ്തുതകൾ പലരിൽ നിന്നും പലരേഖകളിൽ നിന്നും ശേഖരിച്ചിട്ടുള്ളതാണ്. വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും നിരീക്ഷണങ്ങളും ലേഖകന്റേതുമാത്രമാണ്. വസ്തുതകളിൽ തെറ്റുകളുണ്ടെങ്കിൽ തിരുത്തലിനു വിധേയമാണന്നറിയിക്കട്ടെ.

ഈ ഉദ്യമത്തെ സഹായിച്ചവർ നിരവധിയാണ്. അനുഗ്രഹസന്ദേശം നല്കിയ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ തിരുമേനിയ്ക്കും അവതരണസന്ദേശം എഴുതി അനുഗ്രഹിച്ച അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവിനും നന്ദിയുടെ തൊഴുകൈ. ഡി.റ്റി. പി. ചെയ്ത ശ്രീ. ജയ്സൺ മാത്യു, ശ്രീമതി റിന്റു മാത്യു, പുസ്തകത്തിന്റെ പുറംചട്ട തയ്യാറാക്കിയ ഷെറി, ലേഔട്ട് ക്രമീകരിച്ച ജയ്സൺ മാത്യു, പ്രൂഫ് വായന നടത്തിയ സിസ്റ്റർ ആത്മ എസ്. ഐ. സി, അച്ചടി നിർവ്വഹിച്ച ചങ്ങനാശ്ശേരി സെന്റ് ജോസഫ് ഓർഫണേജ് പ്രസ്സ് അധികൃതർ, വിതരണം ഏറ്റെടുത്ത മലങ്കര കാത്തലിക് അസോസിയേഷൻ തിരുവല്ല അതിഭദ്രാസനതല ഭാരവാഹികൾ എന്നിവർക്കും നന്ദി അറിയിക്കുന്നു.

www.malankaralibrary.com



# മോൺ. സഖറിയാസ് വാച്ചാപ്പറമ്പിൽ
## (1874– 1939)

1874 ഡിസംബർ 8–ാം തീയതി മാതാവിന്റെ അമലോത്ഭവത്തിരുനാൾ ദിവസം ജനനം. 1904 മാർച്ച് 19 –ാം തീയതി വി. യൗസേഫ് പിതാവിന്റെ മരണത്തിരുനാൾ ദിവസം നിത്യനഗരത്തിൽവച്ച് വൈദികാഭിഷേകം. 1939 ഫെബ്രുവരി 24–ാം തീയതി മരണം. തിരുവല്ല അതിരൂപതയുടെ പ്രഥമ പൂർണ്ണസമയ വികാരി ജനറാൾ മോൺസിഞ്ഞോർ സഖറിയാസ് വാച്ചാപ്പറമ്പിൽ.

2014 ഫെബ്രുവരി 25–ാം തീയതി പുളിങ്കുന്ന് സെന്റ് മേരീസ് ഇടവകയിൽ വച്ച് മോൺ. സഖറിയാസ് വാച്ചാപ്പറമ്പിലിന്റെ എഴുപത്തഞ്ചാമത് ചരമ വാർഷികം ആചരിച്ചപ്പോൾ മുഖ്യാതിഥി തിരുവല്ലാ അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ആയിരുന്നു. ചരമവാർഷിക ആഘോഷത്തിന്റെ സംഘാടകർ എന്തുകൊണ്ട് തിരുവല്ലാ അതിരൂപതാധ്യക്ഷനെ മുഖ്യാതിഥിയായി തെരഞ്ഞെടുത്തു എന്നാലോചിച്ചപ്പോഴാണ് മോൺ. സഖറിയാസ് വാച്ചാപ്പറമ്പിൽ തിരുവല്ലാ അതിരൂപതയുടെ വികാരി ജനറാളായിരുന്നു എന്നു ചിന്തിക്കാനിടവന്നത്.

1653 – ലെ കൂനൻകുരിശ് സത്യത്തെ തുടർന്ന് കേരള നസ്രാണി സഭയിലുണ്ടായ ഭിന്നതയ്ക്ക് പരിഹാരം തേടി നൂറ്റാണ്ടുകളായി നടന്നുകൊണ്ടിരുന്ന ശ്രമങ്ങളുടെ സഫലമായ സമാപ്തിയായിരുന്നു 1930 സെപ്റ്റംബർ 20–ാം തീയതി ബഥനി മെത്രാപ്പോലീത്ത ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ പൂവണിഞ്ഞ മലങ്കര പുനരൈക്യ സംഭവം. പുനരൈക്യ പ്രസ്ഥാനത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ച 1932 ജൂൺ 11 ന് മലങ്കര സുറിയാനി കത്തോലിക്കാ



www.malankaralibrary.com

ഹയരാർക്കിയുടെ സ്ഥാപനത്തിനും അതുവഴി സാർവ്വത്രിക സഭാകൂട്ടായ്മയിൽ ഒരു സഭയുടെകൂടി ഉദയത്തിനും വഴിതെളിച്ചു. തിരുവനന്തപുരം അതിരൂപതയും തിരുവല്ലാ രൂപതയുമായി സ്ഥാപിതമായ മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കിയിൽ തിരുവല്ലാ രൂപത 1933 നവംബർ ആറിന് ഔദ്യോഗികമായി നിലവിൽ വരികയും പുണ്യശ്ലോകനായ അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത രൂപതാദ്ധ്യക്ഷനായി സ്ഥാനമേൽക്കുകയും ചെയ്തു. ഒന്നുമില്ലായ്മയിൽ നിന്ന് ഒരു രൂപതയെ കെട്ടിപ്പടുക്കുക ഒരു ഹിമാലയൻ ദൗത്യം തന്നെ. പരിശുദ്ധ കത്തോലിക്കാ സഭയുടെ കാനോനകളോ പ്രവർത്തനശൈലിയോ അധികാരഘടനയോ നിശ്ചയമില്ലാത്ത തിരുമേനി, പുനരൈക്യപ്പെട്ടു കൂടെയുള്ള വൈദികർക്കും പരിശുദ്ധ കത്തോലിക്കാ സഭയുടെ നൈയാമിക ഘടനയെക്കുറിച്ചു നിശ്ചയമില്ല, എന്താണു പ്രതിവിധി ? സഭാനിയമത്തിൽ പ്രഗത്ഭനായ ഒരു വൈദികന്റെ സേവനം കണ്ടെത്തുക, അല്ലാതെ എന്തു പ്രതിവിധി ?

ഒരിഞ്ചു ഭൂമിപോലും സ്വന്തമായില്ലാത്ത കാലം, പള്ളികളോ, സ്ഥാപനങ്ങളോ, പള്ളിമേടകളോ എന്തിനേറെ, രൂപതാധ്യക്ഷനുപോലും അന്തിയുറങ്ങുവാൻ സ്വന്തമായൊരിടമില്ലാത്ത കാലം. കുഴിയിൽ തിരുമേനിയായി കുഴിയിൽ അരമനയിൽ – വാടകവീട്ടിൽ താമസിക്കുന്ന കാലം. ഹയരാർക്കി സ്ഥാപനവും രൂപതാ സ്ഥാപനവും മുൻകൂട്ടിക്കണ്ട തിരുമേനി കത്തോലിക്കാ തിരുസഭയുടെ കാനോനകളും കീഴ്വഴക്കങ്ങളും നന്നായി അറിയുന്ന ഒരു വൈദികന്റെ സേവനം ഏതെങ്കിലും കത്തോലിക്കാ രൂപതയിൽനിന്ന് ലഭ്യമാക്കുവാൻ ശ്രമം തുടങ്ങിയിരുന്നു. തന്റെ സെക്രട്ടറി ബഹുമാനപ്പെട്ട ഗീവർഗീസ് മാമ്പുഴക്കാട്ട് ഒ. ഐ. സി. അച്ചനെ ഈ ആവശ്യവുമായി ചങ്ങനാശ്ശേരി രൂപതയിലേക്ക് അയച്ചു. അദ്ദേഹത്തിന്റെ അന്വേഷണം ബഹു. സഖറിയാസ് വാച്ചാപ്പറമ്പിലിലാണ് ചെന്നവസാനിച്ചത്. സീറോമലബാർ സഭാംഗം, പുളിങ്കുന്നിലെ പൗരാണികമായ വാച്ചാപ്പറമ്പിൽ കൊച്ചുമാത്തന്റെയും മറിയാമ്മയുടെയും പന്ത്രണ്ടു മക്കളിൽ (10 പുത്രന്മാരും 2 പുത്രിമാരും) എട്ടാമതായി ജനനം, 1874 ഡിസംബർ എട്ടിന് പരിശുദ്ധ ദൈവമാതാവിന്റെ അമലോത്ഭവ തിരുനാൾ ദിവസം. ബാല്യം മുതലെ പഠനത്തിൽ സമർത്ഥൻ, ആത്മീകകാര്യങ്ങളിൽ തീക്ഷണൻ, പുളിങ്കുന്ന് നെൽപ്പുരയിൽ പ്രവർത്തിച്ചിരുന്ന ഇംഗ്ലീഷ് സ്കൂൾ, മാന്നാനം സെന്റ് എഫ്രേം ഹൈസ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ പഠനം, പുത്തൻപള്ളി സെമിനാരിയിലും റോമിലുമായി വൈദിക പഠനം. **1904 മാർച്ച് 19 ന് വിശുദ്ധ യൗസേപ്പ് പിതാവിന്റെ മരണത്തിരുനാൾ ദിവസം**



www.malankaralibrary.com

**വൈദികാഭിഷേകം.** ദൈവശാസ്ത്രത്തിലും സഭാനിയമത്തിലും ഉപരി പഠനവും ഗവേഷണവും നടത്തി ഡോക്ടറേറ്റ് കരസ്ഥമാക്കി. പുളിങ്കുന്ന്, കാവാലം, തത്തംപള്ളി, ആലപ്പുഴ തുടങ്ങിയ പള്ളികളിൽ വികാരിയായി ശുശ്രൂഷചെയ്തു. പെൺകുട്ടികളുടെ വിദ്യാഭ്യാസമാണ് സമൂഹത്തിന്റെയും സമുദായത്തിന്റെയും വളർച്ചയ്ക്ക് അടിസ്ഥാനം എന്നുഗ്രഹിച്ച അദ്ദേഹം 1927 മേയ് 16-ാം തീയതി തുടങ്ങിയ മിഡിൽ സ്കൂളാണ് ഇന്നത്തെ പുളിങ്കുന്ന് ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ. ചങ്ങനാശേരി സെന്റ് ബെർക്കുമെൻസ് കോളജ് ആരംഭിക്കാൻ 1921 ഒക്ടോബർ ഒമ്പതാം തീയതി മദ്രാസ് സർവകലാശാലയിലേക്ക് അന്നത്തെ ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ തോമസ് കാളാശ്ശേരി പിതാവ് അയച്ച അപേക്ഷയിൽ ലത്തീൻ ഭാഷാ പ്രൊഫസറായി നൽകിയിരുന്നത് ബഹു. സഖറിയാസ് വാച്ചാപ്പറമ്പിലച്ചന്റെ പേരായിരുന്നു. 1924 മുതൽ 1930 വരെ അദ്ദേഹം സെന്റ് ബെർക്കുമെൻസ് കോളജിൽ അധ്യാപകനായിരുന്നു. അതോടൊപ്പം ക്രിസ്ത്യൻ കുട്ടികളുടെ ഹോസ്റ്റൽ വാർഡനും. 1930 – ൽ സീറോ മലബാർ സഭയുടെ കാനോൻ നിയമ നിർമാണ സമിതിയിൽ അംഗമായി അദ്ദേഹം റോമിലേക്കു പോയി.

ബഹു. സഖറിയാസ് വാച്ചാപ്പറമ്പിലിന്റെ സഭാനിയമത്തിലുള്ള അവഗാഹം തിരിച്ചറിഞ്ഞ അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് തിരുമേനി പുതുതായി സ്ഥാപിതമായ തിരുവല്ലാ രൂപതയുടെ കാനോൻ നിയമകാര്യങ്ങളുടെ ഉപദേഷ്ടാവായി അദ്ദേഹത്തെ ക്ഷണിച്ചു. തിരുവിതാംകൂർ രാജ്യത്തെ അന്നത്തെ വ്യവസായ ഡയറക്ടറും നസ്രാണി സമുദായ നേതാവും സഭാസ്നേഹിയുമായിരുന്ന സർവ്വശ്രീ ഐ. സി. ചാക്കോയാണ് തന്റെ സതീർത്ഥ്യനും നാട്ടുകാരനും സഭാംഗവും പണ്ഡിതനും സഭാനിയമ വിദഗ്ദനുമായ ബഹു. സഖറിയാസ് വാച്ചാപ്പറമ്പിൽ Ph.D, BD, MCL- നെ ശുപാർശ ചെയ്തത്. തിരുവല്ലാ രൂപതയുടെ ആവശ്യം മനസ്സിലാക്കി ചങ്ങനാശ്ശേരി രൂപത ബഹുമാനപ്പെട്ട അച്ചന്റെ സേവനം വിട്ടുതരികയും ചെയ്തു.

ഇന്ന് അതിരൂപതയും മൂന്ന് സാമന്ത രൂപതകൾ ഉൾക്കൊള്ളുന്ന മെത്രാപ്പോലീത്തൻ പ്രോവിൻസുമായി വളരുവാൻ തിരുവല്ലാ രൂപതയെ പ്രാപ്തയാക്കിയത് 1930 കളിൽ ബഹു. വാച്ചാപ്പറമ്പിലച്ചൻ നൽകിയ കാനോനിക അടിത്തറയാണ്. തിരുവല്ലാ അതിരൂപതയിൽ ഇന്നു പ്രാബല്യത്തിലുള്ള അതിരൂപതാ നിയമാവലിയുടെ അടിസ്ഥാനം യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ കാലത്ത് ബഹു. സഖറിയാസ് വാച്ചാപ്പറമ്പിലച്ചന്റെ നേതൃത്വത്തിൽ ക്രോഡീകരിച്ച നിയമാവലിയാണ്.



www.malankaralibrary.com

നിയമകാര്യ ഉപദേഷ്ടാവായി എത്തിയ അദ്ദേഹം പിന്നീട് രൂപതയുടെ വികാരി ജനറാളും മാർ തെയോഫിലോസ് തിരുമേനി വിദേശ പര്യടനത്തിനു പോയപ്പോൾ രൂപതയുടെ അഡ്മിനിസ്ട്രേറ്ററുമായി ശുശ്രൂഷ ചെയ്തു. തിരുവല്ലാ രൂപതയ്ക്ക് സഭാനിയമാനുസൃതമായ ഘടനയും സംവിധാനങ്ങളും ക്രമീകരിക്കുന്നതിൽ മുഖ്യപങ്കുവഹിച്ചത് ബഹു. സഖറിയാസ് വാച്ചാപ്പറമ്പിലച്ചനായിരുന്നു. പരിശുദ്ധ മാർപാപ്പാ അദ്ദേഹത്തെ മോൺസിഞ്ഞോർ പദവി നല്കി ബഹുമാനിച്ചു.

തിരുവല്ലാ അതിരൂപതയുടെ പ്രാരംഭകാലരേഖകൾ പരിശോധിച്ചപ്പോൾ മോൺസിഞ്ഞോർ സഖറിയാസ് വാച്ചാപ്പറമ്പിൽ ഏറ്റെടുത്ത ത്യാഗവും ശുശ്രൂഷയിൽ പുലർത്തിയ നിഷ്ഠയും വ്യക്തമായി കാണുവാൻ സാധിച്ചു. ഉന്നതബിരുദധാരി, കോളജ് പ്രൊഫസർ, സമ്പന്നമായ ചങ്ങനാശ്ശേരി രൂപതയിലെ വൈദികർ, റോമിൽ നല്ല പിടിപാട്, മാതൃരൂപതയിൽ ഉയർന്ന സ്ഥാനങ്ങൾ ഇവയൊക്കെയുണ്ടായിരുന്ന ബഹു. വാച്ചാപ്പറമ്പിലച്ചൻ ആളും അർത്ഥവുമില്ലാത്ത തിരുവല്ലാ രൂപതയിൽ മിഷനറിയായി എത്തി എന്നതുതന്നെ അദ്ദേഹത്തിന്റെ മിഷൻ തീക്ഷ്ണതയുടെ തെളിവാണ്. രൂപതാധ്യക്ഷന് ആകസ്മികമായുണ്ടായ രോഗം മൂലം രൂപതയുടെ ഭരണനേതൃത്വം പൂർണ്ണമായി വികാരി ജനറാളായ മോൺ. വാച്ചാപ്പറമ്പിലിന്റെ ചുമതലയിലായി. സാമ്പത്തിക പ്രതിസന്ധി, വൈദികരുടെ ക്ഷാമം, കർമ്മലീത്താ സന്യാസ സമൂഹത്തിൽ നിന്നും സീറോ മലബാർ രൂപതകളിൽ നിന്നും സേവനത്തിനായി എത്തിയ വൈദികരുടെ സംരക്ഷണബാധ്യത, പുനരൈക്യപ്പെട്ടുവന്ന വൈദികരുടെ സംരക്ഷണം, തിരുവല്ലായിൽ ആരംഭിച്ച ദിവ്യരക്ഷകാശ്രമത്തിന്റെ നടത്തിപ്പു സംബന്ധിച്ച ബുദ്ധിമുട്ടുകൾ, തിരുവല്ല ബഥനി മഠത്തിന്റെ സംരക്ഷണം, പുതിയ മിഷൻ കേന്ദ്രങ്ങളിൽ പള്ളികൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യം, അകത്തോലിക്കാ സഭാസമൂഹങ്ങളുടെ എതിർപ്പ്, വൈദിക വിദ്യാർത്ഥികളുടെ പരിശീലനം, എഴുത്തുകുത്തുകൾ ഇങ്ങനെ പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും ആവശ്യങ്ങളുടെയും നീണ്ടനിര. സഹായിക്കാനാരുമില്ല. അതിന്റെയെല്ലാം മദ്ധ്യത്തിൽ രൂപതയ്ക്ക് ശക്തമായ അടിത്തറപാകാൻ അദ്ദേഹം അനുഭവിച്ച ത്യാഗങ്ങൾ അനവധിയാണ്. കഠിനാധ്വാനം അദ്ദേഹത്തിന്റെയും ആരോഗ്യത്തെ ബാധിച്ചു. രൂപതാധ്യക്ഷന്റെ അനാരോഗ്യം മൂലം വികാരി ജനറാൾ എന്ന നിലയിൽ രൂപതയുടെ ഭരണച്ചുമതലമുഴുവൻ ഒറ്റയ്ക്ക് ഏറ്റെടുക്കേണ്ടിവന്നതിന്റെ ഭാരം. **1937 നവംബർ 29– ന് ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യം മോൺ. വാച്ചാപ്പറമ്പിലിന് വേനൽമഴപോലെ ആശ്വാസമായി.**



www.malankaralibrary.com

1938 – ൽ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ പരിശുദ്ധ സിംഹാസനം തിരുവല്ലാ രൂപതയുടെ അപ്പസ്തോലിക അഡ്മിനിസ്ട്രേറ്ററായി നിയമിച്ചത് മോൺ. വാച്ചാപ്പറമ്പിലിന് കൂടുതൽ ആശ്വാസമായി. മാർ സേവേറിയോസ് മെത്രാപ്പോലീത്ത മോൺ. വാച്ചാപ്പറമ്പിലിന് വികാരി ജനറാൾ സ്ഥാനത്തുനിന്ന് വിടുതൽ നൽകി മാതൃരൂപതയിലേക്ക് മടങ്ങിപ്പോകുവാൻ അനുവാദവും നല്കി. ചങ്ങനാശ്ശേരി അതിരൂപതയിലേക്ക് മടങ്ങിപ്പോയ അദ്ദേഹം 1939 ഫ്രെബ്രുവരി 24 ന് 65–ാമത്തെ വയസ്സിൽ നിര്യാതനായി പുളിങ്കുന്ന് പള്ളിയുടെ സെമിത്തേരിചാപ്പലിൽ പ്രത്യേകം തയ്യാറാക്കപ്പെട്ട കല്ലറയിൽ കബറടക്കപ്പെട്ടു.

*എതിർപ്പുകൾ നമ്മെ ശക്തരാക്കും. അപവാദങ്ങൾ നമ്മെ ശ്രദ്ധാലുക്കളാക്കും. കുറ്റപ്പെടുത്തലുകൾ നമ്മെ പ്രാപ്തരാക്കും...... കനമുള്ള മണ്ണിനെ തുരന്നാണ് വിത്ത് മുളച്ചുവളരുന്നത്. കീടങ്ങളെയും പ്രതിബന്ധങ്ങളെയും അതിജീവിച്ചാണ് ചെടിയാവുന്നത്. കാറ്റിലും പേമാരിയിലും ആടിയുലഞ്ഞ് വൃക്ഷമാകും. ഒടുവിൽ പൂക്കുമ്പോഴും കായ്ക്കുമ്പോഴും മാത്രമാണ് പലരും തിരിഞ്ഞുനോക്കുന്നത്. അപ്പോഴും കല്ലെറിയാൻ ആളുണ്ടാകും!! പക്ഷെ എറിയുന്നത് ആ വൃക്ഷത്തണലിൽ നിന്ന് ആണ് എന്ന് ആരും ഓർക്കില്ല.*



www.malankaralibrary.com



# മോൺ. ജോൺ കച്ചിറമറ്റം

**പ്രാരംഭം**

പ്രസിദ്ധരും വിശുദ്ധരും സഭാസ്നേഹികളുമായ അനേകർക്ക് ജന്മം നല്കിയ സുകൃതികളുടെ നാടാണ് രാമപുരം. വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ, ഗോവർണ്ണദോർ പാറേമ്മാക്കൽ തോമ്മാകത്തനാർ, മോൺസിഞ്ഞോർ ജോൺ കച്ചിറമറ്റം തുടങ്ങിയവർ അവരിൽ ചിലരാണ്. പാറേമ്മാക്കൽ ഗോവർണ്ണദോറും മോൺസിഞ്ഞോർ ജോൺ കച്ചിറമറ്റവും തങ്ങളുടെ ജീവിതത്തെ നസ്രാണി സമൂഹത്തിന്റെ ഐക്യത്തിനുവേണ്ടി സമർപ്പിച്ചവരായിരുന്നു. മലങ്കര നസ്രാണി സമൂഹത്തിൽ സംഭവിച്ച ഭിന്നതക്കും പിളർപ്പിനും പരിഹാരം തേടി ആലങ്ങാട് ഇടവകാംഗമായിരുന്ന വന്ദ്യ കരിയാറ്റിൽ യൗസേപ്പ് മൽപ്പാനും രാമപുരം ഇടവകാംഗമായിരുന്ന വന്ദ്യ പാറേമ്മാക്കൽ ഗോവർണ്ണദോറും കൂടി 1778 – ൽ നടത്തിയ റോമ്മായാത്രയും പരിശ്രമങ്ങളും ചരിത്രമാണ്. മലങ്കര പുനരൈക്യത്തിനുവേണ്ടി ജീവിതം സമർപ്പിച്ച മോൺസിഞ്ഞോർ ജോൺ കച്ചിറമറ്റം അച്ചന്റെ ജീവിതവും പ്രേഷിത ശുശ്രൂഷയും ആവേശകരമാണ്. തിരുവല്ല രൂപതയുടെ അജപാലന ഭരണ ക്രമീകരണങ്ങളിൽ മെത്രാപ്പോലീത്തായുടെ സെക്രട്ടറി, രൂപതയുടെ പ്രൊക്കുറേറ്റർ, ചാൻസിലർ, സ്കൂൾ കറസ്പോണ്ടന്റ്, ഇടവക വികാരി, മൈനർ സെമിനാരി ആദ്ധ്യാത്മിക പിതാവ്, സ്കൂൾ അദ്ധ്യാപകൻ, പ്രധാനാദ്ധ്യാപകൻ എന്നീ തലങ്ങളിലെല്ലാം അദ്ദേഹം അതിവിശിഷ്ടമായ ശുശ്രൂഷകൾ നിർവ്വഹിച്ചു. നസ്രാണി ഐക്യത്തിനുവേണ്ടി ജീവൻ വെടിഞ്ഞ അഭിവന്ദ്യ മാർ ജോസഫ് കരിയാറ്റി മെത്രാപ്പോലീത്തായുടെ ഭൗതിക ശേഷിപ്പുകൾ ഗോവായിൽ നിന്നും കേരളത്തിൽ കൊണ്ടുവന്ന് കബറടക്കേണ്ടത് നസ്രാണികളുടെ ചരിത്രപരമായ



www.malankaralibrary.com

ചുമതലയാണന്ന ചിന്ത ആദ്യമായി സമൂഹത്തിൽ പങ്കുവച്ചത് അദ്ദേഹമാണ്. അനേക ലേഖനങ്ങളിലൂടെയും പ്രസംഗങ്ങളിലൂടെയും അദ്ദേഹം ഈ ആശയം മലങ്കര നസ്രാണികളിൽ വ്യാപിപ്പിച്ചു. അതിന്റെ ഫലമായി അഖില കേരള കത്തോലിക്കാ കോൺഗ്രസ് ഈ ദൗത്യം ഏറ്റെടുത്ത് അതിനായി ഒരു കമ്മറ്റിതന്നെ രൂപീകരിച്ചു. മോൺസിഞ്ഞോർ ജോൺ കച്ചിറമറ്റത്തിനെ കമ്മറ്റിയുടെ അദ്ധ്യക്ഷനായി അവർ തെരഞ്ഞെടുക്കുകയും ചെയ്തു. രൂപതയിലെ അനേക ചുമതലകളുടെ മദ്ധ്യേ അദ്ദേഹം ഈ ചുമതലയും കാര്യക്ഷമമായി നിർവ്വഹിച്ചിരുന്നു. അദ്ദേഹത്തിന്റെ സമുദായസ്നേഹത്തിന്റെയും ചരിത്രബോധത്തിന്റെയും അടയാളമായി ഈ നടപടികൾ ചരിത്രം എന്നും സ്മരിക്കും.

**കുടുംബ പശ്ചാത്തലം**

മാർ തോമ്മാശ്ലീഹായിൽ നിന്ന് പാലയൂരിൽ വച്ച് വേദം സ്വീകരിച്ച ശങ്കരപുരി ഇല്ലത്തിലെ പിൻതുടർച്ചക്കാരാണ് കച്ചിറമറ്റം കുടുംബക്കാർ. പാലയൂരിൽ നിന്ന് കടുത്തുരുത്തിയിലും തുടർന്ന് നിലയ്ക്കലും പിന്നീട് അരുവിത്തുറയും അവിടെ നിന്ന് വള്ളിച്ചിറ (പൈങ്ങുളം) എടാട്ടു- വട്ടപ്പറമ്പിലും, അവിടെ നിന്ന് വെള്ളിലാപ്പള്ളിയിൽ ഭരണം നടത്തിയിരുന്ന ഇടത്തിൽ തമ്പുരാക്കന്മാരുടെ ക്ഷണപ്രകാരം വെള്ളിലാപ്പള്ളിയിൽ തയ്യിൽ (തുണ്ടത്തിൽ) വന്നു താമസിച്ചു. അവിടെ നിന്നും ഒരാൾ ചോലപ്പള്ളിയിൽ ചെന്ന് വസിച്ചു. ചോലപ്പള്ളിൽ താമസിച്ച പിതാവിന്റെ മൂന്ന് ആൺമക്കളിൽ മരങ്ങാട്ടിൽ കോട്ടിരിക്കൽ മാറി താമസിച്ച പിതാവിന് ഏഴുമക്കളുണ്ടായി. അതിൽ തൊമ്മൻ കച്ചിറമറ്റത്തേക്ക് മാറി താമസിച്ചു. ആ പിതാവിന്റെ ഏക പുത്രന് അഞ്ച് ആൺമക്കളും രണ്ട് പെൺമക്കളുമായിരുന്നു. അതിൽ തറവാട്ടിൽ താമസിച്ചിരുന്ന കുരുവിളക്ക് എട്ട് ആൺമക്കളും രണ്ട് പെൺമക്കളുമുണ്ടായി. ആൺമക്കളിൽ മൂത്ത ഉലഹന്നാൻ മുടവൻപ്രായിലേക്ക് മാറിത്താമസിച്ചു. ഉലഹന്നാൻ പ്ലാക്കണ്ണിക്കൽ അവിരായുടെ മകൾ മോനിക്കായെ വിവാഹം ചെയ്തു. അവർക്ക് എട്ട് പുത്രന്മാരും ഒരു മകളും ജനിച്ചു. ആൺമക്കളിൽ മൂന്നാമനാണ് സ്മര്യപുരുഷൻ മോൺ. ജോൺ കച്ചിറമറ്റം. അദ്ദേഹത്തിന്റെ ഏക സഹോദരി ഏലി ക്ലാരമഠത്തിൽ ചേർന്ന് സിസ്റ്റർ ജോസഫീനായായി. അനുജൻ ദേവസ്യാ ഈശോസഭയിൽ ചേർന്ന് സന്യാസം സ്വീകരിച്ച് ഫാ. ദേവസ്യാ എസ്സ്. ജെ. യായി. ഏറ്റം ഇളയസഹോദരൻ അന്ത്രയോസ് ബാല്യത്തിൽ തന്നെ നിര്യാതനായി.

ജനനം 1907 ഏപ്രിൽ 26 ന് ആയിരുന്നു. കുഞ്ഞ് എന്ന് വിളിപ്പേര്. കെ. ജെ ജോൺ എന്ന് ഔദ്യോഗികപേര്. പ്രാഥമിക വിദ്യാഭ്യാസം



www.malankaralibrary.com

രാമപുരം സർക്കാർ പ്രൈമറി സ്കൂളിൽ, തുടർന്നുള്ള പഠനം പള്ളിമുറിയിൽ നടന്നിരുന്ന മലയാളം മീഡിയം സ്കൂളിലും ഹൈസ്കൂൾ പഠനം പാല സെന്റ് തോമസ് ഹൈസ്കൂളിലും. ഇന്റർമീഡിയറ്റ് ചങ്ങനാശ്ശേരി സെന്റ് ബർക്കുമൻസ് കോളജിൽ നിന്ന് ഉയർന്ന മാർക്കോടുകൂടി പൂർത്തിയാക്കി. തുടർന്ന് തൃശ്ശിനാപള്ളി സെന്റ് ജോസഫ് കോളേജിൽ നിന്ന് പ്രശസ്തമായ നിലയിൽ ബിരുദവും സമ്പാദിച്ചു.

**സെമിനാരിയിലേക്ക്**

ബിരുദം നേടിയ ജോൺ വൈദിക പഠനത്തിനായി ചങ്ങനാശ്ശേരി രൂപതയുടെ കോട്ടയത്തുള്ള സെന്റ് തോമസ് മൈനർ സെമിനാരിയിൽ ചേർന്നു. പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭനാളുകളിൽ (1931 സെപ്റ്റംബർ 8) ആരംഭിച്ച തിരുവല്ലാ മൈനർ സെമിനാരിയിലെ റെക്ടർ കോട്ടയം മൈനർ സെമിനാരിയിലെ മുൻ ആദ്ധ്യാത്മിക പിതാവ് ഫാ. ജേക്കബ് വെള്ളരിങ്ങാട്ടായിരുന്നു. റോമിലെ പ്രൊപ്പഗാന്താകോളേജിൽ തിരുവല്ലായ്ക്കുവേണ്ടി പഠനത്തിന് രണ്ട് വൈദികവിദ്യാർത്ഥികൾക്ക് പ്രവേശനവും സ്കോളർഷിപ്പും നല്കാമെന്ന് റോമിൽ നിന്ന് അറിയിപ്പ് മാർ തെയോഫിലോസ് പിതാവിന് ലഭിച്ചിരുന്ന വിവരം പിതാവ് ബഹു. വെള്ളരിങ്ങാട്ടച്ചനെ അറിയിക്കുകയും യോഗ്യരായ രണ്ട്പേരെ കണ്ടെത്തുവാൻ ചുമതലപ്പെടുത്തുകയും ചെയ്തു. അദ്ദേഹമാണ് ചങ്ങനാശ്ശേരി രൂപതക്കുവേണ്ടി വൈദികപഠനം നടത്തിക്കൊണ്ടിരുന്ന കച്ചിറമറ്റം ജോണിനെ ശുപാർശചെയ്തത്. അന്നത്തെ കോട്ടയം മൈനർ സെമിനാരി റെക്ടർ ബഹു. കുര്യൻ മണ്ണനാൽ അച്ചനും ബഹു. വെള്ളരിങ്ങാട്ടച്ചനും കൂടി പ്രോത്സാഹിപ്പിച്ചാണ് ചങ്ങനാശ്ശേരി രൂപതാധികാരികളുടെ അനുവാദത്തോടെ ബ്രദർ ജോൺ കച്ചിറമറ്റത്തിനെ പുനരൈക്യപ്രേഷിതനാകാൻ തിരുവല്ല രൂപതയിൽ എത്തിച്ചതും പഠനത്തിനായി റോമിലെ പ്രൊപ്പഗാന്താകോളേജിലേക്ക് അയപ്പിച്ചതും. ഈ ബഹു. വൈദികർ തന്നെയാണ് ചങ്ങനാശ്ശേരി രൂപതക്കുവേണ്ടി പുത്തൻപള്ളി സെമിനാരിയിൽ അന്ന് തത്വശാസ്ത്രപഠനം നടത്തിക്കൊണ്ടിരുന്ന ബഹു. തോമസ് വടശ്ശേരിൽ അച്ചനെയും പുനരൈക്യപ്രേഷിതനായി തിരുവല്ലാ രൂപതയിൽ എത്തിക്കുന്നതും പ്രൊപ്പഗാന്താകോളേജിൽ പഠനത്തിനയച്ചതും.

1932 ഒക്ടോബർ 12-ാം തീയതി ബ്രദർ ജോൺ അഭിവന്ദ്യ മാർ തെയോഫീലോസ് പിതാവിൽ നിന്ന് വൈദിക വസ്ത്രം സ്വീകരിച്ചു. പിറ്റെ ദിവസം റോമിലേക്ക് യാത്രപുറപ്പെട്ടു. രാവിലെ 10 മണിക്ക് തിരുവല്ലായിൽ നിന്നും കൊട്ടാരക്കര റെയിൽവേസ്റ്റേഷനിൽ എത്തി. അവിടെ നിന്ന് ട്രെയിനിൽ മധുരവഴി ധനുഷ്കോടിയിൽ എത്തി. അവിടെ നിന്ന്



www.malankaralibrary.com

കപ്പൽമാർഗ്ഗം ഒക്ടോബർ 15 ന് കൊളമ്പിൽ (സിലോൺ) എത്തി. അവിടെ നിന്ന് ഒക്ടോബർ 18 ന് ഒരു ഇറ്റാലിയൻ കപ്പലിൽ ചെങ്കടൽ വഴി സൂയസ്കനാൽ കടന്ന് മെഡിറ്ററേനിയൻ കടലിൽ പ്രവേശിച്ച് ഒക്ടോബർ 31 ന് വെനീസിൽ എത്തി. രാത്രി 11 മണിക്ക് തീവണ്ടിമാർഗ്ഗം റോമിൽ എത്തി. നവംബർ ഒന്നാം തീയതി പ്രൊപ്പഗാന്താകോളേജിലെ പ്രവേശന നടപടികൾ പൂർത്തിയാക്കി അഞ്ചാം തീയതി ക്ലാസ്സുകൾ ആരംഭിച്ചു. 1933 ഫെബ്രുവരി രണ്ടിന് പരിശുദ്ധ മാർപാപ്പായെ സന്ദർശിച്ച് ആശീർവ്വാദം സ്വീകരിക്കാൻ സാധിച്ചു.

**അഭിഷേകം**

1935 മാർച്ച് 16-ാം തീയതി പട്ടത്വത്തിലേക്കുള്ള സ്വീകരണത്തെ സൂചിപ്പിക്കുന്ന ആസ്തപ്പാട് പട്ടം അഭിവന്ദ്യ പെല്ലിക്കോ മെത്രാപ്പോലീത്തായിൽ നിന്ന് സ്വീകരിച്ചു. രണ്ടാം വത്തിക്കാൻ സുന്നഹദോസിന് മുൻപ് സ്വീകരണ പട്ടമായ ആസ്തപ്പാട് പട്ടത്തെ തുടർന്ന് ആറ് പട്ടങ്ങൾകൂടി ലത്തീൻ ആരാധനാ രീതിയനുസരിച്ച് ഉണ്ടായിരുന്നു. 1936 ഏപ്രിൽ 11-ാം തീയതി ഒന്നും രണ്ടും പട്ടങ്ങളും 1937 മാർച്ച് 27-ാം തീയതി മൂന്നു നാലും പട്ടങ്ങളും 1937 ഓക്ടോബർ 24-ാം തീയതി മിഷൻ ഞായറാഴ്ച അഞ്ചാം പട്ടവും 1937 ഡിസംബർ 10 -ാം തീയതി ആറാം പട്ടവും 1938 മാർച്ച് 19-ാം തീയതി വൈദികാഭിഷേകവും സ്വീകരിച്ചു. പിറ്റേദിവസം വി. പത്രോസിന്റെ ബസിലിക്കായിൽ പ്രഥമ ദിവ്യബലിയും അർപ്പിച്ചു. മാർപ്പാപ്പായുടെ വേനൽക്കാല വസതിയിലെത്തി മറ്റ് നവവൈദികരോടൊപ്പം മാർപാപ്പായെ സന്ദർശിച്ച് അനുഗ്രഹം വാങ്ങി നാട്ടിലേക്ക് മടങ്ങാനുള്ള ക്രമീകരണങ്ങൾ തുടങ്ങി. അസ്സീസ്സി, ഫ്ളോറൻസ്, പീസ്സായിലെ ഗോപുരം, ലൂർദ് തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചതിനുശേഷം ജനോവായിൽ നിന്ന് ഇൻഡ്യയിലേക്ക് കപ്പൽ കയറി 1938 ഓഗസ്റ്റ് ഒന്നാം തീയതി ബോംബേയിലെത്തി. തീവണ്ടിമാർഗ്ഗം മദ്രാസിലെത്തി മൈലാപ്പൂർ കത്തീഡ്രലിൽ തോമാശ്ലീഹായുടെ കബറിടത്തിൽ വി. കുർബാനയർപ്പിച്ചു. തൃശ്ശ്നാപ്പള്ളി കോളേജിലെത്തി ഗുരുക്കന്മാരെ സന്ദർശിച്ചതിനുശേഷം ഓഗസ്റ്റ് 8-ാം തീയതി രാവിലെ തിരുവല്ലാ ചെറുപുഷ്പഗിരി അരമനയിലെത്തി വി. കുർബാന അർപ്പിച്ചു. അന്നു വൈകിട്ടുതന്നെ രാമപുരത്ത് ഭവനത്തിലെത്തി, 9-ാം തീയതി രാവിലെ രാമപുരം പള്ളിയിൽ പുത്തൻ കുർബാനയർപ്പിച്ചു. രാമപുരം ഇടവകയിൽ നിന്ന് ഇദംപ്രഥമമായി റോമിൽ പഠിച്ച് വൈദികനായി മടങ്ങിയെത്തിയ ബഹു. ജോൺ കച്ചിറമറ്റത്തച്ചന്റെ പ്രഥമ ദിവ്യബലിയിൽ വിശ്വാസികളുടെ വലിയ ഒരു സംഘം പങ്കെടുത്തു.



www.malankaralibrary.com

**അജപാലന ശുശ്രൂഷയുടെ തുടക്കം**

രൂപതയിൽ മടങ്ങിയെത്തിയ നവവൈദികന്റെ ആദ്യനിയമനം രൂപതാദ്ധ്യക്ഷൻ അഭി. ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ സെക്രട്ടറിയും രൂപതയുടെ പ്രൊക്കുറേറ്ററുമായിട്ടായിരുന്നു. തുടർന്ന് രൂപതയുടെ ചാൻസിലർ, സ്കൂളുകളുടെ കറസ്പോണ്ടന്റ്, മൈനർ സെമിനാരിയിലെ ആദ്ധ്യാത്മിക ഗുരു, കത്തീഡ്രലിലെ അസിസ്റ്റന്റ് വികാരി തുടങ്ങിയ വിവിധ നിലകളിൽ ശുശ്രൂഷചെയ്തു. ഇതേ അവസരത്തിൽ ഓതറ ലിറ്റിൽഫ്ളവർ ഇടവക വികാരിയായും 1938 – ൽ ആരംഭിച്ച പാണ്ടനാട് സെന്റ് തോമസ് ഇടവകയുടെ പ്രഥമ വികാരിയായും ശുശ്രൂഷ ചെയ്തിരുന്നു. വിദ്യാഭ്യാസ ശുശ്രൂഷക്ക് വലിയ പ്രാധാന്യം നല്കിയിരുന്ന അഭി. മാർ സേവേറിയോസ് പിതാവ് ബഹു. കച്ചിറമറ്റത്തച്ചനെ 1942 ജൂൺ 1–ാം തീയതി പിറവം സെന്റ് ജോസഫ് ഹൈസ്കൂളിന്റെ അസിസ്റ്റന്റ് ഹെഡ്മാസ്റ്ററായി നിയമിച്ചു. സഭാസ്നേഹിയും ചരിത്രകാരനുമായിരുന്ന ഷെവലിയാർ വി. സി. ജോർജ്ജായിരുന്നു അന്ന് ഹെഡ്മാസ്റ്റർ. അവർ തമ്മിൽ അന്ന് ആരംഭിച്ച ബന്ധം പിന്നീട് സഭയ്ക്ക് വലിയ നേട്ടമായി ഭവിച്ചു. 1944– 45 അദ്ധ്യയനവർഷത്തിൽ തിരുവനന്തപുരം സർക്കാർ ട്രെയിനിംഗ് കോളേജിൽ ചേർന്ന് പഠിച്ച് എൽ. റ്റി. ബിരുദം കരസ്ഥമാക്കി. വീണ്ടും രണ്ട് വർഷക്കാലം പിറവം ഹൈസ്ക്കൂളിൽ സേവനം ചെയ്തു. തുടർന്ന് തിരുവാണിയൂർ സെന്റ് ഫിലോമിനാസ് സ്കൂൾ ഹെഡ്മാസ്റ്ററായി അദ്ദേഹം നിയമിതനായി. 1949 ജൂൺ ഒന്നാം തീയതി തിരുകൊച്ചിയുടെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ. എൻ. കുഞ്ഞിരാമൻ ഉദ്ഘാടനം ചെയ്ത് ആരംഭിച്ച തിരുവല്ലാ ഇരുവെള്ളിപ്ര സെന്റ് തോമസ് ഹൈസ്കൂളിന്റെ പ്രഥമ ഹെഡ്മാസ്റ്ററായി ബഹു. ജോൺ കച്ചിറമറ്റത്തച്ചൻ നിയമിതനായി. തിരുവല്ലാ വിദ്യാഭ്യാസ ജില്ലയിലെ ഏറ്റവും ഔന്നത്യം പുലർത്തുന്ന ഹയർസെക്കന്ററി സ്കൂളായി പരിലസിക്കുന്ന ഇരുവെള്ളിപ്ര സെന്റ് തോമസിന്റെ അടിസ്ഥാനം ബലവത്താക്കിയത് ബഹു. കച്ചിറമറ്റത്തച്ചനായിരുന്നു. 1949 മുതൽ 1951 വരെ അദ്ദേഹം പാണ്ടനാട് ഇടവകയുടെ വികാരിയായി രണ്ടാം പ്രാവശ്യം ശുശ്രൂഷ ചെയ്തു. തിരുവല്ലാ അതിരൂപതയുടെ വിദ്യാഭ്യാസ പ്രേഷിത മേഖലയുടെ ഊടും പാവും നെയ്യുന്നതിൽ അഭിവന്ദ്യ മാർ സേവേറിയോസ് പിതാവിന്റെ സഹായിയായി പ്രവർത്തിച്ചതും ബഹു. കച്ചിറമറ്റത്തച്ചനായിരുന്നു.

ഇരുവെള്ളിപ്ര സെന്റ് തോമസ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരിക്കുമ്പോൾ തിരുമൂലപുരത്ത് പുതുതായി നിർമ്മിക്കാൻ നിശ്ചയിച്ചിരുന്ന പള്ളിയുടെ നിർമ്മാണച്ചുമതല വികാരി ആയിരുന്നില്ലെങ്കിലും കച്ചി



www.malankaralibrary.com

റമറ്റത്തിലച്ചനെയാണ് മാർ സേവേറിയോസ് പിതാവ് ഏല്പിച്ചിരുന്നത്. ബഹു. അച്ചന്റെ നേതൃത്വത്തിലാണ് പള്ളിപണിക്കുള്ള ധനസമാഹരണം നടന്നതും കരിങ്കല്ലിൽ തീർത്ത മനോഹരമായ ദൈവാലയം പൂർത്തിയാക്കിയതും. പുനരൈക്യ രജതജൂബിലി സ്മാരകമായിട്ടാണ് പള്ളിപണിത് കൂദാശചെയ്തത്. പള്ളിയുടെ മോണ്ടളവും അതിനു മുകളിൽ സ്ഥാപിച്ചിരിക്കുന്ന അമലോത്ഭവ മാതാവിന്റെ തിരുസ്വരൂപവും ഇരുവശങ്ങളിലുമുള്ള മാലാഖമാരുടെ രൂപങ്ങളും ബഹു. അച്ചന്റെ വ്യക്തിപരമായ സംഭാവനയാണ്. പുനരൈക്യ രജതജൂബിലി ആഘോഷം തിരുമൂലപുരം കേന്ദ്രമാക്കി നടത്തിയപ്പോൾ അതിന്റെ മുഖ്യ സംഘാടകൻ ബഹു. കച്ചിറമറ്റത്തിൽ അച്ചനായിരുന്നു.

1950 – ൽ പുനരൈക്യത്തിന്റെ ഇരുപതാം വാർഷികവും മാർ ഈവാനിയോസ് പിതാവിന്റെ മെത്രാഭിഷേകത്തിന്റെ രജതജൂബിലിയും, ബഥനിസന്യാസിനിസമൂഹത്തിന്റെ രജതജൂബിലിയും പരിശുദ്ധ മാർപാപ്പാ പ്രഖ്യാപിച്ച വിശുദ്ധ വത്സരത്തിന്റെ സമാപനവും അഭിവന്ദ്യ മാർ സേവേറിയോസ് പിതാവിന്റെ റോമാ സന്ദർശനവും ഉചിതമായ ഒരു സ്മരണികയിലൂടെ ചരിത്രത്തിന്റെ ഭാഗമാക്കുവാൻ ബഹു. കച്ചിറമറ്റത്തിലച്ചൻ കണ്ടെത്തിയ മാർഗ്ഗമായിരുന്നു 1950 ൽ പ്രസിദ്ധീകരിച്ച 'പുനരൈക്യസ്മരണാ കിരണങ്ങൾ' എന്ന സ്മരണിക. ഇതിന്റെ മുഖ്യശില്പി അദ്ദേഹം തന്നെയായിരുന്നു. മലങ്കര പുനരൈക്യത്തിന്റെ ആദ്യത്തെ ഇരുപത് വർഷത്തെ പ്രവർത്തനങ്ങളും വളർച്ചയും ചരിത്രവും കണ്ടെത്തുവാൻ സഹായിക്കുന്ന ഒരു പ്രധാന രേഖയായിത്തീർന്നു "പുനരൈക്യ സ്മരണാ കിരണങ്ങൾ" എന്ന് മനസ്സിലാക്കുമ്പോൾ ബഹു. കച്ചിറമറ്റത്തിൽ അച്ചന്റെ ദീർഘവീക്ഷണവും ചരിത്രബോധവും എത്ര വലുതെന്നു നാം തിരിച്ചറിയുന്നു.

അഭിവന്ദ്യ മാർ സേവേറിയോസ് പിതാവ് മാർപ്പാപ്പായെ സന്ദർശിക്കാൻ 1950 മേയ് 24– ന് നാല് മാസത്തേക്ക് റോമിലേക്കുപോയ സന്ദർഭത്തിൽ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചത് ബഹു. കച്ചിറമറ്റത്തിലച്ചനെയായിരുന്നു. ഇരുവെള്ളിപ്ര സെന്റ് തോമസ് ഹൈസ്കൂളിന്റെ ഹെഡ്മാസ്റ്റർ ആയിരിക്കുമ്പോൾ തന്നെയാണ് രൂപതയുടെ അഡ്മിനിസ്ട്രേറ്ററിന്റെ ചുമതലയും നിർവ്വഹിച്ചിരുന്നത്. അന്നും സൈക്കിളിൽ യാത്രചെയ്തിരുന്ന കച്ചിറമറ്റത്തിൽ അച്ചൻ ലാളിത്യത്തിന്റെ ആൾരൂപമായി ജനമനസ്സുകളിൽ ഇടംനേടിയിരുന്നു. രൂപതയിലെ ഭക്തസംഘടനകളുടെ പ്രത്യേകിച്ച് ലീജിയൻ ഓഫ് മേരി, മരിയൻ സൊഡാലിറ്റി, സെന്റ് വിൻസന്റ് ഡി പോൾ സഖ്യം എന്നിവയുടെ ചുമതലയും അദ്ദേഹത്തി



www.malankaralibrary.com

നായിരുന്നു. പരിശുദ്ധ അമ്മയുടെ മരിയൻ സൈന്യത്തിന്റെയും പരോപ കാര പ്രവൃത്തികൾവഴി ക്രൈസ്തവസാക്ഷ്യം നിർവ്വഹിക്കുന്ന സെന്റ് വിൻസന്റ് ഡി പോൾ സഖ്യത്തിന്റെയും കുട്ടികൾക്കായി സൊഡാലിറ്റി യുടെയും ഘടകങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപിക്കുവാൻ അദ്ദേഹം വളരെയേറെ ത്യാഗം സഹിച്ചിരുന്നു.

ബഹു. ജോൺ കച്ചിറമറ്റത്തിൽ അച്ചന്റെ ശുശ്രൂഷകളെയും ജീവി തസമർപ്പണത്തെയും പുരസ്കരിച്ച് മാർ സേവേറിയോസ് മെത്രാപ്പോ ലീത്തായുടെ ശുപാർശ സ്വീകരിച്ച് പരിശുദ്ധ മാർപ്പാപ്പാ അദ്ദേഹത്തിന് 1951– ൽ മോൺസിഞ്ഞോർ പദവി നൽകി ആദരിക്കുകയുണ്ടായി.

ഇരുവെള്ളിപ്ര ഹൈസ്കൂളിലും തിരുമൂലപുരം ഇടവകയോടനു ബന്ധിച്ചുമുള്ള ഏഴ് വർഷത്തെ സേവനങ്ങൾക്കുശേഷം 1956 ഏപ്രിൽ മാസത്തിൽ ബഹു. കച്ചിറമറ്റത്തിൽ അച്ചൻ ആനിക്കാട് ബേത്ലഹേം തിരുക്കുടുംബ ഇടവകയുടെ വികാരിയായും ആനിക്കാട് സെന്റ് മേരീസ് ഹൈസ്കൂളിന്റെ ഹെഡ്മാസ്റ്ററായും നിയമിതനായി. മാരിക്കൽ സെന്റ് മേരീസ് ഇടവകയുടെ ചുമതലയും അദ്ദേഹം വഹിച്ചിരുന്നു. 1953 – ൽ പൂർണ്ണ ഹൈസ്കൂൾ ആയി വളർന്ന ആനിക്കാട് സെന്റ് മേരീസിനെ ഒരു ഹൈസ്കൂളിനുവേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുകൂടി വളർത്തിയത് അദ്ദേഹമാണ്. കേന്ദ്രസർക്കാരിൽ നിന്ന് അന്ന് 50,000/– രൂപ തരപ്പെടുത്തി ഒരു സയൻസ് ലബോറട്ടറി സ്കൂളിൽ തയ്യാറാക്കി യത് എടുത്തുപറയേണ്ട ഒരു നേട്ടമായിരുന്നു. ആനിക്കാട് ഇടവകയെ സംബന്ധിച്ചും അദ്ദേഹത്തിന്റെ സേവനകാലം ദ്രുതവളർച്ചയുടെ കാല മായിരുന്നു.

**രോഗാവസ്ഥ, മരണം**

ആനിക്കാട്ടെത്തി ഒരു വർഷം ആയപ്പോഴേക്കും ചില അസുഖ ങ്ങൾ അദ്ദേഹത്തെ ബാധിച്ചു. 1957 ഏപ്രിലിൽ കൊട്ടിയം ഹോളിക്രോസ് ആശുപത്രിയിൽ അദ്ദേഹം ഹേർണിയാരോഗത്തിനുള്ള ഓപ്പറേഷന് വിധേ യനായി. 1958 മാർച്ച് ആയപ്പോഴേക്കും അദ്ദേഹത്തിന് ഗുരുതരമായ 'ലിംഫാറ്റിക് ലുക്കേമിയ' എന്ന രോഗം കണ്ടുപിടിക്കപ്പെട്ടു. തിരുവന ന്തപുരം മെഡിക്കൽ കോളേജിൽ നടത്തിയ ചികിത്സയിൽ സൗഖ്യം അനു ഭവപ്പെട്ടതിനാൽ തന്റെ ഇടവകശുശ്രൂഷയും സ്കൂൾസേവനവും തുടർന്നു. 1958 മേയ് 31 വരെ ആനിക്കാട് തുടർന്നു. ജൂൺ ഒന്ന് മുതൽ വെളിയനാട് സെന്റ് പോൾസ് ഹൈസ്കൂൾ പ്രധാനാദ്ധ്യാപകനായും വെളിയനാട് ഇടവകയുടെ വികാരിയായും നിയമനം ലഭിച്ചെങ്കിലും വീണ്ടും രോഗം മൂർച്ഛിതിനാൽ ചുമതല എടുക്കാൻ സാധിച്ചില്ല. പകരം



www.malankaralibrary.com

തിരുവല്ല മേരിഗിരി അരമനയിലേക്ക് മടങ്ങിപ്പോന്നു. സെപ്റ്റംബറിൽ വീണ്ടും ചികിത്സക്കായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്തിച്ചു. കാര്യമായ രോഗശമനം കാണായ്കയാൽ ബോംബേ ടാറ്റാ ഇൻസ്റ്റിട്യൂട്ടിലേക്ക് കൊണ്ടുപോകാനുള്ള ക്രമീകരണങ്ങൾ നടത്തിയെങ്കിലും രോഗം വർദ്ധിച്ചതിനാൽ യാത്ര റദ്ദുചെയ്തു. നവംബർ 3-ാം തീയതി രോഗം കൂടുതൽ രൂക്ഷമായി. അഞ്ചാം തീയതി ബുധനാഴ്ച അഭി. ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് രോഗീലേപനകൂദാശ നല്കി. രാത്രി 9. 43 ആയപ്പോൾ സുബോധത്തോടും പ്രാർത്ഥനകൾ ഉരുവിട്ടുംകൊണ്ട് അദ്ദേഹം കർതൃസന്നിധിയിലേക്ക് യാത്രയായി.

ഭൗതികശരീരം തിരുവനന്തപുരം അരമനയിൽ എത്തിച്ച് പ്രാർത്ഥനകൾക്കുശേഷം തിരുവല്ലാ കത്തീഡ്രലിൽ അന്ത്യോപചാരമർപ്പിക്കാൻവച്ചു ആറാം തീയതി രാവിലെ അഭി. സക്കറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ മൂന്നിന്മേൽ കുർബാന അർപ്പിക്കുകയും പ്രാർത്ഥനകൾ നടത്തുകയും ചെയ്തു. ഫാ. തോമസ് വടശ്ശേരി ചരമപ്രസംഗം നടത്തി. കുടുംബാംഗങ്ങളുടെ അഭീഷ്ടപ്രകാരം ഭൗതികശരീരം രാമപുരം പള്ളിയിൽ പാറേമ്മാക്കൽ ഗോവർണ്ണദോരുടെ ശവകുടീരത്തിനു സമീപത്ത് പ്രത്യേകം സജ്ജീകരിച്ചിരുന്ന കബറിൽ അടക്കം ചെയ്തു. അഭി. സക്കറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ പ്രാർത്ഥനയെതുടർന്ന് അഭി. മാർ മാത്യു കാവുകാട്ട് പിതാവിന്റെ കാർമ്മികത്വത്തിലാണ് കബറടക്കം നടന്നത്. നിരവധി വൈദികരും സന്യസ്തരും വലിയ ഒരു ഗണം വിശ്വാസികളും കബറടക്കശുശ്രൂഷയിൽ സന്നിഹിതരായിരുന്നു.

**ചരിത്രം സൃഷ്ടിച്ച പുരോഹിതശ്രേഷ്ഠൻ**

1783 ഫെബ്രുവരി 17-ാം തീയതി പോർട്ടുഗലിലെ ലിസ്ബണിലെ ബനഡിക്ടൈൻ ആശ്രമദേവാലയത്തിൽ വച്ച് മലങ്കര നസ്രാണികളുടെ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ട് നാട്ടിലേക്കുള്ള യാത്രാമദ്ധ്യേ 1786 - ൽ ഗോവായിൽ വച്ച് കാലംചെയ്ത് അവിടെ ഭദ്രാസനപള്ളിയിൽ കബറടങ്ങിയിരുന്ന മാർ ജോസഫ് കരിയാറ്റി മെത്രാപ്പോലീത്തായുടെ ഭൗതികശേഷിപ്പുകൾ കേരളത്തിൽ കൊണ്ടുവന്ന് അദ്ദേഹത്തിന്റെ മാതൃ ഇടവകയായ ആലങ്ങാട് പള്ളിയിൽ കബറടക്കം നടത്താൻ പ്രേരകമായത് മോൺസിഞ്ഞോർ ജോൺ കച്ചിറമറ്റത്തിന്റെ ഇടപെടലുകളാണ്. തന്റെ ഇളയസഹോദരൻ ദേവസ്യാ ഈശോസഭയിൽ വൈദികനായി അഭിഷിക്തനാകുന്ന കർമ്മത്തിൽ പങ്കെടുക്കാനായി 1952 നവംബറിൽ 'കർസിയോങ്ങിലേക്ക്' പോയിരുന്ന മോൺ. കച്ചിറമറ്റത്തിൽ മടക്കയാത്രയിൽ



www.malankaralibrary.com

വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ നാലാം ശതാബ്ദിയാഘോഷങ്ങളിൽ പങ്കെടുക്കാൻ ഗോവായിൽ എത്തിച്ചേർന്നു. ആ സന്ദർഭത്തിൽ മാർ ജോസഫ് കരിയാറ്റി മെത്രാപ്പോലീത്തായുടെ കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ചിരുന്നു. അവിടെ വച്ചാണ് കരിയാറ്റിൽ മെത്രാപ്പോലീത്തായുടെ ഭൗതികശേഷിപ്പുകൾ കേരളത്തിൽ കൊണ്ടുവന്നു കബറടക്കണമെന്ന ചിന്ത അദ്ദേഹത്തിൽ ഉണ്ടായത്. കേരളത്തിൽ തിരിച്ചെത്തിയ മോൺ. കച്ചിറമറ്റം സത്യദീപത്തിലും മറ്റ് സഭാപ്രസിദ്ധീകരണങ്ങളിലും മാർ കരിയാറ്റിയുടെ ഭൗതികശേഷിപ്പുകൾ കേരളത്തിൽ കൊണ്ടുവന്നു പുനർകബറടക്കം നടത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിക്കുകയും കേരളത്തിലെ വിവിധ രൂപതാദ്ധ്യക്ഷന്മാരുമായും അത്മായനേതാക്കന്മാരുമായും ആശയവിനിമയം നടത്തുകയും ചെയ്തു. ഷെവലിയാർ വി. സി. ജോർജ്ജ് മോൺ കച്ചിറമറ്റത്തിലിനെ ഇരുവെള്ളിപ്രസ്കൂളിൽ സന്ദർശിച്ച സന്ദർഭത്തിൽ ഈ കാര്യങ്ങൾ ചർച്ചാവിഷയമായി. അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാമെന്ന് ജോർജ്ജ് സാർ അവിടെവച്ച് സമ്മതിച്ചു. അതിന്റെ ഫലമായി 1955 ജനുവരി 5-ാം തീയതി അഖില കേരള കത്തോലിക്കാ കോൺഗ്രസിന്റെ വർക്കിംഗ് കമ്മറ്റി കൂടി മാർ കരിയാറ്റിയുടെ ഭൗതികശേഷിപ്പ് കേരളത്തിൽ കൊണ്ടുവരുന്നതിനൊരു കമ്മറ്റിക്ക് രൂപം നല്കി. കമ്മറ്റിയുടെ കൺവീനറായി മോൺ. കച്ചിറമറ്റത്തെയും സെക്രട്ടറിയായി റ്റി. കെ. വർക്കി ചേർത്തലയെയും തെരഞ്ഞെടുത്തു. മോൺ. കച്ചിറമറ്റത്തിന്റെ പ്രയത്ന ഫലമായി കേരള കത്തോലിക്കാ മെത്രാൻ സമിതി വിഷയം ചർച്ചചെയ്യുകയും വേണ്ട നടപടികളുമായി മുന്നോട്ടുപോവുകയും ചെയ്തു. പ്രവർത്തനങ്ങൾ ഫലമണിയുന്നതിനു മുൻപ് 1958 - ൽ മോൺ. കച്ചിറമറ്റം നിര്യതനായെങ്കിലും അദ്ദേഹം തുടക്കംകുറിച്ച സംരംഭം 1961 ഏപ്രിൽ 11-ാം തീയതി അഭിമാനകരമായി നിറവേറി. അന്നാണ് മാർ കരിയാറ്റിയിലിന്റെ പൂജ്യഭൗതിക ശേഷിപ്പ് ആഘോഷമായി ആലങ്ങാട്ട് പള്ളിയിൽ മാർ ജോസഫ് പാറേക്കാട്ടിൽ മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ പുനർകബറടക്കം നടത്തിയത്. മോൺ കച്ചിറമറ്റത്തിന്റെ സഭാസ്നേഹത്തിന്റെയും ചരിത്രബോധത്തിന്റെയും സഭൈക്യബോധത്തിന്റെയും ഉത്തമ ഉദാഹരണമാണീ സംഭവം.

മലങ്കര പുനരൈക്യ സംഭവത്തിന്റെ ഇരുപതാം വാർഷികത്തോടനുബന്ധിച്ച് അദ്ദേഹം തയ്യാറാക്കി പ്രസിദ്ധീകരിച്ച 'പുനരൈക്യ സ്മരണാകിരണങ്ങൾ' എന്ന സ്മരണികയും അദ്ദേഹത്തിന്റെ ചരിത്രാവബോധത്തെയും സഭൈക്യചിന്തയേയും ദ്യോതിപ്പിക്കുന്നമറ്റൊരു സംഭ



www.malankaralibrary.com

വമാണ്. മലങ്കര പുനരൈക്യത്തിന്റെയും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെയും ആദ്യ രണ്ട് ദശകങ്ങളുടെ ചരിത്രം പിൻതലമുറക്ക് ലഭ്യമാക്കിയ ഏറ്റവും ആധികാരിക രേഖയാണ് 'പുനരൈക്യ സ്മരണാകിരണങ്ങൾ'.

**സമാപ്തി**

തിരുവല്ലാ അതിരൂപതയുടെ ഊടും പാവും മെനയുന്നതിൽ അഭി. മാർ തൊയോഫീലോസ്, മാർ സേവേറിയോസ് എന്നീ പിതാക്കന്മാർക്ക് സഹായികളായി പ്രവർത്തിച്ച വൈദികരിൽ അഗ്രഗണ്യനായിരുന്നു മോൺ. ജോൺ കച്ചിറമറ്റം. രണ്ട് പതിറ്റാണ്ടുകാലം കൊണ്ട് ഒരു പുരുഷായുസ്സിൽ ചെയ്യാവുന്നതിലധികം ശുശ്രൂഷ നിർവ്വഹിച്ചു അദ്ദേഹം. കഠിനാദ്ധ്വാനവും അതിരൂപതയുടെ ആരംഭകാലത്തെ പരിമിതികളും അരോഗദൃഢഗാത്രനായിരുന്ന അദ്ദേഹത്തിന്റെ ആരോഗ്യത്തെ പ്രതികൂലമായി ബാധിച്ചിരുന്നു എങ്കിലും, അജപാലന ശുശ്രൂഷയ്ക്ക് ഒരു കുറവും വരുത്തിയിരുന്നില്ല. അൻപത്തി ഒന്നാം വയസ്സിൽ നിത്യസമ്മാനത്തിനുവേണ്ടി മടങ്ങിപ്പോയ പുനരൈക്യപ്രേഷിതനായ അദ്ദേഹം വൈദികർക്ക് ഉത്തമ മാതൃകയാണ്.

*''ആഡംബര കാറിൽ നിങ്ങളോടൊപ്പം സഞ്ചരിക്കാൻ ധാരാളം ആൾക്കാർ ഉണ്ടാകും, പക്ഷെ നിങ്ങൾക്ക് വേണ്ടത് നിങ്ങളുടെ കാർ കേടാകുമ്പോൾ നിങ്ങളോടൊപ്പം ബസ്സിൽ വരാൻ തയ്യാറാകുന്ന ആളെയാണ് ''.*

*ഒഫ്രി വിൽഫ്രി.*



www.malankaralibrary.com



# മോൺ. തോമസ് വടശേരി LD (റോം)

**പുരോവചനം**

ആധുനിക കേരള സഭാചരിത്രത്തിലെ ഏറ്റവും പ്രകാശപൂരിതമായ സംഭവമാണ് 1930 സെപ്റ്റംബർ 20ലെ മലങ്കര പുനരൈക്യം. മാർത്തോമ്മാ ശ്ലീഹായുടെ കാലം മുതൽ ഈ നാടുമായും നാട്ടിലെ സകലരുമായും ഇഴയടുപ്പത്തിലും സൗഹാർദതയിലും തീക്ഷ്ണമായ മതജീവിതത്തിലും കഴിഞ്ഞിരുന്നു കേരളത്തിലെ ക്രിസ്ത്യാനികൾ. വിശ്വാസത്തിൽ ക്രൈസ്തവവും ആരാധനാ രീതിയിൽ സുറിയാനിയും ആചാരാനുഷ്ഠാനങ്ങളിൽ ദേശീയവുമായി സ്വസ്ഥമായി മതജീവിതം നയിച്ചിരുന്ന കേരള ക്രിസ്ത്യാനികളുടെ ഇടയിൽ പാശ്ചാത്യ ശക്തികളുടെ കടന്നുവരവ് അസ്വസ്ഥതകൾ സൃഷ്ടിച്ചു. 1599ലെ ഉദയംപേരൂർ സുന്നഹദോസോടുകൂടി ഈ അസ്വസ്ഥതകൾ അസഹനീയമായി. 1653ലെ 'കൂനൻ കുരിശ് സത്യ'ത്തോടുകൂടി ഇതു സഭയിൽ ഭിന്നതയായി വളർന്നു. **ഐക്യ ശ്രമങ്ങളുടെ നിരന്തര പരാജയം ഭിന്നിച്ചുനിന്ന വിഭാഗത്തെ കാലാന്തരത്തിൽ യാക്കോബായ സഭയായി പരിണമിപ്പിച്ചു.** സാർവത്രിക സഭയുമായി ഐക്യപ്പെടുവാനുള്ള ശ്രമങ്ങൾ വീണ്ടും തുടർന്നുകൊണ്ടിരുന്നെങ്കിലും ഭിന്നിച്ചു മാറിയവരുടെ ചരിത്രം ഭിന്നതകളുടെയും വിഭജനങ്ങളുടെയും ഘോഷയാത്രയായി മാറി.

സഭയുടെ പൂർണതയ്ക്ക് വിശുദ്ധ പത്രോസിന്റെ പിൻഗാമിയായ റോമാ മാർപാപ്പയുടെ നേതൃത്വവും അദ്ദേഹവുമായുള്ള സംസർഗവും അനിവാര്യമാണെന്നും ഭിന്നത സുവിശേഷസാക്ഷ്യത്തിന് വിഘാതമാണെന്നും തായ്ത്തണ്ടിൽ നിന്നകന്നു നിൽക്കുന്നത് ശാഖയുടെ നാശത്തിൽ കലാ



www.malankaralibrary.com

ശിക്കുമെന്നും വിഭജിത വിഭാഗം തിരിച്ചറിഞ്ഞിരുന്നു. ഈ തിരിച്ചറിവിന്റെ ഫലമായിരുന്നു നൂറ്റാണ്ടുകളായി നടന്നുകൊണ്ടിരുന്ന പുനരൈക്യശ്രമങ്ങൾ: ഈ തിരിച്ചറിവാണ് പുനരൈക്യത്തിനുവേണ്ടി ശ്രമിക്കാൻ 'ഓർത്തഡോക്സ് സഭയെ' പ്രേരിപ്പിച്ചതും അതിനായി ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ നിയോഗിച്ചതും.

സഭാശാസ്ത്രവും സഭാചരിത്രവും ആഴത്തിൽ പഠിച്ച മാർ ഈവാനിയോസ് മെത്രാപ്പോലീത്ത റോമുമായി കത്തിടപാടുകൾ നടത്തി മലങ്കര മക്കളുടെ ഐക്യത്തിനുള്ള ചിരകാലാഭിലാഷം നേടിയെടുത്തു. പുനരൈക്യശ്രമത്തിനു തന്നെ ചുമതലപ്പെടുത്തുകയും നിർബന്ധിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്ന പല മെത്രാപ്പോലീത്താമാരും സാമൂഹികവും സാമ്പത്തികവും അധികാരപരവുമായ പലകാരണങ്ങളാൽ പിൻതിരിഞ്ഞപ്പോഴും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും അനുയായികളും സാർവത്രിക സഭയുമായുള്ള കൂട്ടായ്മയിലേക്കു കടന്നുവന്നു. **ആ ചരിത്ര സംഭവത്തെയാണല്ലോ നാം മലങ്കര പുനരൈക്യം എന്നു വിളിക്കുന്നത്.**

പുനരൈക്യസംഭവം മലങ്കരയിൽ വലിയ അലയടികൾ ഉളവാക്കി. സഭാജീവിതവും ആത്മീക ജീവിതവും ഗൗരവമായി എടുത്തിരുന്ന അനേകർ സഭാശാസ്ത്രവും സഭാചരിത്രവും ഗൗരവമായ പഠനവിഷയമാക്കുവാൻ ഈ സംഭവം ഇടയാക്കി. തങ്ങൾ അനുവർത്തിക്കുന്ന ആരാധനാ രീതികളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഭരണക്രമങ്ങളും അതേപടി പരിപാലിച്ചുകൊണ്ട് സഭാപൂർണത നേടുവാൻ സാധിക്കുമെന്നും സാർവത്രിക സഭയുടെ ഭാഗമായി വിശുദ്ധ പത്രോസിന്റെ പിൻഗാമിയായ റോമിലെ പരിശുദ്ധ മാർപാപ്പായുടെ ശ്ലൈഹികനേതൃത്വത്തിൽ വലിയ പ്രേഷിത മുന്നേറ്റത്തിന് സാധ്യതയുണ്ടെന്നും കണ്ട അനേകായിരങ്ങൾ പുനരൈക്യത്തിലൂടെ സാർവത്രിക സഭയിലേക്കു കടന്നുവരുവാൻ തുടങ്ങി. സാർവത്രിക സഭയുടെ വലിയ ആശീർവാദവും അനുഗ്രഹവും പിൻബലവും പുനരൈക്യ സംരംഭത്തിന് ലഭിച്ചുകൊണ്ടിരുന്നു. പുനരൈക്യപ്പെടുന്ന ബഹു. വൈദികരുടെയും അല്മായരുടെയും സംഖ്യ അനുദിനം വർധിച്ചുകൊണ്ടിരുന്നു. **പരിശുദ്ധ മാർപാപ്പാ തിരുമനസുകൊണ്ട് 1932ൽ പുനരൈക്യപ്പെട്ടവർക്കായി 'മലങ്കര സുറിയാനി കത്തോലിക്കാ' ഹയരാർക്കി സ്ഥാപിക്കുകയും തിരുവനന്തപുരം അതിരൂപതയും തിരുവല്ലാ രൂപതയുമായി സഭാഘടകത്തെ ക്രമീകരിക്കുകയും ചെയ്തു.** തിരുവനന്തപുരം അതിരൂപതാധ്യക്ഷനായി മാർ ഈവാനിയോസ് പിതാവിനെയും തിരുവല്ലാ രൂപതാധ്യക്ഷനായി മാർ തെയോ



www.malankaralibrary.com

ഫിലോസ് പിതാവിനെയും നിയമിച്ചതോടുകൂടി പുനരൈക്യപ്പെടുന്നവർ ഒരു സഭയായി നൈയാമികമായി സാർവത്രിക സഭാ കൂട്ടായ്മയിൽ ശക്തിപ്പെടുവാൻ തുടങ്ങി.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ധൃതഗതിയിലുള്ള വളർച്ച അകത്തോലിക്കാ സഭകളെ പ്രത്യേകിച്ച്, യാക്കോബായ, ഓർത്തഡോക്സ് സഭകളെ ആധിയിലാക്കി. അവർ പുനരൈക്യ പ്രസ്ഥാനത്തിനും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കുമെതിരായി പീഡനങ്ങളും സത്യസഭയ്ക്കും സഭാപഠനങ്ങൾക്കുമെതിരായി അബദ്ധ പ്രചരണങ്ങളും അക്രമണങ്ങളും അഴിച്ചുവിടുകയും ചെയ്തു. **ഈ ചരിത്ര പശ്ചാത്തലത്തിൽ ദൈവം പ്രത്യേകം തെരഞ്ഞെടുത്ത് നിയോഗിച്ച വ്യക്തിയായിരുന്നു മോൺ. തോമസ് വടശേരി.** അകത്തോലിക്കാ സഭാനേതൃത്വം സഭാശാസ്ത്രവും സഭാചരിത്രവും വികലമാക്കി അവതരിപ്പിച്ച് സഭാമക്കളെ തെറ്റിധരിപ്പിക്കുന്ന പശ്ചാത്തലത്തിൽ സത്യം പ്രഘോഷിക്കാനായി സീറോ മലബാർ സഭയിൽ നിന്ന് **ദൈവം പ്രത്യേകം തെരഞ്ഞെടുത്ത് ഒരുക്കി ശക്തിപ്പെടുത്തി മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കു നൽകിയ സമ്മാനമായിരുന്നു അദ്ദേഹം.** സാർവത്രിക സഭയുടെ ചരിത്രവും മലങ്കര സഭയുടെ ചരിത്രവും ലഭ്യമായ തെളിവുകളുടെ പിൻബലത്തിൽ പ്രസംഗങ്ങളിലൂടെയും രചനകളിലൂടെയും അദ്ദേഹം സാധാരണക്കാർക്ക് ലഭ്യമാക്കി. സഭാശാസ്ത്രവും വിശുദ്ധ പത്രോസിന്റെ ശ്ലൈഹിക പരമാധികാരവും റോമാ മാർപാപ്പയുടെ പ്രാമുഖ്യവും ദൈവവചനത്തിന്റെയും സഭാ പിതാക്കന്മാരുടെ പ്രബോധനങ്ങളുടെയും ദൈവശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിൽ പ്രസംഗങ്ങളിലൂടെയും പ്രബന്ധങ്ങളിലൂടെയും ഗ്രന്ഥങ്ങളിലൂടെയും അദ്ദേഹം മലങ്കരയിലാകമാനം എത്തിച്ചു. ഗഹനങ്ങളായ ദൈവശാസ്ത്ര വിഷയങ്ങൾ ലളിതമായും ആകർഷകമായും അവതരിപ്പിക്കുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന നൈപുണ്യം അനുപമമായിരുന്നു. നൂറുകണക്കിനു പ്രസംഗവേദികളിൽ കേരളത്തിൽ അങ്ങോളമിങ്ങോളം അദ്ദേഹം നിറഞ്ഞ സാന്നിധ്യമായിരുന്നു. പതിനായിരക്കണക്കിനു പേജുകൾ അദ്ദേഹം എഴുതിക്കൂട്ടി. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ ചൂടപ്പംപോലെ വിറ്റഴിഞ്ഞു. സഭാവിഷയങ്ങൾ കൈകാര്യം ചെയ്യുന്നവർക്ക് അദ്ദേഹത്തിന്റെ രചനകൾ അടിസ്ഥാനങ്ങളായി മാറി. പരിശുദ്ധ കത്തോലിക്കാ സഭയ്ക്കെതിരായി എതിരാളികൾ തൊടുത്തുവിടുന്ന അബദ്ധപഠനങ്ങളുടെ കൂരമ്പുകളെ പ്രതിരോധിക്കുവാൻ അനേകർക്ക് ബഹു. വടശേരിലച്ചന്റെ ഗ്രന്ഥങ്ങൾ പരിചയായി. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ശ്രോതാക്കളെ ഹരം കൊള്ളിച്ചു.



www.malankaralibrary.com

പുനരൈക്യപ്പെടുന്നവരെ സത്യസഭാവിശ്വാസത്തിൽ ഉറപ്പിക്കുവാനും ഇതര സഭാമക്കളെ സത്യസഭയെയും സഭയുടെ വിശ്വാസത്തെയും കുറിച്ച് ചിന്തിപ്പിക്കുവാനും അദ്ദേഹത്തിന്റെ പ്രസംഗങ്ങളും രചനകളും സഹായിച്ചു. 1936 മുതൽ 1966 വരെയുള്ള മുപ്പതു വർഷക്കാലം മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സംബന്ധിച്ച് '**വടശേരിയുഗം**' എന്നു പറഞ്ഞാൽ അത് അതിശയോക്തിയായിരിക്കുകയില്ല. അഗാധമായ അറിവും അതുപയോഗിച്ച് മറ്റുള്ളവർക്ക് മാർഗനിർദേശം നൽകാൻ കരുത്തുമുള്ളവനായിരുന്നു അദ്ദേഹം. പ്രൊഫസർ മാത്യു ഉലകംതറ പറയുന്നത് ശ്രദ്ധിക്കുക: "**കത്തോലിക്കാ സഭയുടെ നിലനില്പും അവകാശവാദങ്ങളും എത്രത്തോളം ന്യായയുക്തമാണെന്ന് ഇതര ക്രൈസ്തവസഭകൾക്കു തെളിയിച്ചു കൊടുക്കാൻ മോൺ. വടശേരിയുടെ കൃതികൾപോലെ സഹായിച്ചിട്ടുള്ള മറ്റൊന്നും കേരളത്തിലുണ്ടായിട്ടില്ല**" (വി. കിളിച്ചുമല: മോൺ. വടശേരി; പുറം 8).

**അല്പം കുടുംബപുരാണം**

പോർട്ടുഗീസുകാരുടെ വരവിനു മുമ്പ് മലങ്കര സഭയുടെ ആസ്ഥാനമായിരുന്നു അങ്കമാലി. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പ്രഥമ അതിരൂപത അങ്കമാലിയായിരുന്നു. അങ്കമാലി അതിരൂപതയിലെ അവസാനത്തെ പേർഷ്യൻ ബിഷപ്പായിരുന്ന മാർ അബ്രഹാം (1583-1597) കബറടങ്ങിയിരിക്കുന്നത് അങ്കമാലിയിലാണ്. 19-09-2015 ൽ വി. ഹോർമീസിന്റെ നാമത്തിലുള്ള അങ്കമാലിയിലെ കിഴക്കേപള്ളി നവീകരിക്കുമ്പോൾ മാർ എബ്രഹാമിന്റെ 418 വർഷം പഴക്കമുള്ള കബറിടം കണ്ടെത്തിയത് മാധ്യമങ്ങളിൽ വാർത്തയായിരുന്നു. പതിനാലാം നൂറ്റാണ്ടിൽ മലബാർ സന്ദർശിച്ച മോണ്ടി കാർണിയരോ എന്ന വിദേശ സഞ്ചാരിയുടെ വിവരണത്തിൽ നിന്നും അങ്കമാലിയിൽ ഒരു ദൈവശാസ്ത്ര പഠന കേന്ദ്രമുണ്ടായിരുന്നതായും മനസിലാക്കാം. മാർത്തോമ്മാ നസ്രാണികളുടെ ഈറ്റില്ലമായ അങ്കമാലിയിൽ 'കുരിശുംമൂട്' തറവാട്ടിൽ നിന്നും കാഞ്ഞിരപ്പള്ളി തമ്പലക്കാട്ടേക്ക് കുടിയേറിയ പിതാവാണ് 'കുന്നുമ്പ്രം' കുടുംബത്തിന്റെ സ്ഥാപകൻ. കുന്നുമ്പ്രം കുടുംബത്തിന്റെ ഒരു ശാഖയാണ് 'വടശേരി'.

തമ്പലക്കാട്ട് വടശേരിവീട്ടിൽ കുഞ്ഞപ്പിയുടെയും ചിറക്കടവ് നാഗത്തുങ്കൽ റോസമ്മയുടെയും എട്ട് മക്കളിൽ രണ്ടാമത്തെ മകനായി 1908 ഒക്ടോബർ എട്ടാം തീയതി കുഞ്ഞോമ്മ എന്ന് ഓമനപ്പേരിൽ വിളിക്കപ്പെട്ടിരുന്ന തോമസ് ജനിച്ചു. വി.ജെ. തോമസ് എന്ന് ഔദ്യോഗിക പേര്. കുഞ്ഞോമ്മയ്ക്ക് കുഞ്ഞുദേവസ്യാ, ജോസഫ് എന്നു രണ്ട് സഹോദര



www.malankaralibrary.com

ന്മാരും ഏലിക്കുട്ടി, മറിയാമ്മ, അന്നമ്മ, ത്രേസ്യാമ്മ, റോസമ്മ എന്ന് അഞ്ച് സഹോദരിമാരും.

### വിദ്യാഭ്യാസം

പ്രാഥമിക വിദ്യാഭ്യാസം തമ്പലക്കാട്ടുള്ള സർക്കാർ പ്രൈമറി സ്കൂളിൽ. മിഡിൽ സ്കൂൾ പഠനം വീട്ടിൽ നിന്നും നാലു മൈൽ ദൂരെ കാഞ്ഞിരപ്പള്ളി സർക്കാർ ഇംഗ്ലീഷ് സ്കൂളിൽ. കാടുംമേടും താണ്ടിയുള്ള യാത്ര ബാലനെ ധൈര്യശാലിയാക്കി. ഹൈസ്കൂൾ പഠനം പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ. താമസം ബോർഡിംഗിൽ മറ്റ് നൂറ് കുട്ടികളോടൊപ്പം. ഹൈസ്കൂൾ പഠനവും ബോർഡിംഗ് വാസവും ബാലന്റെ ജീവിതത്തെ ആഴത്തിൽ സ്വാധീനിച്ചു. തിരുവല്ലാ രൂപതയിൽ സഹവൈദികരായിരുന്ന മോൺസിഞ്ഞോർ ജോൺ കച്ചിറമറ്റവും ഫാ. ജോസഫ് നിലപ്പനയും അന്നു ബോർഡിംഗിൽ സഹപാഠികളായിരുന്നു. തോമസ് വിശുദ്ധ കുർബാനയിൽ സഹായിക്കാൻ പഠിച്ചത് ബോർഡിംഗ് വാസക്കാലത്തായിരുന്നു. എല്ലാ ദിവസവും വിശുദ്ധ കുർബാനയിൽ സംബന്ധിക്കുവാനും വിശുദ്ധ കുർബാനയിൽ സഹായിക്കുവാനും തോമസ് ശ്രദ്ധിച്ചിരുന്നു. അന്നു മുതൽ വൈദിക ജീവിതത്തോട് ആഭിമുഖ്യം തോമസിൽ രൂപപ്പെട്ടു തുടങ്ങിയിരുന്നു.

### സെമിനാരിയിലേക്ക്

1928ൽ ചങ്ങനാശേരി രൂപതയിൽ വൈദികനാകുവാനായി രൂപതവകയായുള്ള കോട്ടയം സെമിനാരിയിൽ ചേർന്നു. റെക്ടർ ഫാ. കുര്യൻ മണ്ണനാലിന്റെയും ആദ്ധ്യാത്മിക പിതാവ് ഫാ. ജേക്കബ് വെള്ളരിങ്ങാട്ടിന്റെയും ശിക്ഷണത്തിൽ രണ്ടു വർഷത്തെ മൈനർ സെമിനാരി പഠനവും പരിശീലനവും വിജയകരമായി പൂർത്തിയാക്കി 1930ൽ തത്വശാസ്ത്ര പഠനത്തിനായി പുത്തൻപള്ളി സെമിനാരിയിൽ ചേർന്നു.

### പുനരൈക്യ വയലിലേക്ക്

ബഹു. ജേക്കബ് വെള്ളരിങ്ങാട്ടച്ചന്റെ ഇടപെടലാണ് യുവവൈദിക വിദ്യാർഥിയായ തോമസിനെ മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ശുശ്രൂഷയ്ക്കെത്തിച്ചത്. തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രൽ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ചങ്ങനാശേരി രൂപത വകയായുണ്ടായിരുന്നതും തിരുവല്ലാ രൂപതയ്ക്ക് പിന്നീട് വിട്ടു നൽകിയതുമായ സ്ഥലത്ത് 1931 സെപ്റ്റംബർ എട്ടിന് തുടക്കം കുറിച്ച ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിൽ നാലു വർഷക്കാലം റെക്ടർ ആയിരുന്നു ബഹു. വെള്ള



www.malankaralibrary.com

രിങ്ങാട്ടച്ചൻ. അദ്ദേഹം പുനരൈക്യ പ്രസ്ഥാനത്തിന്റെ വളർച്ചയും ഭാവിയിലുള്ള സഭാപരമായ സാധ്യതകളും മുന്നിൽകണ്ട വത്തിക്കാൻ അധികാരികൾ റോമിലെ പ്രൊപ്പഗാന്താ കോളജിൽ തിരുവല്ലായിൽ നിന്നൊരു വൈദിക വിദ്യാർഥിക്ക് പ്രവേശനവും സ്കോളർഷിപ്പും അനുവദിച്ചു. എന്നാൽ, അവിടേക്കയക്കാൻ വൈദിക വിദ്യാർഥികൾ തിരുവല്ലായിൽ ഉണ്ടായിരുന്നില്ല. ഈയവസരത്തിലാണ് ചങ്ങനാശേരി രൂപതയ്ക്കുവേണ്ടി പുത്തൻപള്ളി സെമിനാരിയിൽ തത്വശാസ്ത്ര വിദ്യാർഥിയായിരുന്ന ബ്രദർ തോമസ് വടശേരിയെ ബഹു. ജേക്കബ് വെള്ളരിങ്ങാട്ടച്ചൻ രൂപതാധികാരികളുടെ അനുവാദത്തോടെ പ്രേരിപ്പിച്ച് തിരുവല്ലാ രൂപതയിൽ ചേർത്തത്.

സമ്പന്നമായ ചങ്ങനാശേരി അതിരൂപതയും തന്റെ മാതൃറീത്തും ഭാവി വൈദിക ജീവിതത്തിൽ ഉണ്ടാകാവുന്ന ഉന്നത സാധ്യതകളും ത്യജിച്ചുകൊണ്ട് ഒരു സെന്റ് ഭൂമിയോ ഒരു രൂപയോപോലുമില്ലാത്ത ദരിദ്രമായ തിരുവല്ലാ രൂപതയിൽ, അതും തന്റെ നാട്ടിൽ കേട്ടിട്ടുപോലുമില്ലാത്ത ഒരു റീത്തിൽ ചേരുക തീർച്ചയായും ഒരു യുവവൈദിക വിദ്യാർഥിയെ സംബന്ധിച്ച് വലിയ രക്തസാക്ഷിത്വം തന്നെയായിരുന്നു. ബഹു. ജേക്കബ് വെള്ളരിങ്ങാട്ടച്ചനിൽ നിന്നും ചങ്ങനാശേരി രൂപതാധികാരികളിൽ നിന്നും പുനരൈക്യത്തെക്കുറിച്ചും മലങ്കര സുറിയാനി കത്തോലിക്കാ സഭയെക്കുറിച്ചും അവിടെ നിറവേറ്റാവുന്ന പ്രേഷിത ശുശ്രൂഷകളെക്കുറിച്ചും ഗ്രഹിച്ച ബ്രദർ തോമസ് വടശേരി പുനരൈക്യ ശുശ്രൂഷയുടെ മുന്നണി പോരാളിയാകാൻ തീരുമാനിച്ചുറച്ച് തിരുവല്ലാ രൂപതയിൽ ചേർന്നു.

**നിത്യനഗരത്തിലേക്ക്**

മാർ തെയോഫിലോസ് പിതാവ് ബ്രദർ തോമസ് വടശേരിയെ വൈദിക പഠനം തുടരാനായി പുത്തൻപള്ളി സെമിനാരിയിൽ നിന്നും റോമിലെ പ്രൊപ്പഗാന്താ കോളജിലേക്കയച്ചു. പുനരൈക്യ പ്രസ്ഥാനത്തോടും മലങ്കര സുറിയാനി കത്തോലിക്കാ സഭയോടും ഹൃദയം നിറയെ സ്നേഹവും മനസുനിറയെ ആവേശവുമായി റോമിലെത്തിയ ബ്രദർ തോമസ് വടശേരിക്ക് റോമിലെ പഠനം വലിയ മുതൽക്കൂട്ടായി. ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളിൽ നിന്നുമുള്ള സഹപാഠികൾ, ഉഗ്രപ്രതാപികളും പണ്ഡിതകേസരികളുമായ അധ്യാപകർ, ബ്രഹത്തായ ഗ്രന്ഥശാലകൾ. വിജ്ഞാനം തേടിയെത്തുന്നവർക്കു വേണ്ടവയെല്ലാം അവിടെ സുലഭം. തന്റെ ഭാവി പ്രേഷിത മേഖല വ്യക്തമായി മനസിലാക്കിയിരുന്ന ബ്രദർ തോമസ് പഠനത്തിലൂടെ നന്നായി തയാറെടുത്തു. സഭയുടെ സാർവത്രി



www.malankaralibrary.com

കതയും റോമാ സിംഹാസനത്തിന്റെ ചരിത്രപരവും ദൈവശാസ്ത്രപരവുമായ സ്ഥാനവും പ്രാമുഖ്യവുമൊക്കെ ആഴത്തിൽ അറിയുവാൻ അദ്ദേഹത്തിനു സാധിച്ചു.

റോമിലെ വാസവും പഠനവും അനേക വിശുദ്ധരുടെ കബറിടങ്ങൾ സന്ദർശിച്ചു പ്രാർത്ഥിക്കുവാനും അനേക രാജ്യങ്ങളിൽ നിന്നുള്ളവരുമായി പരിചയപ്പെടുവാനും അനേക സംസ്കാരങ്ങളെ അടുത്തറിയുവാനും വിശുദ്ധ കത്തോലിക്കാ സഭാ കൂട്ടായ്മയിലെ വിവിധ സഭകളെക്കുറിച്ച് നേരിട്ടു മനസിലാക്കുവാനും വിശുദ്ധരുടെ നാമകരണ ചടങ്ങുകളിൽ പങ്കുചേരുവാനും പലപ്രാവശ്യം പരിശുദ്ധ മാർപാപ്പായെ കാണുവാനും ശ്രവിക്കുവാനും റോമൻ കൂരിയായുടെ ഭരണ സംവിധാനങ്ങൾ നേരിട്ടറിയുവാനും വത്തിക്കാൻ ഭരണ നേതൃത്വത്തിലുള്ള പലരുമായി പരിചയപ്പെടുവാനുമൊക്കെ അദ്ദേഹത്തിനവസരമൊരുക്കി. റോമിൽ സന്ദർശനത്തിനെത്തിയ മാർ ഈവാനിയോസ് പിതാവിനോടും മാർ തെയോഫിലോസ് പിതാവിനോടുമൊപ്പം വത്തിക്കാനിലെ വിവിധ കാര്യാലയങ്ങൾ സന്ദർശിക്കാനും കാര്യാലയങ്ങളുടെ പ്രവർത്തനങ്ങൾ മനസിലാക്കാനും കാര്യാലയത്തിലെ ചുമതലക്കാരുമായി പരിചയപ്പെടുവാനും അദ്ദേഹത്തിന് അവസരം ലഭിച്ചു. ഭാവിയിൽ തിരുവല്ലാ രൂപതയുടെ ഭരണ ക്രമീകരണങ്ങൾക്കും നടത്തിപ്പിനും രൂപതാധ്യക്ഷൻമാർക്ക് സഹായിയാകുവാൻ ഈ അനുഭവജ്ഞാനം അദ്ദേഹത്തിനു തുണയായി.

## വൈദികാഭിഷേകവും നവപൂജാർപ്പണവും

പ്രശംസനീയമാംവിധം ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയ അദ്ദേഹം 1936 ഫെബ്രുവരി ഒമ്പതാം തീയതി പീയൂസ് പതിനൊന്നാമൻ മാർപാപ്പായുടെ വികാരി ജനറാൾ കർദ്ദിനാൾ മർക്കേത്തി സെൽവജിയായുടെ കൈവയ്പാൽ വൈദികനായി അഭിഷിക്തനായി. പ്രഥമ കുർബാനയർപ്പണം പിറ്റേദിവസം വിശുദ്ധ പൗലോസിന്റെ ബസിലിക്കായിൽ അദ്ദേഹത്തിന്റെ കബറിനു മുകളിൽ പണിതിരിക്കുന്ന അൾത്താരയിലായിരുന്നു. പ്രഥമകുർബാനയർപ്പണം വിശുദ്ധ പൗലോസ് ശ്ലീഹായുടെ ബസലിക്കായിലെ അൾത്താരയിലായിരിക്കണമെന്നത് അദ്ദേഹത്തിന്റെ വലിയ അഭിലാഷമായിരുന്നു. വിശുദ്ധ പൗലോസിനെപ്പോലെ പുനരൈക്യത്തിനുവേണ്ടി തീക്ഷ്ണതയോടെ പ്രവർത്തിക്കുവാൻ തീരുമാനിച്ചിറങ്ങിയ ഫാ. തോമസ് വടശേരിയുടെ ഈ ആഗ്രഹം ദൈവം നിറവേറ്റി. അദ്ദേഹം രണ്ടാമത് വിശുദ്ധ കുർബാനയർപ്പിച്ചത് തിരുവല്ലാ അതിരൂപതയുടെ സ്വർഗീയ മധ്യസ്ഥയും വേദപ്രചാര മധ്യസ്ഥയുമായ വിശുദ്ധ



www.malankaralibrary.com

കൊച്ചുത്രേസ്യായുടെ തിരുശേഷിപ്പ് സൂക്ഷിച്ചിട്ടുള്ള റോമിലെ കർമ്മ ലീത്ത ആശ്രമ കപ്പേളയിൽ. മൂന്നാമത്തെ വിശുദ്ധ കുർബാന വിശുദ്ധ പത്രോസിന്റെ ബസലിക്കായിൽ. പത്രോസിന്റെ പരമാധികാരത്തെയും പത്രോസിന്റെ പിൻഗാമിയായ പരിശുദ്ധ റോമാ മാർപാപ്പായുമായുള്ള കൂട്ടായ്മ വീണ്ടെടുക്കേണ്ടതിന്റെ അനിവാര്യതയെയും കുറിച്ച് മലങ്കര യിലെ വിഭജിത സഭാമക്കളെ ബോധ്യപ്പെടുത്തുവാനുള്ള നിയോഗം സ്വയം ഏറ്റെടുത്ത് പുനരൈക്യ സുവിശേഷ പ്രവർത്തനങ്ങൾക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച അദ്ദേഹത്തിന്റെ ജന്മസാഫല്യമായിരുന്നു പത്രോ സിന്റെ കബറിടത്തിനുമേൽ ഉയർന്നിരിക്കുന്ന ബസലിക്കായിലെ വിശുദ്ധ കുർബാന. നാലാമത്തെ വിശുദ്ധ കുർബാന ഭാരതത്തിന്റെ രണ്ടാമത്തെ അപ്പസ്തോലൻ വേദപ്രചാര മധ്യസ്ഥൻ വിശുദ്ധ ഫ്രാൻസിസ് സേവ്യ റിന്റെ വലതുകരം പൂജനീയമായി സൂക്ഷിച്ചിരിക്കുന്ന റോമിലെ ഈശോ സഭാ വക ചാപ്പലിൽ. പിന്നീടുള്ള ദിവസങ്ങളിൽ റോമിലെ ഓരോ വിശു ദ്ധരുടെ കബറിടങ്ങളിൽ വിശുദ്ധ കുർബാന അർപ്പിച്ചു. 1936 ജൂലൈ 14ന് പരിശുദ്ധ ദൈവമാതാവ് പ്രത്യക്ഷപ്പെട്ട ലൂർദ്ദിലെ ബസലിക്കായിൽ വിശുദ്ധ കുർബാന അർപ്പിച്ചു. 1936 ജൂലൈയിൽ റോമിലെ പഠനം വിജ യകരമായി പൂർത്തിയാക്കി L.D. (ലൈസൻസിയേറ്റ് ഇൻ ഡിവിനിറ്റി) ബിരുദം കരസ്ഥമാക്കി. പഠനത്തിൽ അതിസമർത്ഥനായിരുന്ന ഫാ. തോമസ് വടശേരിയെ റോമിൽ ഗവേഷണം നടത്താൻ പ്രഫസർമാർ നിർബന്ധിച്ചെങ്കിലും നാട്ടിൽ അനേകായിരങ്ങൾ തന്റെ പുനരൈക്യ പ്രേഷിത ശുശ്രൂഷ കാത്തിരിക്കുന്നുവെന്ന് തിരിച്ചറിഞ്ഞ അദ്ദേഹം 1936 ജൂലൈ പതിനാറാം തീയതി കർമ്മലമാതാവിന്റെ തിരുനാൾ ദിവസം ഫ്രാൻസിലെ ആങ്ഷർ തുറമുഖത്തുനിന്നും നാട്ടിലേക്കു കപ്പൽ കയറി.

**അജപാലനരംഗത്തേക്ക്**

നാട്ടിൽ തിരികെയെത്തിയ അദ്ദേഹം 1936 ഓഗസ്റ്റ് ഒമ്പതാം തീയതി തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തിരുവല്ലാ രൂപതയ്ക്കുവേണ്ടി വൈദികപഠനം പൂർത്തിയാക്കി തിരുപ്പട്ടം സ്വീകരിച്ച പ്രഥമ വൈദികനായിരുന്നു അദ്ദേഹം. ചങ്ങനാശേരി രൂപതാംഗം സഭാനിയമത്തിൽ റോമിൽ നിന്നു ഡോക്ടറേറ്റ് നേടിയിരുന്ന മോൺ. സഖറിയാസ് വാച്ചാപറമ്പിലായിരുന്നു അന്നു തിരുവല്ലാ രൂപത യുടെ വികാരി ജനറാൾ. റോമിൽ നിന്നു പഠനം പൂർത്തിയാക്കി റോമിലെ ഭരണസിരാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കണ്ടു മനസിലാക്കിയിരുന്ന ഫാ. തോമസ് വടശേരിയുടെ രൂപതയിലേക്കുള്ള വരവ് വാച്ചാപറമ്പില



www.malankaralibrary.com

ച്ചനു വളരെ സഹായമായി. ഫാ. തോമസ് വടശേരിയെ അഭിവന്ദ്യ മാർ തെയോഫിലോസ് പിതാവ് മൈനർ സെമിനാരിയുടെ റെക്ടറും അധ്യാപകനുമായി നിയമിച്ചു. മുപ്പതുവർഷം നീണ്ടുനിന്ന അവിശ്രമ പുനരൈക്യ പ്രേഷിത ശുശ്രൂഷയുടെ തുടക്കമായിരുന്നു ആ നിയമനം. റെക്ടർ എന്ന ചുമതലയോടൊപ്പം പല മിഷൻ കേന്ദ്രങ്ങളുടെയും ചുമതലയും രൂപതാകേന്ദ്രത്തിലെ പല ഭരണ ചുമതലകളും നിർവഹിക്കേണ്ടതായുണ്ടായിരുന്നു. ഇതിനുപുറമേ ദിവസേന എന്നവണ്ണം പ്രസംഗയോഗങ്ങളും സഭാചരിത്രത്തെയും സഭാശാസ്ത്രത്തെയും സംബന്ധിച്ച ലേഖനരചനകളും ഗ്രന്ഥരചനകളും ചർച്ചാ ക്ലാസുകളും ഫാ. തോമസ് വടശേരിയുടെ ദിനരാത്രങ്ങൾ സജീവമാക്കി. പുനരൈക്യത്തിനും കത്തോലിക്കാ സഭാവിശ്വാസങ്ങൾക്കുമെതിരായി ശത്രുക്കൾ പ്രസംഗങ്ങളിലൂടെയും രചനകളിലൂടെയും ആഞ്ഞടിച്ചപ്പോൾ എല്ലാവരുടെയും കണ്ണുകൾ റോമിൽനിന്നു പഠനം കഴിഞ്ഞു തിരിച്ചെത്തിയ വടശേരിയച്ചനിലേക്കു തിരിഞ്ഞതിൽ അത്ഭുതമില്ല.

കുട്ടികളുടെ മതബോധനത്തിനു സഹായകമായ ഗ്രന്ഥങ്ങൾ ലഭ്യമാക്കുക സഭയുടെ ഏറ്റവും വലിയ ആവശ്യങ്ങളിൽ ഒന്നായിരുന്നു. വേദോപദേശ സംഗ്രഹം എന്ന മൂന്നു വാല്യം ഗ്രന്ഥങ്ങൾ തയാറാക്കിക്കൊണ്ട് ബഹു. വടശേരിയച്ചൻ സഭയുടെ ഈ ആവശ്യത്തിൽ സഹായിയായി. പരിശുദ്ധ കത്തോലിക്കാ സഭയുടെ വിശ്വാസങ്ങളും സഭാചരിത്രവും ലളിതവും സമ്യക്കുമായ രീതിയിൽ അദ്ദേഹം അവതരിപ്പിച്ചു. ഈ കാലയളവിൽ തിരുമൂലപുരം, കാരയ്ക്കൽ, കല്ലിശേരി, കുറിയന്നൂർ, ഇരവിപേരൂർ തുടങ്ങിയ പള്ളികളിൽ വികാരിയായും ശുശ്രൂഷ ചെയ്തു.

1937 നവംബർ 29ന് വാളക്കുഴി ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ പുനരൈക്യപ്പെടുകയും 1938 നവംബർ 20-ാം തീയതി തിരുവല്ലാ രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി ഭരണചുമതല ഏറ്റെടുക്കുകയും ചെയ്തതോടുകൂടി പുനരൈക്യ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാകാൻ തുടങ്ങി. മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ വികാരി ജനറാളായിരുന്ന മോൺ. സഖറിയാസ് വാച്ചാപ്പറമ്പിലിന് തൽസ്ഥാനത്തുനിന്നു വിരമിച്ച് മാതൃരൂപതയിലേക്കു മടങ്ങിപ്പോകുവാൻ മാർ സേവേറിയോസ് പിതാവ് അനുവാദം നൽകിയിരുന്നു. 1942ൽ ബഹു. തോമസ് വടശേരി അച്ചനെ വികാരി ജനറാളായി നിയമിച്ചു. 1948 വരെ വികാരി ജനറാളായി സഭയെ സേവിച്ചു. ഇതേകാലം തന്നെ പാമ്പാടി, കങ്ങഴ, വെള്ളുക്കുട്ട, ഇടയ്ക്കാട് (കോട്ടയം), പുല്ലാട് എന്നീ ഇടവകകളിൽ വികാരിക്കടുത്ത ശുശ്രൂഷകൾ നിറവേറ്റിയിട്ടുണ്ട്.



www.malankaralibrary.com

1948ൽ വികാരി ജനറാൾ സ്ഥാനത്തുനിന്നു വിരമിച്ച് സെന്റ് ജോൺസ് കത്തീഡ്രൽ വികാരിയായി ചുമതലയേറ്റു. 1956 വരെ അവിടെ തുടർന്നു.

**കത്തീഡ്രൽ വികാരി (1948-1956)**

പുനരൈക്യത്തിന്റെ പ്രാരംഭ ദശകങ്ങൾ കത്തോലിക്കാ സഭയുടെ വിശ്വാസ സത്യങ്ങൾ ജനങ്ങളെ പഠിപ്പിക്കുന്നതിലും താല്പര്യപ്പെടുന്ന വരെ സഭയിലേക്ക് ചേർക്കുന്നതിലുമായിരുന്നു ശ്രദ്ധ ചെലുത്തിയിരുന്നത്. രൂപതയിൽ പല സ്ഥലങ്ങളിലും പുതിയ കൂട്ടായ്മകളും ഇടവകകളും രൂപപ്പെട്ടുകൊണ്ടിരുന്നു. നിയമപരമായ രേഖകളും രജിസ്റ്ററുകളും ക്രമീ കരിക്കുന്നത് വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടിരുന്നില്ല. ബഹു. വടശേരി അച്ചൻ കത്തീഡ്രൽ വികാരി ആയപ്പോൾ ആദ്യം ചെയ്തത് രജിസ്റ്ററുകളും രേഖ കളും ക്രമീകരിക്കുകയായിരുന്നു. റോമൻ കൂരിയായുടെ പ്രവർത്തനങ്ങൾ നേരിട്ടു മനസിലാക്കിയിട്ടുള്ള അദ്ദേഹം തയാറാക്കിയ രജിസ്റ്ററുകൾ ഇന്നും കത്തീഡ്രൽ പള്ളിയിൽ സൂക്ഷിച്ചിട്ടുണ്ട്.

കുട്ടികളുടെ മതബോധനത്തിനായി സൺഡേ സ്കൂൾ പ്രവർത്തനം കത്തീഡ്രലിൽ കാര്യക്ഷമവും ചിട്ടയുമുള്ളതാക്കി മുതിർന്നവരുടെ മത ബോധനത്തിനും അവരെ പുനരൈക്യ പ്രേഷിതരാക്കി രൂപീകരിക്കുന്ന തിനുമായി '**കാത്തലിക് എവിഡൻസ് ഗിൽഡി**'ന്റെ പ്രവർത്തനങ്ങൾ ശക്തമാക്കി. ഗിൽഡിലെ അംഗങ്ങൾക്ക് ക്ലാസുകളും ലഘുലേഖകളും നൽകി അവരെ പ്രബുദ്ധരാക്കാനും സമീപപ്രദേശങ്ങളിൽ അവരെ ക്കൊണ്ട് സുവിശേഷ യോഗങ്ങൾ നടത്തിക്കുവാനും അദ്ദേഹം ശ്രദ്ധിച്ചു. ഇടവകയിൽ വിശ്വാസ വിഷയങ്ങൾ സംബന്ധിച്ച് ചർച്ചകളും ക്ലാസു കളും സെമിനാറുകളും ക്രമമായി നടത്തിയിരുന്നു. വിശ്വാസ സംബന്ധ മായ ഗ്രന്ഥങ്ങളുടെ ഒരു ലൈബ്രറിയും സ്ഥാപിച്ചു മരിയസംഖ്യത്തിന്റെ പ്രവർത്തനം ഇടവകയിൽ ശക്തമാക്കി. അല്മായ പ്രേഷിതരെക്കൊണ്ട് വിശ്വാസ സംബന്ധിയും സഭാചരിത്രപരവുമായ വിഷയങ്ങളിൽ ലഘു ലേഖകളും ഗ്രന്ഥങ്ങളും തയാറാക്കിച്ച് പ്രസിദ്ധീകരിക്കുവാൻ അദ്ദേഹം പ്രോത്സാഹനം നൽകി. ഇടവകയ്ക്ക് നൈയാമിക സംവിധാനങ്ങൾ ക്രമീ കരിക്കുന്നതോടൊപ്പം ഇടവകാംഗങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കുകയും അല്മായ സഹോദരങ്ങളെ പുനരൈക്യ പ്രേഷിതരായി രൂപപ്പെടുത്തു കയും ചെയ്യുന്നതിൽ അദ്ദേഹം വിജയിച്ചു.

**മതബോധന ഡയറക്ടർ**

1948ൽ സെന്റ് ജോൺസ് കത്തീഡ്രൽ വികാരി സ്ഥാനത്തോടൊപ്പം രൂപതയുടെ മതബോധന വിഭാഗം ഡയറക്ടറുമായി മാർ സേവേറിയോസ്



www.malankaralibrary.com

പിതാവ് അദ്ദേഹത്തെ നിയമിച്ചു. 1958 വരെ അദ്ദേഹം മതബോധനത്തിന്റെ ചുമതല വഹിച്ചു. കുട്ടികളുടെ മതബോധനത്തിന് അതുവരെ നിയതമായ ഒരു രീതിയോ പാഠപുസ്തകങ്ങളോ ഉണ്ടായിരുന്നില്ല. ബഹു. വടശേരിയച്ചൻ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും തയാറാക്കി കുട്ടികളുടെ മതാഭ്യസനത്തിന് ചിട്ടയും ക്രമവും വരുത്തി. കുട്ടികളെ മൂന്നു വകുപ്പുകളായി തിരിച്ച് അവർക്കായി 'വേദോപദേശ സംഗ്രഹം' മൂന്നു വാല്യങ്ങളായി പ്രസിദ്ധീകരിച്ചു. പഴയ നിയമത്തിൽ നിന്നും പുതിയ നിയമത്തിൽ നിന്നും പ്രധാനപ്പെട്ട ഭാഗങ്ങൾ തെരഞ്ഞെടുത്ത് 'വേദാഗമചരിത്രം' എന്ന പേരിൽ രണ്ടു വാല്യങ്ങളായി ഉപപാഠപുസ്തകങ്ങളും ലഭ്യമാക്കി. മുതിർന്ന കുട്ടികളുടെ മതബോധനത്തിനായി 'മതപഠനസമിതി' എന്നൊരു പ്രത്യേക പദ്ധതിയും അദ്ദേഹം ആവിഷ്കരിച്ചു. 1972ൽ പി.ഒ.സിയുടെ ആഭിമുഖ്യത്തിൽ 'പിതാവിന്റെ പക്കലേക്ക്' എന്ന വേദോപദേശ പാഠാവലി നിലവിൽ വരുന്നതുവരെ ചേപ്പാട്ട് ഫിലിപ്പോസ് റമ്പാൻ തയാറാക്കിയ 'മേരിഗിരി വേദോപദേശ പാഠാവലി'യോടൊപ്പം ബഹു. വടശേരിയച്ചൻ തയാറാക്കിയ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളുമാണ് തിരുവല്ല രൂപതയിൽ നിലവിലിരുന്നത്.

മുതിർന്ന അല്മായരെ മതാഭ്യസനത്തിനും വേദപഠനത്തിനും പ്രേഷിതശുശ്രൂഷയ്ക്കും സഹായിക്കുന്നതിനായി രൂപംകൊണ്ട 'വേദപ്രചാര സാക്ഷ്യസംഘ'ത്തിന്റെ ആധ്യാത്മിക ഉപദേഷ്ടാവും ബഹു. വടശേരി അച്ചനായിരുന്നു. മാരേട്ട് ഫിലിപ്പോസ് ജഡ്ജി ഡയറക്ടറായിരുന്ന സാക്ഷ്യസംഘാംഗങ്ങളുടെ പരിശീലനത്തിനും പ്രഘോഷണങ്ങൾക്കും ആവശ്യമായ ലഘുലേഖകളും ലേഖനങ്ങളും തയാറാക്കാൻ സഹായിച്ചിരുന്നതും ബഹു. വടശേരി അച്ചനായിരുന്നു.

**ഗ്രന്ഥകാരൻ**

മുപ്പതിലധികം ഈടുറ്റ ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ തൂലികയിലൂടെ വെളിച്ചം കണ്ടു. അനുവാചകർക്ക് ആനന്ദവും ആവേശവും പകരുന്ന രചനാശൈലിയുടെ ഉടമ. ഗഹനമായ വിഷയങ്ങൾ ലളിതമായും സരളമായും അവതരിപ്പിക്കുവാനുള്ള കഴിവ്, നോവൽപോലെ ആസ്വദിച്ച് വായിച്ചുപോകാവുന്ന ശൈലി. ബഹു. തോമസ് വടശേരി അച്ചന്റെ രചനാശൈലിയെക്കുറിച്ച് പ്രൊഫസർ മാത്യു ഉലകംതറയുടെ നിരീക്ഷണം ശ്രദ്ധിക്കുക: "ഗദ്യശൈലിയുടെ അവശ്യലക്ഷണങ്ങളായി നിർവചിക്കപ്പെട്ടിട്ടുള്ള ആത്മാർത്ഥത, ആർജ്ജവം, സാരള്യം മുതലായ ഗുണങ്ങളാൽ ആദ്യന്തം ആസ്വാദ്യമാണ് മോൺസിഞ്ഞോറിന്റെ കൃതികളെല്ലാം (വി. കിളിച്ചുമല,



www.malankaralibrary.com

മോൺ. വടശേരി പുറം 9).

മോൺ. തോമസ് വടശേരിയിലെ ഗ്രന്ഥകാരൻ മുളപൊട്ടി ഇലവിരിഞ്ഞു തുടങ്ങിയത് റോമിലെ പഠനകാലത്താണ്. അദ്ദേഹം വീട്ടിലേക്ക് അയച്ചിരുന്ന കത്തുകൾ കൈയെഴുത്തു പത്രത്തിന്റെ രൂപത്തിലായിരുന്നു. '**റോമാദൂതൻ**' എന്ന അഭിധാനത്തിൽ. പത്രത്തിന്റെ പ്രത്യേകത എഴുത്തുകാരും പ്രസാധകനും എല്ലാം ഒരാൾതന്നെ. മാസത്തിൽ രണ്ടു ലക്കങ്ങൾ, ഒറ്റകോപ്പി മാത്രം. പത്രത്തിന്റെ ഒരു മുഖത്താള് താഴെകാണാം.

**റോമാ ദൂതൻ**

ലക്കം 74

ലോകത്തിലെ ഏക കൈയെഴുത്തു പത്രം

രക്ഷാധികാരിണി

അത്ഭുത പ്രവർത്തകയായ വിശുദ്ധ കൊച്ചുത്രേസ്യാ

വിഷയവിവരം

1. സായിപ്പന്മാരുടെ ജീവിതരീതി
2. പ്രൊപ്പഗാന്താ കോളജിലെ സുഖസൗകര്യങ്ങൾ
3. റോമാ ദൂതന്റെ ആപ്പീസ്
4. വിളക്കു കത്തിക്കുന്നതിനു തീപ്പെട്ടി വേണ്ടാ
5. മുറിയിൽതന്നെ കിണർ
6. പരിഷ്കൃത രീതിയിലുള്ള നെരിപ്പോട്
7. എന്റെ റോമാവാസത്തിന്റെ മൂന്നാം വാർഷികദിനം
8. വരിക്കാർ അറിവാൻ
9. പലവക

**വരിസംഖ്യ:** അനുദിന പ്രാർത്ഥനകൾ

റോമിലെ പഠനത്തിനുശേഷം തിരുവല്ലായിൽ തിരികെയെത്തി അജപാലന ശുശ്രൂഷയിലേക്കു പ്രവേശിച്ച അദ്ദേഹത്തിന്റെ പ്രധാന ദൗത്യം കത്തോലിക്കാ സഭയുടെ വിശ്വാസങ്ങളും സഭാചരിത്രവും ജനത്തെ പഠിപ്പിക്കുക എന്നതായിരുന്നു. ഇതിനുള്ള പ്രധാന വേദികൾ പ്രസംഗങ്ങളും സെമിനാറുകളും ചർച്ചാ ക്ലാസുകളും. പങ്കെടുത്തവർ ശ്രവിച്ച കാര്യങ്ങൾ പുസ്തകരൂപത്തിൽ ആവശ്യപ്പെടാൻ തുടങ്ങി. കുട്ടികളുടെയും മുതിർന്നവരുടെയും മതബോധനത്തിനാവശ്യമായ പുസ്തകങ്ങളും ആവശ്യമായി വന്നു. അങ്ങനെ സഭയുടെയും സഭാമക്കളുടെയും കാലികമായ ആവശ്യങ്ങളിലും നിർബന്ധത്തിലും നിന്നാണ് അദ്ദേഹത്തിന്റെ ഓരോ



www.malankaralibrary.com

ഗ്രന്ഥവും ജന്മമെടുത്തത്. ഏതാനും ചില ഗ്രന്ഥങ്ങളുടെ രചനയ്ക്ക് ഇട യാക്കിയ സാഹചര്യങ്ങൾ ചുരുക്കി വിവരിക്കുന്നത് വായനക്കാർക്ക് പ്രയോജനപ്പെടുമെന്നു കരുതുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കി സ്ഥാപിതമാകുകയും ഇടവകകളും മിഷൻ കേന്ദ്രങ്ങളും വർധിക്കുകയും വിശ്വാസികളുടെ എണ്ണം വർധിക്കുകയും ചെയ്തപ്പോൾ കുട്ടികളുടെ ചിട്ടയായ മതാഭ്യസ നത്തിന് ഉചിതമായ മതബോധനഗ്രന്ഥങ്ങൾ ആവശ്യമായി വന്നു. സഭ യുടെ ആവശ്യം മനസിലാക്കിയ ബഹു. വടശേരിയച്ചന്റെ ശ്രമം ആ വഴിക്കു തിരിഞ്ഞു. റോമിൽ നിന്നു ദൈവശാസ്ത്രവും സഭാശാസ്ത്രവും സഭാചരിത്രവും പഠിച്ചെത്തിയ അദ്ദേഹത്തിന് ഈ ദൗത്യം ക്ഷിപ്രസാ ധ്യമായിരുന്നു. ഇതിന്റെ ഫലമാണ് '**വേദോപദേശ സംഗ്രഹം 3 വാല്യ ങ്ങളും** വേദാഗമ ചരിത്രം 2 വാല്യങ്ങളും'.

1945 ജൂലൈ മൂന്നാം തീയതി മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാന തിരുനാൾ ദിനത്തിൽ പുറത്തിറങ്ങിയ അഞ്ഞൂറിലധികം പുറങ്ങളുള്ള '**കത്തോലിക്കാസഭയും യാക്കോബായ വാദങ്ങളും**' പ്രസിദ്ധീകരി ക്കുവാനുണ്ടായ സാഹചര്യം ശ്രദ്ധേയമാണ്. പത്രോസല്ല റോമിൽ സഭ സ്ഥാപിച്ചത്, പോർട്ടുഗീസുകാരുടെ വരവിനു മുമ്പ് കേരളത്തിൽ കത്തോ ലിക്കാ സഭ ഇല്ലായിരുന്നു, ഒരു സ്ത്രീ മാർപാപ്പയായി റോമാ സിംഹാ സനത്തിൽ ഭരിച്ചിരുന്നു എന്നു തുടങ്ങിയ അനേക വികലതകളും അസ ത്യങ്ങളും കത്തോലിക്കാ സഭയുടെ എതിരാളികൾ പ്രസംഗങ്ങളും ലഘു ലേഖകളും വഴി നാട്ടിൽ പരത്തിക്കൊണ്ടിരുന്നു. മുളന്തുരുത്തിക്കാരൻ ഒരു ഫാ. കെ.റ്റി. സക്കറിയാസ് കത്തോലിക്കാ സഭയെ ഭത്സിച്ചും വിശ്വാസ സത്യങ്ങളും സഭാചരിത്രവും വളച്ചൊടിച്ച് അവതരിപ്പിച്ചും ആൾക്കാരെ വഴിതെറ്റിച്ചുകൊണ്ടിരുന്ന ചരിത്രപശ്ചാത്തലത്തിലാണ് ബഹു. വടശേരി അച്ചൻ 'ഉരുളയ്ക്ക് ഉപ്പേരി'പോലെ '**കത്തോലിക്കാ സഭയും യാക്കോ ബായ വാദങ്ങളും**' പ്രസിദ്ധീകരിച്ചത്. സഭാവിരോധികളുടെ വികല പ്രസം ഗങ്ങൾകൊണ്ട് വീർപ്പുമുട്ടിയിരുന്ന സഭാമക്കൾക്ക് ഇത് തേന്മഴ കണക്കേ ആശ്വാസമായി. ഒന്നര മാസത്തിനുള്ളിൽ പുസ്തകത്തിന്റെ ഒന്നാം പതിപ്പ് ആയിരം കോപ്പികൾ വിറ്റഴിഞ്ഞ് രണ്ടാം പതിപ്പ് ഇറക്കേണ്ടിവന്നു എന്നത് പുസ്തകത്തിനു ലഭിച്ച സ്വീകാര്യതയുടെ തെളിവായിരുന്നു.

ആത്മരക്ഷയ്ക്ക് സഭ ആവശ്യമുണ്ടോ? ഒരു സഭ മറ്റൊന്നിനെക്കാൾ മെച്ചപ്പെട്ടതാണോ? എല്ലാ സഭകളും സഹോദരി സഭകളല്ലേ? തുടങ്ങിയ ഒട്ടേറെ ചോദ്യങ്ങളുമായി സഭാമക്കളെ വഴിതെറ്റിക്കാൻ സഭാവിരോധി കൾ രംഗപ്രവേശം ചെയ്ത പശ്ചാത്തലത്തിലാണ് **1947 ജൂലൈ മൂന്നാം**



www.malankaralibrary.com

**തീയതി 'എല്ലാ സഭകളും ശരിയോ?'** എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചത്.

പന്ത്രണ്ടാം പീയൂസ് മാർപാപ്പയുടെ പൗരോഹിത്യ ജൂബിലി 1949 മാർച്ച് 12-ാം തീയതി കൊണ്ടാടിയപ്പോൾ സെന്റ് ജോൺസ് കത്തീഡ്രലിലെ മരിയൻ സംഖ്യാംഗങ്ങൾക്ക് അവതരിപ്പിക്കാനായി എഴുതിയ ചരിത്രനാടകമാണ് '**കൽക്കദോനിയാ സുന്നഹദോസ്**'. ഏഴു രംഗങ്ങളുള്ള 250 പുറങ്ങളുള്ള പുസ്തകമായി നാടകം 1950 മാർച്ച് 12-ന് പ്രസിദ്ധീകരിച്ചു.

1951ൽ കൽക്കദോനിയ സുന്നഹദോസിന്റെ പതിനഞ്ചാം ശതാബ്ദി വർഷം പൂർത്തിയാകുന്നതു പ്രമാണിച്ച് പന്ത്രണ്ടാം പീയൂസ് മാർപാപ്പ സഭകളുടെ ഐക്യത്തിന് ആഹ്വാനം ചെയ്തുകൊണ്ട് ഒരു ചാക്രികലേഖനം പുറപ്പെടുവിച്ചു. സുന്നഹദോസിന്റെ ശതാബ്ദി കേരളത്തിലും കേമമായി ആഘോഷിച്ചു. അതിന്റെ ഭാഗമായി കോട്ടയം രൂപതാധ്യക്ഷൻ അഭിവന്ദ്യ തോമസ് തറയിൽ തിരുമേനിയുടെ അധ്യക്ഷതയിൽ 1951 ഒക്ടോബർ 29, 30, 31 തീയതികളിൽ കല്ലിശേരിയിൽ വച്ച് ഒരു മഹായോഗം നടന്നു. അവിടെ ബഹു. വടശേരി അച്ചൻ നടത്തിയ പ്രസംഗമാണ് '**മലങ്കര യാക്കോബായക്കാർ ഏകസ്വഭാവവാദികളോ?**' എന്ന പേരിൽ 1951 നവംബർ ഒന്നാം തീയതി പുസ്തമായി പ്രസിദ്ധീകരിക്കപ്പെട്ടത്.

മാർത്തോമ്മാ നസ്രാണികളുടെ ഇടയിലെ ഭിന്നത വിഭാഗീയതയായി തീർന്ന 1653ൽ മട്ടാഞ്ചേരിയിൽ നടന്ന 'കൂനൻകുരിശ് സത്യത്തിന്റെ' മൂന്നാം ശതാബ്ദി വർഷത്തിൽ 1953ൽ പ്രസ്തുത വിഷയം സംബന്ധിച്ച് ബഹു. വടശേരി അച്ചൻ അനേക സ്ഥലങ്ങളിൽ പ്രസംഗം നടത്തി. പനയമ്പാല, വേങ്ങൽ തുടങ്ങിയ ചില സ്ഥലങ്ങളിൽ സത്യസഭാവിരോധികളിൽ നിന്ന് എതിർപ്പുകൾ ഉണ്ടായി. പ്രസ്തുത പ്രസംഗം 'സത്യദീപം' വാരികയിൽ രണ്ടു ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചിരുന്നു. ലേഖനത്തിന്റെ ചരിത്രപരതയിലും അവതരണ ശൈലിയിലും അതീവ സന്തുഷ്ടനായ എറണാകുളം അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനി പ്രസ്തുത ലേഖനത്തിന്റെ അയ്യായിരം കോപ്പികൾ അച്ചടിപ്പിച്ച് വിതരണം ചെയ്തു. ഇങ്ങനെ പ്രസിദ്ധീകൃതമായതാണ് '**കൂനൻകുരിശ് സത്യം**' എന്ന ലഘു ഗ്രന്ഥം.

1950കളിൽ മലങ്കര മാർതോമ്മാ സഭയിൽ ഉടലെടുത്ത ആശയ ഭിന്നതയും തുടർന്നുണ്ടായ വിഭജനവും 1961 ജനുവരി 26ന് 18 പട്ടക്കാർ കൂടി കൈവയ്പു നൽകി മെത്രാനെ വാഴിക്കുന്നതിലും സെന്റ് തോമസ് ഇവാൻജലിക്കൽ സഭയുടെ തുടക്കത്തിനും ഇടയാക്കി. ഈ ഭിന്നതയുടെ



www.malankaralibrary.com

കാലത്ത് നടന്ന വാദകോലാഹലങ്ങൾ ബഹു. വടശേരിയച്ചനിലെ ദൈവ ശാസ്ത്രജ്ഞനെ അസ്വസ്ഥനാക്കിയതിന്റെ ഫലമാണ് 1954 മാർച്ച് പത്തിന് പ്രസിദ്ധീകരിച്ച '**വിശുദ്ധ കുർബാനയും അകത്തോലിക്കാ സഭകളും**' എന്ന ഗ്രന്ഥം.

1955 ജൂലൈ 31-ാം തീയതി വിശുദ്ധ ഇഗ്നേഷ്യസ് ലയോളയുടെ തിരുനാൾ ദിവസം കോട്ടയം രൂപതയുടെ കീഴിൽ തെങ്ങേലി ക്നാനായ കത്തോലിക്കാ പള്ളി സ്ഥാപിതമായി. പള്ളിയുടെ പ്രതിഷ്ഠാ ശുശ്രൂഷയോടനുബന്ധിച്ച് കോട്ടയം രൂപതാധ്യക്ഷൻ അഭിവന്ദ്യ തോമസ് തറയിൽ തിരുമേനിയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിലെ മുഖ്യ പ്രസംഗകൻ ബഹു. വടശേരി അച്ചനായിരുന്നു. **വിശുദ്ധ യോഹന്നാൻ ശ്ലീഹായുടെ രണ്ടാം ലേഖനത്തിന്റെ 9 മുതൽ 11 വരെയുള്ള വചനഭാഗം ആസ്പദമാക്കിയായിരുന്നു പ്രസംഗം.** ക്നാനായ യാക്കോബായ വിഭാഗത്തിൽ നിന്നും ആൾക്കാർ പുനരൈക്യപ്പെട്ട് ക്നാനായ കത്തോലിക്കാ സഭയിലേക്ക് ചേരുന്നതിൽ അസഹിഷ്ണുക്കളായ സഭാവിരോധികൾ തന്റെ പ്രസംഗത്തിൽ ബഹു. വടശേരി അച്ചൻ ക്നാനായ യാക്കോബായ സഭാധ്യക്ഷൻ അഭിവന്ദ്യ മാർ ക്ലീമിസ് തിരുമേനിയെ അധിക്ഷേപിച്ചു എന്നു പറഞ്ഞു പരത്തി. വ്യാജപ്രചാരണങ്ങളും ആരോപണങ്ങളും പ്രകടനങ്ങളും പ്രതിഷേധ സമ്മേളനങ്ങളും കൈയേറ്റ ശ്രമങ്ങളും അരങ്ങേറി. 'കേരള ഭൂഷണം', 'മലയാള മനോരമ' എന്നീ പത്രങ്ങൾ പ്രസംഗം സംബന്ധിച്ച വ്യാജവാർത്തകൾ പരത്തി. ഓഗസ്റ്റ് പത്തൊമ്പതാം തീയതി അഭിവന്ദ്യ തോമസ് തറയിൽ തിരുമേനിയുടെ സെക്രട്ടറി പ്രസംഗം സംബന്ധിച്ച സത്യസന്ധമായ വിവരങ്ങൾ വിശദമായി എഴുതിയ ഒരു കത്ത് അഭിവന്ദ്യ മാർ ക്ലീമിസ് തിരുമേനിക്ക് അയച്ചു. ബഹു. വടശേരി അച്ചന്റെ പ്രസംഗത്തിൽ ആരെയും അധിക്ഷേപിക്കുന്ന യാതൊരു പരാമർശവും ഇല്ലായിരുന്നു എന്നും കത്തിൽ വ്യക്തമാക്കിയിരുന്നു. തന്റെ പ്രസംഗത്തിന്റെ ഉള്ളടക്കം എന്തായിരുന്നു എന്നു കാണിച്ച് ബഹു. വടശേരി അച്ചൻ 'കേരള ഭൂഷണം', 'മലയാള മനോരമ' എന്നീ പത്രങ്ങൾക്കും കത്തയച്ചു. എന്നാൽ പത്രങ്ങൾ പ്രസ്തുത കത്ത് പ്രസിദ്ധീകരിച്ചില്ല. അതിനാൽ **തന്റെ പ്രസംഗം യഥാർഥത്തിൽ എന്തായിരുന്നു എന്നു പൊതുസമൂഹത്തെ അറിയിക്കുവാനായി ഒരു ലഘുലേഖ പ്രസിദ്ധീകരിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. പ്രസ്തുത ശ്രമമാണ് 1955 ഡിസംബർ എട്ടിന് പ്രസിദ്ധീകൃതമായ 'എന്റെ തെങ്ങേലി പ്രസംഗം' എന്ന ഗ്രന്ഥത്തിൽ കലാശിച്ചത്.**

1955ൽ നടന്ന പുനരൈക്യ രജതജൂബിലി ആഘോഷം പുനരൈക്യ



www.malankaralibrary.com

ത്തിന് വർധിച്ച ഊർജം പകർന്നു. അനേകർ പുനരൈക്യ വീഥിയിലേക്ക് കടന്നുവന്നുകൊണ്ടിരുന്നു. സുപ്രസിദ്ധ ധ്യാനഗുരുവും പണ്ഡിതനും വചനപ്രഘോഷകനുമായ ആലുവ കിഴക്കമ്പലം സ്വദേശി **വന്ദ്യ വി.സി. ഗീവർഗീസ് കോർഎപ്പിസ്കോപ്പാ 1956 ജൂൺ 18നും** ആലുവ യു.സി. കോളജ് പ്രൊഫസർ **ഫാ. റ്റി.വി. ജോൺ 1957 മാർച്ച് 17നും** സുപ്രസിദ്ധ വിദ്യാഭ്യാസ വിചക്ഷണൻ **റവ. ഡോ. സി.എ. എബ്രഹാം ചീരകതോട്ടം 1957 ജൂലൈ 21നും പുനരൈക്യപ്പെട്ടത്** വലിയ എതിർപ്പിനും പ്രതിഷേധങ്ങൾക്കും ഇടയാക്കി. കത്തോലിക്കാ സഭയ്ക്കും പുനരൈക്യപ്പെട്ട ബഹു. വൈദികർക്കുമെതിരെ ലഘുലേഖകളും ഗ്രന്ഥങ്ങളും പ്രവഹിച്ചു. അതിൽ ഏറ്റവും വിഷലിപ്തം മൂശസലാമാ റമ്പാന്റെ 'കത്തോലിക്കാ സഭയും റോമാ വാദങ്ങളും' എന്ന ഗ്രന്ഥമായിരുന്നു. വ്യാജപ്രസ്താവനകളും കൃത്രിമങ്ങളും ദുർവ്യാഖ്യാനങ്ങളും വ്യാജ ഉദ്ധരണികളും കൊണ്ട് കുപ്രസിദ്ധമായിരുന്ന സലാമാറമ്പാന്റെ ഗ്രന്ഥത്തെ ബഹു. തോമസ് വടശേരി അച്ചൻ നേരിട്ടത് മുന്നൂറിലധികം പുറങ്ങളുള്ള '**സാലാമാ റമ്പാന്റെ അപവാദ വ്യവസായം**' എന്ന ഗ്രന്ഥംകൊണ്ടാണ്. 1957 ഡിസംബർ എട്ടാം തീയതി പ്രസ്തുത ഗ്രന്ഥം പ്രസിദ്ധീകരിച്ചു.

റോമാ മാർപാപ്പായുടെ പരമാധികാരത്തിന്റെ ദൈവവചനാടിസ്ഥാനത്തെ തിരസ്കരിക്കുകയും പരിശുദ്ധ മാർപാപ്പായുടെ ആത്മികാധികാരത്തെ നിരസിക്കുകയും ചെയ്യുന്ന സഭാവിരോധികളുടെ പ്രവണത ബഹു. വടശേരി അച്ചന്റെ ഹൃദയത്തെ വേദനിപ്പിച്ചിരുന്നു. തന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ രജതജൂബിലി സ്മാരകമായി **1961 ഫെബ്രുവരി ഒമ്പതാം തീയതി 'മാർപാപ്പായുടെ പരമാധികാരം ദൈവദത്തമോ മനുഷ്യദത്തമോ'** എന്ന ഗ്രന്ഥം പുറത്തിറക്കിക്കൊണ്ടാണ് സഭാശത്രുക്കളുടെ വികലവാദങ്ങളെ അദ്ദേഹം നേരിട്ടത്.

പരിശുദ്ധ കത്തോലിക്കാ സഭയുടെ വിശ്വാസസത്യങ്ങളെയും പഠനങ്ങളെയും സംബന്ധിച്ച് ഉത്തമബോധ്യമുണ്ടായിരുന്ന ബഹു. വടശേരി അച്ചന് അവയ്ക്കെതിരായുള്ള വ്യാജ വികലവാദങ്ങൾ അസ്വസ്ഥത ഉളവാക്കുന്നവയായിരുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളിലാണ് അദ്ദേഹം ഗ്രന്ഥരചനയിലേക്കു തിരിഞ്ഞിരുന്നത്. ഇങ്ങനെ അദ്ദേഹത്തിന്റെ ഓരോ ഗ്രന്ഥത്തിന്റെ രചനയുടെ പിന്നിലും ചില പ്രത്യേക സാഹചര്യങ്ങൾ കാണുവാൻ സാധിക്കും.

**"ബാഹ്യപ്രേരണകളും പ്രോത്സാഹനങ്ങളും പരിമിതമോ പ്രതികൂലമോ ആയിരുന്നപ്പോഴും അദ്ദേഹം പതറാതെ തന്റെ സാഹിതീവ്യവസായം തുടർന്നുകൊണ്ടിരുന്നു. ഉത്തമസാഹിത്യകാരന്മാരുടെ ഒരു**



www.malankaralibrary.com

**ലക്ഷണമാണത്. ആത്മപ്രകാശനം അവർക്ക് ജീവിതാവശ്യമാണ്. അതിനു ബാഹ്യപ്രോത്സാഹനങ്ങളെ അവർ കാത്തു നിൽക്കാറില്ല"** എന്നുള്ള ഉലകംതറ സാറിന്റെ നിരീക്ഷണം എത്രയോ സത്യമാണ്.

**ഗ്രന്ഥങ്ങൾ**

- കത്തോലിക്കാ സഭയും അകത്തോലിക്കാ വാദങ്ങളും Vol.I
- വിശുദ്ധ പത്രോസും റോമാ സിംഹാസനവും
- മാർപാപ്പായുടെ പരമാധികാരം ദൈവദത്തമോ മനുഷ്യദത്തമോ?
- സാലാമ റമ്പാന്റെ അപവാദ വ്യവസായം
- ദൈവമുണ്ടോ?
- എല്ലാ മതങ്ങളും ശരിയോ?
- ഏകസത്യസഭ
- നിത്യരക്ഷ ഏതു സഭയിൽ?
- നിത്യരക്ഷയ്ക്കു വിശ്വാസം മാത്രം മതിയോ?
- എത്യോപ്യൻ സഭയും യാക്കോബായ സഭയും
- ഒരു തൊഴുത്തും ഒരിടയനും
- കൂനൻകുരിശുസത്യം അഥവാ മലങ്കര യാക്കോബായ സഭയുടെ ഉത്ഭവം
- യാക്കോബായക്കാർ എന്തുകൊണ്ട് കത്തോലിക്കാ സഭയിൽ ചേരണം?
- എന്റെ തെങ്ങേലി പ്രസംഗം
- മലങ്കര യാക്കോബായക്കാർ ഏകസ്വഭാവവാദികളോ?
- കൽക്കദോനിയ സുന്നഹദോസ് അഥവാ യാക്കോബായ സഭയുടെ ഉത്ഭവം
- ഫാ. കെ.റ്റി. സഖറിയാസിന്റെ വിതണ്ഡവാദങ്ങൾ
- കത്തോലിക്കാ സഭയുടെ വിശ്വാസം യാക്കോബായക്കാർക്കു സ്വീകാര്യമോ?
- മലങ്കര നസ്രാണികളും ക്രൈസ്തവ പുനരൈക്യവും
- വിശുദ്ധ കുർബാനയിലെ യഥാർത്ഥസാന്നിധ്യം;
  വിശുദ്ധ കുർബാനയും അകത്തോലിക്കാ വിശ്വാസികളും
- ഏകതൊഴുത്തും ഏക ഇടയനും



www.malankaralibrary.com

- സമാധാനമാർഗം
- കത്തോലിക്കാ സഭയും യാക്കോബായ വാദങ്ങളും
- എല്ലാ സഭകളും ശരിയോ?
- റോമാ സിംഹാസനത്തിന്റെ പ്രാമുഖ്യം വൈദികമോ രാഷ്ട്രീയമോ?
- റോമാ സിംഹാസനത്തിന്റെ അമാനുഷസ്വരം
- സ്വർഗമാർഗം
- ഒരു വഴിയോ പലവഴികളോ?
- കൂദാശകൾ
- വേദോപദേശ സംഗ്രഹം-1,2,3 ഭാഗങ്ങൾ
- മലങ്കരയിലെ പുനരൈക്യപ്രസ്ഥാനം
- വിശ്വാസം രക്ഷിക്കുമോ ?
- ക്രിസ്തുമതവും കമ്യൂണിസവും
- സഭൈക്യത്തിന്റെ അടിസ്ഥാന തത്വങ്ങൾ
- ശാബത് ക്രിസ്തീയ സഭകൾക്ക് എത്രത്തോളം ബാധകം

(Co-Author with V.C. Geevarghese Corepiscopa)

കത്തീഡ്രൽ വികാരി സ്ഥാനത്തുനിന്നു മാറിയിട്ടും അവിടെത്തന്നെ താമസം തുടർന്നുകൊണ്ട് സമീപപ്രദേശങ്ങളിലുള്ള പല പള്ളികളിലും ശുശ്രൂഷ ചെയ്തു. 1956 മുതൽ 58 വരെ കുരിശുമുട്ടം ഇടവകയിലും 1958 മുതൽ 1961 വരെ പ്ലാങ്കമൺ ഇടവകയിലും 1961 മുതൽ 64 വരെ പുളിക്കീഴ് ഇടവകയിലും വികാരിയായി ശുശ്രൂഷ ചെയ്തു. ബഹു. വടശേരി അച്ചന്റെ വിശ്വാസ തീക്ഷ്ണതയും പരിശുദ്ധ കത്തോലിക്കാ സഭയുടെ വിശ്വാസങ്ങളോടും സഭാധികാരികളോടുമുള്ള വിശ്വസ്തതയും പുനരൈക്യത്തോടുള്ള അഭിവാഞ്ചയും സഭാമക്കളെ വിശ്വാസ സത്യങ്ങളും സഭാചരിത്രവും പഠിപ്പിക്കുന്നതിലുള്ള ആവേശവും അല്മായ സഹോദരങ്ങളെ പുനരൈക്യ പ്രേഷിതരായി രൂപീകരിക്കുന്നതിൽ പുലർത്തിയിരുന്ന തീക്ഷ്ണതയും സഭാവിരോധികളുടെ വാദങ്ങളെ നേരിടുന്നതിലുള്ള ധൈര്യവും വിഷയാവതരണത്തിലുള്ള സാരള്യവും മുതിർന്ന തലമുറയുടെ മനസിൽ ഇന്നും സജീവമായി നിൽക്കുന്നുണ്ട്.

**പൗരോഹിത്യ സ്വീകരണ രജതജൂബിലി**

1961 ഫെബ്രുവരി ഒമ്പതാം തീയതി അദ്ദേഹത്തിന്റെ പൗരോഹിത്യ



www.malankaralibrary.com

സ്വീകരണത്തിന്റെ രജതജൂബിലി തിരുവല്ല രൂപതയുടെ ആഭിമുഖ്യത്തിൽ സമുചിതമായി സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് ആഘോഷിച്ചു. രൂപതാ വികാരി ജനറാൾ പെരിയ ബഹു. മാത്യു നെടുങ്ങാട്ടച്ചൻ ജനറൽ കൺവീനറായുള്ള കമ്മിറ്റിയാണ് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയത്. തിരുവനന്തപുരം, ചങ്ങനാശേരി അതിരൂപതാധ്യക്ഷന്മാരും തിരുവല്ല, കോട്ടയം, പാലാ രൂപതാധ്യക്ഷന്മാരും തിരുവനന്തപുരം, ചങ്ങനാശേരി, തിരുവല്ല രൂപതകളിൽ നിന്നുമുള്ള അനേകം ബഹു. വൈദികരും വലിയ ഒരു ജനാവലിയും വടശേരിൽ കുടുംബാംഗങ്ങളും ആഘോഷങ്ങളിൽ പങ്കെടുത്തിരുന്നു. പരിശുദ്ധ മാർപാപ്പാ തിരുമേനിയുടെ പ്രത്യേക അനുമോദന ആശംസാ സന്ദേശം സമ്മേളനത്തിൽ വായിക്കുകയുണ്ടായി. ജൂബിലി സമ്മാനമായി നൽകിയ 'പണക്കിഴി' ജൂബിലേറിയന് കൂടുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ സഹായമായി. **ജൂബിലി സ്മാരകമായി** '**മാർപാപ്പയുടെ പരമാധികാരം ദൈവദത്തമോ മനുഷ്യദത്തമോ?**' എന്ന ഗ്രന്ഥവും പ്രസിദ്ധീകരിച്ചു.

**മാർപാപ്പയിൽ നിന്നു ബഹുമതി**

രൂപതയിലെ ഭരണക്രമീകരണങ്ങളിലുള്ള പങ്കാളിത്തവും ഇടവക ഭരണവും ഗ്രന്ഥരചനയും അനുദിനമെന്നോണമുള്ള പ്രസംഗയോഗങ്ങളും ക്ലാസുകളും ചർച്ചാ സമ്മേളനങ്ങളും മൂലം വിശ്രമരഹിതമായിരുന്നു അദ്ദേഹത്തിന്റെ വൈദിക ജീവിതം. വിശ്രമരഹിതമായ അജപാലന ശുശ്രൂഷ അദ്ദേഹത്തെ രോഗിയാക്കി. അതിനാൽ കൂടുതൽ വിശ്രമം ലഭിക്കാനായി രൂപതാധികാരികൾ അദ്ദേഹത്തെ വികാരിയുടെ ചുമതലകളിൽ നിന്നും വിടുതൽ നൽകി സെന്റ് ജോൺസ് കത്തീഡ്രലിൽ തന്നെ താമസിക്കുവാൻ അനുവദിച്ചു. ഈ അവസരം കൂടുതൽ ലഘുലേഖകളും പുസ്തകങ്ങളും രചിക്കുന്നതിനും പ്രസംഗങ്ങൾ നടത്തുന്നതിനുമാണ് അദ്ദേഹം വിനിയോഗിച്ചത്. പരിശുദ്ധ കത്തോലിക്കാ സഭയ്ക്ക് പ്രത്യേകിച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കും മലങ്കര പുനരൈക്യത്തിനും അദ്ദേഹം നൽകിയ അനുപമമായ ശുശ്രൂഷകളെ പുരസ്കരിച്ച് സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയുടെ ശിപാർശ പ്രകാരം പരിശുദ്ധ മാർപാപ്പാ '**പേപ്പൽ ചേംബർലൈൻ**' എന്ന പദവി നൽകി ആദരിച്ചു. 1963 ഡിസംബർ 15-ാം തീയതി തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽവച്ച് മാർ അത്തനാസിയോസ് പിതാവ് സ്ഥാനചിഹ്നങ്ങൾ ബഹു. വടശേരി അച്ചനെ അണിയിച്ചു. അന്നു മുതൽ മലങ്കരയുടെ പ്രിയ വടശേരി അച്ചൻ മോൺസി



www.malankaralibrary.com

ഞ്ഞോർ വടശേരി ആയി. ഇതോടൊപ്പമാണ് ഫാ. മാത്യു നെടുങ്ങാട്ടിന് മാർപാപ്പയിൽ നിന്ന് '**ഡൊമസ്റ്റിക് പ്രിലേറ്റ്**' എന്ന ബഹുമതിയും ലഭ്യ മായത്.

**ബോംബെ ദിവ്യകാരുണ്യ കോൺഗ്രസിൽ**

1964 നവംബർ 28 മുതൽ ഡിസംബർ 6 വരെ ബോംബെയിൽ നടന്ന അന്താരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസും പ്രത്യേകിച്ച് ഡിസംബർ നാലാം തീയതി പരിശുദ്ധ പോൾ ആറാമൻ മാർപാപ്പയുടെ സാന്നിധ്യവും ഭാരതത്തിലെ കത്തോലിക്കരുടെ അഭിമാനം വാനോളമുയർത്തിയ സന്ദർഭ മായിരുന്നു. വൈദികരും സന്യസ്തരും അല്മായരും ഉൾപ്പെട്ട വലിയൊരു സംഘം കേരളത്തിൽ നിന്നും ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെ ടുത്തു. രോഗം വകവയ്ക്കാതെ മോൺ. തോമസ് വടശേരിയും സംഘ ത്തോടൊപ്പം ചേർന്നു. കൊച്ചിയിൽ നിന്നും ബോംബെയിലേക്കും തിരി ച്ചുമുള്ള യാത്ര കപ്പലിൽ ആയിരുന്നു. മടക്കയാത്രയിൽ ഗോവയിൽ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ പൂജ്യശരീരവും സംഘം സന്ദർശിച്ച് വണങ്ങി. മോൺ. വടശേരിയച്ചന് വലിയ ജീവിത സായൂജ്യമായിരുന്നു ഇത്. എന്നാൽ, ഡോക്ടർമാരുടെ വിലക്ക് വകവയ്ക്കാതെയുള്ള യാത്ര അദ്ദേഹത്തിന്റെ ആരോഗ്യത്തെ വീണ്ടും വഷളാക്കി.

**വേദനിപ്പിച്ച വേർപാടുകൾ**

അദ്ദേഹം ഹൃദയംകൊണ്ട് വളരെയധികം സ്നേഹിക്കുകയും ആദരി ക്കുകയും ചെയ്തിരുന്ന ചിലരുടെ മരണവും അദ്ദേഹത്തിന്റെ മാനസി കവും ശാരീരികവുമായ ആരോഗ്യത്തെ എതിരായി ബാധിച്ചു. 1953 ജൂലൈ 15-ന് മാർ ഈവാനിയോസ് പിതാവിന്റെ മരണം, 1955 ജനു വരി 18-ന് മാർ സേവേറിയോസ് പിതാവിന്റെ മരണം, 1956 ജൂൺ 27-ന് മാർ തെയോഫിലോസ് പിതാവിന്റെ മരണം, 1961 ഡിസംബർ 26-ന് മാരേട്ട് എ. ഫിലിപ്പോസ് ജഡ്ജിയുടെ മരണം, 1965 ഏപ്രിൽ 28-ന് തന്റെ പ്രിയ മാതാവിന്റെ മരണം എന്നിവയൊക്കെ അദ്ദേഹത്തിന്റെ ആരോ ഗ്യത്തെ ക്ഷയിപ്പിച്ചു എന്നതിൽ സംശയമില്ല. എങ്കിലും അദ്ദേഹം തന്റെ സഭാസേവനം വർധിച്ച തീക്ഷ്ണതയോടെ തുടർന്നുകൊണ്ടിരുന്നു.

**അവസാന ദിവസവും സ്വഭവനത്തിൽ**

സഭാസേവനത്തിനായി ജീവിതം സമർപ്പിച്ചിരുന്നപ്പോഴും കുടുംബ ത്തോടും ബന്ധുക്കളോടും സ്നേഹവും വാത്സല്യവും പുലർത്തിയിരുന്നു. അജപാലന ശുശ്രൂഷയിൽ നേരിട്ടിരുന്ന പിരിമുറുക്കങ്ങൾക്ക് അയവു വരു ത്താൻ കുടുംബാംഗങ്ങളുടെ സ്നേഹവും പിൻബലവും സഹായിച്ചിരുന്നു.



www.malankaralibrary.com

കുടുംബവുമായി ബന്ധപ്പെട്ട ആവശ്യങ്ങളിലൊക്കെ ഓടിയെത്തുക അദ്ദേഹത്തിന്റെ പതിവുമായിരുന്നു. 1966 ജൂലൈ 20-ാം തീയതി തമ്പലക്കാട്ട് കുടുംബത്തിൽ എത്തി പിതാവുമൊത്ത് ഉച്ചഭക്ഷണവും കഴിച്ചിട്ട് മുണ്ടക്കയത്ത് പിതൃസഹോദരരുടെ ഭവനങ്ങൾ സന്ദർശിച്ചു. രാത്രി അവിടെ വിശ്രമിക്കുമ്പോൾ ശാരീരിക അസ്വസ്ഥതകൾ അനുഭവപ്പെട്ടതിനെ തുടർന്ന് മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അദ്ദേഹത്തിന്റെ ആവശ്യപ്രകാരം മുണ്ടക്കയം സീറോ മലബാർ പള്ളിയിൽ നിന്ന് ബഹു. വികാരി ഫാ. ജോസഫ് കാവാലം അച്ചൻ എത്തി രോഗീലേപന കൂദാശ പരികർമ്മം ചെയ്തു. അർധരാത്രിക്കുശേഷം അദ്ദേഹം തന്റെ ഇഹലോകശുശ്രൂഷകൾ പൂർത്തിയാക്കി നിത്യസമ്മാനത്തിനായി യാത്രയായി.

**വേർപാടിന്റെ വേദന**

ജൂലൈ 21-ാം തീയതി രാവിലെ മൃതശരീരം തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ കൊണ്ടുവന്നു. മധ്യതിരുവിതാംകൂറിൽ പുനരൈക്യപ്രേഷിത ശുശ്രൂഷയുടെ തേരുനയിച്ചിരുന്ന തങ്ങളുടെ പ്രിയങ്കരനായ വടശേരി അച്ചന്റെ ചേതനയറ്റ ശരീരം കണ്ട് അനേകർ വിങ്ങിപ്പൊട്ടി. അനുസ്മരണ പ്രഭാഷണം നടത്തുന്നതിനിടെ സഖറിയാസ് മാർ അത്തനാസിയോസ് പിതാവും വിതുമ്പി, പ്രഭാഷണം പൂർത്തായാക്കാനാവാതെ പിൻവാങ്ങി. ഫാ. ജേക്കബ് വലിയപറമ്പിൽ സന്ദേശം പൂർത്തിയാക്കി. അനേകായിരങ്ങൾ അശ്രൂപൂജയർപ്പിക്കുവാൻ കത്തീഡ്രലിലേക്ക് ഒഴുകിയെത്തി. സഖറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാനയും വൈദിക കബറടക്കത്തിന്റെ ഒരു ശുശ്രൂഷയും നടത്തി. മൃതശരീരം വിലാപയാത്രയായി തിരുവല്ലാ ദീപാ ജംഗ്ഷൻ വരെ എത്തിച്ചു. തുടർന്ന് വാഹനങ്ങളുടെ അകമ്പടിയോടെ തമ്പലക്കാട് ഭവനത്തിലെത്തിച്ച് പ്രാർത്ഥനകൾക്കുശേഷം തമ്പലക്കാട് ഇടവക സെമിത്തേരിയിൽ കബറടക്കി. മാർ അത്തനാസിയോസ് പിതാവ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. വടശേരി അച്ചന്റെ സതീർഥ്യൻ മോൺ എൽ.ജെ. ചിറ്റൂർ അനുസ്മരണ പ്രഭാഷണം നടത്തി. വടശേരി അച്ചനെ പുനരൈക്യ ശുശ്രൂഷയിലേക്ക് കൂട്ടിക്കൊണ്ടുവരുവാൻ ദൈവകരങ്ങളിൽ ആയുധമായ മോൺ. ജേക്കബ് വെള്ളരിങ്ങാട്ട് ശുശ്രൂഷകളിൽ സഹകാർമികനായിരുന്നു. (ഫാ. ജേക്കബ് വെള്ളരിങ്ങാട്ടിന് 1964ൽ പരിശുദ്ധ മാർപാപ്പാ 'ഡോമസ്റ്റിക് പ്രിലിറ്റ്' എന്ന പദവി നൽകി ആദരിച്ചു). വലിയൊരു ജനാവലി ശുശ്രൂഷകളിൽ പങ്കെടുത്തു.



www.malankaralibrary.com

**പിൻമൊഴി**

പുനരൈക്യത്തിന്റെ ആദ്യനാളുകളിൽ പ്രസംഗങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും ലഘുലേഖകളിലൂടെയും ഗ്രന്ഥങ്ങളിലൂടെയും കത്തോലിക്കാ സഭയെ തകർക്കുവാൻ കച്ചകെട്ടിയിറങ്ങിയ സത്യസഭാവിരോധികളെ അതേ നാണയത്തിൽ പ്രതിരോധിക്കുവാൻ അരയും തലയും മുറുക്കി കളത്തിലിറങ്ങിയ വടശേരി അച്ചൻ മലങ്കരയിലാകമാനം കൊടുങ്കാറ്റു പോലെ വീശിയടിച്ചു. അദ്ദേഹത്തിന്റെ ജ്ഞാനത്തിന്റെയും ഭാഷാ നൈപുണ്യത്തിന്റെയും മുമ്പിൽ ശത്രുക്കൾ തകർന്നടിഞ്ഞു. ശത്രുക്കളുടെ വിതണ്ഡവാദങ്ങൾക്ക് '**ഉരുളയ്ക്ക് ഉപ്പേരി**' പോലെ മറുപടി കൊടുത്തിരുന്ന അദ്ദേഹം സഭാതനയർക്ക് ഹരമായതിൽ അത്ഭുതമില്ല. **അദ്ദേഹത്തിന്റെ ആകസ്മിക നിര്യാണം സഭയ്ക്ക് തീരാനഷ്ടവും സഭാമക്കൾക്ക് തീരാദുഖവുമായി.** അദ്ദേഹത്തെ അറിയുന്ന മുതിർന്ന തലമുറയ്ക്ക് 'വടശേരി അച്ചൻ' എന്നു കേൾക്കുന്നത് ഇന്നും ആവേശദായകമാണ്. അദ്ദേഹത്തിന്റെ വിഷയാവതരണ ശൈലിയും ഭാഷാ പ്രയോഗങ്ങളും സംബന്ധിച്ച്; രൂക്ഷതയും മൂർഛയും കൂടുതലാണ് കുറച്ചുകൂടി മാർദ്ദവവും മധുരവുമാകുന്നതാണ് നല്ലതെന്നു കരുതിയവരും ഉണ്ടായിരുന്നു. അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ പോലും ശൈലീ മാറ്റത്തെക്കുറിച്ച് അദ്ദേഹത്തോടു സൂചിപ്പിച്ചിരുന്നതായി മുതിർന്നവരിൽ നിന്നറിയാൻ കഴിഞ്ഞിട്ടുണ്ട്. "**വെട്ടാൻ വരുന്ന പോത്തിനോട് വേദമോതീട്ട് കാര്യമില്ല**" എന്നതായിരുന്നു അപ്പോൾ വടശേരി അച്ചന്റെ മതം. ചിന്താധാരയിലുള്ള ഈ വ്യത്യാസമാണ് വികാരി ജനറാൾ സ്ഥാനത്തുനിന്നുള്ള അദ്ദേഹത്തിന്റെ മാറ്റത്തിനു കാരണമായതെന്നു കരുതുന്നവരും ഉണ്ട്. അതെന്തായിരുന്നാലും **സ്ഥാനങ്ങളോ പദവികളോ അദ്ദേഹത്തെ അശേഷം ആകർഷിച്ചിരുന്നില്ല. പുനരൈക്യത്തിന്റെ പ്രേഷിതനായിരിക്കുക, അതു മാത്രമായിരുന്നു അദ്ദേഹത്തിന്റെ താല്പര്യം.** അവസാനശ്വാസം വരെ അദ്ദേഹം അപ്രകാരമായിരുന്നു താനും.

**"ശാന്തമായ കടൽ ഒരിക്കലുമൊരു നല്ല കപ്പിത്താനെ സൃഷ്ടിക്കില്ല; തെളിഞ്ഞ ആകാശം ഒരിക്കലും ഒരു നല്ല വൈമാനികനെ ഉണ്ടാക്കില്ല; പ്രയാസങ്ങളില്ലാത്ത ജീവിതം ഒരിക്കലുമൊരു കരുത്തനെ വാർത്തെടുക്കുകയില്ല".**



www.malankaralibrary.com



# മോൺ. മാത്യു നെടുങ്ങാട്ട്

**മുൻമൊഴി**

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ അനവധി അപൂർവതകളുടെ ഉടമയായിരുന്നു മോൺ. മാത്യു നെടുങ്ങാട്ട്. മൂന്നു പതിറ്റാണ്ടു കാലം വികാരി ജനറാൾ, മൂന്നു മെത്രാപ്പോലീത്താമാരുടെ വികാരി ജനറാൾ, രണ്ട് രൂപതകളിൽ വികാരി ജനറാൾ, മൂന്നു മെത്രാപ്പോലീത്താമാരുടെ മെത്രാഭിഷേക ആഘോഷങ്ങളുടെ മുഖ്യകാര്യദർശി, മൂന്നു മെത്രാപ്പോലീത്താമാരുടെ കബറടക്ക ശുശ്രൂഷാ ക്രമീകരണങ്ങളുടെ പ്രധാന ചുമതലക്കാരൻ, തിരുമൂലപുരത്തു നടന്ന പുനരൈക്യ രജതജൂബിലി ആഘോഷങ്ങളുടെ (1955) മുഖ്യ സംഘാടകൻ, മെത്രാപ്പോലീത്തായുടെ പദവിയില്ലാതെ മെത്രാപ്പോലീത്തായുടെ ഭരണാധികാരം നിർവഹിച്ച വൈദിക ശ്രേഷ്ഠൻ. അപൂർവതകളുടെ ഒരു ശൃംഖലയായിരുന്ന ജീവിതം.

ദാനിയേൽ പ്രവാചകനെയും പൂർവ യൗസേപ്പിനെയുംപോലെ സുന്ദരകളേബരൻ, തൂമഞ്ഞുപോലെ വെളുത്തു വെണ്മയുള്ള താടിയും മുടിയും, ശബ്ദഗാംഭീര്യം, മോൺസിഞ്ഞോർ പദവിയുടെ വേഷഭൂഷാദികളണിഞ്ഞു നിൽക്കുമ്പോൾ ആഢ്യത്വം പ്രസരിക്കുന്ന ആകാര സൗഷ്ഠവം. കാഴ്ചയിൽ മാത്രമല്ല, സംസാരത്തിലും പെരുമാറ്റത്തിലും ആഢ്യത്വവും ആകർഷകത്വവും. വൈദിക സമൂഹത്തിൽ ഗജകേസരി കണക്കേ തല ഉയർത്തി നിന്നിരുന്ന ഉന്നതശീർഷൻ, നർമപ്രിയൻ, കഠിനാധ്വാനി, സകലർക്കും അഭിഗമ്യൻ, ഇങ്ങനെ നീളുന്ന സവിശേഷതകളുടെ ഉടമ, മോൺ. മാത്യു നെടുങ്ങാട്ട്.

**അല്പം കുടുംബചരിത്രം**

ചേർപ്പുങ്കൽ പ്രദേശത്തുനിന്ന് ആരക്കുഴ ദേശത്തുവന്ന് 'നെടുങ്ങാട്ട്' എന്നറിയപ്പെട്ടിരുന്ന വസ്തുവാങ്ങി വാസം ആരംഭിച്ച വർക്കി എന്ന പൂർവ



www.malankaralibrary.com

പിതാവിൽ നിന്നാണ് 'നെടുങ്ങാട്ട്' കുടുംബത്തിന്റെ ആരംഭം എന്നാണ് വാമൊഴി. ആരക്കുഴ കുന്നുംപുറത്ത് മറിയം എന്ന മഹതിയായിരുന്നു അദ്ദേഹത്തിന്റെ സഹധർമിണി. ഇവരുടെ വർക്കി ഐപ്പ്, വർക്കി ഉലഹന്നാൻ, വർക്കി മത്തായി, വർക്കി കുര്യൻ എന്നീ നാല് ആൺമക്കളുടെ സന്തതിപരമ്പരകളാണ് ഇന്നു 'നെടുങ്ങാട്ട്' കുടുംബമായി അറിയപ്പെടുന്നത്. ആരക്കുഴയിൽ അടിസ്ഥാനമിട്ടു വളർന്ന 'നെടുങ്ങാട്ട്' കുടുംബത്തിന്റെ ചരിത്രം അഭിമാനകരമാണ്. മധ്യകേരളത്തിലും മലബാറിലും ഹൈറേഞ്ചിലും പടർന്നു വളർന്ന കുടുംബത്തിലെ അംഗങ്ങൾ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ മാത്രമല്ല, വിദേശ രാജ്യങ്ങളിലും ശ്രദ്ധേയമായ ജോലികളിലും സേവനങ്ങളിലും ഏർപ്പെട്ടിരിക്കുന്നു. 'നെടുങ്ങാട്ട്' കുടുംബത്തിലെ വൈദികരും സമർപ്പിത സന്യസ്തരുമായ അനേകർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സുവിശേഷ സാക്ഷ്യം വഹിക്കുന്നു.

'നെടുങ്ങാട്ട്' കുടുംബസ്ഥാപകൻ വർക്കി എന്ന പിതാവിന്റെ സീമന്തപുത്രൻ വർക്കി ഐപ്പിന്റെ ദ്വിതീയ പുത്രൻ നെടുങ്ങാട്ട് തെക്കേ പുത്തൻപുര ഐപ്പിന്റെയും കല്ലൂർക്കാട് വട്ടക്കുഴി ചാക്കോയുടെ മകൾ റോസയുടെയും തൃതീയ പുത്രനാണ് കഥാപുരുഷൻ. ജനനം 1914 ഏപ്രിൽ 27 തിങ്കളാഴ്ച കാവക്കാട്ട്. ജ്ഞാനസ്നാനം 1914 മേയ് എട്ടിന് കല്ലൂർക്കാട് സെന്റ് അഗസ്റ്റിൻസ് പള്ളിയിൽ 'മത്തായി' എന്ന നാമത്തിൽ. ഐപ്പ്, ചാക്കോ, വർക്കി, ഉലഹന്നൻ എന്നിങ്ങനെ നാല് സഹോദരന്മാരും മറിയം നെടുങ്കല്ലേൽ, ഏലി ചൂരക്കുഴിയിൽ റോസ എന്നിങ്ങനെ മൂന്നു സഹോദരിമാരും. റോസ സിസ്റ്റർ കാതറൈൻ എന്ന നാമം സ്വീകരിച്ച് ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹത്തിൽ ചേർന്നു.

**വിദ്യാഭ്യാസം**

ആശാൻ കളരിയിൽ അക്ഷരാഭ്യാസത്തിനുശേഷം കല്ലൂർക്കാട് എൽ.പി സ്കൂളിൽ പ്രാഥമിക പഠനവും 1927 മുതൽ 1931 വരെ വാഴക്കുളം ഇൻഫന്റ് ജീസസ് സ്കൂളിൽ തുടർപഠനവും നടത്തി തേർഡ് ഫോം പാസായി. ഹൈസ്കൂൾ പഠനം ആലുവാ സെന്റ് മേരീസ് ഹൈസ്കൂളിൽ 1931 മുതൽ 1934 വരെ. ഇ.എസ്.എൽ.സി പരീക്ഷ ഉയർന്ന മാർക്കോടെ 1934ൽ പാസായി. ബോർഡിങ്ങിൽ താമസിച്ചുകൊണ്ടായിരുന്നു ഹൈസ്കൂൾ പഠനം. ബാല്യത്തിൽ ഭവനത്തിൽ നിന്നു ലഭിച്ച ആത്മിക അടിത്തറ ബലപ്പെടുവാനും വൈദിക ജീവിതത്തോട് താല്പര്യവും പ്രേഷിത ശുശ്രൂഷയോട് ആഭിമുഖ്യവും ഉളവാകുവാനും ബോർഡിംഗ് വാസം ഇടയാക്കി. സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളോട് അനുബന്ധിച്ചു നടത്തുന്ന ബോർഡിംഗുകളും ഹോസ്റ്റലുകളും



www.malankaralibrary.com

ഒരുകാലത്ത് ആത്മീക ശിക്ഷണത്തിന്റെയും ദൈവവിളികളുടെയും വിളനിലങ്ങളായിരുന്നു എന്നറിയുമ്പോൾ സഭയും സന്യാസസമൂഹങ്ങളും നടത്തുന്ന ഇന്നത്തെ ബോർഡിംഗുകളും ഹോസ്റ്റലുകളും വിമർശനാത്മകമായ വിലയിരുത്തലിന് വിധേയമാകേണ്ടതാണെന്നു തോന്നുന്നു.

**മിഷനറി ദൈവവിളി**

ഇ.എസ്.എൽ.സി പരീക്ഷയും കഴിഞ്ഞ് ബോർഡിംഗിൽ നിന്നു മാത്യു വീട്ടിലെത്തിയത് ഒരു മിഷനറി ആകണമെന്ന അതിയായ ആഗ്രഹവുമായിട്ടായിരുന്നു. മാതാപിതാക്കളോടും ഇടവക വികാരിയോടും മാത്യു തന്റെ ആഗ്രഹം അറിയിക്കുകയും ചെയ്തു.

ആധുനിക കേരള സഭാചരിത്രത്തിലെ ഏറ്റവും വലിയ സംഭവമായ 1930ലെ മലങ്കര പുനരൈക്യത്തിന്റെയും 1932ലെ മലങ്കര സുറിയാനി കത്തോലിക്കാ സഭാ ഹയരാർക്കി സ്ഥാപനത്തിന്റെയും അലകൾ കേരളത്തിലാകമാനം ആവേശം ഉയർത്തിയിരുന്ന സന്ദർഭത്തിലാണ് പ്രേഷിത വയലിലേക്കിറങ്ങുവാൻ മാത്യു തയാറായത്. മലങ്കര പുനരൈക്യത്തെക്കുറിച്ചും മലങ്കര സുറിയാനി കത്തോലിക്കാ സഭയെക്കുറിച്ചുമുള്ള വാർത്തകൾ എറണാകുളം, ചങ്ങനാശേരി രൂപതകളിലും വലിയ ആവേശം ഉയർത്തിയിരുന്നു. മലങ്കര പുനരൈക്യ പ്രേഷിത ശുശ്രൂഷയിൽ പങ്കുചേരുവാനും മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ സേവനം ചെയ്യുവാനുമായി സീറോ മലബാർ സഭയിൽ നിന്നും അനേകം യുവതിയുവാക്കന്മാർ കടന്നുവന്നത് ഇവിടെ സ്മരണീയമാണ്. വികാരി അച്ചന്റെ പ്രോത്സാഹനവും ചങ്ങനാശേരി അതിരൂപതയുടെ മൈനർ സെമിനാരിയിലെ ആധ്യാത്മിക പിതാവും തിരുവല്ലാ ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയുടെ ആരംഭകാല റെക്ടറും കേരളത്തിലെ പ്രസിദ്ധനായ മിഷനറി വൈദികരുടെ പരിശീലകനുമായിരുന്ന മോൺ. ജേക്കബ് വെള്ളരിങ്ങാട്ടിന്റെ നിർദേശവും അനുസരിച്ച് വൈദിക പരിശീലനത്തിനായി മാത്യു 1934 ജൂൺ 16-ാം തീയതി ശനിയാഴ്ച തിരുവല്ലാ മൈനർ സെമിനാരിയിൽ ചേർന്നു. ഐ.എം.എം സെമിനാരിയിലെ നാലാമത്തെ ബാച്ചും തിരുവല്ലാ രൂപത സ്ഥാപിതമായതിനു (1933) ശേഷമുള്ള ആദ്യത്തെ ബാച്ചുമായിരുന്ന പ്രസ്തുത ബാച്ചിൽ ചേർന്നിരുന്ന മറ്റു വൈദികാർത്ഥികൾ ബഹു. തോമസ് പാണ്ടിപ്പള്ളിൽ (ആരക്കുന്നം- മൂവാറ്റുപുഴ), ബഹു. മാത്യു വടക്കേമുറി (പാലാ), ബഹു. ജേക്കബ് വലിയപറമ്പിൽ (എടത്വാ), ബഹു. അലക്സാണ്ടർ അറയ്ക്കപ്പടവിൽ (അറുനൂറ്റിമംഗലം), ബഹു. തോമസ് നീലംപിലാലിൽ (അയിരൂർ) എന്നിവരായിരുന്നു



www.malankaralibrary.com

ബഹു. ജേക്കബ് വെള്ളരിങ്ങാട്ടച്ചൻ റെക്ടറും.

**മൈനർ സെമിനാരി പഠനം ചെറുപുഷ്പഗിരിയിൽ**

ചെറുപുഷ്പഗിരി ഐ.എം.എം മൈനർ സെമിനാരിയിൽ രണ്ടു വർഷത്തെ ഭാഷാപഠനവും ആധ്യാത്മിക പരിശീലനവും പ്രശസ്തമായ നിലയിൽ പൂർത്തിയാക്കി, ലത്തീൻ, സുറിയാനി ഭാഷകളിൽ അടിസ്ഥാന പ്രവർത്തന അറിവും ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ കുറെക്കൂടി ആഴത്തിലുള്ള അറിവും നേടി. പുനരൈക്യ സഹശില്പിയും പുണ്യശ്ലോകനും ബഥനിയുടെ പ്രഥമഗുരുവും തിരുവല്ലാ രൂപതയുടെ പ്രഥമ ഇടയനും താപസനും മലങ്കര സുറിയാനി ആരാധനാക്രമത്തിലും സുറിയാനി ഭാഷയിലും ആഴത്തിലുള്ള അറിവും ഉണ്ടായിരുന്ന അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായിൽ നിന്ന് മലങ്കര ആരാധനക്രമങ്ങളും സുറിയാനി ഭാഷയും ഗീതങ്ങളും നമസ്കാരങ്ങളും നേരിട്ട് അഭ്യസിക്കാൻ സാധിച്ചത് വലിയ ഭാഗ്യമായിട്ടാണ് അദ്ദേഹം കരുതിയിരുന്നത്. ബഹു. ജേക്കബ് വെള്ളരിങ്ങാട്ട് അച്ചനാണ് ഇംഗ്ലീഷ് ഭാഷയും ലത്തീൻ ഭാഷയും പഠിപ്പിച്ചിരുന്നത്.

**കാൻഡി പേപ്പൽ സെമിനാരിയിലെ പഠനവും വൈദികാഭിഷേകവും**

തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾക്കായി ബ്രദർ മാത്യുവിനെ രൂപതാധ്യക്ഷൻ, ബ്രദർ തോമസ് നീലംപിലാലിനോടൊപ്പം സിലോണിലെ (ശ്രീലങ്ക) പ്രസിദ്ധമായ കാൻഡി പേപ്പൽ സെമിനാരിയിലേക്കയച്ചു. ബഥനി ആശ്രമാംഗമായിരുന്ന ബ്രദർ ബനഡിക്ട് തങ്ങളത്തിലും (ബനഡിക്ട് മാർ ഗ്രിഗോറിയോസ്) അതേ ബാച്ചിൽ പഠിക്കുവാൻ എത്തിയിരുന്നു. ഈശോസഭാ വൈദികരുടെ കീഴിലുള്ള പഠനവും പരിശീലനവും ബ്രദർ മാത്യുവിന്റെ വൈജ്ഞാനിക ചക്രവാളം വികസിപ്പിക്കുവാനും തത്വശാസ്ത്രത്തിന്റെയും ദൈവശാസ്ത്രത്തിന്റെയും ആഴങ്ങൾ തേടുവാനും അദ്ദേഹത്തെ ശക്തനാക്കി. തത്വശാസ്ത്രത്തിൽ ബിരുദവും ദൈവശാസ്ത്രത്തിൽ ലൈസൻഷിയേറ്റും (ബിരുദാനന്തര ബിരുദം) കരസ്ഥമാക്കി. പ്രശസ്തമായ നിലയിൽ പഠനവും പരിശീലനവും പൂർത്തിയാക്കിയ ബഹുമാനപ്പെട്ട മാത്യു നെടുങ്ങാട്ട് ശെമ്മാശൻ കാൻഡി പേപ്പൽ സെമിനാരി ചാപ്പലിൽ വച്ച് കാൻഡി രൂപതാധ്യക്ഷൻ അഭിവന്ദ്യ ബർനാഡ് റെഗുന ഒ.എസ്.ബി. തിരുമേനിയുടെ കൈവയ്പാൽ 1942 ഓഗസ്റ്റ് 24-ാം തീയതി ബഹു. തോമസ് നീലംപിലാവിൽ, ബഹു. ബനഡിക്ട് ഒ.ഐ.സി. ശെമ്മാശന്മാരോടും മറ്റു സഹപാഠികളോടുമൊപ്പം



www.malankaralibrary.com

വൈദികനായി അഭിഷിക്തനായി. സെമിനാരി ചാപ്പലിൽ പ്രഥമ ദിവ്യബലിയും അർപ്പിച്ചു. തിരുവല്ലാ രൂപതയിൽ വൈദിക പരിശീലനം നേടി പട്ടം സ്വീകരിച്ച ഇരുപതാമത്തെ വൈദികനായിരുന്നു അദ്ദേഹം. പഠനവും പ്രായോഗിക പരിശീലനവും പൂർത്തിയാക്കിയ നവവൈദികൻ 1942 നവംബർ മാസത്തിൽ നാട്ടിൽ തിരികെ എത്തി കല്ലൂർക്കാട് ഇടവക ദൈവാലയത്തിൽ പ്രഥമ ദിവ്യബലിയർപ്പിച്ചു. പൂർവികരുടെ കബറിടങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചും ബന്ധുജനങ്ങളെ സന്ദർശിച്ചും പിതാവിന്റെയും മാതാവിന്റെയും കുടുംബങ്ങളുമായി ബന്ധപ്പെട്ട പള്ളികളിൽ വിശുദ്ധ കുർബാന അർപ്പിച്ചും ഒരു മാസത്തെ ഇടവേളയ്ക്കുശേഷം നവവൈദികൻ 1942 ഡിസംബർ 23-ന് രൂപതാ ആസ്ഥാനത്ത് മടങ്ങിയെത്തി.

**അജപാലനരംഗത്തേയ്ക്ക്**

ഭദ്രാസന ദൈവാലയത്തിൽ 1942 ഡിസംബർ 25-ാം തീയതി ക്രിസ്മസ് ശുശ്രൂഷ നടത്തിക്കൊണ്ടും ക്രിസ്മസ് കുർബാന അർപ്പിച്ചുകൊണ്ടുമാണ് ബഹു. മാത്യു നെടുങ്ങാട്ടച്ചൻ രൂപതയിൽ അജപാലശുശ്രൂഷയ്ക്ക് തുടക്കം കുറിച്ചത്. രൂപതയുടെ പ്രഥമ അധ്യക്ഷൻ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ അപ്രതീക്ഷിതമായ രോഗാവസ്ഥയും വൈദികരുടെ ദൗർലഭ്യവും മൂലം പുനരൈക്യ പ്രവർത്തനങ്ങൾ വേണ്ടത്ര ശക്തിപ്പെടാതിരുന്ന അവസരത്തിൽ ദൈവത്തിന്റെ പ്രത്യേക ഇടപെടൽ മൂലം നിരണം ഭദ്രാസനാധിപൻ വാളക്കുഴി ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യം (29 നവംബർ 1937) ഉളവാക്കിയ ഉന്മേഷത്തിലേക്കാണ് ഹൃദയം നിറയെ പുനരൈക്യ താല്പര്യവുമായി യുവവൈദികൻ കടന്നു വരുന്നത്. അദ്ദേഹത്തിന്റെ അജപാലനപരവും ഭരണപരവുമായ പ്രാഗത്ഭ്യം തിരിച്ചറിഞ്ഞ രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത 1943ന്റെ ആരംഭത്തിൽ തന്റെ സെക്രട്ടറിയും അരമനയുടെ പ്രോക്യുറേറ്ററുമായി നിയമിച്ചു. 1950 മേയ് 24 മുതൽ സെപ്റ്റംബർ അവസാനം വരെ അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ റോമാ സന്ദർശനത്തിലും യൂറോപ്യൻ പര്യടനത്തിലും വിശുദ്ധനാട് തീർത്ഥാടനത്തിലും സെക്രട്ടറി എന്ന നിലയിൽ തിരുമേനിയോടൊപ്പം സഞ്ചരിച്ച് നൽകിയ സേവനങ്ങൾ ശ്രദ്ധേയമായിരുന്നു. ഫാ. മാത്യു നെടുങ്ങാട്ടിന്റെ പ്രതിഭ കൂടുതൽ തിരിച്ചറിഞ്ഞ മെത്രാപ്പോലീത്ത അദ്ദേഹത്തെ രൂപതയുടെ പ്രൊക്യുറേറ്റർ, ചാൻസലർ തുടങ്ങിയ ഉയർന്ന കാര്യനിർവഹണ പദവികളിൽ



www.malankaralibrary.com

നിയമിച്ചതിൽ അത്ഭുതമില്ല. രൂപതയുടെ ഭരണപരമായ ക്രമീകരണങ്ങളും ഔദ്യോഗിക കത്തിടപാടുകളും നടത്തുന്നതിലും ഔദ്യോഗിക രേഖകളും ഫയലുകളും ക്രമീകരിക്കുന്നതിലും ഒരുക്കുന്നതിലും അദ്ദേഹം പുലർത്തിയിരുന്ന ശാസ്ത്രീയതയും നിഷ്ഠയും ശ്രദ്ധേയമായിരുന്നു. ഒരു രൂപയുടെ പോലും ബാങ്ക് ബാലൻസ് ഇല്ലാതിരുന്ന കാലത്ത് ഡസൻ കണക്കിന് മിഷൻ കേന്ദ്രങ്ങളും ഇടവകകളും ആരംഭിക്കുന്നതിനും പള്ളികളും പള്ളിമേടകളും പണിയുന്നതിനും സ്കൂളുകൾ ആരംഭിക്കുന്നതിനും ഭാവിയിലെ മിഷൻ സാധ്യതകൾ കണക്കിലെടുത്ത് മധ്യതിരുവിതാംകൂറിന്റെ സിരാകേന്ദ്രങ്ങളിൽ സ്ഥലങ്ങൾ സമ്പാദിക്കുന്നതിലും പ്രൊക്യുറേറ്റർ എന്ന നിലയിൽ രൂപതാധ്യക്ഷന് അദ്ദേഹം നൽകിയ പിൻബലവും സഹകരണവും ചരിത്രത്തിന്റെ ഭാഗമാണ്.

പുനരൈക്യ പ്രേഷിത ശുശ്രൂഷയ്ക്കായി വൈദിക ജീവിതം തെരഞ്ഞെടുത്ത അദ്ദേഹം തന്റെ വൈദിക ശുശ്രൂഷ അജപാലന ഭരണകാര്യങ്ങളിൽ മാത്രം ഒതുക്കി നിർത്താൻ തായാറായിരുന്നില്ല. രൂപതയിലെ വിവിധ ഭരണ ചുമതലകൾക്കിടയിലും മിഷൻ കേന്ദ്രങ്ങളിലും ഇടവകകളിലും ശുശ്രൂഷ ചെയ്യുവാനും അദ്ദേഹം താല്പര്യപ്പെട്ടിരുന്നു. ഇരവിപേരൂർ, വേങ്ങൽ, പാണ്ടനാട് തുടങ്ങിയ ഇടവകകളിലെ ഇടയ ശുശ്രൂഷകൾ പ്രത്യേകം എടുത്തുപറയേണ്ടവയാണ്. വാഹനസൗകര്യങ്ങൾ തികച്ചും പരിമിതമായിരുന്ന കാലത്ത് സൈക്കിളിൽ യാത്ര ചെയ്താണ് അദ്ദേഹം ഇടവകകളിൽ പ്രേഷിത ശുശ്രൂഷകൾ നിർവഹിച്ചിരുന്നത്.

### വികാരി ജനറാൾ

മോൺസിഞ്ഞോർ തോമസ് വടശേരി രൂപതയുടെ വികാരി ജനറാൾ (1942- 1948) സ്ഥാനത്തുനിന്നു വിരമിച്ചപ്പോൾ ചുരുങ്ങിയ കാലത്തേക്ക് മോൺസിഞ്ഞോർ ജോൺ കച്ചിറമറ്റം വികാരി ജനറാളായി ചുമതല വഹിച്ചു. ബഹു. മാത്യു നെടുങ്ങാട്ട് അച്ചനെ 1953 ഒക്ടോബർ മൂന്നാം തീയതി മാർ സേവേറിയോസ് മെത്രാപ്പോലീത്ത വികാരി ജനറാളായി നിയമിച്ചു. രൂപതാധ്യക്ഷന്റെ സെക്രട്ടറി, അരമന പ്രൊക്യുറേറ്റർ, രൂപതാ പ്രൊക്യുറേറ്റർ, രൂപതാ ചാൻസലർ തുടങ്ങിയ അജപാലന ഭരണ വേദികളിലൂടെയും മിഷൻ കേന്ദ്രങ്ങളിലെയും ഇടവകകളിലെയും ഇടയ ശുശ്രൂഷകളിലൂടെയും ലഭിച്ച പ്രായോഗിക ജ്ഞാനം വികാരി ജനാൾ സ്ഥാനം വഹിക്കുവാൻ അദ്ദേഹത്തെ സർവദാ ശക്തനാക്കി. മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ അജപാലന നേതൃത്വകാലം തിരുവല്ലാ രൂപതയിൽ പുനരൈക്യ പ്രേഷിത ശുശ്രൂഷയുടെ കുതിപ്പിന്റെ കാലമായിരുന്നു.



www.malankaralibrary.com

വികാരി ജനറാളായിരുന്ന ഫാ. മാത്യു നെടുങ്ങാട്ടിന്റെ മിഷൻ ചൈതന്യവും ഊർജസ്വലതയും ഭരണപാടവവും കർമകുശലതയും രൂപതാധ്യക്ഷന് വളരെ സഹായകമായിരുന്നു എന്നത് അവിതർക്കിതമാണ്. സീറോ മലബാർ സഭയുടെ വർധിച്ച സഹകരണവും പിന്തുണയും രൂപതയുടെ വിവിധ ശുശ്രൂഷകൾക്ക് ലഭ്യമാക്കുന്നതിനും അദ്ദേഹത്തിന്റെ നേതൃത്വം സഹായിച്ചിരുന്നു. ഇപ്പോൾ മേരിഗിരി അതിരൂപതാകേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം വാങ്ങുന്നതിലും അവിടെ ഉണ്ടായിരുന്ന സ്കൂൾ കെട്ടിടം രൂപമാറ്റം വരുത്തി 'മേരിഗിരി' മെത്രാസന മന്ദിരവും രൂപതയുടെ മൈനർ സെമിനാരിയും ചെറുപുഷ്പഗിരിയിൽ നിന്ന് അവിടേക്ക് മാറ്റി സ്ഥാപിക്കുന്നതിനും മാർ സേവേറിയോസ് മെത്രാപ്പോലീത്തയ്ക്ക് താങ്ങും തണലുമായിരുന്നത് വികാരി ജനറാൾ ബഹു. മാത്യു നെടുങ്ങാട്ട് അച്ചനായിരുന്നു. മേരിഗിരി അരമനയുടെ ഔദ്യോഗിക ഉദ്ഘാടനവും പൗരസ്ത്യ തിരുസംഘത്തിന്റെ അധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ യൂജിൻ ടിസറാംഗ് തിരുമേനിക്ക് തിരുവല്ലാ രൂപതയിൽ വരവേല്പ് ക്രമീകരിക്കുന്നതിലും ബഹു. മാത്യു നെടുങ്ങാട്ട് അച്ചൻ നൽകിയ നേതൃത്വം ശ്രദ്ധേയമായിരുന്നു. സ്വീകരണങ്ങളിൽ നൽകിയ നിവേദനങ്ങളിലൂടെയും വിവരണങ്ങളിലൂടെയും രൂപതയിലെ പുനരൈക്യ മുന്നേറ്റങ്ങളെക്കുറിച്ച് കർദിനാൾ തിരുമേനിക്ക് ലഭിച്ച അറിവിന്റെ വെളിച്ചത്തിൽ കൂടെയാണ് 1958ൽ രൂപതയുടെ അജപാലന അധികാരപരിധി മലബാറിലേക്കും കർണാടക സംസ്ഥാനത്തിന്റെ തെക്കൻ ജില്ലകളിലേക്കും തമിഴ്നാടിന്റെ ഭാഗങ്ങളിലേക്കും വ്യാപിപ്പിക്കുവാൻ റോമിൽ നിന്നും അനുവാദം ലഭിച്ചത്. പ്രസ്തുത വിവരണങ്ങളും നിവേദനങ്ങളും തയാറാക്കുന്നതിൽ ബഹു. മാത്യു നെടുങ്ങാട്ട് വഹിച്ചിട്ടുള്ള പങ്ക് വളരെ വലുതായിരുന്നു.

**സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തയോടൊപ്പം**

ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തയുടെ ആകസ്മിക നിര്യാണം (18 ജനുവരി 1955) പുനരൈക്യ പ്രേഷിത മേഖലയ്ക്ക് വലിയ നഷ്ടമായിരുന്നു. എന്നാൽ, സഹായമെത്രാൻ പോളച്ചിറയ്ക്കൽ സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയുടെ രൂപതാധ്യക്ഷനായുള്ള നിയമനം (27 ജനുവരി 1955) പുനരൈക്യ ശുശ്രൂഷയെ രൂപതയിൽ തളരാതെ വളരുവാൻ സഹായിച്ചു. ഫാ. മാത്യു നെടുങ്ങാട്ടിന്റെ ഗുണവിശേഷങ്ങൾ തിരിച്ചറിഞ്ഞിരുന്ന മാർ അത്തനാസിയോസ് മെത്രാപ്പോലീത്താ അദ്ദേഹത്തെ വീണ്ടും വികാരി ജനറാളായി നിയമിച്ചു. അനാരോഗ്യം നിമിത്തം സെന്റ് ജോൺസ് കത്തീഡ്രലിന്റെ വികാരി സ്ഥാനത്തുനിന്നും



www.malankaralibrary.com

ബഹു. തോമസ് വടശേരി വിരമിച്ചപ്പോൾ 1956 ജനുവരി 15 മുതൽ വികാരി ജനറാൾ സ്ഥാനത്തോടൊപ്പം കത്തീഡ്രൽ വികാരി സ്ഥാനവും ബഹു. മാത്യു നെടുങ്ങാട്ട് അച്ചൻ ഏറ്റെടുത്തു. ബഹു. ജോൺ കുന്നത്ത് അച്ചൻ 1957 മേയ് 27-ന് കത്തീഡ്രലിന്റെ വികാരി സ്ഥാനം ഏൽക്കുന്നതുവരെ അദ്ദേഹം പ്രസ്തുത ചുമതലയും വഹിച്ചിരുന്നു.

മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായുടെ അജപാലന നേതൃത്വകാലം (27-01-1955-28-09-1977) തിരുവല്ലാ രൂപതയുടെ ദ്രുതവളർച്ചയുടെ കാലമായിരുന്നു. രൂപതയിൽ പ്രേഷിത ശുശ്രൂഷയുടെ വ്യാപനം; അനേകം മിഷൻ കേന്ദ്രങ്ങളുടെയും ഇടവകകളുടെയും തുടക്കം, പള്ളികളുടെയും വൈദിക മന്ദിരങ്ങളുടെയും നിർമാണം, കാനോനിക അജപാലന ഭരണസമിതികളുടെ രൂപീകരണം, പ്രേഷിത സംഘടനകളുടെ തുടക്കം, ശാന്തിനിലയം-മതബോധന കേന്ദ്രത്തിന്റെ നിർമാണം, പുഷ്പഗിരി ആശുപത്രിയുടെ തുടക്കം, പള്ളിമല സ്നേഹസദൻ വൃദ്ധമന്ദിരത്തിന്റെ നിർമാണം, നൂതനകേരളീയ വാസ്തുശില്പ രീതിയിൽ സെന്റ് ജോൺസ് കത്തീഡ്രലിന്റെ നിർമാണം, എക്യൂമെനിക്കൽ മേഖലയിൽ സമാനതകളില്ലാതെ തലയുയർത്തി നിൽക്കുന്ന കോട്ടയം 'സീരി'ക്കുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ക്രമീകരണം, രൂപതയുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുവാൻ കടവനാട്, വിതുര, കൂനൂർ, കാർട്ടിക്കുളം, ബത്തേരി, കറുവാക്കുളം, വണ്ടൻമേട്, കോന്നി എന്നീ സ്ഥലങ്ങളിൽ ചെറുതും വലുതുമായ തോട്ടങ്ങൾ, കുമളിയിലെ ലെയ്ക് ക്വീൻസ് ലോഡ്ജ്, വൈദികരുടെ വാർധക്യകാല സംരക്ഷണത്തിന് പ്രീസ്റ്റ് വെൽഫെയർ സൊസൈറ്റി, രൂപത വിഭജിച്ച് ബത്തേരി രൂപത സ്ഥാപിക്കുവാനുള്ള ക്രമീകരണങ്ങൾ തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും മാർ അത്തനാസിയോസ് പിതാവിന്റെ പിൻബലം വികാരി ജനറാൾ ഫാ. മാത്യു നെടുങ്ങാട്ടായിരുന്നു. മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന ആചാര്യനേതൃത്വകാലം മുഴുവൻ ഫാ. മാത്യു നെടുങ്ങാട്ടായിരുന്നു വികാരി ജനറാൾ എന്നത് അദ്ദേഹത്തിന്റെ നേതൃഗുണത്തിലും ഭരണപാടവത്തിലും രൂപതാധ്യക്ഷനുണ്ടായിരുന്ന അംഗീകാരത്തിന്റെ അടയാളമായിരുന്നു. അദ്ദേഹത്തിന്റെ സേവനങ്ങൾക്കുള്ള പരസ്യമായ അംഗീകാരമായിരുന്നു പരിശുദ്ധ മാർപാപ്പായിൽ നിന്നും അദ്ദേഹത്തിനു ലഭിച്ച 'ഡൊമസ്റ്റിക് പ്രിലേറ്റ്' പദവി. മാർ അത്തനാസിയോസ് തിരുമേനി 1963 ഡിസംബർ 15-ാം തീയതി സെന്റ് ജോൺസ് കത്തീഡ്രലിൽ നടന്ന ചടങ്ങിൽ വച്ച് അദ്ദേഹത്തെ സ്ഥാനചിഹ്നങ്ങൾ അണിയിച്ച് ആദരിച്ചു. രൂപതയുടെ മുൻ വികാരി ജനറാൾ ബഹു. തോമസ് വടശേരിക്ക് 'പേപ്പൽ



www.malankaralibrary.com

ചേംബർലൈൻ' എന്ന പദവിയുടെ സ്ഥാനചിഹ്നങ്ങൾ നൽകപ്പെട്ടതും അതേ ചടങ്ങിൽ തന്നെയായിരുന്നു.

**രൂപതയുടെ അഡ്മിനിസ്ട്രേറ്റർ**

സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായുടെ ആകസ്മിക നിര്യാണത്തെ (1977 സെപ്റ്റംബർ 28) തുടർന്ന് രൂപതാ കൗൺസിൽ മോൺ. മാത്യു നെടുങ്ങാട്ടിനെ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി തെരഞ്ഞെടുത്തു. മാർ സേവേറിയോസ്, മാർ അത്തനാസിയോസ് പിതാക്കന്മാരുടെ വിദേശ സന്ദർശന സന്ദർഭങ്ങളിൽ പലപ്രാവശ്യം അദ്ദേഹം അഡ്മിനിസ്ട്രേറ്ററായി നിയമിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, ഇപ്പോൾ രൂപതയ്ക്ക് വൈദിക മേലധ്യക്ഷ നേതൃത്വം ഇല്ലാത്ത അവസ്ഥയിൽ പൂർണമായ കാനോനിക അധികാരങ്ങളോടുകൂടി അഡ്മിനിസ്ട്രേറ്റർ ആയിരുന്നു. ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്ത രൂപതാധ്യക്ഷനായി ചുമതല ഏൽക്കുന്നതുവരെ (1978 ഡിസംബർ 28) തൽസ്ഥാനത്ത് തുടർന്നു. അഭിവന്ദ്യ പൗലോസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യം (1977 ഓഗസ്റ്റ് 28) ഉളവാക്കിയ അനുകൂല പശ്ചാത്തലത്തിൽ തൃശൂർ, പാലക്കാട് ജില്ലകളിൽ അരഡസനോളം പുതിയ ഇടവകകൾ ഈ സമയത്ത് അദ്ദേഹം ആരംഭിച്ചു. തിരുവല്ലാ രൂപത വിഭജിച്ച് 1978 ഒക്ടോബർ 28-ാം തീയതി ബത്തേരി രൂപത രൂപീകൃതമായപ്പോൾ പുതിയ രൂപതയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച (1979 ഫെബ്രുവരി 2) ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയതും അദ്ദേഹമായിരുന്നു. ചുരുങ്ങിയതെങ്കിലും വലിയ പ്രേഷിത നേട്ടങ്ങളുടെ ഒരു കാലം.

**ബത്തേരി രൂപതയിൽ**

പതിനെട്ട് രൂപതാ വൈദികരും രണ്ട് ബഥനി സന്യാസ വൈദികരും 43 ഇടവകകളിലായി 8500 വിശ്വാസികളുമായി 1979 ഫെബ്രുവരി രണ്ടിന് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്തായുടെ പ്രധാനാചാര്യ നേതൃത്വത്തിൽ ഔദ്യോഗികമായി അജപാലന ശുശ്രൂഷ ആരംഭിച്ച ബത്തേരി രൂപതയിലേക്ക് മോൺ. മാത്യു നെടുങ്ങാട്ട് വികാരി ജനറാളായി ക്ഷണിക്കപ്പെട്ടത് അദ്ദേഹത്തിന്റെ ഭരണ നിപുണതയുടെയും നേതൃസവിശേഷതകളുടെയും അംഗീകാരത്തിനുള്ള മറ്റൊരു തെളിവായിരുന്നു. ബുദ്ധിരാക്ഷസനും അനിതരസാധാരണമായ അനേക സവിശേഷ ഗുണങ്ങളുടെ ഉടമയുമായ മാർ ബസേലിയോസ് മെത്രാപ്പോലീത്താ രൂപതയുടെ പ്രഥമ വികാരി ജനറാളായി അദ്ദേഹത്തെ നിയമിച്ചു.



www.malankaralibrary.com

പുതിയ രൂപതയുടെ കാനോനിക അടിത്തറ ഉറപ്പിക്കുന്നതിലും പ്രേഷിത ശുശ്രൂഷകൾ ക്രമീകരിക്കുന്നതിലും രൂപതാധ്യക്ഷനോടൊപ്പം 1979 മാർച്ച് 26 മുതൽ 1982 ഏപ്രിൽ 15 വരെ അദ്ദേഹം നേതൃത്വം നൽകി. ഇടവക ഭരണവും രൂപതാ ഭരണവും സംബന്ധിച്ച് അധികം പ്രായോഗിക അനുഭവമില്ലാതിരുന്ന മാർ ബസേലിയോസ് പിതാവിന് ബത്തേരി രൂപതയെയും തുടർന്ന് തിരുവനന്തപുരം അതിരൂപതയെയും മലങ്കര സുറിയാനി കത്തോലിക്കാ സഭയെ മൊത്തത്തിലും മേജർ ആർച്ച് ബിഷപ്പും കാതോലിക്കാ ബാവായുമായി പ്രഗത്ഭമായി നയിക്കുവാൻ സാധിച്ചത് മോൺ. മാത്യു നെടുങ്ങാട്ടിൽ നിന്നു ലഭിച്ച പ്രായോഗിക അനുഭവങ്ങൾ കൊണ്ടുകൂടിയാണെന്നു കരുതുന്നതിൽ കാമ്പില്ലാതില്ല. വയനാടിന്റെ കാലാവസ്ഥയും ഭൂപ്രകൃതിയും അധികംനാൾ ബത്തേരിയിൽ തുടരുവാൻ അദ്ദേഹത്തെ അനുവദിച്ചില്ല. മൂന്നു വർഷത്തെ ശുശ്രൂഷയ്ക്കു ശേഷം 1982 ഏപ്രിൽ 15-ന് അദ്ദേഹം മാതൃരൂപതയിലേക്കു മടങ്ങി.

**ചെറിയവനായ വലിയവൻ**

ബത്തേരി രൂപതയിൽ നിന്നും മാതൃരൂപതയിലേക്ക് മടങ്ങി എത്തിയ അദ്ദേഹം സ്ഥാനവലുപ്പമോ പ്രായമോ ആരോഗ്യമോ ഒന്നും പരിഗണിക്കാതെ പ്രേഷിത ശുശ്രൂഷയിൽ വ്യാപൃതനാകാനാണ് താല്പര്യപ്പെട്ടത്. സഭയിൽ ദീർഘകാലം ഉയർന്ന അജപാലന പദവികൾ വഹിച്ചിരുന്ന അദ്ദേഹത്തിന് എഴുപതാം വയസിലും ചെറിയ ഒരു ഇടവകയിൽ ശുശ്രൂഷ ചെയ്യുവാൻ യാതൊരു വൈമനസ്യവുമില്ലായിരുന്നു. 1982 ഏപ്രിൽ 15 മുതൽ 1988 ഏപ്രിൽ 20-ാം തീയതി വരെ കുന്ദംകുളം ഇടവകയുടെ വികാരിയായിരുന്നു അദ്ദേഹം. പ്രോട്ടോ വികാരി ബഹു. വർഗീസ് കാരിക്കോട്ട് അച്ചന്റെ നേതൃത്വത്തിൽ മേഖലയിലെ വൈദികരെയും സമർപ്പിതരെയും പ്രേഷിത രംഗത്ത് സജീവരായി നിർത്താൻ അദ്ദേഹത്തിന്റെ സാന്നിധ്യം സഹായിച്ചിരുന്നു. 1977-78 കാലത്ത് അദ്ദേഹം തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറ്റർ ആയിരുന്നപ്പോൾ ആരംഭിച്ച ചക്കുണ്ട് (1977), കല്ലുംപുറം (1978), കട്ടിളപൂവം (1978), വെട്ടായി (1978), കൊണ്ടാഴി (1978), അടിപ്പെരണ്ട (1978) തുടങ്ങിയ ഇടവകകൾ കൂടുതൽ ശക്തിപ്പെടുവാനും കച്ചിത്തോട് (1984), കല്ലേപ്പാടം (1984), കുത്തുപാറ (1986) തുടങ്ങിയ പുതിയ ഇടവകകൾ തുടങ്ങുവാനും അദ്ദേഹത്തിന്റെ നേതൃത്വം സഹായിച്ചു. വൈഷമ്യമേറിയ പ്രേഷിത മേഖലകളിൽ ശുശ്രൂഷ ചെയ്യുന്ന വൈദികരെയും സന്യസ്തരെയും പ്രോത്സാഹിപ്പിക്കുവാനും ഉത്തേജിപ്പിക്കുവാനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചി



www.malankaralibrary.com

രുന്നു. 1982ൽ പീച്ചി കേന്ദ്രമാക്കി പുനരൈക്യ വാർഷികം ആഘോഷിക്കുന്നതിന് ജനറൽ കൺവീനർ എന്ന നിലയിൽ അദ്ദേഹം നൽകിയ നേതൃത്വം പ്രത്യേകിച്ച് പ്രസ്താവ്യമാണ്. എഴുപത്തഞ്ചാം വയസിൽ 46 വർഷത്തെ ഇടയ ശുശ്രൂഷയ്ക്കു ശേഷം 1988 ഏപ്രിൽ 20-ാം തീയതി ഔദ്യോഗിക ശുശ്രൂഷയിൽ നിന്നും വിരമിച്ചു. വൃദ്ധരും രോഗികളും ഔദ്യോഗിക ശുശ്രൂഷയിൽ നിന്ന് വിരമിക്കുന്നവരുമായ വൈദികർക്ക് താമസിക്കുവാൻ വേണ്ടി അദ്ദേഹംതന്നെ നേതൃത്വം നൽകി പണിയിച്ച പുഷ്പഗിരി വൈദിക മന്ദിരത്തിൽ ശിഷ്ട ജീവിതം നയിക്കുവാനായിരുന്നു അദ്ദേഹത്തിന്റെ തീരുമാനം. അദ്ദേഹത്തിന്റെ അവിടുത്തെ സാന്നിധ്യം അന്തേവാസികളായ മറ്റു വൈദികർക്കും കൂടുതൽ സന്തോഷദായകമായിരുന്നു.

**അന്ത്യവും കബറടക്കവും**

അമ്പത്തിയെട്ടു വർഷക്കാലം പുനരൈക്യ മിഷനറിയായും അനേക പുനരൈക്യ വാർഷിക ആഘോഷങ്ങളുടെ മുഖ്യചുമതലക്കാരനുമായിരുന്ന അദ്ദേഹം വെണ്ണിക്കുളം കേന്ദ്രമാക്കി 61-ാം പുനരൈക്യ വാർഷികാഘോഷങ്ങൾക്ക് കേളി ഉയർന്ന 1991 സെപ്റ്റംബർ 16-ാം തീയതി പുഷ്പഗിരി ആശുപത്രിയിൽ വച്ച് 78-ാം വയസിൽ കർതൃസന്നിധി പൂകി. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സർവ ആദരവോടും ബഹുമതികളോടും കൂടി ഭൗതികശരീരം സെപ്റ്റംബർ 18-ാം തീയതി കാവക്കാട്ട് പരിശുദ്ധ ദൈവമാതാവിന്റെ ദൈവാലയത്തിൽ കബറടക്കി.

**ബഹുമുഖപ്രതിഭ**

പ്രേഷിത ശ്രേഷ്ഠൻ ജോസഫ് മാർ സേവേറിയോസ്, ഭരണനിപുണൻ സഖറിയാസ് മാർ അത്തനാസിയോസ്, ബുദ്ധിരാക്ഷസൻ സിറിൽ മാർ ബസേലിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ വികാരി ജനറാളായി തിരുവല്ലാ-ബത്തേരി രൂപതകളിൽ മൂന്നു ദശാബ്ദക്കാലം ശുശ്രൂഷ ചെയ്ത പ്രതിഭാശാലിയായിരുന്നു അദ്ദേഹം. ഇത്രയും നീണ്ടകാലം വികാരി ജനറാളായിരിക്കുക, അതും മൂന്നു മെത്രാപ്പോലീത്താമാരോടൊപ്പം രണ്ട് രൂപതകളിൽ, വളരെ അസുലഭമായ പദവിയും അംഗീകാരവും തന്നെ. തേനീച്ചയെപ്പോലെ എപ്പോഴും കർമ്മനിരതനായിരുന്ന അദ്ദേഹം തിരുവല്ലാ രൂപതയിൽ വികാരി ജനറാൾ സ്ഥാനത്തോടൊപ്പം കോർപറേറ്റ് മാനേജർ, സോഷ്യൽ സർവീസ് സൊസൈറ്റിയുടെ മുഖ്യ കാര്യദർശി, പ്രീസ്റ്റ് പ്രോവിഡന്റ് ഫണ്ട് അസോസിയേഷൻ പ്രസിഡന്റ് തുടങ്ങിയ ഉത്തരവാദിത്തങ്ങളും വഹിച്ചിരുന്നു.

അദ്ദേഹത്തിന്റെ നിർമാണ വൈദഗ്ധ്യവും സാങ്കേതിക ജ്ഞാനവും



www.malankaralibrary.com

പ്രസിദ്ധമായിരുന്നു. പള്ളികളുടെയും മറ്റു കെട്ടിടങ്ങളുടെയും നിർമാണം, അറ്റകുറ്റപ്പണി, വാഹനങ്ങളുടെയും യന്ത്രങ്ങളുടെയും കേടുപോക്കൽ തുടങ്ങിയ കാര്യങ്ങളിൽ അദ്ദേഹത്തിന്റെ മേൽനോട്ടവും ഇടപെടലും എപ്പോഴും ഉണ്ടായിരുന്നു. സാധാരണമായ ഏതു യന്ത്രങ്ങളും വാഹനങ്ങളും നന്നാക്കാനുള്ള ഉപകരണങ്ങൾ അദ്ദേഹത്തിന്റെ പക്കൽ ഉണ്ടായിരുന്നു. സ്വന്തം മുറിയുടെ ഒരു ഭാഗം പണിപ്പുരയായിരുന്നു. ഒഴിവു വേളകളിൽ പലപ്പോഴും പണിപ്പുരയിൽ അറ്റകുറ്റപ്പണികളിൽ വ്യാപൃതനായിരുന്നു അദ്ദേഹം.

**ആഴത്തിലുള്ള ആധ്യാത്മികതയുടെ ഉടമ**

ആധ്യാത്മിക കാര്യങ്ങളിൽ അതീവ ശ്രദ്ധാലുവായിരുന്നു അദ്ദേഹം. അനുദിന പ്രഭാതധ്യാനം, വിശുദ്ധ കുർബാന, യാമപ്രാർത്ഥനകൾ ഇവയിലൊന്നും ഒരിക്കലും മുടക്കം വരുത്തിയിരുന്നില്ല. തിരക്കുകളുടെ നടുവിലും പ്രാർത്ഥനാ സമയങ്ങളിൽ ചാപ്പലിൽ എത്തിയിരിക്കും. നാട്യങ്ങളും നടനങ്ങളുമില്ലാത്ത തുറന്ന പുസ്തകമായിരുന്നു അദ്ദേഹത്തിന്റെ ആധ്യാത്മിക ജീവിതം. പരിശുദ്ധ ദൈവമാതാവിന്റെ വലിയഭക്തനായിരുന്ന അദ്ദേഹം മേരിഗിരി അരമനയിൽ ചാപ്പലിൽ പൊതുവായി വിശുദ്ധ കുർബാനയല്ലാതെ സ്വകാര്യമായി വിശുദ്ധ കുർബാന അർപ്പിക്കുമ്പോൾ എപ്പോഴും അത് പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിച്ചിരുന്ന അൾത്താരയിലായിരുന്നു. സന്ധ്യപ്രാർത്ഥനയ്ക്കു മുമ്പ് എല്ലാ ദിവസവും ജപമാലപ്രാർത്ഥന നടത്തുക അദ്ദേഹത്തിന് നിഷ്ഠയായിരുന്നു. വലിയ നോമ്പുകാലത്തും ഹാശാ ആഴ്ചയിലും കൂടുതൽ സമയം വചനവായനയ്ക്കും ധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി അദ്ദേഹം ചാപ്പലിൽ ചെലവഴിച്ചിരുന്നു.

**പുനരൈക്യ പ്രേഷിതൻ**

പുനരൈക്യ പ്രേഷിത ശുശ്രൂഷയ്ക്കായി ജീവിതം സമർപ്പിച്ച് 1934ൽ വൈദിക പഠനത്തിന് തിരുവല്ലാ രൂപതയിൽ എത്തിയ അദ്ദേഹത്തിന്റെ ഹൃദയാഭിലാഷമായിരുന്നു കൂടുതൽ അകത്തോലിക്കരെ സത്യസഭാ സംസർഗത്തിലേക്ക് നയിക്കുക എന്നത്. വൈദിക ജീവിതത്തിന്റെ ആരംഭം മുതൽ അജപാല ഭരണക്രമീകരണങ്ങളുടെ രൂപതാതല ചുമതലകൾ ഏല്ക്കേണ്ടി വന്നതിനാൽ നേരിട്ടുള്ള പുനരൈക്യ ശുശ്രൂഷയിൽ ആഗ്രഹമനുസരിച്ച് പ്രവർത്തിക്കുവാൻ അദ്ദേഹത്തിന് സാധിച്ചിരുന്നില്ല. എങ്കിലും സാധ്യമായ സന്ദർഭങ്ങളിലെല്ലാം പുനരൈക്യത്തിന്റെ മുന്നണി പ്രേഷിതനാകാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഇരവിപേരൂർ, വേങ്ങൽ, പാണ്ടനാട്, കത്തീഡ്രൽ, കുന്ദംകുളം തുടങ്ങിയ ഇടവകകളിലെ



www.malankaralibrary.com


വികാരി ശുശ്രൂഷ, 1972ൽ പായിപ്പാട് പള്ളിയുടെ തുടക്കം, അഡ്മിനിസ്ട്രേറ്റർ ആയിരുന്നപ്പോഴും കുന്നംകുളത്ത് വികാരി ആയിരുന്നപ്പോഴും പള്ളികൾ തുടങ്ങുവാൻ നൽകിയ നേതൃത്വം, ഇവയെല്ലാം ശ്രദ്ധേയം തന്നെ. സ്വന്തം സഹോദരി റോസയെ പുനരൈക്യ ശുശ്രൂഷയ്ക്കുവേണ്ടി ബഥനി സന്യാസിനി സമൂഹത്തിൽ ചേരാൻ (സിസ്റ്റർ കാതറൈൻ SIC) പ്രേരിപ്പിച്ചതും, പിതൃസഹോദരൻ ഉലഹന്നാന്റെ മകൾ ത്രേസ്യായെ (സിസ്റ്റർ മാർഗരറ്റ് SIC) സ്വന്തം സഹോദരിയോടൊപ്പം സന്യാസജീവിതത്തിലേക്ക് പ്രോത്സാഹിപ്പിച്ച് ബഥനി സന്യാസിനി സമൂഹത്തിൽ ചേർത്തതും, പിതൃസഹോദരൻ കുര്യന്റെ പൗത്രി ലൂസിയെ (സിസ്റ്റർ പ്രേഷിത SIC) ബഥനി സന്യാസിനി സമൂഹത്തിലേക്ക് കൂട്ടിക്കൊണ്ടുവന്നതും അദ്ദേഹത്തിന്റെ പുനരൈക്യത്തോടുള്ള താല്പര്യമാണ്.

**പിൻമൊഴി**

സമ്പന്നമായ എറണാകുളം അതിരൂപതയിലെ പുരാതന കുടുംബത്തിൽ നിന്ന് ആളും അർത്ഥവും അശേഷവും ഇല്ലാതിരുന്ന ഒരു വയസുപോലും പ്രായമാകാത്ത തിരുവല്ലാ രൂപതയിൽ വൈദികനാകാൻ നിശ്ചയിച്ചിറങ്ങുക, യഹോവയുടെ വാക്കുകേട്ട് സ്വന്തം നാട് വിട്ട് അജ്ഞാത നാട്ടിലേക്ക് പുറപ്പെട്ട പിതാവായ അബ്രഹാമിന്റെ പുറപ്പാടിനു സമാനമായ പ്രവൃത്തിയായിരുന്നു. വന്ദ്യ മോൺ. മാത്യു നെടുങ്ങാട്ടിന്റെ അപ്രകാരമുള്ള പുറപ്പാടിന്റെയും തുടർന്നുള്ള പ്രേഷിത ശുശ്രൂഷയുടെയും ലഘുവിവരണമാണ് മുൻ താളുകളിൽ കണ്ടത്. പുനരൈക്യത്തിലൂടെ സാർവത്രിക സഭയുടെ സംസർഗത്തിലേക്ക് കടന്നുവരുന്നവർക്ക് പരിശുദ്ധ കത്തോലിക്കാ സഭയുടെ കൂട്ടായ്മയുടെ മനോഹാരിതയും സന്തോഷവും പങ്കുവച്ചു നൽകുന്നതിൽ സീറോ മലബാർ സഭയിൽ നിന്ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ശുശ്രൂഷയ്ക്കെത്തിയ ബഹു. വൈദികരുടെ സാന്നിധ്യവും സേവനവും വഹിച്ച പങ്ക് വളരെ വലുതാണ്. ഇപ്രകാരം ശുശ്രൂഷ ചെയ്ത മിഷനറി വൈദികരുടെ ഗണത്തിൽ അഗ്രഗണ്യനായിരുന്നു വന്ദ്യ മോൺ. മാത്യു നെടുങ്ങാട്ട്. കഠിനാധ്വാനത്തിലൂടെ അദ്ദേഹം ശുശ്രൂഷിച്ചു വളർത്തിയ മലങ്കര സുറിയാനി കത്തോലിക്കാ സഭ മുപ്പതും അറുപതും നൂറും മേനി ഫലം പുറപ്പെടുവിക്കുന്നത് കണ്ട് സ്വർഗത്തിലിരുന്ന് അദ്ദേഹം സന്തോഷിക്കുകയാണെന്നതിൽ സംശയമില്ല.



www.malankaralibrary.com



# മോൺ. അലക്സാണ്ടർ പയ്യമ്പള്ളിൽ

**മുൻമൊഴി**

വ്യക്തിബന്ധങ്ങളാണ് അജപാലകന്റെ ഏറ്റവും വലിയ മൂലധനമെന്ന് അനുഭവത്തിലൂടെ തെളിയിച്ച അജപാലകൻ, ഉയർത്തിക്കാട്ടാൻ ഉന്നത ബിരുദങ്ങളോ ഉന്നതബന്ധങ്ങളോ ഒന്നുമില്ലെങ്കിലും കടന്നുചെന്ന മേഖലകളിലെല്ലാം കനകം വിളയിച്ച പുരോഹിതൻ. 'കനകാഭരണങ്ങളണിഞ്ഞ് കനകസിംഹാസനത്തിൽ ഇരുന്നപ്പോഴും മരവുരി ഉടുത്ത് കാനനവാസത്തിൽ ആയിരുന്നപ്പോഴും ഒരേ മുഖഭാവത്തോടെ കാണപ്പെട്ട' ശ്രീരാമനെപ്പോലെ കാൽകാശ് കൈയിലില്ലാതെ വാട്ടർ ടാങ്കിന്റെ കീഴിൽ അന്തിയുറങ്ങിയപ്പോഴും മധ്യതിരുവിതാംകൂറിലെ ഏറ്റവും പ്രസിദ്ധമായ ആതുരാലയത്തിന്റെ സർവാധികാരിയായി സമൂഹം വാഴ്ത്തിയപ്പോഴും ഒരേ വികാരവും മുഖഭാവവുമായി കാണപ്പെട്ട വൈദികൻ, അധികനാൾ അധികാരത്തിലിരുന്നിട്ടും ധാരാളം ധനം കൈകാര്യം ചെയ്തിട്ടും ആണും പെണ്ണുമായി ആയിരങ്ങൾ ആരാധകരും ആശ്രിതരുമായി അരികത്ത് ഉണ്ടായിട്ടും ആരോപണങ്ങളോ അധിക്ഷേപങ്ങളോ അശേഷം ഉണ്ടാകാത്തത്ര സ്ഫുടം ചെയ്ത ജീവിതത്തിന് ഉടമ, ഔദ്യോഗികതകളുടെ തിരക്കുകളും വ്യഗ്രതകളും ആത്മീകചിട്ടകളെ അണുവിടപോലും വ്യതിചലിപ്പിക്കുവാൻ സാധിക്കാത്തത്ര ഉറച്ച ബോധ്യങ്ങളുള്ള പുരോഹിതൻ. അനേകായിരങ്ങൾക്ക് പ്രവേശനവും നിയമനവും നൽകി ജീവിതവഴി കണ്ടെത്താൻ സഹായിച്ചവരിൽ സ്വന്തക്കാരനും ബന്ധക്കാരനും ഒരുവൻപോലുമില്ലെന്ന് ഉറപ്പുവരുത്തിയിരുന്ന ഉത്തമ ഇടയൻ. ഇങ്ങനെ സവിശേഷതകൾ വീണ്ടും വീണ്ടും എടുത്തെടുത്ത് പറയുവാൻ സാധിക്കുന്ന ഇടയനെക്കുറിച്ചാണ് തുടർന്നുള്ള താളുകളിൽ വിവരണം.

പണ്ടൊരിക്കൽ പടയോട്ടത്തിലൂടെ അന്ന് അറിയപ്പെട്ടിരുന്ന ലോകം



www.malankaralibrary.com

മുഴുവൻ കീഴടക്കിയ മാസിഡോണിയക്കാരൻ അലക്സാണ്ടറിനെ 'മഹാൻ' എന്നു ചരിത്രം കുറിച്ചിട്ടു. ഇതാ ഇവിടെ ഹൃദയബന്ധംകൊണ്ട് ജനഹൃദയങ്ങളെ കീഴടക്കിയ ഒരു അലക്സാണ്ടർ, മോൺസിഞ്ഞോർ അലക്സാണ്ടർ പയ്യമ്പള്ളിൽ. 'ജനാലയിലൂടെ രണ്ടുപേർ പുറത്തേക്കു നോക്കി. ഒരുവൻ താഴെ ചെളികണ്ടു, അപരൻ ആകാശത്ത് നക്ഷത്രങ്ങൾ കണ്ടു'. ആകാശത്ത് നക്ഷത്രങ്ങൾ കണ്ട മോൺസിഞ്ഞോർ അലസ്കാണ്ടർ പയ്യമ്പള്ളിൽ 'മഹാൻ' എന്ന് അറിയാൻ തുടർന്ന് വായിക്കുക.

**കുടുംബപശ്ചാത്തലം**

പയ്യമ്പള്ളിൽ കുടുംബം മല്ലപ്പള്ളി പ്രദേശത്ത് ക്രിസ്തുവർഷം 1710ൽ (കൊല്ലവർഷം 885) സ്ഥാപിതമായതായിട്ടാണ് കരുതപ്പെടുന്നത്. മാർത്തോമ്മാ ശ്ലീഹായിൽ നിന്ന് പാലയൂരിൽ വച്ച് വേദം സ്വീകരിച്ച പകലോമറ്റം തറവാട്ടിലെ പൂർവികർ അങ്കമാലിയിലും കടുത്തുരുത്തി കുറവിലങ്ങാട് പ്രദേശത്തും വന്ന് താമസിച്ചു. അതിൽ നിന്നും ഒരു പിതാവ് അതിരമ്പുഴ പ്രദേശത്ത് വന്നു 'തെക്കേടത്ത്' എന്ന കുടുംബ പേരിൽ താമസിച്ചു. പ്രസ്തുത തെക്കേടത്ത് കുടുംബത്തിലെ വർഗീസ് എന്ന പിതാവാണ് മല്ലപ്പള്ളി പ്രദേശത്തു വന്നു താമസിക്കുന്നതും പയ്യമ്പള്ളി കുടുംബത്തിന് തുടക്കം കുറിക്കുന്നതും. ഇദ്ദേഹത്തിന്റെ പിൻതലമുറക്കാർ പവ്വോത്തിക്കുന്നേൽ, പാലയ്ക്കാമണ്ണിൽ, വട്ടശേരിൽ, മങ്കുഴിയിൽ, ഞാറക്കോട്ട്, വാഴയിൽ, തുരുത്തിപ്പള്ളിൽ, കല്ലമ്പറമ്പിൽ, പുയ്ക്കുടിയിൽ, തോപ്പിൽ, നെടുംപ്ലാക്കൽ, കുമ്പുളുങ്കൽ മുതലായ ശാഖാകുടുംബങ്ങളായി പടർന്നു പന്തലിച്ചിരിക്കുന്നു.

പയ്യമ്പള്ളിൽ മൂലകുടുംബത്തു താമസിച്ചിരുന്ന ആറാം തലമുറയിൽപെട്ട അബ്രഹാമിന്റെ നാലാമത്തെ മകൾ മറിയാമ്മയെ പൊടിയാടിയിൽ കാരണശേരിൽ ചാണ്ടി എന്ന ആളാണ് വിവാഹം ചെയ്തിരുന്നത്. അദ്ദേഹം തിരുവിതാംകൂർ പൊതുമരാമത്ത് വകുപ്പിലെ ഒരു എൻജിനീയർ ആയിരുന്നു. മൂവാറ്റുപുഴ പ്രദേശത്ത് ജോലിയിൽ ആയിരിക്കുമ്പോൾ യൗവനത്തിൽതന്നെ അദ്ദേഹം അകാലചരമം പ്രാപിച്ചു. അക്കാലത്തെ യാത്രാസൗകര്യങ്ങളുടെ അപര്യാപ്തത നിമിത്തം മൂവാറ്റുപുഴ യാക്കോബായ പള്ളിയുടെ സെമിത്തേരിയിൽ ഭൗതികശരീരം സംസ്കരിക്കപ്പെട്ടു.

കാലവിളംബമെന്യേ വിധവയായ മറിയാമ്മ തന്റെ രണ്ടു പുത്രന്മാരായ അബ്രാഹമിനെയും കുരുവിളയെയും (ഉണ്ണി) കൂട്ടി തന്റെ മാതാപിതാക്കളുടെയും പിതൃസഹോദരൻ പയ്യമ്പള്ളിൽ വന്ദ്യ വർഗീസ് ദാവീദ് കത്ത



www.malankaralibrary.com

നാരുടെയും കൂടെ മല്ലപ്പള്ളി പയ്യമ്പള്ളിൽ കുടുംബത്തിൽ വന്നു താമസമാക്കി. മൂത്തപുത്രൻ അബ്രഹാമിന്റെ മക്കളാണ് കേരളത്തിലെ കത്തോലിക്ക കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ പ്രാരംഭകാല നേതാക്കന്മാരിൽ ഒരാളും തിരുവല്ല രൂപതയിലെ വൈദികനുമായിരുന്ന പരേതനായ ബഹു. അലക്സാണ്ടർ പയ്യമ്പള്ളിൽ അച്ചൻ (മരണം 12-11-1997), പരേതരായ ബഹു. സിസ്റ്റർ അൽഫോൻസാ SIC, ശ്രീമതി ത്രേസ്യാമ്മ പുന്നൂസ് കൊഴുപ്പക്കളം എന്നിവരും ഇപ്പോൾ ബഥാനിയായിൽ അംഗമായിരിക്കുന്ന ബഹു. സിസ്റ്റർ ഹിലാരിയ SICയും. ഇളയപുത്രൻ കുരുവിള (സണ്ണി) അയിരൂർ തെങ്ങുംതോട്ടത്തിൽ എബ്രഹാമിന്റെ (വന്ദ്യ ഇളവട്ട ടി.എസ് ഫിലിപ്പോസ് കത്തനാരുടെ സഹോദരൻ) മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഈ കാലത്ത് മറിയാമ്മ മക്കളും മരുമക്കളുമായി നെല്ലിമൂട്ടിൽ മൂക്കനോലിക്കൽ ശേരിക്കലിൽ വസ്തു സമ്പാദിച്ച് പിതൃഭവനത്തിൽ നിന്ന് അവിടേക്ക് താമസം മാറി. കുരുവിള (ഉണ്ണി) പുതുശേരി എം.ജി.ഡി സ്കൂളിലെ അധ്യാപകനും ഭാര്യ അന്നമ്മ നെല്ലിമൂട് സെന്റ് തോമസ് എൽ.പി സ്കൂളിലെ അധ്യാപികയുമായിരുന്നു. കുരുവിളയുടെ ശിഷ്യരിൽ ഒരാളായിരുന്നു കാലം ചെയ്ത അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത.

**ജനനം**

കുരുവിള-അന്നമ്മ ദമ്പതികളുടെ പ്രഥമജാതനാണ് നമ്മുടെ കഥാപുരുഷൻ വന്ദ്യ മോൺ. അലക്സാണ്ടർ പയ്യമ്പള്ളിൽ. ജനനം 1926 ജൂൺ 20-ാം തീയതി ഞായറാഴ്ച (കൊല്ലവർഷം 1101 മിഥുനം 6). അമ്മവീട്ടിൽ അയിരൂർ തെങ്ങുംതോട്ടത്തിൽ ഇളവട്ട ഭവനത്തിൽ. ജ്ഞാനസ്നാനം എട്ടാംപക്കം അയിരൂർ മതാപ്പാറ ഓർത്തഡോക്സ് പള്ളിയിൽ, അലക്സാണ്ടർ എന്ന് പേര്, ബേബി എന്നു വിളിപ്പേര്. അദ്ദേഹത്തിന്റെ ഏകസഹോദരനാണ് 1930 ഏപ്രിൽ 17-ന് (1105 മേടം 5) പെസഹാ വ്യാഴാഴ്ച ജനിച്ച കുഞ്ഞൂഞ്ഞ് എന്ന എം.കെ. എബ്രഹാം. ഇളവട്ട വന്ദ്യ ടി.എസ്. ഫിലിപ്പോസ് കശീശായുടെ നേതൃത്വത്തിൽ 1928-ൽ ആരംഭം കുറിച്ച അയിരൂർ സെന്റ് ജോർജ് ബഥനിപള്ളിയിൽ നടന്ന ആദ്യത്തെ മാമോദീസ എബ്രഹാമിന്റേതായിരുന്നു. അലക്സാണ്ടറിന് നാല് വയസ് ഉള്ളപ്പോൾ തന്റെ ഏകസഹോദരന്റെ ജനനത്തിന് രണ്ട് മാസം മുമ്പ് 1930 ഫെബ്രുവരി 13-ാം തീയതി വ്യാഴാഴ്ച (1105 കുംഭം 2) വത്സലപിതാവ് കുരുവിള 25- ാമത്തെ വയസിൽ നിര്യാതനായി.



www.malankaralibrary.com

**വിദ്യാഭ്യാസം**

അലക്സാണ്ടറിന്റെ പ്രാഥമിക വിദ്യാഭ്യാസം മാതാവ് അധ്യാപികയായിരുന്ന നെല്ലിമൂട് സെന്റ് തോമസ് എൽ.പി സ്കൂളിലും മിഡിൽ സ്കൂൾ പഠനം നെടുങ്ങാടപ്പള്ളി സി.എം.എസ് ഇംഗ്ലീഷ് സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം മല്ലപ്പള്ളി സി.എം.എസ് ഇംഗ്ലീഷ് ഹൈസ്കൂളിലും ആയിരുന്നു. 1944ൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി.

**പുനരൈക്യവും ദൈവവിളിയും**

വല്യപ്പച്ചന്റെയും അപ്പന്റെയും അകാലനിര്യാണംമൂലം യൗവനത്തിലെ വിധവകളായ വല്ല്യമ്മച്ചിയും അമ്മയും, അപ്പന്റെ മുഖം ഒരിക്കൽപോലും കണ്ടിട്ടില്ലാത്ത കുഞ്ഞനുജനും അലക്സാണ്ടറും ഉൾക്കൊള്ളുന്ന കുടുംബത്തിലെ നായകത്വം 'നസ്രായനെ'യാണ് വല്ല്യമ്മച്ചി ഏല്പിച്ചിരുന്നത്. ഭർത്താവിന്റെ അകാലമരണംമൂലം ഭർതൃഭവനംവിട്ട് പിതൃഭവനത്തിലേക്ക് മടങ്ങേണ്ടിവന്നതിന്റെയും പിതൃഭവനത്തിൽനിന്ന് സ്വന്തമായി സമ്പാദിച്ച ഭവനത്തിലേക്ക് താമസം മാറേണ്ടിവന്നതിന്റെയും ഇളയമകൻ ഇരുപത്തഞ്ചാം വയസിൽ മരണപ്പെട്ടതിന്റെയും ലോകമഹായുദ്ധകാല കെടുതികളുടെയും ആഘാതത്തിൽനിന്ന് കുടുംബത്തെ സംരക്ഷിച്ചു നിർത്തിയത് 'നസ്രായന്റെ' നായകത്വമായിരുന്നു. മല്ലപ്പള്ളി പയ്യമ്പള്ളി കുടുംബത്തിന്റെയും അയിരൂർ തെങ്ങുംതോട്ടം കുടുംബത്തിന്റെയും ആധ്യാത്മികത ഒരുമിച്ചു ചേർന്നതായിരുന്നു കുടുംബത്തെ ആധ്യാത്മിക അന്തരീക്ഷം. സഭയുടെ ആചാരപ്രകാരമുള്ള പ്രാർത്ഥനകളും നോമ്പും ഉപവാസവും ഞായറാഴ്ച ആചരണവും വൈദികരോടുള്ള ബഹുമാനവും സഭയോടുള്ള വിശ്വസ്തതയും കുടുംബത്തിൽ നിറഞ്ഞുനിന്നിരുന്നു. കുടുംബത്തിലെ ആത്മീക അന്തരീക്ഷവും 1930 സെപ്റ്റംബർ 20-ലെ മലങ്കര പുനരൈക്യസംഭവത്തെ തുടർന്ന് മല്ലപ്പള്ളി-അയിരൂർ പ്രദേശങ്ങളിൽ രൂപപ്പെട്ട പുനരൈക്യമുന്നേറ്റങ്ങളും പയ്യമ്പള്ളിൽ-തെങ്ങുംതോട്ടം കുടുംബങ്ങളിൽ രൂപപ്പെട്ട പുനരൈക്യതാല്പര്യങ്ങളും പയ്യമ്പള്ളിൽ മറിയാമ്മയെയും മരുമകൾ അന്നമ്മെയും ബേബിയെയും കുഞ്ഞൂഞ്ഞിനെയും പുനരൈക്യചിന്തയിലേക്കാനയിച്ചു. പുനരൈക്യപ്പെട്ടവർക്കായി മലങ്കര സുറിയാനി കത്തോലിക്കാ ഇടവക ഭവനത്തിന് അടുത്ത് ഇല്ലാതിരുന്നതിനാൽ മറിയാമ്മയും അന്നമ്മയും ബേബിയും കുഞ്ഞൂഞ്ഞും 1936ൽ നെടുങ്ങാടപ്പള്ളി മഠത്തിന്റെ ചാപ്പലിൽ വച്ച് സത്യവിശ്വാസം ഏറ്റുപറഞ്ഞ് പരിശുദ്ധ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. ചെങ്ങരൂർ സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവക സ്ഥാപിതമായപ്പോൾ അവിടെ ഇടവകയിൽ ചേർന്നു.



www.malankaralibrary.com

**വൈദികപഠനം**

കുടുംബത്തിലെ ആത്മീക അന്തരീക്ഷവും വൈദികപാരമ്പര്യവും പുനരൈക്യതീക്ഷ്ണതയും അലക്സാണ്ടറിൽ വൈദിക ജീവിതത്തോട് ആഭിമുഖ്യം ഉളവാക്കി. വാളക്കുഴിയിൽ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത അലക്സാണ്ടറിനെ 1944 മേയ് മാസത്തിൽ വൈദിക പരിശീലനത്തിനായി ചെറുപുഷ്പഗിരി ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിലേക്ക് സ്വീകരിച്ചു. കുടുംബത്തിന് താങ്ങാകേണ്ട കുടുംബത്തിലെ ആദ്യ ആൺതരി വൈദികജീവിതത്തിലേക്ക് പോകുക, പുരുഷതുണയില്ലാത്ത കുടുംബത്തിലെ വല്ല്യമ്മക്കും അമ്മക്കും മാനുഷികനിലയിൽ മാനസികവ്യഥ ഉളവാക്കുന്നതായിരുന്നു. എങ്കിലും എല്ലാം ദൈവികകണ്ണുകളിലൂടെ കാണാൻ കഴിഞ്ഞിരുന്ന അവർ ദൈവതിരുമനസിന് കീഴ്വഴങ്ങി. ആ വല്ല്യമ്മയുടെയും അമ്മയുടെയും ത്യാഗം തിരുവല്ല അതിരൂപതയ്ക്കും മലങ്കര സഭയ്ക്കും മധ്യതിരുവിതാംകൂറിനും വലിയ അനുഗ്രഹമായി ഭവിച്ചു. വൈദികപരിശീലനത്തിനായി ചെറുപുഷ്പഗിരിയിലെത്തിയ അലക്സാണ്ടറിന് അവിടുത്തെ മണ്ണിനോടും മരങ്ങളോടും പക്ഷികളോടും വലിയ ഹൃദയ അടുപ്പം രൂപപ്പെട്ടു. തന്റെ കുടുംബക്കാരനായ പവ്വത്തിക്കുന്നേൽ ബഹു. ചെറിയാൻ അച്ചനായിരുന്നു ചെറുപുഷ്പഗിരി കുന്നിന്റെ നോട്ടക്കാരൻ എന്നതുമാത്രമായിരുന്നിരിക്കില്ല ഈ ഹൃദയ അടുപ്പത്തിനു കാരണം. താപസനെപ്പോലെ അവിടെ വസിച്ചിരുന്ന യാക്കോബ് മാർ തെയോഫിലോസ് തിരുമേനിയുടെ പ്രകൃതിസ്നേഹവും തന്റെ നാട്ടുകാരനായ ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെ സാന്നിധ്യവും തന്റെ ഉള്ളിന്റെയുള്ളിൽ കുടികൊണ്ടിരുന്ന പ്രകൃതിസ്നേഹവും ചെറുപുഷ്പഗിരി കുന്നിനെ അദ്ദേഹത്തിന്റെ ഹൃദയത്തോടടുപ്പിച്ചു. രണ്ടു വർഷത്തെ ഭാഷാപഠനവും ആധ്യാത്മിക പരിശീലനവും വിജയകരമായി പൂർത്തിയാക്കിയതോടൊപ്പം ചെറുപുഷ്പഗിരിക്കുന്നും അദ്ദേഹത്തിന്റെ ഹൃദയത്തിൽ സ്ഥാനം പിടിച്ചു. ആ ചെറുകുന്നിന്റെ ചാരുത നിലനിർത്തിക്കൊണ്ടൊരു ശുശ്രൂഷാ പദ്ധതി അന്നേ അദ്ദേഹം സ്വപ്നം കണ്ടിരുന്നു എന്ന് കരുതുന്നതിന് കാരണങ്ങൾ അനവധി കണ്ടെത്താനാകും.

തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾക്കായി ബ്രദർ അലക്സാണ്ടർ പയ്യമ്പള്ളിയെ അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത ആലുവാ മംഗലപ്പുഴ സെമിനാരിയിലേക്ക് അയച്ചു. സ്പെയിൻകാരായ കർമ്മലീത്താ വൈദികരുടെ നേതൃത്വത്തിലുള്ള പഠനവും അഭ്യസനവും അദ്ദേഹത്തിന്റെ അറിവിനെയും ആധ്യാത്മികതയെയും ആഴ



www.malankaralibrary.com

പ്പെടുത്തി. ജീവിച്ചിരിക്കുമ്പോൾതന്നെ വിശുദ്ധരെന്ന് സകലരും കരുതിയിരുന്ന ബഹു. സക്കറിയാസ് OCD, ബഹു. ഔറേലിയൻ OCD എന്നീ വൈദികരുടെ ശിക്ഷണം അദ്ദേഹത്തിന്റെ വ്യക്തിത്വത്തെയും ആത്മിക ജീവിതത്തെയും രൂപപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിച്ചിരുന്നതായി അദ്ദേഹംതന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിദേശ മിഷനറിമാരുടെ ജീവിതചിട്ടകളും പെരുമാറ്റ പ്രത്യേകതകളും അദ്ദേഹത്തിന്റെ ജീവിതത്തെയും പെരുമാറ്റങ്ങളെയും വളരെയധികം സ്വാധീനിച്ചിരുന്നു. സംസാരത്തിലും പെരുമാറ്റത്തിലും വസ്ത്രധാരണത്തിലും നടപ്പിലും നോട്ടത്തിലും എല്ലാം അദ്ദേഹം പുലർത്തിയിരുന്ന ചിട്ടയും നിഷ്ഠയും മാന്യതയും അദ്ദേഹത്തെ അറിയുന്ന എല്ലാവർക്കും സുവ്യക്തമാണ്.

**വൈദികാഭിഷേകം**

വൈദികപരിശീലനം വിജയകരമായി പൂർത്തിയാക്കിയ ബഹു. അലക്സാണ്ടർ പയ്യമ്പള്ളിൽ ശെമ്മാശൻ ബഹു. ആന്റണി കരേട്ട്, ബഹു. എബ്രഹാം പള്ളിപ്പുറത്തുശേരി, ബഹു. കുരുവിള പാറക്കടവിൽ എന്നീ ശെമ്മാശന്മാരോടൊപ്പം തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽവച്ച് അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തയുടെ കൈവയ്പാൽ 1952 ഡിസംബർ 26-ാം തീയതി വൈദികനായി അഭിഷിക്തനായി. പിറ്റേദിവസം ചെങ്ങരൂർ സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ പ്രഥമദിവ്യബലിയും അർപ്പിച്ചു. അന്ന് ചെങ്ങരൂർ പള്ളിയിൽ വികാരിയായിരുന്ന ബഹു. സക്കറിയാസ് വടക്കേത്തലയ്ക്കൽ അച്ചനും കുടുംബാംഗമായിരുന്ന ബഹു. ചെറിയാൻ പവ്വത്തിക്കുന്നേൽ അച്ചനും വന്ദ്യ ടി.എസ്. ഫിലിപ്പോസ് ഇളവട്ട അച്ചനുമായിരുന്നു ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയത്.

**അജപാലനമേഖലയിലേക്ക്**

നവവൈദികന്റെ ആദ്യ അജപാലനനിയമനം 1953 ഫെബ്രുവരി ഒന്നാം തീയതി കടമാൻകുളം-കല്ലൂപ്പാറ പള്ളികളുടെ വികാരിയായിട്ടായിരുന്നു. അദ്ദേഹം വികാരിയായി ചുമതല ഏൽക്കുന്നതിന് മൂന്നു ദിവസം മുമ്പായിരുന്നു കടമാൻകുളം ഇടവകാംഗമായിരുന്ന തങ്ങളത്തിൽ ബഹു. ബനഡിക്ട് OIC അച്ചൻ തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാനായി ബനഡിക്ട് മാർ ഗ്രിഗോറിയോസ് എന്ന പേരിൽ അഭിഷിക്തനായത്. പുനരൈക്യ തീക്ഷ്ണതകൊണ്ടും അഭിമാനംകൊണ്ടും ജ്വലിച്ചിരുന്ന ഇടവകകളിലേക്കായിരുന്നു പ്രഥമനിയമനം എന്നത് അദ്ദേഹത്തി



www.malankaralibrary.com

ന്റെയും സഭാസ്നേഹത്തെയും പുനരൈക്യതീക്ഷ്ണതയെയും ശതഗുണീഭവിപ്പിച്ചു. ഒന്നേകാൽ വർഷം മാത്രമേ അവിടെ വികാരിയായിരുന്നുള്ളു എങ്കിലും അനേകം കുടുംബങ്ങളെ പുനരൈക്യപ്പെടുത്തുവാനും സത്യസഭാവിശ്വാസത്തിൽ ഉറപ്പിക്കുവാനും അദ്ദേഹത്തിനു സാധിച്ചു. 1954 ഏപ്രിൽ 22-ാം തീയതി തിരുവല്ലായിൽവച്ച് നടന്ന പോളച്ചിറയ്ക്കൽ സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തയുടെ മെത്രാഭിഷേക ചടങ്ങുകൾക്ക് സജീവ സഹകാരിയാകുവാനും അദ്ദേഹത്തിനു സാധിച്ചു. ഇത് യുവവൈദികനായ ബഹു. അലക്സാണ്ടർ പയ്യമ്പള്ളിലിന്റെ തീക്ഷ്ണതയും കാര്യശേഷിയും നേരിട്ടു മനസിലാക്കുവാൻ അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസിയോസ് തിരുമേനിക്ക് ഇടയാക്കി. 1954 മേയ് 14-ാം തീയതി വരെ ബഹു. അലക്സാണ്ടർ പയ്യമ്പള്ളിൽ അച്ചൻ കടമാൻകുളം-കല്ലൂപ്പാറ പള്ളികളിൽ ശുശ്രൂഷ ചെയ്തു.

ബഹു. ചെറിയാൻ പോളച്ചിറയ്ക്കൽ അച്ചൻ (അഭി. സക്കറിയാസ് മാർ അത്തനാസിയോസ്) അധ്വാനിച്ച് ആരംഭിച്ച വെച്ചൂച്ചിറ ഇടവകയിലേക്കായിരുന്നു അച്ചന്റെ അടുത്ത നിയമനം. 1954 മേയ് 15 മുതൽ 1959 ഏപ്രിൽ 25 വരെ വെച്ചൂച്ചിറ-എരുമേലി ഇടവകകളിൽ ശുശ്രൂഷ ചെയ്തു. വെച്ചൂച്ചിറ പള്ളിയിൽ പുനരൈക്യ ശുശ്രൂഷയോടൊപ്പം ധാരാളം വികസനപ്രവർത്തനങ്ങളും അദ്ദേഹത്തിന്റെ ശ്രമഫലമായി നടന്നു. പള്ളിയുടെ നീളം വർധിപ്പിക്കുകയും മുഖവാരം ഉയർത്തുകയും ചെയ്തു. വെച്ചൂച്ചിറ ജംഗ്ഷനിൽ കുരിശടി നിർമിച്ചു. വൈദികരുടെ താമസസൗകര്യത്തോടൊപ്പം രണ്ട് മുറി അടുക്കള നിർമിച്ചു. വെച്ചൂച്ചിറ എക്സ് സർവീസ്മെൻ കോളനിയുടെ ആവിർഭാവത്തോടെ ഇടവകയിലേക്ക് കൂടുതൽ കുടുംബങ്ങൾ വന്നുചേർന്നു. എരുമേലി ഇടവകയിലും വലിയ പ്രേഷിത ഉണർവ് അദ്ദേഹത്തിന്റെ ശുശ്രൂഷയുടെ കാലത്ത് ഉണ്ടായി. അദ്ദേഹത്തിന്റെ പ്രേഷിത തീക്ഷ്ണതയുടെ സജീവസ്മാരകമാണ് ഇടത്തിക്കാവ് ഇടവക. അദ്ദേഹത്തിന്റെ പ്രേഷിത അധ്വാനത്തിന്റെ ഫലായി രൂപപ്പെട്ട ഇടത്തിക്കാവ് ഇടവകയുടെ പ്രഥമ ഇടയനും അദ്ദേഹം തന്നെയായിരുന്നു. ഇടത്തിക്കാവിലെ ആദ്യത്തെ പള്ളിയുടെ നിർമാണവും അദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു. 1955 ഡിസംബർ 25 മുതൽ 1959 ഏപ്രിൽ 25-ാം തീയതി വരെ ഇടത്തിക്കാവ് ഇടവകയുടെ വികാരി സ്ഥാനവും അദ്ദേഹം വഹിച്ചു.

**പുഷ്പഗിരി ആശുപത്രിയുടെ തുടക്കം**

തിരുവല്ലാ രൂപതയുടെ ആസ്ഥാനവും മൈനർ സെമിനാരിയും ചെറുപുഷ്പഗിരിയിൽ നിന്നും 1953-ൽ മാർ സേവേറിയോസ് തിരുമേനി 'മേരിഗിരി'യിലേക്ക് മാറ്റുകയും 1956 ജൂൺ 27-ാം തീയതി മാർ തെയോഫി



www.malankaralibrary.com

ലോസ് തിരുമേനി കാലം ചെയ്യുകയും ചെയ്തതോടുകൂടി പക്ഷികൾ ഒഴിഞ്ഞ കൂടുപോലെയായിരുന്നു ചെറുപുഷ്പഗിരി അരമനയും അനുബന്ധ കെട്ടിടങ്ങളും. 1952 മുതൽ ചെറുപുഷ്പഗിരി എസ്റ്റേറ്റിന്റെ ചുമതല വഹിച്ചിരുന്ന ബഹു. ചെറിയാൻ പവ്വത്തിക്കുന്നേൽ അച്ചന്റെ നേതൃത്വത്തിൽ വസ്തുവിന്റെ അതിരുകൾ നിശ്ചയിച്ച് മതിൽകെട്ടി ഭൂമി സുരക്ഷിതമാക്കുക, റബർ തൈകൾ നട്ട് തോട്ടം പിടിപ്പിക്കുക തുടങ്ങിയ ജോലികൾ തകൃതിയായി നടന്നുകൊണ്ടിരുന്നു. തിരുവല്ല രൂപതയുടെ പ്രഥമ ആസ്ഥാനമായിരുന്ന 'പുഷ്പഗിരിക്കുന്ന്' മധ്യതിരുവിതാംകൂറിലെ വിശാലസമൂഹത്തിന് മുഴുവൻ സേവനം നൽകുന്ന ഒരു കേന്ദ്രമായി വളർത്തണമെന്ന രൂപതയുടെ അഭിനവ ഇടയൻ സക്കറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായുടെ ആഗ്രഹം സഫലീകരിക്കുന്നതിനായി ചില നിർമാണ പ്രവർത്തനങ്ങളും ബഹു. ചെറിയാൻ പവ്വത്തിക്കുന്നേൽ അച്ചൻ ആരംഭിച്ചിരുന്നു.

ബഹു. അലക്സാണ്ടർ പയ്യമ്പള്ളിൽ അച്ചനെ മാർ അത്തനാസിയോസ് തിരുമേനി 1959 ഏപ്രിൽ 26 മുതൽ പുഷ്പഗിരി എസ്റ്റേറ്റിന്റെ മാനേജരായി നിയമിച്ചു. തന്റെ മനസിലുള്ള പദ്ധതി പുഷ്പഗിരിക്കുന്നിൽ ആരംഭിക്കുവാൻ ബഹു. അലക്സാണ്ടർ പയ്യമ്പള്ളിൽ അച്ചന്റെ നേതൃത്വം സഹായകമാകും എന്ന അഭിവന്ദ്യ തിരുമേനിയുടെ ചിന്ത അസ്ഥാനത്തായില്ല. ഒരു വനിത കോളജ് തുടങ്ങുവാൻ ആഗ്രഹിച്ചെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അത് സഫലമായില്ല. ദൈവത്തിന്റെ പദ്ധതി മറ്റൊന്നായിരുന്നു; ബോംബെ ആർച്ച് ബിഷപ് 1959 ഫെബ്രുവരി 28-ന് അടിസ്ഥാനശില ആശീർവദിച്ച് സ്ഥാപിച്ച് ഒരു ഇരുനില കെട്ടിടം പണി ആരംഭിച്ചിരുന്നു. പാവപ്പെട്ടവർക്കും സാധാരണക്കാർക്കും ആശ്രയിക്കാവുന്ന ഒരു ആതുരാലയം. വിദേശത്തുനിന്നുള്ള പ്രഗത്ഭരായ ഡോക്ടർമാരുടെ മേൽനോട്ടത്തിൽ അമ്മമാർക്കും കുട്ടികൾക്കുമായി ഒരു ആശുപത്രി ചെറുപുഷ്പഗിരി അരമന കെട്ടിടത്തിൽ 1959 ഓഗസ്റ്റ് 15-ാം തീയതി മാതാവിന്റെ സ്വർഗാരോപണ ദിവസം ഭാരതത്തിന്റെ പന്ത്രണ്ടാം സ്വാതന്ത്ര്യദിനത്തിൽ നാടിന് സമർപ്പിക്കപ്പെട്ട് പ്രവർത്തനം ആരംഭിച്ചു. അന്നു മുതൽ (15-08-1959) ബഹു. അലക്സാണ്ടർ പയ്യമ്പള്ളിൽ അച്ചൻ ആശുപത്രിയുടെ ചാപ്ലിൻ ആയും നിയമിതനായി. പ്രായോഗിക കാരണങ്ങളാൽ അധികകാലത്തിന് മുമ്പ് വിദേശ ഡോക്ടർമാർ ആശുപത്രി നടത്തിപ്പിൽ നിന്നും പിൻവാങ്ങിയപ്പോൾ ബഹു. അലക്സാണ്ടർ പയ്യമ്പള്ളിൽ അച്ചൻ ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്റർ ആയി ചുമതലയേറ്റു. 1964 മേയ് 31 വരെ അവിടെ ശുശ്രൂഷ ചെയ്തു. പുഷ്പഗിരി ആശുപത്രിയുടെ അടി



www.malankaralibrary.com

സ്ഥാനം ആഴത്തിൽ ഉറപ്പിക്കപ്പെട്ട വർഷങ്ങളായിരുന്നു അത്. ആശുപത്രിയുടെ പുതിയ കെട്ടിടം ശ്രീ. പട്ടംതാണുപിള്ള ഉദ്ഘാടനം ചെയ്തു. ഇതേസമയത്ത് അച്ചൻ രൂപതയിലെ മതബോധനവിഭാഗത്തിന്റെ ചുമതലയും വഹിച്ചിരുന്നു. 1959 നവംബർ 22 മുതൽ 1960 മേയ് 22 വരെ മുത്തൂർ-കാവുംഭാഗം (അഞ്ചൽക്കുറ്റി) റോഡ് സൈഡിൽ ഉണ്ടായിരുന്ന മുത്തൂർ മിഷന്റെ ചുമതലയും വഹിച്ചിരുന്നു. അവിടെ ഒരു കൂട്ടായ്മ രൂപപ്പെടുത്തുവാൻ ശ്രമിച്ചെങ്കിലും അതു സഫലമായില്ല. പ്രസ്തുത സ്ഥലം പിന്നീട് ബഹു. ഏലിയാസ് തേക്കനാൽ അച്ചൻ രൂപതയുടെ പ്രൊക്യുറേറ്റർ ആയിരിക്കുന്ന അവസരത്തിൽ വിറ്റതായിട്ടാണ് മനസിലാക്കുന്നത്. 1960 മേയ് 29 മുതൽ 1961 ഏപ്രിൽ 16 വരെ ചുരുങ്ങിയകാലം അദ്ദേഹം തച്ചമം ഇടവകയുടെ വികാരിസ്ഥാനവും വഹിച്ചിരുന്നു.

1965 ജനുവരി 1 മുതൽ 1969 വരെ അദ്ദേഹം നെടുമ്പ്രം-അമിച്ചകരി ഇടവകകളുടെ വികാരിയായും 1969-1971 കാലത്ത് വെണ്ണിക്കുളം- വാലാങ്കര ഇടവകകളുടെ വികാരിയായും സേവനം ചെയ്തു.

1971ൽ വീണ്ടും അദ്ദേഹം പുഷ്പഗിരി ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്റർ ആയി നിയമിതനായി. 1996 ഡിസംബർ അവസാനം വരെ ചുമതലയിൽ തുടർന്നു. ഈ കാലത്താണ് പുഷ്പഗിരി ആശുപത്രി ആതുരശുശ്രൂഷാ രംഗത്ത് മധ്യതിരുവിതാംകൂറിന്റെ തിലകക്കുറിയായി മാറിയത്. ആശുപത്രിയിലെ ഉത്തരവാദിത്വങ്ങളോടൊപ്പം സമീപ ഇടവകകളിൽ സേവനം ചെയ്യുവാനും അദ്ദേഹം എന്നും തയാറായിരുന്നു. 1971 മുതൽ 1980 വരെ കാഞ്ഞിരപ്പാറ ഇടവക, 1980 മുതൽ 1991 വരെ കല്ലുങ്കൽ ഇടവക, 1991 മുതൽ 1996 വരെ ഓതറ ഇടവക എന്നിവിടങ്ങളിലും അതോടൊപ്പം ചുരുങ്ങിയ സമയങ്ങളിൽ പുളിക്കീഴ്, അമിച്ചകരി ഇടവകകളിലും ഇടയശുശ്രൂഷ നടത്തിയിരുന്നു. അദ്ദേഹത്തിന്റെ ശുശ്രൂഷകളെ പുരസ്കരിച്ച് രൂപതാധ്യക്ഷൻ അഭിവന്ദ്യ ഗീവർഗീസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തയുടെ ശുപാർശ പ്രകാരം 1996 ഡിസംബർ 1-ാം തീയതി പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ അദ്ദേഹത്തിന് മോൺസിഞ്ഞോർ പദവി നൽകി ആദരിക്കുകയുണ്ടായി. പരിശുദ്ധ മാർപാപ്പയുടെ ഈ ആദരവിനെ തിരുവല്ല രൂപതയിലെ വൈദികരും സന്യസ്തരും അല്മായരും തിരുവല്ല പൗരാവലിയും അതീവസന്തോഷത്തോടെയാണ് സ്വീകരിച്ചത്.

**എപ്പിസ്കോപ്പൽ വികാരി**

1996 ഡിസംബർ മാസം അവസാനം പുഷ്പഗിരി ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്റർ പദവിയിൽ 26 വർഷത്തെ തുടർച്ചയായ ശുശ്രൂഷ



www.malankaralibrary.com

യ്ക്കുശേഷം 'എപ്പിസ്കോപ്പൽ വികാർ' എന്ന കാനോനിക പദവയിൽ കുന്ദംകുളം വൈദികജില്ലയുടെ ചുമതലക്കാരനും പീച്ചി– മാന്ദാമംഗലം ഇടവകകളുടെ വികാരിയുമായി നിയമിതനായി. 1997 ജനുവരി മാസം ആദ്യവാരത്തിൽ അദ്ദേഹം പുതിയ ചുമതല ഏറ്റെടുത്ത് 1988 മേയ് മാസം 9-ാം തീയതിവരെ അവിടെ ശുശ്രൂഷ നടത്തി. ഒന്നരവർഷത്തെ ഇടയ നേതൃത്വംകൊണ്ട് കുന്നംകുളം മേഖലയിലെ പ്രവർത്തനങ്ങൾക്കാകമാനം ഉന്മേഷം പകരുവാൻ അദ്ദേഹത്തിന് സാധിച്ചു.

**വികാരി ജനറാൾ**

വന്ദ്യ മോൺസിഞ്ഞോർ അലക്സാണ്ടർ പയ്യമ്പള്ളിയുടെ അജപാലന അനുഭവസമ്പത്ത് രൂപതയ്ക്കാകമാനം പ്രയോജനപ്പെടുത്തുവാനായി അഭിവന്ദ്യ ഗീവർഗീസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത 1998 മേയ് പത്താം തീയതി രൂപതയുടെ വികാരിജനറാളായി അദ്ദേഹത്തെ നിയമിച്ചു. 2003 മാർച്ച് 29-ാം തീയതി അഭിവന്ദ്യ മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത ചുമതലയിൽനിന്ന് വിരമിക്കുന്നതുവരെ മോൺസിഞ്ഞോർ അലക്സാണ്ടർ പയ്യമ്പള്ളിൽ പ്രസ്തുത ചുമതലയിൽ തുടർന്നു. മൈനർ സെമിനാരിയിൽ സഹപാഠികളായിരുന്ന മാർ തീമോത്തിയോസ് പിതാവിന്റെയും മോൺ. അലക്സാണ്ടർ പയ്യമ്പള്ളിയുടെയും കൂട്ടായ നേതൃത്വം രൂപതയുടെ സുവർണകാലമായിരുന്നു. അധികാരത്തിന്റെ ഭാവത്തെക്കാളധികം ആത്മബന്ധത്തിന്റെ അരൂപിയാണ് അവരെ രണ്ടുപേരെയും നയിച്ചിരുന്നത്. വികാരി ജനറാൾ ആയിരിക്കുമ്പോഴും രൂപതയുടെ ആവശ്യം മനസിലാക്കി ഇടവകകളിൽ വികാരിയായി സേവനം ചെയ്യാനും അദ്ദേഹം തയാറായിരുന്നു. 2000-ാം ആണ്ടിൽ ഒരു വർഷത്തിലധികം അദ്ദേഹം കല്ലുങ്കൽ ഇടവകയുടെ വികാരിയായി രണ്ടാം പ്രാവശ്യം സേവനം ചെയ്തത് സ്മർത്തവ്യമാണ്. 2002-2003 കാലത്ത് വേങ്ങൽ ഇടവകയുടെ വികാരിയായും സേവനം ചെയ്തിരുന്നു. 2003 മാർച്ച് 29-ാം തീയതി മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത രൂപതാധ്യക്ഷന്റെ ചുമതലയിൽനിന്നും വിരമിച്ചതിനെ തുടർന്ന് പെരിയ ബഹു. സ്റ്റീഫൻ തോട്ടത്തിൽ അച്ചൻ (ഫിലിപ്പോസ് മാർ സ്തേഫാനോസ്) രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി നിയമിതനായതോടുകൂടി മോൺ. അലക്സാണ്ടർ പയ്യമ്പള്ളിൽ കാനോനികമായി വികാരി ജനറാൾ സ്ഥാനത്തുനിന്നും വിമുക്തനാക്കപ്പെട്ടു എങ്കിലും, പുതിയ അഡ്മിനിസ്ട്രേറ്റർക്ക് സഹായിയായി അദ്ദേഹം കുറേനാൾ മേരിഗിരി മെത്രാസനമന്ദിരത്തിൽ താമസം തുടർന്നു.



www.malankaralibrary.com

**വിശ്രമമില്ലാത്ത ജീവിതം**

അമ്പത്തിരണ്ട് വർഷത്തെ അജപാലന ശുശ്രൂഷയുടെ അത്യധ്വാനത്തിനുശേഷം അല്പം വിശ്രമം അദ്ദേഹം ആഗ്രഹിച്ചു. 2003 ഒക്ടോബർ 2-ന് അഭിവന്ദ്യ ഐസക് മാർ ക്ലിമീസ് മെത്രാപ്പോലീത്ത രൂപതയുടെ ആറാമത്തെ അധ്യക്ഷനായി ചുമതല ഏറ്റപ്പോൾ അദ്ദേഹം തന്റെ ആഗ്രഹം രൂപതാധ്യക്ഷനെ അറിയിച്ചു. അഭിവന്ദ്യ ഐസക് മാർ ക്ലീമിസ് മെത്രാപ്പോലീത്ത രൂപതയിൽ നടത്തിയ വൈദികരുടെ ആദ്യത്തെ സ്ഥലം മാറ്റത്തിൽ 2004 ജനുവരിയിൽ മോൺ. അലക്സാണ്ടർ പയ്യമ്പള്ളിൽ അച്ചന് ഔദ്യോഗിക ചുമതലകൾ നൽകാതെ വിശ്രമം അനുവദിച്ചു. സഹോദരൻ ശ്രീ. എം.കെ. എബ്രഹാമിന്റെയും ചെങ്ങരൂർ ഇടവകയുടെ അന്നത്തെ വികാരിയായിരുന്ന ബഹു. മാത്യു മണലേൽ അച്ചന്റെയും ആഗ്രഹപ്രകാരം അദ്ദേഹം 2004 ഫെബ്രുവരി മാസം മുതൽ നെല്ലിമൂട്ടിലുള്ള പയ്യമ്പള്ളിൽ ഭവനത്തിൽ സ്വസഹോദരനോടൊപ്പം താമസമാക്കി. ഭവനത്തിൽ താമസിക്കുമ്പോഴും സ്വന്തം ഇടവകയിലും സമീപ ഇടവകകളിലും ആവശ്യാനുസരണം അജപാലനകാര്യങ്ങളിൽ സഹായിക്കുവാൻ അദ്ദേഹം സദാസന്നദ്ധനായിരുന്നു.

വീട്ടിലെ വിശ്രമം അധികനാൾ നീണ്ടില്ല. 2004 ഓഗസ്റ്റ് മാസത്തിൽ ചെങ്ങരൂർ പള്ളിയുടെ വികാരി ബഹു. മാത്യു മണലേൽ അച്ചൻ അമേരിക്കൻ ഐക്യനാടുകളിലേക്ക് അജപാലന ശുശ്രൂഷയ്ക്ക് പോയപ്പോൾ മോൺ. അച്ചനെ അഭിവന്ദ്യ ഐസക് മാർ ക്ലീമിസ് മെത്രാപ്പോലീത്ത ചെങ്ങരൂർ ഇടവകയിൽ താൽക്കാലിക വികാരിയായി നിയമിച്ചു. അതോടുകൂടി താമസം ഭവനത്തിൽ നിന്നും പള്ളിമേടയിലേക്കു മാറ്റി. 2005 ഫെബ്രുവരി 12-ാം തീയതി വരെ അദ്ദേഹം അവിടെ വികാരിയായി തുടർന്നു. 2004 ഫെബ്രുവരി 12-ന് അദ്ദേഹം ഔദ്യോഗിക അജപാലന ശുശ്രൂഷയിൽ നിന്ന് വിരമിച്ച് പള്ളിമലയിലുള്ള ശാലോം വൈദികഭവനത്തിലേക്ക് താമസം മാറ്റി. 1953 ഫെബ്രുവരി ഒന്നാം തീയതി കടമാൻകുളം പള്ളിയിൽ ആരംഭിച്ച ഔദ്യോഗിക അജപാലന ശുശ്രൂഷ അമ്പത്തിരണ്ട് വർഷങ്ങൾക്കുശേഷം 2005 ഫെബ്രുവരി 12-ാം തീയതി ചെങ്ങരൂർ പള്ളിയിൽ സമാപിച്ചു.

**ശാലോം ഭവനിൽനിന്ന് 'നിത്യശാലോമിലേക്ക്'**

ഔദ്യോഗിക ചുമതലകളിൽ നിന്ന് വിരമിച്ച് വിശ്രമ ജീവിതത്തിനായി 2005 ഫെബ്രുവരി 12-ന് അദ്ദേഹം പള്ളിമല ശാലോം വൈദികഭവനിൽ എത്തി. സഹപാഠികളും വിശ്രമജീവിതം നയിക്കുന്നവരുമായ ഇതര



www.malankaralibrary.com

വൈദികരോടൊത്തുള്ള ജീവിതം വൈദികപരിശീലനകാലത്തെ സന്തോഷത്തിലേക്കും സംതൃപ്തിയിലേക്കും വീണ്ടുമൊരിക്കൽകൂടി മടങ്ങിയെത്താൻ അദ്ദേഹത്തെ സഹായിച്ചു. അമ്പത്തിരണ്ട് വർഷത്തെ അത്യധ്വാനത്തിനുശേഷമുള്ള വിശ്രമവേള കൂടുതൽ ആത്മീക അനുഭവത്തിനുതകുന്ന സമയമായിരുന്നു. ചെറിയ രോഗങ്ങൾ അദ്ദേഹത്തിന്റെ ആരോഗ്യത്തെ ബാധിച്ചു തുടങ്ങിയെങ്കിലും അതൊന്നും അദ്ദേഹത്തെ അല്പം പോലും ആകുലനാക്കിയില്ല. അദ്ദേഹം അടിസ്ഥാനമിട്ട് വളർത്തി മെഡിക്കൽ കോളജായി വളർന്ന പുഷ്പഗിരി ആശുപത്രിയിലെ ചികിത്സ ആരോഗ്യം വീണ്ടെടുക്കുവാൻ അദ്ദേഹത്തെ സഹായിച്ചുകൊണ്ടിരുന്നു. 2009 സെപ്റ്റംബർ മാസം18-ാം തീയതി പെട്ടെന്നുണ്ടായ ഹൃദ്രോഗത്തെ തുടർന്ന് പുഷ്പഗിരി മെഡിക്കൽ കോളജ് ആശുപത്രിയിൽവച്ച് അദ്ദേഹം നിത്യസമ്മാനത്തിനായി തന്റെ സ്വർഗപിതാവിന്റെ സന്നിധിയിലേക്ക് യാത്രയായി. മൃതസംസ്കാരം സെപ്റ്റംബർ 22-ാം തീയതി ചെങ്ങരൂർ സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയോടനുബന്ധിച്ചുള്ള നിത്യാരാധന ചാപ്പലിൽ ക്രമീകരിച്ചിരുന്ന പ്രത്യേക കബറിൽ നടത്തി.

**പുഷ്പഗരിയുടെ ഗരിമ**

പുഷ്പഗിരിക്കുന്നിൽ ആതുരാലയം ആരംഭിക്കുവാൻ ആലോചിച്ചപ്പോൾ ആരെയാണ് ചുമതല ഏൽപിക്കുക എന്നതിനെക്കുറിച്ച് മാർ അത്തനാസിയോസ് പിതാവിന് അധികം ആലോചിക്കേണ്ടിവന്നില്ല. ഊർജസ്വലനും കഠിനാധ്വാനിയും തീക്ഷ്ണമതിയുമായ ബഹു. അലക്സാണ്ടർ പയ്യമ്പള്ളിൽ അച്ചനെയാണ് അദ്ദേഹം കണ്ടെത്തിയത്. താൻ ആരംഭിച്ച വെച്ചൂച്ചിറ ഇടവകയിൽ തന്റെ പിൻഗാമിയായി എത്തിയ ബഹു. അലക്സാണ്ടർ പയ്യമ്പള്ളിലച്ചന്റെ പ്രവർത്തനങ്ങൾ മാർ അത്തനാസിയോസ് പിതാവിൽ അദ്ദേഹത്തെക്കുറിച്ച് വലിയ മതിപ്പ് ഉളവാക്കിയിരുന്നു. 1959 ഏപ്രിൽ 26-ാം തീയതി മുതൽ ബഹു. പയ്യമ്പള്ളിൽ അച്ചനെ പുഷ്പഗിരി എസ്റ്റേറ്റിന്റെ മാനേജരായി നിയമിച്ചു. അന്നു മുതൽ അദ്ദേഹം അവിടെ ആരംഭിക്കുന്ന ആതുരാലയത്തെക്കുറിച്ചുള്ള ആലോചനകളിൽ അഭിവന്ദ്യ പിതാവിനോടൊപ്പം പങ്കുചേരുകയും പ്രാരംഭ നടപടികൾ തുടങ്ങുകയും ചെയ്തു. 1959 ഓഗസ്റ്റ് 15ന് ആശുപത്രി ഔദ്യോഗികമായി ആരംഭിച്ചപ്പോൾ അച്ചൻ അതിന്റെ ചാപ്ലിൻ ആയി നിയമിതനായി. ആശുപത്രിയുടെ ചുമതല വഹിച്ചിരുന്ന വിദേശ ഡോക്ടർമാർ പ്രായോഗിക കാരണങ്ങളാൽ പിൻവാങ്ങിയപ്പോൾ അച്ചൻ ആശുപത്രിയുടെ അമരക്കാ



www.malankaralibrary.com

രനായി ചുമതലയേറ്റു. അടുത്ത അഞ്ചു വർഷംകൊണ്ട് 'പുഷ്പഗിരി' എന്നാൽ ആശുപത്രി എന്ന പദത്തിന്റെ പര്യായംപോലെ മധ്യതിരുവിതാംകൂറിലെ മനുഷ്യമനസുകളിൽ ഉറയ്ക്കുവാൻ തക്കവിധത്തിൽ പുഷ്പഗിരി ആശുപത്രിയെ അദ്ദേഹം നട്ടുനനച്ച് വളർത്തി. ആശുപത്രിയുടെ അടിസ്ഥാനശില സ്ഥാപിക്കപ്പെട്ടതുമുതൽ അദ്ദേഹത്തിന്റെ വിയർപ്പാണ് അതിനെ വളർത്തിയത്. തിരുവല്ല രൂപതാംഗങ്ങൾ മാത്രമല്ല, തിരുവല്ലായിലെ പൗരാവലിയും പ്രത്യേകിച്ച് സാധാരണക്കാരും പാവപ്പെട്ടവരും പുഷ്പഗിരി ആശുപത്രിയെ തങ്ങളുടെ സ്വന്തമായാണ് കരുതിയിരുന്നത്. ബഹു. പയ്യമ്പള്ളിൽ അച്ചന്റെ സ്വഭാവപ്രത്യേകതകളും പ്രവർത്തനരീതിയുമാണ് ഈ തരത്തിലുള്ള ബന്ധം നാട്ടുകാരും രൂപതാംഗങ്ങളും ആശുപത്രിയുമായി രൂപപ്പെടുവാൻ ഇടയാക്കിയത്. വ്യക്തികളുമായി ബന്ധം സ്ഥാപിക്കുവാനും വളർത്തുവാനും നിലനിർത്തുവാനും അദ്ദേഹത്തിനുണ്ടായിരുന്ന പ്രത്യേക സിദ്ധി ആശുപത്രിയുടെ വളർച്ചയ്ക്ക് വളമായി. ബഥനി സന്യാസിനികളുടെ സേവനം ആശുപത്രിയിൽ ലഭ്യമായത് ആശുപത്രി നടത്തിപ്പിനും രോഗീശുശ്രൂഷയ്ക്കും സഹായമായിരുന്നു. അമേരിക്കൻ പ്രസിഡന്റായിരുന്ന എബ്രഹാം ലിങ്കൺന്റെ 'ആഭ്യന്തരയുദ്ധ ഡയറിക്കുറുപ്പുകളിൽ' ഒരിടത്ത് ഇപ്രകാരം കാണുന്നുണ്ട്. "എല്ലാത്തരം കാരുണ്യപ്രവർത്തികളിലും വച്ച് ഏറ്റവും കാര്യക്ഷമം ചില ആശുപത്രികളിൽ കത്തോലിക്കരായ കന്യാസ്ത്രീകൾ ചെയ്യുന്നതാണ്. ചിത്രങ്ങളിലോ പെയിന്റിംഗുകളിലോ കണ്ടിട്ടുള്ളതിലും മനോഹരമായിരിക്കുന്നു അത്. ജീവിത ലാളിത്യം മുഖമുദ്രയാക്കിയ അവർ മരിച്ചുകൊണ്ടിരിക്കുന്നവരുടെയും വേദന തിന്നുന്നവരുടെയും ഇടയിലൂടെ നടക്കുന്നു. കാരുണ്യത്തിന്റെ മാലാഖമാരാണവർ" പുഷ്പഗിരി ആശുപത്രിയിൽ ചികിത്സതേടി എത്തിയിരുന്നവരും സമാനമായ അഭിപ്രായങ്ങൾ പറയുന്നത് കേൾക്കാനിടയായിട്ടുണ്ട്. ആശുപത്രിയുടെ അടിസ്ഥാനം ഉറപ്പായി എന്നു കണ്ടപ്പോൾ 1964 മേയ് മാസം 31-ാം തീയതി മുതൽ അഭിവന്ദ്യ മാർ അത്തനാസിയോസ് പിതാവ് ബഹു. പയ്യമ്പള്ളിൽ അച്ചന് രൂപതയിൽ വേറൊരു ശുശ്രൂഷാവേദി നൽകുവാൻ തീരുമാനിച്ചു. ആശുപത്രിയുടെ അടുത്തഘട്ടം വളർച്ചയ്ക്ക് വ്യത്യസ്തമായ നേതൃത്വം സഹായകമായേക്കുമെന്ന് അഭിവന്ദ്യ പിതാവ് കരുതി.

'ഇന്ദിരയെ വിളിക്കൂ.. ഇന്ത്യയെ രക്ഷിക്കൂ...' എന്നൊരു രാഷ്ട്രീയ മുദ്രാവാക്യം 1970കളുടെ അവസാന നാളുകളിൽ ഭാരതമൊട്ടാകെ മുഴങ്ങിയതുപോലെ 1970കളുടെ ആരംഭത്തിൽ തിരുവല്ല അതിരൂപതയിൽ ഒരു ചിന്ത മുഴങ്ങി. 'പയ്യമ്പള്ളിൽ അച്ചനെ വിളിക്കൂ.. പുഷ്പഗിരിയെ



www.malankaralibrary.com

രക്ഷിക്കൂ....' ജനാഭിലാഷം വിവേചിച്ചറിഞ്ഞ അഭിവന്ദ്യ മാർ അത്തനാസിയോസ് പിതാവ് ബഹു. പയ്യമ്പള്ളിൽ അച്ചനെ 1971-ൽ പുഷ്പഗിരി ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്റർ ആയി വീണ്ടും നിയമിച്ചു. തുടർന്നുള്ള കാൽ നൂറ്റാണ്ടുകാലത്തെ കഠിനാധ്വാനം, 1959 ഓഗസ്റ്റ് 15-ന് ഒരു ക്ലിനിക്കായി ആരംഭിച്ച് എട്ട് കിടക്കകളോടുകൂടിയ ഒരു സാധാരണ ആശുപത്രിയായി രൂപപ്പെട്ട ആശുപത്രിയെ ഇരുപതിലധികം ഡിപ്പാർട്ടുമെന്റുകളുള്ള നൂറിലധികം ഡോക്ടർമാരും രണ്ടായിരത്തിലധികം അനുബന്ധ ജോലിക്കാരും ആയിരത്തി ഇരുനൂറു കിടക്കകളുമുള്ള മധ്യതിരുവിതാംകൂറിലെ ആദ്യ മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രിയായി വളർത്തി. ഓക്സിലിയറി നഴ്സിംഗ് സ്കൂൾ, മൾട്ടി പർപ്പസ് ഹെൽത്ത് വർക്കേഴ്സ് കോഴ്സ്, ലബോറട്ടറി കോഴ്സ് തുടങ്ങിയ പഠനസൗകര്യങ്ങൾ തുടങ്ങുകവഴി ആയിരക്കണക്കിന് യുവതികൾക്ക് ഉയർന്ന ശമ്പളത്തോടുകൂടിയ ജോലി നേടി ജീവിതം സുരക്ഷിതമാക്കാനുള്ള വഴിയും അദ്ദേഹം തുറന്നു. പുഷ്പഗിരി ആശുപത്രിയെ ഒരു മെഡിക്കൽ കോളജും ഗവേഷണ കേന്ദ്രവുമായി രൂപപ്പെടുത്തുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. രണ്ടായിരത്തി ഒന്നിൽ പുഷ്പഗിരി മെഡിക്കൽ കോളജ് ആരംഭിച്ചപ്പോൾ അദ്ദേഹത്തിന്റെ ആഗ്രഹവും അധ്വാനവുമാണ് ഫലമണിഞ്ഞത്.

അദ്ദേഹത്തെ സംബന്ധിച്ച് ആശുപത്രി രോഗത്തിന് ചികിത്സ നൽകുന്ന ഒരു കേന്ദ്രം മാത്രമായിരുന്നില്ല. രോഗിയായി വരുന്നവർക്കും സഹായികളും സന്ദർശകരുമായി വരുന്നവർക്കും ശരീരത്തിനും മനസിനും ആരോഗ്യവും ആനന്ദവും ലഭിക്കുന്നതിനുതകുന്ന ക്രമീകരണങ്ങളാണ് അദ്ദേഹം ആശുപത്രിയിൽ ചെയ്തിരുന്നത്. ആശുപത്രിയുടെ പരിസരം ഒരു മൃഗശാലയും പക്ഷിസങ്കേതവും അപൂർവ സസ്യങ്ങളുടെയും നാടൻ വൃക്ഷങ്ങളുടെയും തോട്ടവുമായിരുന്നു. രോഗികൾക്കും സഹായികൾക്കും ആശുപത്രിയുടെ ചുറ്റുപാടുമുള്ള ദൃശ്യങ്ങളും കാഴ്ചകളും പോലും രോഗപീഡകളും ആകുലതകളും മാറ്റാൻ പര്യാപ്തമായിരുന്നു. രോഗികളോടും സഹായികളോടുമുള്ള ഇടപെടലുകളിൽ സൗഹൃദവും സഹാനുഭൂതിയും സേവനമനോഭാവവും പുലർത്തണമെന്ന് ഡോക്ടർമാരോടും നഴ്സുമാരോടും ആശുപത്രിയിലെ മറ്റ് പ്രവർത്തകരോടും അദ്ദേഹം പ്രത്യേകം നിഷ്കർഷിച്ചിരുന്നു. ശീതീകരിച്ച ഓഫീസ് മുറിക്കുള്ളിൽ ഔദ്യോഗികതകളിൽ ഒതുങ്ങാതെ ആശുപത്രിയുടെ അകത്തളങ്ങളിലും രോഗികളുടെ മുറികളിലും ആശുപത്രിയുടെ പരിസരങ്ങളിലുമായി അവിടെ എത്തുന്നവരുമായി സംസാരിച്ചും അവരുടെ ആവ



www.malankaralibrary.com

ശ്യങ്ങൾ തിരിച്ചറിഞ്ഞ് സഹായിച്ചും അദ്ദേഹം എപ്പോഴും ആശുപത്രിയിൽ സംലഭ്യനായിരുന്നു. ബഹു. പയ്യമ്പള്ളിൽ അച്ചനുമായി ഒന്നു സംസാരിക്കുന്നതുതന്നെ രോഗിക്കും കൂടെവരുന്നവർക്കും മനസിന് കുളിർമയായിരുന്നു. പണമില്ലാത്തതുകൊണ്ട് പുഷ്പഗിരി ആശുപത്രിയിൽ ഒരാൾക്കും ചികിത്സ ലഭിക്കാതിരുന്നിട്ടില്ല. ആയിരക്കണക്കിന് രോഗികൾക്ക് കോടിക്കണക്കിനു രൂപയുടെ സൗജന്യമാണ് ഇരുചെവി അറിയാതെ അദ്ദേഹം ചെയ്തിട്ടുള്ളത്. മലങ്കര സഭയുടെ മക്കൾക്ക് പ്രത്യേക പരിഗണനയും ലഭ്യമാക്കിയിരുന്നു. പുഷ്പഗിരി ആശുപത്രി ഓരോ മലങ്കര സുറിയാനി കത്തോലിക്കന്റെയും അഭിമാനമായി വളർന്നതിന്റെ രഹസ്യം ബഹു. പയ്യമ്പള്ളിൽ അച്ചന്റെ പ്രവർത്തന പ്രത്യേകതകളായിരുന്നു എന്നതിൽ സംശയമില്ല. അഡ്മിനിസ്ട്രേറ്ററുടെ ഔദ്യോഗിക കസേരയിൽ കാണുന്നതിലധികം ആശുപത്രിയുമായി ബന്ധപ്പെട്ട മറ്റ് ശുശ്രൂഷാവേദികളിൽ അദ്ദേഹത്തെ കാണാമായിരുന്നു. ഉന്നത ബിരുദധാരികളും പ്രഗത്ഭരുമായ അരഡസനിലധികം ബഹു. വൈദികരും രണ്ട് ഡസനിലധികം വകുപ്പ് തലവന്മാരും ഇന്ന് നിർവഹിക്കുന്ന ജോലികൾ അന്ന് അദ്ദേഹം തനിച്ചാണ് നിർവഹിച്ചിരുന്നതെന്നറിയുമ്പോഴാണ് അദ്ദേഹത്തിന്റെ അധ്വാനത്തിന്റെ ആധിക്യം മനസിലാകുന്നത്. അഡ്മിനിസ്ട്രേറ്ററിന്റെ ചുമതലകൾക്കു പുറമേ ചാപ്പലിലെ അനുദിന വിശുദ്ധ കുർബാന, ജോലിക്കാരുടെയും നഴ്സുമാരുടെ രോഗികളുടെയും കൂട്ടിരുപ്പുകാരുടെയും കുമ്പസാരം ആവശ്യ സന്ദർഭങ്ങളിൽ രോഗീലേപനം നൽകൽ, വാൻ ഡ്രൈവറുടെ ജോലി, ആംബുലൻസിന്റെ ഡ്രൈവറുടെ ജോലി തുടങ്ങി ആശുപത്രിയുമായി ബന്ധപ്പെട്ട ഏതു ജോലിയും അദ്ദേഹം നിർവഹിക്കുമായിരുന്നു. എല്ലാ ഡിപ്പാർട്ട്മെന്റുകൾ സംബന്ധിച്ചും കൃത്യമായ അറിവും അദ്ദേഹത്തിന് ഉണ്ടായിരുന്നു. ആയിരക്കണക്കിന് ആൾക്കാർ ദിവസേന വരുന്ന ആശുപത്രിയിൽ അസ്വാരസ്യങ്ങൾ ഉണ്ടാകുക സ്വാഭാവികമാണ്. എന്നാൽ എവിടെ എന്ത് അസ്വാരസ്യം ഉണ്ടായാലും നിമിഷങ്ങൾക്കകം ബഹു. പയ്യമ്പള്ളിൽ അച്ചൻ അവിടെ എത്തുമായിരുന്നു. അദ്ദേഹം ഇടപെട്ടുകഴിയുമ്പോൾ ഏതു വലിയ പ്രശ്നവും നിമിഷങ്ങൾകൊണ്ട് മഞ്ഞുപോലെ അലിഞ്ഞ് ഇല്ലാതാകുമായിരുന്നു. ആശുപത്രിയിലെ ചുമതലകളോടൊപ്പം രൂപത ഏല്പിക്കുന്ന മറ്റു പ്രധാനപ്പെട്ട ചുമതലകളും അദ്ദേഹം നിർവഹിച്ചിരുന്നു. കുറച്ചുകാലം അദ്ദേഹം രൂപതയുടെ സൺഡേസ്കൂൾ ഡയറക്ടറായിരുന്നു. ഇതിനുംപുറമെ ഇടവകകളുടെ വികാരിയായും പ്രവർത്തിച്ചിരുന്നു.

പുഷ്പഗിരിക്കുന്നിലെ ഓരോ മണൽത്തരിയും പയ്യമ്പള്ളിൽ അച്ചന്റെ



www.malankaralibrary.com

കാൽപെരുമാറ്റം അറിയും. അവിടുത്തെ ഓരോ ചെടിത്തലപ്പും അച്ചന്റെ ഗന്ധമറിയും. അവിടുത്തെ മരങ്ങളിൽ ചേക്കേറിയിരുന്ന ഓരോ പക്ഷിയും അച്ചന്റെ ശബ്ദം തിരിച്ചറിയും. അവയൊക്കെ അച്ചനോടും അച്ചൻ അവയോടും സംസാരിക്കുമായിരുന്നു. അത്രമാത്രം ഹൃദയബന്ധം അച്ചനും പുഷ്പഗിരിയുമായി ഉണ്ടായിരുന്നു. അവിടുത്തെ ബഹുനിലകെട്ടിടങ്ങളും അത്യാധുനിക ചികിത്സാ സംവിധാനങ്ങളും മാത്രമല്ല, ചെറുതെന്നും നിസാരമെന്നും മറ്റുള്ളവർ കരുതിയിരുന്ന കാര്യങ്ങൾപോലും അദ്ദേഹത്തിന്റെ ആസൂത്രണമികവിന്റെ ഫലങ്ങളാണ്. രോഗികൾക്ക് ആശുപത്രിയിലെത്താൻ വേണ്ടത്ര റോഡ് സൗകര്യങ്ങൾ ഇല്ലാതിരുന്ന കാലത്ത് ഔട്ട് പേഷ്യന്റ് വിഭാഗം തിരുവല്ല പട്ടണത്തിന്റെ ഹൃദയത്തിൽ തുടങ്ങുവാൻ കാണിച്ച പ്രായോഗികത അഭിനന്ദനാർഹമായിരുന്നു. മഴക്കാലത്ത് വള്ളത്തിൽ മാത്രം ആശുപത്രിയിലെത്താൻ സാധിച്ചിരുന്ന സ്ഥലത്തുകൂടി വിശാലമായ റോഡ് ഉണ്ടാക്കുവാൻ അദ്ദേഹം ഏറ്റെടുത്ത അധ്വാനം വളരെ വലുതായിരുന്നു. റോഡ് സൗകര്യം ഉണ്ടായ പശ്ചാത്തലത്തിൽ എസ്.സി.എസ് ജംഗ്ഷനിൽ പുഷ്പഗിരി ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ എത്തുന്ന രോഗികളുടെ തിരക്ക് ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ ഔട്ട്പേഷ്യന്റ് വിഭാഗം വീണ്ടും ആശുപത്രിയിലേക്കുതന്നെ മാറ്റുവാൻ കാണിച്ച സാമൂഹിക പ്രതിബദ്ധത ശ്രദ്ധേയമായിരുന്നു. അദ്ദേഹം ത്യാഗങ്ങൾ സഹിച്ച് രൂപപ്പെടുത്തിയ എസ്.സി.എസ് പുഷ്പഗിരി റോഡും അതിനോടു ചേർന്ന് നികത്തിയെടുത്ത സ്ഥലവുമാണ് ഇന്നത്തെ മുനിസിപ്പൽ ചിൽഡ്രൻസ് പാർക്കിന്റെയും നീന്തൽകുളത്തിന്റെയും പബ്ലിക് സ്റ്റേഡിയത്തിന്റെയും രൂപീകരണത്തിന് ഇടയാക്കിയത്. തിരുവല്ല അതിരൂപത വക രണ്ടര ഏക്കർ സ്ഥലം മുൻസിപ്പാലിറ്റിക്ക് കൈമാറിയതുകൊണ്ടാണ് ഈ സംരംഭങ്ങൾ ഉടലെടുത്തത്. ഇതിന് തിരുവല്ല പൗരാവലി ബഹു. അലക്സാണ്ടർ പയ്യമ്പള്ളിൽ അച്ചനോടും തിരുവല്ല അതിരൂപതയോടും ആഴത്തിൽ കടപ്പെട്ടിരിക്കുന്നു. ആശുപത്രിയുമായി ബന്ധപ്പെട്ട അദ്ദേഹത്തിന്റെ വികസന പ്രവർത്തനങ്ങളും നിർമാണ പ്രവർത്തനങ്ങളുമെല്ലാം പരിസ്ഥിതി പരിപൂർണമായി സംരക്ഷിച്ചുകൊണ്ടുള്ളതും ഭാവനാപൂർണവുമായിരുന്നു. മരാമത്ത് പണിയുടെ പേരിൽ ഒരു മരം പോലും നശിപ്പിക്കുവാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല. ആശുപത്രി കാരണം വെള്ളമോ വായുവോ മലിനമാകാനും അദ്ദേഹം സമ്മതിക്കുമായിരുന്നില്ല. കച്ചവട മനസ്ഥിതിയോടെ വരുമാനം മാത്രം നോക്കി ആശുപത്രികൾ മോർച്ചറികൾ നിർമിക്കുവാൻ തുടങ്ങിയകാലത്ത് തീർത്തും വ്യത്യസ്തമായ രീതിയിൽ പരിസ്ഥിതി സൗഹൃ



www.malankaralibrary.com

ദമായും ആധ്യാത്മികചിന്ത ഉണർത്തത്തക്കവിധത്തിലും ബഹു. അച്ചൻ പുഷ്പഗിരിയിൽ നിർമിച്ച മോർച്ചറി മാത്രം മതി അദ്ദേഹത്തിന്റെ ജീവിതവീക്ഷണത്തെ വിലയിരുത്താൻ.

**രൂപത സൺഡേസ്കൂൾ ഡയറക്ടർ**

മോൺ. തോമസ് വടശേരിൽ ആയിരുന്നു 1948 മുതൽ 1958 വരെ രൂപതയുടെ മതബോധന വിഭാഗത്തിന്റെ ചുമതല വഹിച്ചിരുന്നത്. കുട്ടികളുടെ മതബോധനത്തിന് നിയതമായ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും തയാറാക്കിയത് അദ്ദേഹമായിരുന്നു. തുടർന്ന് മതബോധന വിഭാഗത്തിന്റെ ചുമതല ഏറ്റെടുത്തത് ബഹു. അലക്സാണ്ടർ പയ്യമ്പള്ളിൽ അച്ചനായിരുന്നു. വെച്ചൂച്ചിറ പള്ളിയിൽ നിന്നും സ്ഥലംമാറി പുഷ്പഗിരി എസ്റ്റേറ്റിന്റെ മാനേജരായി നിയമിതനായതോടൊപ്പം രൂപതയിലെ സൺഡേസ്കൂൾ ഡയറക്ടർ ആയും 1959 ഏപ്രിൽ 26-ാം തീയതി അദ്ദേഹം നിയമിതനായി. ജർമനയിൽ ഉപരിപഠനം നടത്തി നാട്ടിൽ തിരികെ എത്തിയ ബഹു. ചാക്കോ ഇലവുംപറമ്പിൽ അച്ചൻ 1969ൽ മതബോധന വിഭാഗത്തിന്റെ ചുമതല ഏൽക്കുന്നതുവരെ ബഹു. പയ്യംപള്ളിൽ അച്ചൻ സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ഡയറക്ടറായി പ്രവർത്തിച്ചു.

പ്രായമനുസരിച്ച് കുട്ടികളെ ക്ലാസ് തിരിച്ച് പാഠ്യപദ്ധതി തയാറാക്കിയതും ചേപ്പാട്ട് ഫിലിപ്പോസ് റമ്പാന്റെ 'മേരിഗിരി വേദോപദേശ പാഠാവലി'യും പഴയനിയമ സംഗ്രഹവും പുതിയനിയമ സംഗ്രഹവും പാഠപുസ്തകങ്ങളായി നിശ്ചയിച്ച് ക്രമമായും ചിട്ടയായും ക്ലാസുകൾ നടത്തുവാനുള്ള ക്രമീകരണങ്ങൾ ചെയ്തതും അദ്ദേഹമായിരുന്നു. അധ്യാപകർക്ക് പരിശീലന പരിപാടികളും കുട്ടികൾക്ക് സെമിനാറുകളും ക്രമമായി നടത്തി സൺഡേസ്കൂൾ പ്രസ്ഥാനത്തെ രൂപതയുടെ പ്രധാന അജപാലന പ്രവർത്തനമായി രൂപാന്തരപ്പെടുത്തി. രൂപതാതലത്തിൽ പരീക്ഷകൾ നടത്തി സമ്മാനങ്ങൾ നൽകി സൺഡേസ്കൂൾ പഠനപദ്ധതിയെ കൂടുതൽ ഊർജസ്വലമാക്കി. വിശുദ്ധനാട്, വിശുദ്ധരുടെ ജീവിതം, റോമിലെ നിത്യനഗരം തുടങ്ങിയ സ്ലൈഡ് പ്രദർശനങ്ങളും ഫിലിം പ്രദർശനങ്ങളും ഇടവകകൾ തോറും കാണിക്കുവാൻ റോയൽ എൻഫീൽഡ് മോട്ടോർ സൈക്കിളിൽ പ്രൊജക്ടറും മറ്റ് സംവിധാനങ്ങളുമായി എത്തിയിരുന്ന ബഹു. അലക്സാണ്ടർ പയ്യമ്പള്ളിൽ അച്ചന്റെ ചിത്രം ഇപ്പോഴും മനസിൽ മായാതെ നിൽക്കുന്നു. ഇതേകാലത്തായിരുന്നു ബഹു. അലക്സ് തേവർവേലിൽ അച്ചന്റെ മേൽനോട്ടത്തിൽ



www.malankaralibrary.com

സൺഡേസ്കൂൾ കുട്ടികൾക്കായി 'സമ്മർ ക്യാമ്പ്' ഉടലെടുത്തത്. 'സമ്മർക്യാമ്പ് സുഖക്യാമ്പ്, മൂട്ടകടിയുടെ ബഹളമത്' എന്ന പാരടി മുദ്രാവാക്യം ഓർമയിലെത്തുന്നു.

**ലാളിത്യവും ആർദ്രതയും ജനകീയതയും**

വ്യക്തിജീവിതത്തിലും ഔദ്യോഗിക ജീവിതത്തിലും ലാളിത്യവും മിതവ്യയവും അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. ഭക്ഷണക്രമത്തിലും വസ്ത്രധാരണത്തിലും യാത്രാമാധ്യമത്തിലും താമസക്രമീകരണത്തിലുമെല്ലാം ഈ ലാളിത്യവും മിതവ്യയവും ദൃശ്യമായിരുന്നു. ആശുപത്രിയിൽ അഡ്മിനിസ്ട്രേറ്ററായി കോടാനുകോടി രൂപ കൈകാര്യം ചെയ്തിരുന്നപ്പോഴും കെട്ടിട നിർമാണത്തിലും വിലപിടിപ്പുള്ള മെഡിക്കൽ ഉപകരണങ്ങളുടെ വിലയ്ക്കുവാങ്ങലുകളിലും ലാളിത്യവും പ്രായോഗികതയുമായിരുന്നു അദ്ദേഹം ശ്രദ്ധിച്ചിരുന്നത്. ആശുപത്രിയിൽ അഡ്മിനിസ്ട്രേറ്ററുടെ ഓഫീസ് ആശുപത്രിയിലെ ഒരു സാധാരണമുറി, താമസം ആദ്യകാലത്ത് വാട്ടർ ടാങ്കിന്റെ അടിയിലെ ഒരു ചെറിയ മുറി. പിന്നീട്, അവിടെ ലഭ്യമായിട്ടുള്ളതിൽവച്ച് ഏറ്റവും ലളിതമായ മറ്റൊരുമുറി. ആശുപത്രിയിലെ ഇന്നത്തെ ചുമതലക്കാർക്ക് ചിന്തിക്കാൻ പോലും സാധിക്കാത്തത്ര ലളിതമായ സംവിധാനങ്ങൾ കൊണ്ട് അദ്ദേഹം സംതൃപ്തനായിരുന്നു.

വ്യക്തിജീവിതത്തിൽ ആഘോഷങ്ങളും ആർഭാടങ്ങളും അദ്ദേഹത്തിന് അന്യമായിരുന്നു. വൈദികാഭിഷേകത്തിന്റെ രജതജൂബിലി, സുവർണജൂബിലി, മോൺസിഞ്ഞോർ പദവി ലഭിക്കൽ തുടങ്ങിയ സന്ദർഭങ്ങളിലെല്ലാം ഏതെങ്കിലും തരത്തിലുള്ള ആഘോഷം സംഘടിപ്പിക്കുവാൻ സ്നേഹിതരും അഭ്യുദയകാംക്ഷികളും കുടുംബാംഗങ്ങളും പ്രത്യേകിച്ച് ഏകസഹോദരനും ശ്രമിച്ചുനോക്കി. പക്ഷേ, അദ്ദേഹം അതിനൊന്നും വഴങ്ങിയില്ല, എന്നു മാത്രമല്ല, പകരം നല്ലൊരുതുക ഏതെങ്കിലും നന്മപ്രവർത്തിക്ക് ഉപകാരണപ്പെടത്തക്കവിധത്തിൽ അനുജനെക്കൊണ്ട് ചെങ്ങരൂർ ഇടവകയിൽ സ്ഥിരനിക്ഷേപമായി നൽകുകയും ചെയ്തു. (ലേഖകൻ ചെങ്ങരൂർ പള്ളിയിൽ വികാരിയായിരിക്കുമ്പോഴാണ് മോൺ. അലക്സാണ്ടർ പയ്യമ്പള്ളിൽ എൻഡോവ്മെന്റ് എന്ന പേരിൽ പ്രസ്തുത തുക നിക്ഷേപിച്ചത്. അതുസംബന്ധിച്ച രേഖകൾ ഇടവകയിലും അതിരൂപതാകേന്ദ്രത്തിലും പയ്യമ്പള്ളിൽ ശ്രീ. എം.കെ. എബ്രഹാമിന്റെ പക്കലും സൂക്ഷിച്ചിട്ടുണ്ട്).

സമൂഹത്തിന്റെ വിവിധ ശ്രേണികളിലുള്ളവരോട് ഓരോരുവനും അർഹിക്കുന്ന പരിഗണനയിലും ആദരവിലും ഒരേ മാനസികാവസ്ഥയിൽ



www.malankaralibrary.com

ഇടപെടുവാൻ അദ്ദേഹത്തിന് അനിതര സാധാരണമായ കഴിവുണ്ടായിരുന്നു. ഏതെങ്കിലും ആവശ്യത്തിന്; ഏത് ആവശ്യമായിരുന്നാലും അദ്ദേഹത്തെ സമീപിച്ചിട്ട് നിരാശയോടെ മടങ്ങേണ്ടിവന്ന സംഭവം ആർക്കും പറയുവാനുണ്ടാവില്ല. പ്രതീക്ഷിച്ച വിധത്തിൽ ആഗ്രഹം സാധിച്ചില്ലെങ്കിലും അദ്ദേഹത്തിന്റെ ഇടപെടലും സംസാരവും ആവശ്യവുമായി സമീപിക്കുന്നവരുടെ മനസിനെ കുളിർപ്പിക്കുന്നതായിരുന്നു.

കോടിക്കണക്കിനു രൂപയുടെ ചികിത്സാ സൗജന്യം അദ്ദേഹം അനുവദിച്ചിരുന്നതായി അനുഭവസ്ഥരുടെ സാക്ഷ്യവും സാമ്പത്തികമായി പിന്നാക്കാവസ്ഥയിലായിരുന്ന നൂറുകണക്കിന് കുടുംബങ്ങളിൽപെട്ടവർക്ക് ആശുപത്രിയിൽ ജോലി നൽകി ജീവിതമാർഗം കണ്ടെത്താൻ സഹായിച്ചതിന്റെ ചരിത്രവും അനേകരിൽ നിന്നും കേൾക്കുവാനിടയായിട്ടുണ്ട്. ആശുപത്രിയിലെ താണ ശമ്പളക്കാരുടെ ഭവനങ്ങളിലെ വിവിധ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവസരത്തിനൊത്ത സഹായങ്ങൾ ലഭ്യമാക്കുന്നതിനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇടവക വികാരിയായിരുന്നപ്പോഴും ഇതുതന്നെയായിരുന്നു അദ്ദേഹത്തിന്റെ ശൈലി.

ഭാരിച്ച ചുമതലകൾ ഏകനായി ഏറ്റെടുത്ത് നിറവേറ്റേണ്ടിവന്നപ്പോഴും കണ്ടുമുട്ടുന്നവരോടെല്ലാം പണ്ഡിതനെന്നോ പാമരനെന്നോ പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ ശത്രുവെന്നോ മിത്രമെന്നോ വൈദികനെന്നോ അല്മായനെന്നോ നോക്കാതെ അഭിപ്രായവും ആലോചനയും തേടാൻ അദ്ദേഹം മടിച്ചിരുന്നില്ല. സ്വയമായി തീരുമാനങ്ങൾ എടുക്കുമ്പോഴും ഇത്തരം ആലോചനകളും അഭിപ്രായം ആരായലുകളും തീരുമാനങ്ങൾക്ക് ജനകീയ ജനാധിപത്യമുഖം നൽകുന്നതിൽ സഹായിച്ചിരുന്നു.

ക്രീമിയൻ യുദ്ധത്തിൽ മുറിവേറ്റ് ആശുപത്രിയിൽ കിടന്നിരുന്ന ഒരു പടയാളി ഫ്ളോറൻസ് നൈറ്റിംഗ് ഗെയിലിനെക്കുറിച്ച് വീട്ടിലേക്ക് എഴുതിയ ഒരു വാചകം: "റാന്തൽ വിളക്കുമായി അവൾ നടന്നുവരുന്നതു കാണുന്നതുതന്നെ ഞങ്ങൾക്ക് ആനന്ദമായിരുന്നു... അവൾ ഒരാളോടു സംസാരിക്കും വേറൊരാളുടെ നേരെ തിരിഞ്ഞു തലകുലുക്കും. ഞങ്ങളുടെമേൽ വീഴുന്ന അവളുടെ നിഴലിനെ ഞങ്ങൾ ചുംബിച്ചിരുന്നു...." അവളുടെ സാന്നിധ്യം അവരിൽ അണയാത്ത ആശ്വാസമുണർത്തിയിരുന്നു. പുഷ്പഗിരി ആശുപത്രിയിലെ രോഗികളുടെ വാർഡുകളിലേക്കും മുറികളിലേക്കും രാപകലെന്നില്ലാതെ കടന്നുചെന്നിരുന്ന ബഹു. പയ്യമ്പള്ളിൽ അച്ചനെക്കുറിച്ച് അനേകായിരങ്ങളുടെ സാക്ഷ്യവുമിതുതന്നെ.



www.malankaralibrary.com

**പിൻമൊഴി**

അമ്പത്തിയേഴ് വർഷത്തെ വൈദിക ജീവിതത്തിൽ ഇടവകകളിലെ വികാരി സ്ഥാനത്തോടൊപ്പം പത്ത് വർഷം രൂപതയുടെ മതബോധനവിഭാഗം ഡയറക്ടർ (1959-1969), രണ്ട് പ്രാവശ്യമായി 31 വർഷക്കാലം മധ്യതിരുവിതാംകൂറിലെ ഏറ്റവും വലിയ ആതുരാലയമായ പുഷ്പഗിരി ആശുപത്രിയുടെ സർവാധികാരിയായ അഡ്മിനിസ്ട്രേറ്റർ (1959-1964, 1971-1996), രണ്ട് വർഷക്കാലം കുന്ദംകുളം മേഖലയിൽ എപ്പിസ്കോപ്പൽ വികാർ (1997-1998), അഞ്ചു വർഷക്കാലം രൂപതയുടെ വികാരി ജനറാൾ (1998-2003) എന്നീ നിലകളിലെല്ലാം ശുശ്രൂഷ ചെയ്ത വന്ദ്യ മോൺ. അലക്സാണ്ടർ പയ്യമ്പള്ളിൽ അച്ചനെ ഓർക്കുമ്പോൾ മനസിൽ തെളിയുന്ന ചിത്രം ഇസ്രായേൽ ജനത്തിന് മുമ്പിൽ നിന്ന് വിടവാങ്ങൽ പ്രസംഗം നടത്തുന്ന വൃദ്ധനായ ന്യായാധിപനായ ശമുവേലിന്റേതാണ്. ശമുവേലിന്റെ വാക്കുകൾ ശ്രദ്ധിക്കുക: "ഇതാ ഞാൻ നിങ്ങളുടെ മുമ്പിൽ നിൽക്കുന്നു. ഞാൻ എന്തെങ്കിലും തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ കർത്താവിന്റെയും അവിടുത്തെ അഭിഷിക്തന്റെയും മുമ്പിൽവച്ച് ഇപ്പോൾ എന്നെ കുറ്റപ്പെടുത്തുവിൻ. ഞാൻ ആരുടെയെങ്കിലും കാളയെയോ കഴുതയെയോ അപഹരിച്ചിട്ടുണ്ടോ? ആരെയെങ്കിലും വഞ്ചിക്കുകയോ ഞെരുക്കുകയോ ചെയ്തിട്ടുണ്ടോ? ആരിൽ നിന്നെങ്കിലും കൈക്കൂലി വാങ്ങി സത്യത്തിനുനേരെ കണ്ണടച്ചിട്ടുണ്ടോ? അവർ പറഞ്ഞു: അങ്ങു ഞങ്ങളെ വഞ്ചിക്കുകയോ ഞെരുക്കുകയോ ചെയ്തിട്ടില്ല. ആരിലും നിന്നും യാതൊന്നും അപഹരിച്ചിട്ടുമില്ല. അവൻ അവരോടു പറഞ്ഞു: ഞാൻ തികച്ചും നിഷ്കളങ്കനാണെന്നു നിങ്ങൾ കണ്ടുവെന്നതിനു കർത്താവും അവിടുത്തെ അഭിഷിക്തനും സാക്ഷിയാണ്. അവർ പ്രതിവചിച്ചു. അതേ, കർത്താവ് സാക്ഷി (1 ശമുവേൽ 12:3-5). അധികാരത്തിന്റെ മേച്ചിൽപുറങ്ങളിൽ വിഹരിക്കുന്ന അധികമാർക്കും അവകാശപ്പെടാൻ സാധിക്കാത്ത സുതാര്യതയാണ് ശമുവേലിൽ കാണുന്നത്. ശമുവേലിനെപ്പോലെ ജനമധ്യത്തിൽ എഴുന്നേറ്റു നിന്ന് ഇതുപോലെ ചോദിക്കുവാനുള്ള ചങ്കുറപ്പ് മോൺ. അലക്സാണ്ടർ പയ്യമ്പള്ളിൽ അച്ചനുണ്ടായിരുന്നു. അധികാരം, പണം, സ്ത്രീ ഇവ മൂന്നിനോടുമുള്ള സമീപനമാണ് ഒരു വ്യക്തിയെ മഹാനോ ഹീനനോ ആക്കുന്നതെന്ന് സാധാരണ പറയാറുണ്ട്. അധികാരത്തിൽ അഹങ്കരിക്കാനോ പണത്തിൽ അഭിരമിക്കാനോ മനുഷ്യബന്ധങ്ങളിൽ കലഹിക്കാനോ അദ്ദേഹത്തിനിടയായിട്ടില്ല എന്ന് അദ്ദേഹത്തെ അറിയുന്ന ഏവരും ഏകസ്വരത്തിൽ ഏറ്റുപറയുമെന്നതിൽ സംശയമില്ല. "എന്റെ ധൂർത്തിനെയോർത്തു ജനങ്ങൾ കരയുന്നതിനെക്കാൾ ഞാൻ ഇഷ്ടപ്പെടുന്നത് എന്റെ



www.malankaralibrary.com

പിശുക്കോർത്ത് അവർ പരിഹസിക്കുന്നതാണ്" എന്ന സ്വീഡനിലെ രാജാവായിരുന്ന ഓസ്കർ ഫ്രെഡറിക്കിന്റെ വാക്കുകൾ വന്ദ്യ മോൺ. അലക്സാണ്ടർ പയ്യമ്പള്ളിൽ അച്ചന്റെയും കൂടിയാണെന്നതിൽ സംശയമില്ല. ബാല്യത്തിൽ പിതൃമാതാവിന്റെ മടിയിൽ കിടന്നുകേട്ടു പഠിച്ച 'മകനേ... നീ എത്രത്രോളം ഉന്നതനാണോ അത്രമാത്രം വിനീതനാവുക; അപ്പോൾ കർത്താവിന്റെ കൃപയ്ക്കു നീ പാത്രമാകും" (പ്രഭാഷകൻ 3:18). ദൈവവചനം ഹൃദയത്തിൽ കൊണ്ടുനടന്നിരുന്ന അദ്ദേഹം ദൈവകൃപയ്ക്ക് പാത്രമായതിന്റെ നാൾവഴികളാണ് മുൻതാളുകളിൽ കണ്ടത്.


നേരിൽ കണ്ടും കേട്ടും വായിച്ചും മനസിലാക്കിയിട്ടുള്ളതും വെണ്ണിക്കുളം, എരുമേലി, വെച്ചൂച്ചിറ, ചെങ്ങരൂർ, ഓതറ തുടങ്ങിയ പള്ളികളിലെയും സൺഡേസ്കൂൾ, പുഷ്പഗിരി മെഡിക്കൽ കോളജ് തുടങ്ങിയിടങ്ങളിലെയും രേഖകളും പ്രസിദ്ധീകൃത സ്മരണികകളും പവ്വത്തിക്കുന്നേൽ–പാലയ്ക്കാമണ്ണിൽ കുടുംബചരിത്രഗ്രന്ഥങ്ങളും പുഷ്പഗിരി ആശുപത്രിയിൽ സേവനം ചെയ്തിട്ടുള്ള സിസ്റ്റർ ലൂസി SIC, സിസ്റ്റർ ടെറസിറ്റ SIC, സിസ്റ്റർ എമിലി SIC, സിസ്റ്റർ പേഷ്യൻസ് SIC, സിസ്റ്റർ ലിസ്യു SIC, സിസ്റ്റർ പ്രസില്ല SIC, മോൺസിഞ്ഞോറിന്റെ സഹോദരൻ പയ്യമ്പള്ളിൽ ശ്രീ. കെ.എം. എബ്രഹാം തുടങ്ങിയവരിൽ നിന്നും ലഭിച്ച വിവരങ്ങളും മേരിഗിരി അരമനയിൽ നിന്നും ലഭ്യമായ രേഖകളും വിവരങ്ങളുമാണ് ഈ ലേഖനത്തിന്റെ ഇന്ധനം. തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ തിരുത്തലിന് വിധേയമാണെന്ന് പിൻമൊഴി.

*വൈദികരും സമർപ്പിതരും ചൂണ്ടുപലകകളും വഴിവിളക്കുകളും. എത്രയോ ചൂണ്ടുപലകകൾ ദ്രവിച്ചുപോയിരിക്കുന്നു. അതിന്റെ പേരിൽ ആരും വഴി നടക്കാറില്ലേ? എത്രയോ വഴിവിളക്കുകൾ കത്താതെ കേടായിരിക്കുന്നു. അതുകൊണ്ട് നാം വഴിനടക്കാതെ നില്ക്കുകയോ ?*

*ആത്മീയതവിട്ട് ഭൗതികതയുടെ പിന്നാലെ പോകുമ്പോൾ ചൂണ്ടുപലക ദ്രവിക്കും, വഴിവിളക്ക് കെടും. കടയിലെ ഒരു ആപ്പിൾ ചീഞ്ഞതിന്റെ പേരിൽ മറ്റ് ആപ്പിളുകൾ എടുത്തുകളയുമോ ?*



www.malankaralibrary.com



# ബഹു. ജോർജ്ജ് വർഗ്ഗീസ് പാലത്തിങ്കൽ അച്ചൻ

**തുടക്കം**

വിവിധ അജപാലന ശുശ്രൂഷാവേദികളിലെ സമർപ്പണത്തിലൂടെയും കഠിനാദ്ധ്വാനത്തിലൂടെയും മലങ്കര സുറിയാനി കത്തോലിക്കാ സഭയെ വളർത്തിയ ബഹു. ജോർജ്ജ് വർഗ്ഗീസ് പാലത്തിങ്കൽ അച്ചന്റെ ജീവിതത്തിലേക്കും ശുശ്രൂഷകളിലേക്കുമുള്ള ഒരു എത്തിനോട്ടമാണ് ഈ ലേഖനം. ഏതെല്ലാം ശുശ്രൂഷകൾ സഭ അദ്ദേഹത്തെ ഭരമേല്പിച്ചുവോ അവയെല്ലാം നൂറ് ശതമാനം ആത്മാർത്ഥമായും വിജയകരമായും പൂർത്തിയാക്കിയ ചരിത്രമാണ് അദ്ദേഹത്തിന്റേത്. മുഖപക്ഷമില്ലാതെ അഭിപ്രായങ്ങൾ പറയാനും അപ്രീതിനോക്കാതെ തീരുമാനങ്ങൾ കൈക്കൊള്ളാനും സഭയുടെ വളർച്ചക്ക് നല്ലതെന്നു ബോദ്ധ്യപ്പെടുന്നവ നടപ്പിലാക്കുവാനും അദ്ദേഹം കാണിച്ച ആർജ്ജവം സഭയുടെ കെട്ടുപണിയിൽ ഏറെ പ്രയോജനപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ നിലപാടുകളിലെ കാർക്കശ്യം ആരംഭത്തിൽ ചിലപ്പോൾ അപ്രിയമെന്നുതോന്നിയാലും അതായിരുന്നു ശരിയും കരണയീയവുമെന്ന് കാലം തെളിയിച്ചിട്ടുള്ളതായാണ് ചരിത്രം. ചിട്ടയും ക്രമവും കൃത്യതയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ മുഖമുദ്രയായിരുന്നു. സാമ്പത്തിക ആസൂത്രണവും പണം വ്യയം ചെയ്യുന്നതിലെ കൃത്യതയും സുതാര്യതയും അദ്ദേഹം കൈകാര്യം ചെയ്ത മേഖലകളെയെല്ലാം വിജയമാക്കിയെന്നത് എല്ലാവരുടെയും അനുഭവമാണ്. അതുകൊണ്ടുതന്നെയല്ലേ അദ്ദേഹം രൂപതയുടെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന പ്രൊക്കുറേറ്റർ ആയി രണ്ട് പ്രാവശ്യം നിയമിക്കപ്പെട്ടത് എന്ന് തോന്നിപ്പോകുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് തനതായ മേജർ സെമിനാരി സ്ഥാപിത



www.malankaralibrary.com

മായപ്പോൾ അതിന്റെ ആദ്യ പ്രൊക്കുറേറ്റർ ആയി നിയമിതനായത് അദ്ദേഹമാണെന്നറിയുമ്പോൾ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അദ്ദേഹത്തിന്റെ പ്രാഗത്ഭ്യം സഭയിലാകമാനം അംഗീകരിക്കപ്പെട്ട യാഥാർത്ഥ്യമായിരുന്നു എന്ന് വ്യക്തമാണ്. സഭാതലത്തിലും, രൂപതയിലും സ്ഥാപനങ്ങളിലും, ഇടവകകളിലുമെല്ലാം അദ്ദേഹത്തിന്റെ ശുശ്രൂഷ എന്നും വേറിട്ടതായിരുന്നു. അതിലേയ്ക്കെല്ലാമുള്ള ഒരു എത്തിനോട്ടമാണ് ഈ ലേഖനം.

**കുടുംബം, ബാല്യം**

നിരണം പാലത്തിങ്കൽ കുടുംബസ്ഥാപകൻ കുറവിലങ്ങാട്ടു നിന്നും രണ്ട് നൂറ്റാണ്ടുകൾക്ക് മുൻപ് നിരണത്ത് എത്തിയതായാണ് വാമൊഴി. നിരണത്ത് കളരിക്കാരൻപറമ്പിലാണ് ആ പിതാവ് ആദ്യമായി വന്ന് താമസിച്ചത്. അവിടെ നിന്നും പിന്നീടുള്ള തലമുറകളിൽപെട്ടവർ ചുറ്റുപാടുമുള്ള സ്ഥലങ്ങളിലേക്കും ഉദ്യോഗാർത്ഥം വിദൂര സ്ഥലങ്ങളിലേക്കും മാറി താമസിച്ചു. കുറവിലങ്ങാട്ടുനിന്നും നിരണത്തു വന്നു താമസിച്ച പിതാവിന്റെ അഞ്ചാം തലമുറയിൽപ്പെട്ട പി. വി. വർഗീസിന്റെയും കോഴഞ്ചേരി തെവർവേലിൽ മറിയാമ്മയുടെയും സീമന്തപുത്രനാണ് ബഹു. ജോർജ്ജ് വർഗീസ് പാലത്തിങ്കൽ അച്ചൻ. ജനനം 1927 ജൂലൈ 26-ാം തീയതി. അച്ചന്റെ പിതാവ് ആലപ്പുഴയിൽ നാഷണൽ ക്വയ്ലോൺ ബാങ്കിലെ ചീഫ് കാഷ്യർ ആയിരുന്നു. ബാങ്കിന്റെ പ്രവർത്തനം നിലച്ചപ്പോൾ ആലപ്പുഴയിൽ തന്നെ കണ്ടത്തിൽ മാമ്മൻമാപ്പിളയുടെ വ്യാപാര സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു. ഈ കാലഘട്ടത്തിൽ ആലപ്പുഴയിൽ യാക്കോബായ ഇടവക രൂപീകരിക്കുവാൻ നേതൃത്വം നല്കി. ബഹു.പാലത്തിങ്കൽ അച്ചന്റെ ജ്ഞാനസ്നാനം ആലപ്പുഴ യാക്കോബായ പള്ളിയിൽ ആയിരുന്നു. മാമോദീസാ പേര് ജോർജ്ജ്, വിളിപ്പേര് കുഞ്ഞൂഞ്ഞ്. അച്ചന് ആറ് വയസ്സുള്ളപ്പോൾ മാതാവ് നിര്യാതയായി. പിന്നീട് അച്ചന്റെ പിതാവും കുടുംബവും നിരണത്തേക്ക് മടങ്ങി. നാട്ടിൽ എത്തി ഇലക്ട്രിക്കൽ സാധനങ്ങൾ വില്ക്കുന്ന കട തുടങ്ങി, അതിനുശേഷം പൊതുവിതരണക്കട (റേഷൻ കട) നടത്തിയിരുന്നു. പിതാവ് പുനഃവിവാഹം നടത്തി. ആദ്യ വിവാഹത്തിൽ മൂന്ന് ആൺമക്കൾ, പുനഃവിവാഹത്തിൽ രണ്ട് ആൺ മക്കളും രണ്ട് പെൺമക്കളും. സഹോദരങ്ങൾ തോമസ് വർഗീസ് (അനിയൻ) ഐസക് വർഗീസ് (രാജു), ഏബ്രഹാം വർഗീസ് (അവറാച്ചൻ), മാമൻ പി. വർഗീസ് (തമ്പി), ആലീസ്, അന്നമ്മ (ബാവ). വിദ്യാഭ്യാസം നേടി സർക്കാർ ജോലിയും കമ്പനിജോലികളും നേടുക പാലത്തുങ്കൽ കുടുംബാംഗങ്ങളുടെ പ്രത്യേകതയായിരുന്നു. മലങ്കര



www.malankaralibrary.com

പുനരൈക്യസംഭത്തിന്റെ തുടക്കത്തിൽ 1931 – ൽ ബഹു. അച്ചന്റെ കുടുംബം പുനരൈക്യപ്പെട്ട് പരിശുദ്ധ കത്തോലിക്കാ സഭയിൽ ചേർന്ന് നിരണം ആലന്തുരുത്തി പള്ളി രൂപപ്പെട്ടപ്പോൾ അവിടെ ഇടവകയും ചേർന്നു.

1943 – ൽ ഈ. എസ്സ്. എൽ. സി ഉയർന്ന മാർക്കോടുകൂടി പാസ്സായി. ബാല്യകാലത്തിൽ താൻ നേരിട്ടറിഞ്ഞ മലങ്കര പുനരൈക്യത്തോടുള്ള തീഷ്ണത വൈദിക ജീവിതത്തോട് അദ്ദേഹത്തിൽ ആഭിമുഖ്യമുളവാക്കി. 1943 ജൂൺ ഒന്നാം തീയതി തിരുവല്ലാ ചെറുപുഷ്പഗിരിയിലെത്തി വൈദികപഠനത്തിനു ചേർന്നു. അഭി. ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ സെമിനാരിയിലേക്ക് സ്വീകരിച്ചു. നിരണം ഇടവകക്കാരൻ തന്നെയായിരുന്ന ബഹു. തോമസ് പാഴൂർ അച്ചനായിരുന്നു സെമിനാരി റെക്ടർ. രണ്ട് വർഷത്തെ ആദ്ധ്യാത്മിക പരിശീലനത്തിനും ഭാഷാപഠനത്തിനും ശേഷം തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾക്കായി ശ്രീലങ്കയിലെ കാൻഡി പേപ്പൽ സെമിനാരിയിലേക്ക് അയയ്ക്കപ്പെട്ടു. ബാല്യം മുതൽ പഠനത്തിൽ മികവുപുലർത്തിയിരുന്ന ബ്രദർ ജോർജ് സെമിനാരി പഠനം വിജയകരമായി പൂർത്തിയാക്കി 1952 ഓഗസ്റ്റ് 24-ാം തീയതി കാൻഡി സെമിനാരിയിൽ വച്ച് ബിഷപ്പ് ഇഗ്നേഷ്യസ് ഗ്ലെന്നിൽ നിന്ന് വൈദികാഭിഷേകം സ്വീകരിച്ചു. പിറ്റെദിവസം സെമിനാരി ചാപ്പലിൽ പ്രഥമ ദിവ്യബലിയും അർപ്പിച്ചു. വൈദികാഭിഷേകത്തിനുശേഷം നാല് മാസത്തെ പ്രായോഗിക അജപാലന പരിശീലനവും നേടി 1952 ഡിസംബർ എട്ടാം തീയതി രൂപതയിൽ മടങ്ങിയെത്തി.

**അജപാലന രംഗത്തേക്ക്**

നവവൈദികന്റെ പ്രഥമനിയമനം മൈനർ സെമിനാരിയുടെ റെക്ടർ ആയിട്ടായിരുന്നു. സെമിനാരിയുടെ ചരിത്രത്തിലെ ഏറ്റവും ചെറുപ്പക്കരനായ റെക്ടർ. രൂപതാധികാരികൾ നവ വൈദികനിൽ എന്തുമാത്രം പ്രതീക്ഷ അർപ്പിച്ചിരുന്നു എന്നുള്ളതിന്റെ തെളിവായിരുന്നു പ്രസ്തുത നിയമനം. ഒരു വർഷം മാത്രമെ അന്ന് ചുമതല വഹിച്ചുള്ളു എങ്കിലും സെമിനാരിയുടെ ചരിത്രത്തിലെ ശ്രദ്ധേയമായ കാലമായിരുന്നു അത്. സെന്റ് ജോൺസ് കത്തീഡ്രൽ അങ്കണത്തിൽ ആരംഭിച്ച് ചെറുപുഷ്പഗിരിയിലേക്ക് പറിച്ചുനടപ്പെട്ട മൈനർ സെമിനാരി 1953 നവംബറിൽ മേരിഗിരിയിലേക്ക് മാറ്റി സ്ഥാപിക്കുക എന്ന ചുമതല യുവ റെക്ടർ ഭംഗിയായി നിർവ്വഹിച്ചു. പോളച്ചിറയ്ക്കൽ ബഹു. ചെറിയാൻ അച്ചൻ 1954 ഏപ്രിൽ 22-ാം തീയതി മെത്രാനായി അഭിഷിക്തനായപ്പോൾ ചടങ്ങുകളുടെ സംഘാടകനും യുവറെക്ടർ ആയിരുന്നു. റെക്ടർ ആയിരിക്കു



www.malankaralibrary.com

മ്പോൾതന്നെ രൂപതയുടെ പ്രൊക്കുറേറ്റർ ആയും അദ്ദേഹം ചുമതല വഹിച്ചിരുന്നു. 1954 മേയ് 15-ാം തീയതി വരെ പ്രസ്തുത ചുമതലകൾ അദ്ദേഹം വഹിച്ചു. വീണ്ടും 1979 - ൽ അന്നത്തെ റെക്ടർ ബഹു. ഈപ്പൻ നെച്ചിക്കാട്ടിൽ അച്ചന്റെ അപകട മരണത്തെതുടർന്ന് ഒക്ടോബർ 27 മുതൽ 1981 ഫെബ്രുവരി 24 വരെ ബഹു. പാലത്തിങ്കൽ അച്ചൻ റെക്ടറിന്റെ ചുമതലവഹിച്ചിരുന്നു. രൂപതാ പ്രൊക്കുറേറ്ററിന്റെ ചുമതലയും അദ്ദേഹം 1958 ഏപ്രിൽ 20 മുതൽ 1964 വരെ വീണ്ടും വഹിക്കുകയുണ്ടായി. രണ്ടാം പ്രാവശ്യം പ്രൊക്കുറേറ്റർ ആയിരിക്കുമ്പോൾ 1959 ഏപ്രിൽ 21 വരെ പാണ്ടനാട്, തിരുവൻവണ്ടൂർ ഇടവകകളിലും 1961 ഏപ്രിൽ 22 മുതൽ 1962 ഏപ്രിൽ ഏഴ് വരെ പുളിക്കീഴ് ഇടവകയിലും 1961 ഏപ്രിൽ 22 മുതൽ 1963 മേയ് നാല് വരെ തലവടി വടക്ക് തലവടിതെക്ക് ഇടവകകളിലും എടത്വ മിഷനിലും വികാരിയായിരുന്ന ബഹു. പാലത്തിങ്കൽ അച്ചനാണ് പാണ്ടങ്കരി ഇടവക ആരംഭിക്കുന്നത്. ഏതാനും വർഷങ്ങൾകൊണ്ട് ഇടവകയെ അദ്ദേഹം ബലവത്തായ വിശ്വാസ അടിത്തറയിൽ ഉറപ്പിച്ചു.

1967 മേയ് 23-ാം തീയതി മുതൽ അദ്ദേഹം പുഷ്പഗിരി ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്ററായി നിയമിതനായി. ബഹു. അലക്സാണ്ടർ പയ്യംപള്ളിൽ അച്ചനിൽ നിന്നും ചുമതലയേറ്റ അദ്ദേഹം 1969 ഏപ്രിൽ 18 വരെ പ്രസ്തുത ചുമതല വഹിച്ചു. അദ്ദേഹത്തിന്റെ നേതൃത്വകാലത്താണ് വിദേശ ഡോക്ടർമാരുടെ സേവനം അവസാനിക്കുന്നതും, നഴ്സിംഗ് സ്കൂൾ ആരംഭിക്കുന്നതും. പുഷ്പഗിരിയിൽ നിന്നും 1969 ഏപ്രിൽ 20 -ാം തീയതി മുതൽ നെടുമ്പ്രം, അമിച്ചകരി, ഇടവകകളുടെ വികാരിയായി നിയമിതനായി. തലവടി തെക്ക്, പാണ്ടങ്കരി എന്നീ ഇടവകകളുടെ ചുമതല രണ്ടാം പ്രാവശ്യവും ഏറ്റെടുത്തു. ബഹു. ജോൺ കമുകുംപ്ലാക്കൽ അച്ചനെ അസോസിയേറ്റ് വികാരിയായും നിയമിച്ചു. 1971 മേയ് വരെ അവിടെ ശുശ്രൂഷചെയ്ത അദ്ദേഹം ഉന്നത പഠനത്തിനായി 1971 ഒക്ടോബറിൽ റോമിലേയ്ക്ക് പോയി. സഭാനിയമത്തിൽ ബിരുദാനന്തര ബിരുദം നേടി 1974 സെപ്റ്റംബറിൽ രൂപതയിൽ മടങ്ങിയെത്തി. തുടർന്നുള്ള നിയമനം കുന്ദംകുളം വൈദികജില്ലയുടെ ജില്ലാവികാരിയായിട്ടും പീച്ചീ മാന്ദാമംഗലം ഇടവകകളുടെ വികാരിയായിട്ടും ആയിരുന്നു. 1975 ഏപ്രിൽ 20 -ാം തീയതി വരെ അവിടെ സേവനംചെയ്തു. തുടർന്ന് രൂപതയുടെ ചാൻസിലർ, രൂപതാസെക്രട്ടറി എന്നീചുമതലകൾ 1975 ഏപ്രിൽ 21 മുതൽ ഏറ്റെടുത്തു. ഇതേസമയം 1976- 1977 വർഷങ്ങളിൽ നിരണം പടിഞ്ഞാറ്, പാണ്ടങ്കരി ഇടവകകളിൽ വികാരിയായും (താമസം നിരണം പടിഞ്ഞാറ്) 1977 മേയ് 31 മുതൽ 1979 ഫെബ്രുവരി 20 വരെ നെടുമ്പ്രത്ത് താമസി



www.malankaralibrary.com

ച്ചുകൊണ്ട് നെടുമ്പ്രം അമിച്ചകരി ഇടവകകളുടെ വികാരിയായും ശുശ്രൂഷ ചെയ്തു. 1975 മേയ് ഒന്ന് മുതൽ 1983 ജൂൺ 16 വരെ രൂപതയിലെ സ്കൂളുകളുടെ മാനേജർ ആയും പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ സേവനകാലത്താണ് അദ്ധ്യാപക നിയമനത്തിന് തിരുവല്ലാ രൂപതാംഗങ്ങൾക്ക് പ്രത്യേക പരിഗണന നല്കിത്തുടങ്ങിയത്. ബഹു. അച്ചന്റെ പ്രത്യേക താല്പര്യപ്രകാരവും ശ്രമഫലവുമായിട്ടുമാണ് സെന്റ് ജോൺസ് കോളേജ് തിരുവല്ലായിൽ ആരംഭിച്ചത്.

തിരുവല്ലാ രൂപതയുടെ നാലാമത്തെ അദ്ധ്യക്ഷനായി അഭി. ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്ത 1978 ഡിസംബർ 28-ാം തീയതി ചുമതലയേറ്റതിനെ തുടർന്ന് ബഹു. ജോർജ്ജ് വർഗീസ് പാലത്തുങ്കൽ അച്ചനെ രൂപതയുടെ വികാരി ജനറാൾ ആയി നിയമിച്ചു. 1979 ഫെബ്രുവരി 21-ാം തീയതി അദ്ദേഹം ഔദ്യോഗികമായി ചുമതലയേറ്റു. 1983 ജൂൺ 20 വരെ വികാരി ജനറാൾ എന്നനിലയിൽ രൂപതയിൽ ശുശ്രൂഷ ചെയ്തു. 1983 -ൽ മലങ്കര സഭയുടെ ചിരകാലാഭിലാഷമായിരുന്ന മേജർ സെമിനാരി സഫലമായപ്പോൾ സെമിനാരിയുടെ പ്രഥമ പ്രൊക്കുറേറ്ററായി അദ്ദേഹം നിയമിതനായി. 1983 ജൂൺ 20 മുതൽ 1987 മേയ് 15 വരെ സെമിനാരിയിൽ പ്രൊക്കുറേറ്ററായും അദ്ധ്യാപകനായും അദ്ദേഹം പ്രവർത്തിച്ചു. ഇതേ കാലയളവിൽ 1984 ഒക്ടോബർ 27 മുതൽ 1987 മാർച്ച് രണ്ട് വരെ പ്ലാങ്കമൺ, തേക്കുങ്കൽ ഇടവകകളിലും , 1987 മാർച്ച് രണ്ട് മുതൽ മേയ് 10 വരെ പെരങ്ങര ഇടവകയിലും വികാരിയായും ശുശ്രൂഷ ചെയ്തു. തിരുവനന്തപുരം മേജർ സെമിനാരിയിൽ താമസിച്ചുകൊണ്ട് തിരുവല്ലായിൽ എത്തി ഇടവകകളിൽ സേവനം ചെയ്യുക തീഷ്ണമതിയായ ഒരു മിഷനറിക്കു മാത്രം സാധിക്കുന്ന സേവനം. 1987 മേയ് 10 മുതൽ അദ്ദേഹം തിരുമൂലപുരം ഇടവകയിൽ വികാരിയായി ചുമതലയേറ്റു. 1989 മേയ് 13 വരെ അവിടെ ശുശ്രൂഷ ചെയ്തു. തിരുമൂലപുരം ഇടവക സെമിത്തേരിയിൽ കല്ലറസമുച്ചയം നിർമ്മിച്ചത് അച്ചന്റെ ശുശ്രൂഷാകാലത്തായിരുന്നു. ഇവിടെ വികാരിയായിരിക്കുമ്പോഴാണ് അച്ചന് ഹൃദയസംബന്ധമായ അസുഖം ഉണ്ടാകുന്നത്. അതിനാൽ അദ്ദേഹം താമസം സഹോദരന്മാരോടൊപ്പം ചെങ്ങരൂരിലേക്ക് മാറിയിരുന്നു. പിന്നീട് അദ്ദേഹത്തിന് ഹൃദയശസ്ത്രക്രിയ നടത്തുകയും വിദഗ്ദ പരിചരണം ലഭിക്കുന്നതിനായി പുഷ്പഗിരി വൈദിക മന്ദിരത്തിലേക്ക് താമസം മാറുകയും ചെയ്തു. ആരോഗ്യം വീണ്ടെടുക്കുന്നതിനായി വിശ്രമസമയത്ത് വീണ്ടും അദ്ദേഹം താമസം സഹോദരന്മാരോടൊപ്പം ഭവനത്തിലേക്ക് മാറി. ആരോഗ്യം വീണ്ടെടുത്ത അദ്ദേഹം 1992 മാർച്ച് മാസം മുതൽ ആറ് വർഷക്കാലം



www.malankaralibrary.com

1998 മാർച്ച് വരെ പായിപ്പാട് ഇടവകയിൽ വികാരിയായി ശുശ്രൂഷ നിർവ്വഹിച്ചു. അച്ചന്റെ ശുശ്രൂഷാക്കാലത്ത് ഇടവകയിലെ രജിസ്റ്ററുകൾ കൃത്യതപ്പെടുത്തിയതായും കണക്കുകളും പണമിടപാടുകളും ഏറ്റവും കൃത്യതയോടും സുതാര്യമായും കൈകാര്യം ചെയ്യുവാനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കിയിരുന്നതായും ഇടവകജനങ്ങൾ ഇന്നും അനുസ്മരിക്കുന്നുണ്ട്. വീണ്ടും അദ്ദേഹം കുറേനാൾ പുഷ്പഗിരി വൈദിക മന്ദിരത്തിൽ വന്ന് താമസിച്ചു. ഈ സന്ദർഭത്തിൽ ബഹു. അലക്സ് തേവർവേലിൽ അച്ചൻ (തമ്പിയച്ചൻ) വികാരി സ്ഥാനത്തുനിന്നു മാറിയതിനെ തുടർന്ന്, 2001 ഓഗസ്റ്റ് 30 മുതൽ 2002 ഫെബ്രുവരി ഒൻപതാം തീയതി വരെ സ്വന്തം ഇടവകയായ നിരണം കിഴക്ക് (ആലന്തുരുത്തി) ഇടവകയുടെ വികാരിയായും ശുശ്രൂഷ ചെയ്തു. എഴുപത്തിഅഞ്ച് വയസ് പൂർത്തിയാക്കിയ അദ്ദേഹം ഔദ്യോഗിക ശുശ്രൂഷയിൽ നിന്ന് വിരമിച്ച് ചെങ്ങരൂരിൽ സ്വസഹോദരന്മാരുടെ കുടുംബങ്ങളോടൊപ്പം വിശ്രമ ജീവിതം നയിച്ചു. ഈ അവസരത്തിലും ആവശ്യനുസരണം വിവിധ ഇടവകകളിൽ വൈദികരെ സഹായിക്കാൻ എപ്പോഴും തയ്യാറായിരുന്നു. 2007 ജൂലൈ രണ്ടാം തീയതി രാത്രി 11. 45 ന് എൺപതാം വയസ്സിൽ അദ്ദേഹം ഡയറക്ടറായി വളർത്തിയ, പുഷ്പഗിരി ആശുപത്രിയിൽ വച്ച് ഈലോകവാസം പൂർത്തിയാക്കി നിത്യതയിലേക്ക് പ്രവേശിച്ചു. ജൂലൈ ഒൻപതാം തീയതി രാവിലെ ഭവനത്തിൽ വച്ചുള്ള പ്രാർത്ഥനകൾക്കുശേഷം നഗരികാണിക്കൽ ശുശ്രൂഷയെ തുടർന്ന് ചെങ്ങരൂർ ദൈവാലയത്തിൽ എത്തിച്ച് ശുശ്രൂഷകൾക്കുശേഷം ആരാധനാ ചാപ്പലിൽ പ്രത്യേകം വൈദികർക്കായി തയ്യാറാക്കിയിരിക്കുന്ന കബർ സെല്ലിൽ അടക്കം ചെയ്തു.

**മലങ്കര സഭയെ നെഞ്ചിലേറ്റിയ പുരോഹിതൻ**

മനസ്സിന്റെ ശ്രീകോവിലിൽ മലങ്കര സഭയെ പ്രതിഷ്ഠിച്ചവനായിരുന്നു ബഹു. പാലത്തിങ്കൽ അച്ചൻ. നാലാമത്തെ വയസ്സിൽ പുനഃരൈക്യപ്പെട്ട് യാക്കോബായ - ഓർത്തഡോക്സ് മാർതോമ്മാ സഭകളുടെ ശക്തി കേന്ദ്രമായ നിരണം പ്രദേശത്ത് വളർന്ന പാലത്തിങ്കൽ അച്ചനിൽ മലങ്കര പുനരൈക്യത്തോടും മലങ്കര സുറിയാനി കത്തോലിക്കാ സഭയോടും വലിയ ഹൃദയ അടുപ്പം രൂപപ്പെട്ടതിൽ അത്ഭുതത്തിനവകാശമില്ല. വൈദികനായതിനുശേഷം സഭയ്ക്കുവേണ്ടി ഏതൊരു ശുശ്രൂഷയും, എത്ര ഭാരമേറിയതായിരുന്നാലും, ഏറ്റെടുക്കാനും അദ്ദേഹത്തിന് മടിയില്ലായിരുന്നു. ഒരേ സമയം അഞ്ച് ഇടവകകളുടെ ചുമതലവരെ അദ്ദേഹം വഹിച്ചിരുന്നത് ശ്രദ്ധേയമാണ്. പരിമിതികളുടെയും പരാധീനതകളുടെയും മദ്ധ്യേ സന്തോഷത്തോടെ ഏത് അജപാലന ശുശ്രൂഷയും ഏറ്റെടുക്കു



www.malankaralibrary.com

വാൻ തയ്യാറായിരുന്ന അദ്ദേഹം മൈനർ സെമിനാരി റെക്ടർ ആയിരിക്കുമ്പോൾ തന്നെ രൂപതയുടെ പ്രൊക്കുറേറ്ററിന്റെ ചുമതലയും രണ്ട് ഇടവകകളുടെ വികാരിസ്ഥാനവും വഹിക്കുക എന്ന ഏറെ ക്ലേശകരമായ ദൗത്യം സന്മനസ്സോടെ നിറവേറ്റിയിരുന്നു. വികാരിജനറാൾ ആയിരിക്കുമ്പോൾ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ മാനേജർസ്ഥാനവും ബഹു. ഈപ്പൻ നെച്ചിക്കാട്ടിൽ അച്ചന്റെ ആകസ്മിക നിര്യാണത്തെ തുടർന്ന് മൈനർ സെമിനാരി റെക്ടർസ്ഥാനവും കൂടി വഹിച്ചിരുന്നു. സ്കൂളുകളുടെ മാനേജരായി പ്രവർത്തിച്ചിരുന്നപ്പോൾ മലങ്കര സഭയിൽപെട്ടവർക്ക് കഴിവതും ജോലിനല്കുവാൻ അദ്ദേഹം ഏറെ ശ്രദ്ധിച്ചിരുന്നത് മുൻപ് സൂചിപ്പിച്ചുവല്ലൊ. തിരുവനന്തപുരം മലങ്കര മേജർ സെമിനാരിയിൽ പ്രൊക്കുറേറ്ററും അദ്ധ്യാപകനുമായിരുന്ന അവസരത്തിൽ പ്ലാങ്കമൺ തേക്കുങ്കൽ, പെരിങ്ങര ഇടവകകളുടെ വികാരിയായും സേവനം ചെയ്തിരുന്നു. തിരുവനന്തപുരത്തുനിന്നും എല്ലാആഴ്ചയും തിരുവല്ലായിലെത്തി ഇടവകകൾ നടത്തുക അച്ചന് അല്പംപോലും ബുദ്ധിമുട്ടായിരുന്നില്ല. ഹൃദയശസ്ത്രക്രിയകഴിഞ്ഞ് ഭവനത്തിൽ വിശ്രമിക്കുമ്പോഴും പൊതുയാത്രാമാദ്ധ്യമങ്ങളുപയോഗിച്ച് പായിപ്പാട്ട് എത്തി ഇടവക നടത്താനും, അതും ആറ് വർഷക്കാലം അദ്ദേഹം തയ്യാറായിരുന്നു. ഇതെല്ലാം വെളിവാക്കുന്നത് ഒന്നുമാത്രം. തനിക്ക് ജീവിതത്തിൽ മറ്റെന്തിനേക്കാൾ പ്രധാനം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വളർച്ചയായിരുന്നു എന്നതാണ്.

വ്യക്തിജീവിതത്തിലും ഔദ്യോഗിക ജീവിതത്തിലും കൃത്യത പാലിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അജപാലന ശുശ്രൂഷയുടെ ഏത് മേഖലയിലായിരുന്നാലും അവിടെയെല്ലാം രജിസ്റ്ററുകളും, രേഖകളും, കണക്കുകളും കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കാനും സുതാര്യമായിരിക്കാനും ഓരോദിവസവും ചെയ്യേണ്ട കാര്യങ്ങൾ അന്നന്ന് ചെയ്ത് തീർക്കുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു എന്ന് മാത്രമല്ല തന്നോടൊപ്പം പ്രവർത്തിക്കുന്നവരും അങ്ങനെയായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബ്ബന്ധവുമുണ്ടായിരുന്നു. അദ്ദേഹം വ്യക്തിജീവിതത്തിലേപോലെ ഔദ്യോഗിക ജീവിതത്തിലും ലാളിത്യവും മിതവ്യയവും പാലിച്ചിരുന്നു. ഇടവകകളിലും രൂപതയിലും അദ്ദേഹം നടത്തിയ നിർമ്മാണങ്ങളിലെല്ലാം ഇത് ദൃശ്യമായിരുന്നു. ഏതൊരു കാര്യത്തിലും സഭയുടെയും രൂപതയുടെയും നയം എന്തോ അതിൽ നിന്ന് അല്പംപോലും വ്യതിചലിക്കാതെ കാര്യങ്ങൾ ചെയ്യുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു എന്നുമാത്രമല്ല മറ്റുള്ളവരും അങ്ങനെയായിരിക്കണമെന്ന് നിർബ്ബന്ധിക്കുകയും ചെയ്തിരുന്നു. അദ്ദേ



www.malankaralibrary.com

ഹത്തിന്റെ പ്രത്യേക പഠനഗവേഷണ മേഖല സഭാനിയമമായിരുന്നതിനാൽ എന്തുകാര്യമായാലും അത് സഭാനിയമങ്ങൾക്ക് ചേർന്നവിധമായിരിക്കണമെന്നും അദ്ദേഹം ശഠിച്ചിരുന്നു. അതുകൊണ്ടുതന്നെ പലപ്പോഴും പലരും അദ്ദേഹത്തെ ഒരു കാർക്കശ്യക്കാരനായും 'നിമയസിദ്ധാന്ത' ക്കാരനായും കണ്ടിരുന്നു. സഭയ്ക്കുവേണ്ടി അങ്ങനെ കരുതപ്പെടുന്നതിൽ അദ്ദേഹത്തിന് പരിഭവവുമില്ലായിരുന്നു.

**സമാപ്തി**


ആറാമത്തെ വയസ്സിൽ ആകസ്മികമായി അമ്മയെ നഷ്ടപ്പെട്ടതുമുതൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയെ അമ്മയായി വരിച്ച് ആ അമ്മയ്ക്കുവേണ്ടി ജീവിതം മുഴുവൻ സമർപ്പിച്ച് സഭ ചുമതലപ്പെടുത്തിയ ശുശ്രൂഷാവേദികളിലൂടെയെല്ലാം സഭാമാതാവിനെ ധന്യയാക്കുവാൻ ഭയമോ പക്ഷഭേദമോ ഇല്ലാതെ ആരോഗ്യം അനുവദിക്കുന്നിടത്തോളം കാലം കഠിനാദ്ധ്വാനം ചെയ്ത ബഹു. ജോർജ്ജ് വർഗീസ് പാലത്തിങ്കൽ അച്ചൻ അനുകരണാർഹമായ അനേക മാതൃകകൾ അവശേഷിപ്പിച്ചിട്ടാണ് ഈലോകജീവിതം അവസാനിപ്പിച്ചത്. കുടുംബത്തിലെ കടിഞ്ഞൂൽ പുത്രനെന്ന നിലയിൽ ആർജ്ജിതമായ അധികാര ഭവവും നിഷ്ഠയും അജപാലനജീവിതത്തിലുടനീളം ദൃശ്യമായിരുന്നു. അത് സഭയുടെ കെട്ടുപണിയിൽ ഏറെ ഉപകാരമായി ഭവിക്കുകയും ചെയ്തു. ലേഖനത്തിൽ വസ്തുതാപരമായ പിഴവുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ ചൂണ്ടിക്കാട്ടിയാൽ തിരുത്തലിനുള്ള വാതിൽ തുറന്നു കിടക്കുന്നു എന്ന് അനുവാചകരെ അനുസ്മരിപ്പിക്കട്ടെ.

*"നിങ്ങൾക്ക് തെറ്റുപിണഞ്ഞാൽ ചെയ്യാവുന്നത് മൂന്ന് കാര്യങ്ങൾ മാത്രമാണ്. അത് അംഗീകരിക്കുക, അതിൽനിന്നും പഠിക്കുക, അതൊരിക്കലും ആവർത്തിക്കാതിരിക്കുക".*

*പോൾ ബ്രാണ്ട്*



www.malankaralibrary.com



# ബഹു. ചെറിയാൻ പവ്വോത്തിക്കുന്നേൽ അച്ചൻ

**ആരംഭം**

തിരുവല്ലാരൂപതയുടെ മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പരിശീലനം നേടി വൈദികാഭിഷേകം സ്വീകരിച്ച പ്രഥമ ബാച്ചിലെ വൈദികൻ വന്ദ്യ ചെറിയാൻ പവ്വോത്തിക്കുന്നേൽ (വലിയകണ്ണത്തിൽ അച്ചൻ) അച്ചന്റെ ജീവിതത്തെയും അജപാലന ശുശ്രൂഷയെയും അടുത്തറിയാനൊരു ശ്രമമാണീ ലേഖനം. സഭയ്ക്കും സമൂഹത്തിനുംവേണ്ടി സമ്പൂർണ്ണമായി സമർപ്പിച്ചതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ''സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത് എത്ര നല്ലതും എത്ര മനോഹരവുമാകുന്നു'' എന്ന സങ്കീർത്തകന്റെ നിരീക്ഷണം എത്രയോശരിയെന്നു വെളിവാക്കുന്ന ഒരുമയും സഹകരണവും പുലർത്തിയ അഞ്ച് സഹോദരന്മാരിൽ ഇളയവനെന്ന നിലയിൽ ലഭിച്ച സഹോദരസഹകരണം സഭയുടെ വളർച്ചയ്ക്കും സമൂഹത്തിന്റെ കെട്ടുപണിക്കും വേണ്ടി വിനിയോഗിച്ചിരുന്നു അദ്ദേഹം. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വളർച്ച അദ്ദേഹത്തിന്റെ സിരാരക്തമായിരുന്നപ്പോൾ നാടിന്റെ ജനാധിപത്യസംരക്ഷണം അദ്ദേഹത്തിന്റെ ജീവവായു ആയിരുന്നു. അവരണ്ടിനുമായി അദ്ദേഹം ചെയ്ത കാര്യങ്ങൾ അദ്ദേഹത്തെ ഒരു ഇതിഹാസപുരുഷനാക്കിയിരിക്കുന്നു. വാർത്താവിനിമയ യാത്രാ സൗകര്യങ്ങൾ തുലോം പരിമിതമായിരുന്ന അന്നത്തെ സാമൂഹിക പശ്ചാത്തലത്തിൽ അദ്ദേഹം ചെയ്ത കാര്യങ്ങളും സഭയ്ക്കും നാടിനുവേണ്ടി നേടിയെടുത്ത കാര്യങ്ങളും അവിശ്വസനീയമാം വിധം അത്ഭുതകരമായിരിക്കുന്നു. പവ്വോത്തിക്കുന്നേൽ കുടുംബയോഗത്തിന്റെ നേതൃത്വം ഏറ്റെടുത്തുകൊണ്ട് കുടുംബത്തിനുവേണ്ടിയും ഏറെ കാര്യങ്ങൾ ചെയ്തിട്ടുണ്ടദ്ദേഹം. മലങ്കര സുറിനായി കത്തോലിക്കാ സഭയുടെ നിർണ്ണായക ഘട്ടത്തിൽ സഭയ്ക്കുവേണ്ടി നടത്തിയ പോരാട്ട



www.malankaralibrary.com

ത്തിന്റെ കഥയാണ് അദ്ദേഹത്തിന്റെ ചരിത്രം. സഭയുടെയും സമൂഹത്തിന്റെയും വളർച്ചക്കുവേണ്ടി തന്റെ അവസാനശ്വാസം വരെ വീറോടെ അദ്ധ്വാനിച്ച അച്ചൻ വിസ്മൃതനാകാൻ അനുവദിച്ചുകൂടാ. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യുന്നത കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ ഇപ്രകാരം നിരീക്ഷിക്കുന്നുണ്ട്. "അനുഗ്രഹീതനായ ഒരു പുരോഹിതൻ എന്ന നിലയിലും തികഞ്ഞ സാമൂഹിക നേതൃസ്ഥാനീയൻ എന്ന നിലയിലും അദ്ദേഹത്തിന്റെ ജീവിതത്തിന് ചരിത്രത്തിൽ വേറിട്ട ഒരു സ്ഥാനമുണ്ട് ". അതെ ഈ നിരീക്ഷണം പൂർണ്ണമായും സത്യമെന്ന് തുടർന്നുള്ള താളുകൾ വ്യക്തമാക്കുന്നു.

**കുടുംബപശ്ചാത്തലം**

മാർതോമ്മാശ്ലീഹായിൽ നിന്നും പാലയൂർ വച്ച് വേദം സ്വീകരിച്ച പകലോമറ്റം തറവാട്ടിലെ പിൻതുടർച്ചക്കാരാണ് പവ്വോത്തിക്കുന്നേൽ കുടുംബം. വേദം സ്വീകരിച്ച പകലോമറ്റം തറവാട്ടുകാർ കാലാന്തരത്തിൽ മതപരവും സാമൂഹികവുമായ കാരണങ്ങളാൽ പാലയൂർനിന്ന് അങ്കമാലി, കടുത്തുരുത്തി, കുറവിലങ്ങാട് പ്രദേശങ്ങളിൽ വന്ന് താമസിച്ചു. അതിൽ നിന്ന് രണ്ട് പൂർവ്വികർ അതിരമ്പുഴ പ്രദേശത്ത് എത്തി 'തെക്കേടത്ത് ' 'വടക്കേടത്ത് ' എന്നീ കുടുംബപേരുകളിൽ താമസിച്ചു. അതിൽ തെക്കേടത്ത് കുടുംബത്തിലെ നാല് പൂർവ്വികർ ചങ്ങനാശ്ശേരിയിൽ വാഴപ്പള്ളിൽ വന്ന് താമസിച്ചു. അവരിൽ ഒരാൾ പിന്നീട് പുളിങ്കുന്നിലേക്ക് താമസം മാറി. മറ്റൊരാളുടെ പിൻതലമുറക്കാരാണ് തുരുത്തിപ്രദേശത്തുള്ള 'ആലഞ്ചേരി' കുടുംബക്കാർ. മൂന്നാമത്തെ ആളിന്റെ സന്തതി പരമ്പരകളാണ് ഇത്തിത്താനത്ത് "ചാലയ്ക്കൽ" കുടുംബക്കാർ. നാലാമത്തെ ആൾ വർഗീസ് വ്യാപാരപ്രമുഖനും ചങ്ങനാശ്ശേരി കൊട്ടാരത്തിലെ ഇഷ്ടസേവകനുമായിരുന്നു. ആ കാലത്ത് മല്ലപ്പള്ളി പ്രദേശം ഇടപ്പള്ളി തമ്പുരാക്കന്മാരുടെ ഭരണസീമയിൽപെട്ട സ്ഥലമായിരുന്നു. ഇടപ്പള്ളി തമ്പുരാനുവേണ്ടി മല്ലപ്പള്ളിയുടെയും സമീപപ്രദേശങ്ങളുടെയും ഭരണം നടത്തിയിരുന്നത് "പുവനപണിക്കരാ"യിരുന്നു. പുവനപണിക്കർ ഒരിക്കൽ ചങ്ങനാശ്ശേരി കൊട്ടാരത്തിൽ വച്ച് വർഗീസിനെ കാണുകയും കൊട്ടാരത്തിലെ അനുമതിയോടെ തന്റെ അകമ്പടിക്കായി വർഗീസിനെ കൂട്ടിക്കൊണ്ടു പോരുകയും ചെയ്തു. ഭാര്യയും രണ്ട് ആൺമക്കളുമായി മല്ലപ്പള്ളിൽ എത്തിയ വർഗീസിന് താമസിക്കാനായി "പയ്യമ്പള്ളിലെ" തന്റെ നെൽപ്പുര പണിക്കർ വർഗീസിന് നല്കി. വർഗീസിന്റെ മക്കൾ ഇത്താക്കിന്റെയും ഇട്ടിയവിരായുടെയും പിൻതലമുറക്കാരാണ് വിവിധ ശാഖക



www.malankaralibrary.com

ളോടുകൂടിയ പവ്വോത്തിക്കുന്നേൽ പാലയ്ക്കാമണ്ണിൽ കുടുംബം എന്ന് അറിയപ്പെടുന്നത്. പുവനപണിക്കർ നല്കിയ ഭഗവതിക്കുന്നു പുരയിടത്തിൽ (പവ്വോത്തിക്കുന്ന് പുരയിടം) ഇത്താക്കും പാലയ്ക്കാമണ്ണിൽ പുരയിടത്തിൽ ഇട്ടിയവിരായും താമസമാക്കിയ പശ്ചാത്തലത്തിലാണ് ആദ്യം വന്നുതാമസിച്ച 'പയ്യംമ്പള്ളിൽ' എന്നതിനു പകരം പവ്വോത്തിക്കുന്നേൽ – പാലയ്ക്കാമണ്ണിൽ എന്നു കുടുംബപേര് ലഭിച്ചത്.

മല്ലപ്പള്ളിപ്രദേശത്ത് പയ്യമ്പള്ളിൽ വന്ന് താമസിച്ച വർഗീസിന്റെ ഏഴാം തലമുറയിൽപെട്ട 'ഇലവുങ്കമണ്ണിൽ' മത്തായിച്ചന്റെയും വാകത്താനത്ത് വള്ളിക്കാട്ടിൽ മാർ ഫീലക്സീനോസ് ബാവായുടെ സഹോദരപുത്രനായ 'പുല്ലുകാട്ട് ' വറീച്ചന്റെ മകൾ മറിയാമ്മയുടെയും ഏറ്റവും ഇളയ പുത്രനായി കൊല്ലവർഷം 1082 തുലാമാസം 17–ാം തീയതിയാണ് ( ഏ. ഡി. 1909) കഥാപുരുഷന്റെ ജനനം. ജനനത്തിന്റെ 42–ാം ദിവസം പിതാവ് 48–ാം വയസ്സിൽ ഹൃദയസ്തംഭനംമൂലം നിര്യാതനായി വെങ്ങലശ്ശേരി യാക്കോബായാ പള്ളി സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു. കഥാപുരുഷന് നാല് സഹോദരന്മാരും രണ്ട് സഹോദരിമാരും. കൃഷി ആവശ്യങ്ങൾക്കെടുത്തിരുന്ന കടബാദ്ധ്യതമൂലം പിതാവിന്റെ മരണശേഷം വിവിധ വിളകളാൽ സമൃദ്ധമായിരുന്ന ഇലവുങ്കൽമണ്ണ് പുരയിടം വിറ്റ് ഒഴിയേണ്ടതായി വന്നു. ബഹു. ഡൊമിനിക്ക് തോട്ടാശ്ശേരിൽ അച്ചന്റെ ഇടപെടൽ മൂലം ചങ്ങനാശ്ശേരി രൂപതയാണ് പ്രസ്തുത പറമ്പ് വാങ്ങിയത്. വെട്ടോലി മാർതോമ്മാപള്ളിക്കു സമീപത്തുള്ള പ്രസ്തുത പറമ്പ് ഇന്ന് 'മിസ്സം പറമ്പ്' എന്നറിയപ്പെടുന്നു. ഇലവുങ്കമൺ പറമ്പ് നഷ്ടപ്പെട്ട അമ്മയും മക്കളും ''വലിയകണ്ണത്തി''ലേക്ക് മാറിതാമസിച്ചു. അങ്ങനെ വലിയകണ്ണത്തിൽ എന്ന് വീട്ടുപേരും ഉണ്ടായി. അമ്മയുടെയും അഞ്ച് ആൺമക്കളുടെയും കഠിനാദ്ധ്വാനമാണ് കുടുംബത്തെ ഐശ്വര്യത്തിലേക്കും സമൃദ്ധിയിലേക്കും നയിച്ചത്. അമ്മയായ കുന്തിയും മക്കളായ പഞ്ചപാണ്ഡവന്മാരും തമ്മിലുണ്ടായിരുന്ന ഐക്യവും സഹകരണവുപോലുള്ള ഐക്യവും സഹകരണവുമാണ് ഇവിടെയും അമ്മയെയും പഞ്ചസഹോദരന്മാരെയും വളർച്ചയിലേക്ക് നയിച്ചത്.

സഹോദരങ്ങളിൽ **മൂത്തത്** പുലിക്കല്ലുംപുറത്ത് പീലിക്കുഞ്ഞ്. ഭാര്യ നൂഴുമുറി അന്നമ്മ, മക്കൾ നാല്; രണ്ട് ആണും രണ്ട് പെണ്ണും. പീലിക്കുഞ്ഞ് 1983 ലും അന്നമ്മ 1963 ലും നിര്യാതരായി. **രണ്ടാമൻ** കുട്ടിയപ്പൻ എന്ന മത്തായി തോമസ്. ഭാര്യ നെടുമ്പ്രം മുളമൂട്ടിൽ ത്രാച്ചേരിൽ ഏലിയാമ്മ, അഞ്ച് മക്കൾ; രണ്ട് ആണും മൂന്ന് പെണ്ണും. മൂത്തമകൾ മറിയാമ്മ 1939 ജൂൺ ഒന്നിന് ബഥനി മഠത്തിൽ ചേർന്നു. സിസ്റ്റർ മേരി എസ്.



www.malankaralibrary.com

ഐ. സി യായി. സിസ്റ്ററിന് പിതാവ് നല്കിയ പിതൃസ്വത്തും പിതൃസഹോദരൻ കീവർച്ചൻ സിസ്റ്ററിന് ഇഷ്ടദാനമായി നല്കിയ ഒരേക്കർ ഭൂമിയും ഉൾക്കൊള്ളുന്ന സ്ഥലത്താണ് ചെങ്ങരൂർ ബഥനി മഠം പണിതത് എന്നത് ചരിത്രം. ബഹു. ചെറിയാൻ പവ്വോത്തിക്കുന്നേൽ അച്ചനാണ് മഠത്തിന്റെ ആദ്യത്തെ കെട്ടിടം നിർമ്മിക്കാൻ നേതൃത്വം നല്കിയതും. സിസ്റ്റർ സ്കൂൾ അദ്ധ്യാപികയായിരുന്നു. ജോലിയിൽ നിന്ന് വിരമിച്ചിട്ട് സാമൂഹ്യപ്രവർത്തനത്തിൽ മുഴുകിയിരുന്ന സിസ്റ്റർ 2009 ജൂൺ 22-ാം തീയതി നിര്യാതയായി 23-ാം തീയതി തിരുമൂലപുരം ബഥനി മഠം സെമിത്തേരിയിൽ അടക്കപ്പെട്ടു. കുട്ടിയപ്പന്റെ രണ്ടാമത്തെ മകൻ ഈപ്പച്ചന്റെ മൂത്തമകൾ മോനിയമ്മയും പിൽക്കാലത്ത് 1966 ജൂണിൽ ബഥനി മഠത്തിൽ ചേർന്ന് സിസ്റ്റർ ജൊസീനാ എസ്. ഐ. സി യായി. അദ്ധ്യാപികയായി സേവനം ചെയ്തിരുന്ന സിസ്റ്റർ ഇപ്പോൾ ബത്തേരി പ്രോവിൻസിലെ അംഗമാണ്. **മൂന്നാമൻ** കീവറീച്ചൻ എന്ന മത്തായി വർഗീസ് 1900 - ൽ ജനിച്ചു. ഭാര്യ കമുകുംപ്രയാറ്റ് വല്ല്യാനക്കുഴിയിൽ ആച്ചിയമ്മ, മക്കൾ അഞ്ച് പേർ, മൂന്ന് ആണും രണ്ട് പെണ്ണും മൂത്തമകൻ മാത്യുവർഗീസ് (മാത്തുക്കുട്ടിസാർ) തിരുവല്ലാ അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിൽ അദ്ധ്യാപകനായിരുന്നു. ആനിക്കാട് സെന്റ് മേരീസ് ഹൈസ്കൂൾ പ്രധാനാദ്ധ്യാപകനായി വിരമിച്ചു. രണ്ടാമത്തെ മകൻ ജോർജ്ജ് വർഗീസിന്റെ (ജോർജ്ജ്കുട്ടി) കൂടെയാണ് ബഹു. ചെറിയാൻ പവ്വോത്തിക്കുന്നേൽ അച്ചൻ വാർദ്ധക്യകാലം ചെലവഴിച്ചിരുന്നത്. മൂന്നാമത്തെ മകൻ ചെറിയാൻ വർഗീസ് (ചെറിയാച്ചൻ) സൈനികസേവനത്തിനുശേഷം നാട്ടിൽ രാഷ്ട്രീയപ്രവർത്തനത്തിലും സാമൂഹിക പ്രവർത്തനങ്ങളിലും വ്യാപൃതനായിരിക്കുന്നു. ബഹു. പവ്വോത്തിക്കുന്നേൽ അച്ചന്റെ **നാലാമത്തെ സഹോദരൻ** കുഞ്ഞച്ചൻ, ഭാര്യ ഇടയാറന്മുള പറയന്തറ ചിന്നമ്മ. ആറ് മക്കൾ; മൂന്ന് ആണും മൂന്ന് പെണ്ണും. കുഞ്ഞച്ചൻ 17 -7- 1983 ലും ചിന്നമ്മ 16- 8- 1969 ലും നിര്യാതരായി.

### ജനനവും വിദ്യാഭ്യാസവും

ഏറ്റവും ഇളയ മകനാണ് കഥാപുരുഷൻ എന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. ജനനം കൊല്ലവർഷം 1082 തുലാമസം 17-ാം തീയതി (എ. ഡി. 1909). ജനനത്തിന്റെ 42-ാം ദിവസം പിതാവ് നിര്യാതനായി. മാതാവും സഹോദരങ്ങളും വാത്സല്ല്യപൂർവ്വം വളർത്തി 'പൊടിക്കുഞ്ഞ്' എന്ന് വിളിപ്പേരും നല്കി. മാമോദീസാപേര് ചെറിയാൻ. പ്രാരംഭവിദ്യാഭ്യാസം ആറാട്ടുമാങ്കൽ തേവങ്കര സ്കൂളിലും അണ്ണായിക്കണ്ണം സെന്റ് അത്തനേഷ്യസ്



www.malankaralibrary.com

സ്കുളിലും. അഞ്ചാം ക്ലാസ്സ് പഠനത്തിനുശേഷം 1918 –ൽ നെടുങ്ങാട പ്പള്ളി സി. എം. എസ്സ്. ഇംഗ്ലീഷ് സ്കൂളിൽ മിഡിൽ സ്കൂൾ പഠനം. സെക്കന്റ് ഫോം പാസ്സായിക്കഴിഞ്ഞ് സാമ്പത്തിക ബുദ്ധിമുട്ടുകാരണം നാല് വർഷക്കാലം പഠനം നിർത്തിവച്ചു. ജ്യേഷ്ഠ സഹോദരന്മാർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിക്കാൻ സാധിക്കാഞ്ഞതിനാൽ ഇളയ അനു ജന് ഇംഗ്ലീഷ് വിദ്യാഭ്യാസം നല്കണമെന്ന് സഹോദരന്മാർ തീരുമാനി ച്ചതനുസരിച്ച് പൊടിക്കുഞ്ഞിനെ ഇരവിപേരൂർ സെന്റ് ജോൺസ് ഇംഗ്ലീഷ് ഹൈസ്ക്കൂളിൽ ചേർത്തു. ഈ കാലത്തായിരുന്നു (1928) കുടുംബത്തിന്റെ കത്തോലിക്കാസഭാ പ്രവേശം. അതുകൊണ്ട് ബഹു. ഡൊമിനിക്ക് തോട്ടാ ശ്ശേരിൽ അച്ചന്റെ സഹായത്താൽ ഫിഫ്ത്ത്, സിക്സ്ത്ത് ഫോം പഠനം ചങ്ങനാശ്ശേരി സെന്റ് ബർക്ക്മൻസ് ഹൈസ്കൂളിൽ നടത്തി. 1930 – ൽ ഇ. എസ്സ്. എൽ. സി. പാസ്സായി. വീണ്ടും ഒരു വർഷം സഹോദരങ്ങളോ ടൊപ്പം വീട്ടുകാര്യങ്ങളിലും കൃഷിക്കാര്യങ്ങളിലും വ്യാപൃതനായി. സർക്കാർ ജോലിക്കായി എക്സൈസ് കമ്മീഷണർ ഐ. സി. ചാക്കോയെ തിരുവനന്തപുരത്ത് പോയികാണാൻ ബഹു .ഡൊമിനിക് തോട്ടാശ്ശേ രിൽ അച്ചനിൽനിന്ന് ഒരു ശുപാർശകത്തും വാങ്ങിയിരുന്നു.

**ദൈവവിളിയും വൈദികാഭിഷേകവും**

ഇതിനിടയിൽ പൊടിക്കുഞ്ഞ് (ചെറിയാൻ) പുനരൈക്യാനന്തരം തിരുവല്ലായിൽ താമസിച്ചിരുന്ന അഭിവന്ദ്യ യാക്കോബ് മാർ തെയോഫി ലോസ് തിരുമേനിയെ രഹസ്യമായി സന്ദർശിച്ച് വൈദിക പഠനം എന്ന തന്റെ ആഗ്രഹം അറിയിച്ചിരുന്നു. ഉയർന്ന സർക്കാർ ഉദ്യോഗം ലക്ഷ്യ മാക്കി തന്നേ ഇംഗ്ലീഷ് പഠനത്തിനയച്ച സഹോദരങ്ങൾ എന്തു പറയും എന്ന ഭയമുണ്ടായിരുന്നതുകൊണ്ടാണ് തിരുമേനിയെ രഹസ്യമായി സന്ദർശിച്ചത്. വൈദിക പഠനം എന്ന ആഗ്രഹം മനസ്സിൽ താലോലിച്ചി രുന്നതുകൊണ്ടുകൂടിയാണ് സ്കൂൾ ഫൈനൽ പാസ്സായികഴിഞ്ഞിട്ടും ജോലിക്കൊന്നും പോകാതെ സഹോദരങ്ങളോടൊപ്പം വീട്ടുജോലികളിൽ വ്യാപൃതനായിരുന്നതും.

1931 – ൽ തിരുവല്ലായിൽ മാർ തെയോഫിലോസ് പിതാവിന്റെ പക്കലെത്തി വൈദിക പഠനമാരംഭിച്ചു. ലത്തീൻ ഭാഷാപഠനത്തിനുശേഷം തത്വശാസ്ത്രവും ദൈവശാസ്ത്രവും സന്മാർഗ്ഗശാസ്ത്രവും ആലുവാ മേജർ സെമിനാരിയിൽ പഠിച്ചു. സ്പാനിഷ് കർമ്മലീത്താ മിഷനറിമാ രുടെ കീഴിലുള്ള വൈദിക പരിശീലനം വിജയകരമായി പൂർത്തിയാക്കി മറ്റ് മൂന്ന് സഹപാഠികളോടൊപ്പം 1939 ഡിസംബർ 26–ാം തീയതി അഭി



www.malankaralibrary.com

വന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് വൈദികാഭിഷേകം സ്വീകരിക്കുകയും പിറ്റേദിവസം, 27–ാം തീയതി കത്തീഡ്രലിൽ തന്നെ പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു. പുത്തൻകുർബാനയുടെ രണ്ടാംപക്കം ആദ്യനിയമന കല്പനയും ലഭിച്ചു.

**അജപാലനരംഗത്ത്**

പ്രഥമ നിയമനം സ്വന്തം ഇടവകയിൽ. ചെങ്ങരൂരിൽ മലങ്കര സുറിയാനി കത്തോലിക്കാ ഇടവകകൂട്ടായ്മ 1938 – ൽ ആരംഭിച്ചിരുന്നു. സ്വന്തമായി പള്ളി പണിതിരുന്നില്ലാഞ്ഞതിനാൽ കിളിച്ചിമല തൈപ്പറമ്പിൽ കൊച്ചുപാപ്പിയുടെ വസ്തുവിൽ നിർമ്മിച്ചിരുന്ന താല്കാലിക ഷെഡ്ഡിലായിരുന്നു ആരാധന നടത്തിയിരുന്നത്. 1940 ജനുവരി ഒന്ന് മുതൽ ബഹു. ചെറിയാൻ പവ്വോത്തിക്കുന്നേൽ അച്ചൻ ചെങ്ങരൂർ ഇടവകകൂട്ടായ്മയുടെ അജപാലനചുമതല ഏറ്റെടുത്ത് പള്ളിക്കുവേണ്ടി വാങ്ങിയിരുന്ന സ്ഥലത്ത് നിർമ്മിച്ചിരുന്ന ഇരുമുറികെട്ടിടത്തിൽ താമസവുമാക്കി. അച്ചന്റെ പ്രഥമ ദൗത്യം പുതിയ പള്ളി പണിയുക എന്നതായിരുന്നു. അദ്ദേഹമത് വിദഗ്ദമായി നിർവ്വഹിച്ചു. കരിങ്കല്ലിൽ തീർത്ത മനോഹരമായ പള്ളി 1942 മേയ് മാസം അഞ്ചാംതിയതി വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമധേയത്തിൽ മാർ സേവേറിയോസ് പിതാവിന്റെയും ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ ജയിംസ് കാളാശ്ശേരി പിതാവിന്റെയും സഹകാർമ്മികത്വത്തിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കൂദാശചെയ്ത് പ്രതിഷ്ഠിച്ചു. ബഹു. പവ്വോത്തിക്കുന്നേൽ അച്ചന്റെ അജപാലന ശുശ്രൂഷാ കാലത്ത് വളരെയധികം കുടുംബങ്ങൾ പുനരൈക്യപ്പെട്ട് ഇടവകയിൽ ചേർന്നു.

ചെങ്ങരൂർ ഇടവകയിലെ ശുശ്രൂഷാ കാലത്ത് 1940 ൽ പനയമ്പാലയിൽ ഒരു മിഷൻ രൂപപ്പെട്ടിരുന്നു. സ്ഥലംവാങ്ങി പള്ളിപണിയാനുള്ള അപേക്ഷയും സർക്കാരിൽ സമർപ്പിച്ചിരുന്നു. മാർ സേവേറിയോസ് പിതാവിന്റെ ജ്യേഷ്ഠ സഹോദരൻ കുഞ്ഞുചെറുക്കൻ സാർ (വി. ഓ. വർഗീസ്) ആണ് പനയമ്പാല വടക്കേക്കര റ്റി. വി. ജോൺ എം. എ. അച്ചന്റെ വക സ്ഥലം പള്ളിക്കുവേണ്ടി ഏർപ്പാടാക്കിയത്. ഈ പശ്ചാത്തലത്തിലാണ് 1943 ൽ ബഹു. പവ്വോത്തിക്കുന്നേൽ അച്ചൻ ചെങ്ങരൂർ നിന്നും ചുമതല ഒഴിഞ്ഞ് പനയമ്പാല മിഷന്റെ ചുമതല ഏറ്റെടുത്തത്. പള്ളിപണിയാനുള്ള അനുവാദത്തിനുള്ള അപേക്ഷ സർക്കാർ നിഷേധിച്ചതിനാൽ ഒരു വർഷത്തോളം നടുക്കേൽ പീലിക്കുഴി കുഞ്ഞച്ചന്റെ ഭവനത്തിൽ കുർബാന



www.malankaralibrary.com

യർപ്പിച്ചു. ഇതേസമയം പള്ളിക്കുവേണ്ടി വാങ്ങിയിരുന്ന സ്ഥലത്ത് ഒരു ബംഗ്ലാവ് പണിത് അച്ചൻ താമസം അവിടേക്ക് മാറ്റുകയും ബംഗ്ലാവിൽ തന്നെ വിശുദ്ധ കുർബാന അർപ്പിച്ചു തുടങ്ങുകയും ചെയ്തു. നാട്ടുകാരുടെ പരാതിയെ തുടർന്ന് ഒരു ദിവസം രാവിലെ വില്ലേജ് ഓഫീസർ പരിശോധനയ്ക്ക് എത്തിയെങ്കിലും ബഹു. അച്ചന്റെ കുശാഗ്രബുദ്ധി കൊണ്ട് കുഴപ്പമില്ലാതെ രക്ഷപെട്ടു. ഈ കാലത്ത് നടുക്കേൽ പീലിക്കുഴി കുഞ്ഞച്ചന്റെ പിതാവ് ഇട്ടി മരണാസന്നനായി. മരണപ്പെട്ടാൽ എവിടെ മൃതസംസ്കാരം നടത്തും. പള്ളിക്കും സെമിത്തേരിക്കും സർക്കാർ അനുവാദം ലഭിച്ചിട്ടില്ലല്ലോ. ബഹു. അച്ചൻ അതിനും പരിഹാരം കണ്ടെത്തി. പള്ളിക്കുവേണ്ടി വാങ്ങിയിരുന്ന പറമ്പിന്റെ പടിഞ്ഞാറേ അതിർത്തിയോടു ചേർന്ന് രണ്ട് സെന്റ് സ്ഥലം നടുക്കേൽ പീലിക്കുഴി ഇട്ടിയുടെ പേരിൽ എഴുതിക്കൊടുക്കുക. അച്ചന്റെ നിർദ്ദേശപ്രകാരം അഭിവന്ദ്യ മാർ സേവേറിയോസ് പിതാവ് അപ്രകാരം ചെയ്തു; ഏതാനും ദിവസങ്ങൾക്കുളിൽ ശ്രീ. ഇട്ടി മരിക്കുകയും പ്രസ്തുത സ്ഥലത്ത് അടക്കുകയും ചെയ്തു. മൃതസംസ്കാരം സംബന്ധിച്ച് അഭിവന്ദ്യ പിതാവിന്റെയും അച്ചന്റെയും പേരിൽ കേസുണ്ടായി. എന്നാൽ വസ്തുവിന്റെ ഉടമസ്ഥാവകാശപത്രം കാണിച്ചപ്പോൾ പ്രവർത്തിയാർ കേസ് പിൻവലിച്ചു. ഇതേ സ്ഥലത്താണ് പനയമ്പാലപള്ളിയുടെ ഇപ്പോഴത്തെ സെമിത്തേരി. മൂന്ന് വർഷത്തിനു ശേഷം പള്ളിപണിയാൻ അനുവാദം ലഭിച്ചു. അതിന്റെ പിന്നിലും ബഹു. അച്ചന്റെ കുശാഗ്രബുദ്ധി പ്രകടമാണ്. ചങ്ങനാശ്ശേരി തഹസിൽദാരിൽ നിന്നും കോട്ടയം പേഷ്ക്കാരിൽ നിന്നും അനുകൂലമായ റിപ്പോർട്ട് സംഘടിപ്പിച്ചു. അന്തിമ അനുവാദം ലഭിക്കേണ്ടത് ഹൂസൂർ കച്ചേരിയിൽ നിന്നുമായിരുന്നു. പാലക്കുന്നേൽ ശ്രീ. പി. ജെ. സെബാസ്റ്റ്യൻ ആയിരുന്നു എം. എൽ. എ. അന്ന് ശ്രീ പട്ടം താണുപിള്ളയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയാണ് തിരുവിതാംകൂർ ഭരിച്ചിരുന്നത്. ബഹു. അച്ചൻ പലപ്രാവശ്യം ശ്രീ. പി. ജെ. സെബാസ്റ്റ്യനെ പള്ളിപണിയുടെ അനുവാദത്തിനായി സമീപിച്ചിട്ടുണ്ടായിരുന്നു. കോൺഗ്രസിലെ കിടമത്സരം കാരണം പട്ടം താണുപിള്ളയ്ക്കെതിരെ അവിശ്വാസപ്രമേയം പാസാക്കപ്പെട്ടു എന്നാൽ പി. ജെ. നിഷ്പക്ഷ നിലപാടാണെടുത്തിരുന്നത്. അന്നുരാത്രി പി. ജെ. പട്ടംതാണുപിള്ളയെകണ്ടു പല കാര്യങ്ങൾ സംസാരിച്ച കൂട്ടത്തിൽ പനയമ്പാല പള്ളിക്കുള്ള അനുവാദത്തെക്കുറിച്ച് ഓർമ്മിപ്പിക്കുകയും തൽക്ഷണം അപേക്ഷവരുത്തി ശ്രീ. പട്ടം താണുപിള്ള അനുവാദം നല്കുകയും ചെയ്തു. ധൃതഗതിയിൽ പള്ളിപണിത് 1950 ജനുവരി 8-ാം തീയതി വിശുദ്ധ സ്തേഫാനോസ് സഹദായുടെ തിരുനാൾ ദിവസം മാർ സേവേറിയോസ്



www.malankaralibrary.com

മെത്രാപ്പോലീത്താ കൂദാശാകർമ്മം നടത്തി. 1982 ചെറുപുഷ്പഗിരിയിലേക്ക് സ്ഥലംമാറ്റം ലഭിച്ച അച്ചന് പനയമ്പാല ഇടവകക്കാർ രാജോചിതമായ യാത്രയയപ്പാണ് നല്കിയത്.

പനയമ്പാല വികാരിയായിരിക്കുന്ന സമയത്തുതന്നെ വാകത്താനം, മല്ലപ്പള്ളി എന്നീ സ്ഥലങ്ങളിൽ മിഷൻ ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നു. തന്റെ സഹോദരൻ കീവറീച്ചന്റെ സഹായത്തോടെ മല്ലപ്പള്ളി ചന്തയ്ക്ക് സമീപം മേടയിൽ കാവിൽ ജോർജ്ജ് സാറിന്റെവക ഭൂമി വാങ്ങി. പള്ളി പണിയുന്നതിന് സർക്കാർ അനുവാദം ആവശ്യമായിരുന്നതിനാലും അതു ലഭിക്കുക ഏറെ ശ്രമകരമായിരുന്നതിനാലും  ഒരു ബംഗ്ലാവും അതിന്റെ തെക്കുവശത്ത് പള്ളിയായി ഉപയോഗിക്കാൻ ഒരു ഹാളും നിർമ്മിച്ചു. 1948 –ൽ  മാർ സേവേറിയോസ് പിതാവ് കൂദാശയും നിർവ്വഹിച്ചു. പ്രസ്തുത ബംഗ്ലാവിലാണ് വൈദികർ 1995 വരെ താമസിച്ചിരുന്നതും ബഹു. രാമനാലിൽ ചെറിയാൻ അച്ചൻ സെന്റ് ജോസഫ് ITC തുടങ്ങിയതും. 1956 വരെ ബഹു. പവ്വോത്തിക്കുന്നേൽ അച്ചൻ മല്ലപ്പള്ളി മിഷന്റെ ചുമതലയും വഹിച്ചിരുന്നു.

തന്റെ മാതാവിന്റെ ജന്മനാടായ വാകത്താനത്ത് ഒരു ഇടവക ആരംഭിക്കാൻ അച്ചൻ ഏറെ ആഗ്രഹിക്കുകയും അതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുകയും  ചെയ്തിരുന്നു. അതിന്റെ ഫലമായി ചൂരപ്പാട്ടിൽ പുന്നൂസ് (വല്ല്യകൊച്ച്) ആട്ടുചിറയിൽ മത്തായി, പാറപ്പാട്ട് വർഗീസ് കോര (വലിയകുഞ്ഞ്) മൈലക്കാട്ട് കോര കുര്യൻ എന്നിവരുടെ കുടുംബങ്ങളെ 1950 ഏപ്രിൽ 15–ാം തീയതി ചെറുപുഷ്പഗിരി അരമന ചാപ്പലിൽ വച്ച് മാർ സേവേറിയോസ് പിതാവ് കത്തോലിക്കാ സഭയിലേക്ക് സ്വീകരിച്ചു. വാകത്താനത്ത് ഒരു പള്ളിപണിയുവാൻ സ്ഥലം അന്വേഷിച്ചുകൊണ്ടിരുന്ന സമയത്താണ് കുറ്റിക്കണ്ടത്തിൽ പാപ്പച്ചൻ എന്ന വ്യക്തി രണ്ട് ഏക്കർ 75 സെന്റ് സ്ഥലം മുതുകുന്നിൽ പള്ളിപണിയാൻ സൗജന്യമായി രൂപതയ്ക്ക് നല്കിയത്. ബഹു. പവ്വോത്തിക്കുന്നേൽ അച്ചന്റെ നേതൃത്വത്തിൽ താല്കാലിക ഷെഡ് നിർമ്മിച്ച് 1951 ജൂലൈ 22 –ാം തീയതി അഭിവന്ദ്യ മാർ സേവേറിയോസ് പിതാവ് മാർതോമ്മാശ്ലീഹായുടെ നാമത്തിൽ കൂദാശചെയ്ത് വി. കുർബാന ആരംഭിക്കുകയും ചെയ്തു. ബഹു. ചെറിയാൻ പവ്വോത്തിക്കുന്നേലച്ചൻ തന്നെ ആയിരുന്നു പ്രഥമ വികാരി. ബഹു. ജയിംസ് താന്നിക്കൽ അച്ചനെ സഹായ പട്ടക്കാരനായി അഭി. തിരുമേനി നിയമിച്ചു. താമസംവിനാ ബഹു. പവ്വോത്തിക്കുന്നേൽ അച്ചന്റെ ശ്രമഫലമായി ഉറപ്പുള്ള പള്ളിയുടെ പണി ആരംഭിക്കുകയും 1953 ഓഗസ്റ്റ് മാസത്തിൽ അഭിവന്ദ്യ മാർ സേവേറിയോസ് പിതാവ്



www.malankaralibrary.com

കൂദാശചെയ്യുകയുമുണ്ടായി. ബഹു. അച്ചന്റെ ശ്രമഫലമായി കണ്ണൻചിറ മുതൽ മുതുകുന്നിൽ പുതിയ പള്ളിവരെ ഇടവകക്കാരുടെയും നാട്ടുകാരുടെയും സഹകരണത്തോടെ റോഡ് വെട്ടുകയും ചെയ്തു. 1956 – ൽ ബഹു. ജയിംസ് താന്നിക്കൽ അച്ചന് ചുമതല കൈമാറിയിട്ട് ബഹു. പവ്വോത്തിക്കുന്നേൽ അച്ചൻ വാകത്താനത്തു നിന്ന് സ്ഥലം മാറി തച്ചമം പള്ളിയുടെ ചുമതല ഏറ്റു – 1958 വരെ അവിടെ ശുശ്രൂഷ ചെയ്തു.

ബഹു. അച്ചൻ പനയമ്പാല പള്ളിയിൽ വികാരിയായിരിക്കുന്ന അതേ അവസരത്തിൽ തന്നെയാണ് ചെങ്ങരൂർ സെന്റ് തെരേസാസ് ബഥനി കോൺവെന്റ് ഹൈസ്കൂളിന്റെ പണിയും നടത്തുന്നത്. ഓരേ സമയം പനയമ്പാല, മല്ലപ്പള്ളി, വാകത്താനം, ചെങ്ങരൂർ സ്ഥലങ്ങളിലെല്ലാം നിർമ്മാണം. എല്ലാസ്ഥലങ്ങളിലും പ്രതിസന്ധികളും കേസ്സുകളും. ഒന്നിലും തളരാതെ മുന്നേറി വിജയിപ്പിക്കുന്ന പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. ചെങ്ങരൂരിൽ ഒരു സ്കൂൾ തുടങ്ങണമെന്ന് മാർ സേവേറിയോസ് പിതാവിന് താല്പര്യമുണ്ടായിരുന്നു. ബഹു. പവ്വോത്തിക്കുന്നേൽ അച്ചന്റെ സഹോദരൻ കീവറീച്ചൻ തന്റെ കൈമല സ്ഥലം അതിന് നല്കാനും തയ്യറായിരുന്നു. സ്കൂൾ പണിയാൻ സർക്കാർ അനുവാദം ലഭിച്ച് പ്രാരംഭപണികൾ ആരംഭിച്ചപ്പോൾ എതിർപ്പുകാർ കോടതിയുടെ നിരോധന ഉത്തരവ് വാങ്ങി പണി തടസ്സപ്പെടുത്തി. കീവറിച്ചൻ എറണാകുളത്ത് ഹൈക്കോടതിയിൽ അപ്പീൽ നല്കിയാണ് എതിർകക്ഷികളെ നേരിട്ടത്. അവസാനം അഭി. മാർ സേവേറിയോസ് പിതാവിന്റെ മദ്ധ്യസ്ഥതയിൽ ഇരുകക്ഷികളും രമ്യതയിലെത്തി. വ്യവഹാരം കാരണം പണികൾ സ്തംഭിച്ചിരുന്നു. ജൂൺ ഒന്നിന് സ്കൂൾ തുടങ്ങേണ്ടതിന് വെറും 24 ദിവസം മാത്രം ശേഷിച്ചിരിക്കെ 120 അടിനീളത്തിൽ കെട്ടിടം പൂർത്തിയാക്കുക എന്ന ശ്രമകരമായ ജോലിയാണ് ബഹു. പവ്വോത്തിക്കുന്നേൽ അച്ചൻ വിജയകരമായി പൂർത്തിയാക്കിയത്. 1953 ജൂൺ ഒന്നാം തീയതി തന്നെ ഡി. ഇ. ഓ യുടെ സാന്നിദ്ധ്യത്തിൽ അഭി. മാർ സേവേറിയോസ് പിതാവ് സ്കൂളിന്റെ കൂദാശയും ഉദ്ഘാടനവും നടത്തി. മിഡിൽ സ്കൂൾ വിഭാഗത്തിൽ പ്രിപ്പായറട്ടറി ക്ലാസ്സും ഹൈസ്കൂൾ വിഭാഗത്തിൽ ഫോർത്ത് ഫോം ക്ലാസ്സും ആരംഭിച്ചു.

സ്കൂൾ പണിത് പഠനം ആരംഭിച്ചപ്പോൾ ബഹു. സിസ്റ്റേഴ്സിന് താമസിക്കുവാൻ സ്ഥലം ക്രമീകരിച്ചിരുന്നില്ല. അതിനാൽ കിളിച്ചുമല കൊച്ചുപാപ്പിയുടെ വീട് സിസ്റ്റർമാർക്ക് താമസത്തിനു നല്കിയിട്ട് അദ്ദേഹം ഒരു താല്കാലിക ഷെഡിലേക്ക് താമസം മാറി. ചെങ്ങരൂർ പള്ളി പണിയുന്നവരെ ഇദ്ദേഹത്തിന്റെ പറമ്പിൽ ഒരു ഷെഡിലാണ് പള്ളിയും



www.malankaralibrary.com

പ്രവർത്തിച്ചിരുന്നത്. ബഹു. പവ്വോത്തിക്കുന്നേൽ അച്ചന്റെ അടുത്തശ്രമം മഠം പണിയുന്നതിലായിരുന്നു. ബഹു. അച്ചന്റെ സഹോദരൻ കീവറിച്ചന്റെ വക 32 ഏക്കർ വരുന്ന കൈമലപറമ്പിന്റെ ഏഴ് ഏക്കർ സ്ഥലമാണ് ബഥനി സന്യാസിനി സമൂഹത്തിന് നല്കിയത് ആറ് ഏക്കർ വിലയ്ക്കും ഒരേക്കർ തന്റെ സഹോദരപുത്രി സിസ്റ്റർ മേരി എസ്. ഐ. സി. യ്ക്ക് ഇഷ്ടദാനമായും. 1953 സെപ്റ്റംബർ അവസാനത്തോടെ മഠത്തിന്റെ പണിയും ബഹു. അച്ചൻ പൂർത്തിയാക്കി. മലങ്കരയിൽ സന്ദർശനം നടത്താൻ എത്തിയ പൗരസ്ത്യ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ യൂജിൻ ട്രിസ്സറാങ് തിരുമേനിയാണ് 1953 ഒക്ടോബർ മൂന്നാം തീയതി മഠത്തിന്റെ കൂദാശാ കർമ്മം നിർവ്വഹിച്ചത്. ഇദ്ദേഹമാണ് മാർ സേവേറിയോസ് പിതാവ് പണിയിച്ച മേരിഗിരി അരമന കൂദാശചെയ്തതും ആദ്യമായി മേരിഗിരി അരമനയിൽ താമസിച്ചതും. മഠവും സ്കൂളും പണിതെങ്കിലും അവിടേക്കുള്ള റോഡ് വീതികൂട്ടാനുള്ള ശ്രമം സമീപവസ്തുക്കാരന്റെ എതിർപ്പുകൊണ്ട് ബുദ്ധിമുട്ടായി. സ്ഥലം വിലയ്ക്കുതരാനും അയാൾ തയ്യാറല്ല. ബഹു. അച്ചൻ നടുക്കേൽ പീലിക്കുഴി കുഞ്ഞച്ചനുമായി ആലോചിച്ച് രാത്രി കുഞ്ഞച്ചന്റെ തൊഴിലാളികളെ ഉപയോഗിച്ച് റോഡ് വീതികൂട്ടി. അതിന്റെ പേരിലും കോടതിയിൽ കേസ്സായി. എന്നാൽ പിന്നീട് റോഡ് വീതികൂട്ടിയ സ്ഥലത്ത് കയ്യാലകെട്ടിക്കൊടുത്താൽ മതി എന്ന വ്യവസ്ഥയിൽ കേസ് രാജിയായി. അന്ന് കെട്ടിക്കൊടുത്ത കയ്യാല ഇപ്പോഴും കേടുകൂടാതെ നില്ക്കുന്നുണ്ട്.

**പുഷ്പഗിരിയിലെ സേവനം**

രൂപതയുടെ ആസ്ഥാനം ചെറുപുഷ്പഗിരിയിൽ നിന്നും 1953 – ൽ മേരിഗിരിയിലേക്ക് മാറിയതിനെ തുടർന്ന് മാർ സേവേറിയോസ് പിതാവ് മേരിഗിരിയിലേക്ക് താമസവും മാറി. എന്നാൽ രോഗാതുരനായിരുന്ന മാർ തെയോഫീലോസ് പിതാവ് ചെറുപുഷ്പഗിരിയിൽ തന്നെ താമസം തുടർന്നിരുന്നു. ഈ സാഹചര്യത്തിലാണ് മാർ തെയോഫീലോസ് പിതാവിനെ ശുശ്രൂഷിക്കാനും പുഷ്പഗിരിയിലെ പുരയിടം നോക്കിനടത്താനുമായി ബഹു. പവ്വോത്തിക്കുന്നേൽ അച്ചനെ 1952 – ൽ പനയമ്പാലനിന്ന് പുഷ്പഗിരിയിലേക്ക് മാറ്റി നിയമിച്ചത്. പുഷ്പഗിരിപറമ്പിൽ കുറേഭാഗം റബ്ബർ നടണമെന്ന് മാർ സേവേറിയോസ് പിതാവിന് ആഗ്രഹമുണ്ടായിരുന്നു. ബഹു. അച്ചന്റെ ആഗ്രഹം പറമ്പിൽ മുഴുവൻ റബ്ബർ നടണമെന്നായിരുന്നു. 1954 അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസിയോസ് പിതാവിനെ സഹായമെത്രാനായി വഴിച്ചു. 1955 ജനുവരി 18 ന് മാർ സേവേറി



www.malankaralibrary.com

യോസ് പിതാവ് കാലം ചെയ്തതിനെതുടർന്ന് അഭിവന്ദ്യ മാർ അത്തനാസിയോസ് പിതാവ് രൂപതാദ്ധ്യക്ഷനായി സ്ഥാനാരോഹണം ചെയ്തു. കൃഷി കാര്യങ്ങളിൽ താല്പര്യമുണ്ടായിരുന്ന മാർ അത്തനാസിയോസ് പിതാവ് പുഷ്പഗിരിപറമ്പിൽ റബ്ബർ കൃഷിചെയ്യുന്നതിന് അനുകൂലിയുമായിരുന്നു. പറമ്പ് ഒരുക്കാൻ അവിടെ താമസിച്ചിരുന്ന കുടിപാർപ്പുകാരേ മാറ്റേണ്ടതുണ്ടായിരുന്നു. അച്ചൻ അവരുമായി സംസാരിച്ച് അവർക്ക് റോഡ് സൗകര്യമുള്ളിടത്ത് വീടുവയ്ക്കാൻ സ്ഥലവും പണവും വാഗ്ദാനം ചെയ്തു. ഒരു കൂട്ടർ ഒഴികെ എല്ലാവരും സമ്മതിച്ച് ഒഴിഞ്ഞുമാറി. ഒരുകുടുംബം എതിർക്കുകയും അച്ചനെ അസഭ്യം പറയുകയും ചെയ്തു. ഇതറിഞ്ഞ് അച്ചന്റെ സഹോദരൻ കീവറീച്ചൻ എത്തി പ്രസ്തുത വ്യക്തിക്കെതിരെ 'അഴുതയിൽ' കേസ് കൊടുത്തതും പിന്നീട് ആ കുടുംബവും വസ്തുവും പണവും സ്വീകരിച്ച് മാറിയതുമെല്ലാം പുഷ്പഗിരിയുടെ ആരംഭകാലചരിത്രത്തിന്റെ ഭാഗമാണ്. പുഷ്പഗിരിപറമ്പ് സംരക്ഷിക്കുന്നതിനും റബ്ബർതോട്ടം പിടിപ്പിക്കുന്നതിനും സഹോദരൻ കീവറീച്ചന്റെയും നടുക്കേൽ പീലിക്കുഴി കുഞ്ഞച്ചന്റെയും പിൻതുണ ബഹു. അച്ചന് വലിയ സഹായമായിരുന്നു. പറമ്പ് ബാദ്ധ്യതകൾ ഒഴിച്ച് രൂപതയ്ക്ക് സ്വന്തമാക്കുന്നതിനും കൃഷികൾ ചെയ്യുന്നതിനുമൊപ്പം അഭി. മാർ തെയോഫീലോസ് പിതാവിനെ പരിചരിക്കുകയും ചെയ്തിരുന്നു അദ്ദേഹം. 1956 ജൂൺ 27 ന് പിതാവ് കാലംചെയ്തു. 28-ാം തീയതി കത്തീഡ്രലിൽ കബറടക്കവും നടത്തി. 1958 ഏപ്രിൽ മാസത്തിൽ അച്ചൻ മുക്കൂർ പള്ളിയുടെ വികാരിയായി നിയമിതനായി. ഇതിനോടകം പുഷ്പഗിരി ആശുപത്രിയുടെ പണി ആരംഭിച്ചിരുന്നു, പണികൾക്ക് മേൽനോട്ടം വഹിക്കാൻ സർക്കാർ ഡിപ്പാർട്ടുമെന്റിൽ നിന്നും വിരമിച്ച തന്റെ സഹോദരീഭർത്താവ് ശ്രീ. കെ. ബി. ജോണിനെ ഏർപ്പാടാക്കിയിട്ടാണ് അച്ചൻ പുഷ്പഗിരിയോട് വിടപറഞ്ഞത്. മെഡിക്കൽ കോളേജും അനുബന്ധസ്ഥാപനങ്ങളും സ്ഥിതിചെയ്യുന്ന പുഷ്പഗിരി പറമ്പിന്റെ ഒരു ഇഞ്ച് സ്ഥലംപോലും അന്യാധീനപ്പെടാതെ സംരക്ഷിക്കുവാൻ ബഹു. പവ്വോത്തിക്കുന്നേൽ അച്ചൻ സ്വീകരിച്ച ധീരനടപടികൾ രോമാഞ്ചജനകമാണ്.

മുക്കൂർ പള്ളിയുടെ ചുമതല 1958 ഏപ്രിൽ മാസത്തിൽ ബഹു. പവ്വോത്തിക്കുന്നേൽ അച്ചൻ ഏറ്റെടുത്ത് പള്ളിമേടയിൽ താമസമായി. അച്ചന്റെ ശുശ്രൂഷാകാലത്ത് കയ്യാലാത്ത് അവറാച്ചന്റെ അര ഏക്കർ സ്ഥലം കൂടി പള്ളിക്ക് സംഭാവനയായി വാങ്ങി. പറമ്പിലെല്ലാം തെങ്ങ്കൃഷി ചെയ്തു. കിണർ കുഴിപ്പിച്ചു. പള്ളിമേടയ്ക്ക് അടുക്കള നിർമ്മിച്ചു. പള്ളിയ്ക്ക് ആകർഷകമായ മൂഖവാരം നിർമ്മിച്ചു. ഈ



www.malankaralibrary.com

കാലത്ത് അച്ചന്റെ ശ്രദ്ധ മുഴുവനായും വിമോചനസമരവുമായി ബന്ധപ്പെട്ട കാര്യങ്ങളിലായിരുന്നതുകൊണ്ട് പള്ളിയിൽ കൂടുതൽ നിർമ്മാണങ്ങളും വികസനങ്ങളും നടത്താൻ സാധിച്ചില്ല.

**ജനനായകൻ**

1957 മേയ് മാസത്തിൽ കേരളത്തിൽ അധികാരത്തിൽ വന്ന ഇ. എം. എസ്സ്. മന്ത്രി സഭ അനുവർത്തിച്ച വിശ്വാസവിരുദ്ധ ജനാധിപത്യവിരുദ്ധ നടപടികൾക്കെതിരെ കേരളത്തിൽ അലയടിച്ച ചരിത്രപ്രസിദ്ധമായ വിമോചനസമരത്തിന്റെ മല്ലപ്പള്ളി പ്രദേശത്തെ നേതൃത്വം ബഹു. പവ്വോത്തിക്കുന്നേൽ അച്ചനായിരുന്നു. പള്ളിക്കും സ്ഥാപനങ്ങൾക്കും സഭാവസ്തുക്കൾക്കുമെതിരെ ആക്രമം ഉണ്ടാകാനുള്ള സാദ്ധ്യത കണക്കിലെടുത്ത് ഒരു സംരക്ഷണസേനയെ അച്ചൻ രൂപീകരിച്ച് പരിശീലനം നല്കി. തോട്ടുങ്കൽ മത്തായിച്ചനായിരുന്നു (മോറാൻ മോർ ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവായുടെ പിതാവ്) സംരക്ഷണ സേനയുടെ ക്യാപ്റ്റൻ. അച്ചന്റെ നേതൃത്വത്തിലുള്ള സംരക്ഷണ സേന കമ്മ്യൂണിസ്റ്റുകാർക്ക് ഒരു പേടിസ്വപ്നമായിരുന്നു. സേനാംഗങ്ങളുടെ ഡ്രില്ലും, പ്രകടനങ്ങളും സർക്കാർ സ്ഥാപനങ്ങൾ പിക്കറ്റിംഗും പൊതുസമ്മേളനങ്ങളും കൊണ്ട് സമൂഹത്തെ ഒന്നാകെ കമ്മ്യൂണിസ്റ്റ് ഭരണത്തിനെതിരെ അണിനിരത്തുവാൻ ബഹു. അച്ചന് സാധിച്ചു. കമ്മ്യൂണിസ്റ്റുകാരിൽ നിന്നും അച്ചന്റെ ജീവനു ഭീഷണിയുണ്ടായിരുന്നെങ്കിലും സംരക്ഷണ സേനയുടെ നിരന്തര സാന്നിദ്ധ്യവും അച്ചന്റെ തന്റേടവും ശത്രുക്കളുടെ തന്ത്രങ്ങളെ നിർവ്വീര്യമാക്കി. സംരക്ഷണസേനാംഗങ്ങളിൽ പലരും പീക്കറ്റിംഗിനെ തുടർന്ന് അറസ്റ്റിലായി ജയിലിൽ പോകേണ്ടിവന്നു. വിമോചന സമരത്തോടുകൂടി ബഹു. അച്ചൻ നാട്ടുകാരുടെ ധീരനേതാവായിമാറി. അദ്ദേഹത്തിന്റെ ലക്ഷ്യം സമൂഹനേതൃത്വമായിരുന്നില്ല പ്രത്യുത സഭയുടെ വിശ്വാസത്തിന്റെയും സ്ഥാപനങ്ങളുടെയും സ്വത്തുക്കളുടെയും സംരക്ഷണമായിരുന്നു. അത് അദ്ദേഹം വിജയകരമായി നേടിയെടുത്തു. മുക്കൂർ പള്ളിയിൽ വികാരിയായിരുന്ന 1958 ഏപ്രിൽ മാസം മുതൽ 1962 ഏപ്രിൽ വരെയുള്ള കാലഘട്ടം അദ്ദേഹത്തിന്റെ ജീവിതത്തിലെ സംഭവബഹുലമായ കാലമായിരുന്നു.

ബഹു. അച്ചൻ പുഷ്പഗിരിയിൽ സേവനം ചെയ്യുന്ന കാലത്ത് സഹോദരൻ കീവറീച്ചൻ ഒരുഏക്കർ 82 സെന്റ് സ്ഥലം ഇഷ്ടദാനമായും 5 ഏക്കർ 18 സെന്റ് റബ്ബറും തെങ്ങും ഉൾപ്പെടുന്ന സ്ഥലം സർവ്വസ്വതന്ത്രമായി അനുഭവിക്കുന്നതിനുമായും അച്ചന് നല്കിയിരുന്നു. അതിന



www.malankaralibrary.com

കത്ത് അച്ചൻ ഒരു വീട് നിർമ്മിക്കുകയും അതിന് തിരുഹൃദയഭവനമെന്നും പേരുനല്കി താമസവും അവിടേക്ക് മാറ്റി.

1962 ഏപ്രിൽ മാസത്തിൽ മുക്കൂർ നിന്നും മാറി പനയമ്പാലപള്ളിയിൽ രണ്ടാം പ്രാവശ്യം വികാരിയായി ചുമതലയേറ്റു. ഈ രണ്ടാം വരവിലാണ് പനയമ്പാലപള്ളി ഇന്നു കാണുന്ന നിലയിൽ കരിങ്കല്ലിൽ മനോഹരമായി നിർമ്മിച്ചത്. 1968 ഏപ്രിൽ മാസാവസാനം വരെ പനയമ്പാല പള്ളിയിൽ വികാരിയായി തുടർന്ന കാലത്താണ് ധാരാളം കുടുംബങ്ങൾ പരിശുദ്ധ കത്തോലിക്കാ സഭയിലേക്ക് പുനഃരൈക്യപ്പെട്ടത്. 1968 മേയ് അഞ്ചാം തീയതി പനയമ്പാല നിന്ന് മഞ്ഞത്താനം ഇടവകയിലേക്ക് അദ്ദേഹം ചുമതലമാറി. തന്റെ സഹോദരൻ കീവറീച്ചന്റെ രണ്ടാമത്തെ മകൻ ജോർജ്ജ്കുട്ടിയും കുടുംബവും തിരുഹൃദയഭവനിൽ അച്ചനോടൊപ്പം താമസിച്ചു കൊണ്ട് അച്ചന്റെ സംരക്ഷണം നിർവ്വഹിച്ചിരുന്നു. അനാരോഗ്യം കാരണം 1977 – ൽ അദ്ദേഹം ഇടവക ശുശ്രൂഷയിൽ നിന്നും വിമുക്തനായി.

പ്രമേഹരോഗബാധിതനായിരുന്ന അദ്ദേഹം പുഷ്പഗിരി ആശുപത്രിയിൽ ഡോക്ടറെ കാണാൻ വരുന്ന സന്ദർഭങ്ങളിൽ മേരിഗിരി അരമനയിലും വന്ന് അഭി. പിതാവിനെയും ബഹു. വൈദികരെയും സെമിനാരിയിൽ വൈദികവിദ്യാർത്ഥികളെയും സന്ദർശിക്കുക പതിവായിരുന്നു. വാർദ്ധക്യത്തിലും സഭയെക്കുറിച്ചുള്ള തീഷ്ണതയാണ് അദ്ദേഹത്തിൽ ജ്വലിച്ചുനിന്നിരുന്നത്. പതിമൂന്ന് വർഷത്തെ വിശ്രമകാലത്ത് സമ്പൂർണ്ണ ബൈബിൾ 16 പ്രാവശ്യം വായിച്ച് പൂർത്തിയാക്കിയതായി അദ്ദേഹം പറഞ്ഞുകേട്ടിട്ടുണ്ട്. ജോർജ്ജ്കുട്ടിയുടെ ഭാര്യ എടത്വ പടിഞ്ഞാറേ ഉലക്കപ്പാടി അമ്മിണിക്കുട്ടിയുടെ ശ്രദ്ധയും ശുശ്രൂഷയുമായിരുന്നു തന്റെ വിശ്രമകാലം സംതൃപ്തമാക്കിയതെന്ന് അച്ചൻ തന്റെ ജീവചരിത്രക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1990 ജനുവരി 24–ാം തീയതി തലച്ചോറിൽ ഉണ്ടായ രക്തസ്രാവം നിമിത്തം അച്ചൻ അബോധാവസ്ഥയിലായി. അതിന് മുമ്പ് അച്ചന്റെ ആഗ്രഹപ്രകാരം ആഘോഷമായ കന്തീല ശുശ്രൂഷ (വൈദികരുടെ രോഗീലേപനശുശ്രൂഷ) അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തിയിരുന്നു. ജനുവരി 26–ാം തീയതി വെള്ളിയാഴ്ച രാവിലെ 6. 45 ന് അച്ചൻ തന്റെ ആത്മാവിനെ ദൈവപിതാവിന്റെ കരത്തിൽ സമർപ്പിച്ചു. നാടിന്റെ ജനാധിപത്യ സംവിധാനം നിർത്താൻ പടപൊരുതിയ അദ്ദേഹത്തിന്റെ മരണം ഭാരതത്തിന്റെ റിപ്പബ്ലിക്ക് ദിനത്തിലായത് ദൈവനിശ്ചയമല്ലാതെ മറ്റെന്താണ്. ഇരുപത്തി



www.malankaralibrary.com

ഏഴാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് നഗരികാണിക്കലിനും പള്ളിയിലുള്ള ശുശ്രൂഷകൾക്കും ശേഷം പള്ളിയുടെ വടക്കേ മുറ്റത്ത് ബഹു. ഡേവിഡ് പയ്യംപള്ളിൽ അച്ചനും ബഹു. പവ്വോത്തിക്കുന്നേൽ അച്ചനും ചേർന്ന് മുൻകൂർ നിർമ്മിച്ചിരുന്ന കല്ലറയിൽ കബറടക്കി. 2000-ാമാണ്ടിൽ ചെങ്ങരൂർ പള്ളി പുനഃനിർമ്മിച്ചപ്പോൾ ബഹു. അച്ചന്റെ പൂജ്യശേഷിപ്പുകൾ കല്ലറയിൽ നിന്നെടുത്ത് പള്ളിയുടെ ഭാഗമായുള്ള ആരാധനാ ചാപ്പലിൽ വൈദികരുടെ കബറടക്കത്തിനു വേണ്ടി നിർമ്മിച്ച കല്ലറയിലേക്ക് മാറ്റി കബറടക്കി.

**പുനഃരൈക്യം**

പവ്വോത്തിക്കുന്നേൽ കുടുംബം യാക്കോബായ സഭയിലായിരുന്നു കൂടി നടത്തിരുന്നത്. അച്ചന്റെ പിതാവ് ഇലവുങ്കമണ്ണിൽ മത്തായിച്ചനെ അടക്കിയിരിക്കുന്നതും വെങ്ങലശ്ശേരി യാക്കോബായ പള്ളിയിലാണ്. എന്നാൽ പിന്നീട് കുടുംബം മാർതോമ്മാസഭയിൽ കൂടിവന്നിരുന്നപ്പോഴാണ് പരിശുദ്ധ കത്തോലിക്കാ സഭയിൽ ചേരുന്നത്. അച്ചൻ ഇരവിപേരൂർ സെന്റ് ജോൺസ് ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് 1928 -ൽ കുടുംബം പുനഃരൈക്യപ്പെട്ട് കത്തോലിക്കാ സഭയിൽ ചേർന്നു. ചങ്ങനാശ്ശേരി രൂപതയുടെ വേദപ്രചാര ഡയറക്ടർ ബഹു. ഡൊമിനിക്ക് തോട്ടാശ്ശേരിൽ അച്ചന്റെ പ്രേഷിത ശുശ്രൂഷയുടെ ഫലമാണ് കുടുംബത്തിന്റെ കത്തോലിക്കാ സഭാപ്രവേശം. അതേതുടർന്നാണ് തോട്ടാശ്ശേരിൽ അച്ചന്റെ സഹായംകൊണ്ട് പവ്വോത്തിക്കുന്നേൽ അച്ചന്റെ ഹൈസ്കൂൾ പഠനം ചങ്ങനാശ്ശേരി എസ്. ബി. ഹൈസ്കൂളിലേക്ക് മാറിയത്. ഒരു പക്ഷേ പുനഃരൈക്യവും എസ്. ബി. ഹൈസ്കൂളിലെ പഠനവുമായിരിക്കും വൈദിക ജീവിതത്തോടുള്ള താല്പര്യം പവ്വോത്തിക്കുന്നേൽ അച്ചനിൽ ജനിപ്പിച്ചത്. കുടുംബത്തിന്റെ പുനഃരൈക്യത്തിന്റെ ഫലമായിട്ടാണ് സാമ്പത്തിക ബാദ്ധ്യതയിലായിരുന്ന കുടുംബത്തിന് ഇലവുങ്കമൺ പുരയിടം വിറ്റ് കടം വീട്ടാൻ ബഹു. തോട്ടാശ്ശേരിൽ അച്ചന്റെ സഹകരണം ലഭിച്ചതും. അത്രയും വലിയ പറമ്പ് വിലയ്ക്കെടുക്കുവാൻ സാമ്പത്തികശേഷി ഉള്ളവർ പ്രദേശത്ത് ചുരുക്കമായിരുന്നതിനാൽ ചങ്ങനാശ്ശേരി രൂപതയെക്കൊണ്ട് പ്രസ്തുത ഭൂമിവാങ്ങിപ്പിച്ച് പവ്വോത്തിക്കുന്നേൽ കുടുംബത്തെ സഹായിച്ചത് ബഹു. തോട്ടാശ്ശേരിൽ അച്ചനായിരുന്നു. പ്രസിദ്ധമായ മലങ്കര പുനരൈക്യസംഭവത്തിനു മുൻപായിരുന്നു പവ്വോത്തിക്കുന്നേൽ കുടുംബത്തിന്റെ കത്തോലിക്കാ സഭാപ്രവേശം. അതിനാൽ അവർ ഇടവകകൂടിയിരുന്നത് ചങ്ങനാശ്ശേരി രൂപതയുടെ നെടുങ്ങാടപ്പള്ളി സെന്റ്



www.malankaralibrary.com

അത്തനേഷ്യസ് ഇടവകയിലായിരുന്നു. പിന്നീട് മലങ്കര പുനരൈക്യാന ന്തരം ചെങ്ങരൂരിൽ ഇടവകകൂട്ടായ്മ രൂപപ്പെട്ടപ്പോൾ പവ്വോത്തിക്കുന്നേൽ കുടുംബവും അവിടെ ഇടവകചേർന്നു. അന്നുമുതൽ ഇന്നുവരെയും ഈ കുടുംബം ഇടവകയുടെയും സഭയുടെയും ശക്തിദുർഗമായി നിലകൊള്ളുന്നു.

## തീയിൽ കുരുത്തത് വെയിലിൽ വാടില്ല

ജനനത്തിന്റെ 42-ാം ദിവസം പിതാവിന്റെ അകാലമരണം, പിതാവ് സമ്പാദിച്ച് വികസിപ്പിച്ചെടുത്ത ഇലവുങ്കമൺപുരയിടത്തിന്റെ കൈവിട്ടുപോക്ക്, ശൈശവം മുതൽ അമ്മയും സഹോദരങ്ങളും ചേർന്നുള്ള കഠിനാദ്ധ്വാനത്തിന്റെ പാഠങ്ങൾ, സാമ്പത്തികഭാരം കൊണ്ട് പഠനം അവസാനിപ്പിക്കുകയും വീണ്ടും സഹോദരന്മാരുടെ പ്രേരണയാൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടാൻ വേണ്ടിവന്ന ത്യാഗങ്ങളും ക്ലേശങ്ങളും അഗ്നിയിൽ പരുവപ്പെടുത്തിയ ഉരുക്കുപോലെ അദ്ദേഹത്തെ ശരീരത്തിലും മനസ്സിലും ശക്തനാക്കി രൂപപ്പെടുത്തിയിരുന്നു. ഈ അനുഭവപശ്ചാത്തലമാണ് പൗരോഹിത്യശുശ്രൂഷയുടെ ആദ്യനാൾമുതൽ സകല പ്രതിബന്ധങ്ങളെയും അതിജീവിച്ച് മുന്നേറാൻ അദ്ദേഹത്തെ സഹായിച്ചത്. ഒരു തലയിൽകെട്ടുമായി തന്റെ സന്തതസഹചാരിയായ വടിയും കറക്കി ശത്രുക്കളുടെ ഇടയിലൂടെ ധൈര്യത്തോടെ നടന്നുപോകുന്ന അച്ചന്റെ തന്റേടം ആയിരങ്ങൾക്ക് ആവേശമായിരുന്നു. ആരാധനാലയങ്ങളും സെമിത്തേരികളും തുടങ്ങാൻ സർക്കാരിന്റെ പ്രത്യേക അനുവാദം ആവശ്യമായിരിക്കുകയും ശത്രുക്കളുടെ ഇടപെടൽമൂലം അനുവാദം ലഭിക്കാൻ ഏറെ വൈഷമ്യങ്ങൾ നേരിടേണ്ടിവരികയും ചെയ്തിരുന്ന കാലത്ത് തന്റേടവും ബുദ്ധികൂർമ്മതയും ബന്ധുബലവുംകൊണ്ട് ചെങ്ങരൂർ, പനയമ്പാല, മല്ലപ്പള്ളി, വാകത്താനം തുടങ്ങിയ സ്ഥലങ്ങളിൽ അദ്ദേഹം ചെയ്തപ്രവർത്തനങ്ങളും നിർമ്മാണങ്ങളും രോമാഞ്ചജനകമായിരിക്കുന്നു. പുഷ്പഗിരികുന്ന് കയ്യേറ്റക്കാരിൽ നിന്നൊഴിപ്പിക്കാൻ അദ്ദേഹം ഏറ്റെടുത്ത ത്യാഗങ്ങളും പ്രവർത്തനങ്ങളും ശ്രോതാക്കളെ ഇന്നും ഹരംപിടിപ്പിക്കുന്നത്ര ഉദ്വേഗജനകമാണ്. വിമോചനസമര നേതൃത്വം, മല്ലപ്പള്ളി പാലംപണി, മല്ലപ്പള്ളി ഹെൽത്ത് സെന്റർ, മാമ്മൂട് - ചങ്ങനാശ്ശേരി റോഡിന്റെ ആദ്യ ടാറിംഗ്, തിരുവനന്തപുരം- മല്ലപ്പള്ളി - കോഴഞ്ചേരി- എറണാകുളം ഫാസ്റ്റ് പാസഞ്ചർ ബസ്സ് സർവ്വീസ്, ചെങ്ങരൂർ ബഥനിമഠം, സെന്റ് തെരേസാസ് ബഥനി ഗേൾസ് ഹൈസ്കൂൾ, ദേശാഭിവൃദ്ധിനി സംഘം തുടങ്ങിയവയ്ക്കെല്ലാം അച്ചൻ നല്കിയ നേതൃത്വം ചരിത്രമാണ്.



www.malankaralibrary.com


**സമാപ്തി**

'ഒരു പ്രവാചകനും സ്വന്തനാട്ടിൽ പ്രശോഭിക്കാറില്ല' എന്ന തത്ത്വത്തിനൊരപവാദമായിരുന്നു ബഹു. ചെറിയാൻ പവ്വോത്തിക്കുന്നേൽ അച്ചൻ. ആറടി രണ്ടിഞ്ച് ഉയരം, ഉയരത്തിനൊത്ത വണ്ണം, വെളുത്ത നിറം വിശാലമായ നെറ്റിത്തടം, അധികം നീണ്ടതല്ലാത്ത താടിമീശ, ചെറിയ കോങ്കണ്ണ് കാഴ്ചയിൽ ഇതായിരുന്നു പവ്വോത്തിക്കുന്നേൽ അച്ചൻ. തന്റെ സുദൃഢമായ അഭിപ്രായങ്ങളെ ചോദ്യം ചെയ്യാനോ അധികാരങ്ങളെ അവഗണിക്കാനോ ആരെയും അനുവദിക്കാത്ത തന്റേടി. തന്റെ മേലധികാരികളുടെ മുൻപിലല്ലാതെ മറ്റാരുടെ മുൻപിലും തലകുനിക്കാത്ത പ്രകൃതം. നിശ്ചയിച്ച കാര്യം സാധിച്ചിട്ടല്ലാതെ വിശ്രമമില്ലാത്ത അദ്ധ്വാനി. സഭയുടെ വളർച്ചയും സമൂഹത്തിന്റെ നന്മയും മാത്രം ലക്ഷ്യമാക്കിയിരുന്ന ജീവിതം. സഹായം തേടിവരുന്നവരെ ഒരിക്കലും നിരാശരാക്കുകയോ ആശ്രിതരെ ഉപേക്ഷിക്കുകയോ ചെയ്യാത്ത ഔദാര്യമതി. തന്റേടവും ഗൗരവവും സ്ഫുരിക്കുന്ന മുഖത്തിനു പിന്നിൽ ആർദ്രതയും സഹാനുഭൂതിയും നീതിബോധവും വിളങ്ങിയിരുന്ന വ്യക്തിത്വം. അതായിരുന്നു ബഹു. ചെറിയാൻ പവ്വോത്തിക്കുന്നേൽ അച്ചൻ.

*"രാജാവിനു മുന്നിൽ ചെന്നുനിന്ന് താങ്കളുടെ തലയിൽ വച്ചിരിക്കുന്ന കിരീടം ഞാൻ പണികഴിപ്പിച്ചതാണെന്ന് നിവർന്നുനിന്ന് പറയുന്നിടത്താണ് ചരിത്രത്തിന്റെ ജനാധിപത്യസത്ത".*



www.malankaralibrary.com



# മലങ്കരയുടെ കിന്നരം
# മൂലമണ്ണിൽ മല്പാൻ

**മുൻകുറിപ്പ്**

മലങ്കരയുടെ കിന്നരം മൂലമണ്ണിൽ പെരിയ ബഹുമാനപ്പെട്ട തോമസ് മല്പാൻ (മല്പാനച്ചൻ) സ്വർഗ്ഗീയ കാനാനിൽ, കർതൃസന്നിധി, അണഞ്ഞിട്ട് അനുഗ്രഹത്തിന്റെ അറുപതുവർഷങ്ങൾ പൂർത്തിയാകുന്നു. ആചാര്യന്മാരെ അന്ത്യോക്യൻ സുറിയാനി ആരാധനക്രമം പരിശീലിപ്പിക്കുന്നതിന് ജീവിതം ഉഴിഞ്ഞുവച്ചിരുന്ന ആചാര്യ ശ്രേഷ്ഠൻ അനവരതം ദൈവത്തെ ആരാധിക്കുന്ന മാലാഖമാരുടെ ഗണങ്ങളോടും വിശുദ്ധരുടെ സംഘങ്ങളോടും അണിചേർന്നിട്ട് ആറ് പതിറ്റാണ്ടുകൾ പൂർത്തിയാകുന്നു. അന്ത്യോക്യൻ സുറിയാനി ആരാധനയുടെ ഇമ്പമേറിയ ആലാപനത്തിലൂടെ സഭാതനയരെ അവാച്യമായ സ്വർഗ്ഗീയ അനുഭൂതിയിലേക്ക് ആവാഹിച്ചിരുന്ന ആചാര്യശ്രേഷ്ഠൻ സ്വർഗ്ഗീയ ആനന്ദത്തിന്റെ പൂർണ്ണത പൂകിയതിന്റെ വജ്രജൂബിലി പൂർണമാകുന്നു. മല്പാനച്ചന്റെ ശിഷ്യന്മാരും, ഇടവകക്കാരും, കുടുംബാംഗങ്ങളുമായ പലരിൽ നിന്നും ലഭിച്ച വിവരങ്ങളാണ് ലേഖനത്തിന്റെ അവലംബം.

കാരയ്ക്കൽ, കാർഷിക പശ്ചാത്തലമുള്ള സമാധാനപ്രിയരും ആത്മിക ജീവിതത്തിൽ നിഷ്ഠയുള്ളവരുമായ ജനങ്ങളുടെ നാട്. വിവിധ മതസ്ഥർ ഒരുമയോടെ വസിക്കുന്ന നാട്. പുരാതനമായ ഹിന്ദുതറവാടുകളും ക്രിസ്ത്യൻ കുടുംബങ്ങളും കൊണ്ട് സമ്പന്നമായ നാട്. നെൽപ്പാടങ്ങളുടെ വിശാലതപോലെ ഹൃദയവിശാലതയുള്ള ജനങ്ങളുടെ നാട്. നിരണവുമായുള്ള സാമീപ്യംകൊണ്ട് ക്രൈസ്തവ സമൂഹത്തിന്റെ വളർച്ചയ്ക്ക് വളക്കൂറുലഭിച്ച നാട്. പുത്തൻകൂർ സമുദായത്തിന്റെ നല്ല വിളഭൂമി. മലങ്കര സഭയിലെ കക്ഷിവഴക്കും വ്യവഹാരങ്ങളുംകൊണ്ട്



www.malankaralibrary.com

ഹൃദയം വേദനിച്ചിരുന്ന സഭാസ്നേഹികളുടെ നാട്. ഈ പ്രദേശത്തിന്റെ പ്രത്യേകതകളെല്ലാം ഉൾക്കൊണ്ടിരുന്ന ഒരു ഉത്തമ ഇടയശ്രേഷ്ഠനെക്കുറിച്ചാണ് നാം കാണുവാൻ പോകുന്നത്: മൂലമണ്ണിൽ തോമസ് മല്പാൻ.

**വ്യക്തിപശ്ചാത്തലം**

കാരയ്ക്കൽ മൂലമണ്ണിൽ ചെറിയാൻ മറിയാമ്മ ദമ്പതികളുടെ സീമന്തപുത്രൻ. ജനനം 1060 മിഥുനം 13-ാം തീയതി. മാത്തുക്കുട്ടിയും മാമ്മച്ചനും ഇളയ സഹോദരന്മാർ. 'മൂലമണ്ണിൽ' കാരയ്ക്കൽ പ്രദേശത്തേ പ്രസിദ്ധമായ കുടുംബം. സഭാത്മക ജീവിതത്തിലും ആരാധനാജീവിതത്തിലും പരമ്പരാഗതമായി അതീവശ്രദ്ധപുലർത്തിയിരുന്ന കുംടുംബം. പള്ളിയോടും പട്ടക്കാരോടുമുള്ള അടുപ്പവും ആദരവും കുടുംബത്തിൽ നിന്ന് ബാലനായ തോമസ്സിന് പൈതൃകമായി കിട്ടിയതാണ്. അന്ത്യോക്യൻ - സുറിയാനി ആരാധനക്രമത്തിന്റെ മനോഹാരിതയും വശ്യതയും തോമസ്സിൽ വൈദിക ജീവിതത്തോട് ആഭിമുഖ്യമുളവാക്കി.

കോട്ടയം എം. ഡി. സെമിനാരിയിൽ വൈദിക പഠനം. സുറിയാനി ഭാഷയോടും ആരാധനാക്രമത്തോടും വലിയ താല്പര്യം ഉണ്ടായിരുന്നെങ്കിലും സുറിയാനി ഭാഷാപഠനം ശ്രമകരമായിരുന്നു തോമസ്സിന്. അന്നൊരിക്കൽ തന്റെ വത്സലപിതാവ് ചെറിയാച്ചനുമൊത്ത് തോമസ് പരുമല കൊച്ചുതിരുമേനിയെ സന്ദർശിച്ചു, "പഠിത്തമൊക്കെ എങ്ങനെയുണ്ട്" എന്ന് അഭിവന്ദ്യ തിരുമേനി വാത്സല്യപൂർവ്വം ആരാഞ്ഞു. "സുറിയാനി വലിയ ബുദ്ധിമുട്ടാണ് " തോമസ് വിനയപൂർവ്വം ഉത്തരം പറഞ്ഞു. "സാരമില്ല. മുട്ടുകുത്ത് ", തിരുമേനി കല്പിച്ചു. സ്ലീബാ ശിരസ്സിൽ വച്ച് അനുഗ്രഹിച്ചു. വാത്സല്യപൂർവ്വം തോളിൽ തട്ടിക്കൊണ്ടു പറഞ്ഞു: "മിടുക്കനായിക്കോളും, ഒരു നല്ല കത്തനാരാകണം" അതുവരെ ശ്രമകരമായിരുന്ന സുറിയാനി ഭാഷാ - പഠനവും ആരാധനാക്രമ പഠനവും അന്നുമുതൽ ഒരു വരദാനം പോലെ ശ്രമരഹിതമായി മാറി എന്ന് മല്പാനച്ചൻ പലപ്പോഴും അനുസ്മരിച്ചിരുന്നു. പരുമല കൊച്ചുതിരുമേനിയോടു മാത്രമല്ല വന്ദ്യ തിരുമേനിമാരോട് പൊതുവേ ആദരവും ബഹുമാനവും വർദ്ധിക്കുവാൻ ഈ അത്ഭുതകരമായ അനുഭവം ഇടയാക്കി. 1077 - കന്നി മാസത്തിൽ കരിച്ചാൽ പള്ളിയിൽ വച്ച് പരുമലതിരുമേനിയിൽ നിന്ന് ആദ്യപട്ടമേറ്റു. വെണ്ണിക്കുളത്ത് തോണ്ടക്കരോട്ട് സാറാമ്മയെയാണ് തോമസ് ശെമ്മാശ്ശൻ 1079 ചിങ്ങമാസത്തിൽ സഹധർമ്മിണിയായി സ്വീകരിച്ചത്. വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ ഇളയ സഹോദരി കൊച്ചീത്തമ്മയുടെ മകളായിരുന്നു സാറാമ്മ. വിവാഹബന്ധ



www.malankaralibrary.com

ത്തിലൂടെ വട്ടശ്ശേരിൽ തിരുമേനിയുമായി ഉണ്ടായ അടുപ്പം തിരുമേനിയുടെ സഭാ വീക്ഷണങ്ങൾ അടുത്തറിയുവാൻ ഇടയാക്കി. മാത്രമല്ല വട്ടശ്ശേരിൽ തിരുമേനിയുമായി ഉണ്ടായ അടുപ്പം മൂലം തിരുമേനിയുടെ വത്സലശിഷ്യനും മനഃസാക്ഷി സൂക്ഷിപ്പുകാരനുമായിരുന്ന പണിക്കരുവീട്ടിൽ പി.റ്റി. ഗീവർഗീസച്ചനുമായി (പിന്നീട് ദൈവദാസൻ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ) അടുത്തിടപഴകാനും അദ്ദേഹത്തിന്റെ സഭാദർശനം അടുത്തറിയാനും സഭാ കാര്യങ്ങളിൽ ഒന്നിച്ചു പ്രവർത്തിക്കാനും ഇടനല്കിയിരുന്നു. 1087 വൃശ്ചികം 18-ാം തീയതി വട്ടശ്ശേരി തിരുമേനിയുടെ കൈവയ്പാൽ തിരുവല്ലാ പള്ളിയിൽ വച്ച് കശ്ശീശ്ശയായി അഭിഷിക്തനായി, തുടർന്നു മകരം ഒന്നാം തീയതി കാരയ്ക്കൽ പള്ളിയിൽ പ്രഥമ വിശുദ്ധ കുർബാനയർപ്പിച്ചു. സുറിയാനിയിൽ അദ്ദേഹം അർപ്പിച്ച വി. കുർബാനയുടെ സ്വർഗ്ഗീയ അനുഭൂതിയെകുറിച്ച് കഴിഞ്ഞ തലമുറയിൽപ്പെട്ട പലരും പറഞ്ഞുകേട്ടിട്ടുള്ളതായി ഇന്നും പലരും സാക്ഷ്യപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ സുറിയാനി ഭാഷാ പരിജ്ഞാനവും അനുഷ്ഠാനക്രമത്തിലുള്ള അവഗാഹവും സ്വരമാധുരിയും സഭയിലെ സുറിയാനി മല്പാനായി ഉയരുവാൻ ഭാവിയിൽ അദ്ദേഹത്തിന് സഹായമായി.

**വട്ടശ്ശേരിൽ തിരുമേനിയെ അടുത്തറിഞ്ഞ സെക്രട്ടറി**

മലങ്കരസഭാ ഭാസുരൻ മലങ്കര മെത്രപ്പോലീത്താ പരിശുദ്ധ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയുടെ സെക്രട്ടറിയായി മൂലമണ്ണിൽ തോമസ്സച്ചൻ പത്ത് വർഷത്തിലധികം പ്രവർത്തിച്ചു എന്നത് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലേക്കൊരു ചൂണ്ടുപലകയും വ്യക്തിത്വ വളർച്ചക്കൊരു സഹായ ഹേതുവുമായിരുന്നു. ആരുടെയും മുമ്പിൽ തലകുനിയ്ക്കാതെ എന്നാൽ എല്ലാവരെയും തന്റെ മുമ്പിൽ തലവണക്കിച്ചിട്ടുള്ള വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിത ചിട്ടകളോടും ക്രമങ്ങളോടും പൊരുത്തപ്പെട്ടുള്ള ജീവിതം മൂലമണ്ണിലച്ചന്റെ ജീവിതത്തിലും വലിയ ചിട്ടയും ക്രമവും രൂപപ്പെടുന്നതിനിടയാക്കി. 1081 മുതൽ വട്ടശ്ശേരിൽ തിരുമേനിയോടൊപ്പം പള്ളികൾ സന്ദർശിക്കാൻ തുടങ്ങി.

വട്ടശ്ശേരിൽ തിരുമേനിയുടെ സെക്രട്ടറി ആയിരുന്ന കാലത്ത് വട്ടശ്ശേരിൽ തിരുമേനിയും പണിക്കരുവീട്ടിൽ പി. റ്റി. ഗീവർഗീസച്ചനുമായുള്ള നീണ്ട സംസാരങ്ങളും ചർച്ചകളും അടുത്തും അകലെയും നിന്ന് ശ്രവിക്കുവാൻ മൂലമണ്ണിലച്ചന് അനവധിയവസരങ്ങൾ ലഭിച്ചിരുന്നു. വ്യവഹാരത്തിൽപെട്ട് ആത്മികമായും സാമൂഹ്യമായും സാമ്പത്തികമായും



www.malankaralibrary.com

തളർന്നുകൊണ്ടിരുന്ന മലങ്കര സഭയെ ശക്തിപ്പെടുത്തുന്നതിനും സഭയുടെ സാതന്ത്ര്യം കാത്തു സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും വട്ടശ്ശേരിൽ തിരുമേനിയും പി. റ്റി. ഗീവർഗീസച്ചനും വലിയ മനോവ്യഥയോടെ പ്രാർത്ഥനാപൂർവ്വം ശ്രമിച്ചിരുന്നു. ബഥനി സന്യാസ പ്രസ്ഥാനത്തിന്റെ തുടക്കം തന്നെ ഈ ലക്ഷ്യത്തിന്റെ പശ്ചാത്തലത്തിൽ മനസ്സിലാക്കേണ്ടതാണ്. ഈ ലക്ഷ്യം മുൻ നിർത്തിയാണ് ബഥനി പള്ളികൾ സ്ഥാപിക്കുവാനുള്ള മാർ ഈവാനിയോസ് തിരുമേനിയുടെ ശ്രമങ്ങളെ വട്ടശ്ശേരിൽ തിരുമേനി അനുഗ്രഹാശ്ശിസുകൾ നല്കി പ്രോത്സാഹിപ്പിച്ചതും നിലനിന്നിരുന്ന വ്യവഹാരങ്ങളിൽ പരാജയപ്പെട്ടാലും സഭയുടെ സ്വാതന്ത്ര്യം നിലനിർത്താനുള്ള ഒരു മാർഗ്ഗം കൂടിയായി രണ്ടു പേരും ബഥനിപള്ളി സ്ഥാപനത്തെ കണ്ടിരുന്നു. മാർ ഈവാനിയോസ് തിരുമേനിയെ ബഥനി മെത്രാനും, മെത്രാപ്പോലീത്തായുമൊക്കെയായി നിയമിച്ചതും ഈ ലക്ഷ്യം മുൻനിർത്തിക്കൂടിയായിരുന്നു.

അന്ത്യോക്യൻ അധികാരത്തിന്റെ നുകത്തിൻകീഴിൽനിന്നും വിടുതൽ നേടാൻ ഏതെങ്കിലുമൊരു പുരാതന സഭയുമായി സംസർഗ്ഗം നേടിയെടുക്കേണ്ടതിന്റെ അനിവാര്യത മാർ ഈവാനിയോസ് തിരുമേനി വട്ടശ്ശേരിൽ തിരുമേനിയെ ബോധ്യപ്പെടുത്തിയിരുന്നു. അതിൻപ്രകാരം ഹൂദായ കാനൻ അംഗീകരിക്കുന്ന റീശ്പാത്രിയർക്കീസായ റോമിലെ മാർപ്പാപ്പാ നേതൃത്വം കൊടുക്കുന്ന സഭയുമായി സംസർഗ്ഗം നേടിയെടുക്കാനായി മാർ ഈവാനിയോസ് തിരുമേനിയെ പ്രോത്സാഹിപ്പിച്ചത് വട്ടശ്ശേരിൽ തിരുമേനിയായിരുന്നു എന്ന് മൂലമണ്ണിലച്ചൻ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വട്ടശ്ശേരിൽ തിരുമേനിയും മാർ ഈവാനിയോസ് തിരുമേനിയും തമ്മിലുള്ള സംഭാഷണങ്ങളും ചർച്ചകളും അനവധിതവണ നേരിട്ടു കേട്ടിട്ടുള്ള മൂലമണ്ണിലച്ചനിൽ മാർ ഈവാനിയോസ് തിരുമേനിയുടെ സഭാദർശനങ്ങളെക്കുറിച്ചും ചരിത്രബോധത്തെക്കുറിച്ചും ആരാധന ക്രമത്തിലും അനുഷ്ഠാനക്രമത്തിലുമുള്ള അവഗാഹത്തെക്കുറിച്ചും വലിയ ആരാധനയും മതിപ്പും ഉളവാകാൻ ഇടയായിട്ടുള്ളതായി അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ട്. മാർ ഈവാനിയോസ് തിരുമേനിയോടുള്ള ഈ ആരാധനാമനോഭാവമാണ് മാർ ഈവാനിയോസ് തിരുമേനി തെരഞ്ഞെടുത്ത സഭാദർശനം പിൻതുടരാൻ മൂലമണ്ണിലച്ചനെയും പ്രേരിപ്പിച്ച പ്രധാന ഘടകം എന്നദ്ദേഹം പലപ്പോഴും തന്റെ ശിഷ്യന്മാരോട് പറഞ്ഞിരുന്നു. മാർ ഈവാനിയോസ് തിരുമേനിയോടുള്ള അടുപ്പത്തിലൂടെയാണ് അന്ത്യോക്യൻ ആരാധനക്രമത്തെകുറിച്ചും അനുഷ്ഠാനങ്ങളെക്കുറിച്ചും സുറിയാനി ഭാഷയെക്കുറിച്ചും ആഴത്തിലുള്ള അറിവ് നേടുവാനും ഭാവിയിൽ മല്പാനായി



www.malankaralibrary.com

വൈദിക വിദ്യാർത്ഥികൾക്ക് പരിശീലനം നല്കുവാനും സാദ്ധ്യമായ തെന്നും മല്പാനച്ചൻ സൂചിപ്പിക്കുന്നുണ്ട്.

വട്ടശ്ശരിൽ തിരുമേനിയുടെ സെക്രട്ടറിയായിരുന്ന ദീർഘകാലത്ത് തിരുമേനിയുടെ ഹൃദയാഭിലാഷങ്ങൾ അടുത്തറിയാനും റീശ്പാത്ര യർക്കിസ് റോമാ മാർപ്പാപ്പാ തലവനായിരിക്കുന്ന പുരാതന സഭയുമായി സംസർഗ്ഗത്തിലായിക്കൊണ്ട് മലങ്കര സഭയുടെ സ്വാതന്ത്ര്യം സംരക്ഷിക്കുകയും സഭാത്മകപൂർണ്ണത നേടിയെടുക്കുകയും ചെയ്യുക എന്നതാണ് മലങ്കര സഭയുടെ വളർച്ചക്കും സ്വാതന്ത്ര്യത്തിനും ആവശ്യം എന്ന മാർ ഈവാനിയോസ് തിരുമേനിയുടെ നിർദ്ദേശത്തെ എപ്രകാരം ശ്ലാഘിച്ച് പ്രോത്സാഹിപ്പിച്ചിരുന്നുവെന്നും മല്പാനച്ചൻ വ്യക്തമായി ഗ്രഹിച്ചിരുന്നു. തങ്ങളുടെ ഈ ആലോചന രഹസ്യമായിരിക്കണമെന്നും യാതൊരു കാരണവശാലും പുറത്താരോടും പറയരുതെന്നും തന്റെ സഹോദരീപുത്രിയുടെ ഭർത്താവുകൂടിയായ തന്റെ സെക്രട്ടറി മൂലമണ്ണിലച്ചനോട് വട്ടശ്ശേരിൽ തിരുമേനി നിർദ്ദേശിച്ചിരുന്നതായും മരണംവരെ ആ വിവരങ്ങൾ രഹസ്യമായി സൂക്ഷിച്ചിരുന്നതായും മല്പാനച്ചന്റെ ചില കുറിപ്പുകളിൽ നിന്ന് വ്യക്തമാകുന്നുണ്ട്.

**ഇടവകക്കാരുടെ ഹൃദയം കീഴടക്കിയ വികാരി**

വട്ടശ്ശേരിൽ തിരുമേനിയുടെ വിശ്വസ്തനായ സെക്രട്ടറിയായുള്ള ദീർഘകാലത്തെ സേവനത്തിനു ശേഷം 1089 കന്നിമാസം മൂന്നാം തീയതി മുതൽ പള്ളം പള്ളിയുടെ വികാരിയായി 1098 മീനം 30 വരെ ചുമതല വഹിച്ചു. അച്ചന്റെ ഇമ്പകരമായ ആരാധനയും നേതൃമഹിമയും ഇടവകയിലും നാട്ടിലുമുളവാക്കിയ ഊഷ്മളത ഇന്നും കെട്ടടങ്ങിയിട്ടില്ല. അദ്ദേഹം സേവനം ചെയ്തിട്ടുള്ള ഇടവകകളിലെല്ലാം വിശ്വാസികളുടെ ആരാധനാ ജീവിതം ആഴപ്പെടുത്തുവാൻ അദ്ദേഹം അതീവ ജാഗരൂകനായിരുന്നു.

**ഉത്തമനായ ആത്മികപിതാവ്**

പുത്തൻകൂർ സമുദായത്തിലെ സ്ത്രീകളുടെ ഉന്നമനം മാർ ഈവാനിയോസ് തിരുമേനിയുടെ വലിയ സ്വപ്നമായിരുന്നു. പെൺകുട്ടികൾക്കായി ഒരു സ്കൂളും സ്ത്രീകൾക്കായി ഒരു സന്യാസപ്രസ്ഥാനവും സ്ഥാപിക്കുക വഴി അദ്ദേഹം തന്റെ സ്വപ്നത്തിന് മൂർത്തരൂപം നല്കി എന്ന് നമുക്കറിയാം. ഈ രണ്ടു കാര്യങ്ങൾക്കും തിരുമേനി തെരഞ്ഞെടുത്ത സ്ഥലം തിരുമൂലപുരമാണ്. സമുദായത്തിലെ പ്രമാണിമാരുടെ സഹ


www.malankaralibrary.com

കരണത്തിൽ തിരുമൂലപുരം ബാലികാമഠം സ്കൂൾ ആരംഭിക്കുന്നതും അതിന്റെ മേൽനോട്ടത്തിനായി ശുശ്രൂഷാ തല്പരരായ വിദേശവനിതകളെ മാർ ഈവാനിയോസ് തിരുമേനി കണ്ടെത്തുന്നതും ഈ പശ്ചാത്തലത്തിലാണ്. സകൂളിന് തിരുമേനി നേരിട്ടു നല്കിയ പേരാണ് ബാലികാമഠം. രണ്ടും മഠങ്ങൾ, രണ്ടിനും ഒരേപോലെ പരിപാവനതയും ശ്രേഷ്ഠതയും അദ്ദേഹം കല്പിച്ചിരുന്നു. സന്യാസിനി മഠത്തിൽ സന്യാസിനികൾക്കെന്നപോലെ ബാലികാമഠത്തിലും കുട്ടികൾക്ക് ഉത്തമ സ്വഭാവരൂപീകരണവും ആദ്ധ്യാത്മിക ശിഷണവും ലഭ്യമാക്കണമെന്നതായിരുന്നു സ്ക്കൂൾ സ്ഥാപനത്തിന്റെ പിന്നിലെ ലക്ഷ്യം, അതു വഴി പുത്തൻകൂർ സമുദായത്തിന്റെ സമുദ്ധാരണം. ഈ ലക്ഷ്യപ്രാപ്തിക്കായി ബാലികാമഠം സ്കൂളിൽ ഉത്തമരായ അദ്ധ്യാപകരെ നിയമിക്കാൻ ശ്രദ്ധിച്ചിരുന്നതുപോലെ ഉത്തമരായ വൈദികരെ കുട്ടികളുടെയും അദ്ധ്യാപകരുടെയും ആത്മിക രൂപീകരണത്തിനായി നിയമിക്കണമെന്നും തിരുമേനിക്ക് നിർബന്ധമുണ്ടായിരുന്നു. മൂലമണ്ണിലച്ചനെ ബാലികാമഠത്തിലെ ചാപ്ലയിനായി നിയമിച്ചു എന്നത് ബഹു. അച്ചന്റെ സ്വഭാവശ്രേഷ്ഠതയും അഭിവന്ദ്യ മെത്രാപ്പോലിത്തായ്ക്ക് അച്ചനിലുണ്ടായിരുന്ന വിശ്വാസവും വെളിവാക്കുന്ന സംഭവങ്ങളിൽ ഒന്നാണ്. അച്ചന്റെ ആത്മിക ജീവിതത്തിന്റെ ഉദാത്തതയുടെ ഉദാഹരണവും അംഗീകാരവുമായി ഇതിനെ വിലയിരുത്താൻ സാധിക്കും.

**മലങ്കരയുടെ മല്പാൻ**

സുറിയാനി ഭാഷയിൽ മൂലമണ്ണിലച്ചനുണ്ടായിരുന്ന പാണ്ഡിത്യവും ആരാധനാനുഷ്ഠാനങ്ങളിലുണ്ടായിരുന്ന അവഗാഹവും സ്വരമാധുരിയും വൈദികവിദ്യാർത്ഥികളുടെ പരിശീലകനായി (മല്പാനായി) സഭയിൽ ഉയരുവാൻ അദ്ദേഹത്തെ സഹായിച്ചു. സെമിനാരിയിലെ ഔദ്യോഗിക പരിശീലനത്തിനു പുറമേ ഗുരുകുലശൈലിയിൽ അദ്ദേഹത്തിന്റെ ഭവനത്തിലെത്തിയും ധാരാളം പേർ പരിശീലനം നേടിയിരുന്നു. അന്ത്യോക്യൻ സുറിയാനി പാരമ്പര്യങ്ങളും ആരാധനാരീതികളും ആദ്ധ്യാത്മികതയും അവികലമായി മലങ്കരയിൽ പുലർത്തുവാൻ മൂലമണ്ണിൽ മല്പാനച്ചൻ വഹിച്ച പങ്ക് അമൂല്യമാണ്. അദ്ദേഹത്തിൽ നിന്ന് സുറിയാനി ഭാഷ പഠിച്ചവർ പറയുന്നത് അദ്ദേഹത്തിന്റെ അദ്ധ്യയന രീതിയുടെ പ്രത്യേകതകൊണ്ടും തങ്ങളുടെ പഠനം വളരെ എളുപ്പമായിരുന്നുവെന്നാണ്. പൗരസ്ത്യ സംസ്കാരങ്ങളിലെയെല്ലാം ഒരു രീതിയായിരുന്നു ഗീതങ്ങളിലൂടെയുള്ള പഠനം. ഭാരതത്തിലും പ്രത്യേകിച്ച് കേരളത്തിലും



www.malankaralibrary.com

ഗുരുക്കന്മാർ ഈ രീതിയാണ് അനുവർത്തിച്ചിരുന്നത്. മൂലമണ്ണിൽ മല്പാനച്ചന്റെയും രീതി ഇതുതന്നെയായിരുന്നു; സുറിയാനി ഗീതങ്ങളിലൂടെ ഭാഷയും ആരാധനാനുഷ്ഠാനങ്ങളും ദൈവശാസ്ത്രവും അഭ്യസിപ്പിക്കുക. ഈ രീതി ആധുനിക അദ്ധ്യാപന പരിശീലനത്തിലും അനുവർത്തിക്കാൻ പണ്ഡിതർ പ്രോത്സാഹിപ്പിക്കുന്നുണ്ട്. പഠിതാക്കൾക്ക് കൂടുതൽ ആനന്ദദായകവും ആയാസരഹിതവുമായ ഈ രീതി മതബോധനത്തിലും വൈദിക പരിശീലനത്തിലും പുനഃസ്ഥാപിക്കുന്നത് ഉചിതമായിരിക്കും. അത് മല്പാനച്ചന് ഉചിതമായ ഒരു സ്മാരകവുമായിരിക്കും.

**ഹൃദയവേദനയുടെ നാളുകൾ**

1926 നവംബർ 1 ന് പരുമലയിൽ കൂടിയ മലങ്കരസഭയുടെ സുനഹദോസിന്റെ തീരുമാനപ്രകാരം വട്ടശ്ശേരിൽ തിരുമേനിയുടെ അനുഗ്രഹാശ്ശിസുകളോടെ പരിശുദ്ധ കത്തോലിക്കാസഭയുമായി പൂർണ്ണ സംസർഗ്ഗത്തിനായി മാർ ഈവാനിയോസ് തിരുമേനി നടത്തിക്കൊണ്ടിരുന്ന കത്തിടപാടുകൾ 1930 –ാമാണ്ട് രണ്ടാം പകുതിയുടെ തുടക്കത്തിൽ ലക്ഷ്യം കണ്ടു.

1930 ജൂലൈ 4–ാം തീയതി പൗരസ്ത്യ സഭൾക്കു വേണ്ടിയുള്ള തിരുസംഘം മലങ്കര സഭയുടെ അപേക്ഷ ഔദ്യോഗികമായി അംഗീകരിച്ച് പരിശുദ്ധ മാർപ്പാപ്പായുടെ മുദ്രക്കായി സമർപ്പിച്ചു. എന്നാൽ കോടതിയിൽ നടന്നിരുന്ന വ്യവഹാരങ്ങളിൽ അനുകൂലമായ വിധി ലഭിച്ചതിനാൽ മാർ ഈവാനിയോസ് തിരുമേനിയെ സഭൈക്യ ശ്രമങ്ങൾക്ക് ചുമതലപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്ന പലരും പിന്മാറി. ഈ സംഭവം മാർ ഈവാനിയോസ് തിരുമേനിയെ ഏറെ വേദനിപ്പിച്ചു. എങ്കിലും സഭ തന്നെ ഏല്പിച്ച ദൈവിക ദൗത്യം പരിശുദ്ധാത്മനടത്തിപ്പിൽ നേടിയെടുത്തതിന്റെ സംതൃപ്തിയിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ സാർവ്വത്രിക സഭയുമായുള്ള സംസർഗ്ഗത്തിന് സർവസംഗ പരിത്യാഗിയായി ഇറങ്ങിത്തിരിച്ചു. അങ്ങനെ 1930 സെപ്റ്റംബർ 20 ന് മലങ്കര സഭയിൽ ഐക്യത്തിന്റെ ശംഖൊലി മുഴക്കിക്കൊണ്ട് ചരിത്രപ്രസിദ്ധമായ പുനരൈക്യസംരംഭത്തിന് തുടക്കമായി. മലങ്കരസഭയിൽ സമാരാദ്ധ്യനായിരുന്ന, സഭയുടെ നിർണ്ണായകഘട്ടങ്ങളിലെല്ലാം നേതൃത്വം നല്കിയിരുന്ന മാർ ഈവാനിയോസ് തിരുമേനിയിലൂടെയുള്ള ദൈവിക പ്രവർത്തനങ്ങൾ തിരിച്ചറിഞ്ഞ അനേകർ അദ്ദേഹത്തെ പിൻതുടർന്ന് പുനഃരൈക്യ പാതയിൽ അണിനിരന്നു. എന്നാൽ അന്നുവരെ മാർ ഈവാനിയോസ് തിരുമേനിയെ ആദരിക്കുകയും ആരാ



www.malankaralibrary.com

ധിക്കുകയും ചെയ്തിരുന്ന ഒരു വിഭാഗം അദ്ദേഹത്തെ വലിയ വഞ്ചകനും, അധികാരമോഹിയും ധനമോഹിയുമൊക്കെയായി ചിത്രീകരിക്കാനും ഉച്ചഭാഷിണികളിലൂടെ പുലഭ്യംപറയാനും തുടങ്ങി. വട്ടശ്ശേരിൽ തിരുമേനിയുടെയും മാർ ഈവാനിയോസ് തിരുമേനിയുടെയും മനോഗതങ്ങൾ അറിഞ്ഞിരുന്ന മല്പാനച്ചനെ ഈ സംഭവങ്ങൾ വളരെയധികം വേദനിപ്പിച്ചു. റോമിലെ സഭയുമായി കത്തിടപാടുകൾ നടത്താൻ മാർ ഈവാനിയോസ് തിരുമേനിയെ ചുമതലപ്പെടുത്തിയത് സുന്നഹദോസാണ്, അതിന് പ്രോത്സാഹനം നല്കിയത് തന്റെ ഗുരു വട്ടശ്ശേരിൽ തിരുമേനിയും. സഭ ഏല്പിച്ച ദൗത്യം ദൈവനിയോഗമായി ശിരസ്സാവഹിച്ച് പ്രാർത്ഥനയോടും തീക്ഷണതയോടും കൂടി ശ്രമിച്ചാണ് പുനഃരൈക്യത്തിനുള്ള അനുവാദം റോമിൽ നിന്നുനേടിയത്. സഭ തന്നെ ഏല്പിച്ച അതിസാഹസികമായ ദൗത്യം അനായാസം നേടിയെടുത്ത് വിജയശ്രീലാളിതനായപ്പോൾ അദ്ദേഹത്തെ ഒറ്റുകാരനും, വഞ്ചകനും ഗുരുനിന്ദകനുമൊക്കെയായി ചിത്രീകരിച്ചതാണ് മൂലമണ്ണിലച്ചനെ ഏറെ വേദനിപ്പിച്ചത്. സഭ ചുമതലപ്പെടുത്തിയ ദൗത്യം നിറവേറ്റുക മാത്രമല്ലേ മാർ ഈവാനിയോസ് തിരുമേനി ചെയ്തുള്ളു. മല്പാനച്ചന്റെ ഹൃദയം നുറുങ്ങി. പകലിനെ ഇരുട്ടാക്കി ചിത്രീകരിക്കുന്ന ഹീനതന്ത്രം.

**പുനരൈക്യശ്രമങ്ങൾക്കൊരു കൈത്താങ്ങ്**

പുനരൈക്യ അനുവാദത്തിനായി മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ റോമുമായി കത്തിടപാടുകൾ നടക്കുമ്പോൾ മലങ്കര സഭ ഉപയോഗിച്ചിരുന്ന സുറിയാനി ആരാധനക്രമവും മറ്റും ഭാഷാന്തരം വരുത്തി റോമിലേക്കു സമർപ്പിക്കുവാൻ അദ്ദേഹത്തെ സഹായിക്കുവാൻ നിയുക്തനായിരുന്നത് മൂലമണ്ണിൽ മല്പാനായിരുന്നു. ഈ ദൗത്യനിർവ്വഹണം സഭയുടെ കാനോനകളും, പ്രാർത്ഥനകളും, ചരിത്രവും ആഴത്തിൽ അറിയുവാൻ മല്പാനച്ചന് അവസരമായി. റോമാമാർപ്പാപ്പായുടെ, പത്രോസിന്റെ പിൻഗാമി എന്ന നിലയിലുള്ള അപ്പസ്തോലിക അധികാരവും സാർവ്വത്രിക സഭയോട് സംസർഗ്ഗത്തിലാകുന്നതു വഴി ലഭ്യമാകുന്ന സഭാപൂർണ്ണതയുമൊക്കെ മനസ്സിലാക്കുവാൻ ഈ സന്ദർഭം മല്പാനച്ചന് സഹായമായി.

മാർ ഈവാനിയോസ് തിരുമേനി പുനഃരൈക്യപ്പെട്ടപ്പോൾ തന്നെ പുനഃരൈക്യപ്പെടണമെന്ന ചിന്ത മല്പാനച്ചനിൽ ഉണ്ടായിരുന്നു. ആ കാലത്ത് അദ്ദേഹം കാരയ്ക്കൽ പള്ളിയിൽ വികാരിയും പഴയ സെമിനാരിയിൽ മല്പാനുമായിരുന്നു. എന്നാൽ തന്റെ സ്വന്തക്കാരെയും ഇടവക



www.malankaralibrary.com

സമൂഹത്തെയുംകൂടി പുനരൈക്യത്തിന്റെ ആവശ്യത്തെ ബോദ്ധ്യപ്പെടുത്തിയിട്ട് ഒരു സമൂഹമായി പുനരൈക്യപ്പെടുന്നതായിരിക്കും നന്ന് എന്ന് അദ്ദേഹം ചിന്തിച്ചു. ഈ ലക്ഷ്യം മുന്നിൽകണ്ട് അദ്ദേഹം ഏറെ നാൾ പ്രാർത്ഥനയിലും ഉപവാസത്തിലും ചെലവഴിച്ചു.

**മലങ്കര കത്തോലിക്കാ ഇടവക പെരിങ്ങരയിൽ**

പുനരൈക്യ പ്രസ്ഥാനത്തിന്റെ തുടക്കത്തിനു മുമ്പുതന്നെ യാക്കോബായ സഭയിലെ പ്രതിസന്ധികളിൽ മനംനൊന്ത ചിലർ ഒരു കത്തോലിക്കാ മിഷൻ കേന്ദ്രം പെരിങ്ങരയിൽ സ്ഥാപിച്ചു കിട്ടുന്നതിനായി ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ തോമസ് കുര്യാളശ്ശേരി തിരുമേനിയെ സമീപിച്ചിരുന്നു. ആശാവഹങ്ങളായ ചില നീക്കങ്ങളും ആ നിലയിൽ നടന്നിരുന്നു. പുനരൈക്യപ്രസ്ഥാനത്തോടുകൂടി പെരിങ്ങരയിൽ ഒരു മലങ്കര കത്തോലിക്കാ പള്ളി സ്ഥാപിക്കാനുള്ള ശ്രമവും ആരംഭിച്ചു. ബഥനി ചാക്കോച്ചനാണ് അഭിവന്ദ്യ യാക്കോബ് മാർ തെയോഫീലോസ് തിരുമേനിയുടെ അനുവാദത്തോടെ അതിന് നേതൃത്വം നല്കിയത്. കൊല്ലംപറമ്പിൽ ശ്രീ കുഞ്ഞുമ്മൻ തോമ്മായായിരുന്നു ഈ കാര്യത്തിൽ ബഥനി ചാക്കോച്ചന്റെ സഹായി. 1931 ജനുവരി മാസത്തിൽ കുളഞ്ഞിക്കൊമ്പിൽ കൊച്ചീക്കാ എന്ന സ്ത്രീയുടെ പക്കൽനിന്ന് ആറ് സെന്റ് സ്ഥലം മാർ ഈവാനിയോസ്പിതാവിന്റെ പേരിൽ മലങ്കര കത്തോലിക്കാ സഭയ്ക്കുവേണ്ടി വാങ്ങി. പ്രസ്തുത സ്ഥലത്ത് മാർ ഈവാനിയോസ്തിരുമേനി അടിസ്ഥാനശിലയിട്ട് ഓലമേഞ്ഞ് പലകകൊണ്ട് മറച്ച ഒരു ചാപ്പൽ നിർമ്മിച്ചു. അതോടുകൂടി അഞ്ച് കുടുംബങ്ങൾ ഇടവക ചേർന്നു.

മലങ്കര കത്തോലിക്കാ സഭയിൽ വൈദികർ വിരളമായിരുന്നതിനാൽ സീറോമലബാർ സഭയിൽപെട്ട വൈദികരാണ് ചാപ്പലിൽ ശുശ്രൂഷകൾക്ക് നേതൃത്വം നല്കിയിരുന്നത്. അങ്ങനെ ശുശ്രൂഷ ചെയ്ത പ്രഥമ വൈദികൻ കടപ്ലാമറ്റത്തുകാരൻ മരുതുകുന്നേൽ കുടുംബത്തിൽ പൂവത്തിങ്കൽ ബഹു. സ്കറിയാ അച്ചനായിരുന്നു. ബഹു. അച്ചൻ അന്ന് ചങ്ങനാശ്ശേരിയിൽ എസ്. ബി. കോളേജിൽ ഡിഗ്രിക്ക് പഠിക്കുകയായിരുന്നു. സീറോ മലബാർ റീത്തിലാണ് അദ്ദേഹം വി. കുർബാന അർപ്പിച്ചിരുന്നത്. പില്ക്കാലത്ത് അച്ചൻ കടപ്ലാമറ്റം പള്ളിയിൽ വികാരിയായിരുന്നു. അദ്ദേഹമാണ് കടപ്ലാമറ്റം സർക്കാർ ആശുപത്രിയുടെ സ്ഥാപനത്തിന് നേതൃത്വം നല്കിയത്. സെന്റ് ആന്റണീസ് ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററുമായിരുന്ന അദ്ദേഹം 1985 ഏപ്രിൽ 17 - നു അന്തരിച്ചു. കടപ്ലാമറ്റം പള്ളിയിൽ കബറടക്കി. ബഹു. മൂലമണ്ണിൽ മല്പാനച്ചന്റെ ഇളയമകൾ



www.malankaralibrary.com

ഗ്രേസിക്കുട്ടിയെ വിവാഹം കഴിപ്പിച്ചിരിക്കുന്നത് മരുതുകുന്നേൽ തറവാട്ടിൽ പള്ളാത്തുകുഴിയിൽ കുടുംബത്തിലാണെന്നത് ദൈവനിയോഗമായി കരുതാം.

കാരയ്ക്കൽ യാക്കോബായ ഇടവക വൈദികനായിരുന്ന എഴുപത്തെങ്കുലത്ത് ബഹു. യാക്കോബ് കത്തനാർ പുനഃരൈക്യപ്പെട്ടതോടുകൂടി പെരിങ്ങര മലങ്കര കത്തോലിക്കാ പള്ളിയുടെ ചുമതലക്കാരനായി നിയമിതനായി. 1936– 38 കാലയളവിൽ തൈക്കടവിൽ ബഹു. ജോർജ്ജ് അച്ചൻ വികാരിയായി ശുശ്രൂഷ നടത്തി. 1939 – ൽ സെമിത്തേരി സംബന്ധിച്ച ഒരു കേസ് ഉണ്ടായത് ഇടവകയുടെ വളർച്ചക്ക് താല്കാലിക മങ്ങലേല്പിച്ചു. എങ്കിലും മാർ ഈവാനിയോസ് തിരുമേനിയുടെ ഇടപെടൽ മൂലം സെമിത്തേരി അംഗീകരിച്ചുകിട്ടിയതോടുകൂടി അനേകർ പുനഃരൈക്യ മാർഗ്ഗത്തിലേക്ക് കടന്നുവന്നു.

1937 നവംബർ 29–ാം തീയതി നിരണം ഭദ്രാസനാധിപനായിരുന്ന വാളക്കുഴി ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ സാർവ്വത്രിക സഭയുമായി പുനഃരൈക്യപ്പെട്ട് തിരുവല്ലാ രൂപതയുടെ ചുമതല ഏറ്റെടുത്തു. ഈ കാലയളവിനുള്ളിൽ ബഹു. മല്പാനച്ചൻ തന്റെ അടുത്ത സുഹൃത്തുക്കളും ബന്ധുക്കളുമായി സഭാദർശനം പങ്കുവച്ച് ഒരു തീരുമാനത്തിൽ എത്തിയിരുന്നു. ഒരു മാസത്തെ പ്രത്യേക ധ്യാനത്തിനും പ്രാർത്ഥനയ്ക്കും ശേഷം അദ്ദേഹം കാരയ്ക്കൽ പള്ളിയിൽ വി. കുർബാന അർപ്പിച്ച് പൂർവ്വികരുടെ കുഴിമാടങ്ങളിൽ ധൂപപ്രാർത്ഥന നടത്തി കൂടിനിന്നവരോടെല്ലാം താൻ പുനഃരൈക്യപ്പെടുകയാണെന്നും അറിയിച്ചു. തുടർന്ന് കുടുംബവീട്ടിലെത്തി കാരണവന്മാരോടും യാത്രപറഞ്ഞ് മാർ സേവേറിയോസ് തിരുമേനി അയച്ചുകൊടുത്ത കാറിൽ ചിറ്റക്കാട്ട് ബഹു. മാത്യുസച്ചനോടൊപ്പം ചെറുപുഷ്പഗിരി അരമനയിലെത്തി പുനഃരൈക്യപ്പെട്ടു. മൂലമണ്ണിൽ മല്പാനച്ചന്റെ പുനഃരൈക്യം അദ്ദേഹത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന അനേകർ പുനഃരൈക്യ മാർഗ്ഗത്തിലേക്കു കടന്നുവരുവാൻ ഇടയാക്കി. അതോടുകൂടി പെരിങ്ങര മലങ്കര കത്തോലിക്കാ ഇടവക വികാരിയായി അഭിവന്ദ്യ മാർ സേവേറിയോസ് തിരുമേനി അദ്ദേഹത്തെ നിയമിക്കുകയും ചെയ്തു. ഇതോടുകൂടി പെരിങ്ങര ഇടവകയുടെ സുവർണ്ണകാലം ആരംഭിച്ചു.

മല്പാനച്ചന്റെ ശിഷ്യൻ കൂടിയായിരുന്ന മാർ സേവേറിയോസ് തിരുമേനിക്ക് മല്പാനച്ചന്റെ പുനഃരൈക്യം വളരെ ശക്തിദായകമായിരുന്നു. ചെറുപുഷ്പഗിരി അരമനയോടു ചേർന്നു പ്രവർത്തിച്ചിരുന്ന മൈനർ സെമിനാരിയിൽ സുറിയാനിയും ആരാധനാനുഷ്ഠാനങ്ങളും കുട്ടികളെ



www.malankaralibrary.com

പഠിപ്പിക്കുവാനുള്ള ചുമതലയും അഭിവന്ദ്യ തിരുമേനി മല്പാനച്ചനെ ഏല്പിച്ചു. ശനി ഞായർ ഒഴികെ എല്ലാ ദിവസങ്ങളിലും അച്ചൻ ചെറുപുഷ്പഗിരിയിൽ താമസിച്ച് സെമിനാരി വിദ്യാർത്ഥികളെ പരിശീലിപ്പിച്ചിരുന്നു.

മല്പാനച്ചന്റെ പുനഃരൈക്യത്തോടുകൂടി പെരിങ്ങര ഇടവകയിൽ കൂടുതൽ കുടുംബങ്ങൾ ചേർന്നുകൊണ്ടിരുന്നു. നിലവിലുള്ള ചാപ്പലിന്റെ അപര്യാപ്തത കാരണം ഒരു പുതിയ ദൈവാലയം പണിയാൻ അഭിവന്ദ്യ മാർ സേവേറിയോസ് തിരുമേനി അനുവാദം നല്കി. ബഹു. മല്പാനച്ചന്റെ നേതൃത്വത്തിൽ കൂടുതൽ സ്ഥലം വാങ്ങുകയും 1939 ഫെബ്രുവരി 5-ാം തീയതി മാർ സേവേറിയോസ് തിരുമേനിയും മാർ ദിയസ്കോറസ് തിരുമേനിയും ചേർന്ന് പുതിയ പള്ളിക്കുള്ള അടിസ്ഥാനശില ആശിർവദിച്ചിട്ട് പണി ആരംഭിച്ചു. 1942 ഡിസംബർ 8-ാം തീയതി അമലോത്ഭവ മാതാവിന്റെ തിരുനാൾ ദിവസം പുതിയ പള്ളിയുടെ പ്രതിഷ്ഠാ ശുശ്രൂഷ പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ മാർ സേവേറിയോസ് തിരുമേനിയും മാർ ദിയസ്കോറോസ് തിരുമേനിയുംകൂടി നിർവ്വഹിച്ചു. പുതിയ പള്ളിപണിയുടെ സന്ദർഭം മല്പാനച്ചന്റെ നേതൃത്വം പ്രകടമായ ഒരു സന്ദർഭമായിരുന്നു.

**പരിശുദ്ധ ദൈവമാതാവിന്റെ ഭക്തൻ**

മൂലമണ്ണിൽ മല്പാനച്ചൻ പരിശുദ്ധ ദൈവമാതാവിന്റെ വലിയ ഭക്തനായിരുന്നു. പെരിങ്ങര മലങ്കര കത്തോലിക്ക പള്ളി പരിശുദ്ധ അമ്മയുടെ നാമത്തിൽ സമർപ്പിക്കുവാനുള്ള കാരണം മല്പാനച്ചന്റെ മാതൃഭക്തിയായിരുന്നു. മണർകാടിന് തെക്കോട്ട് എട്ടുനോമ്പ് ആചരണം ശക്തമല്ലാതിരുന്ന കാലത്ത് 1941 മുതൽ പെരിങ്ങര പള്ളിയിൽ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം തേടിക്കൊണ്ട് എട്ടുനോമ്പാചരണം മല്പാനച്ചൻ ആരംഭിച്ചു. എട്ടുദിവസവും ഉപവാസത്തോടെ വി. കുർബാനയിലും ധ്യാനത്തിലും പ്രാർത്ഥനയിലും അന്നു മുതൽ അനേകം ആൾക്കാർ പെരിങ്ങരപള്ളിയിൽ എത്തി പങ്കെടുത്ത് പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥതയിൽ അനുഗ്രഹങ്ങൾ പ്രാപിച്ചിരുന്നു. സമീപ പ്രദേശങ്ങളിൽ നിന്നു പോലും ധാരാളം വിവിധ മതസ്ഥരും വിവിധ സഭാംഗങ്ങളുമായവർ അമ്മയുടെ അനുഗ്രഹം തേടി പെരിങ്ങരപള്ളിയിൽ എത്തിയിരുന്നു. ഇന്നും ഈ പതിവ് തുടരുന്നു.



www.malankaralibrary.com

**മലങ്കര കത്തോലിക്കാ സഭയുടെയും മല്പാൻ**

പുനഃരൈക്യത്തിനുശേഷം ചെറുപുഷ്പഗിരി അരമനയിലും തുടർന്ന് മേരിഗിരി അരമനയിലും താമസിച്ചുകൊണ്ട് വൈദിക വിദ്യാർത്ഥികളെ സുറിയാനി ഭാഷയും ആരാധനാ ഗീതങ്ങളും അനുഷ്ഠാനങ്ങളും അഭ്യസിപ്പിക്കുന്നതിനായിരുന്നു അദ്ദേഹം അധിക സമയവും വിനിയോഗിച്ചിരുന്നത്. പരിശുദ്ധ ദൈവമാതാവിനോടുള്ള ഭക്തി വൈദികവിദ്യാർത്ഥികളിൽ വളർത്തുന്നതിനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

അദ്ദേഹം ജീവിതത്തിൽ പുലർത്തിയിരുന്ന ചിട്ടയും ക്രമവും സുറിയാനി ഭാഷയോടും ആരാധനാ പൈതൃകത്തോടും പുലർത്തിയിരുന്ന ആത്മബന്ധവും വൈദിക വിദ്യാർത്ഥികൾ അദ്ദേഹത്തിൽ നിന്ന് സ്വാംശീകരിച്ചിരുന്നു. ബഹു. മല്പാനച്ചന്റെ ശിക്ഷണത്തിലൂടെ ലഭിച്ച പരിശീലനമാണ് തിരുവല്ല അതിരൂപതയിലെ ബഹു. വൈദികർ ആരാധനാനുഷ്ഠാനങ്ങളിൽ പരമ്പരാഗത ശൈലി കൂടുതൽ നന്നായി പുലർത്തുവാൻ ഇടയാക്കിയിട്ടുള്ളതെന്ന് പലരും പലപ്പോഴും പറഞ്ഞു കേൾക്കാനിടയായിട്ടുണ്ട്. തിരുവല്ല രൂപതയെ നയിച്ച മാർ സേവേറിയോസ്, മാർ അത്തനാസിയോസ്, മാർ യൂഹാനോൻ, മാർ തിമോത്തേയോസ് എന്നീ മെത്രാപ്പോലീത്താമാർ ബഹു. മല്പാനച്ചന്റെ ശിഷ്യഗണത്തിൽ പ്രഥമ ഗണനീയരാണ്. ഈ നാല് തിരുമേനിമാരും (പ്രത്യേകിച്ച് മാർ അത്തനായിയോസ് തിരുമേനി) നമ്മുടെ ആരാധനാ പൈതൃകങ്ങൾ അവികലമായി പരിപാലിക്കുന്നതിൽ പുലർത്തിയ നിഷ്ഠ ശ്രദ്ധേയമാണ്. മൂലമണ്ണിൽ മല്പാനച്ചന്റെ ശിക്ഷണമാണ് ഇതിന് പ്രേരകമായിരുന്നത്. മല്പാനച്ചന്റെ ക്ലാസ്സുകൾ എന്നും ആനന്ദകരമായിരുന്നു. ശിക്ഷണത്തോടൊപ്പം ശിക്ഷയും അദ്ദേഹം നല്കിയിരുന്നു. അദ്ദേഹത്തിൽ നിന്ന് ശകാരം കേൾക്കുന്നതും ശിക്ഷ ലഭിക്കുന്നതും വൈദിക വിദ്യാർത്ഥികൾക്ക് വലിയ ആനന്ദദായകമായിരുന്നതായി പലരും സാക്ഷ്യപ്പെടുത്തുന്നുണ്ട്. അദ്ദേഹത്തിന്റെ ക്ലാസ്സുകൾ മാത്രമല്ല ജീവിതം മുഴുവനും ശിഷ്യർക്ക് വലിയ ഉത്തേജകമായിരുന്നു. തിരുവല്ല രൂപതയിൽ ശെമ്മാശന്മാർക്ക് മെത്രാപ്പോലീത്താ വൈദിക പട്ടം നല്കണമെങ്കിൽ ശെമ്മാശന്മാർ ബഹു. മൂലമണ്ണിൽ മല്പാനച്ചന്റെ മുമ്പിൽ വി. കുർബാനയും മറ്റ് കൂദാശകളും അനുഷ്ഠിച്ച് കാണിച്ച് അംഗീകാരം നേടണമായിരുന്നു. തിരുവല്ല അതിരൂപതയിലെ വൈദികരുടെ ആരാധനാനുഷ്ഠാനങ്ങൾ അവികലമായി ഇന്നും നിലനില്ക്കുന്നതിന്റെ കാരണം ഇതാണ്. ബഹു. മല്പാനച്ചന് അഭിവന്ദ്യ തിരുമേനിമാരും സഭയും നല്കിയിരുന്ന സ്ഥാനവും ആദരവും എത്രയോ വലുതായിരുന്നു എന്ന് മനസ്സിലാക്കുവാൻ ഈ ഒരു സംഭവം മാത്രം മതി.



www.malankaralibrary.com

മലങ്കര കത്തോലിക്കാ സഭയിൽ ആ കാലത്ത് നടന്നിരുന്ന എല്ലാ പ്രധാന ശുശ്രൂഷകളിലും ആരാധനാനുഷ്ഠാന ക്രമീകരണങ്ങളുടെ ചുമതല എപ്പോഴും മല്പാനച്ചനായിരുന്നു. മെത്രാഭിഷേകം, വിശുദ്ധ മൂറോൻ കൂദാശ, പള്ളികൂദാശ, വൈദികാഭിഷേകം, മെത്രാപ്പോലിത്താമാരുടെയും വൈദികരുടെയും കബറടക്കം തുടങ്ങിയ സന്ദർഭങ്ങളിലെല്ലാം ആരാധനാനുഷ്ഠാന കാര്യങ്ങളിൽ അവസാനവാക്ക് ബഹു. മല്പാനച്ചന്റെതായിരുന്നു. മാർ സേവേറിയോസ് തിരുമേനി രൂപതാ സംബന്ധമായ എല്ലാ പ്രധാന കാര്യങ്ങളിലും മല്പാനച്ചന്റെ ഉപദേശം തേടിയിരുന്നു.

**മെത്രാപ്പോലീത്താമാരോടുള്ള വിധേയത്വം**

പരുമല കൊച്ചുതിരുമേനിയുടെ അനുഗ്രഹത്തിലാരംഭിച്ച് വട്ടശ്ശേരിൽ തിരുമേനിയോടൊപ്പമുള്ള പ്രവർത്തനത്തിലൂടെ വളർന്ന് മാർ ഈവാനിയോസ് തിരുമേനിയുമായുള്ള ഇടപെടലുകളിലൂടെ ശക്തിപ്രാപിച്ച മെത്രാപ്പോലീത്താമാരോടുള്ള മല്പാനച്ചന്റെ വിധേയത്വവും ബന്ധവും ആർക്കും അനുകരണീയമായിരുന്നു. മാർ സേവേറിയോസ് തിരുമേനിയും മാർ അത്തനാസിയോസ് തിരുമേനിയും അദ്ദേഹത്തിന്റെ ശിഷ്യരായിരുന്നെങ്കിലും അവരോട് അദ്ദേഹം പുലർത്തിയിരുന്ന അനുസരണവും വിധേയത്വവും എന്നും എല്ലാവർക്കും മാതൃകയാണ്. തിരുമേനിമാരെ ശുശ്രൂഷിക്കുന്നതിനുള്ള അവസരങ്ങൾ അദ്ദേഹം ദൈവാനുഗ്രഹത്തിന്റെ സന്ദർഭങ്ങളായിട്ടാണ് കരുതിയിരുന്നത്.

മാർ ഈവാനിയോസ് തിരുമേനി രോഗാതുരനായിരുന്നപ്പോൾ മാർ സേവേറിയോസ് തിരുമേനി അദ്ദേഹത്തെ സന്ദർശിക്കാൻ പോയിരുന്നപ്പോഴൊക്കെ മല്പാനച്ചനും കൂടെ പോകാനും മാർ ഈവാനിയോസ് തിരുമേനിയെ ശുശ്രൂഷിക്കാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ചെറുപുഷ്പഗിരിയിൽ താമസിച്ചിരുന്നപ്പോഴും അതിനുശേഷം മേരിഗിരിയിലേക്ക് താമസം മാറിക്കഴിഞ്ഞിട്ടും ചെറുപുഷ്പഗിരിയിൽ രോഗിയായി വിശ്രമിച്ചിരുന്ന മാർ തെയോഫീലോസ് തിരുമേനിയെ സന്ദർശിച്ച് ശുശ്രൂഷിക്കുവാൻ മല്പാനച്ചൻ അതീവ ശ്രദ്ധാലുവായിരുന്നു. തിരുമൂലപുരത്ത് താപസജീവിതം നയിച്ചിരുന്ന മാർ ദിയസ്കോറോസ് തിരുമേനിയെയും കൂടെക്കൂടെ സന്ദർശിച്ച് സഹായിക്കുവാൻ അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. ആ ബന്ധത്തിന്റെ ഒരു പ്രകടനമായിരുന്നു പെരിങ്ങരയിൽ മല്പാനച്ചൻ പണിത പള്ളിയുടെ ശിലാസ്ഥാപന കർമ്മത്തിലും പ്രതിഷ്ഠാ കർമ്മത്തിലും മാർ സേവേറിയോസ് തിരുമേനിയോടൊപ്പം മാർ ദിയസ്കോറോസ്



www.malankaralibrary.com

തിരുമേനിയും പങ്കെടുത്തത്. ഇതിന്റെയെല്ലാം പാരമ്യമാണ് മാർ സേവേറിയോസ് തിരുമേനിയുടെ അന്ത്യനിമിഷത്തിൽ നാം കാണുന്നത്. മാർ സേവേറിയോസ് തിരുമേനിക്ക് ശാരീരിക അസ്വസ്ഥത അനുഭവപ്പെട്ടപ്പോൾ മുതൽ ശുശ്രൂഷിക്കുന്നതിനും രോഗീലേപനം നല്കുന്നതിനും മല്പാനച്ചന് സാധിച്ചു. ഗുരുവിന്റെ മടിയിൽ ശിരസ്സുവച്ചാണ് ആ ശിഷ്യൻ മരണം വരിച്ചത്. തിരുവല്ലാ മൈനർ സെമിനാരിയിൽ താൻ പരിശീലിപ്പിച്ച പോളച്ചിറയ്ക്കൽ ചെറിയാനച്ചൻ, സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായായി രൂപതാദ്ധ്യക്ഷ സ്ഥാനം ഏറ്റെടുത്തപ്പോഴും അഭിവന്ദ്യ തിരുമേനിയെ ഏതു കാര്യത്തിലും ശുശ്രൂഷിക്കുന്നതിനും സഹായിക്കുന്നതിനും മല്പാനച്ചൻ അമാന്തിച്ചിട്ടില്ല.

**ശിഷ്യരുടെ സ്നേഹം ആവോളം അനുഭവിച്ച ഗുരു**

മല്പാനച്ചനെക്കുറിച്ച് സംസാരിക്കുമ്പോൾ അപവാദമില്ലാതെ എല്ലാ ശിഷ്യർക്കും നൂറുനാവാണ്. ശിഷ്യരെ സ്നേഹിച്ചിരുന്ന മല്പാനച്ചന് ശിഷ്യരുടെ സ്നേഹവും കരുതലും കലവറയില്ലാതെ ലഭിച്ചിരുന്നു. ഒരു സംഭവം മാത്രം രേഖപ്പെടുത്താം. മല്പാനച്ചന്റെ പുറത്ത് ഒരു മുഴ ഉണ്ടായിരുന്നു. അത് നീക്കം ചെയ്യാനുള്ള ശസ്ത്രക്രിയയ്ക്കായി തിരുവല്ല ജി. കെ. ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. ഓപ്പറേഷന് ഒരുങ്ങിക്കിടന്നിരുന്ന മല്പാനച്ചന്റെ അടുത്തു വന്ന് മാർ സേവേറിയോസ് തിരുമേനി അച്ചനെ ധൈര്യപ്പെടുത്തിയിട്ട് ഓപ്പറേഷൻ സമയമത്രയും പുറത്ത് പ്രാർത്ഥനയോടെ കാത്തിരുന്നു. ആ ദിവസങ്ങളിലാണ് പൗരസ്ത്യ തിരുസംഘത്തിന്റെ തലവൻ അത്യുന്നത കർദ്ദിനാൾ യൂജിൻ ടിസറാങ് തിരുമേനി കേരളം സന്ദർശിച്ചത്. കർദ്ദിനാൾ തിരുമേനി നിരണംപള്ളി സന്ദർശിച്ച് മടങ്ങിവരുന്നവഴി ആശുപത്രിയിൽ കയറി മല്പാനച്ചനെ സന്ദർശിച്ച് പ്രാർത്ഥിച്ചു. ഇതിന്റെ പിന്നിലെ രഹസ്യം മാർ സേവേറിയോസ് തിരുമേനിയുടെ മല്പാനച്ചനോടുള്ള കരുതലും സ്നേഹവുമായിരുന്നു. ഓപ്പറേഷനു ശേഷം അച്ചനെ അരമനയിലേക്കു കൂട്ടിക്കൊണ്ടുപോയി താമസിപ്പിച്ച് ശുശ്രൂഷിക്കാൻ തിരുമേനി ശ്രദ്ധിച്ചു. മാർ അത്തനാസിയോസ് തിരുമേനിയും മല്പാനച്ചന്റെ ആവശ്യങ്ങൾ അറിഞ്ഞ് സഹായിക്കുന്നതിൽ അതീവ തല്പരനായിരുന്നു. മല്പാനച്ചന്റെ അന്ത്യസമയത്ത് ഓടിയെത്തി മാർ അത്തനായിയോസ് തിരുമേനി അദ്ദേഹത്തിന് രോഗീലേപനം നല്കുകയും ശുശ്രൂഷിക്കുകയും ചെയ്തു. മാർ അത്തനാസിയോസ് തിരുമേനിയുടെ കരം ഗ്രസിച്ചുകൊണ്ടാണ് മല്പാനച്ചൻ മരണം വരിച്ചത്.



www.malankaralibrary.com

ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ മാത്യു കാവുകാട്ട് തിരുമേനിയും മല്പാനച്ചനെ വളരെയധികം സ്നേഹിച്ചിരുന്നു. അഭിവന്ദ്യ തിരുമേനി സമ്മാനമായി നല്കിയ ഒരു ജപമാല അദ്ദേഹം നിധിപോലെ എപ്പോഴും കമ്മീസിന്റെ പോക്കറ്റിൽ സൂക്ഷിച്ചിരുന്നു എന്നു മാത്രമല്ല അനുദിനം വി. കുർബാനയ്ക്കു ശേഷം പ്രസ്തുത ജപമാല ഉപയോഗിച്ചു ജപമാല പ്രാർത്ഥന ചൊല്ലുന്ന പതിവും ഒരിക്കലും തെറ്റിച്ചിരുന്നില്ല.

**വി. അൽഫോൻസാമ്മയുടെ ഭക്തൻ**

മല്പാനച്ചൻ കലശലായ തലവേദന കൊണ്ട് വളരെയധികം ക്ലേശിച്ചിരുന്ന ഒരു കാലത്ത് ഭരണങ്ങാനത്തുപോയി അൽഫോൻസാമ്മയുടെ കബറിടത്തിൽ വി. കുർബാനയർപ്പിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി തലവേദന എന്നന്നേക്കുമായി വിട്ടുമാറി. ഈ സംഭത്തിനുശേഷം പലപ്പോഴും മല്പാനച്ചൻ അൽഫോൻസാമ്മയുടെ കബറിടത്തിലെത്തി പ്രാർത്ഥിക്കുമായിരുന്നു. മറ്റ് അനേകർക്ക് മല്പാനച്ചൻ അൽഫോൻസാമ്മയുടെ മദ്ധ്യസ്ഥത്തിൽ അനുഗ്രഹങ്ങൾ നേടിക്കൊടുത്തതായി അനുഭവങ്ങൾ പറയുന്നു.

**അന്ത്യനിമിഷങ്ങൾ**

1959 ഒക്ടോബർ 14-ാം തീയതി ബുധനാഴ്ച നാലു മണിക്ക് മേരിഗിരി അരമനയ്ക്കടുത്തുള്ള സെന്റ് ജോസഫ് പ്രിന്റിംഗ് ഹൗസിൽ പോയി മടങ്ങിവരുമ്പോൾ മല്പാനച്ചന് നെഞ്ചുവേദന അനുഭവപ്പെട്ടു. മാർ അത്തനാസിയോസ് തിരുമേനി പുഷ്പഗിരിയിൽ സന്ദർശനത്തിലായിരുന്നു. കലേക്കട്ടിൽ അനിയൻകുഞ്ഞ് ഡോക്ടറെയും കൂട്ടിക്കൊണ്ട് തിരുമേനി മേരിഗിരിയിലെത്തി. ഡോക്ടറുടെ നിർദ്ദേശപ്രകാരം തിരുമേനി അച്ചന് രോഗീലേപനം നല്കി, വി. കുമ്പസാരവും നടത്തി. ആ സന്ദർഭത്തിൽ അച്ചനെ വാഹനത്തിൽ ആശുപത്രിയിലേക്കു കൊണ്ടുപോകാൻ ഡോക്ടർ സമ്മതിച്ചില്ല. എല്ലാവരും പ്രാർത്ഥനാ നിർഭരരായി നില്ക്കുമ്പോൾ മാർ അത്തനാസിയോസ് തിരുമേനിയുടെ കരത്തിൽ മുറുക്കി പിടിച്ചുകൊണ്ട് മല്പാനച്ചൻ മരണം വരിച്ചു.

വ്യാഴാഴ്ച രാവിലെ മൃതദേഹം സ്ഥാനവസ്ത്രങ്ങളണിയിച്ച് സെന്റ് ജോൺസ് കത്തീഡ്രലിൽ പൊതുദർശനത്തിന് വച്ചു. അനേകർ കത്തീഡ്രലിലെത്തി അന്തിമോപചാരം അർപ്പിച്ചു. ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു കാവുകാട്ട് പിതാവ് കത്തീഡ്രലിൽ വച്ചു നടന്ന ശുശ്രൂഷകളിൽ ആദ്യവസാനം പങ്കെടുത്തു. രണ്ടരമണിയോടെ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെയും സഖറിയോസ് മാർ



www.malankaralibrary.com

അത്തനാസ്സിയോസ് തിരുമേനിയുടെയും നേതൃത്വത്തിൽ ശുശ്രൂഷകൾ ആരംഭിച്ചു. മല്പാനച്ചന്റെയും കുടുംബാംഗങ്ങളുടെയും പ്രത്യേകിച്ച് സഹധർമ്മിണിയുടെയും ആഗ്രഹപ്രകാരം കബറടക്കത്തിനായി മൃതദേഹം പെരിങ്ങരയിലേക്ക് കൊണ്ടുപോയി. കാരയ്ക്കൽ ഓർത്തഡോക്സ് ഇടവകക്കാരും നാട്ടുകാരും ചേർന്ന് മൃതദേഹത്തിന് ആദരാഞ്ജലികൾ അർപ്പിച്ചു. കുടുംബാംഗങ്ങൾ മൃതദേഹം ഏറ്റുവാങ്ങി മൂലമണ്ണിൽ തറവാട്ടിലേക്കും അവിടെനിന്ന് മല്പാനച്ചന്റെ വീട്ടിലേക്കും കൊണ്ടുപോയി. തുടർന്ന് മൃതദേഹം പെരിങ്ങര മലങ്കര കത്തോലിക്ക ഇടവകക്കാർ ഏറ്റുവാങ്ങി നഗരികാണിക്കലിനുശേഷം പള്ളിയിലെത്തിച്ചു. മല്പാനച്ചൻ നേതൃത്വം നല്കി പണിയിച്ച പള്ളിയുടെ മധ്യത്തിൽ പ്രത്യേകം തയ്യാറാക്കിയിരുന്ന കല്ലറയിൽ സംസ്കരിച്ചു. മാർ ഗ്രീഗോറിയോസ് തിരുമേനിയും മാർ അത്തനാസിയോസ് തിരുമേനിയും നേതൃത്വം നല്കി. വൈദികരും സന്യസ്തരും വിശ്വാസ സമൂഹവുമടക്കം വലിയ ഒരു ജനാവലി ശുശ്രൂഷകളിൽ പങ്കെടുത്തു പിറ്റെദിവസം മുതൽ 41 ദിവസം തുടർച്ചയായി പാറക്കടവിൽ ബഹു. കുരുവിളയച്ചൻ മല്പാനച്ചനുവേണ്ടി പെരിങ്ങരപള്ളിയിൽ വി. കുർബാനയർപ്പിച്ച് ധൂപപ്രാർത്ഥന നടത്തുകയും ചെയ്തു. മല്പാനച്ചന്റെ ഏഴാം ചരമദിനത്തിൽ അദ്ദേഹത്തിന്റെ ശിഷ്യരായ വൈദികർ വിശുദ്ധ കുർബാനയർപ്പിക്കുകയും കല്ലറയുടെ മുകളിൽ മാർബിൾ ഫലകം സ്ഥാപിക്കുകയും ചെയ്തു. ചരമത്തിന്റെ 16-ാം അടിയന്തിരവും 41-ാം ദിനവും വിശുദ്ധ കുർബാനയോടും ധൂപാർപ്പണത്തോടും കൂടി കുടുംബാംഗങ്ങൾ നടത്തി. അന്നു മുതൽ ഇന്നുവരെയും മല്പാനച്ചന്റെ ഓർമ്മ മുടക്കം കൂടാതെ പെരിങ്ങര പള്ളിയിൽ വി. കുർബാനാർപ്പണത്തോടെ നടത്തുന്നു.

മല്പാനച്ചന്റെ സഹധർമ്മിണി 1985 ജനുവരി 2-ാം തീയതി നിര്യാതയായി പെരിങ്ങര പള്ളി സെമിത്തേരിയിൽ അടക്കപ്പെട്ടു. 2006 -ൽ പെരിങ്ങരപള്ളി പുനരുദ്ധരിച്ചപ്പോൾ 2006 ഓഗസ്റ്റ് 6-ാം തീയതി മല്പാനച്ചന്റെ ഭൗതികാവശിഷ്ടം പഴയ കല്ലറയിൽ നിന്ന് പുനരുദ്ധരിച്ച പള്ളിയുടെ മദ്ബഹായിൽ പ്രത്യേകം തയ്യാറാക്കിയിരുന്ന കബറിലേക്ക് മല്പാനച്ചന്റെ ശിഷ്യൻകൂടിയായ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ മാറ്റി സംസ്കരിച്ചു.

**പിൻകുറിപ്പ്**

മല്പാനച്ചനെക്കുറിച്ച് വർഷവും തീയതിയും കൃത്യമായി കണ്ടെത്തി കാലഗണനയനുസരിച്ച് ഒരു ജീവചരിത്ര സംഗ്രഹമെഴുതുക



www.malankaralibrary.com

യായിരുന്നില്ല ഈ ലേഖനത്തിൽ എന്റെ ലക്ഷ്യം. അതിനുവേണ്ട അടിസ്ഥാന രേഖകൾ ശേഖരിക്കുവാൻ സാവകാശവും ലഭ്യമായില്ല. മല്പാനച്ചനിൽ വിളങ്ങിയിരുന്ന ചില ദൈവിക ഗുണങ്ങളെ ഒളിമങ്ങാതെ ഒന്നു തെളിക്കുവാനും സഭാത്മക പൂർണ്ണത തേടിയുള്ള അദ്ദേഹത്തിന്റെ അന്വേഷണ തീർത്ഥാടനത്തിന് ഇടയാക്കിയ ചരിത്ര പശ്ചാത്തലങ്ങളെ കണ്ടെത്തുവാനും ഒരു എളിയ ശ്രമമാണ് ഞാൻ നടത്തിയത്.

അദ്ധ്യാപകർക്ക് എന്നും അനുകരിക്കാവുന്ന അദ്ധ്യാപന മാതൃകയുടെ ഉടമ. ഗാനങ്ങളിലൂടെയുള്ള അദ്ധ്യാപനം. ഭാഷയും വ്യാകരണവും, സാഹിത്യവും, ദൈവശാസ്ത്രവും, സഭാദർശനവും എല്ലാം ഗാനങ്ങളിലൂടെ പഠിപ്പിക്കുക. ആർക്കും അനുകരിക്കാവുന്നതും ഏതുകാലത്തും ആകർഷണത നഷ്ടപ്പെടാത്തതുമായ അദ്ധ്യാപനരീതി. ഈ രീതിയുടെ പുനഃസ്ഥാപനം വൈദികപഠന കേന്ദ്രങ്ങളിൽ മടക്കികൊണ്ടുവരുവാനൊരു ശ്രമം അഭികാമ്യമാണ്.

മൂലമണ്ണിൽ മല്പാനച്ചനെ ഞാൻ നേരിൽ കാണുകയോ ശ്രവിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ അദ്ദേഹത്തിന്റെ ശിഷ്യരിൽ നിന്ന് അദ്ദേഹത്തെക്കുറിച്ച്  ഏറെ കേട്ടിരുന്നു. അതുവഴി അദ്ദേഹത്തോട് ഒരു ആരാധനാമനോഭാവം എന്നിൽ ഉളവായിരുന്നു എന്നു പറഞ്ഞാലതിൽ അതിശയോക്തി അശേഷം ഇല്ല. മല്പാനച്ചന്റെ ശിഷ്യന്മാരിൽ പലരുമായും അദ്ദേഹത്തിന്റെ അടുത്ത പരിചയക്കാരായുള്ള ചിലരുമായും ബന്ധപ്പെട്ട് ശേഖരിച്ച വിവരങ്ങളും മല്പാനച്ചന്റെ ചില കുറിപ്പുകളുമാണ് ഈ ലേഖനം തയ്യാറാക്കാൻ എനിക്ക് ആവശ്യമായ ഇന്ധനം പ്രദാനം ചെയ്തത്. പെരിങ്ങര സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവക ചരിത്രരചനാ കമ്മറ്റി അംഗമായിരുന്ന വടക്കേടത്ത് ശ്രീ റെജി വി. ഐസക്ക്, മല്പാനച്ചന്റെ ഇളയമകൾ ഗ്രേസിക്കുട്ടി, മല്പാനച്ചന്റെ ശിഷ്യന്മാരിൽപെട്ട ചില ബഹു. വൈദികർ എന്നിവർ എഴുതി നല്കിയ കുറിപ്പുകളും പെരിങ്ങര സെന്റ് മേരീസ് മലങ്കര കത്തോലിക്ക പള്ളി ചരിത്രവും ഡയറക്ടറിയും (2009) ഈ ലേഖന രചനയിൽ വളരെയധികം സഹായിച്ചിട്ടുണ്ട്.

*"ഏറ്റവും ശക്തരായ ജീവികളോ, ഏറ്റവും ബുദ്ധിയുള്ള ജീവികളോ അല്ല അതിജീവിക്കുന്നത്. മറിച്ച്, മാറ്റങ്ങളോട് ഏറ്റവുമധികം ഇണങ്ങിച്ചേരുന്നവരാണ് ".*

*ചാൾസ് ഡാർവിൻ.*



www.malankaralibrary.com



# മുണ്ടപ്ലാക്കൽ ദിവ്യശ്രീ ജേക്കബ് കശ്ശീശ്ശാ

**മുഖമൊഴി**

1963 ഓഗസ്റ്റ് 30 വെള്ളിയാഴ്ച ചെങ്ങരൂർ സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയും സ്വർഗ്ഗവുമായി ഒരു പുതിയ ഹോട്ട്ലൈൻ ബന്ധം സ്ഥാപിതമായ ദിവസം, മുണ്ടപ്ലാക്കൽ ദിവ്യശ്രീ. ജേക്കബ് കശീശാ സ്വർഗ്ഗപിതാവിന്റെ സന്നിധി പൂകിയ ദിവസം. ലോക മഹാശക്തികളായിരുന്ന അമേരിക്കയുടെ പ്രസിഡന്റിന്റെ ഔദ്യോഗിക വസതിയായ വൈറ്റ് ഹൗസും റഷ്യൻ പ്രസിഡന്റിന്റെ ഔദ്യോഗിക വസതിയായ ക്രെംലിൻ കൊട്ടാരവും തമ്മിൽ ചരിത്രത്തിൽ ആദ്യമായി ഹോട്ട്ലൈൻ ബന്ധം നിലവിൽ വന്നതും അന്നാണെന്നുള്ളത് (30. 08. 1963) ചരിത്രത്തിന്റെ ഭാഗം.

*"ഇറുപ്പവനും മലർ ഗന്ധമേകും*
*വെട്ടുന്നവനും തരു ചൂടകറ്റും*
*ഹനിപ്പവനും കിളി പാട്ടുപാടും*
*പരോപകാര പുണ്യമീ പ്രപഞ്ചം"*

ബഹു. ജേക്കബ് മുണ്ടപ്ലാക്കൽ അച്ചനെപ്പറ്റി ഈ ചെറുകുറിപ്പെഴുതാൻ ആലോചിച്ചപ്പോൾ മനസ്സിൽ തെളിഞ്ഞത് ഉള്ളൂർ കവിതയിലെ ഈ വരികളാണ്. 62 വയസുവരെ യാക്കോബായ സഭയിൽ 39 വർഷത്തെ വൈദിക ശുശ്രൂഷ, തുടർന്ന് 84 വയസുവരെ 22 വർഷക്കാലം പരിശുദ്ധ കത്തോലിക്കാ സഭയിൽ ഇടയൻ. ബഹു. മുണ്ടപ്ലാക്കലച്ചൻ കുന്നന്താനം – ചെങ്ങരൂർ ഗ്രാമത്തിന്റെ നേതാവായിരുന്നു, ഗ്രാമത്തിന്റെ മുടിചൂടാമന്നൻ. ജാതിമതസഭാഭേദമന്യേ എല്ലാവരുടെയും ആരാധനാമൂർത്തി. ആത്മിക കാര്യങ്ങളിൽ മാത്രമല്ല; ഭൗതിക, സാമ്പത്തിക, കാർഷിക, ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലും അദ്ദേഹത്തിന്റെ സേവനവും



www.malankaralibrary.com

നേതൃത്വവും സകലജനങ്ങളും ആഗ്രഹിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. തന്നെ ആദരിച്ചിരുന്നവരും ബഹുമാനിച്ചിരുന്നവരുമായ അനേകർ പുനരൈക്യാനന്തരം അദ്ദേഹത്തെ അനാദരിക്കാനും അവഹേളിക്കാനും ഒരുമ്പെട്ടു. തന്നിൽ നിന്ന് സഹായങ്ങളും സേവനങ്ങളും സ്വീകരിച്ചിരുന്നവർ തനിക്കെതിരെ തിരിഞ്ഞപ്പോഴും തന്നെ ദ്രോഹിക്കുന്നവർക്കും ചൂഷണം ചെയ്യുന്നവർക്കും നന്മയും ജീവിതോപാധികളും നല്കുന്ന ഭൂമിയെപ്പോലെ നന്മമാത്രം ചെയ്ത വൈദിക ശ്രേഷ്ഠനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ജീവിതത്തിലേയ്ക്കൊരു എത്തിനോട്ടത്തിനുള്ള ശ്രമമാണ് ഈ ലേഖനം.

**സാമൂഹിക പരിഷ്കർത്താവ്**

തന്റെ ഗ്രാമവാസികളുടെ ജീവിതത്തിൽ സമഗ്രപരിവർത്തനത്തിന് പരിശ്രമിച്ച ആചാര്യനായിരുന്നു ബഹു. മുണ്ടപ്ലാക്കൽ അച്ചൻ. മനുഷ്യരുടെ രക്ഷയ്ക്കായി ദൈവം മനുഷ്യനായി പിറന്നതുപോലെ തന്റെ ഗ്രാമവാസികളുമായി അടുത്തിടപഴകി അവരെ ഉയർത്തുവാൻ ഉത്സുകനായിരുന്നു അദ്ദേഹം. അവരുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഇടപെടാൻ അദ്ദേഹം തയാറായിരുന്നു. വൈദികർ സമൂഹത്തിലെ ഉന്നതശ്രേണികളിൽ വ്യാപരിക്കുന്നതാണ് അഭികാമ്യമെന്നു കരുതിയിരുന്നവർ അദ്ദേഹത്തിന്റെ ശൈലികളെ വിമർശിക്കുകയും ‘‘സുഖമില്ലാത്തവൻ’’ എന്നു മുദ്രകുത്തുകയും ചെയ്തിട്ടുണ്ട്. എല്ലാ വിശുദ്ധരെക്കുറിച്ചും സാമൂഹിക പരിഷ്കർത്താക്കളെക്കുറിച്ചും ലോകം ഇപ്രകാരം പറഞ്ഞിട്ടുണ്ടെന്നു തിരിച്ചറിയുമ്പോൾ ബഹു. മുണ്ടപ്ലാക്കൽ അച്ചനു നേരെയുള്ള ഈ വിമർശനത്തിന്റെയും ഉൾപ്പൊരുൾ സുഗ്രാഹ്യമാകും. ചുങ്കക്കാരോടും പാപികളോടും പുറജാതിക്കാരോടുമൊക്കെ സഹവസിച്ച സാക്ഷാൽ ദൈവപുത്രനെക്കുറിച്ചുപോലും ജനം പറഞ്ഞു; ‘‘ഇവന് സുബോധം നഷ്ടപ്പെട്ടിരിക്കുന്നു’’ എന്ന് (മർക്കോസ് 3: 21). ലൊറേറ്റോ മഠത്തിൽ നിന്ന് സഭാധികാരികളുടെ അനുവാദം വാങ്ങി കൽക്കത്തായിലെ ചേരികളിലേക്കിറങ്ങിയ വിശുദ്ധ മദർ തെരേസയെക്കുറിച്ചും, തനിക്ക് ചാവറ പിതാവിന്റെ ദർശനമുണ്ടായി എന്നു പറഞ്ഞ വിശുദ്ധ അൽഫോൻസാമ്മയെക്കുറിച്ചുമൊക്കെ അവരുടെ സമകാലീനർ പറഞ്ഞത് ‘അവർക്ക് സുബോധം നഷ്ടപ്പെട്ടിരിക്കുന്നു’ എന്നാണ്.

**വിദ്യാഭ്യാസ പ്രവർത്തകൻ**

കുന്നന്താനം – ചെങ്ങരൂർ ഗ്രാമത്തിൽ നിലത്തെഴുത്ത് ആശാൻ കളരിയല്ലാതെ വിദ്യാഭ്യാസ സൗകര്യങ്ങളൊന്നും ഇല്ലാതിരുന്ന കാലം. തന്റെ ബാല്യത്തിൽ സ്കൂൾ പഠനത്തിന് ചങ്ങനാശ്ശേരിയിൽ വരെ


www.malankaralibrary.com

പോകേണ്ടി വന്നു. യാത്രാ സൗകര്യങ്ങൾ ഇല്ലാതിരുന്നതിനാൽ അവിടെ 'തച്ചങ്കരി' ഭവനത്തിൽ താമസിച്ചാണ് പ്രൈമറി വിദ്യാഭ്യാസം നടത്തിയത്. തുടർന്നുള്ള പഠനത്തിന് കോട്ടയത്ത് പോകേണ്ടി വന്നു. ഈ അനുഭവങ്ങൾ അദ്ദേഹത്തിന്റെ മനസ്സിൽ മായാതെ കിടന്നിരുന്നു. വിദ്യാഭ്യാസമാണ് ജനങ്ങളുടെ വിമോചനത്തിനും വികസനത്തിനുമുള്ള വഴി എന്നും അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. അതിനാൽ അദ്ദേഹം സ്വന്തം സ്ഥലത്ത് സ്വന്തം ചെലവിൽ ഒരു സ്കൂൾ ആരംഭിക്കുകയും സ്വന്തം പോക്കറ്റിൽ നിന്ന് ശമ്പളം നല്കി ആലപ്പുഴയിൽ നിന്ന് അധ്യാപകനെ വരുത്തി സ്കൂളിൽ നിയമിക്കുകയും ചെയ്തു. കുന്നന്താനം പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ ഇതാണ്. കുന്നന്താനം എൽ. പി. സ്കൂൾ (ചക്കുംമൂട്ടിൽ സ്കൂൾ) എന്നറിയപ്പെടുന്ന സ്കൂളിന്റെ ഒന്നാം ശതാബ്ദി സ്ഥാപകന്റെ ചരമത്തിന്റെ കനകജൂബിലി വർഷം ആഘോഷിക്കാൻ ഇടയായത് ദൈവനിശ്ചയം. ഇന്ന് ജില്ലയിലെ ഏറ്റവും മികച്ച സെന്റ് തെരേസാസ് ബഥനി ഗേൾസ് ഹയർ സെക്കൻഡറി സ്കൂളും മാർ സേവേറിയോസ് ട്രെയിനിംഗ് കോളജും ഉൾപ്പെടെ അനേക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ ഗ്രാമത്തിൽ പ്രവർത്തിക്കുന്നു. അപ്പോഴും ഈ ഗ്രാമത്തിൽ ആദ്യമായി ഒരു സ്കൂൾ ആരംഭിച്ച ബഹു. മുണ്ടപ്ലാക്കൽ അച്ചന്റെ ദീർഘവീക്ഷണം തെളിമയാർന്നു നിൽക്കുന്നു.

**ഭൂദാന പ്രസ്ഥാന പ്രചോദകൻ**

സ്വന്തമായി ഭൂമിയും കിടപ്പാടവുമില്ലാതെ മേലാളന്മാരുടെ അടിമകളായി കഴിഞ്ഞിരുന്ന ഹരിജനങ്ങളും ദളിതരുമായിരുന്ന അനേകർക്ക് സ്വന്തം ഭൂമിയിൽ കുറെ ഭാഗിച്ച് നല്കി വീടുകൾ വച്ച് താമസിക്കുവാൻ സഹായിച്ച ബഹു. മുണ്ടപ്ലാക്കൽ അച്ചന്റെ സാമൂഹിക വീക്ഷണം സമുന്നതം തന്നെ. ആചാര്യ വിനോബാഭാവേയുടെ നേതൃത്വത്തിലുള്ള 'ഭൂദാന പ്രസ്ഥാനവും' കേരള സർക്കാരിന്റെ ഭൂപരിഷ്കരണ നിയമവുമൊക്കെ വരുന്നതിന് എത്രയോ കാലം മുമ്പ് ബഹു. അച്ചൻ ഒരു വലിയ സാമൂഹിക വിപ്ലവത്തിന്റെ ശംഖൊലിയാണ് തന്റെ മാതൃകാപരമായ പെരുമാറ്റത്തിലൂടെ മുഴക്കിയത്.

**കൃഷിവിദഗ്ധൻ**

കാർഷികവൃത്തി മാത്രം ജീവിതമാർഗമായുള്ള കാലം. രണ്ട് ലോകമഹായുദ്ധങ്ങളുടെ ആഘാതങ്ങൾ ഏറ്റ് പട്ടിണി പടർന്നിരുന്ന കാലം. ജനങ്ങളുടെ വരുമാനം വർധിപ്പിക്കുന്നതിനും പട്ടിണിയകറ്റുന്നതിനുമായി ശാസ്ത്രീയ കൃഷിരീതികൾ കണ്ടെത്തി അവ സാധാരണ ജനങ്ങളിൽ എത്തിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. പള്ളിയിൽ മാത്രമായി



www.malankaralibrary.com

ഒതുങ്ങുന്നതായിരുന്നില്ല അദ്ദേഹത്തിന്റെ വൈദിക ശുശ്രൂഷ. ശാസ്ത്രീയ കൃഷിരീതികൾ പ്രചരിപ്പിക്കാൻ കൃഷി ഓഫീസുകളും കൃഷി ഓഫീസർമാരും ഇല്ലാതിരുന്ന കാലത്ത് അദ്ദേഹം സ്വന്തമായി പല പരീക്ഷണങ്ങൾ നടത്തിയും ദൂരെ നാടുകളിൽ നിന്ന് വിത്തുകൾ കൊണ്ടുവന്ന് ആൾക്കാർക്ക് നല്കിയും കൃഷി വികസിപ്പിക്കാൻ ശ്രമിച്ചിരുന്നു. പട്ടിണി മാറ്റാനുള്ള എളുപ്പവഴിയായി മരച്ചീനികൃഷി അദ്ദേഹം വ്യാപിപ്പിച്ചു. കരിമ്പ്, കശുമാവ്, കുരുമുളക്, തെങ്ങ്, കമുക്, റബർ എന്നിവയും ഭൂമിയുടെ നല്പനുസരിച്ച് കൃഷി ചെയ്യാൻ ആൾക്കാരെ പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. കുരുമുളക് വള്ളി ചട്ടിയിൽ പാകി വേരുപിടിപ്പിച്ച് നടാനായി ആൾക്കാർക്കു നൽകുമായിരുന്നു. കൃഷി നഴ്സറികളെക്കുറിച്ച് കേട്ടുകേഴ്വി പോലും ഇല്ലാതിരുന്ന കാലത്ത് കൃഷിക്കുള്ള വിത്തുകളും നടീൽ വസ്തുക്കളും തൈകളും വേണ്ട വിധത്തിൽ തയ്യാറാക്കിയും വേരുപിടിപ്പിച്ചും പള്ളിപ്പെരുന്നാൾ സമയത്ത് പള്ളിയിൽ പ്രദർശനത്തിനായും വില്പനയ്ക്കായും അദ്ദേഹം തയ്യാറാക്കിയിരുന്നത് ഒരു നാടിന്റെ വികസനത്തിന് അടിത്തറയിട്ടു. അരി കിട്ടുവാൻ വലിയ ക്ഷാമം അനുഭവിച്ചിരുന്ന കാലത്ത് 'മുണ്ടുകണ്ടം' എന്നറിയപ്പെട്ടിരുന്ന വെള്ളപ്പാടം ഇരുപ്പുകൃഷിക്ക് ഉപയുക്തമാക്കിയെടുത്തത് ചെങ്ങരൂർ ഗ്രാമത്തിലെ നെൽകൃഷിയുടെ ചരിത്രത്തിലെ ഒരു നൂതന അധ്യായമായിരുന്നു. ചെങ്ങരൂർ പാടവും കവിയൂർ പുഞ്ചവയലും ഫലഭൂയിഷ്ഠവും കൃഷിയോഗ്യവുമായി നിലനിർത്തുന്നതിൽ 'പനയമ്പാല തോടിന്റെ' പ്രാധാന്യം ചെങ്ങരൂർ നിവാസികൾക്ക് സുഗ്രാഹ്യമാണ്. തോടിനുണ്ടായിരുന്ന ഒരു കൊടും വളവ് നേരെയാക്കുന്നത് മടവീഴാനുള്ള സാധ്യത കുറച്ച് ചെങ്ങരൂർ പാടത്തിന്റെ നന്മയ്ക്ക് വഴിതെളിക്കുമെന്നു മനസ്സിലാക്കിയ അദ്ദേഹം സ്വന്തം പുരയിടം നഷ്ടപ്പെടുത്തിക്കൊണ്ട് തോടിന്റെ വളവ് നീക്കി തോട്ടിലൂടെയുള്ള വെള്ളമൊഴുക്ക് സുഗമമാക്കിയ നടപടിയെ അന്നത്തെ പേഷ്ക്കാർ പ്രശംസിച്ചത് ഗ്രാമത്തിലെ മുതിർന്നവർ പങ്കുവച്ചത് രോമാഞ്ചത്തോടെയാണ് ഇളംതലമുറ ഓർക്കുന്നത്.

### ഭക്ഷ്യക്ഷാമം നേരിടാൻ പൊടിക്കൈകൾ

അരിയും മറ്റ് ഭക്ഷ്യവസ്തുക്കളും ആവശ്യത്തിന് ലഭ്യമല്ലാതിരുന്ന ക്ഷാമകാലത്ത് ജനങ്ങളുടെ പട്ടിണി അകറ്റാൻ അദ്ദേഹം ചെയ്തിരുന്ന കാര്യങ്ങൾ ഇന്നും അനുകരണീയമാണ്. നാട്ടിൽ സുലഭമായിരുന്ന ചീര, തകര, മത്ത, മടന്ത, മുരിങ്ങ തുടങ്ങിയവയുടെ ഇലകൾ വലിയ പോഷകമൂല്യമുള്ളതാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. തകരയും മടന്തയും ചീരയുമൊക്കെ നാട്ടിലാകമാനം കാടുപോലെ വളരുന്ന കാലം. അവയുടെ ഇല കറിയാക്കി കഴിക്കുന്നത് നല്ലതാണെന്ന് അദ്ദേഹം ജന



www.malankaralibrary.com

ങ്ങളെ, പ്രത്യേകിച്ച് പാവപ്പെട്ടവരെ പഠിപ്പിക്കുകയും അവരുടെ കുടിലുകളിൽ ചെന്ന് അവ ഭക്ഷിച്ച് കാണിക്കുകയും ചെയ്യുമായിരുന്നു. തകരയുടെയും പലതരം ചീരയുടെയും അരി ശേഖരിച്ച് ചാണകത്തിൽ പൊതിഞ്ഞ് ഉണക്കി വിത്താക്കി ആവശ്യക്കാർക്കു വിതരണം ചെയ്യുമായിരുന്നു. തകരയുടെ ഇലയുടെ പോഷകമൂല്യം ജനങ്ങളെ ബോധ്യപ്പെടുത്താനായി അദ്ദേഹം പാടിയിരുന്ന ഒരു നിമിഷ ഗാനത്തിന്റെ രണ്ടുവരി ഇപ്രകാരമാണ്

*"പൂക്കണ്ണിത്തകര പുന്നെല്ലിൻ ചോറ്*
*കണ്ണമ്മതൈര് ഉണ്ണുമ്പോച്ചാടും"*

പൂക്കണ്ണി തകരയുടെ ഇലയും പുന്നെല്ലിന്റെ ചോറും കണ്ണമ്മ പശുവിന്റെ തൈരും കൂട്ടി ഉണ്ടാൽ ഉത്തമഭക്ഷണം എന്നു ധ്വനി. പാവപ്പെട്ട ഗ്രാമീണരെ ഓരോ കാര്യങ്ങൾ പഠിപ്പിക്കുന്നതിന് നിമിഷകവിതകൾ ചമയ്ക്കുക അദ്ദേഹത്തിന്റെ രീതിയായിരുന്നു.

തവിടിന്റെ പോഷകമൂല്യം ഇന്ന് ശാസ്ത്രലോകം അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. തവിടുകളയാത്ത അരിയുടെ ചോറിന് രോഗപ്രതിരോധശക്തിയുണ്ടെന്നും അതാണ് നല്ലതെന്നും വിദഗ്ധർ പറയുന്നു. എന്നാൽ തവിട് പന്നികളുടെയും പശുക്കളുടെയും കോഴിയുടെയും മാത്രം തീറ്റയായി കരുതിയിരുന്ന കാലത്ത് തവിടിന്റെ പോഷകമൂല്യം തിരിച്ചറിഞ്ഞ ബഹു. മുണ്ടപ്ലാക്കലച്ചൻ തവിടിൽ ചക്കരയോ, ശർക്കരയോ ചേർത്ത് മധുരമുള്ള ഭക്ഷണവസ്തുവാക്കി മാറ്റി ഉപയോഗിക്കുകയും മറ്റുള്ളവർക്കു നല്കി തവിട് ഭക്ഷണത്തിന്റെ ഭാഗമാക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. പാവപ്പെട്ടവരുടെ കുടിലുകളിൽ കടന്നുചെന്ന് ഇത്തരം ഭക്ഷണക്രമം അവർക്കു പറഞ്ഞുകൊടുക്കുമായിരുന്നു. യുദ്ധകാലത്ത് പട്ടിണിയിലായിരുന്നവർക്ക് പോഷകമൂല്യമുള്ള ചെലവുകുറഞ്ഞ ഇത്തരം ഭക്ഷണക്രമത്തെക്കുറിച്ച് അവർക്കു മനസ്സിലാക്കുന്ന ഭാഷയിൽ പറഞ്ഞുകൊടുക്കുകയും കാണിച്ചുകൊടുക്കുകയും ചെയ്തിരുന്നത് മുതിർന്ന തലമുറ ഇന്നും ഓർക്കുന്നു. മത്സ്യമാംസാഹാരത്തെക്കാൾ ഉത്തമം സസ്യാഹാരങ്ങളാണെന്ന് സ്വജീവിതത്തിലൂടെ അദ്ദേഹം ജനങ്ങൾക്ക് കാട്ടിക്കൊടുത്തിരുന്നു. മണ്ണിനെ അടുത്തറിഞ്ഞ് പ്രകൃതിയോടിണങ്ങി ജീവിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ജനങ്ങളോടു പങ്കുവച്ചിരുന്നു. ദശകങ്ങൾക്കു മുമ്പ് അദ്ദേഹം ഇവയൊക്കെ പറഞ്ഞപ്പോൾ അതിനെ ഭ്രാന്തൻ ചിന്തയായി പലരും ചിത്രീകരിച്ചിരുന്നു. എന്നാൽ ഇന്ന് പണ്ഡിതന്മാർ ഇതേ കാര്യങ്ങൾ പറഞ്ഞപ്പോൾ അത് ശാസ്ത്രീയമായി അംഗീകരിക്കപ്പെട്ടു. 84-ാം വയസ്സിലും അദ്ദേഹത്തിന്റെ കണ്ണുകളുടെ തിളക്കവും മുല്ലപ്പൂമൊട്ടുപോലുള്ള പല്ലുകളുടെ വെണ്മയും അദ്ദേഹത്തിന്റെ ജീവിതശൈലിയുടെ പ്രത്യേകതകളായിരുന്നതായി അനേകർ ഇന്നും



www.malankaralibrary.com

സാക്ഷ്യപ്പെടുത്തുന്നു.

**സരസസംഭാഷണ പ്രിയൻ**

കുട്ടികളോടും മുതിർന്നവരോടും പണ്ഡിതനോടും പാമരനോടും ധനവാനോടും ദരിദ്രനോടും അവരവരുടെ ഭാഷയിൽ സംസാരിക്കാനും ശൈലിയിൽ ഇടപെടാനും അദ്ദേഹത്തിനുണ്ടായിരുന്ന കഴിവ് ഒന്നു പ്രത്യേകമായിരുന്നു. എല്ലാവരോടും സരസമായി സംഭാഷണത്തിൽ ഏർപ്പെടുവാനും സൗഹൃദം സ്ഥാപിക്കുവാനും അദ്ദേഹത്തിന് അനിതര സാധാരണമായ കഴിവുണ്ടായിരുന്നു.

*"കഞ്ഞിയിൽ ഒരു നുള്ള് ഉപ്പുപോലെ*
*ചില ജീവിതങ്ങൾ അലിഞ്ഞു ചേരുന്നു*
*വേറിട്ടു നിൽക്കാനായി അവർ ഇഷ്ടപ്പെടുന്നില്ല*
*എന്നിട്ടും എല്ലായിടത്തും അവരുണ്ടല്ലോ"*

ഒ. എൻ. വിയുടെ ഈ കവിതാശകലം ബഹു. മുണ്ടപ്ലാക്കൽ അച്ചനെപ്പറ്റിയാണോ എന്നു തോന്നിപ്പോകും. സമൂഹവുമായി, അവരുടെ ആവശ്യങ്ങളും ജീവിതവുമായി അദ്ദേഹം അത്രമാത്രം അലിഞ്ഞുചേർന്നിരുന്നു. മനുഷ്യനുമായി ബന്ധപ്പെട്ട ഒരു മേഖലയും അദ്ദേഹത്തിന് അന്യമായിരുന്നില്ല.

വളരെ സന്തുഷ്ടനായ മനുഷ്യനായിരുന്നു അദ്ദേഹം. ആകുലത അശേഷമില്ലാതെ ജീവിച്ച പുരോഹിതൻ. "എല്ലാ നീതിമാന്മാരും വിശുദ്ധരും പരിശുദ്ധരായ സകല രക്തസാക്ഷികളും ആനന്ദമനുഭവിച്ചവരായിരുന്നു" എന്ന് 'കരമസോവ് സഹോദരന്മാരിൽ' ദസ്തയോവിസ്കി പറഞ്ഞുവച്ചത് ബഹു. മുണ്ടപ്ലാക്കൽ അച്ചനിൽ അന്വർത്ഥമായിരുന്നു.

കാലത്തിനു മുമ്പേ സഞ്ചരിച്ചവനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ പല ചിന്തകളും പ്രവൃത്തികളും മനസ്സിലാക്കാൻ അന്നു പലർക്കും ബുദ്ധിമുട്ടായിരുന്നു. എന്നാൽ ഇന്ന് അവയൊക്കെ സമൂഹത്തിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു. എല്ലാ സമൂഹിക പരിഷ്കർത്താക്കളുടെയും ജീവിതം ഇതുപോലെയായിരുന്നു.

**സത്യവിശ്വാസത്തിന്റെ വിശ്വസ്ത സേവകൻ**

ജനനം : 1879 ഫെബ്രുവരി 17 –ന് വെള്ളിയാഴ്ച. മാമോദീസാ കല്ലൂപ്പാറ സെന്റ് മേരീസ് പള്ളിയിൽ. ജ്ഞാനസ്നാനനാമം ജേക്കബ്. വിളിപ്പേര് ചാക്കോപ്പി. അദ്ദേഹത്തിന്റെ ജന്മവർഷത്തിനുണ്ടൊരു പ്രത്യേകത. അദ്ദേഹം 39 വർഷം വികാരിയായി ശുശ്രൂഷ ചെയ്ത ചെങ്ങരൂർ സെന്റ് ജോർജ് യാക്കോബായ (ഇപ്പോൾ ഓർത്തഡോക്സ്) ഇടവക സ്ഥാപിതമായത് ആ വർഷമാണ്. അതുവരെ ചെങ്ങരൂർ നിവാസികൾ



www.malankaralibrary.com

കല്ലൂപ്പാറ സെന്റ് മേരീസ് ഇടവകാംഗങ്ങളായിരുന്നു. ഈ പ്രദേശത്തെ യൊക്കെ പള്ളികളുടെ തലപ്പള്ളിയായ കല്ലൂപ്പാറ പള്ളി ഏഡി 1339 – ൽ (കൊല്ലവർഷം 514, മിഥുനം 23– ന്) സ്ഥാപിതമായതായാണ് രേഖകൾ പറയുന്നത്. 1653 –ലെ കൂനൻ കുരിശ് സത്യത്തെ തുടർന്ന് കല്ലൂപ്പാറ ഇട വകയും അംഗങ്ങളും പുത്തൻകൂർ വിഭാഗത്തിൽപെടുകയും സത്യസഭ യിൽ നിന്ന് അകലുകയും ചെയ്തത് ചരിത്രത്തിന്റെ ഒരു വികൃതി.

**കത്തോലിക്കാ സഭയെ കണ്ടറിയൽ**

ബാലനായ ജേക്കബ് നിലത്തെഴുത്ത് കളരിയിലെ പ്രാഥമിക പഠ നത്തിനുശേഷം പ്രൈമറിസ്കൂൾ അഭ്യസനം നടത്തിയത് ചങ്ങനാശേരി യിൽ ആയിരുന്നു എന്ന് മുമ്പ് സൂചിപ്പിച്ചിരുന്നല്ലോ. യാത്രാസൗകര്യങ്ങൾ പരിമിതമായിരുന്നതിനാൽ പുരാതന കത്തോലിക്കാ സഭാ വിശ്വാസിക ളായ ''തച്ചങ്കരി'' കുടുംബത്തിൽ താമസിച്ചുകൊണ്ടാണ് പഠനം നടത്തി യത്. ആ കുടുംബാംഗങ്ങളിൽ നിന്ന് കത്തോലിക്കാ സഭയുടെ വിശ്വാസ ത്തിന്റെ ആദ്യപാഠങ്ങൾ ബാലൻ കരസ്ഥമാക്കിയിരുന്നതായി അദ്ദേഹ ത്തിന്റെ പിൽക്കാല ജീവിതത്തിൽ നിന്ന് മനസിലാക്കാൻ സാധിക്കും. തച്ചങ്കരിൽ കുടുംബാംഗങ്ങളുടെ വൈദികരോടുള്ള ഭക്തിയും ബഹുമാ നവും വൈദിക ജീവിതാന്തസിനോട് ആഭിമുഖ്യം ജനിപ്പിക്കാൻ ഇടയാ ക്കിയതായി അദ്ദേഹം തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായി പലരും പറ ഞ്ഞറിഞ്ഞിട്ടുണ്ട്.

**സുറിയാനി ഭാഷയിലേക്കുള്ള തുറവി**

അദ്ദേഹത്തിന്റെ തുടർന്നുള്ള വിദ്യാഭ്യാസം കോട്ടയം പഴയ സെമിനാരിയിൽ താമസിച്ചുകൊണ്ടായിരുന്നു. സഭാകാര്യങ്ങൾ അടുത്ത റിയാനും സുറിയാനി ഭാഷ പഠിക്കാനും പഴയ സെമിനാരിവാസം വഴി തെളിച്ചു. 13–ാം വയസിൽ 1892–ൽ ജേക്കബ് ശെമ്മാശനായി. 1896 – ൽ 17–ാം വയസിൽ വിവാഹിതനായി. പഴയസെമിനാരിയിൽ സുറിയാനി മല്പാനായിരുന്ന വട്ടശേരിൽ ഗീവർഗീസ് അച്ചന് ഒരേ നാട്ടുകാർ എന്ന നിലയിലും സുറിയാനിഭാഷയോട് പ്രത്യേക താല്പര്യം ഉള്ളയാൾ എന്ന നിലയിലും ജേക്കബ് ശെമ്മാശനോട് സവിശേഷമായ കരുതലും താല്പ ര്യവും ഉണ്ടായിരുന്നു. പരുമല പരിശുദ്ധ ഗ്രിഗോറിയോസ് തിരുമേനിയുടെ കീഴിലും ജേക്കബ് ശെമ്മാശൻ സുറിയാനി പരിശീലനം നേടിയിരുന്നു. 1902– ൽ 23–ാം വയസിൽ തന്നെ പൗരോഹിത്യത്തിലേക്ക് ഉയർത്തിയത് പരിശുദ്ധ പരുമല തിരുമേനിയായിരുന്നു എന്നത് വലിയ ദൈവാനുഗ്രഹ മായിട്ടാണ് ബഹു. മുണ്ടപ്ലാക്കൽ അച്ചൻ കരുതിയിരുന്നത്.



www.malankaralibrary.com

**ചില സംശയങ്ങൾ**

പരിശുദ്ധന്മാരായ പരുമല തിരുമേനിയുടെയും വട്ടശേരിൽ തിരുമേനിയുടെയും കീഴിലുള്ള പരിശീലനം സുറിയാനി ഭാഷയിൽ അവഗാഹം നേടാനും അതുവഴി സഭാചരിത്രവും ആരാധനാക്രമവും ആഴത്തിൽ മനസിലാക്കാനും അദ്ദേഹത്തിന് ഇടയാക്കി. അന്ത്യോക്യൻ ആരാധനാക്രമത്തിലെ പല പ്രാർത്ഥനകളും പത്രോസിന്റെ പരമാധികാരവും റോമിലെ പാത്രീയർക്കീസായ മാർപാപ്പായുടെ നേതൃത്വവും വ്യക്തമാക്കുന്നതായി പഴയ സെമിനാരി പഠനകാലത്തുതന്നെ ബഹു. മുണ്ടപ്ലാക്കൽ അച്ചൻ മനസ്സിലാക്കിയിരുന്നു. യാക്കോബായ സഭ അംഗീകരിക്കുന്ന ഹൂദായാ കാനോനിലും റോമിലെ പാത്രീയർക്കീസ് മറ്റ് പാത്രീയർക്കീസ്മാർക്ക് എല്ലാവർക്കും തലവനായിരിക്കുമെന്ന് (7-ാം അധ്യായം, 1-ാം വാക്യം) പറഞ്ഞിരിക്കുന്നത് അദ്ദേഹത്തിന് ചിന്താക്കുഴപ്പം ഉണ്ടാക്കിയിരുന്നു. യാക്കോബായ സഭ ഉപയോഗിക്കുന്ന വിശുദ്ധ കുർബാന തക്സായിൽ റോമിലെ പാത്രീയർക്കീസ് ക്സുസ്തോസിന്റെ (സിക്സ്റ്റസ് മാർപാപ്പാ) അനാഫുറ ഉള്ള കാര്യവും അദ്ദേഹം മനസിലാക്കിയിരുന്നു. പഴയ സെമിനാരിയിലെ പഠനകാലത്ത് ഈ കാര്യങ്ങളൊക്കെ വട്ടശേരിൽ മല്പാന്റെയടുത്ത് ഉന്നയിച്ചിട്ടുള്ളതുമാണ്. തുടർന്നും വട്ടശേരിൽ തിരുമേനിയുടെ അടുത്ത് ഈ സംശയങ്ങൾ പലപ്രാവശ്യം ഉന്നയിച്ചിട്ടുണ്ട്. പില്ക്കാലത്ത് ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ പരിശുദ്ധ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനുള്ള സാധ്യതകൾ ആരായാനും കത്തിടപാടുകൾ നടത്താനും ചുമതലപ്പെടുത്തിയതും വട്ടശേരിൽ തിരുമേനിയും മാർ ഈവാനിയോസ് തിരുമേനിയുംകൂടി പുനരൈക്യസംബന്ധമായ ആലോചനകൾ നടത്തുന്നതുമൊക്കെ വട്ടശേരിൽ തിരുമേനിയുമായുള്ള ബന്ധത്തിലൂടെയും അടുപ്പത്തിലൂടെയും ബഹു. മുണ്ടപ്ലാക്കൽ അച്ചൻ അടുത്ത് മനസിലാക്കിയിരുന്നു.

**സംശയങ്ങൾ ശക്തിപ്പെടുന്നു**

പുനരൈക്യ കാഹളം മലങ്കരയിലാകമാനം മുഴങ്ങിത്തുടങ്ങിയ 1930 കളിൽ ബഹു. മുണ്ടപ്ലാക്കൽ അച്ചൻ ചെങ്ങരൂർ സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകയിലെ സർവസമ്മതനായ വികാരിയായിരുന്നു. തന്റെ നാട്ടുകാരനായ വാളക്കുഴി ജോസഫ് മാർ സേവേറിയോസ് തിരുമേനി ഭദ്രാസന മെത്രാപ്പോലീത്തായും. പുനരൈക്യ പ്രസ്ഥാനത്തിന്റെ ത്വരിത വളർച്ചയുടെ കാലത്ത് മാർ സേവേറിയോസ് തിരുമേനിയും മുണ്ടപ്ലാക്കൽ അച്ചനും കൂടി ഇടവകകൾ തോറും സഭാപഠനകൺവൻഷനുകൾ സംഘടിപ്പിച്ചിരുന്നു. ആരക്കുന്നം സ്വദേശി



www.malankaralibrary.com

ബഹു. കെ. റ്റി. സഖറിയാസ് ശെമ്മാശനായിരുന്നു പ്രധാന പ്രസംഗകൻ. കത്തോലിക്കാ സഭയെ അധിക്ഷേപിച്ച് ശ്രോതാക്കളെ ഹരം കൊള്ളിക്കാൻ ശെമ്മാശനുണ്ടായിരുന്ന പാടവം പ്രസിദ്ധമാണ്. പുനരൈക്യപ്രസ്ഥാനത്തിനെതിരായി കൺവൻഷൻ സംഘടിപ്പിക്കുമ്പോഴും മാർ സേവേറിയോസ് തിരുമേനിയും ബഹു. മുണ്ടപ്ലാക്കൽ അച്ചനും സഭാചരിത്ര പഠനം തുടർന്നുകൊണ്ടിരുന്നു. യേശുക്രിസ്തു സ്ഥാപിച്ച സഭയുടെ പിന്തുടർച്ച യഥാർഥമായി പരിശുദ്ധ കത്തോലിക്കാ തിരുസഭയിലാണ് കുടികൊള്ളുന്നതെന്നും അപ്പസ്തോല സംഘത്തിന്റെ തലവൻ വിശുദ്ധ പത്രോസ് ശ്ലീഹായാണെന്നും വിശുദ്ധ പത്രോസിന്റെ യഥാർത്ഥ പിൻഗാമി റോമിലെ മാർപാപ്പായാണെന്നും വിശുദ്ധ ഗ്രന്ഥപഠനത്തിന്റെയും സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങളുടെയും അന്ത്യോക്യൻ സുറിയാനി ആരാധനാക്രമങ്ങളിലെ പ്രാർത്ഥനകളുടെ വെളിച്ചത്തിലും സഭ അംഗീകരിക്കുന്ന 'ഹൂദായ' കാനോനിന്റെ വെളിച്ചത്തിലും അവർക്ക് ഏതാണ്ട് ബോധ്യമായിക്കഴിഞ്ഞിരുന്നു.

**സത്യത്തിനുവേണ്ടി പാറപോലെ**

1935 – ൽ നടന്ന ഒരു സംഭവം. ചെങ്ങരൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയങ്കണത്തിൽ ഒരാഴ്ചത്തെ കൺവൻഷൻ നടക്കുകയാണ്. ബഹു. കെ. റ്റി. സഖറിയാസ് ശെമ്മാശനാണ് പ്രസംഗകൻ. പരിശുദ്ധ കത്തോലിക്കാ സഭയ്ക്കെതിരായി ആക്ഷേപങ്ങൾ ചൊരിഞ്ഞ് ശ്രോതാക്കളെ ഹരം പിടിപ്പിച്ച് പ്രസംഗയോഗം പുരോഗമിക്കുകയാണ്. അഞ്ചാം ദിവസം പ്രസംഗയോഗത്തിന്റെ അധ്യക്ഷൻ വികാരി ബഹു. മുണ്ടപ്ലാക്കൽ അച്ചൻ തന്നെയാണ്. ബഹു. സഖറിയാസ് ശെമ്മാശൻ തന്റെ സ്വതസിദ്ധമായ ശൈലിയിൽ പരിശുദ്ധ കത്തോലിക്കാ സഭയെ ഭത്സിച്ചും പരിശുദ്ധ റോമാ മാർപാപ്പായെ അധിക്ഷേപിച്ചും പ്രസംഗം തുടരുകയാണ്. ഹർഷാരവത്തോടെ ശ്രോതാക്കൾ ശെമ്മാശനെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. അധ്യക്ഷവേദിയിലിരുന്ന ബഹു. മുണ്ടപ്ലാക്കൽ അച്ചൻ ഗൗരവഭാവത്തോടെ ചാടിയെണീറ്റ് ഘനഗംഭീരസ്വരത്തിൽ ആജ്ഞാപിച്ചു. ''ശെമ്മാശാ, നിർത്ത് ''. സ്വിച്ച് ഓഫാക്കിയതുപോലെ ശെമ്മാശന്റെ പ്രസംഗം നിലച്ചു. കൺവൻഷൻ പന്തലിൽ ഭീകര നിശബ്ദത നിഴലിച്ചു. ബഹു. അച്ചൻ ഗർജിച്ചു. നമ്മുടെ സഭയുടെ ഔദ്യോഗിക പ്രാർത്ഥനകളിൽ പത്രോസാകുന്ന പാറമേൽ യേശുനാഥൻ സഭയെ പണിതതായും അദ്ദേഹത്തെ അപ്പസ്തോലസംഘത്തിന്റെ തലവനായി നിയമിച്ചതായും സ്വർഗകവാടത്തിന്റെ താക്കോൽക്കാരനായി പത്രോസിനെ നിയമിച്ചതായും സുറിയാനി പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ട് അദ്ദേഹം വിശദീകരിച്ചു. വിശുദ്ധ ഗ്രന്ഥത്തിലെ ഉദ്ധരണികൾ അദ്ദേഹം ഉറക്കെ ഉരുവിട്ടു.



www.malankaralibrary.com

റോമിലെ പാത്രീയർക്കീസ് പാത്രീയർക്കീസുമാരുടെ തലവനായിരിക്കുമെന്ന് ഹൂദയാ കാനോൻ രേഖപ്പെടുത്തിയിരിക്കുന്ന ഭാഗവും അദ്ദേഹം ഉദ്ധരിച്ചു. വിശുദ്ധ കുർബാനയിൽ റോമിലെ മാർപാപ്പായായ വിശുദ്ധ സിക്സ്റ്റസിന്റെ (സുക്തോസ്) അന്നാഫുറ ഉപയോഗിക്കുന്ന കാര്യവും അദ്ദേഹം ഉറക്കെ പ്രസ്താവിച്ചു. എന്നിട്ടദ്ദേഹം ചോദിച്ചു : ''ഇത്രമാത്രം വ്യക്തമായ തെളിവുകൾ നമ്മുടെ സഭയുടെ പ്രാർത്ഥനകളിലും വിശുദ്ധ ഗ്രന്ഥത്തിലും സഭയുടെ ഓദ്യോഗിക നിയമത്തിലും ഉള്ളപ്പോൾ ശെമ്മാശൻ എന്താണീ പ്രസംഗിക്കുന്നത് ?'' കൺവൻഷൻ പന്തലിൽ വാഗ്വാദമായി, ആരവമായി. ബഹു. മുണ്ടപ്ലാക്കൽ അച്ചൻ പിന്മാറാൻ തയാറായില്ല. കറ്റാനം ദേശത്ത് ഏതോ പരിപാടിയിൽ സംബന്ധിക്കാൻ പോയിരുന്ന ഭദ്രാസന മെത്രാപ്പോലീത്ത മാർ സേവേറിയോസ് തിരുമേനി എത്തിയിട്ടാണ് പിന്നീട് പ്രസംഗയോഗം തുടർന്നത്. ഈ സംവാദം മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെയും ബഹു. മുണ്ടപ്ലാക്കൽ അച്ചന്റെയും മനസ്സിൽ പരിശുദ്ധ കത്തോലിക്കാ സഭയോടും പുനരൈക്യപ്രസ്ഥാനത്തോടും അനുഭാവപൂർണമായ നിലപാടുകൾ രൂപപ്പെടുവാൻ ഇടയാക്കിയതായി അവർതന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

### സത്യത്തിന്റെ വഴി തേടിയവരോട് അനുഭാവം

1920 കളിൽ ചങ്ങനാശേരി രൂപതയിലെ മിഷൻ ഡയറക്ടർ ബഹു. ഡൊമിനിക് തോട്ടാശേരിൽ അച്ചന്റെ പ്രേഷിത പ്രവർത്തനഫലമായി ചെങ്ങരൂർ പ്രദേശത്തുനിന്നും ഏതാനുപേർ പരിശുദ്ധ കത്തോലിക്കാ സഭയിൽ ചേർന്നിരുന്നു. പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭനാളുകളിൽ തന്റെ ഇടവകയിൽപെട്ട ഏതാനും കുടുംബങ്ങളും പുനരൈക്യ സരണിയിൽ അണിചേർന്ന് പരിശുദ്ധ കത്തോലിക്കാ സഭാംഗങ്ങളായിരുന്നു. പുനരൈക്യപ്പെടുന്നവരുടെ എണ്ണം അനുദിനം വർധിച്ചുകൊണ്ടിരുന്നു.ബഹു. മുണ്ടപ്ലാക്കൽ അച്ചൻ അവരെ കുറ്റപ്പെടുത്തുകയോ പിന്തിരിപ്പിക്കാൻ ശ്രമിക്കുകയോ ചെയ്തില്ല എന്നത് പരിശുദ്ധ കത്തോലിക്കാസഭയാണ് യഥാർത്ഥ സഭയെന്ന അദ്ദേഹത്തിന്റെ തിരിച്ചറിവിന്റെ ഫലമായിരുന്നു. ഈ സന്ദർഭങ്ങളിലെല്ലാം അച്ചൻ മാർ സേവേറിയോസ് തിരുമേനിയുമായി ആശയവിനിമയം നടത്തിക്കൊണ്ടാണിരുന്നത്. 1937 നവംബർ 29-ാം തീയതി മാർ സേവേറിയോസ് മെത്രാപ്പോലീത്ത തന്റെ ഗുരുവും മാർഗദർശിയുമായിരുന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ സമക്ഷം സത്യവിശ്വാസം ഏറ്റുപറഞ്ഞ് പരിശുദ്ധ കത്തോലിക്കാ സഭയിൽ ചേർന്നു. മാർ സേവേറിയോസ് തിരുമേനിയുടെ പുനരൈക്യം പരിശുദ്ധ കത്തോലിക്കാ സഭയാണ് യഥാർഥ സഭയെന്ന വിശ്വാസത്തിലേക്ക് ബഹു. മുണ്ടപ്ലാക്കൽ അച്ചനെ ഒരു പടികൂടി അടുപ്പിച്ചു.



www.malankaralibrary.com

ഒരു കേട്ടറിവുകൂടി ഇവിടെ കുറിക്കുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു. പുനരൈക്യപ്പെട്ട് കത്തോലിക്കാ സഭയിൽ ചേർന്ന മാർ സേവേറിയോസ് മെത്രാപ്പോലീത്താ തിരുവല്ലായിൽ നിന്ന് മല്ലപ്പള്ളിയിലേക്കു വരുന്നെന്നറിഞ്ഞ ചെങ്ങരൂർ ഓർത്തഡോക്സ് ഇടവകയിൽപെട്ട ചിലർ പള്ളിപ്പടിക്കൽ ഒന്നിച്ചുകൂടി. കാറിൽ കടന്നുവരുന്ന തിരുമേനിയെ തടഞ്ഞു നിർത്തി അധിക്ഷേപിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. വിവരമറിഞ്ഞ് വികാരി ബഹു. മുണ്ടപ്ലാക്കൽ അച്ചനും സ്ഥലത്തെത്തി. പള്ളിപ്പടിക്കൽ ജനക്കൂട്ടം കണ്ട തിരുമേനി വാഹനം നിർത്തി. അവഹേളിക്കാൻ നിന്നിരുന്ന ജനത്തിന്റെ മധ്യത്തിൽകൂടി ബഹു. മുണ്ടപ്ലാക്കൽ അച്ചൻ കടന്നുവന്ന് തിരുമേനിയുടെ കരം ചുംബിച്ചു. വികാരി തിരുമേനിയുടെ കരം ചുംബിക്കുന്നതുകണ്ട ജനം എന്തു ചെയ്യണമെന്നറിയാതെ സ്തബ്ധരായി നിന്നു. തിരുമേനി ജനത്തെ ആശീർവദിച്ച് വേഗത്തിൽ യാത്ര തുടർന്നു. ഒരു കാര്യത്തിലും തിടുക്കവും എടുത്തുചാട്ടവുമില്ലാതെ എല്ലാ കാര്യങ്ങളിലും പക്വവും അഭികാമ്യവുമായ രീതിയിലും കരണീയമായ സമയത്തും മാത്രം പ്രതികരിക്കുന്ന പ്രകൃതക്കാരനായിരുന്നു ബഹു. മുണ്ടപ്ലാക്കൽ അച്ചൻ.

**മലങ്കര സുറിയാനി കത്തോലിക്കാ കൂട്ടായ്മ ചെങ്ങരൂരിൽ**

ചെങ്ങരൂർ പ്രദേശത്ത് പുനരൈക്യപ്പെട്ടവർക്കായി ഒരു താല്ക്കാലിക പള്ളി 1938 –ൽ സജ്ജമായി. തുടർന്ന് സ്വന്തമായി സ്ഥലം വാങ്ങി സൗകര്യപ്രദമായ ഒരു പള്ളി 1939– ൽ പണി ആരംഭിച്ചു. 1941 മേയ് ഏഴാം തീയതി ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമികത്വത്തിലും മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെയും ചങ്ങനാശേരി രൂപതാധ്യക്ഷൻ മാർ ജെയിംസ് കാളാശേരി തിരുമേനിയുടെയും സഹകാർമികത്വത്തിലും വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിൽ പുതിയ പള്ളി കൂദാശ ചെയ്യപ്പെട്ടു. ഇന്നും ആ ദിവസമാണ് ചെങ്ങരൂർ സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ തിരുനാൾ ആഘോഷിക്കുന്നത്.

**അഭിലാഷ പൂർത്തി**

ദീർഘകാലമായ പഠനത്തിലൂടെയും ധ്യാനത്തിലൂടെയും പ്രാർത്ഥനയിലൂടെയുമെല്ലാം താൻ വളർത്തി പരിപാലിച്ചു കൊണ്ടുവന്ന ഹൃദയാഭിലാഷം നിറവേറ്റാനുള്ള സമയമായി എന്ന് ബഹു. മുണ്ടപ്ലാക്കൽ അച്ചൻ തിരിച്ചറിഞ്ഞു. 1941 –ൽ അദ്ദേഹം മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ സമക്ഷം സത്യവിശ്വാസം ഏറ്റുപറഞ്ഞ് തന്റെ 62 –ാമത്തെ വയസിൽ കുടുംബസമേതം പരിശുദ്ധ കത്തോലിക്കാ സഭയിൽ



www.malankaralibrary.com

ചേർന്നു. ദശകങ്ങൾ നീണ്ടുനിന്ന പഠനത്തിന്റെയും ആലോചനയുടെയും പര്യവസാനം. ആയിരത്തിലധികം കുടുംബങ്ങൾ ഉണ്ടായിരുന്ന ചെങ്ങരൂർ ഓർത്തഡോക്സ് ഇടവകയുടെ വികാരിയും നാട്ടിലെ അനിഷേധ്യ നേതാവുമായിരുന്ന ബഹു. അച്ചന്റെ ലക്ഷ്യം ഒന്നു മാത്രമായിരുന്നു. വിശ്വാസത്തിന്റെ സഭാപരമായ പൂർണതയ്ക്ക് വിശുദ്ധ പാത്രോസിന്റെ പിൻഗാമിയായ പരിശുദ്ധ റോമാ മാർപാപ്പാ തലവനായിരിക്കുന്ന പരിശുദ്ധ കത്തോലിക്കാ സഭയിൽ അംഗമാകുക. സഭാപരമായ പൂർണത, അതാണ് പുനരൈക്യംവഴി അദ്ദേഹം ലക്ഷ്യം വച്ചതും നേടിയതും. ''കർത്താവേ നിന്നോടൊപ്പമായിരിക്കുക, ഞങ്ങൾക്ക് അതുമതി'' എന്നു പറഞ്ഞ അപ്പസ്തോല പ്രമുഖന്റെ ആഗ്രഹം പോലെ ബഹു. മുണ്ടപ്ലാക്കലച്ചന്റെ ആഗ്രഹവും അതുമാത്രമായിരുന്നു. യേശുനാഥന്റെ പിന്തുടർച്ചയായ സത്യസഭയുടെ പൂർണതയിൽ ആയിരിക്കുക.

**പദവികൾ ആഗ്രഹിക്കാത്ത പ്രേഷിതൻ**

കത്തോലിക്കാ സഭയിൽ ചേർന്ന അദ്ദേഹം ഏതെങ്കിലും ഇടവകയിൽ വികാരി സ്ഥാനമോ മറ്റ് എന്തെങ്കിലും സ്ഥാനമാനങ്ങളോ ആഗ്രഹിച്ചിട്ടില്ല. തന്റെ ആത്മരക്ഷയ്ക്ക് ആവശ്യമെന്നു താൻ തിരിച്ചറിഞ്ഞ സഭാപൂർണത നേടാൻ മാത്രമാണദ്ദേഹം ആഗ്രഹിച്ചത്. താൻ കണ്ടെത്തിയ പൂർണത അനേകരുമായി പങ്കുവയ്ക്കുവാൻ അദ്ദേഹം അക്ഷീണം പരിശ്രമിച്ചിരുന്നു. 2 രാജാക്കന്മാർ 7: 9 ൽ നാം ഒരു സംഭവം വായിക്കുന്നുണ്ട്. സിറിയായിലെ രാജാവായ ബൻഹദാദ് സമറിയ വളയുന്നു. ജനങ്ങൾ പട്ടിണിയിലാകുന്നു. നഗരകവാടത്തിലിരുന്നു ഭിക്ഷയാചിച്ചിരുന്ന നാല് കുഷ്ഠരോഗികൾ തമ്മിൽ പറയുന്നു. നാം പട്ടിണിയിലായി, നമുക്ക് സിറിയാക്കാരുടെ പാളയത്തിൽ ചെന്നു നോക്കാം. ചിലപ്പോൾ എന്തെങ്കിലും ലഭിച്ചെന്നു വരും. ചിലപ്പോൾ സൈന്യം നമ്മെ വധിച്ചെന്നും വരാം. ഏതായാലും നാം ഇവിടെ ഇങ്ങനെ ഇരുന്നാലും പട്ടിണികൊണ്ടു മരിച്ചുപോകും. അതുകൊണ്ട് നമുക്ക് പാളയത്തിൽ കടന്നു നോക്കാം. പാളയത്തിൽ പ്രവേശിച്ച അവർ കണ്ടത് പാളയം വിജനമായി കിടക്കുന്നു. സിറിയൻ സൈന്യം ഭയപ്പെട്ട് സർവ്വതും ഉപേക്ഷിച്ച് പാലായനം ചെയ്തിരിക്കുന്നു. കുഷ്ഠരോഗികൾ പാളയത്തിൽ കടന്ന് ഭക്ഷണസാധനങ്ങളും വസ്ത്രങ്ങളും വെള്ളിപ്പാത്രങ്ങളുമെല്ലാം ശേഖരിച്ചു. പിന്നെ അവർ പരസ്പരം പറയുന്ന വചനമാണ് നമുക്കിവിടെ പ്രസക്തം. ''നമ്മൾ ചെയ്യുന്നത് ശരിയല്ല, ഇന്ന് സദ്വാർത്തയുടെ ദിവസമാണ്, നാം പ്രഭാതം വരെ മിണ്ടാതിരുന്നാൽ ശിക്ഷയനുഭവിക്കേണ്ടി വരും.....''(7: 9). അതെ, നാം കണ്ടതും അനുഭവിച്ചതുമായ സദ്വാർത്ത മറ്റുള്ളവരോട് പങ്കുവ



www.malankaralibrary.com

യ്ക്കാതിരുന്നാൽ നാം ശിക്ഷിക്കപ്പെടും. ആദ്യകാലത്ത് പുനരൈക്യപ്പെട്ടവർക്ക് ഈ ബോധ്യം ഉണ്ടായിരുന്നു. അതാണ് പുനരൈക്യത്തിന്റെ വളർച്ചയ്ക്ക് ചാലകമായതും. ബഹു. മുണ്ടപ്ലാക്കൽ അച്ചന്റെ പുനരൈക്യാനന്തര ജീവിതവും വിഭിന്നമായിരുന്നില്ല. പുനരൈക്യത്തിലൂടെ താൻ നേടിയതും അനുഭവിച്ചിരുന്നതുമായ ആത്മീകവും സഭാപരവുമായ സ്വാതന്ത്ര്യവും പൂർണതയും സന്തോഷവും കണ്ടുമുട്ടുന്നവരോടെല്ലാം പങ്കുവയ്ക്കുവാൻ അദ്ദേഹം അതീവ ശ്രദ്ധാലുവായിരുന്നു.

**ആരാധന ആഘോഷമാക്കിയ ആചാര്യൻ**

അന്ത്യോക്യൻ സുറിയാനി ആരാധനയുടെ ഇമ്പമാർന്ന അനുഷ്ഠാനങ്ങളിലൂടെയും ആലാപനത്തിലൂടെയും ആരാധനാ സമൂഹത്തെ അവാച്യമായ സ്വർഗീയ അനുഭൂതിയിലേക്ക് ആനയിക്കുവാൻ പര്യാപ്തമായിരുന്നു ബഹ. മുണ്ടപ്ലാക്കൽ അച്ചന്റെ വിശുദ്ധ കുർബാന അർപ്പണവും മറ്റു ശുശ്രൂഷകളും. വിശുദ്ധ കുർബാന തക്സായും മറ്റ് ആരാധനാക്രമങ്ങളും മലയാള ഭാഷയിൽ ലഭ്യമല്ലാതിരുന്ന കാലത്ത് സുറിയാനി പുസ്തകം നോക്കി പ്രാർത്ഥനകൾ മലയാള ഭാഷയിലേക്ക് മൊഴിമാറ്റം വരുത്തി ഇമ്പമായി ചൊല്ലിയിരുന്നത് അദ്ദേഹത്തിന്റെ മലയാള ഭാഷയിലും സുറിയാനി ഭാഷയിലുമുള്ള വ്യുൽപത്തിയും സംഗീതത്തിലുള്ള അഭിരുചിയും വെളിവാക്കിയിരുന്ന അവസരങ്ങളായിരുന്നു. വിശുദ്ധ കുർബാനയർപ്പണവും മറ്റ് ആരാധനാ ശുശ്രൂഷകളും എപ്പോഴും വളരെ ആഘോഷപൂർവമാണ് അദ്ദേഹം അനുഷ്ഠിച്ചിരുന്നത്; ആത്മാവിൽ ലയിച്ച് ഒരു സ്വർഗീയ അനുഭൂതിയിൽ. അദ്ദേഹത്തിന്റെ ആരാധനാ ശുശ്രൂഷകളെക്കുറിച്ച് അനുഭവസ്ഥർ പറഞ്ഞു കേൾക്കുമ്പോൾ ഓർമ്മയിലെത്തുന്നത് മാത്യു കൊല്ലിയുടെ ഒരു ഉദ്ധരണിയാണ്. ''നാം എന്താണോ ആഘോഷിക്കുന്നത് അതായിത്തീരും'' ആഘോഷമായി ആരാധനകൾ നടത്തിയിരുന്ന അച്ചന്റെ ജീവിതം ആരാധനയുടെ ഒരാഘോഷം തന്നെയായിരുന്നു. അദ്ദേഹം ആരാധനയിൽ ലയിച്ചു ചേർന്ന് ആരാധനകളും ശുശ്രൂഷകളും അനുഷ്ഠിച്ചിരുന്നു എന്നു മാത്രമല്ല, ആരാധനയിൽ സംബന്ധിക്കുവാൻ എത്തിയിരുന്ന വിശ്വാസികളെയും അദ്ദേഹത്തിന്റെ ശുശ്രൂഷകൾ സ്വർഗീയാനുഭൂതിയിലേക്ക് ആനയിച്ചിരുന്നതായി അനേക അനുഭവസ്ഥർ സാക്ഷിക്കുന്നു. ബഹു. മുണ്ടപ്ലാക്കൽ അച്ചനാണ് വിശുദ്ധ കുർബാന അർപ്പിക്കുന്നതെന്നും ഹാശാ ശുശ്രൂഷകൾ നടത്തുന്നതെന്നുമറിഞ്ഞാൽ സമീപ ഇടവകകളിൽ നിന്നുപോലും വിശ്വാസികൾ അതിൽ സംബന്ധിക്കാനായി എത്തിച്ചേരുമായിരുന്നു.



www.malankaralibrary.com

## പുരോഹിതനും കുടുംബനാഥനും

പൗരോഹിത്യം ആഗ്രഹിക്കുന്നവരെപ്പറ്റി വിശുദ്ധ പൗലോസ് ശ്ലീഹ തന്റെ ശിഷ്യൻ തീമോത്തിയോസിന് എഴുതുമ്പോൾ ഇപ്രകാരം രേഖപ്പെടുത്തുന്നു. ''അവൻ തന്റെ കുടുംബത്തെ ശരിയായി നിയന്ത്രിക്കുന്നവനും സന്താനങ്ങളെ അനുസരണത്തിലും വിനയത്തിലും വളർത്തുന്നവനുമായിരിക്കണം''(2തിമോത്തി 3: 4). ബഹു. മുണ്ടപ്ലാക്കൽ അച്ചനെ സംബന്ധിച്ച് വിശുദ്ധ പൗലോസിന്റെ നിർദ്ദേശങ്ങൾ അക്ഷരംപ്രതി സത്യമാണ്. ഉത്തമവൈദികനായിരുന്നതോടൊപ്പം അദ്ദേഹം ഉത്തമ കുടുംബനാഥനുമായിരുന്നു. മാതൃകാപരമായ കുടുംബജീവിതം. പ്രിയതമയെ ജീവനുതുല്യം സ്നേഹിച്ചിരുന്ന അദ്ദേഹം പ്രിയതമയ്ക്ക് യാതൊരു ബുദ്ധിമുട്ടും ഒരിക്കലും ഉണ്ടാവാതിരിക്കാൻ ശ്രദ്ധിച്ചിരുന്നതായി അടുപ്പക്കാർ സാക്ഷ്യപ്പെടുത്തുന്നു. മക്കളുടെയും കൊച്ചുമക്കളുടെയും രൂപീകരണത്തിലും അദ്ദേഹം അതീവ ശ്രദ്ധാലുവായിരുന്നു. തന്റെ ആദ്യജാതന് അദ്ദേഹം നല്കിയ പേരുതന്നെ മക്കളോട് അദ്ദേഹത്തിനുള്ള വാത്സല്യത്തിന്റെ തെളിവായിരുന്നു. മൂത്തപുത്രനു നല്കിയ പേര് ''ഹാബീബ്'' എന്നായിരുന്നു. ഹബീബ് എന്ന സുറിയാനി പദത്തിന്റെ അർത്ഥം ''എന്റെ പ്രിയൻ / വാത്സല്യവാൻ'' എന്നാണ്. മക്കളുടെ രൂപീകരണത്തിൽ നിഷ്ഠയും ശ്രദ്ധയും പുലർത്തിയപ്പോഴും അവരുടെ വ്യക്തിസ്വാതന്ത്ര്യത്തിൽ അദ്ദേഹം ഒരിക്കലും ഇടപെട്ടിരുന്നില്ല. സ്വതന്ത്രമായി പക്വമായ തീരുമാനങ്ങൾ എടുക്കുവാൻ അവരെ പ്രാപ്തരാക്കുകയല്ലാതെ തീരുമാനങ്ങൾ അടിച്ചേൽപ്പിക്കുവാൻ അദ്ദേഹം ഒരിക്കലും ശ്രമിച്ചിരുന്നില്ല.

## സാധുക്കളോടുള്ള പ്രത്യേക പരിഗണന തലമുറകളിലേക്ക്

സാധുക്കളോടും സാധാരണക്കാരോടും ആർദ്രതയും അനുകമ്പയും അടുപ്പവും പുലർത്തിയിരുന്ന അച്ചൻ ഇവ മക്കൾക്കും കൊച്ചുമക്കൾക്കും പകർന്നു നല്കാൻ ശ്രദ്ധിച്ചിരുന്നു. ഇന്നും അവരുടെ ജീവിതം അതിനു തെളിവാണ്. സാമൂഹ്യപ്രതിബദ്ധത അവരുടെ മുഖമുദ്രയാണ്. ഞാൻ അടുത്തറിയുന്ന ചില കാര്യങ്ങൾ മാത്രം ഇവിടെ രേഖപ്പെടുത്താം. ബഹു. അച്ചന്റെ മകൾ കുയിലാമ്മയെ സന്യാസസമർപ്പണ ജീവിതത്തിലേക്ക്, ബഥനി സന്യാസിനി സമൂഹത്തിലേക്ക് പ്രോത്സാഹിപ്പിച്ചയച്ചു. വിശുദ്ധ ക്ലാരയുടെ പേരു സ്വീകരിച്ച് കുയിലാമ്മ സിസ്റ്റർ ക്ലാര എസ്. ഐ. സി യായി നടത്തിയിട്ടുള്ള ശുശ്രൂഷകൾ എത്രയോ മഹത്തരങ്ങളാണ്. സന്യാസസമൂഹം അധ്യാപന ശുശ്രൂഷ തന്നെ ചുമതലപ്പെടുത്തിയപ്പോഴും തന്റെ പിതാവിൽ നിന്നു ഹൃദയത്തിൽ ഏറ്റുവാങ്ങിയ സാധുക്കളോടുള്ള അനുകമ്പയും ആർദ്രതയും ഉള്ളിൽ തിളച്ചുകൊണ്ടിരുന്നു. അധ്യാപന ശുശ്രൂഷയിൽ നിന്നു വിരമിച്ച അന്നു മുതൽ അധികാരിക



www.malankaralibrary.com

ളുടെ അനുവാദത്തോടെ ദളിതരുടെയും ഹരിജനങ്ങളുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും പ്രത്യേകിച്ച് സ്ത്രീകളുടെ ഉദ്ധാരണത്തിനായി ജീവിതം ഉഴിഞ്ഞുവച്ചു. ഒരു തുണിസഞ്ചിയും തോളിൽ തൂക്കി കാലൻകുടയും ചൂടി മഴയിലും വെയിലിലും തണുപ്പിലും ചൂടിലും തിരുവല്ലായിലും സമീപപ്രദേശങ്ങളിലും ദളിതരുടെയും ദരിദ്രരുടെയും കോളനികളിൽ കയറിയിറങ്ങി സാധുജനസേവനം നടത്തിയിരുന്ന സിസ്റ്റർ ക്ലാര തിരുവല്ലായുടെ സേവനമുഖമായിരുന്നു. സ്ത്രീകളുടെ വിമോചനത്തിനായി വനിതാ സംഘങ്ങളും കുട്ടികൾക്കായി ബാലവേദികളും തൊഴിൽ രഹിതർക്കായി തൊഴിൽ പരിശീലനകേന്ദ്രങ്ങളും സ്ഥാപിച്ച് ഫലപ്രദമായി നടത്തിയിരുന്നത് പില്ക്കാലത്ത് മറ്റുപല സംഘടനകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മാതൃകയായിത്തീർന്നു. തിരുവല്ലായിലെ വിവിധ സഭകളുടെയും വ്യാപാരികളുടെയും സംഘടനകളുടെയും ആഭിമുഖ്യത്തിൽ മുത്തൂർ കേന്ദ്രമാക്കി "അഭയഭവൻ" എന്ന അനാഥഭവനം രൂപപ്പെടുത്തിയപ്പോൾ അവിടെ ശുശ്രൂഷാ നേതൃത്വം ഏറ്റെടുത്ത് അഭയഭവന്റെ പേരിനെ അന്വർത്ഥമാക്കത്തക്കവിധത്തിൽ അതിന്റെ ശുശ്രൂഷകൾക്ക് അടിത്തറ പാകിയതും മാർഗനിർദ്ദേശകയായതും സിസ്റ്റർ ക്ലാരയായിരുന്നു. "മദർ തെരേസാ" എന്ന് തിരുവല്ലാ നിവാസികൾ സ്നേഹത്തോടെ വിളിച്ചിരുന്ന ക്ലാര തിരുവല്ലാ ബോധനയോടു സഹകരിച്ച് നടത്തിയിട്ടുള്ള ശുശ്രൂഷകളും ദളിത് ക്രൈസ്തവർ കൂടുതലുള്ള ഇടവകകൾ കേന്ദ്രീകരിച്ച് ചെയ്തിട്ടുള്ള പ്രവർത്തനങ്ങളും അനവധിയാണ്. ബഹു. മുണ്ടപ്ലാക്കൽ അച്ചന്റെ ഇളയമകൻ ശ്രീ എം. ജെ. ഏബ്രഹാമിന്റെ (അവറാച്ചൻ) സാധുജനസേവനതല്പരതയും ഞാൻ നേരിട്ടു മനസിലാക്കിയിട്ടുള്ളതാണ്. വ്യക്തിപരമായ സഹായങ്ങൾക്കു പുറമെ ഇടവകയിലെ സെന്റ് വിൻസെന്റ് ഡി പോൾ സഖ്യത്തിലെ സജീവ അംഗമായി അദ്ദേഹം ചെയ്യുന്ന സേവനങ്ങൾ ശ്രദ്ധേയമാണ്. ബഹു. അച്ചന്റെ മറ്റു മക്കളിലും കൊച്ചുമക്കളിലും ഈ സേവനതല്പരത സജീവമാണ്. അച്ചന്റെ ഒരു കൊച്ചുമകൾ എത്സി സാമൂഹ്യ പ്രവർത്തനം ഔദ്യോഗിക ജോലിയായിത്തന്നെ ഏറ്റെടുക്കുവാൻ ഇടയാക്കിയത് ബഹു. അച്ചന്റെ സേവനങ്ങളെക്കുറിച്ചുള്ള കേട്ടറിവും പാരമ്പര്യമായി ലഭിച്ച സേവനമനോഭാവവുമാണ്.

അച്ചന്റെ വേറൊരു കൊച്ചുമകൻ ജെയിംസുകുട്ടി എന്നു നാട്ടുകാർ വാത്സല്യത്തോടെ വിളിക്കുന്ന പ്രൊഫസർ ജേക്കബ് എം. ഏബ്രഹാം സഭാ, സമൂഹിക, രാഷ്ട്രീയ മേഖലകളിൽ നിറഞ്ഞു നിന്ന് നല്കുന്ന സേവനങ്ങളും നേതൃത്വവും ശ്രദ്ധേയമാണ്. എം. സി. വൈ. എം. രൂപതാ പ്രസിഡന്റ്, കെ. സി. വൈ. എം. സംസ്ഥാന പ്രസിഡന്റ്,



www.malankaralibrary.com

എം. സി. എ അതിരൂപതാ പ്രസിഡന്റ്, എം. സി. എ സഭാതല പ്രസിഡന്റ്, കെ. സി. എഫ് സംസ്ഥാന പ്രസിഡന്റ്, കുന്നന്താനം ഗ്രാമപഞ്ചായത്ത് അംഗം, മല്ലപ്പള്ളി ജേസീസ് പ്രസിഡന്റ് തുടങ്ങിയ നിലകളിൽ അദ്ദേഹം ചെയ്തിട്ടുള്ള ജനോപകാരപ്രദമായ സേവനങ്ങൾ അനവധിയാണ്. തുരുത്തിക്കാട് ബി. എ. എം കോളേജ് അധ്യാപകനായി വിരമിച്ച അദ്ദേഹം ഇപ്പോൾ വിവിധ സാമൂഹ്യപ്രവർത്തനങ്ങളിലൂടെ ജനസേവനം തുടരുന്നു. ബഹു. മുണ്ടപ്ലാക്കൽ അച്ചന്റെ സേവനമുഖം മക്കളിലൂടെയും കൊച്ചുമക്കളിലൂടെയും ഇന്നും പ്രോജ്വലമായി വിളങ്ങി ശോഭിക്കുന്നു.

**പിൻകുറി**

പള്ളിക്കുള്ളിൽ പൂജാവിധികളിലും കർമാനുഷ്ഠനാങ്ങളിലും മാത്രം തളയ്ക്കപ്പെട്ടതായിരുന്നില്ല ബഹു. മുണ്ടപ്ലാക്കൽ അച്ചന്റെ വൈദിക ജീവിതം. സഭാകാര്യങ്ങളിലും മറ്റു കാര്യങ്ങളിലും അനേകർ നടന്നു തെളിഞ്ഞവഴികളിലുടെ മാത്രം നടക്കുന്നതിലുപരി പുതിയ വഴികൾ തേടുന്നവനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ അന്വേഷണ ത്വരയാണ് സത്യസഭയെ കണ്ടെത്താനും പുൽകാനും ഇടയാക്കിയത്. ഇതേ അന്വേഷണ സ്വഭാവമാണ് വിദ്യാഭ്യാസ, കാർഷിക, ആരോഗ്യ, സാമൂഹ്യസേവനമേഖലകളിലും ചില നൂതന സംരംഭങ്ങൾക്കു തുടക്കം കുറിക്കുവാൻ ഇടയാക്കിയതും. സഭയുടെയും സമുദായത്തിന്റെയും മതത്തിന്റെയും വേലികൾക്കപ്പുറം മനുഷ്യന്റെ സമഗ്രവളർച്ച ലക്ഷ്യമാക്കിയുള്ളതായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ.

നാടിനൊരു ദീപസ്തംഭമായിരുന്നു അദ്ദേഹം. അനേകർക്കു വഴികാട്ടി. അദ്ദേഹത്തിന്റെ അടുത്തുവന്നവരാരും അന്ധകാരത്തിൽ നടന്നിട്ടില്ല. ഗ്രാമാന്തരീക്ഷത്തിൽ മനുഷ്യനുമായി ബന്ധപ്പെട്ട സകലമേഖലകളിലും അദ്ദേഹം ഇടപെടുകയും സ്ഥായിയായ സംഭാവനകൾ നല്കുകയും ചെയ്തിട്ടുണ്ട്. ദശകങ്ങൾക്കപ്പുറം അദ്ദേഹം പങ്കുവച്ച പല അറിവുകളും അനുവർത്തിച്ച പല ശൈലികളും നിലപാടുകളും അന്നു പലർക്കും മനസ്സിലാക്കാൻ വൈഷമ്യമായിരുന്നെങ്കിലും ദശകങ്ങൾക്കിപ്പുറം ഇന്ന് അവയെല്ലാം അംഗീകരിക്കപ്പെട്ടവയായിട്ടുണ്ട്. അദ്ദേഹം ജീവിതത്തിലൂടെ പകർന്നു നല്കിയ നന്മയുടെ ഓളങ്ങൾ ഇന്നും സമൂഹജീവിതത്തിൽ സജീവമായി നിലനിൽക്കുന്നു. അവ കൂടുതൽ ജീവസുറ്റതാക്കാനും വർദ്ധമാനമാക്കാനുമുള്ള ശ്രമം ഇന്നത്തെ തലമുറ തുടരേണ്ടിയിരിക്കുന്നു. തന്റെ ശുശ്രൂഷയുടെ പ്രതിഫലം അനുഭവിച്ച് സ്വർഗപിതാവിന്റെ സന്നിധിയിലായിരിക്കുന്ന ബഹു. മുണ്ടപ്ലാക്കൽ അച്ചന്റെ മധ്യസ്ഥം നമുക്ക് കോട്ടയും കാവലുമായിരിക്കട്ടെ. ''നിശ്ചയമായും നീതിമാനു പ്രതിഫലമുണ്ട് '' (സ



www.malankaralibrary.com

ങ്കീ. 58: 11).

ബഹു. മുണ്ടപ്ലാക്കൽ അച്ചനെ നേരിൽ കാണാനോ ശ്രവിക്കാനോ എനിക്കവസരം ലഭിച്ചിട്ടില്ല. വായിച്ചറിഞ്ഞതും കേട്ടറിഞ്ഞതും ചോദിച്ചറിഞ്ഞതുമായ കാര്യങ്ങളുടെ വെളിച്ചത്തിലാണ് ഈ ലേഖനം തയാറാക്കിയിരിക്കുന്നത്. ഞാൻ ചെങ്ങരൂർ ഇടവകയിൽ വികാരിയായിരുന്നപ്പോൾ ഇടവകക്കാരിൽ നിന്നും നാട്ടുകാരിൽ നിന്നും മുണ്ടപ്ലാക്കൽ കുടുംബാംഗങ്ങളിൽ നിന്നും നേരിട്ടറിഞ്ഞ വിവരങ്ങൾ, തിരുവല്ലാ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ (ബോധന) ഡയറക്ടറായിരുന്നപ്പോൾ സഹപ്രവർത്തകയായിരുന്ന സിസ്റ്റർ ക്ലാരയിൽ നിന്നു കേട്ടറിഞ്ഞ കാര്യങ്ങൾ, മുണ്ടപ്ലാക്കൽ അച്ചന്റെ ഒരു കൊച്ചുമകൾ താഴമൺ കുടുംബത്തിലേക്ക് വിവാഹിതയായ അമ്മുക്കുട്ടിചേച്ചി എന്നു ഞങ്ങൾ വിളിക്കുന്ന മേരി തോമസ് ടീച്ചർ പറഞ്ഞറിഞ്ഞ കാര്യങ്ങൾ, പ്രൊഫ. ജേക്കബ് എം. ഏബ്രഹാമിൽ നിന്ന് കണ്ടു മനസിലാക്കിയ കാര്യങ്ങൾ ബഹു. ഏബ്രഹാം മാരേട്ടച്ചൻ, ബഹു. ഏലിയാസ് തേക്കനാൽ അച്ചൻ, വന്ദ്യ ദിവ്യശ്രീ ചെറിയാൻ രാമനാലിൽ കോർ എപ്പിസ്കോപ്പാ തുടങ്ങിയവരിൽ നിന്ന് ചോദിച്ചറിഞ്ഞ വിവരങ്ങൾ, ഇവയെല്ലാം ഈ ലേഖനരചനയിൽ എനിക്കു സഹായമായിരുന്നു എന്നുകൂടി നന്ദിപൂർവ്വം രേഖപ്പെടുത്തട്ടെ.

*ഹിറ്റ്ലർ 13 ലക്ഷം ജൂതരെ ചതച്ചരച്ച് കൊന്ന പോളണ്ടിലെ ഓഷ്വിറ്റ്സ് തടങ്കൽ പാളയം മ്യൂസിയം ആക്കിയപ്പോൾ മുഖവാചകമായി എഴുതിവച്ചത് ഇങ്ങനെയാണ്. "ചരിത്രം മറക്കുന്നവരെ ചരിത്രം ശിക്ഷിക്കും"*



www.malankaralibrary.com



# ഇളവട്ട
# ബഹു. ടി.എസ്. ഫിലിപ്പോസ് കശീശാ

**മുഖവചനം**

മധ്യതിരുവിതാംകൂറിലെ പ്രമുഖ നസ്രാണി തറവാടുകളിൽ ഒന്നാണ് തായില്ലം. ഒമ്പത് ശാഖകൾ, നാൽപത്തിയെട്ട് ഉപശാഖകൾ, ആയിരത്തി അറുനൂറിലധികം കുടുംബങ്ങൾ, ശ്രേഷ്ഠരായ വൈദികരെക്കൊണ്ടും പൊതുപ്രസക്തരായ അംഗങ്ങളെക്കൊണ്ടും സമ്പന്നമായ കുടുംബം. തായില്ലം തറവാട്ടിലെ എട്ടാം തലമുറക്കാരൻ ഇളവട്ട ശീമോൻ തരക ന്റെയും ഭാര്യ തലവടി അമിച്ചകരി കല്ലുപുരയ്ക്കൽ ആച്ചിയമ്മയുടെയും (ശോശാമ്മ) കനിഷ്ഠപുത്രനാണ് കഥാപുരുഷൻ. തായില്ലം തറവാടിന്റെ തെങ്ങുംതോട്ടം ശാഖയിലെ ഇളവട്ട ഉപശാഖാംഗം. അദ്ദേഹത്തിന് അഞ്ച് സഹോദരന്മാരും ഒരു സഹോദരിയും.

**ജനനവും പഠനവും**

കഥാപുരുഷന്റെ ജനനം കൊല്ലവർഷം 1052 തുലാമാസം എട്ടാം തീയതി (ക്രിസ്തുവർഷം 1877 ഒക്ടോബർ 27). മാമ്മോദീസാ ഫിലി പ്പോസ് എന്നു പേരിട്ട് 1052 വൃശ്ചികം 10-ന് യാക്കോബായാ സഭയിൽ. കാലാനുസൃതമായ വിദ്യാഭ്യാസം നാട്ടിൽതന്നെ കരസ്ഥമാക്കി. ആൺമ ക്കളിൽ ഇളയവനെ പട്ടക്കാരനാക്കണമെന്ന് മാതാപിതാക്കൾക്കും കുടും ബാംഗങ്ങൾക്കും ആഗ്രഹം. ഇടവകക്കാരും ഫിലിപ്പോസിനെ പട്ടത്തി നുവേണ്ടി ശിപാർശ ചെയ്തു. മലങ്കര മെത്രാപ്പോലീത്ത പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് രണ്ടാമൻ 1896-ൽ (കൊല്ലവർഷം 1071) പുത്തൻകാവ് സുറിയാനി പള്ളിയിൽ വച്ച് ഫിലിപ്പോസിന് ശെമ്മാശ് പട്ടം നൽകി. കോട്ടയം എം.ഡി സെമിനാരിയിൽ ഇംഗ്ലീഷ് പഠനവും പഴയസെമിനാരിയിൽ സുറിയാനി പഠനവും തുടർന്നു. കോട്ട



www.malankaralibrary.com

യത്തെ പഠനവും താമസവും വിജ്ഞാനത്തിന്റെയും വീക്ഷണത്തിന്റെയും സീമകൾ വിസ്തൃതമാക്കി. എം.ഡി സെമിനാരിയിൽ ഹെഡ്മാസ്റ്റർ ആയിരുന്ന കണ്ടത്തിൽ ശ്രീ. കെ.സി. മാമ്മൻ മാപ്പിളയുടെയും പഴയ സെമിനാരിയിൽ മല്പാനായിരുന്ന വട്ടശേരിൽ ഗീവർഗീസ് മല്പാന്റെയും (പിന്നീട് മലങ്കര മെത്രാപ്പോലീത്ത ഗീവർഗീസ് മാർ ദിവന്നാസിയോസ്) കീഴിലുള്ള പഠനവും പരിശീലനവും, സഹപാഠിയായിരുന്ന പണിക്കരു വീട്ടിൽ പി.റ്റി. ഗീവർഗീസുമായുള്ള (ദൈവദാസൻ ആർച്ച് ബിഷപ് ഗീവർഗീസ് മാർ ഈവാനിയോസ്) സൗഹൃദവും ചർച്ചകളും ഭാവിജീവിതത്തിൽ വളരെ വലിയ സ്വാധീനം ചെലുത്തിയതായി അദ്ദേഹം പലപ്പോഴും സാക്ഷ്യപ്പെടുത്തിയിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഗ്രഹിക്കുന്നതിന് കോട്ടയത്തെ പഠനം ഉപകരിച്ചു. ഭാവിയിൽ ശുശ്രൂഷയ്ക്ക് എത്തിയ സ്ഥലങ്ങളിൽ ഇംഗ്ലീഷ് സ്കൂൾ ആരംഭിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് ഈ അനുഭവപാഠമായിരുന്നു.

**വിവാഹം**

തന്റെ ഗുരുവിന്റെ (വട്ടശേരിൽ ഗീവർഗീസ് മല്പാൻ) കുടുംബാംഗമായ മല്ലപ്പള്ളി പയ്യംപള്ളിൽ ദാവീദ് കത്തനാരുടെ (വല്ല്യച്ചൻ) സഹോദരന്റെ (അബ്രഹാമിന്റെ) മകൾ സാറാമ്മയെയാണ് ശെമ്മാശൻ സഹധർമിണിയായി സ്വീകരിച്ചത്. ആദ്യത്തെ പ്രസവത്തോടനുബന്ധിച്ച് കൊച്ചമ്മയും കുഞ്ഞും നിത്യതയിലേക്ക് വിളിച്ചു ചേർക്കപ്പെട്ടു.

**വൈദികാഭിഷേകം**

ചാത്തുരുത്തിൽ മാർ ഗ്രിഗോറിയോസ് (പരുമല തിരുമേനി) മെത്രാപ്പോലീത്തായുടെ കൈവയ്പാൽ ചേപ്പാട് പള്ളിയിൽ വച്ച് കൊല്ലവർഷം 1080-ൽ (ക്രിസ്തുവർഷം 1904) കശീശ്ശയായി അഭിഷിക്തനായി. അയിരൂർ പള്ളിയിൽ നവപൂജാർപ്പണം നടത്തി. പയ്യംപള്ളിൽ ദാവീദ് കത്തനാരും (വല്ല്യച്ചൻ) നവപൂജാർപ്പണത്തിൽ സന്നിഹിതനായി സംബന്ധിച്ചിരുന്നു.

**അജപാലന ശുശ്രൂഷയുടെ തുടക്കം**

വൈദികനായി ആദ്യ ശുശ്രൂഷ മാതൃ ഇടവകയിൽ വികാരി പിതൃവ്യൻ തെങ്ങുംതോട്ടത്തിൽ അബ്രഹാം കത്തനാരുടെ സഹായ പട്ടക്കാരനായിട്ടായിരുന്നു. (അബ്രഹാം കത്തനാരാണ് സ്വന്തം സ്ഥലത്ത് മതാപ്പാറ സെന്റ് തോമസ് പള്ളി സ്ഥാപിച്ചത്. പള്ളിയുടെ ശിലാസ്ഥാപനം നടത്തിയത് പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയായിരുന്നു. അന്നേ



www.malankaralibrary.com

ദിവസം തിരുമേനി അബ്രഹാം കത്തനാർക്ക് കോർ എപ്പിസ്കോപ്പാ സ്ഥാനം നൽകുകയും ചെയ്തു). ഇടവകയുടെ രൂപീകരണത്തിന്റെ തുടക്കമായിരുന്നതിനാൽ വികാരിയോടൊപ്പം യുവവൈദികനായ ഇളവട്ട ഫിലിപ്പോസ് അച്ചനും വളരെയധികം അധ്വാനിക്കേണ്ടിവന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഗ്രഹിച്ചിരുന്ന ഫിലിപ്പോസ് അച്ചൻ പള്ളിയോടനുബന്ധിച്ച് ഒരു ഇംഗ്ലീഷ് സ്കൂൾ ആരംഭിക്കുവാൻ വികാരിയച്ചനെ പ്രേരിപ്പിച്ചു. അങ്ങനെ അയിരൂരെ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ ആരംഭിക്കുയും ഫിലിപ്പോസ് അച്ചൻ അതിന്റെ ചുമതല ഏൽക്കുകയും ചെയ്തു. ആരംഭകാലത്ത് വിദ്യാർഥികളെ ലഭിക്കാൻ ബുദ്ധിമുട്ടായിരുന്നെങ്കിലും ഫിലിപ്പോസ് അച്ചന്റെ നേതൃത്വം സ്കൂളിന്റെ വളർച്ചയ്ക്ക് വലിയ ശക്തിയായിരുന്നു. പ്രസ്തുത സ്കൂളിൽ പഠിച്ച അയിരൂരും സമീപപ്രദേശങ്ങളിലുമുണ്ടായിരുന്ന ധാരാളം പേർ ഉന്നത ഉദ്യോഗങ്ങൾ കരസ്ഥമാക്കി സമൂഹത്തിൽ ഔന്നത്യം നേടുകയുണ്ടായി.

**പാണംപടി പള്ളിയിൽ ഇടയ ശുശ്രൂഷ**

ഇളവട്ട റ്റി.എസ്. ഫിലിപ്പോസ് കശീശയുടെ വിദ്യാഭ്യാസാഭിമുഖ്യവും സ്കൂൾ നടത്തിപ്പിലുള്ള പ്രാഗത്ഭ്യവും സഭാവേദികളിലാകമാനം എത്തിയിരുന്നു. ബഹു. അച്ചന്റെ സേവനം കോട്ടയം പാണംപടി സെന്റ് മേരീസ് യാക്കോബായ സുറിയാനി ഇടവകക്കാർ ആവശ്യപ്പെട്ടത് ഈ പശ്ചാത്തലത്തിലായിരിക്കണം. അബദള്ളാ പാത്രീയർക്കീസിന്റെ മലങ്കര സന്ദർശന കാലത്ത് 1911 നവംബർ 30-ന് ആലുവാ തൃക്കുന്നത്ത് ചേർന്ന മലങ്കര അസോസിയേഷൻ മലങ്കര മെത്രാപ്പോലീത്തയായി തെരഞ്ഞെടുത്തിരുന്ന മുളന്തുരുത്തി കൊച്ചുപറമ്പിൽ പൗലോസ് മാർ കൂറിലോസ് തിരുമേനി പാണംപടി പള്ളിയിലായിരുന്നു താമസിച്ചിരുന്നത്. അദ്ദേഹം കബറടങ്ങിയിരിക്കുന്നത് (1917 ഡിസംബർ 14-ന്) ഇവിടെത്തന്നെയാണ്. (ഇദ്ദേഹത്തെയും വട്ടശേരിൽ തിരുമാനിയെയും ഒന്നിച്ചാണ് 1908 മേയ് 31-ന് ജറുസലേമിലെ വിശുദ്ധ മർക്കോസിന്റെ ദയറായിൽ വച്ച് അന്ത്യോക്യാ പാത്രീയർക്കീസ് അബ്ദള്ളാ രണ്ടാമൻ മെത്രാപ്പോലീത്താമാരായി വാഴിച്ചത്. 1908 നവംബർ 26-ന് കോട്ടയം പഴയ സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷൻ വട്ടശേരിൽ തിരുമേനിയെ മലങ്കര മെത്രാപ്പോലീത്തയായി തെരഞ്ഞെടുത്തു. അങ്ങനെ ഒന്നിച്ച് മെത്രാപ്പോലീത്താമാരായ കൊച്ചുപറമ്പിൽ മാർ കൂറിലോസും വട്ടശേരിൽ മാർ ദിവന്നാസിയോസും ഭിന്നചേരിയിലായി മലങ്കര മെത്രാപ്പോലീത്താ പദവി അവകാശപ്പെട്ടു. രണ്ടുപേരും വിശുദ്ധരായി കരുതപ്പെടുകയും ചെയ്യുന്നു. വട്ടശ്ശേരിൽ തിരുമേനിയെ 2003 ഫെബ്രുവരി 24-ന് ബസേലിയോസ്



www.malankaralibrary.com

മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അധ്യക്ഷതയിൽ കൂടിയ മലങ്കര ഓർത്തഡോക്സ് സഭാ സുന്നഹദോസ് വിശുദ്ധനായി പ്രഖ്യാപിച്ചു. 2008 ഒക്ടോബർ 24-ന് ഇഗ്നാത്തിയോസ് സക്കാ ഇവാസ് ഒന്നാമൻ പാത്രീയർക്കീസ് ബാവാ കൊച്ചുപറമ്പിൽ മാർ കുറിലോസ് തിരുമേനിയെ പാണംപടി പള്ളിയിൽ വച്ച് വിശുദ്ധനായി പ്രഖ്യാപിച്ചു). പൗലോസ് മാർ കൂറിലോസ് തിരുമേനിയുടെ താല്പര്യത്തോടുകൂടി ആയിരിക്കണം പാണംപടി ഇടവകക്കാർ ഇളവട്ട ഫിലിപ്പോസ് കശീശ്ശായെ വികാരിയായി ആവശ്യപ്പെട്ടത്. മാർ കൂറിലോസ് തിരുമേനിയും ഇംഗ്ലീഷ് സ്കൂൾ ആരംഭിക്കുന്നതിന് താല്പര്യമുണ്ടായിരുന്ന വ്യക്തിയായിരുന്നു. അദ്ദേഹം നേതൃത്വം നൽകി പല സ്കൂളുകൾ ആരംഭിച്ചിട്ടുമുണ്ട്. ഇളവട്ട ഫിലിപ്പോസ് കശീശ്ശായുടെ സേവനം ഇംഗ്ലീഷ് സ്കൂൾ ആരംഭിക്കാൻ ഉപകരിക്കുമെന്ന് പാണംപാടി ഇടവകക്കാർ കരുതിയത് അസ്ഥാനത്തായില്ല. തന്റെ ശിഷ്യനും പ്രഗത്ഭനും വിവാഹം വഴി തന്റെ ബന്ധുവുമായ ഇളവട്ടച്ചനെ പാത്രീയർക്കീസ് പക്ഷക്കാർ ഭൂരിപക്ഷമുള്ള പാണംപാടി പള്ളിയിലേക്ക് വികാരിയായി അയക്കുന്നതിൽ വട്ടശേരിൽ തിരുമേനിയും പ്രത്യേകം താല്പര്യമെടുത്തിരുന്നു. പാണംപാടി പള്ളിയിൽ വികാരിയായെത്തിയ ഇളവട്ട ഫിലിപ്പോസ് അച്ചൻ താമസംവിന അവിടെയും ഒരു ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചു. ബഹു. അച്ചൻ തന്നെ അതിന്റെ പ്രിൻസിപ്പൽ ആയി സേവനവും ചെയ്തു. മിച്ചൽ സായിപ്പിന്റെ 'വിദ്യാഭ്യാസ നിയമം' തിരുവിതാംകൂറിൽ നടപ്പാക്കിയതോടുകൂടി സ്കൂൾ തുടർന്നു പ്രവർത്തിക്കുവാൻ നിർവാഹമില്ലാതെ വന്നു. പ്രസ്തുത സ്കൂൾ ഇന്നു നിലവിലില്ല. ദീർഘകാലം ഫിലിപ്പോസ് അച്ചൻ പാണംപാടി പള്ളിയിൽ ശുശ്രൂഷ ചെയ്തു.

**കുറിഞ്ഞിക്കുന്നിലെ ശുശ്രൂഷാനുഭവം**

ബഹു. ഫിലിപ്പോസ് അച്ചന്റെ അടുത്ത നിയമനം കുന്നത്തുനാട് താലൂക്കിൽ കോലഞ്ചേരി കടമറ്റം പള്ളികൾക്ക് അടുത്തുള്ള പുരാതനമായ കുറിഞ്ഞി സെന്റ് പീറ്റർ ആന്റ് പോൾ പള്ളിയിലേക്കായിരുന്നു. 1814-ൽ സ്ഥാപിതമായ ഇടവകയുടെ പ്രഥമ പള്ളി 1816-ൽ ചേപ്പാട് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തയാണ് കൂദാശ ചെയ്തത്. 1900-ൽ പള്ളി അഞ്ച് അൾത്താരകളോടുകൂടി പുതുക്കി പണിത്-മലങ്കരയിൽ അഞ്ച് അൾത്താരകളുള്ള ആദ്യത്തെ പള്ളി-ചാത്തുരുത്തിൽ മാർ ഗ്രീഗോറിയോസ് (പരുമല തിരുമേനി) മെത്രാപ്പോലീത്ത കൂദാശ ചെയ്തു. പാത്രീയർക്കീസ് വിഭാഗത്തിന് പ്രാമുഖ്യമുള്ള കുറിഞ്ഞി പള്ളിയിലേക്കും ഫിലിപ്പോസ് അച്ചനെ വികാരിയായി നിയമിച്ചതിൽ വട്ടശേരിൽ തിരുമേനിക്ക്



www.malankaralibrary.com

പ്രത്യേക ലക്ഷ്യവും താല്പര്യവും ഉണ്ടായിരുന്നെന്നു കരുതുന്നതിൽ തെറ്റില്ല. ഫിലിപ്പോസ് അച്ചന്റെ സുറിയാനി പാണ്ഡിത്യവും ഭക്തിനിർഭരവും ഇമ്പകരവുമായി ആരാധനാ ശുശ്രൂഷകൾ നടത്തുന്നതിലുള്ള കഴിവും കക്ഷിഭേദമെന്യേ അദ്ദേഹത്തെ എല്ലാവർക്കും സ്വീകാര്യനാക്കിയിരുന്നു. ഫിലിപ്പോസ് അച്ചൻ കുറിഞ്ഞി പള്ളിയിൽ വികാരിയായിരിക്കുന്ന കാലത്താണ് അന്ത്യോക്യാ പാത്രീയർക്കീസ് മോറാൻ മോർ ഇഗ്നാത്തിയോസ് അബ്ദേദ് ആലോഹോ (അബ്ദള്ളാ II) മലങ്കര സന്ദർശിച്ചത്. 1909 മുതൽ 1911 ഒക്ടോബർ 11 വരെ. ഈ സന്ദർശനാവസരത്തിലാണ് പാത്രീയർക്കീസ് ബാവാ വട്ടശേരിൽ തിരുമേനിയെ മുടക്കുന്നതും തുടർന്ന് സഭയിൽ വലിയ ഭിന്നത രൂപപ്പെടുന്നതും, 1912-ൽ മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപനത്തിൽ കലാശിക്കുന്നതും. പാത്രീയർക്കീസ് കക്ഷിക്കാർ ഭൂരിപക്ഷമുണ്ടായിരുന്ന കുറിഞ്ഞി ഇടവകക്കാർ വികാരി ഫിലിപ്പോസ് അച്ചനെ വട്ടശേരിൽ തിരുമേനിയുടെ അനുഭാവിയായി തിരിച്ചറിഞ്ഞിരുന്നു. ഈ സ്ഥിതിയിൽ കുറിഞ്ഞി പള്ളിയിൽ തുടരുക ദുഷ്കരമായതിനെ തുടർന്ന് അദ്ദേഹം വികാരി സ്ഥാനം ഉപേക്ഷിച്ച് നാട്ടിലേക്ക് മടങ്ങിപ്പോന്നു. കക്ഷിവഴക്കുമൂലം ഇന്നും കുറിഞ്ഞി പള്ളി പൂട്ടിക്കിടക്കുകയാണ്.

**അയ്യംപിള്ളിയിലെ അജപാലനം**

അദ്ദേഹത്തിന്റെ അടുത്ത നിയമനം കൊച്ചിഭദ്രാസനത്തിലെ ചേറായി അടുത്ത് അയ്യംപിള്ളി സെന്റ് ജോൺസ് പള്ളിയിലേക്കായിരുന്നു. തന്റെ അടുപ്പക്കാരനും അനുയായിയുമായ ഫിലിപ്പോസ് അച്ചനെ അയ്യംപിള്ളിയിലേക്കയച്ചതിനും വട്ടശേരിൽ തിരുമേനിക്ക് പ്രത്യേക ലക്ഷ്യം ഉണ്ടായിരുന്നു. അവിടവും പാത്രീയർക്കീസ് അനുഭാവികളുടെ ഒരു കേന്ദ്രമായിരുന്നു. പ്രശ്നസാധ്യതയുള്ള സ്ഥലമാണെന്നറിയാവുന്നതിനാൽ കൊച്ചി പോലീസ് സൂപ്രണ്ടായിരുന്ന ശ്രീ. എം.എ. ചാക്കോയുടെ ഒരു സ്വകാര്യ കത്തുംകൂടി ലഭിച്ചതിനെ തടുർന്നാണ് ഫിലിപ്പോസ് അച്ചൻ അയ്യംപിള്ളി പള്ളിയിലേക്ക് വികാരിയായി പോയത്.

ചേറായി സെന്റ് മേരീസ് വലിയ പള്ളിക്കാർ പണികഴിപ്പിച്ചതാണ് അയ്യംപിള്ളി പള്ളി. 1902 ഫെബ്രുവരി 15-ന് പരുമല തിരുമേനിയാണ് അയ്യംപിള്ളി പള്ളിയിൽ ആദ്യമായി വിശുദ്ധ കുർബാന അർപ്പിച്ചത്. 1911 ജനുവരി 28-ന് മോറാൻ മോർ ഇഗ്നാത്തിയോസ് അബ്ദേദ് ആലോഹോ (അബ്ദള്ളാ II) പാത്രീയർക്കീസ് പുതിയ പള്ളിക്കുള്ള അടിസ്ഥാന ശില സ്ഥാപിക്കുകയും താമസംവിനാ പണി പൂർത്തിയാക്കുയും ചെയ്തതാണ്. ഇവിടേയ്ക്കാണ് ഫിലിപ്പോസ് അച്ചൻ വികാരിയായി എത്തിയത്.



www.malankaralibrary.com

അബ്ദള്ളാ II പാത്രീയർക്കീസിന്റെ മലങ്കര സഭാ സന്ദർശനവും വട്ടശേരിൽ തിരുമേനിയുടെ മുടക്കും മലങ്കരയിലെ കാതോലിക്കേറ്റ് സ്ഥാപനവും തുടർന്ന് സഭയിൽ രൂപപ്പെട്ട 'ബാവാകക്ഷി' 'മെത്രാൻകക്ഷി' ഭിന്നതയും സമീപ ഇടവകകളിൽ നിന്നും അയ്യംപിള്ളി പള്ളിയിലേക്കും വ്യാപിച്ചു. മെത്രാൻ കക്ഷി അനുഭാവി എന്നറിയപ്പെട്ടിരുന്ന ഫിലിപ്പോസ് അച്ചന് 'ബാവാകക്ഷി'ക്കാർക്ക് ഭൂരിപക്ഷമുണ്ടായിരുന്ന അയ്യംപിള്ളിയിലും ചുമതലയിൽ തുടരുക ബുദ്ധിമുട്ടായതിനെ തുടർന്ന് അദ്ദേഹം ഏറെ വേദനയോടെ നാട്ടിലേക്കു മടങ്ങി. ഇപ്പോഴും ഭിന്നത നിലനിൽക്കുന്ന അയ്യംപിള്ളി പള്ളിയിൽ യാക്കോബായ വിഭാഗവും ഓർത്തഡോക്സ് വിഭാഗവും ഒന്നിടവിട്ട ഞായറാഴ്ചകളിൽ കർമ്മങ്ങൾ അനുഷ്ഠിക്കാനുള്ള ക്രമീകരണമാണ് ഇപ്പോൾ ഉള്ളത്.

**പുനർവിവാഹം**

പ്രിയതമയുടെ അകാലനിര്യാണം മൂലമുണ്ടായ ഏകാന്തതയും വ്യഥയും വൈദിക ശുശ്രൂഷയ്ക്കായി നിയമിക്കപ്പെടുന്ന ഇടവകകളിലെല്ലാം നേരിടേണ്ടിവന്ന ഭിന്നതകളും അദ്ദേഹത്തെ വളരെയധികം വേദനിപ്പിച്ചു. പാണംപാടി, കുറിഞ്ഞി, അയ്യംപിള്ളി പള്ളികളിൽ അനുഭവിച്ച അവഗണനയും ഭീഷണിയും സഭാധികാരികളുടെ മനോഭാവവും കുടുംബജീവിതത്തിലെ ഏകാന്തതയും ജീവിതത്തെ സംബന്ധിച്ച ചില ഗൗരവതരമായ തീരുമാനമെടുക്കാൻ അദ്ദേഹത്തെ നിർബന്ധിതനാക്കി. ഈ പശ്ചാത്തലത്തിലാണ് ഒരു പുനർവിവാഹത്തെക്കുറിച്ച് അദ്ദേഹം ചിന്തിക്കുന്നത്. തന്റെ ഗുരുസ്ഥാനീയരായ പലരുടെയും അഭിപ്രായങ്ങളും ഉപദേശങ്ങളും തേടി. അതിൻപ്രകാരം അയിരൂർ പകലോമറ്റം താഴമൺ കുടുംബത്തിലെ വടശേരിക്കര മാടമണ്ണിൽ താമസിച്ചിരുന്ന മാർത്തോമ്മാ സഭാംഗമായ ചെറുകര മുണ്ടുതോട്ടത്തിൽ ദത്തോസിന്റെ (ടൈറ്റസ്) മൂത്തമകൾ സാറാമ്മയെ കൊല്ലവർഷം 1087 മേടമാസം 17-ാം തീയതി (ക്രിസ്തുവർഷം 1912, ഏപ്രിൽ 29) വിവാഹം ചെയ്തു. വിശ്വാസപരമായി പൂർണമായ സംതൃപ്തനല്ലായിരുന്നെങ്കിലും വിവാഹത്തോടുകൂടി അദ്ദേഹം മാർത്തോമ്മാ സഭയിൽ അംഗമാവുകയും മാർത്തോമ്മാ സഭയിലെ പട്ടക്കാരനായി ഇടവകകളിൽ ശുശ്രൂഷകൾ നടത്തുകയും ചെയ്തു. നാറാണംമൂഴി മാർത്തോമ്മാ പള്ളിയിലായിരുന്നു അദ്ദേഹം പ്രധാനമായും ശുശ്രൂഷ നടത്തിയിരുന്നത്. ഭാര്യവീടിനോടുള്ള സാമീപ്യവും ഭാര്യവീട്ടുകാരുടെ പിൻബലവുമായിരുന്നിരിക്കാം നാറാണംമൂഴി, മാടമൺ, വടശേരിക്കര ഭാഗങ്ങളിൽ മാർത്തോമ്മാ പള്ളികളിൽ ശുശ്രൂഷിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.



www.malankaralibrary.com

**കുടുംബം**

അദ്ദേഹത്തിന്റെ ദാമ്പത്യ വല്ലരിയിൽ നാലു മക്കൾ; രണ്ടു പുത്രന്മാരും രണ്ടു പുത്രിമാരും ജനിച്ചു. മൂത്തമകൻ റ്റി.പി. സൈമൺ (ശിമോൻ കുഞ്ഞ്) 1947 നവംബർ 11-ന് നാരങ്ങാനത്ത് കൊച്ചുതുണ്ടിയിൽ തങ്കമ്മയെ വിവാഹം ചെയ്തു. അവർക്ക് അഞ്ച് ആൺമക്കളും രണ്ടു പെൺമക്കളും ജനിച്ചു. കുടുംബം വടശേരിക്കരയിലാണ് താമസം. സൈമൺ 2012 മാർച്ച് 21-ന് മരിച്ച് വടശേരിക്കര മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ അടക്കപ്പെട്ടു. രണ്ടാമത്തെ മകൻ പി.റ്റി. ടൈറ്റസ് അങ്കമാലി സ്വദേശിനി എലിസബത്തിനെ 1946 നവംബർ 25-ന് സിംഗപ്പൂരിൽ വിവാഹം ചെയ്തു. അവർക്ക് ഒരു മകനും രണ്ട് പെൺമക്കളും ജനിച്ചു. അവർ സിംഗപ്പൂരിൽ താമസിക്കുന്നു. മൂത്തമകൾ ശോശാമ്മയെ (തങ്കമ്മ) അയിരൂർ മോഴുമണ്ണിലും ഇളയമകൾ അന്നമ്മയെ (കുഞ്ഞമ്മ) അയിരൂർ കാവിലും വിവാഹം ചെയ്തു. തൊണ്ണൂറ്റിനാലാം വയസിലും കുഞ്ഞമ്മ അയിരൂർ ഗ്രാമത്തിന്റെ മനോഹാരിതയും ബാല്യകാലത്തെ സൗഹൃദവും മനസിൽ താലോലിച്ചും മക്കളോടും കൊച്ചുമക്കളോടും ചെറുമക്കളോടും പങ്കു വച്ചും കണ്ണൂർ ജില്ലയിൽ പയ്യാമ്പലത്ത് മകൻ വിജയനോടൊപ്പം താമസിക്കുന്നു.

**സത്യവിശ്വാസവും മനസാക്ഷിയും**

വ്യക്തി ജീവിതത്തിലും വൈദിക ശുശ്രൂഷയിലും അനുഭവപ്പെട്ട ക്ലേശങ്ങളും നേരിടേണ്ടിവന്ന വൈതരണികളും പുനർവിവാഹത്തിലേക്കും ഹൃദയത്തിൽ ആഗ്രഹിക്കാത്ത സഭാമാറ്റത്തിലേക്കും എത്തിപ്പെട്ട പശ്ചാത്തലം മുമ്പ് സൂചിപ്പിച്ചിരുന്നുവല്ലോ. കുടുംബജീവിത്തിൽ ശാന്തതയും സ്വസ്ഥതയും കൈവന്നിട്ടും വിശ്വാസകാര്യങ്ങളിലും സഭാകാര്യങ്ങളിലും ഹൃദയഭാരം വർധിച്ചുകൊണ്ടിരുന്നു. മാർത്തോമ്മാ സഭയിൽ വൈദിക ശുശ്രൂഷ നടത്തുമ്പോഴും വിശ്വാസകാര്യങ്ങളിൽ മനസാക്ഷിക്കെതിരായി പോകുവാൻ അദ്ദേഹം തയാറായിരുന്നില്ല. കോട്ടയം എം.ഡി സെമിനാരിയിലും പഴയ സെമിനാരിയിലും തന്റെ സതീർഥ്യനായിരുന്ന പണിക്കരുവീട്ടിൽ പി.റ്റി. ഗീവർഗീസ് അച്ചൻ ഇതിനോടകം യാക്കോബായ സഭയിലെ ഏറ്റവും പ്രഗത്ഭനായ വൈദികനായി മാറിയിരുന്നു. സഭയിൽ ഉടലെടുത്ത ഭിന്നതയ്ക്ക് പരിഹാരം കാണുവാൻ വട്ടശേരിൽ തിരുമേനിയുടെ വലംകൈയായിരുന്നുകൊണ്ട് മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചതും സഭയുടെ ശാക്തീകരണത്തിനുവേണ്ടി, സഭയിൽ ലഭിക്കാമായിരുന്ന സകലസ്ഥാനങ്ങളും തൃണവൽഗണിച്ചുകൊണ്ട്, ബഥനി ആശ്രമം സ്ഥാപിച്ച് സ്വയം സന്യാസം വരിച്ചതും കക്ഷിവഴക്കിന്റെ കെടുതികൾ ഇല്ലാതെ ശാന്തതയിലും സമാധാനത്തിലും ആരാധന നടത്തുവാൻ



www.malankaralibrary.com

സാധിക്കുന്ന രീതിയിൽ മലങ്കരയിലാകമാനം ബഥനി പള്ളികൾ സ്ഥാപിക്കുവാൻ തയാറായതും, 1925 മേയ് ഒന്നിന് ഗീവർഗീസ് മാർ ഈവാനിയോസ് എന്ന പേരിൽ അദ്ദേഹം ബഥനി മെത്രാനായി വാഴിക്കപ്പെട്ടതും എല്ലാം ബഹു. ഇളവട്ട ഫിലിപ്പോസ് അച്ചൻ സശ്രദ്ധം വീക്ഷിക്കുന്നുണ്ടായിരുന്നു. വടശേരിക്കര നാറാണംമൂഴി പ്രദേശത്ത് മാർത്തോമ്മ സഭയിൽ പട്ടക്കാരനായി സേവനം ചെയ്യുമ്പോൾ പെരുനാട് ബഥനി കേന്ദ്രമാക്കി മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ നടക്കുന്ന സഭാനവീകരണ ശാക്തീകരണ പ്രവർത്തനങ്ങളെയും അദ്ദേഹം ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

സത്യവിശ്വാസം കാത്തുസൂക്ഷിച്ചുകൊണ്ട് പൗരോഹിത്യ ശുശ്രൂഷ തുടരുവാനുള്ള സാധ്യതകൾ ആരാഞ്ഞുകൊണ്ടിരുന്ന അദ്ദേഹം ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ആലോചന പ്രകാരം ഇളവട്ട പുരയിടത്തിന്റെ കിഴക്കുഭാഗത്ത് പള്ളിയും സെമിത്തേരിയും സ്ഥാപിക്കുന്നതിന് സർക്കാരിൽ അപേക്ഷ സമർപ്പിച്ച് അനുവാദം കരസ്ഥമാക്കി. തുടർന്ന് ഒരു ഓലഷെഡ് താൽക്കാലികമായി നിർമിച്ചു. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നിർദേശപ്രകാരം ബഥനി മെത്രാൻ യാക്കോബ് മാർ തെയോഫിലോസ് തിരുമേനി 1928 ഒക്ടോബറിൽ പ്രസ്തുത ആരാധനാകേന്ദ്രം സെന്റ് ജോർജ് ബഥനി പള്ളി എന്നു നാമകരണം ചെയ്ത് കൂദാശ ചെയ്തു. ബഹു. ഫിലിപ്പോസ് അച്ചൻ അവിടെ ചുമതലക്കാരനുമായി. ഇതോടുകൂടി പ്രായോഗികമായി അദ്ദേഹം മാർത്തോമ്മാ സഭയിൽ നിന്നു വിമുക്തനായി. സെന്റ് ജോർജ് ബഥനി പള്ളിയുടെ ചുമതലക്കാരൻ എന്ന നിലയിൽ ഓർത്തഡോക്സ് സഭയിലെ സ്വതന്ത്ര പ്രസ്ഥാനമായ ബഥനിയുടെ മെത്രാപ്പോലീത്തായുടെ അധികാരത്തിൻ കീഴിലുള്ള പള്ളിയുടെ ചുമതലക്കാരനായ പട്ടക്കാരനുമായിത്തീർന്നു. അതോടുകൂടി വിശ്വാസപരവും സഭാപരവുമായി അദ്ദേഹം അനുഭവിച്ചിരുന്ന പ്രതിസന്ധികൾക്കും താൽക്കാലികമായി പരിഹാരം ലഭ്യമായി.

### സത്യസഭാകൂട്ടായ്മയോടടുക്കുന്നു

പാണംപടി, കുറിഞ്ഞി, അയ്യംപിള്ളി തുടങ്ങിയ ഇടവകകളിൽ ശുശ്രൂഷ ചെയ്തിരുന്ന കാലത്ത് താൻ നേരിൽ കാണുകയും അനുഭവിക്കുകയും ചെയ്ത കാര്യങ്ങൾ ഇപ്പോഴും ഹൃദയത്തിൽ തീക്കനൽപോലെ നീറിക്കൊണ്ടിരുന്നു. ലോകത്തിൽ സമാധാനം സ്ഥാപിക്കുവാൻ വന്ന യേശുക്രിസ്തുവിന്റെ പേരിൽ ഭിന്നതയും വിദ്വേഷവും കൈയേറ്റവും കയ്യാങ്കളിയും. സ്വസ്ഥമായും സമാധാനമായും പ്രാർത്ഥിക്കുവാനും വിശുദ്ധ കുർബാന അർപ്പിക്കുവാനും പോലും സാധിക്കാത്ത അവസ്ഥ.



www.malankaralibrary.com

സതീർത്ഥ്യനായ പണിക്കരുവീട്ടിൽ പി.റ്റി. ഗീവർഗീസ് ശെമ്മാശനുമായി എം.ഡി. സെമിനാരിയിലും പഴയ സെമിനാരിയിലും വച്ച് സഭയെ സംബന്ധിച്ച് നടത്തിയിട്ടുള്ള ദീർഘമായ ചർച്ചകൾ മനസിലേക്ക് വന്നുകൊണ്ടിരുന്നു. മലങ്കര സഭയിലെ ശാശ്വത സമാധാനത്തിനുള്ള ഏകവഴി അപ്പസ്തോല ശ്രേഷ്ഠനായ വിശുദ്ധ പത്രോസ് ശ്ലീഹായുടെ പിൻഗാമിയായ റോമിലെ പരിശുദ്ധ മാർപാപ്പാ നേതൃത്വം നൽകുന്ന സാർവത്രിക സഭാ കൂട്ടായ്മയിൽ പ്രവേശിക്കുകയാണെന്നുള്ള ബഥനി മെത്രാപ്പോലീത്ത മാർ ഈവാനിയോസ് തിരുമേനിയുടെ വാക്കുകൾ ബഹു. ഫിലിപ്പോസ് അച്ചനെ ചിന്തിപ്പിച്ചുകൊണ്ടിരുന്നു. സഭയെക്കുറിച്ച് കൂടുതൽ പഠിക്കുവാനും അറിയുവാനും ഈയവസരത്തിൽ അദ്ദേഹം ആഗ്രഹിച്ചു.

**ദൈവം വഴിതുറക്കുന്നു**

ചങ്ങനാശേരി അതിരൂപതയിലെ മിഷൻ ഡയറക്ടർ ബഹു. ഡൊമിനിക് തോട്ടാശേരിൽ അച്ചന്റെ നേതൃത്വത്തിൽ അയിരൂർ പ്രദേശത്ത് നടന്നുകൊണ്ടിരുന്ന പ്രേഷിത ശുശ്രൂഷയും 1925-ൽ അയിരൂർ ലൂർദ്ദ് ആശ്രമത്തിന്റെ തുടക്കവും ആശ്രമത്തോടനുബന്ധിച്ച് 1925 ഫെബ്രുവരി 20-ന് ഒരു പുതിയ കത്തോലിക്കാ ഇടവകയുടെ തുടക്കവും അനേക കുടുംബങ്ങളുടെ കത്തോലിക്കാ സഭാ പ്രവേശവും പരിശുദ്ധ കത്തോലിക്കാ സഭയെക്കുറിച്ച് കൂടുതൽ അറിയുവാൻ അദ്ദേഹത്തിന് അവസരം ഒരുക്കി. പഠനത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി കത്തോലിക്കാ സഭയിലേക്ക് പ്രവേശിക്കുവാൻ അദ്ദേഹം ഹൃദയംകൊണ്ട് തയാറായിക്കഴിഞ്ഞിരുന്നു. എന്നാൽ പൈതൃകമായ അന്ത്യോക്യൻ ആരാധനക്രമം ഉപയോഗിക്കുവാനുള്ള അനുവാദംകൂടി ലഭ്യമാകുവാൻ അദ്ദേഹം കാത്തിരുന്നു.

**സതീർഥ്യനുമായുള്ള ബന്ധം സത്യം ഗ്രഹിക്കാൻ വഴിയൊരുക്കുന്നു**

ഓർത്തഡോക്സ് സഭയിലെ മെത്രാപ്പോലീത്താമാരുടെ കൂട്ടായ ആലോചനപ്രകാരം ബഥനി മെത്രാപ്പോലീത്ത മാർ ഈവാനിയോസ് തിരുമേനി പരിശുദ്ധ കത്തോലിക്കാ സഭയുമായി പുനരൈക്യശ്രമങ്ങൾ നടത്തിവരുന്ന വിവരം തന്റെ സതീർഥ്യനിൽ നിന്നും വ്യക്തിപരമായി ബഹു. ഫിലിപ്പോസ് അച്ചൻ ഗ്രഹിച്ചിരുന്നു. പുനരൈക്യ ശ്രമങ്ങളെ സംബന്ധിച്ച കാര്യങ്ങൾ അദ്ദേഹം സമയാസമയങ്ങളിൽ അറിഞ്ഞുകൊണ്ടാണിരുന്നത്. അതുകൊണ്ടുകൂടിയാണ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ആലോചന പ്രകാരം സ്വതന്ത്രമായ ബഥനി പള്ളി സ്ഥാപിക്കാൻ ബഹു. ഫിലിപ്പോസ് അച്ചൻ തയാറായത്.



www.malankaralibrary.com

**പുനരൈക്യം**

പുനരൈക്യ തീരുമാനവുമായി മുണ്ടൻമല വിട്ടിറങ്ങിയ മാർ ഈവാനിയോസ് തിരുമേനിയും ബഥാന്യരും വെണ്ണിക്കുളത്ത് മേമല വന്ന് താമസിക്കുമ്പോൾ ബഹു. ഫിലിപ്പോസ് അച്ചനെ തിരുമേനി വെണ്ണിക്കുളത്തേക്ക് വിളിപ്പിച്ചു. അദ്ദേഹം അവിടെയെത്തി ബഥാന്യരോടൊപ്പം ഏതാനും ദിവസം താമസിക്കുകയും മാർ ഈവാനിയോസ് തിരുമേനിയുമായി ബഥനി സന്യാസിനി സമൂഹത്തിലെ ആദ്യ അംഗങ്ങളിൽ ഒരാളായിരുന്ന മദർ ദനഹായുടെ സഹോദരൻ കൂടത്തുംമുറി കുഞ്ഞിന്റെ ഭവനത്തിൽ വച്ച് സഭാകാര്യങ്ങൾ ചർച്ച ചെയ്യുകയുമുണ്ടായി. കൊല്ലം അരമനയിൽ എത്തി പുനരൈക്യപ്പെട്ടു മടങ്ങിവന്ന അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പാകെ കൊല്ലവർഷം 1106 കന്നിമാസം പത്താം തീയതി (1930 സെപ്റ്റംബർ 26, വെള്ളി) വിശ്വാസം ഏറ്റുപറഞ്ഞ് പുനരൈക്യപ്പെട്ട് ബഹു. ഫിലിപ്പോസ് അച്ചൻ പരിശുദ്ധ കത്തോലിക്കാ സഭയിൽ അംഗമായി. ഭാര്യയിൽ നിന്നും മക്കളിൽ നിന്നുംപോലും പുനരൈക്യവാർത്ത അദ്ദേഹം തൽക്കാലം രഹസ്യമായി വച്ചു.

വെണ്ണിക്കുളത്തുനിന്നും വീട്ടിൽ മടങ്ങിയെത്തിയ ബഹു. ഫിലിപ്പോസ് അച്ചൻ സെന്റ് ജോർജ് ബഥനി പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. അതോടുകൂടി സെന്റ് ജോർജ് ബഥനി പള്ളി കത്തോലിക്കാ ദൈവാലയവുമായി. തുടർന്ന് അവിടെ അനുദിന വിശുദ്ധ കുർബാന അർപ്പിക്കപ്പെട്ടുപോന്നു. സെന്റ് ജോർജ് ബഥനി പള്ളിയിൽ ബഹു. ഫിലിപ്പോസ് അച്ചൻ എല്ലാ ദിവസവും വിശുദ്ധ കുർബാന അർപ്പിക്കുന്നത് കുടുംബാംഗങ്ങളിലും നാട്ടുകാരിലും അദ്ദേഹത്തിന്റെ പുനരൈക്യത്തെക്കുറിച്ച് സംശയമുളവാക്കി. വാർത്ത നാട്ടിൽ പടർന്നു. അനുകൂലവും പ്രതികൂലവുമായ പ്രതികരണങ്ങൾ. 1930 ഒക്ടോബർ 27 തിങ്കളാഴ്ച (1106 തുലാമാസം 11) മാർ ഈവാനിയോസ് മെത്രാപ്പോലീത്താ സെന്റ് ജോർജ് ബഥനി പള്ളിയിൽ എഴുന്നള്ളി . അദ്ദേഹത്തെ നേരിൽ കാണാനും പ്രസംഗം കേൾക്കുവാനുമായി നാടിന്റെ നാനാഭാഗത്തുനിന്നും പുനരൈക്യ അനുകൂലികളും പ്രതികൂലികളുമായ ധാരാളം ആൾക്കാർ എത്തിയിരുന്നു. തിരുമേനിയുടെ പണ്ഡിതോചിതമായ പ്രഭാഷണവും സംശയനിവാരണവും അനേകരെ പുനരൈക്യപാതയിലേക്ക് നയിച്ചു. തുടർ ദിവസങ്ങളിൽ ബഹു. ഫിലിപ്പോസ് അച്ചന്റെ സഹോദരങ്ങളും കുടുംബവും ഉൾപ്പെടെ അനേകർ പുനരൈക്യപ്പെട്ടുകൊണ്ടിരുന്നു. ഒരു സഹോദരൻ മാത്രം പുനരൈക്യപ്പെട്ടില്ല. അദ്ദേഹത്തിന്റെ മകളുടെ മകനാണ് ഓർത്തഡോക്സ് സഭയിലെ തുമ്പമൺ ഭദ്രാസനാധ്യക്ഷൻ കുറിയാക്കോസ് മാർ ക്ലീമിസ് മെത്രാപ്പോലീത്ത. പുനരൈക്യ പ്രേഷിത ശുശ്രൂഷയുടെ ഒരു കേന്ദ്രമായി അയിരൂർ ഗ്രാമം രൂപാന്തരപ്പെട്ടു.



www.malankaralibrary.com

**തിരുവല്ലാ രൂപതയിലെ ആദ്യപള്ളി**

സെന്റ് ജോർജ് ബഥനി പള്ളിയും സെമിത്തേരിയും ബഹു. ഫിലിപ്പോസ് അച്ചൻ വിലയാധാരം എഴുതി അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തയുടെ പേരിൽ തിരുവല്ലാ രൂപതയ്ക്ക് കൈമാറി. അങ്ങനെ അയിരൂർ ഇടവക 1932 ജൂൺ 11-ന് സ്ഥാപിതമായി, 1933 നവംബർ ആറിന് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ട തിരുവല്ലാ രൂപതയിലെ ആദ്യ ഇടവകകളിൽ ഒന്നായി ചരിത്രത്തിൽ ഇടം നേടി. ബഹു. ഫിലിപ്പോസ് അച്ചൻ ഇടവകയുടെ പ്രഥമ ഇടയനുമായി. തിരുവല്ലാ രൂപതയുടെ ആദ്യ അധ്യക്ഷനായി 1933 നവംബർ ആറിന് ഔദ്യോഗികമായി ചുമതലയേറ്റ അഭിവന്ദ്യ യാക്കോബ് മാർ തെയോഫിലോസ് തിരുമേനി താമസംവിനാ അയിരൂർ പള്ളിയിൽ ഇടയസന്ദർശനം നടത്തി. ഇടവകയുടെ വികസനസാധ്യതകളും പുനരൈക്യത്തെ സംബന്ധിച്ച് അയിരൂർ ഗ്രാമത്തിനുള്ള സ്ഥാനവും മനസിലാക്കിയ അഭിവന്ദ്യ തിരുമേനി വലിയ ഒരു പള്ളി അവിടെ പണിയുവാൻ തീരുമാനം എടുത്താണ് മടങ്ങിയത്. അതിൻപ്രകാരം പണിത പള്ളി 1935 മേയ് 12-ന് അയർലൻഡിന്റെ അപ്പസ്തോലൻ എന്നറിയപ്പെടുന്ന വിശുദ്ധ പത്രിക്കോസിന്റെ നാമത്തിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത മാർ തെയോഫിലോസ് തിരുമേനിയുടെ സഹകരണത്തിൽ കൂദാശ ചെയ്ത് പ്രതിഷ്ഠിച്ചു. പ്രസ്തുത ദൈവാലയമാണ് ഇപ്പോഴും അയിരൂരിൽ നിലനിൽക്കുന്നത്. പള്ളിയോടൊപ്പം പള്ളിമേടയും കൂദാശ ചെയ്യപ്പെട്ടിരുന്നു. പള്ളിക്കും പള്ളിമേടയ്ക്കുമായി 8000 രൂപ ചെലവായതായാണ് രേഖകളിൽ നിന്നും മനസിലാക്കുന്നത്. പ്രസ്തുത തുക അയർലൻഡിലെ സഭാമക്കളുടെ ഔദാര്യപൂർവമായ സംഭാവനയായിരുന്നതിനാലാണ് പള്ളി അയർലൻഡിന്റെ അപ്പസ്തോലന്റെ പേരിൽ നാമകരണം ചെയ്ത് പ്രതിഷ്ഠിച്ചത്. വിശുദ്ധ പത്രിക്കോസിന്റെ ഒരു പൂർണകായ തിരുസ്വരൂപം അയർലൻഡിൽ നിന്നും അയിരൂർ പള്ളിയിൽ സ്ഥാപിക്കാനായി എത്തിച്ചു നൽകുകയും ചെയ്തു. പ്രസ്തുത തിരുസ്വരൂപം മദ്ബഹായിൽ പ്രധാന അൾത്താരയുടെ മുകളിൽ കിഴക്കേ ഭിത്തിയോടു ചേർന്ന് പ്രതിഷ്ഠിച്ചിരുന്നു. 2016 ഏപ്രിൽ 10-ന് പ്രസ്തുത തിരുസ്വരൂപം റോഡരികിൽ പുതുക്കി പണിത കുരിശടിയുടെ മുകളിലത്തെ നിലയിലേക്ക് മാറ്റി പ്രതിഷ്ഠിക്കുകയുണ്ടായി.

**പുനരൈക്യ പ്രവർത്തനങ്ങൾക്കൊരു കേന്ദ്രം**

പുനരൈക്യ പ്രേഷിത ശുശ്രൂഷയുടെ ഒരു ബൗദ്ധിക കേന്ദ്രമായിരുന്നു അയിരൂർ. ലൂർദ്ദ് ആശ്രമസ്ഥരായ കർമ്മലീത്താ വൈദികരുടെ പ്രവർത്ത



www.malankaralibrary.com

നങ്ങൾ ഇത്തരുണത്തിൽ സ്മരണീയമാണ്. കളമ്പാല, കുമ്പളന്താനം, പ്ലാങ്കമൺ, തേക്കുങ്കൽ, കാഞ്ഞീറ്റുകര, കാട്ടൂർ, ഇലന്തൂർ, കടമ്മനിട്ട തുടങ്ങിയ ഇടവകകളുടെ രൂപീകരണത്തിൽ അയിരൂർ നിന്നുള്ള പുനരൈക്യ പ്രേഷിതരുടെ നേതൃത്വം എടുത്തു പറയേണ്ടതാണ്. സഭാചരിത്രവും സഭാശാസ്ത്രവും പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനുമായി 'സെന്റ് തോമസ് കാത്തലിക് അക്കാഡമി' എന്നൊരു പഠന പ്രസിദ്ധീകരണ കേന്ദ്രം അയിരൂരിൽ പ്രവർത്തിച്ചിരുന്നു. ഊന്നുകല്ലിൽ ശ്രീ. എസ്. തോമസ് സാറിന്റെയും ആനക്കല്ലിൽ ശ്രീ. നൈനാൻ സാറിന്റെയും നേതൃത്വത്തിൽ സെന്റ് തോമസ് കാത്തലിക് അക്കാദമി അംഗങ്ങൾ സമീപപ്രദേശങ്ങളിൽ പ്രസംഗയോഗങ്ങളും സഭാപഠനവേദികളും സംഘടിപ്പിച്ചിരുന്നു. അതിന്റെ ഫലമായിരുന്നു സമീപ പ്രദേശങ്ങളിലെ ശക്തമായ പുനരൈക്യ മുന്നേറ്റങ്ങൾ. പുനരൈക്യത്തെയും സഭാചരിത്രത്തെയും കത്തോലിക്കാ ദൈവശാസ്ത്രത്തെയും ആധ്യാത്മിക ശാസ്ത്രത്തെയും സംബന്ധിച്ച് ഗ്രന്ഥങ്ങളും ലഘുലേഖകളും പ്രസിദ്ധീകരിച്ച് സെന്റ് തോമസ് കാത്തലിക് അക്കാദമി സമീപ പ്രദേശങ്ങളിലെ പുനരൈക്യ ശ്രമങ്ങൾക്ക് പിൻബലം നൽകിക്കൊണ്ടിരുന്നു. ആനക്കല്ലിൽ നൈനാൻ സാറിന്റെ പ്രത്യേക പ്രവർത്തനങ്ങളാണ് വെച്ചൂച്ചിറ ഇടവകയുടെ രൂപീകരണത്തിനും സമീപപ്രദേശങ്ങളിലെ പുനരൈക്യ പ്രവർത്തനങ്ങൾക്കും വഴി തെളിച്ചത്. അയിരൂർ ഇടവകയിൽ നിന്നും ഹൈറേഞ്ചിലേക്ക് കുടിയേറിയ ബഹു. പക്കോമിയോസ് OIC അച്ചന്റെ സഹോദരീപുത്രൻ 'ബാർ ഈത്തോ കാശിറോ' തോമസ് പുളിക്കത്തറ, ഊളക്കാവിൽ കുടുംബാംഗങ്ങൾ തുടങ്ങിയവരുടെ തീക്ഷ്ണതയാണ് ചക്കുപള്ളം, വണ്ടൻമേട് തുടങ്ങിയ പ്രദേശങ്ങളിൽ പുനരൈക്യ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും കാലാന്തരത്തിൽ ഇടവകകൾ രൂപപ്പെടുവാനും ഇടയാക്കിയത്.

**വികാരിമാർക്കു തുണ**

അയിരൂർ സെന്റ് പാട്രിക്സ് ഇടവകയുടെ ത്വരിത വളർച്ചയും പുനരൈക്യ പ്രേഷിത ശുശ്രൂഷയിൽ അയിരൂരിന്റെ പ്രസക്തിയും പരിഗണിച്ച് കത്തോലിക്കാ വൈദിക സെമിനാരികളിൽ പഠിച്ച് പട്ടം സ്വീകരിച്ച പണ്ഡിതരായ വൈദികരുടെ മുഴുവൻസമയ സേവനം അയിരൂരിൽ ലഭ്യമാക്കുവാൻ രൂപതാധികാരികൾ തീരുമാനിച്ചു. അതിൻപ്രകാരം ആദ്യമായി അയിരൂരിൽ നിയമിതനായത് ശ്രീലങ്കയിലെ കാൻഡി പേപ്പൽ സെമിനാരിയിൽ വൈദികപരിശീലനം നടത്തിയ ബഹു. ജോസഫ് നിലപ്പന അച്ചനായിരുന്നു (1940-44). തുടർന്ന് ബഹു. ജേക്കബ് വഴുതലക്കാട്ട് (1944-49), ബഹു. തോമസ് പാണ്ടിപ്പള്ളി (1949-56), ബഹു. ജേക്കബ് വലിയപറമ്പിൽ (1956-59), ബഹു. സക്കറിയാസ് വടക്കേത്തലയ്ക്കൽ



www.malankaralibrary.com

(1959-65), ബഹു. ആന്റണി കാരാട്ട് (1966-70) തുടങ്ങിയവർ വികാരിമാരായി നിയമിതരായി. ഇവരെല്ലാവരും സീറോ മലബാർ സഭയിൽ നിന്ന് പുനരൈക്യ പ്രേഷിത ശുശ്രൂഷയ്ക്ക് തയാറായി വന്ന മിഷനറിമാരായിരുന്നു. തന്റെ പരിശ്രമംകൊണ്ട് രൂപമെടുത്ത സെന്റ് പാട്രിക്സ് ഇടവക ഉത്തരോത്തരം ശക്തി പ്രാപിക്കുന്നതും മറ്റ് അനേകം ഇടവകകൾക്ക് ജന്മം നൽകുന്നതും കണ്ട് സംതൃപ്തിയോടെ ബഹു. ഇളവട്ട ഫിലിപ്പോസ് അച്ചൻ മാറിമാറിവന്ന വികാരിമാർക്ക് സഹായിയായി പ്രവർത്തനം തുടർന്നതോടൊപ്പം ധൃതഗതിയിൽ വളരുന്ന രൂപതയുടെ ആവശ്യം പരിഗണിച്ച് വാർധക്യത്തിലും സമീപങ്ങളായ കുറിയന്നൂർ, കുമ്പളന്താനം, ചുങ്കപ്പാറ ഇടവകകളിലും ശുശ്രൂഷ നടത്തി സഹായിച്ചിരുന്നു. കരിമ്പനാംകുഴി സെന്റ് മേരീസ് ഇടവകയിൽ (ചെറുകുളഞ്ഞി) കുറെക്കാലം വികാരിയായി ശുശ്രൂഷ ചെയ്യുകയുമുണ്ടായി.

**അന്ത്യകാലം**

ബഹു. ഫിലിപ്പോസ് അച്ചന്റെ സഹധർമ്മിണി ശ്രീമതി സാറാമ്മ 1959 ജൂലൈ 24-ാം തീയതി നിര്യാതയായി, അയിരൂർ സെന്റ് പാട്രിക്സ് ഇടവക സെമിത്തേരിയിൽ അടക്കപ്പെട്ടു. വാർധക്യകാല ശാരീരിക പരിമിതികളെ തുടർന്ന് ബഹു. ഫിലിപ്പോസ് അച്ചൻ മൂത്ത പുത്രൻ ശ്രീ. ടി.പി. സൈമന്റെ (ശീമോൻകുഞ്ഞ്) വടശേരിക്കര മാടമണ്ണിലുള്ള ഭവനത്തിലേക്ക് താമസം മാറ്റി. അവിടെവച്ച് 1967 ഓഗസ്റ്റ് രണ്ടാം തീയതി അദ്ദേഹം നിര്യാതനായി. അയിരൂർ സെന്റ് പാട്രിക്സ് പള്ളിയുടെ ഉള്ളിൽ ഹൈക്കലായിൽ പ്രത്യേകം തയാറാക്കിയ കല്ലറയിൽ പിറ്റേദിവസം ഭൗതികശരീരം അടക്കം ചെയ്തു. ബഹു. ഫിലിപ്പോസ് അച്ചനും കുടുംബവും താമസിച്ചിരുന്ന ഭവനവും ഇളവട്ട പുരയിടവും കൈമാറ്റം നടത്തിയിട്ട് മക്കളും കൊച്ചുമക്കളും പലനാടുകളിലേക്കും വിദേശങ്ങളിലേക്കും ജോലി തേടിയും താമസം തേടിയും കുടിയേറി എങ്കിലും അയിരൂർ സെന്റ് പാട്രിക്സ് പള്ളി നാട്ടുകാരുടെ ഇടയിൽ 'ഇളവട്ട പള്ളി'യായി ഇന്നും നിലകൊള്ളുന്നു.

**ഭാഷാപണ്ഡിതൻ**

മലയാളം, ഇംഗ്ലീഷ് സുറിയാനി ഭാഷകളിൽ അദ്ദേഹത്തിന് നല്ല പ്രാവീണ്യം ഉണ്ടായിരുന്നു. എം.ഡി സെമിനാരിയിലെയും പഴയ സെമിനാരിയിലെയും പഠനത്തിലൂടെ നേടിയ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനവും ഇംഗ്ലീഷ് വിദ്യാഭ്യാസ സമ്പ്രദായവും അദ്ദേഹത്തെ ആഴത്തിൽ സ്വാധീനിച്ചിരുന്നു. ഈ സ്വാധീനമാണ്, ശുശ്രൂഷയ്ക്കായി കടന്നു ചെന്ന സ്ഥലങ്ങളിലൊക്കെ ഇംഗ്ലീഷ് സ്കൂളുകൾ തുടങ്ങുവാൻ അദ്ദേഹത്തെ പ്രേരി



www.malankaralibrary.com

പ്പിച്ചത്. അയിരൂർ മതാപ്പാറ, കോട്ടയം പാണംപാടി എന്നിവിടങ്ങളിൽ പള്ളികളോടനുബന്ധിച്ച് ഇംഗ്ലീഷ് സ്കൂളുകൾ തുടങ്ങിയതും അവയുടെ നേതൃത്വം അദ്ദേഹം നേരിട്ട് വഹിച്ചിരുന്നതും പ്രസ്താവ്യമാണ്.

**വാഗ്മി**

മലയാളഭാഷ അനർഗളമായി കൈകാര്യം ചെയ്തിരുന്ന അദ്ദേഹം നല്ല ഒരു വാഗ്മിയായിരുന്നു. ആശയ സമ്പുഷ്ടതകൊണ്ടും നർമ്മരസപ്രയോഗങ്ങൾകൊണ്ടും വാഗ്‌വിലാസം കൊണ്ടും ശ്രദ്ധേയമായിരുന്ന അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേൾക്കാൻ സമീപ പ്രദേശങ്ങളിൽ നിന്നു പോലും ആൾക്കാർ എത്തിയിരുന്നതായി അദ്ദേഹം സേവനം ചെയ്തിട്ടുള്ള ഇടവകകളിൽ നിന്ന് അറിയാൻ സാധിച്ചിട്ടുണ്ട്.

**ആരാധനക്രമ പണ്ഡിതൻ**

സുറിയാനി ഭാഷയിലും ആരാധനക്രമത്തിലും അഗാധപരിജ്ഞാനമുണ്ടായിരുന്ന അദ്ദേഹത്തിന്റെ പക്കൽ സുറിയാനി ഭാഷയും ആരാധനക്രമവും പഠിക്കുവാനും പരിശീലിക്കുവാനും യാക്കോബായ, ഓർത്തഡോക്സ്, മാർത്തോമ്മ സഭകളിൽ നിന്നും ബഹു. വൈദികരും ശെമ്മാശന്മാരും ധാരാളമായി എത്തിയിരുന്നു. സുറിയാനി ഭാഷയിലെയും ആരാധനക്രമത്തിലെയും സംശയനിവാരണത്തിനും ബഹു. ഫിലിപ്പോസ് അച്ചനായിരുന്നു അനേകർക്ക് ആശ്രയം.

ബഹു. ഫിലിപ്പോസ് അച്ചന്റെ വിശുദ്ധ കുർബാനയും ആരാധന ശുശ്രൂഷകളും വളരെ ഭക്തിസംവർധകമായിരുന്നു. അദ്ദേഹത്തിന്റെ വിശുദ്ധ കുർബാനയിൽ സംബന്ധിക്കുവാൻ സമീപപ്രദേശങ്ങളിൽ നിന്നുപോലും ആൾക്കാർ എത്തുമായിരുന്നു. കുറിഞ്ഞി, അയ്യംപിള്ളി പള്ളികളിൽ വികാരിയായിരുന്ന കാലത്ത് സഭാഭിന്നത ശക്തമായിരുന്നെങ്കിലും അദ്ദേഹത്തിന്റെ ആരാധനാനുഷ്ഠാനങ്ങളുടെ ഹൃദ്യതയും ആസ്വാദ്യതയും സഭാവിഭാഗീയ ഭിന്നതകൾക്കതീതമായി ആൾക്കാരെ ധാരാളമായി പള്ളികളിലേക്ക് ആകർഷിച്ചിരുന്നതായി തദ്ദേശവാസികൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അയിരൂരും ചുറ്റുപാടുമുള്ള പുനരൈക്യ മുന്നേറ്റത്തിനും അദ്ദേഹത്തിന്റെ സുറിയാനി ഭാഷയിലുള്ള വിശുദ്ധ കുർബാനയുടെയും മറ്റ് ആരാധനാ ശുശ്രൂഷകളുടെയും ഹൃദ്യത സഹായകരമായിരുന്നിട്ടുണ്ട്.

**പിൻവചനം**

"ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്ന് നമുക്കറിയാമല്ലോ" (റോമ. 8:28) എന്ന വിശുദ്ധ വചനം ബഹു. ഇളവട്ട ഫിലിപ്പോസ് അച്ചനിൽ അന്വർത്ഥമായതായാണ് നാം



www.malankaralibrary.com


കണ്ടത്. ദൈവശുശ്രൂഷയ്ക്ക് ഇറങ്ങിത്തിരിച്ചിട്ട് അനവധി പ്രതിസന്ധികൾ നേരിടേണ്ടിവന്ന അവസരങ്ങൾ. പ്രതിസന്ധികളെ ഓരോന്നായി പരിഹരിച്ച് ഉപരിനന്മകൾ ഉളവാക്കുവാൻ പദ്ധതികൾ ക്രമീകരിച്ച് ഇടപെടുന്ന ദൈവത്തിന്റെ കരം കാത്തുപരിപാലിച്ച വഴികൾ. പുനരൈക്യത്തരു അയിരൂരിൽ തളിരിട്ടു തളിർക്കുവാൻ ദൈവം ഒരുക്കിയതായിരുന്നില്ലേ ബഹു. ഇളവട്ട ഫിലിപ്പോസ് അച്ചന്റെ ജീവതത്തിലെ ഓരോ ഏടുകളും. അങ്ങനെ കാണാനും കരുതാനും വിശ്വസിക്കാനുമാണ് ഞാൻ താല്പര്യപ്പെടുന്നത്.

കറുത്തളോവയും ധരിച്ച് ബ്രിട്ടീഷ് ഹാറ്റും ശിരസിൽ അണിഞ്ഞ് കറുത്ത ശീലക്കുടയും ചൂടി കയ്യിൽ ഊന്നു വടിയുമായി അയിരൂർ സെന്റ് പാട്രിക്സ് പള്ളിയുടെ പടിഞ്ഞാറെനടകൾ സാവധാനത്തിൽ ഇറങ്ങിവരുന്ന ഇളവട്ട വല്ല്യച്ചന്റെ നേരിയ ഒരു രൂപം മാത്രം മനസിലുള്ള എനിക്ക് ബഹു. ഫിലിപ്പോസ് കശീശ്ശയെപ്പറ്റി ഈ കുറിപ്പെഴുതുവാൻ ആവശ്യമായ വസ്തുതകളും രേഖകളും പലരിൽ നിന്നും ലഭിച്ചതാണ്. തിരുവല്ലാ അതിരൂപതയുടെ രേഖാശേഖരം, അയിരൂർ തായില്ലം കുടുംബചരിത്രം, അയിരൂർ സെന്റ് തോമസ് കാത്തലിക് അക്കാദമി പ്രസിദ്ധീകരിച്ച പുനരൈക്യ സാഹ്യം, കത്തോലിക്കരെ സംബന്ധിച്ച ചില യാഥാർഥ്യങ്ങൾ എന്നീ ഗ്രന്ഥങ്ങൾ, ഐക്യദീപം മാസികയിൽ 2008 ഡിസംബർ ലക്കം പേജ് 21-ൽ, ജോയി അയിരൂർ എഴുതിയ ലേഖനം, അയിരൂർ സെന്റ് പാട്രിക്സ് ഇടവകയുടെ മുൻകാല രജിസ്റ്ററുകൾ, പാണംപാടി, കുറിഞ്ഞി, അയ്യംപിള്ളി പള്ളികളുടെ ചരിത്രങ്ങൾ, ബഹു. ഫിലിപ്പോസ് അച്ചന്റെ ഇളയമകൾ കണ്ണൂരിൽ പയ്യാമ്പലത്ത് താമസിക്കുന്ന 94 വയസുള്ള കുഞ്ഞമ്മയിൽ നിന്ന് ലഭ്യമായ വിവരങ്ങൾ, ബഹു. അച്ചന്റെ മൂത്തമകൻ ശിമോൻകുഞ്ഞിന്റെ മൂത്തപുത്രൻ സൈമൺ ഫിലിപ്പിൽ നിന്നു ലഭിച്ച വിവരങ്ങൾ, ഇവ ഏറെ സഹായകമായിരുന്നു.

**നന്ദി.**



www.malankaralibrary.com



# ചുണ്ടേവാലേൽ ബഹു. ജേക്കബ് അച്ചൻ

**ആരംഭം**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രത്യേകിച്ച് തിരുവല്ലാ അതിരൂപതയുടെ പ്രേഷിത ശുശ്രൂഷയിൽ ശ്രേഷ്ഠമായ സംഭാവനകൾ നല്കിയിട്ടുള്ള കുടുംബമാണ് അമയന്നൂർ ചുണ്ടേവാലേൽ ബഹു. ജേക്കബ് അച്ചന്റെ കുടുംബം. വീട്ടുപേരിനു തന്നെയുണ്ട് ഒരു പ്രത്യേകത ചുണ്ടുംവാലും ചേർന്നിരിക്കുന്നു, ചുണ്ടേൽ വാല്! കത്തോലിക്കാ സഭാപശ്ചാത്തലത്തിൽ ഈ കുടുംബം വളരെ പ്രത്യേകതയുള്ളതാണ്. കുടുംബനാഥൻ വൈദികൻ, അദ്ദേഹത്തിന്റെ രണ്ട് ആൺമക്കൾ സഭയിലെ വൈദികർ, അതിൽ ഒരാൾ മെത്രാപ്പോലീത്തായായി. രണ്ട് പെൺമക്കൾ സമർപ്പിത സന്ന്യാസിനികൾ, അതിൽ ഒരാൾ സന്യാസിനി സമൂഹത്തിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി. ഇവരുടെ നേതൃത്വവും ശുശ്രൂഷയുംകൊണ്ട് സഭയ്ക്ക് ലഭിച്ചിട്ടുള്ള നന്മകളും വളർച്ചയും വളരെ വലുതാണ്. കുടുംബനാഥൻ ബഹു. ജേക്കബ് അച്ചന്റെ സഭാശുശ്രൂഷകളെ അടുത്തറിയാനുള്ള ശ്രമമാണ് ഈ ലേഖനം.

**കുടുംബപശ്ചാത്തലം**

ചുണ്ടേവാലേൽ കുടുംബത്തിന്റെ പൂർവ്വികർ കൊടുങ്ങല്ലൂർ പട്ടണത്തിൽ അഗ്നിബാധയുണ്ടായപ്പോൾ പലായനം ചെയ്ത് അമയന്നൂർ പ്രദേശത്ത് എത്തിയവരാണ് എന്നാണ് കരുതപ്പെടുന്നത്. മൂലകുടുംബം 'പുറങ്കാവിൽ' എന്നറിയപ്പെടുന്നു. അമയന്നൂർ – അയർകുന്നം നീറിക്കാട് കരകളെ കൂട്ടിയോജിപ്പിക്കുന്ന വിസ്തൃതമായ ഉരുളിപ്പാടത്തിന്റെ തെക്കേക്കരയിൽ വന്നു താമസിച്ചതുകൊണ്ട് പുറങ്കാവിൽ – തെക്കേക്കര എന്ന് കുടുംബപ്പേര് ലഭിച്ചു. പുറങ്കാവിൽ തെക്കേക്കര കുടുംബത്തിന്റെ ഒരു ശാഖയാണ് ചുണ്ടേവാലേൽ. പുറങ്കാവിൽ അബ്രഹാം – മറിയം ദമ്പ



www.malankaralibrary.com

തികളുടെ മൂത്തപുത്രൻ മാത്തുവിന്റെ പ്രഥമജാതനായിരുന്നു ഉണ്ണിക്കുരുവിള. അദ്ദേഹത്തിന്റെ മൂത്ത പുത്രനായിരുന്നു തെക്കേക്കര ഉണ്ണിമാത്തു. ഉണ്ണിമാത്തുവിന്റെ മൂത്ത പുത്രൻ മാത്യു. മാത്യുവിന്റെ സഹധർമ്മിണി മണർകാട് കല്ലക്കടമ്പിൽ കുഞ്ഞുമാണി മാപ്പിളയുടെ മകൾ കുഞ്ഞാണ്ടമ്മയായിരുന്നു. ഇവരുടെ മക്കളിലൂടെയാണ് ചുണ്ടേവാലേൽ കുടുംബം രൂപമെടുത്തത്. ഈ ശാഖയിൽ വർക്കി- അന്നമ്മ ദമ്പതികൾക്ക് ഏഴ്മക്കൾ : ആറ് ആണും ഒരു പെണ്ണും. മകൾ കോട്ടയത്ത് വട്ടക്കുന്നേൽ കുടുംബത്തിൽ വിവാഹിതയായി. മൂത്തമകൻ ഉലഹന്നാൻ. അദ്ദേഹത്തിന്റെ കൊച്ചുമക്കളാണ് ഹോളിസ്പിരിറ്റ് സന്യാസ സമൂഹത്തിന്റെ മുൻ അന്താരാഷ്ട്ര ലീഡറും കേരള റീജിയന്റെ ഇപ്പോഴത്തെ ലീഡറുമായ സിസ്റ്റർ മേരി ശോശാമ്മയും, സിസ്റ്റർ ജോസ് മരിയ എസ് .ഐ. സി യും, സിസ്റ്റർ എയ്ഞ്ചൽ മേരി എസ്. ഐ. സി യും. രണ്ടാമൻ മാത്യു (കുഞ്ഞുപാപ്പി). അദ്ദേഹത്തിന്റെ മകനാണ് ബഹു. വർക്കി ചുണ്ടേവാലേൽ അച്ചൻ. മൂന്നാമൻ ഏബ്രഹാം (അവറാച്ചൻ). നാലാമൻ കൊച്ചിക്ക പാമ്പാടിയിൽ താമസമാക്കി. അഞ്ചാമനായിരുന്നു നമ്മുടെ കഥാപുരുഷൻ ചുണ്ടേവാലേൽ ബഹു. ജേക്കബ് അച്ചൻ. ആറാമൻ അന്ത്രയോസ്. അദ്ദേഹത്തിന്റെ കൊച്ചുമകളാണ് ചെങ്ങരൂർ സെന്റ് തെരേസാസ് ബഥനി ഗേൾസ് ഹൈസ്കൂളിന്റെ ഇപ്പോഴത്തെ പ്രധാനാദ്ധ്യാപിക സിസ്റ്റർ ലീമാ റോസ് എസ്. ഐ. സി.

**കുടുംബം**

ബഹു. ജേക്കബ് ചുണ്ടേവാലേൽ അച്ചന്റെ ജനനം 1900 മേയ് മാസം പതിനൊന്നാം തീയതി. കോട്ടയം എം. ഡി. ഹൈസ്കൂളിൽ പഠനത്തിനു ശേഷം കോട്ടയം പഴയസെമിനാരിയിൽ വൈദിക പഠനം നടത്തി. കാർത്തികപ്പള്ളി പുത്തൻപീടികയിൽ ജോണിന്റെയും അച്ചാമ്മയുടെയും മകൾ അന്നമ്മയെ 1925 - ൽ വിവാഹം ചെയ്തു. അവരുടെ ദാമ്പത്യവല്ലരിയിൽ മൂന്ന് ആൺമക്കളും മൂന്ന് പെൺമക്കളും ജനിച്ചു. **പ്രഥമ ജാതൻ** 1928 ഫെബ്രുവരി രണ്ടാം തീയതി മായൽത്തോ പെരുന്നാൾ ദിവസം ജനിച്ച ജോർജ്ജ് എന്ന സണ്ണി. ഇദ്ദേഹമാണ് പിൻക്കാലത്ത് തിരുവല്ലാരൂപതയുടെ നാലാമത്തെ അദ്ധ്യക്ഷനായിരുന്ന അഭി. ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത. തിരുവല്ല മൈനർ സെമിനാരി റെക്ടർ, കത്തീഡ്രൽ വികാരി, രൂപതാ പ്രൊക്കുറേറ്റർ, രൂപതാ അഡ്മിനിസ്ട്രേറ്റർ, രൂപതാദ്ധ്യക്ഷൻ എന്നീ നിലകളിൽ രൂപതയെ ശുശ്രൂഷിച്ച അഭി. പിതാവ് 91-ാമത്തെ വയസ്സിൽ 2019 ജൂൺ 4 ന് കാലം ചെയ്ത്, ജൂൺ 6-ാംതീയതി സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ കബ



www.malankaralibrary.com

റടക്കപ്പെട്ടു.

**രണ്ടാമത്തെ മകൻ** 1931 ജൂൺ 20-ാം തീയതി ജനിച്ച ജോൺ എന്ന അനിയൻകുഞ്ഞ്. 1948 ൽ ഹൈസ്കൂൾ പഠനം പൂർത്തിയാക്കി ജൂൺ ഒന്നിന് വൈദിക പഠനത്തിന് തിരുവല്ലാ മൈനർ സെമിനാരിയിൽ ചേർന്നു. ആലുവാ സെന്റ് ജോസഫ് സെമിനാരിയിൽ തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ച് 1958 മാർച്ച് 13-ാം തീയതി വൈദികപട്ടം സ്വീകരിച്ചു. ആനിക്കാട്, നൂറോമ്മാവ്, പുന്നവേലി എന്നീ ഇടവകകളിൽ സഹ വികാരിയായിട്ടും പൂഴിക്കുന്ന്, തൃക്കോമല, ചെത്തോങ്കര, കരിമ്പനാംകുഴി, ഇടവകകളിൽ വികാരിയായിട്ടും ശുശ്രൂഷിച്ചു. പതിനാറ്വർഷം ഹൈറേഞ്ചിലെ കുമളി മേഖലയുടെ വികാരിയായും ഒൻപത് ഇടവകകളുടെ വികാരിയായും ശുശ്രൂഷിച്ചു. ചക്കുപള്ളം, ബാലഗ്രാം, ചേറ്റുകുഴി, കവന്തി, കൂട്ടാർ, കുമളി, നെച്ചിത്തൊഴു, രാമക്കൽമേട്, വണ്ടൻമേട് എന്നിവിടങ്ങളിൽ ദൈവാലയങ്ങൾ പണിയിച്ചു. കുമളിയിൽ തേക്കടി ജംഗ്ഷനിൽ രൂപതയുടെ അഭിമാനമായിരുന്ന 'ലേക് ക്യൂൻ' ലോഡ്ജിന്റെ പണിക്കൾക്ക് തുടക്കംകുറിച്ചതും അദ്ദേഹമാണ്. പന്ത്രണ്ടുവർഷക്കാലം വണ്ടൻമേട് കറുവാക്കുളം സെന്റ് തോമസ് ഏലത്തോട്ടത്തിന്റെ ചുമതലക്കാരനുമായിരുന്നു. വെണ്ണിക്കുളം, വാലങ്കര, കാഞ്ഞിരപ്പാറ, അഞ്ചേരി, മുണ്ടിയാക്കൽ, മാലം ഇടവകകളിലും വികാരിയായിരുന്നു. സ്വപിതാവ് തുടക്കംകുറിച്ച മാലം ഇടവകയിൽ വികാരിയായിരിക്കുമ്പോൾ 2002 ഡിസംബർ 3-ാം തീയതി അദ്ദേഹം ദിവംഗതനായി, അമയന്നൂർ പള്ളിയിൽ കബറടക്കപ്പെട്ടു.

**മൂന്നാമത്തെ പുത്രൻ** സി. ജെ എബ്രഹാം (ജോയി) കാത്തലിക് സിറിയൻ ബാങ്കിൽ മാനേജരായിരുന്നു. ഭാര്യ നീറിക്കാട് അമ്പലത്തൊട്ടി എ. സി. മറിയാമ്മ (ലീലാമ്മ) മണർകാട് സെന്റ് മേരീസ് കോളേജിൽ അദ്ധ്യാപികയായി വിരമിച്ചു. മകൻ പ്രദീപ് അമേരിക്കയിലും മകൾ പ്രിയ ചെന്നൈയിലും. അദ്ദേഹം 2008 ജനുവരി 25 ന് മരണമടഞ്ഞു. **പെൺമക്കളിൽ മൂത്തയാൾ** ലീലാമ്മ ബിരുദസമ്പാദനത്തിനുശേഷം ബഥനി സന്യാസിനി സമൂഹത്തിൽ ചേർന്ന് സിസ്റ്റർ അപ്പ്ളോണിയ എസ്. ഐ. സി. യായി. ദീർഘകാലം ഹൈസ്കൂൾ അദ്ധ്യാപികയായിരുന്നു. മണർകാട് ഇൻഫന്റ് ജീസസ് ബഥനി ഹൈസ്കൂൾ പ്രധാനാദ്ധ്യാപികയായി വിരമിച്ചു. തുടർന്ന് ഹൈറേഞ്ചിൽ ചേറ്റുകുഴി കേന്ദ്രമാക്കി സാമൂഹ്യസേവന പ്രവർത്തനങ്ങളിൽ വ്യാപൃതയായിരുന്നു. 2017 ഒക്ടോബർ 29 ന് നിര്യാതയായി തിരുമൂലപുരം ബഥനി മഠം സെമിത്തേരിയിൽ അടക്കപ്പെട്ടു. **രണ്ടാമത്തെ മകൾ** തങ്കമ്മയും ഹൈസ്കൂൾ പഠനത്തിനു



www.malankaralibrary.com

ശേഷം ബഥനി മഠത്തിൽ ചേർന്ന് സിസ്റ്റർ ജയിൻ എസ്. ഐ. സി. യായി. ഹൈസ്കൂൾ അദ്ധ്യാപികയായിരുന്ന സിസ്റ്റർ ചെങ്ങരൂർ സെന്റ് തെരേസാസ് ബഥനി ഗേൾസ് ഹൈസ്കൂൾ പ്രധാനാദ്ധ്യാപികയായി വിരമിച്ചു. സിസ്റ്റർ ജയിൻ ബഥനി സന്യാസിനി സമൂഹത്തിന്റെ തിരുവല്ലാ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പിരിയറായും സമൂഹത്തിന് നേതൃത്വം നല്കിയിരുന്നു. സിസ്റ്റർ ഇപ്പോൾ തിരുവല്ല ബഥാനിയ മഠത്തിൽ വിശ്രമ ജീവിതം നയിക്കുന്നു.

**മൂന്നാമത്തെ മകൾ** ശോശാമ്മ (ഗ്രേസിക്കുട്ടി) വൈദ്യശാസ്ത്രം പഠിച്ച് ഡോക്ടറായി. ഈശോസഭാംഗം ബഹു. എബ്രഹാം അടപ്പൂർ അച്ചന്റെ സഹോദരൻ ഡോക്ടർ ഫ്രാൻസിസിനെ വിവാഹം കഴിച്ച് ദീർഘനാൾ ജർമ്മനിയിൽ ജോലിചെയ്തതിനുശേഷം നാട്ടിൽ തിരികെയെത്തി പട്ടാമ്പിയിൽ സ്വന്തമായി 'ആൻ മരിയ' എന്നപേരിൽ ആശുപത്രി നടത്തിയിരുന്നു. പാവപ്പെട്ടവർക്ക് സൗജന്യമായി ചികിത്സയും മരുന്നും നല്കിയിരുന്നു. ഡോക്ടർ ശോശാമ്മ ഫ്രാൻസിസ് 2018 ഒക്ടോബർ 18 ന് നിര്യാതയായി ആരക്കുഴ പള്ളിസെമിത്തേരിയിൽ അടക്കപ്പെട്ടു. അപ്പനും മക്കളും ഒരുപോലെ സഭക്കും നാടിനും നന്മയായിരുന്നു; ബഹു. ജേക്കബ് അച്ചന്റെ സഹധർമ്മിണി 1984 സെപ്റ്റംബർ 12-ാം തീയതി നിര്യാതയായി അമയന്നൂർ ഇടവക സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു.

### വൈദികാഭിഷേകവും ഇടയശുശ്രൂഷയും

ചുണ്ടേവാലേൽ ജേക്കബ് ശെമ്മാശ്ശൻ 1926 - ൽ അഭി. മീഖായേൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് വൈദികാഭിഷേകം സ്വീകരിച്ചു. മലങ്കരയിൽ സഭാകേസ്സുകളും പുനരൈക്യചിന്തകളും ഒരുപോലെ ശക്തമായിരുന്ന കാലമായിരുന്നു അത്. സാർവ്വത്രിക കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിനെക്കുറിച്ച് ആരായാനും കത്തിടപാടുകൾ നടത്താനും ബഥനി മെത്രാപ്പോലീത്താ മാർ ഈവാനിയോസ് തിരുമേനിയെ മലങ്കരസഭാ നേതൃത്വം ചുമതലപ്പെടുത്തിയതനുസരിച്ച് നടപടികൾ പുരോഗമിച്ചിരുന്ന കാലം. ബഹു. ജേക്കബ് ചുണ്ടേവാലേൽ അച്ചൻ പട്ടത്തിനുശേഷം പഴയസെമിനാരിയിൽ കുറേക്കാലം മാനേജരായി സേവനം ചെയ്തിരുന്നു. ഈ സമയത്ത് പഴയ സെമിനാരി കേന്ദ്രമായി അരങ്ങേറിയിരുന്ന സഭാകേസ്സ് സംബന്ധമായ കാര്യങ്ങൾ അദ്ദേഹം വീക്ഷിക്കുന്നുണ്ടായിരുന്നു. അത് അദ്ദേഹത്തിന്റെ മനസ്സിൽ ഒരു വിങ്ങലായി കിടന്നിരുന്നു. പിന്നീട് കാരാട്ടുകുന്നേൽ സെന്റ് മേരീസ്, കാരിയ്ക്കാമറ്റം സെന്റ് മേരീസ്, പാലമ്പടം കുടുംബവകയായുണ്ടായിരുന്ന വെള്ളൂർ സെന്റ് സൈമൺസ് യാക്കോബായ പള്ളി എന്നിവിടങ്ങ



www.malankaralibrary.com

ളിൽ വികാരിയായി ശുശ്രൂഷ ചെയ്തു. വലിയ സംഘാടകനും സുവിശേഷ പ്രസംഗകനുമായിരുന്ന അദ്ദേഹത്തിന്റെ വിശുദ്ധ കുർബാനയർപ്പണവും മറ്റ് ശുശ്രൂഷകളും വിശ്വാസികളുടെ ഹൃദയങ്ങളെ ആഴത്തിൽ സ്പർശിക്കുന്ന തായിരുന്നു.

മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ 1930 സെപ്റ്റംബർ 20 ന് സഫലമായ മലങ്കര പുനരൈക്യം മലങ്കരയിലാകമാനം ഉളവാക്കിയ പുനരൈക്യചിന്ത ബഹു. ജേക്കബ് ചുണ്ടേവാലേൽ അച്ചനിലും അനുരണനങ്ങൾ സൃഷ്ടിച്ചിരുന്നു. എന്നാൽ കത്തോലിക്കാ സഭയെ എതിർക്കുന്നതിൽ തനിക്ക് ശക്തി പകർന്നിരുന്ന അഭി. ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യത്തോടുകൂടിമാത്രമാണ് ബഹു. ജേക്കബ് ചുണ്ടേവാലേൽ അച്ചൻ പുനരൈക്യപ്പെടുവാനായി തയ്യാറായത്. 1940 ജൂൺ 14–ാം തീയതി ചെറുപുഷ്പഗിരി അരമനയിൽ എത്തി അഭി. മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ മുൻപാകെ വിശ്വാസം ഏറ്റുപറഞ്ഞ് പുനരൈക്യപ്പെട്ടു. അന്നുതന്നെ അമയന്നൂരിലുള്ള ഭവനത്തിലേക്ക് മടങ്ങിയ ബഹു. ജേക്കബ് അച്ചനോടൊപ്പം ബഹു. ഏബ്രഹാം മാരേട്ട് (സീനിയർ) അച്ചനെക്കൂടി അഭി. മാർ സേവേറിയോസ് മെത്രാപ്പോലീത്താ അയച്ചിരുന്നു. ഭവനത്തിലെത്തിയ ബഹു. മാരേട്ട് അച്ചൻ അവിടെ വച്ച് ബഹു. ജേക്കബ് അച്ചന്റെ കുടുംബാംഗങ്ങളെ അന്നുതന്നെ പുനരൈക്യപ്പെടുത്തി.

**സ്വന്തം സ്ഥലത്തൊരു ദൈവാലയം**

പുനരൈക്യത്തിന് പുറപ്പെടുന്നതിന് മുൻപുതന്നെ ബഹു. ജേക്കബ് അച്ചൻ തന്റെ സഹോദരൻ കുഞ്ഞുപാപ്പിയുടെ സ്ഥലം (ബഹു. വർക്കി ചുണ്ടേവാലേൽ അച്ചന്റെ പിതാവ്) തന്റെ സ്ഥലവുമായി വെച്ചുമാറി അവിടെ ഒരു താല്ക്കാലിക ചാപ്പൽ നിർമ്മിച്ചിരുന്നു. 1940 ജൂൺ 15–ാം തീയതി ബഹു. ജേക്കബ് ചുണ്ടേവാലേൽ അച്ചൻ ബഹു. എബ്രഹാം മാരേട്ട് അച്ചന്റെ സാന്നിദ്ധ്യത്തിൽ കുടുംബാംഗങ്ങളെ സാക്ഷി നിർത്തിക്കൊണ്ട് ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ചു, ബഹു. ജേക്കബ് അച്ചന്റെ കത്തോലിക്കാ വൈദികനായുള്ള പ്രഥമ ദിവ്യബലി. അതോടുകൂടി മലങ്കര കത്തോലിക്കാ സഭയിൽ ഒരു തീക്ഷണമിഷനറി ഉടലെടുക്കുകയും അമയന്നൂർ സെന്റ് മേരീസ് ഇടവക ആരംഭിക്കുകയും ചെയ്തു. 1940 ൽ താല്ക്കാലിക ചാപ്പൽ പണിതിരുന്ന സ്ഥലത്തോട് ചേർന്ന് നിർമ്മിച്ച പുതിയ ദൈവാലയം, അഭി. മാർ സേവേറിയോസ് മെത്രാപ്പോലീത്ത 1953 – ൽ കൂദാശചെയ്തതാണ് ഇന്നുള്ള അമയന്നൂർ



www.malankaralibrary.com

സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയം.

ബഹു. ജേക്കബ് ചുണ്ടേവാലേൽ അച്ചന്റെ പുനരൈക്യം ചുറ്റുപാടുമുള്ള സ്ഥലങ്ങളിൽ പുനരൈക്യത്തിന്റെ സന്ദേശം വേഗത്തിൽ പരക്കുവാൻ ഇടയാക്കി. അമയന്നൂർ (1940) കീച്ചാൽ (1940) വെള്ളൂർ, തിരുവഞ്ചൂർ (1947) മാലം (1974) തുടങ്ങിയ ഇടവകകളുടെ രൂപീകരണത്തിന്റെ പിന്നിലെ ശക്തി ബഹു. ജേക്കബ് ചുണ്ടേവാലേൽ അച്ചനായിരുന്നു. ഈ ഇടവകകളിലെല്ലാം അദ്ദേഹം വികാരിയായി ശുശ്രൂഷ ചെയ്യുകയുമുണ്ടായി. എഴുപത്തി അഞ്ചാമത്തെ വയസ്സിൽ അദ്ദേഹം ഔദ്യോഗിക ചുമതലകളിൽ നിന്ന് വിരമിച്ച് സ്വഭവനത്തിൽ വിശ്രമജീവിതം നയിച്ചുവരവേ 1980 ഡിസംബർ 21 –ാം തീയതി കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽവച്ച് നിര്യാതനായി. പിറ്റെ ദിവസം അമയന്നൂർ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവക ദൈവാലയത്തിന്റെ തെക്കുവശത്ത് മദ്ബഹായോടു ചേർന്ന് തയ്യാറാക്കിയ കബറിൽ സംസ്കരിച്ചു. അഭി. ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ ശുശ്രൂഷകളിൽ മുഖ്യ കാർമ്മികനായിരുന്നു. അഭി. ഐസക് മാർ യൂഹാനോൻ, അഭി. പൗലോസ് മാർ ഫീലക്സിനോസ് മെത്രാപ്പോലീത്തമാർ സഹകാർമ്മികരായിരുന്നു. കോട്ടയം രൂപതാദ്ധ്യക്ഷൻ അഭി. മാർ കുറിയാക്കോസ് കുന്നശ്ശേരി, വിജയപുരം രൂപതാദ്ധ്യക്ഷൻ അഭി. കൊർണേലിയോസ് ഇലഞ്ഞിക്കൽ, യാക്കോബായ സഭയിലെ കോട്ടയം ഭദ്രാസനാദ്ധ്യക്ഷൻ അഭി. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (പെരുമ്പള്ളി തിരുമേനി) മാർത്തോമ്മാ സഭയുടെ സഫ്രഗൻ മെത്രാപ്പോലീത്താ അഭി. തോമസ് മാർ അത്തനാസിയോസ് എന്നീ പിതാക്കന്മാരും വലിയൊരു സംഘം ബഹു. വൈദികരും സന്യാസിനികളും അല്മായ വിശ്വാസികളും കബറടക്കശുശ്രൂഷയിൽ സംബന്ധിച്ചിരുന്നു.

**ബഹു. ജേക്കബ് അച്ചന്റെ പുനരൈക്യം**

ബഹു. ജേക്കബ് അച്ചൻ വൈദികനായ 1926 മലങ്കര സഭാ ചരിത്രത്തിലെ ഒരു അതിപ്രധാന വർഷമാണ്. 1926 നവംബർ ഒന്നാം തീയതിയാണ് പരിശുദ്ധ കത്തോലിക്കാ സഭയുമായി ഐക്യപ്പെടുന്നതിനുള്ള ആലോചനകൾ നടത്താൻ ഓർത്തഡോക്സ് സഭയുടെ മെത്രാൻസംഘം പരുമല സെമിനാരിയിൽ വച്ച് തീരുമാനിച്ചതും അതു സംബന്ധിച്ച ഭാവി നടപടികൾക്കും കത്തിടപാടുകൾ നടത്തുവാനുമായി ബഥനിയുടെ മെത്രാപ്പോലീത്താ മാർ ഈവാനിയോസിനെ ചുമതലപ്പെടുത്തിയതും. സഭാ ഭിന്നതയും കോടതി വ്യവഹാരവും കൊടുമ്പിരിക്കൊണ്ടിരുന്ന കാലവുമായിരുന്നു അത്. സഭാ ശുശ്രൂഷയിൽ വിശുദ്ധ പൗലോ



www.malankaralibrary.com

സിന്റെ തീക്ഷണതയോടെ വ്യാപരിച്ചിരുന്ന ബഹു. ജേക്കബ് അച്ചൻ തന്റെ ശുശ്രൂഷയുടെ ഭാഗമായി സഭാചരിത്രവും വിശുദ്ധ ഗ്രന്ഥവും ആഴമായി പഠിക്കുന്നതിലും വ്യാപൃതനായിരുന്നു. സഭയെ അടിമുടി ഉലച്ചുകൊണ്ടിരുന്ന 'വട്ടിപ്പണ' കേസ്സിൽ മെത്രാൻ വിഭാഗത്തിന് (ഓർത്തഡോക്സ് വിഭാഗം) അനുകൂലമായ കോടതിവിധിയുണ്ടായത് ഓർത്തഡോക്സ് വിഭാഗത്തിലെ പ്രബല വിഭാഗത്തിന്റെ കത്തോലിക്കാ സഭയുമായുള്ള ഐക്യ ആലോചനകളിൽ നിന്നുള്ള പിൻവാങ്ങലിന് ഇടയാക്കി. കേസ് വിജയമല്ല, സഭാപൂർണ്ണതയും ചരിത്രസത്യവും യേശുക്രിസ്തുവിന്റെ വചനവുമാണ് പ്രധാനമെന്ന് ഗ്രഹിച്ചിരുന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ഐക്യനടപടികളുമായി മുന്നോട്ടു പോകുകയും 1930 സെപ്റ്റംബർ 20 ന് പുനരൈക്യം സഫലമാകുകയും ചെയ്തു. സഭയിലെ കക്ഷിവഴക്കും കോടതി വ്യവഹാരവും ബഹു. ജേക്കബ് അച്ചനിൽ അസ്വസ്ഥതയുണ്ടാക്കിയിരുന്നെങ്കിലും മാർ ഈവാനിയോസ് പിതാവിന്റെയും അനുഭാവികളുടെയും പുനരൈക്യം അദ്ദേഹത്തിൽ വലിയ അനുരണനമൊന്നും ഉളവാക്കിയിരുന്നില്ല, എങ്കിലും സഭാചരിത്രപഠനം അദ്ദേഹം അല്പംകൂടി ഗൗരവമായി എടുത്തു. മലങ്കരയിലാകമാനം പുനരൈക്യത്തിനെതിരായി ശൗലിന്റെ തീക്ഷണതയോടെ ഓടിനടന്ന് നേതൃത്വം കൊടുത്തിരുന്ന ഓർത്തഡോക്സ് സഭയുടെ നിരണം ഭദ്രാസനാദ്ധ്യക്ഷൻ വാളക്കുഴി ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ 1937 നവംബർ 29 ന് പുനരൈക്യപ്പെട്ടതോടുകൂടി ബഹു. ജേക്കബ് അച്ചനിൽ പുനരൈക്യചിന്ത ആഴപ്പെടാനും അത് മനസ്സിനെ ഇളക്കാനും തുടങ്ങി. ക്നാനായ യാക്കോബായ സഭയുടെ അദ്ധ്യക്ഷൻ അഭി. തോമസ് മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്താ 1939 നവംബർ 12-ാം തീയതി പുനരൈക്യപ്പെട്ടതോടുകൂടി ബഹു. ജേക്കബ് അച്ചനിൽ പുനരൈക്യചിന്ത ബലപ്പെട്ടുതുടങ്ങി. ഇതേ അവസരത്തിലാണ് സീറോ മലബാർ സഭാംഗവും അയർകുന്നം ഇടവകാംഗവുമായിരുന്ന അമയന്നൂർ പടിഞ്ഞാറേക്കര ജോസഫ് ശെമ്മാശ്ശൻ 1939 ഡിസംബർ 20 ന് തിരുവല്ലാ രൂപതയ്ക്കുവേണ്ടി വൈദികനായതും അയർകുന്നം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ പ്രഥമദിവ്യബലി അർപ്പിച്ചതും. അഭി. ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത പ്രഥമ ദിവ്യബലിയിൽ സംബന്ധിക്കാനായി അയർക്കുന്നം പള്ളിയിൽ എത്തിയിരുന്നു. നാട്ടുകാരനെന്ന നിലയിൽ ബഹു. ജേക്കബ് അച്ചനും ബഹു. ജോസഫ് പടിഞ്ഞാറേക്കര അച്ചന്റെ നവ ബലിയർപ്പണത്തിൽ പങ്കെടുക്കാൻ അയർക്കുന്നം പള്ളിയിൽ എത്തിയിരുന്നു. അവിടെവച്ച് മാർ സേവേറിയോസ് മെത്രാപ്പോലീത്തായും ബഹു.



www.malankaralibrary.com

ജേക്കബ് അച്ചനുമായി സംസാരിക്കുകയും തുടർന്ന് ബഹു. ജേക്കബ് അച്ചന്റെ ഭവനത്തിലെത്തി ദീർഘസംഭാഷണം നടത്തുകയും തിരുവല്ലാ ചെറുപുഷ്പഗിരി അരമനയിലേക്ക് ബഹു. ജേക്കബ് അച്ചനെ ക്ഷണിക്കുകയും ചെയ്തു. ഈ കൂടിക്കാഴ്ചയാണ് ബഹു. ജേക്കബ് അച്ചന്റെ പുനരൈക്യപാത തുറന്നത്. ചെറുപുഷ്പഗിരി അരമനയിൽ സന്ദർശനത്തിനെത്തിയ ബഹു. ജേക്കബ് അച്ചനെയും കൂട്ടി അഭി. സേവേറിയോസ് പിതാവ് പുനരൈക്യപ്പെട്ട് സഭയുടെ ധീര പ്രേഷിതരായിരുന്ന പോളച്ചിറയ്ക്കൽ മാത്യൂസ്, കലേക്കാട്ടിൽ തോമസ്, തൈക്കടവിൽ ജോർജ്ജ്, പുരയ്ക്കൽ ജോർജ്ജ്, മാരേട്ട് ഏബ്രഹാം തുടങ്ങിയ ബഹു. വൈദികരുടെ ഭവനങ്ങൾ സന്ദർശിച്ചത് പുനരൈക്യതീരുമാനത്തിലെത്താൻ അദ്ദേഹത്തെ സഹായിച്ചു. തിരികെ ഭവനത്തിലെത്തി ബഹു. ജേക്കബ് അച്ചൻ മാതാപിതാക്കളെയും സഹോദരങ്ങളെയും കുടുംബത്തെയും കാര്യങ്ങൾ ഗ്രഹിപ്പിക്കുകയും പുനരൈക്യത്തിന് അവരുടെ പിൻതുണനേടുകയും ചെയ്തു. ഏറെ പ്രാർത്ഥനയുടെയും പഠനത്തിന്റെയും ചർച്ചകളുടെയും മാനസ്സിക സംഘർഷത്തിന്റെയും ഒടുവിൽ 1940 ജൂൺ 14-ാം തീയതി തിരുവല്ലാ ചെറുപുഷ്പഗിരി അരമനയിലെത്തി അഭി. മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ മുൻപാകെ വിശ്വാസപ്രഖ്യാപനം നടത്തി പരിശുദ്ധ കത്തോലിക്കാ സഭയിൽ ചേർന്നു. അന്ന് വൈകിട്ട് കുടുംബാംഗങ്ങളും പുനരൈക്യപ്പെട്ടു. അതോടുകൂടി മലങ്കര പുനരൈക്യത്തിന്റെ ഒരു തീക്ഷണ മിഷനറി ഉദയം ചെയ്തു. അദ്ദേഹത്തിന്റെ പ്രേഷിത ശുശ്രൂഷയുടെ ഫലമാണല്ലോ അമയന്നൂർ, തിരുവഞ്ചൂർ, മാലം, കീച്ചാൽ, വെള്ളൂർ തുടങ്ങിയ ഇടവകകൂട്ടായ്മകൾ.

**ഉത്തമ ഇടയൻ**

ബഹു. ജേക്കബ് അച്ചനെക്കുറിച്ച് ഒരു സ്ഥലത്ത് വായിച്ച ഒരു വിവരണം ഇപ്രകാരം : ''യാക്കോബ് കശ്ശീശ നലം തികഞ്ഞ ഒരു സഭാശുശ്രൂഷകനും പുരോഹിതനുമായിരുന്നു. ആരാധനാക്രമങ്ങളിൽ നല്ല പാടവം; ഭക്തിയിൽ ആഴപ്പെട്ട ഇമ്പമാർന്ന ആരാധനാ ശുശ്രൂഷകൾ; ദൈവശാസ്ത്ര - തത്വശാസ്ത്ര അകമ്പടിയോടുകൂടിയ, ഭാഷാപ്രാവിണ്യത്തോടുകൂടിയ സുവിശേഷ പ്രസംഗങ്ങൾ; സംഭാഷണ ചതുരൻ; നയകോവിദിതൻ; തർക്കപരിഹാരങ്ങളിൽ വാക്ചാതുരിയുള്ള മദ്ധ്യസ്ഥൻ; ആധികരികമായ നിർദ്ദേശങ്ങൾ നല്കുന്ന പ്രകൃതം; വാദപ്രതിവാദങ്ങളിൽ അഗ്രേസരൻ; സഭാശാസ്ത്രത്തിലും സഭാചരിത്രത്തിലും ആഴമായ വ്യുൽപ്പത്തി, സരസമായി പറഞ്ഞു ഫലിപ്പിക്കുന്ന ശൈലീവല്ലഭൻ. ശുശ്രൂഷയ്ക്ക് എത്തിപ്പെടുന്നയിടങ്ങളിലൊക്കെ വീണ്ടും വീണ്ടും ക്ഷണം



www.malankaralibrary.com

വന്നുകൊണ്ടിരുന്നു''. ഇവിടെ പറഞ്ഞിരിക്കുന്ന ഗുണവിശേഷണങ്ങ ളെല്ലാം സമ്യക്കായി സമ്മേളിച്ചിരുന്ന വ്യക്തിത്വമായിരുന്നു ബഹു. ജേക്കബ് അച്ചന്റേത്. പുനരൈക്യത്തിനു മുൻപും പിൻപും തിരക്കേറിയ തായിരുന്നു ബഹു. അച്ചന്റെ ജീവിതം. സഭാവിഷയങ്ങളിലും വി. ഗ്രന്ഥ വ്യഖ്യാനത്തിലും പണ്ഡിതനും നല്ല പ്രഭാഷണ ചാതുരിയുള്ളവനുമായി രുന്നതിനാൽ പ്രസംഗയോഗങ്ങൾക്ക് അദ്ദേഹത്തെ ക്ഷണിക്കാൻ ഇടവ കകൾ തമ്മിൽ മത്സരമായിരുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ പുന രൈക്യത്തിനു മുൻപ് അനേകരെ പുനരൈക്യത്തിന് എതിരായും പുന രൈക്യത്തിനു ശേഷം അനേകരെ പുനരൈക്യത്തിലേക്കും നയിച്ചിട്ടുണ്ട്. അജപാലനാ ശുശ്രൂഷകളുടെ തിരക്കിൽ കുടുംബകാര്യങ്ങളും മക്കളുടെ രൂപീകരണവും വേണ്ടപോലെ ശ്രദ്ധിക്കാൻ സാധിച്ചിരുന്നില്ലെങ്കിലും ബഹു. അച്ചന്റെ പിതാവ് വർക്കിയും മാതാവ് അന്നമ്മയും സഹധർമ്മിണി അന്നമ്മയും ചേർന്ന് അവയെല്ലാം കുറവുകൾ കൂടാതെ നിർവ്വഹിച്ചിരു ന്നു. അവരുടെ രൂപീകരണത്തിന്റെ സദ്ഫലങ്ങളല്ലേ മക്കളിൽ നാല്പേർ ദൈവശുശ്രൂഷക്കായി സമർപ്പിക്കപ്പെട്ടതിലൂടെ സമൂഹവും സഭയും അനു ഭവിച്ചതും അനുഭവിക്കുന്നതും ?

ബഹു. ജേക്കബ് അച്ചൻ വലിയ ദീനാനുകമ്പയുള്ളവനും സഹാ യിയും ആയിരുന്നു. പണവും, സമയവും, ആരോഗ്യവും അദ്ധ്വാനവും ആവശ്യക്കാരുമായി പങ്കുവയ്ക്കാൻ അദ്ദേഹം എപ്പോഴും തയ്യാറായിരു ന്നു. അദ്ദേഹത്തിന്റെ ഈ പ്രത്യേകതകൾ അനേകരെ പുനരൈക്യസര ണിയിലേക്ക് ആകർഷിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഈ ഔദാര്യമനഃസ്ഥിതി മക്കളിലേക്കും പകരപ്പെട്ടിരുന്നതായി അവുടെ ജീവിതം സാക്ഷ്യപ്പെടു ത്തുന്നുണ്ട്. അഭി. മാർ തിമോത്തിയോസ് പിതാവിന്റെ ഔദാര്യം അനുഭ വിക്കാത്തവർ തിരുവല്ലാ പ്രദേശത്തുണ്ടാവില്ല. ബഹു. ജോണച്ചന്റെ ഔദാര്യമാണ് ഹൈറേഞ്ചിലെ അനേക ഇടവകകളുടെ വളർച്ചയുടെ വളം. സിസ്റ്റർ അപ്പ്ളോണിയ ഹൈറേഞ്ചിൽ പ്രത്യേകിച്ച് ചേറ്റുകുഴിപ്രദേശം കേന്ദ്രീകരിച്ച് നിർവ്വഹിച്ച പ്രവർത്തനങ്ങൾ സിസ്റ്ററിന്റെ ഔദാര്യ മനസ്ഥി തിയുടെ തെളിവുകളാണ്. സിസ്റ്റർ ജയിന്റെ ജീവിതം മുഴുവൻ സമൂഹ ത്തോടുള്ള ഔദാര്യത്തിന്റെ ആകെത്തുകയാണ്. ബഹു. ജേക്കബ് അച്ചന്റെ ഇളയമകൾ ഡോക്ടർ ശോശാമ്മ (ഗ്രേസിക്കുട്ടി) ജർമ്മനിയിൽ നിന്ന് മടങ്ങിയെത്തിയിട്ട് പട്ടാമ്പിയിൽ 'ആൻമരിയ' എന്ന പേരിൽ ആശു പത്രി തുടങ്ങി സാധുക്കൾക്ക് സൗജന്യമായി ചികിത്സ നല്കുന്നതിൽ വ്യാപൃതയായിരുന്നു. ഡോക്ടറിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ സംബ



www.malankaralibrary.com

ന്ധിക്കാൻ ഞാൻ ആരക്കുഴ പള്ളിയിൽ എത്തിയിരുന്നപ്പോൾ പട്ടാമ്പി യിൽ നിന്നും വന്നിരുന്ന അനേകരിൽനിന്ന് ഡോക്ടറിന്റെ ഔദാര്യത്തെ ക്കുറിച്ച് നേരിട്ട് ശ്രവിക്കുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ബഹു. ജേക്കബ് അച്ചന്റെ ഇളയ മകൻ ജോയിയും സ്വന്തം കാര്യങ്ങളെക്കാൾ മറ്റുള്ളവ രുടെ ആവശ്യങ്ങളിൽ ഔദാര്യത്തോടെ ഇടപെടുന്ന സ്വഭാവക്കാരനായി രുന്നു.

**സമാപനം**


ബഹു. ജേക്കബ് ചുണ്ടേവാലേൽ അച്ചന്റെ പുനരൈക്യവും ഇട യശുശ്രൂഷകളുമാണ് കോട്ടയം വൈദികജില്ലയിൽ പുനരൈക്യ പ്രവർത്ത നങ്ങളെ ശക്തിപ്പെടുത്തിയത്. ബഹു. അച്ചന്റെ കുടുംബം; അച്ചനും മക്കളും ചെയ്ത ശുശ്രൂഷകളിലൂടെ സഭക്ക് പ്രത്യേകിച്ച്, തിരുവല്ലാ അതി രൂപതയ്ക്കുണ്ടായ വളർച്ച പകൽപോലെ വ്യക്തമാണ്. തിരുവല്ലാ അതി രൂപതയുടെ ഇന്നത്തെ വളർച്ചയുടെ സമസ്തമേഖലകളിലും അഭി. ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവിന്റെ കരസ്പർശം ഉണ്ടായി ട്ടുണ്ട്. അതിരൂപതയുടെ ഹൈറേഞ്ച് മേഖലയിൽ ബഹു. തോമസ് നീലം പിലാലിൽ അച്ചന്റെ അജപാലന ശുശ്രൂഷയ്ക്ക് സമാനമായ ശുശ്രൂഷ കൾ നിറവേറ്റി സഭയെ ബലപ്പെടുത്തിയ ആളാണ് ബഹു. ജോൺ ചുണ്ടേ വാലേൽ അച്ചൻ. സിസ്റ്റർ അപ്പ്ളോണിയ, സിസ്റ്റർ ജയിൻ എന്നിവരുടെ സന്യാസസമർപ്പണം ബഥനി സന്യാസിനി സമൂഹവും തിരുവല്ലാ അതി രൂപതയും വഴി സഭക്കും സമൂഹത്തിനും നല്കിയിട്ടുള്ള വളർച്ചയും വളരെ വലുതാണ്. ഇതെല്ലാം സാദ്ധ്യമായത് ബഹു. ജേക്കബ് ചുണ്ടേവാലേൽ അച്ചന്റെയും കുടുംബത്തിന്റെയും പുനരൈക്യത്തിന്റെ ഫലമായിട്ടും.

*"വാക്കിനോളം തൂക്കമില്ലീ*
*യൂക്കൻ ഭൂമിക്കുപോലുമേ"*

*കുഞ്ഞുണ്ണിമാഷ്.*



www.malankaralibrary.com



# മലനാട്ടിലെ മലങ്കരയുടെ അപ്പസ്തോലൻ ഫാ. തോമസ് നീലംപിലാലിൽ

**മുഖമൊഴി**

പുനരൈക്യ പ്രേഷിത ശുശ്രൂഷയുടെ വിത്ത് ഹൈറേഞ്ചിൽ പാകി മലങ്കര സുറിയാനി കത്തോലിക്കാ സഭാ തരുവിനെ താലോലിച്ച് വളർത്തുന്നതിൽ മുന്നേ നിന്ന, ഹൈറേഞ്ചിന്റെ അപ്പസ്തോലൻ ബഹു. തോമസ് നീലംപിലാലിൽ അച്ചന്റെ ജീവിതത്തിന്റെയും അജപാലന ശുശ്രൂഷയുടെയും ഇതൾ വിടരുന്നു ഈ ലേഖനത്തിൽ. മലനാട്ടിലും ഇടനാട്ടിലും കുട്ടനാട്ടിലും പുനരൈക്യ പരിമളം പരത്തിയ ഇടയൻ. അമ്പത്തൊമ്പത് വർഷത്തെ വൈദിക ജീവിതം, അമ്പത്തിരണ്ട് വർഷത്തെ സജീവ അജപാലന ശുശ്രൂഷ, അധികാരത്തിന്റെ അധീശഭാവമോ ആർഭാടത്തിന്റെ ലാഞ്ചനയോ അശേഷമില്ലാതെ ആടുകളോടൊപ്പം നടന്ന ഇടയൻ. നേരിൽ കണ്ടതും കേട്ടതും കണ്ടുമുട്ടിയവർ പങ്കുവച്ചതും ഔദ്യോഗിക രേഖകളും പ്രസിദ്ധീകൃതവും അപ്രസിദ്ധീകൃതവുമായ ലേഖനങ്ങളും കുറിപ്പുകളും അടിസ്ഥാനമാക്കി വരും തലമുറയ്ക്ക് ഉപകാരപ്പെടുമെന്ന പ്രതീക്ഷയിൽ തയാറാക്കിയതാണീ ലേഖനം. വസ്തുതാപരമായ തെറ്റുകൾ കടന്നു കൂടിയിട്ടുണ്ടെങ്കിൽ തിരുത്തലിനു വിധേയമാണെന്ന മുഖമുഴിയോടെ മുമ്പോട്ടു നീങ്ങാം.

**ആമുഖമായി അയിരൂരിനെക്കുറിച്ച് അല്പം**

പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിന്റെ പടിഞ്ഞാറെ അതിർത്തി ഗ്രാമം–അയിരൂർ. '**ദക്ഷിണഗംഗ**'യെന്നറിയപ്പെടുന്ന പമ്പാനദിയുടെ തീരം ചേർന്നുള്ള ഗ്രാമം. ക്രിസ്തുവർഷാരംഭത്തിൽ തമിഴകത്തിൽപെട്ടിരുന്ന ഗ്രാമം. പുരാതനകാലം മുതൽ ജനവാസമുണ്ടായിരുന്നതായി കരുതപ്പെ



www.malankaralibrary.com

ടുന്ന ഗ്രാമം. ക്രിസ്തബ്ദം 974ലെ ശ്രീ വല്ലഭൻ കോതയുടെ കാലത്തെ '**മാമ്പിള്ളി ശാസന**'ത്തിൽ പരാമർശമുള്ള ഗ്രാമം. തൊൽക്കാപ്പിയത്തിൽ പരാമർശിക്കുന്ന വേണാട്, കുട്ടനാട്, കുടനാട്, പൂഴിനാട്, കർക്കനാട് എന്ന് അഞ്ചു നാടുകളായി തിരിക്കപ്പെട്ടിരുന്നതിൽ കുട്ടനാട്ടിൽ പെട്ടിരുന്ന ഗ്രാമം. കാർത്തികതിരുനാൾ മഹാരാജാവിന്റെ കാലത്ത് തിരുവിതാംകൂറിനെ തെക്കുംമുഖം, വടക്കുംമുഖം, മധ്യമുഖം എന്നിങ്ങനെ വിഭജിച്ച് മണ്ഡപത്തുംവാതുക്കൽ പ്രവൃത്തി എന്നു തിരിച്ചിരുന്നതിൽ തിരുവല്ലാ മണ്ഡപത്തിൽ ഉൾപ്പെട്ടിരുന്ന ഗ്രാമം. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്ത് വേണാടിനോടു ചേർക്കപ്പെട്ടു. രാമയ്യൻ ദളവ ഈ ഗ്രാമത്തെ അയിരൂർ പ്രവൃത്തി എന്നാക്കി തിരിച്ചു. തെക്കുംകൂർ വംശത്തിൽപെട്ട ഒരു യുവരാജാവ് സകുടുംബം ഇവിടെ വന്നു താമസിച്ചു. അവർ താമസിച്ചിരുന്ന സ്ഥലം '**കോയിക്കൽ**' എന്നറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ പിന്മുറക്കാർ '**കോവിലന്മാർ**' എന്ന പേരിൽ ഇവിടെ നാടുവാണിരുന്നു. കോവിലൻമാരുടെ കാലത്ത് അയിരൂരിൽ ക്രിസ്ത്യാനികളുടെ കുടിയേറ്റം ആരംഭിക്കുന്നതായിട്ടാണ് കരുതപ്പെടുന്നത്. വിജ്ഞരും വിവേകികളും വിശ്വസ്തരും വിശുദ്ധരുമായി കരുതപ്പെട്ടിരുന്ന ക്രിസ്ത്യാനികൾക്ക് നദീതീരത്ത് കരമൊഴിവായി ഭൂമി നൽകി താമസിക്കാൻ അനുവദിച്ചിരുന്നു. വാണിജ്യത്തിലും സൈനിക സേവനത്തിലും മുന്നിട്ടു നിന്നിരുന്ന ക്രിസ്ത്യാനികളെ ഭരണാധികാരികൾ പ്രത്യേകം സംരക്ഷിച്ചിരുന്നു. ക്ഷേത്രങ്ങളിലെ പൂജയ്ക്കുള്ള സാധനങ്ങളുടെ ശുദ്ധീകരണത്തിനും ക്രിസ്ത്യാനികളുടെ സാന്നിധ്യം ഭരണാധികാരികളും ക്ഷേത്രാധികാരികളും ആഗ്രഹിച്ചിരുന്നു. ആറന്മുള യുദ്ധത്തിൽ രാമയ്യൻ ദളവായുടെ പടയ്ക്കെതിരെ കോവിലന്മാരുടെ പടയിൽ നേതൃത്വം വഹിച്ചത് ക്രിസ്ത്യാനികളായിരുന്നു.

**പാറമേൽ കുടുംബം**

തോമാശ്ലീഹായിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ച ഒരു ജൂത യുവാവ് ഇതേകാലത്ത് ക്രിസ്തുമതം സ്വീകരിച്ച തൃശൂർ പാറമേൽ ഇല്ലത്തിൽപെട്ട ഒരു ബ്രാഹ്മണ യുവതിയെ വിവാഹം ചെയ്ത്, കുന്നംകുളത്തിനും പാലയൂരിനും മധ്യേയുള്ള **കുത്തൂർ** എന്ന സ്ഥലത്ത് താമസിച്ചു. '**കുത്തൂർപാറമേൽ**' എന്ന് അവരുടെ കുടുംബം അറിയപ്പെട്ടു. ക്രിസ്തുവർഷം എഴുനൂറിനും എണ്ണൂറിനും മധ്യേ ഇസ്ലാം അധിനിവേശകാലത്ത് സുരക്ഷിതത്വം തേടി കുത്തൂർ പാറമേൽ കുടുംബക്കാർ കുന്നംകുളത്തെത്തി മറ്റു ക്രിസ്ത്യാനികളുമൊത്ത് കൂട്ടമായി താമസിച്ച് വ്യാപാരം തൊഴിലായി



www.malankaralibrary.com

സ്വീകരിച്ചു. പതിനാറാം നൂറ്റാണ്ടിൽ കുത്തൂർ പാറമേൽ കുടുംബത്തിൽ നിന്നും ചിലർ കൊച്ചിയിൽ വന്ന് താമസിച്ച് വ്യാപാരം നടത്തിയിരുന്നു. അവിടെ നിന്നും ഒരു വറീത് ഇട്ടിയും ഭാര്യയും മക്കളായ ഇടിച്ചാണ്ടിയും ഗീവർഗീസും കൊല്ലവർഷം തൊള്ളായിരത്തിനോടടുത്ത് **വ്യാപാരത്തിനായി കായംകുളത്ത് എത്തി 'പാറമേൽ' എന്ന കുടുംബപേരിൽ താമസിച്ചു.** അവർ പമ്പാനദിയുടെ തീരപ്രദേശങ്ങളായ ചെങ്ങന്നൂർ, അയിരൂർ, ചെറുകോൽ, കോഴഞ്ചേരി, കാട്ടൂർ, റാന്നി തുടങ്ങിയ പ്രദേശങ്ങളിൽ വള്ളത്തിൽ എത്തി വ്യാപാരം നടത്തിയിരുന്നു. കാട്ടൂർ, ചെറുകോൽ പ്രദേശത്തെ സവർണ ഹിന്ദുക്കൾക്ക് അവരോട് സ്നേഹബഹുമാനം വളർന്നുവന്നു. ഹിന്ദു ക്ഷേത്രങ്ങളിൽ ആവശ്യത്തിനുള്ള തൈലാദി വസ്തുക്കൾ ശുദ്ധീകരിക്കാൻ ക്രിസ്ത്യാനികളെ ആവശ്യമായിരുന്നു. ചെറുകോൽ പ്രദേശത്ത് ക്രിസ്ത്യാനികൾ ഇല്ലാതിരുന്നതിനാൽ അയിരൂർ നിന്നുള്ള ക്രിസ്ത്യാനികളാണ് അവരെ സഹായിച്ചിരുന്നത്. പാറമേൽ ഇട്ടിയോടും കുടുംബത്തോടും തങ്ങളുടെ നാട്ടിൽ വന്ന് താമസിക്കാൻ ചെറുകോൽ കരക്കാർ ആഗ്രഹം അറിയിച്ചു. കായംകുളത്തുനിന്നും പോരാൻ ബുദ്ധിമുട്ടറിയിച്ച ഇട്ടി, മകൻ ഇടിച്ചാണ്ടിയെയും മരുമകളെയും കൊച്ചുമക്കളായ ഇട്ടി, കുര്യൻ, മാത്തുണ്ണി, തോമസ് എന്നിവരെയും ചെറുകോൽ താമസിക്കാൻ അയച്ചു. അവർ 1754-ൽ മാളേക്കുമണ്ണിൽ (അമ്പലത്തറ) താമസമാക്കി. അവിടെ കടപണിത് പലചരക്ക് വ്യാപാരവും ആരംഭിച്ചു. കൊച്ചിയിൽ നിന്നും കായംകുളത്തുനിന്നും സാധനങ്ങൾ പമ്പയുടെ തീരപ്രദേശങ്ങളിൽ എത്തിച്ച് നൽകുകയും മലഞ്ചരക്കുകൾ ശേഖരിച്ച് കായംകുളത്തും കൊച്ചിയിലും എത്തിച്ച് വ്യാപാരം ശക്തിപ്പെടുത്തുകയും ചെയ്തു. ഇടിച്ചാണ്ടിയുടെ മരണശേഷം മൂത്തമകൻ ഇട്ടി കാട്ടൂര് കടക്കേത്ത് തെക്കേലും രണ്ടാമൻ കുര്യൻ പുത്തേത്ത് നെടുമ്പയിലും മൂന്നാമൻ മാത്തുണ്ണി പത്തിപറമ്പിലും നാലാമൻ തോമസ് ഓതറയിലും താമസമാക്കി. കായംകുളത്ത് വന്ന് താമസിച്ച ഇട്ടിയുടെ കനിഷ്ഠപുത്രൻ (ചെറുകോൽ വന്നു താമസിച്ച ഇടിച്ചാണ്ടിയുടെ സഹോദരൻ) ഗീവർഗീസ് കായംകുളത്ത് പാറമേൽ തന്നെ താമസിച്ചു. ഇവർ രണ്ടുപേരുടെയും, അതായത് ചെറുകോൽ വന്നു താമസിച്ച ഇടിച്ചാണ്ടിയുടെയും കായംകുളത്ത് താമസം തുടർന്ന ഗീവർഗീസിന്റെയും സന്തതിപരമ്പരകളാണ് 'പാറമേൽ' കുടുംബമായി ഇന്ന് അറിയപ്പെടുന്നത്.

**നീലംപിലാലിൽ ശാഖാകുടുംബം**

ഓതറ താമസിച്ച തോമസിന്റെ കനിഷ്ഠപുത്രൻ നാലാം തലമുറ



www.malankaralibrary.com

യിൽപെട്ട തോമസ് തോമസിന്റെ ദ്വിതീയ പുത്രൻ അഞ്ചാം തലമുറ യിൽപെട്ട തോമസ് ചാണ്ടിയാണ് ചെറുകോൽ കരയിൽ നിന്നും പമ്പ യുടെ മറുകരയിൽ അയിരൂരിലേക്ക് കുടിയേറി നീലംപിലാലിൽ താമസം ആരംഭിച്ചത്. ഇദ്ദേഹത്തിലാണ് പാറമേൽ കുടുംബത്തിന്റെ ഓതറ ശാഖ യുടെ നീലംപിലാൽ ഉപശാഖ ആരംഭിക്കുന്നത്. തോമസ് ചാണ്ടിയുടെ കനിഷ്ഠപുത്രൻ ആറാം തലമുറയിൽപെട്ട ചാണ്ടി കോരുതിന്റെ മൂത്ത പുത്രൻ ഏഴാം തലമുറയിൽപെട്ട കോരുത് തോമസിന്റെ പ്രഥമപുത്രൻ, എട്ടാം തലമുറയിൽപെട്ട തോമസ് കോരുതിന്റെയും പുളിക്കീഴ് തുണ്ടി യിൽ ഇട്ടിച്ചെറിയായുടെ മകൾ ശോശാമ്മയുടെയും പ്രഥമ ജാതനാണ് നമ്മുടെ കഥാപുരുഷൻ ഫാ. തോമസ് നീലംപിലാലിൽ.

**ജനനവും വിദ്യാഭ്യാസവും**

ജനനം കൊല്ലവർഷം 1091 മീനമാസം 9-ാം തീയതി (AD 22/3/1916). ഇടവമാസം 11-ാം തീയതി ജ്ഞാനസ്നാനം യാക്കോബായ സഭയിൽ; തോമസ് എന്ന് പേര്, കുഞ്ഞ് എന്ന് ഓമനപേര്. ഒരു സഹോദരനും ആറു സഹോദരിമാരും. രണ്ട് സഹോദരിമാർ ബാല്യത്തിലേ നിര്യാതരായി. സഹോദരിമാരിൽ രണ്ടുപേർ സന്യാസിനികൾ; സിസ്റ്റർ സാറാ (സാറാമ്മ) ഹോളിക്രോസ് സമൂഹത്തിലും സിസ്റ്റർ ഡൊറോത്തി (ത്രേസ്യാ) ബഥനി സന്യാസിനി സമൂഹത്തിലും. സഹോദരി മേരിയെ (കുഞ്ഞമ്മ) ആലപ്പുഴ തത്തംപള്ളി ചെമ്മോത്ത് പീറ്ററിന്റെ മകൻ എബ്രഹാമും, അച്ചാമ്മയെ മാവേലിക്കര പ്ലാന്തറയിൽ തോമസിന്റെ മകൻ വർക്കിയും (അമേരിക്ക) വിവാഹം ചെയ്തു. ഏക സഹോദരൻ ചെറിയാൻ ഹാരിസൺ മലയാളം കമ്പനിയിൽ ഫാക്ടറി ഓഫീസർ ആയിരുന്നു. ഭാര്യ കുളത്തൂപ്പുഴ കല്ലട പുത്തൻ ബംഗ്ലാവിൽ ലൂക്കോസ് മുതലാളിയുടെ മകൾ മറിയാമ്മ (അമ്മി ണിക്കുട്ടി) സ്കൂൾ അധ്യാപികയായിരുന്നു, പ്രധാന അധ്യാപികയായി വിരമിച്ചു. ഒരു മകനും ഒരു മകളും. മകൾ റെജിയെ (സൂസൻ) മാവേലി ക്കര പുല്ലാരിമംഗലം താനുവേലിൽ ജോർജ് വർഗീസിന്റെ മകൻ വർഗീസ് ജോൺ (സുനിൽ) വിവാഹം ചെയ്തു. മകൻ ഡോ. സജി ചെറിയാൻ ഇരവിപേരൂരിൽ സ്വന്തമായി "സിയോൻ" ഡന്റൽ ക്ലിനിക് നടത്തുന്നു. ഭാര്യ കൊല്ലാട് മള്ളൂത്തറയിൽ ഡോ. ജോർജ് ഇട്ടിച്ചെറിയയുടെ മകൾ ഡോ. പ്രമീത പുഷ്പഗിരി ഡെന്റൽ കോളജിൽ മൂന്നാം വർഷ എം.ഡി. എസ് വിദ്യാർഥിനിയാണ്. അവർക്ക് ദിവ്യ, ദിയ എന്ന രണ്ട് പുത്രിമാർ. ചെറിയാൻ അയിരൂരിലെ വീടും പുരയിടവും വിറ്റിട്ട് ഇരവിപേരൂരിൽ സകു ടുംബം താമസിക്കുന്നു.



www.malankaralibrary.com

കഥാപുരുഷൻ സ്കൂൾ വിദ്യാഭ്യാസം അയിരൂരിലും കോഴഞ്ചേരിയിലും മാന്നാനത്തുമായി പൂർത്തിയാക്കി. ചങ്ങനാശേരി അതിരൂപതയിലെ വേദ പ്രചാരക ഡയറക്ടർ ബഹു. ഡൊമിനിക് തോട്ടാശേരിൽ അച്ചന്റെയും കർമ്മലീത്താ സന്യാസിമാരുടെയും നേതൃത്വത്തിൽ അയിരൂരിൽ വലിയ പ്രേഷിത പ്രവർത്തനങ്ങൾ നടക്കുന്ന കാലമായിരുന്നു അത്. അയിരൂരിൽ ലൂർദ്ദ് കർമ്മലീത്താ ആശ്രമവും ആശ്രമത്തോടനുബന്ധിച്ച് ഇടവകയും സ്ഥാപിതമായി. പരിശുദ്ധ കത്തോലിക്കാ സഭാസംബന്ധിയായ പ്രസംഗങ്ങളും പഠനങ്ങളും ഗൗരവമായി നടന്നിരുന്ന കാലം. കൗമാര പ്രായക്കാരനായ തോമസും ഇതെല്ലാം സാകൂതം വീക്ഷിക്കുകയും നിരീക്ഷിക്കുകയും ചെയ്തിരുന്നു. ലൂർദ്ദ് ആശ്രമത്തിലെ ബഹു. യൗസേബിയൂസ് അച്ചനുമായി സഭാസംബന്ധിയായ വിഷയങ്ങൾ സംസാരിക്കുകയും തർക്കിക്കുകയും സംശയങ്ങൾ നിവാരണം വരുത്തുകയും തോമസിന്റെ പതിവായിരുന്നു. **ബുദ്ധികൊണ്ട് ബോധ്യമാകാത്ത കാര്യങ്ങൾ അംഗീകരിക്കാൻ തയാറാകാത്ത പ്രകൃതം.** ഈ കാലയളവിൽ തോമസിന്റെ പിതാവ് തോമസ് കോരുത് പരിശുദ്ധ കത്തോലിക്കാ സഭയിൽ ചേർന്നിരുന്നു. എന്നാൽ ഈ വിവരം അദ്ദേഹം ഭാര്യയിൽ നിന്നും മക്കളിൽ നിന്നും പോലും രഹസ്യമായി വച്ചിരുന്നു.

**ധീരമായ പുനരൈക്യം**

1930 സെപ്റ്റംബർ 20-ലെ ചരിത്രപ്രസിദ്ധമായ മലങ്കര പുനരൈക്യത്തെ തുടർന്ന് അയിരൂരിലെ സെന്റ് ജോർജ് ബഥനി പള്ളി കത്തോലിക്കാ പള്ളിയായി മാറി. ഇളവട്ട റ്റി.എസ്. ഫിലിപ്പോസ് കശീശ്ശായും അനേകരും പുനരൈക്യത്തിലൂടെ പരിശുദ്ധ കത്തോലിക്കാ സഭയുടെ മടിയിലെത്തി. ഈ അവസരമെല്ലാം തോമസ് സഭയെക്കുറിച്ച് കൂടുതൽ പഠിച്ചുകൊണ്ടിരുന്നു. 1932 സെപ്റ്റംബർ ആയപ്പോഴേക്കും കൗമാരക്കാരനായ തോമസും കത്തോലിക്കാ സഭയിൽ ചേരുവാൻ തീരുമാനിച്ചു. 1932 സെപ്റ്റംബർ 20ന് തന്റെ ആത്മിക ഗുരുവായ അയിരൂർ കർമ്മലീത്താ ആശ്രമ അധ്യക്ഷൻ ബഹു. യൗസേബിയൂസ് അച്ചന്റെ മുമ്പാകെ സത്യവിശ്വാസം ഏറ്റുപറഞ്ഞ് പരിശുദ്ധ കത്തോലിക്കാ സഭാംഗമായി. പ്രസ്തുത വിവരം അദ്ദേഹം മാതാപിതാക്കളിൽ നിന്നും സഹോദരങ്ങളിൽ നിന്നും തൽക്കാലം മറച്ചുവച്ചു. രണ്ടു വർഷം മുമ്പ് തന്റെ പിതാവ് കത്തോലിക്കാ സഭാംഗമായിരുന്ന രഹസ്യം അറിഞ്ഞതാണ് പുനരൈക്യപ്പെടുവാൻ തോമസിന് ശക്തി പകർന്നത്. കർമ്മലീത്താ വൈദികരുടെ പ്രേരണയാൽ തോമസ് ഹൈസ്കൂൾ വിദ്യാഭ്യാസം മാന്നാനത്താണ്



www.malankaralibrary.com

നടത്തിയത്. ബോർഡിംഗ് വാസം ആത്മീകകാര്യങ്ങളിൽ ശ്രദ്ധിക്കുവാൻ അദ്ദേഹത്തെ കൂടുതൽ സഹായിച്ചു.

**ദൈവവിളി**

മെട്രിക്കുലേഷൻ പരീക്ഷ പ്രശസ്തമായ രീതിയിൽ പാസായ തോമസിന് കത്തോലിക്കാ സഭയിൽ വൈദികനാകാനുള്ള ആഗ്രഹം ഉള്ളിൽ ഉണ്ടായിരുന്നു. ആഗ്രഹം ആരോടും തുറന്നു പറയാൻ സാധിക്കാത്ത അവസ്ഥ. കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടതുതന്നെ ഇഷ്ടപ്പെടാത്ത ബന്ധുക്കളും മിത്രങ്ങളും നാട്ടുകാരും കുടുംബക്കാരും. കുടുംബത്തിലെ മൂത്തപുത്രൻ എന്ന നിലയിൽ കുടുംബഭാരം ഏറ്റെടുത്ത് പിതാവിന് താങ്ങാകേണ്ടവൻ ബ്രഹ്മചാരിയായി കുടുംബം ഉപേക്ഷിച്ച് കത്തോലിക്കാ സഭയിൽ വൈദികനാകാൻ പോകുന്നതിൽ കുടുംബാംഗങ്ങൾക്കുണ്ടാകാവുന്ന എതിർപ്പ്, എല്ലാം തോമസിന്റെ മനസിൽ തെളിഞ്ഞു നിന്നിരുന്നു. ആത്മീക കാര്യങ്ങളിൽ തന്റെ ഉപദേശകനും മാർഗദർശിയും തന്നെ കത്തോലിക്കാ സഭയിലേക്ക് സ്വീകരിച്ചവനുമായ ബഹു. യൗസേബിയൂസ് അച്ചനായിരുന്നു ഏക ആശ്രയം. അച്ചൻ അയിരൂർ ആശ്രമത്തിൽ നിന്നും മാന്നാനം ആശ്രമത്തിന്റെ പ്രിയോരായി സ്ഥലം മാറിപോയിരുന്നു. തോമസ് മാന്നാനത്തെത്തി ബഹു. യൗസേബിയൂസ് അച്ചനെ കണ്ട് തന്റെ ആഗ്രഹം അറിയിച്ചു. അതോടൊപ്പം തന്റെ ആഗ്രഹം അറിയിച്ചുകൊണ്ട് ഒരു കത്ത് പുനരൈക്യപ്പെട്ട് തിരുവല്ലായിൽ ചെറുപുഷ്പഗിരിയിൽ താമസിച്ചിരുന്ന അഭി. യാക്കോബ് മാർ തെയോഫിലോസ് തിരുമേനിക്ക് അയക്കുകയും ചെയ്തു. ബഹു. യൗസേബിയൂസ് അച്ചന്റെ നിർദേശമനുസരിച്ച് തോമസ് തിരുവല്ലായിൽ എത്തി 1934 ഏപ്രിൽ മാസത്തിൽ അഭിവന്ദ്യ മാർ തെയോഫിലോസ് തിരുമേനിയെ സന്ദർശിച്ചു. തോമസിന്റെ കത്ത് കിട്ടിയതനുസരിച്ച് അഭിവന്ദ്യ തിരുമേനി അയിരൂർ ലൂർദ്ദ് ആശ്രമത്തിലെ അന്നത്തെ സുപ്പീരിയർ ബഹു. ഗാസ്പർ അച്ചൻ വഴി വേണ്ട അന്വേഷണങ്ങൾ നടത്തിയിരുന്നു. പ്രഥമ ദൃഷ്ടിയിൽ തന്നെ തോമസിന് തിരുമേനിയെ വളരെ ഇഷ്ടമായി, തിരുമേനിക്ക് തോമസിനെയും. മാർ തെയോഫിലോസ് തിരുമേനിയുടെ മുഖത്തേക്ക് നോക്കി ഇരിക്കുന്നതുതന്നെ ഒരു ദിവ്യ അനുഭവമായിരുന്നുവെന്ന് ബഹു. തോമസ് നീലംപിലാലിൽ അച്ചൻ പറയാറുണ്ടായിരുന്നു. യുവാവായ തോമസിനെ ശ്രദ്ധിച്ച അഭിവന്ദ്യ തിരുമേനി കല്പിച്ചു: "**ദൈവം നമ്മെ വിളിച്ചു നാം നിന്നെയും വിളിച്ചിരിക്കുന്നു**". **ഈ ചെറുവാചകത്തിൽ തോമസിന്റെ വൈദിക ജീവിതത്തിലേക്കുള്ള ദൈവവിളി ഉറപ്പിക്ക**



www.malankaralibrary.com

**പ്പെട്ടു.** തനിക്കു മുമ്പേ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുകയും കത്തോലിക്കാ ദൈവികരെക്കുറിച്ച് വലിയ ബഹുമാനാദരവുകൾ പുലർത്തുകയും ചെയ്തിരുന്ന തന്റെ വത്സല പിതാവിൽ നിന്ന് അനുവാദം വാങ്ങാൻ അധികം ബുദ്ധിമുട്ടേണ്ടിവന്നില്ല. വൈമനസ്യത്തോടെയെങ്കിലും ആദ്യഫലം ദൈവത്തിനു സമർപ്പിക്കുവാൻ അമ്മയും തയാറായി. അയിരൂർ നിന്നുള്ള ആദ്യത്തെ കത്തോലിക്കാ വൈദിക ദൈവവിളി അങ്ങനെ മൊട്ടിട്ടു.

### സെമിനാരി പഠനം

അഭിവന്ദ്യ മാർ തെയോഫിലോസ് തിരുമേനിയുടെ നിർദേശ പ്രകാരം 1934 ജൂൺ 21-ന് തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിലെ പ്രഥമ ബാച്ചിൽ വൈദിക പരിശീലനം ആരംഭിച്ചു. റെക്ടർ ബഹു. മാത്യു പോത്തനാംമൂഴി അച്ചന്റെ (പിന്നീട് കോതമംഗലം രൂപതയുടെ പ്രഥമ ഇടയൻ മാർ മാത്യു പോത്തനാംമൂഴി) ശിക്ഷണത്തിൽ ആധ്യാത്മിക ശിക്ഷണവും ഭാഷാപഠനവും ആരംഭിച്ചു. പ്രതിമാസം ഏഴു രൂപ ഫീസ് നൽകിയായിരുന്നു പഠനം. മൂന്നു രൂപ തെയോഫിലോസ് തിരുമേനി സ്കോളർഷിപ് അനുവദിച്ചു നൽകിയിരുന്നു. രണ്ടാം വർഷം തിരുവല്ലാ ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിൽ റെക്ടർ ഫാ. നോർബർട്ട് TOCDയുടെ ശിക്ഷണത്തിൽ പരിശീലനവും പഠനവും തുടർന്നു. രണ്ടു വർഷത്തെ മൈനർ സെമിനാരി പഠനം പൂർത്തിയാക്കിയ ബ്രദർ തോമസ് തത്വശാസ്ത്ര പഠനത്തിനായി 1936 ജൂണിൽ ആലുവാ മംഗലപ്പുഴ സെന്റ് ജോസഫ് അപ്പസ്തോലിക് സെമിനാരിയിൽ ചേർന്നു. ബാല്യകാലം മുതൽ കർമ്മലീത്താ സന്യാസ വൈദികരുമായി ഉണ്ടായിരുന്ന അടുപ്പം മൂലം കർമ്മലീത്താ ഒന്നാം സഭയിലെ സന്യാസ വൈദികർ നടത്തിയിരുന്ന സെമിനാരിയിലേക്കുള്ള പ്രവേശനം അദ്ദേഹത്തിന് ഏറെ സന്തോഷകരമായിരുന്നു. പുനരൈക്യത്തിന്റെ പുത്രനായ ബ്രദർ തോമസിനോട് സെമിനാരി അധ്യാപകരായിരുന്ന സ്പെയിൻകാരായ കർമ്മലീത്താ മിഷനറിമാർക്ക് വലിയ താല്പര്യവുമായിരുന്നു. പുനരൈക്യ പ്രവർത്തനങ്ങളുടെ കേന്ദ്രമായിരുന്ന അയിരൂരിൽ പ്രവർത്തിച്ചിരുന്ന സെന്റ് തോമസ് കാത്തലിക് അക്കാദമി തയാറാക്കിയിരുന്ന പുസ്തകങ്ങളും ലഘുലേഖകളും അച്ചടിച്ച് പ്രസിദ്ധീകരിക്കുവാൻ സെമിനാരിയിൽ പ്രവർത്തിച്ചിരുന്ന എസ്.എച്ച് ലീഗ് പ്രസിദ്ധീകരണ ശാലയുമായി ബന്ധപ്പെടുന്ന ഒരു കണ്ണിയായും ബ്രദർ തോമസ് പ്രവർത്തിച്ചിരുന്നു. കൗമാരപ്രായം മുതൽ കർമ്മലീത്താ വൈദികരുമായി സഭാവിഷയങ്ങളിൽ ചർച്ചകളും വാദങ്ങളും നടത്തിയിരുന്ന സ്വതന്ത്ര ചിന്താഗതിക്കാര



www.malankaralibrary.com

നായ ബ്രദർ തോമസ് സെമിനാരിയിലും അധ്യാപകരോട് വിശദീകര ണങ്ങൾ തേടുന്നതിലും സംവദിക്കുന്നതിലും കാണിച്ചിരുന്ന സ്വാതന്ത്ര്യം സഹപാഠികൾക്ക് അത്ഭുതമായിരുന്നു. തത്വശാസ്ത്ര പഠനം ബ്രദർ തോമ സിനെ കൂടുതൽ കാര്യകാരണ സഹിതം വിഷയങ്ങൾ അവതരിപ്പിക്കു ന്നതിന് പ്രാപ്തനാക്കി.

മൂന്നു വർഷത്തെ തത്വശാസ്ത്ര പഠനം പൂർത്തിയാക്കിയ ബ്രദർ തോമ സിനെ രൂപതയുടെ പുതിയ ചുമതലക്കാരനായി നിയമിതനായ അഭി വന്ദ്യ ജോസഫ് മാർ സേവേറിയോസ് തിരുമേനി 1939ൽ ശ്രീലങ്കയിലെ കാൻഡി പേപ്പൽ സെമിനാരിയിലേക്ക് ദൈവശാസ്ത്ര പഠനത്തിന് അയച്ചു. സ്വതന്ത്ര ചിന്താഗതിക്കാരനായിരുന്ന ബ്രദർ തോമസിന് പുരോ ഗമന ചിന്താഗതിക്കാരായ ഈശോസഭാ സന്യാസികളുടെ കീഴിലുള്ള പഠനവും പരിശീലനവും വളരെ താല്പര്യമായി. ദൈവശാസ്ത്ര വിഷ യങ്ങളും സഭാചരിത്രവും വിമർശന വിശകലനവിധേയമാക്കി പഠിച്ച് ഹൃദി സ്ഥമാക്കാൻ നാലു വർഷത്തെ പഠനം സഹായിച്ചു. ലത്തീൻ ഭാഷയിലു ണ്ടായിരുന്ന പ്രാവീണ്യവും വിഷയങ്ങളെ വിശകലനം ചെയ്യുവാനുള്ള കഴിവും ബ്രദർ തോമസിനെ അധ്യാപകരുടെ പ്രിയ ശിഷ്യനാക്കിയിരുന്നു.

**വൈദികാഭിഷേകവും പ്രഥമ ദിവ്യബലിയും**

ദൈവശാസ്ത്ര പഠനവും വൈദിക പരിശീലനവും വിജയകരമായി പൂർത്തിയാക്കിയ ബഹു. തോമസ് നീലംപിലാലിൽ ശെമ്മാശൻ കാൻഡി രൂപതാധ്യക്ഷൻ അഭിവന്ദ്യ ബർനാഡ് റെങ്കോ തിരുമേനിയിൽ നിന്ന് സെമിനാരി ചാപ്പലിൽ വച്ച് 1944 ഓഗസ്റ്റ് 24-ാം തീയതി വൈദികാഭി ഷേകം സ്വീകരിച്ചു. പിറ്റേ ദിവസം സെമിനാരി ചാപ്പലിൽ പ്രഥമദിവ്യബ ലിയും അർപ്പിച്ചു. തുടർന്നുള്ള മാസങ്ങളിൽ അജപാലന ദൈവശാസ്ത്രം സംബന്ധിച്ച പ്രായോഗിക പരിശീലനവും സമാപന പരീക്ഷകളും വിജ യകരമായി പൂർത്തിയാക്കി ദൈവശാസ്ത്രത്തിൽ ലൈസൻഷിയേറ്റ് (ബിരു ദാനന്തര ബിരുദം) കരസ്ഥമാക്കി 1944 ഡിസംബർ മാസത്തിൽ തിരുവ ല്ലായിൽ മടങ്ങിയെത്തി. മാതൃ ഇടവകയായ അയിരൂർ സെന്റ് പാട്രിക്സ് ഇടവക ദൈവാലയത്തിൽ നവപൂജാർപ്പണം നടത്തി. ഇടവകയിലെ പ്രഥമ വൈദികന് ഇടവകസമൂഹം അനുമോദനങ്ങൾ അർപ്പിച്ചുകൊണ്ട് മംഗള പത്രം സമർപ്പിച്ചു.

**അജപാലന വേദിയിലേക്ക്**

അജപാലന ശുശ്രൂഷയുടെ ആരംഭത്തിൽ തച്ചമം ഇടവകയിൽ ചുമ



www.malankaralibrary.com

തലക്കാരനായതിനോടൊപ്പം സമീപ ഇടവകകളിൽ സഹായിയായും ഓടിയെത്തിയിരുന്നു (1944-45). ഊർജസ്വലനും തീക്ഷ്ണമതിയുമായ യുവവൈദികനെ സർവകലാശാല ബിരുദം നേടുവാനായി 1946ൽ അധ്യയനവർഷാരംഭത്തിൽ രൂപതാധ്യക്ഷൻ മദ്രാസിലെ ലയോളാ കോളജിലേക്ക് അയച്ചു. ബുദ്ധിരാക്ഷസന്മാരും സാമൂഹിക പ്രതിബദ്ധതയുടെ പര്യായങ്ങളുമായ ഈശോസഭാ വൈദികർ നടത്തിയിരുന്ന കോളജിലെ പഠനം ബഹു. തോമസ് നീലംപിലാലിൽ അച്ചനിലെ സാമൂഹ്യ വീക്ഷണത്തെ വിശാലമാക്കുവാൻ സഹായിച്ചു. ഭൗതികശാസ്ത്ര സാഹിത്യ വിഷയങ്ങളിലെ ബിരുദ സമ്പാദനത്തെക്കാൾ പുനരൈക്യ പ്രേഷിത താല്പര്യമായിരുന്നു അദ്ദേഹത്തിൽ മുന്നിട്ടു നിന്നിരുന്നത്. പുനരൈക്യ പ്രേഷിത മേഖലയിലെ വൈദികരുടെ വൈരള്യം പഠനകാലയളവ് പൂർത്തിയാക്കുന്നതിനു മുമ്പ് മടങ്ങി വരുവാൻ അദ്ദേഹത്തെ നിർബന്ധിതനാക്കി. പഠനം പകുതി വഴിയിൽ ഉപേക്ഷിക്കേണ്ടി വന്നെങ്കിലും പരിഭവം ലവലേശമില്ലാതെ അരയും തലയും മുറുക്കി അദ്ദേഹം പുനരൈക്യ പ്രേഷിത വയലിലേക്കിറങ്ങി. ആരംഭകാല മിഷൻ കേന്ദ്രങ്ങളിലെല്ലാം ശുശ്രൂഷകനായി അദ്ദേഹം ഓടിയെത്തുമായിരുന്നു.

കോട്ടയം പട്ടണമധ്യത്തിൽ 1945 ഓഗസ്റ്റ് 21-ന് ഒളശ പുളിയ്ക്കപ്പറമ്പിൽ ശ്രീ. വർഗീസ് ജോർജിൽ നിന്നും രൂപതയ്ക്കുവേണ്ടി മാർ സേവേറിയോസ് തിരുമേനി വിലയക്കുവാങ്ങിയിരുന്ന സ്ഥലത്ത് ഉണ്ടായിരുന്ന '**പീസ് ഹോം**' ആയിരുന്നു അദ്ദേഹത്തിന്റെ അടുത്ത മിഷൻ പ്രവർത്തന കേന്ദ്രം. രൂപത വാങ്ങുന്നതിനു മുമ്പ് പട്ടാളക്കാരുടെ ഉപയോഗത്തിലായിരുന്ന ഈ സ്ഥലത്താണ് ഇപ്പോൾ പുത്തനങ്ങാടി മാർ തെയോഫിലോസ് സ്നേഹഭവനും സെന്റ് തോമസ് അജപാലന കേന്ദ്രവും പ്രവർത്തിക്കുന്നത്. സ്ഥലം സുരക്ഷിതമാകുന്നതിനും അവിടം കേന്ദ്രമാക്കി പുനരൈക്യപ്രേഷിത ശുശ്രൂഷ ശക്തമാക്കുന്നതിനും 1947 മുതൽ 1950 വരെ അദ്ദേഹം അധ്വാനിച്ചു. സി.എസ്.ഐ സഭയുടെ ശക്തികേന്ദ്രവും ഓർത്തഡോക്സ് സഭയുടെ ഭരണകേന്ദ്രവുമായിരുന്ന കോട്ടയം പട്ടണത്തിൽ പുനരൈക്യ പ്രവർത്തനങ്ങൾക്ക് ശക്തമായ മുന്നേറ്റം നടത്തുവാൻ സാധിച്ചില്ല. എങ്കിലും വിവിധ സഭകളിലെ ബഹു. വൈദികരുമായും നേതാക്കന്മാരുമായും ഊഷ്മളമായ ബന്ധം സ്ഥാപിക്കുവാൻ പുത്തനങ്ങാടി കേന്ദ്രമാക്കിയുള്ള പ്രവർത്തനങ്ങൾകൊണ്ട് ബഹു. തോമസ് നീലംപിലാലിൽ അച്ചനു സാധിച്ചു. പുനരൈക്യ പ്രവർത്തനങ്ങളെ ശത്രുതയോടെ വീക്ഷിച്ചിരുന്നവരുടെ ഇടയിലേക്കു പുഞ്ചിരിയോടെ കടന്നു ചെല്ലാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. ഈ സ്വഭാവ



www.malankaralibrary.com

വിശേഷം പൗരോഹിത്യ ശുശ്രൂഷാ കാലങ്ങളിലെല്ലാം, കടന്നു ചെന്നിരുന്ന എല്ലാ സ്ഥലങ്ങളിലും അദ്ദേഹത്തെ സകലർക്കും സ്വീകാര്യനും ആദരണീയനുമാക്കിയിരുന്നു.

പുനരൈക്യ സംഭവത്തിനു മുമ്പ് ബഹു. ഡൊമനിക് തോട്ടാശേരിൽ അച്ചന്റെ വേദപ്രചാര പ്രവർത്തനഫലമായി 1928ൽ ചങ്ങനാശേരി അതിരൂപതയിലെ ഇടവകയായി രൂപപ്പെട്ടതും പിന്നീട് തിരുവല്ലാ രൂപതയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടതുമായ മാരാമൺ ഇടവകയുടെയും 1939-ൽ സ്ഥാപിക്കപ്പെട്ട കുറിയന്നൂർ ഇടവകയുടെയും ഇടയനായിട്ടായിരുന്നു അദ്ദേഹത്തിന്റെ അടുത്ത നിയമനം. തന്റെ ജന്മഗ്രാമമായ അയിരൂരിനടുത്തുള്ള പ്രദേശങ്ങളിലെ ശുശ്രൂഷ അദ്ദേഹം നന്നേ താല്പര്യപ്പെട്ടിരുന്നു. 1950 മുതൽ 1953 ജനുവരി വരെ അവിടെ ശുശ്രൂഷ തുടർന്നു. അടുത്ത മൂന്നു വർഷത്തെ ഇടയ ശുശ്രൂഷ 1953 ഫെബ്രുവരി മുതൽ 1956 ഫെബ്രുവരി വരെ പനയമ്പാല ഇടവകയിലായിരുന്നു. മാർ സേവേറിയോസ് മെത്രാപ്പോലീത്തയുടെ ജന്മനാടിന് (ആനിക്കാട്) സമീപത്തുള്ള ഇടവകയിലേക്ക് ബഹു. നീലംപിലാലിൽ അച്ചനെ നിയമിച്ചതിൽ തിരുമേനിക്ക് പ്രത്യേക താല്പര്യമുണ്ടായിരുന്നു. പുനരൈക്യ സാധ്യത ഏറെയുള്ള സ്ഥലത്ത് തീക്ഷ്ണനായ യുവവൈദികൻ. നാട്ടുപ്രമാണിയും പുനരൈക്യ അല്മായ പ്രേഷിതനുമായിരുന്ന പീലിക്കുഴി കുഞ്ഞച്ചന്റെയും മറ്റ് അല്മായ പ്രവർത്തകരുടെയും സഹകരണം അനേകരെ പുനരൈക്യ വീഥിയിലേക്ക് നയിക്കുവാൻ അദ്ദേഹത്തെ സഹായിച്ചു. അടുത്ത ഇടയ ശുശ്രൂഷയുടെ ഇടം ഹൈറേഞ്ച് പ്രദേശമായിരുന്നു. 1956-ൽ പുനരൈക്യ പ്രേഷിതനായി മലകയറിയ അദ്ദേഹം1964 ജൂണിലാണ് വീണ്ടും താഴ്വാരത്തിലേക്കിറങ്ങിയത്. ഹൈറേഞ്ചിന്റെ മണ്ണിൽ പുനരൈക്യ ശുശ്രൂഷയുടെ അടിസ്ഥാനം ആഴത്തിൽ ഉറപ്പിക്കപ്പെട്ട എട്ടു വർഷങ്ങൾ.

### ഹൈറേഞ്ച് കുടിയേറ്റ പശ്ചാത്തലം

കേരളത്തിലെ കുടിയേറ്റത്തിന്റെ ചരിത്രം വളരെ നീണ്ടതാണ്. കേരളത്തിലെ ആധുനിക കുടിയേറ്റത്തിന്റെ തുടക്കം 1918-ൽ ആണ്. ഹൈറേഞ്ചിലേക്കും മലബാറിലേക്കും ഒന്നാം ലോകമഹായുദ്ധത്തിന്റെ പരിണിതഫലമായി ഈ കുടിയേറ്റ തുടക്കത്തെ കരുതുന്നതിൽ തെറ്റില്ല. രണ്ടാം ലോകമഹായുദ്ധം കൂടി വന്നപ്പോഴേക്കും കുടിയേറ്റത്തിന്റെ വേഗത വർധിച്ചു. ദാരിദ്ര്യത്തെ തുടർന്ന് ആളുകൾ നാടുവിടാനും സൗജന്യമായോ വിലക്കുറവിലോ ഭൂമി ലഭിക്കുന്നിടത്തേക്ക് പോകാനും തയാറായി. ജനങ്ങളുടെ പട്ടിണി മാറ്റാൻ മറ്റു മാർഗമൊന്നും കാണാനില്ലാതിരുന്നതി


www.malankaralibrary.com

നാൽ സർക്കാരും കുടിയേറ്റത്തെ പ്രോത്സാഹിപ്പിച്ചു. 1942 മുതൽ സർക്കാർ പ്രത്യേക പദ്ധതികൾ തയാറാക്കി പ്രോത്സാഹനത്തിന്റെ വേഗത കൂട്ടി. ജീവിതനിലവാരത്തിലുണ്ടായ പുരോഗതി കൂടുതൽ സമ്പാദിക്കുവാനുള്ള അഭിവാഞ്ഛ സാധാരണക്കാരിലുളവാക്കി. ഇതുകാരണം മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ തേടിയും കുടിയേറ്റങ്ങൾ ഉണ്ടായി.

സർക്കാരിന്റെ ഹൈറേഞ്ച് കുടിയേറ്റ പ്രോത്സാഹനത്തിന് രാഷ്ട്രീയ കാരണങ്ങളും ഉണ്ടായിരുന്നു. ബ്രിട്ടീഷുകാരുടെ കാലം മുതൽ തോട്ടങ്ങളിലെ പണികൾക്കായി തമിഴ്നാട്ടുകാർ ഹൈറേഞ്ചിലേക്ക് എത്തിത്തുടങ്ങിയിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഹൈറേഞ്ചിന്റെ അതിർത്തി പ്രദേശങ്ങളിൽ ഇവരുടെ സ്വാധീനം വർധിച്ചു. തിരുവിതാംകൂർ ദിവാനും തമിഴ്നാട്ടുകാരനുമായിരുന്ന കൃഷ്ണസ്വാമിറാവു പട്ടയം നൽകി തമിഴരെ ഹൈറേഞ്ചിൽ സ്ഥിരതാമസത്തിനു പ്രേരിപ്പിക്കുകയും ചെയ്തു. പീരുമേട്, ദേവികുളം മേഖലകൾ തമിഴ്നാടിനോടു ചേർക്കണമെന്ന ആവശ്യവും ആ സമയത്ത് ഉയർന്നു തുടങ്ങി. തിരു-കൊച്ചി മുഖ്യമന്ത്രിയായിരുന്ന ശ്രീ. പട്ടം താണുപിള്ള അപകടം തിരിച്ചറിഞ്ഞു. അതിർത്തി പ്രദേശങ്ങളിൽ മലയാളി കോളനികൾ സ്ഥാപിക്കാൻ നടപടികൾ ആരംഭിച്ചു. അങ്ങനെ 1955-ൽ "**ഹൈറേഞ്ച് കോളണൈസേഷൻ സ്കീം**" എന്ന പേരിൽ കല്ലാർ, കാന്തല്ലൂർ, മറയൂർ, കൊട്ടക്കാമ്പൂർ, വട്ടവട എന്നീ സ്ഥലങ്ങളിൽ മലയാളികളുടെ കുടിയേറ്റം പ്രോത്സാഹിപ്പിച്ച് കോളനികൾ സ്ഥാപിച്ചു. പത്രപരസ്യങ്ങൾ നൽകിയും സർക്കാർ കുടിയേറ്റക്കാരെ ആകർഷിച്ചു. 7326 ഏക്കർ ഭൂമി 'കോളണൈസേഷൻ സ്കീം' പ്രകാരം നൽകി. 1938-40 കാലത്ത് പള്ളിവാസൽ പദ്ധതിയുടെ നിർമാണത്തിനെത്തിയവരും 1963-69 കാലത്ത് ഇടുക്കി അണക്കെട്ടിന്റെ നിർമാണത്തിനെത്തിയവരും ഈ പ്രദേശത്ത് കുടിയേറിയിട്ടുണ്ട്.

ലോകമഹായുദ്ധകാലത്തെ കടുത്ത ഭക്ഷ്യക്ഷാമം നേരിടാൻ **'ഗ്രോമോർ ഫുഡ്' പദ്ധതി പ്രകാരം കൃഷി ചെയ്യാൻ താല്പര്യമുള്ളവരെ സർക്കാർ ഹൈറേഞ്ചിലേക്ക് ആകർഷിച്ചു. ഹൈറേഞ്ച് തമിഴ് ഭൂരിപക്ഷ പ്രദേശമായി തമിഴ്നാടിനോടു ചേർക്കാതിരിക്കാൻ 'ഹൈറേഞ്ച് കൊളോണൈസേഷൻ സ്കീം' നടപ്പാക്കി അതിർത്തികളിൽ മലയാളി കുടുംബങ്ങളെ കുടിയിരുത്തി. പട്ടിണികൊണ്ടു വലഞ്ഞ കർഷകർ മലനാടുകളിലേക്ക് കയറിയതിന്റെ മുഖ്യകാരണം ഇവയായിരുന്നു.**

മണ്ണിൽ അധ്വാനിക്കുവാനും വിയർപ്പൊഴുക്കുവാനും മനസുണ്ടായിരു



www.malankaralibrary.com

ന്നവർ വസ്തുവകകളൊക്കെ വിറ്റുപെറുക്കി കഷ്ടനഷ്ടങ്ങളൊന്നും വകവയ്ക്കാതെ ഇറങ്ങിത്തിരിച്ചതിന്റെയും സാധാരണക്കാർ നേരിടാൻ ധൈര്യപ്പെടാത്ത പ്രതിസന്ധികളെ അതിജീവിക്കാൻ ശ്രമിച്ചതിന്റെയും ഇതിഹാസമാണ് ഹൈറേഞ്ച് കുടിയേറ്റം. അവരുടെ അധ്വാനവും ത്യാഗങ്ങളും സ്വന്തം നിലനില്പിനുവേണ്ടി മാത്രമായിരുന്നില്ല. കേരള സമൂഹത്തെ തീറ്റിപ്പോറ്റാനായിരുന്നു, ഭരണകർത്താക്കൾ പ്രോത്സാഹനവും നൽകി. **ഹൈറേഞ്ചിന്റെ വികസനത്തിന് അടിസ്ഥാനമിട്ടവരാണീ കുടിയേറ്റക്കാർ. അന്നു കുടിയേറ്റം നടന്നില്ലായിരുന്നെങ്കിൽ ഒരുപക്ഷേ ഹൈറേഞ്ച് ഇപ്പോൾ തമിഴ്നാടിന്റെ ഭാഗമായിരുന്നേനെ.** ചുരുക്കത്തിൽ ഹൈറേഞ്ച് കുടിയേറ്റം ചരിത്രത്തിലെ അനിവാര്യതയായിരുന്നു.

**അധ്വാനശീലരായ സുറിയാനി ക്രിസ്ത്യാനികൾ കുടിയേറ്റത്തിനും മുന്നിൽ**

സുറിയാനി ക്രിസ്ത്യാനികളാണ് കൂടുതൽ കുടിയേറിയത്. അത് അവർ ക്രിസ്ത്യാനികളായതുകൊണ്ടല്ല, അവർ അധ്വാനശീലരായതുകൊണ്ടാണ്. അവരെ അധ്വാന ശീലരാക്കിയതിൽ ക്രൈസ്തവദർശനം കാരണമായിട്ടുണ്ടാകാം. കുടിയേറിയ ക്രിസ്ത്യാനികളുടെ മതതീക്ഷ്ണതയും ആധ്യാത്മിക അടിത്തറയും പള്ളികളുടെ രൂപീകരണത്തിനും വൈദികരുടെയും സമർപ്പിതരുടെയും കടന്നുവരവിനും ഇടയാക്കി. വൈദികരുടെ നേതൃത്വവും സന്യസ്തരുടെ സമർപ്പണവും വിശ്വാസ സമൂഹത്തിന്റെ കൂട്ടായ്മയും പൊതുസമൂഹത്തിന്റെ സഹകരണവും ഒത്തുചേർന്നപ്പോൾ പള്ളികളും പള്ളിക്കൂടങ്ങളും ആതുരാലയങ്ങളും റോഡുകളും പാലങ്ങളും നാട്ടിൽ വികസനവും വേഗത്തിൽ കടന്നുവന്നു. **നേതൃത്വവും സമർപ്പണവും കൂട്ടായ്മയും സഹകരണവും ഉള്ളിടത്ത് വികസനവും വളർച്ചയും വേഗത്തിലുണ്ടാകുമെന്നതിന് ഹൈറേഞ്ചിലെ സുറിയാനി ക്രിസ്ത്യാനികളുടെ ജീവിതം തെളിവായി.**

ഹൈറേഞ്ചിലേക്ക് കുടിയേറിയ ക്രിസ്ത്യാനികളിൽ ബഹുഭൂരിപക്ഷവും സുറിയാനി കത്തോലിക്കർ ആയിരുന്നു. അതിന്റെ കാരണം ലളിതമാണ്. അവരാണ് അധ്വാനിക്കുവാൻ തയാറായിരുന്നവർ. ശ്രീ. എസ്.കെ. പൊറ്റക്കാട് തന്റെ സഞ്ചാര സാഹിത്യ ഗ്രന്ഥത്തിൽ തിരുവിതാംകൂറിലെ സുറിയാനി കത്തോലിക്കരുടെ അധ്വാനശീലത്തെക്കുറിച്ച് പറയുന്നുണ്ട്. '**ലോകത്തിലെ ഏറ്റവും വലിയ അധ്വാനശീലരാണ് ജപ്പാൻകാർ, തിരുവിതാംകൂറിലെ സുറിയാനി കത്തോലിക്കരെ ഒഴിച്ച്**' എന്നാണ് അദ്ദേഹത്തിന്റെ വിലയിരുത്തൽ. അധ്വാനശീലർ കൂടുതലായി കുടിയേറിയ



www.malankaralibrary.com

തിൽ അത്ഭുതപ്പെടേണ്ടതില്ല. പുത്തൻകൂർ സമൂഹത്തിൽപെട്ട ക്രിസ്ത്യാനികളും ഹൈറേഞ്ച് കുടിയേറ്റത്തിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ, അവരുടെ സംഖ്യ താരതമ്യേന കുറവായിരുന്നു. സുറിയാനി കത്തോലിക്കാ സമൂഹം പള്ളികൾ സ്ഥാപിക്കുകയും തങ്ങളുടെ വൈദികരുടെ നേതൃത്വത്തിൽ ശക്തിപ്പെടുകയും ചെയ്യുന്നത് കണ്ട പുത്തൻകൂർ സമൂഹവും ആരാധനാ കേന്ദ്രങ്ങൾ വേണമെന്നും വൈദികരുടെ സാന്നിധ്യം വേണമെന്നും ആഗ്രഹിച്ചു. കുടിയേറ്റക്കാരിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭാംഗങ്ങൾ തുലോം തുച്ഛമായിരുന്നെങ്കിലും യാക്കോബായ, മാർത്തോമ്മ സഭാവിശ്വാസികൾ കുറെയൊക്കെ ഉണ്ടായിരുന്നു. അവർക്കും പള്ളികളും പട്ടക്കാരുമില്ലായിരുന്നു.

### പുനരൈക്യ ദൂത് ഹൈറേഞ്ചിലേക്ക്

കുടിയേറ്റക്കാരായ പുത്തൻകൂറ്റുകാർ പള്ളികൾക്കും വൈദികർക്കും വേണ്ടി ഒരു അപേക്ഷ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അന്നത്തെ മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ് അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിനും തിരുവല്ലാ രൂപതയുടെ അഭിനവ അധ്യക്ഷൻ അഭി. സഖറിയാസ് മാർ അത്തനാസിയോസ് പിതാവിനും സമർപ്പിച്ചിരുന്നു. വൈദികരുടെ വിരളതയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലുള്ള വിഭവശേഷിക്കുറവും മൂലം വേണ്ടത്ര വേഗത്തിൽ പ്രതികരിക്കുവാൻ പിതാക്കന്മാർക്ക് സാധിച്ചില്ല. അഭിവന്ദ്യ മാർ അത്തനാസിയോസ് പിതാവിന്റെ പിതൃഹൃദയം ഹൈറേഞ്ചിലെ ഇടയനില്ലാത്ത ആടുകളെക്കുറിച്ച് വേദനിച്ചുകൊണ്ടിരുന്നു. അഭിവന്ദ്യ മാർ അത്തനാസിയോസ് പിതാവിന്റെ നിർദ്ദേശമനുസരിച്ച് ബഹു. സക്കറിയാസ് ഐരാറ്റപ്പടവിൽ അച്ചൻ, ബഹു. തോമസ് നീലംപിലാലിൽ അച്ചനെയും കൂട്ടി ഹൈറേഞ്ചിൽ ഒരു മിഷൻ പഠനയാത്ര നടത്തി റിപ്പോർട്ട് സമർപ്പിച്ചു. **ആദർശധീരതയും അധ്വാന താല്പര്യവും പുനരൈക്യ തീക്ഷ്ണതയും പാവപ്പെട്ടവരോടു ദീനാനുകമ്പയും മിഷനറി താല്പര്യവും ജ്വലിച്ചു നിന്നിരുന്ന ബഹു. തോമസ് നീലംപിലാലിൽ അച്ചനിലേക്ക് അഭി. അത്തനാസിയോസ് പിതാവിന്റെ മനസ് തിരിഞ്ഞു. പനയമ്പാല പള്ളി**യുടെ വികാരിയായിരുന്ന ബഹു. അച്ചനെ ഇടയ്ക്കൊക്കെ പുനരൈക്യ പശ്ചാത്തലമൊരുക്കാൻ ഹൈറേഞ്ചിൽ പോയി മിഷൻ പ്രവർത്തനങ്ങൾക്ക് വന്ദ്യപിതാവ് ചുമതലപ്പെടുത്തി. അഞ്ചു പ്രാവശ്യം അദ്ദേഹം ഹൈറേഞ്ചിൽ പ്രേഷിത യാത്ര നടത്തി സാധ്യതകൾ പഠിച്ചു.



www.malankaralibrary.com

**ആദ്യമിഷനറിമാർ പുരയ്ക്കലച്ചനും നീലംപിലാലിലച്ചനും**

നിരണം സ്വദേശി പുനരൈക്യത്തിലൂടെ കത്തോലിക്കാ സഭയിലേക്ക് കടന്നുവന്ന തീക്ഷ്ണനായ ബഹു. ജോർജ് പുരയ്ക്കൽ അച്ചനും ഈ കാലയളവിൽ ഹൈറേഞ്ചിലേക്ക് കടന്നു ചെന്നിരുന്നു. ബഹു. പുരയ്ക്കൽ അച്ചന്റെ സഹോദരൻ ഹൈറേഞ്ചിലെ കാപ്പിപ്പതാൽ എന്ന സ്ഥലത്തേക്ക് കുടിയേറിയിരുന്നു. സഹോദരനെ സന്ദർശിക്കാൻ കാപ്പിപ്പതാലിൽ പോകാനിടയായതാണ് അവിടെ പുനരൈക്യ പ്രേഷിത ശുശ്രൂഷയുടെ ആവശ്യം അദ്ദേഹത്തിൽ ഉളവാക്കിയത്. അദ്ദേഹത്തിന്റെ കഠിനാധ്വാനത്തിന്റെയും സമർപ്പണത്തിന്റെയും ഫലമാണ് ഇന്നത്തെ കാപ്പിപ്പതാൽ (1956), വളകോട് (കോതപാറ-1958) ഇടവകകൾ. രണ്ട് ഇടവകകളും തന്റെ സ്വർഗീയ മധ്യസ്ഥനായ വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിലാണ് അദ്ദേഹം സ്ഥാപിച്ചത്. ഹൈറേഞ്ചിലെ മലങ്കര പ്രേഷിത ശുശ്രൂഷയുടെ തലതൊട്ടപ്പനായ അദ്ദേഹത്തിന് ആരോഗ്യപരമായ കാരണങ്ങളാൽ കൂടുതൽ നാൾ ഹൈറേഞ്ചിൽ ശുശ്രൂഷയിൽ തുടരാൻ സാധിച്ചില്ല. അത് ഹൈറേഞ്ചിന്റെ ഒരു തീരാനഷ്ടമായി ഇന്നും നിലനിൽക്കുന്നു. പനയമ്പാല ഇടവകയിലെ ചുമതല നിറവേറ്റിക്കൊണ്ടുതന്നെ ബഹു. നീലംപിലാലിൽ അച്ചൻ ഇടയ്ക്കൊക്കെ ഹൈറേഞ്ചിൽ പോകുകയും കുടിയേറ്റക്കാരുടെ ബുദ്ധിമുട്ടുകൾ മനസിലാക്കുകയും ചെയ്തു. സന്ദർശനവേളകളിൽ കുമളി, നെറ്റിത്തൊഴു, ചക്കുപള്ളം, അണക്കര, രാമക്കൽമേട്, കൂട്ടാർ തുടങ്ങിയ സ്ഥലങ്ങളിൽ പ്രാർത്ഥനാകൂട്ടായ്മകൾ രൂപപ്പെടുത്തുകയും സൗകര്യപ്രദമായ ചില സ്ഥലങ്ങളിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തിരുന്നു. ഇത് ആൾക്കാരിൽ വലിയ ആവേശം ഉളവാക്കി. വിവരങ്ങൾ അദ്ദേഹം യഥാസമയം അഭിവന്ദ്യ പിതാവിനെയും അറിയിച്ചുകൊണ്ടിരുന്നു. പനയമ്പാലനിന്നും വല്ലപ്പോഴും മാത്രം പോയുള്ള പ്രവർത്തനത്തിന്റെ പ്രായോഗിക ബുദ്ധിമുട്ടുകളും ഹൈറേഞ്ചിൽ സ്ഥിരമായി താമസിച്ചുകൊണ്ടുള്ള പ്രവർത്തനം ഉണ്ടാക്കാവുന്ന നന്മകളും അദ്ദേഹം അഭിവന്ദ്യ തിരുമേനിയുമായി പങ്കുവച്ചു.

**ഐതിഹാസിക കാടുകയറ്റം**

പനയമ്പാല ഇടവകയുടെ ചുമതലയിൽ നിന്ന് വിടുതൽ വാങ്ങി 1956 ഫെബ്രുവരിയിൽ അദ്ദേഹം ഹൈറേഞ്ചിലേക്ക് പോയി, കാട് കയറി എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. വിമോചന ദൈവശാസ്ത്രം ശക്തിപ്പെടുന്നതിന് വർഷങ്ങൾക്കു മുമ്പ്, പാവപ്പെട്ടവനോടുള്ള പക്ഷം ചേരലെന്ന് നാഴികയ്ക്ക് നാല്പതുവട്ടം മലയാളികൾ പറയാൻ തുടങ്ങുന്ന



www.malankaralibrary.com

തിനു മുമ്പ്, പാർശ്വവത്കരിക്കപ്പെട്ടവരുടെയും പതിതരുടെയും അവകാശങ്ങളെന്നൊക്കെ പ്രാസമൊപ്പിച്ച പള്ളി പ്രസംഗങ്ങൾ കേട്ടു തുടങ്ങുന്നതിനു കാലങ്ങൾക്കു മുമ്പ് പാവപ്പെട്ടവന്റെയും അവഗണിക്കപ്പെട്ടവന്റെയും ജീവിതവ്യഥ ഹൃദയത്തിൽ ഏറ്റുവാങ്ങി ഒരു ചെറു സഞ്ചിയും തോളിലേറ്റി വടിയുമൂന്നി 1956 ആദ്യം കാടുകയറിയ ബഹു. നീലംപിലാലിൽ അച്ചന്റെ അടുത്ത എട്ടു വർഷത്തെ ജീവിതം (1950-1964). മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അടിത്തറ ഹൈറേഞ്ചിൽ ഉറപ്പിക്കപ്പെട്ടതിന്റെ ചരിത്രമാണ്.

അപ്പസ്തോലൻമാരെ അയച്ചുകൊണ്ട് യേശുനാഥൻ അരുളിച്ചെയ്തത് ഇപ്രകാരമായിരുന്നു. "... യാത്രയ്ക്ക് സഞ്ചിയോ രണ്ട് ഉടുപ്പുകളോ ചെരുപ്പോ വടിയോ കൊണ്ടുപോകരുത്" (മത്തായി 10:10). എന്നാൽ ബഹു. നീലംപിലാലിൽ അച്ചന്റെ യാത്രയിൽ സഞ്ചി ഒരു സന്തത സഹചാരി ആയിരുന്നു. അതിലുണ്ടായിരുന്നത് ചെറിയ ഒരു കാസാ സെറ്റും കുർബാനയ്ക്കുള്ള തിരുവസ്ത്രങ്ങളും, ചെല്ലുന്നിടത്ത് വിശുദ്ധ കുർബാന അർപ്പിക്കാൻ. ചെരുപ്പ് അരുതെന്നാണ് ഗുരുകല്പന. കാൻഡി സെമിനാരിയിലും ലയോളാ കോളജിലും ഷൂസ് ധരിച്ചിരിക്കണമെന്നത് വസ്ത്രധാരണ ചിട്ടയുടെ ഭാഗമായിരുന്നു. അന്ന് ഉപയോഗിച്ചു തുടങ്ങിയിരുന്ന ഷൂസ് ധരിച്ചായിരുന്നു അദ്ദേഹത്തിന്റെ കാടുകയറ്റം. കാട്ടിലെ അട്ടകടിയിൽ നിന്നും രക്ഷപെടാൻ മറ്റൊരു വഴിയില്ലായിരുന്നു. വടിയും പാടില്ലെന്നാണല്ലോ വചനം. എന്നാൽ ബഹു. നീലംപിലാലിൽ അച്ചന് ഒരു വടി വേണ്ടിവന്നു യാത്രയ്ക്ക്. കാട്ടിലൂടെയുള്ള യാത്രയിൽ കാടും പടർപ്പുകളും മുള്ളും വകഞ്ഞുമാറ്റി വേണമായിരുന്നു മുമ്പോട്ടു പോകാൻ. വടിയോടൊപ്പം ഒരു ചെറു വെട്ടുകത്തിയും കാട് നീക്കാൻ കരുതിയിരുന്നതായി പറഞ്ഞു കേട്ടിട്ടുണ്ട്.

ഹൈറേഞ്ചിലേക്ക് കയറിയ ബഹു. അച്ചന്റെ മുമ്പിൽ വിശ്രമമില്ലാത്ത നാളുകളായിരുന്നു. യാത്രാ സൗകര്യങ്ങളോ യാത്രാമാധ്യമങ്ങളോ അന്തിയുറങ്ങാൻ ഒരു സങ്കേതമോ പോലുമില്ലാതെ കാട്ടിലൂടെയും കാനനത്താരകളിലൂടെയും മൈലുകൾ നടന്നാണ് അദ്ദേഹം മനുഷ്യവാസമുള്ള സ്ഥലങ്ങളിൽ എത്തിയിരുന്നത്. കൂട്ടിനുണ്ടായിരുന്നതോ പശുക്കളും ആടും പട്ടിയും. ഇവയെയും തെളിച്ചുകൊണ്ടായിരുന്നു യാത്ര. രൂപതയിൽ നിന്നു ലഭിക്കുന്ന സാമ്പത്തിക വരുമാനം ജീവിത ചെലവിനും പ്രേഷിത ശുശ്രൂഷാ ചെലവുകൾക്കും തികയാതെയിരുന്നതിനൊരു പരിഹാരം കൂടിയായിരുന്നു വളർത്തുമൃഗങ്ങളുടെ പരിചരണം. ആനയും മറ്റ് വന്യമൃഗങ്ങളും വിഹരിച്ചിരുന്ന കാട്ടിലൂടെ ബഹു. അച്ചനും യഥേഷ്ടം യാത്ര



www.malankaralibrary.com

ചെയ്തു. ഇരുട്ടു വീഴുമ്പോൾ എവിടെ എത്തുന്നോ അവിടെ അന്തിയുറക്കം. മനുഷ്യവാസമുള്ള സ്ഥലത്താണെങ്കിൽ അവിടെ ഏതെങ്കിലും വീട്ടിൽ: മൺകുടിലിൽ എന്നോ ചെറ്റപ്പുരയിൽ എന്നോ പറയുന്നതായിരിക്കും കൂടുതൽ ശരി. "നിങ്ങൾ ഏതെങ്കിലും പട്ടണത്തിലോ ഗ്രാമത്തിലോ പ്രവേശിക്കുമ്പോൾ, അവിടെ യോഗ്യതയുള്ളവർ ആരെന്ന് അന്വേഷിക്കുകയും അവിടം വിടുന്നതുവരെ അവനോടുകൂടെ താമസിക്കുകയും ചെയ്യുവിൻ" (മത്തായി 10:11) എന്നാണല്ലോ ഗുരുമൊഴിയും. മനുഷ്യവാസമുള്ള സ്ഥലത്ത് എത്തിയില്ലെങ്കിൽ കാനനച്ചോലകളിലോ വള്ളിപ്പടർപ്പുകളിലോ, ഭക്ഷണം കാട്ട് കായ്കനികളും. മനുഷ്യവാസസ്ഥലങ്ങളിൽ പ്രാർത്ഥനായോഗങ്ങൾ നടത്തി വചനം പങ്കുവയ്ക്കുകയും; അവരിൽ നിന്ന് കൂടുതൽ കാര്യങ്ങൾ ചോദിച്ചറിഞ്ഞ് മനുഷ്യവാസമുള്ള മറ്റ് സ്ഥലങ്ങളിലേക്ക് യാത്ര തുടരും. ഒരു പക്ഷേ ഒരു മാസം കഴിഞ്ഞായിരിക്കും അതേ സ്ഥലത്ത് വീണ്ടും അദ്ദേഹം എത്തുക.

**പ്രേഷിത മുന്നേറ്റത്തിൽ സീറോ മലബാർ സഹോദരങ്ങളുടെ സഹകരണം**

ഹൈറേഞ്ച് പ്രേഷിത ശുശ്രൂഷയുടെ ആരംഭത്തിൽ എട്ടാം മൈലിൽ ചായക്കട നടത്തിയിരുന്ന പുന്നവേലി കുട്ടപ്പനുമായി പരിചയപ്പെട്ടത് ദൈവപദ്ധതിയായിട്ടായിരുന്നു അദ്ദേഹം കരുതിയിരുന്നത്. ശ്രീ. കുട്ടപ്പന്റെ സഹായ സഹകരണങ്ങൾ പ്രേഷിത യാത്രയുടെ തുടക്കത്തിന് വലിയ സഹായമായിരുന്നു. ഇദ്ദേഹം പുന്നവേലി മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിലെ മുൻ ശുശ്രൂഷകനായിരുന്നു. കാലക്രമത്തിൽ അണക്കരെ കരിപ്പാപ്പറമ്പിൽകാരുടെ നെല്പുര താമസത്തിന് ലഭിച്ചു. അവിടെ നിർമിച്ച മൺകുടിൽ കേന്ദ്രമാക്കിയായിരുന്നു പിന്നീടുള്ള പ്രേഷിത പ്രവർത്തനങ്ങൾ. താമസം ഔദ്യോഗികമായി അണക്കരയാണെന്നു പറയാമെങ്കിലും പ്രേഷിത യാത്രാമധ്യേ അവിടെ എത്തുന്നതും മാസത്തിൽ ഒരിക്കലൊക്കെ മാത്രം. യാത്രയിലുടനീളം വിവിധ മനുഷ്യവാസകേന്ദ്രങ്ങളിൽ പ്രാർത്ഥനാകൂട്ടങ്ങൾ സ്ഥാപിക്കുകയും സൗകര്യം ലഭിക്കുന്നിടത്ത് വിശുദ്ധ കുർബാന അർപ്പിക്കുകയും പതിവായിരുന്നു. കുമളിയിൽ 1954ൽ ആരംഭിച്ച പ്രാർത്ഥനാകൂട്ടായ്മ ശക്തിപ്പെട്ടുവന്ന് 1958 ആയപ്പോഴേക്കും സീറോ മലബാർ സഭാംഗം കോഴിമല മാണിച്ചന്റെ പുരയിടത്തിൽ നിർമിച്ച താൽക്കാലിക ചാപ്പലിൽ മാസത്തിൽ ഒരിക്കൽ ഒരു കുർബാന എന്ന നിലയിൽ വളർന്നതാണ് കുമളി സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവക. 1959ൽ നെടുവേലിൽ കുഞ്ഞ



www.malankaralibrary.com

ച്ചനിൽ നിന്നും പതിനായിരം രൂപ വില നൽകി വാങ്ങിയ നാല് ഏക്കർ സ്ഥലത്ത് പുതിയ പള്ളി പണിത് വിശുദ്ധ കുർബാന ആരംഭിച്ചു. കൂട്ടായ്മ വളർത്തുന്നതിലും ഇടവക രൂപീകരിക്കുന്നതിലും ബഹു. തോമസ് നീലം പിലാലിൽ അച്ചൻ സഹിച്ചിട്ടുള്ള ത്യാഗങ്ങളും ഏറ്റെടുത്തിട്ടുള്ള അധ്വാനങ്ങളും വിവരണാതീതമാണ്.

ഇപ്പോൾ നെറ്റിത്തൊഴു എന്നറിയപ്പെടുന്ന പഴയകാല പുറ്റടി പള്ളിയും ബഹു. നീലംപിലാലിൽ അച്ചന്റെ അധ്വാനഫലമാണ്. അണക്കര നിന്നെത്തി പ്രാർത്ഥനായോഗങ്ങൾ നടത്തി രൂപപ്പെടുത്തിയ കൂട്ടായ്മ. 1954 മുതലുള്ള അദ്ദേഹത്തിന്റെ അധ്വാനം 1957 ൽ ഫലം കണ്ടുതുടങ്ങി. അമ്പാട്ട് ഫിലിപ്പിന്റെ വീട്ടുമുറ്റത്ത് നിർമിച്ച പന്തലിൽ ആയിരുന്നു ആദ്യം വിശുദ്ധ കുർബാന അർപ്പിച്ചത്. പിന്നീട് മൈലാടി മത്തായിച്ചന്റെ വീട്ടിലും വിശുദ്ധ കുർബാന അർപ്പിച്ചിരുന്നു. പൊട്ടംകുളം മത്തായിച്ചന്റെ സഹോദരി തളിയത്ത് ശ്രീമതി ഏലിയാമ്മ നൽകിയ വയൽ നികത്തിയ സ്ഥലത്ത് പള്ളിപണിത് 1959-ൽ ആരാധന ആരംഭിച്ചതോടുകൂടി പുറ്റടി ഇടവക (ഇന്നത്തെ നെറ്റിത്തൊഴു) ഔദ്യോഗികമായി ആരംഭിച്ചു. നെറ്റിത്തൊഴുവിൽ നിന്നും തന്റെ സന്തതസഹചാരികളായ വളർത്തുമൃഗങ്ങളുമൊത്ത് കല്ലാറിനു പോവുക പതിവായിരുന്നു. യാത്രാമധ്യേ സന്ധ്യമയങ്ങുമ്പോഴേക്കും കളരിക്കൽ വീട്ടിലെത്തും. അന്നവിടെ രാത്രിവിശ്രമം. ഈ പതിവ് യാത്രയാണ് കൂട്ടാർ, രാമക്കൽമേട് ഇടവകകളുടെ രൂപീകരണത്തിന് വഴി തെളിച്ചത്. പ്രാർത്ഥനാ കൂട്ടങ്ങൾ സംഘടിപ്പിച്ച് അതുവഴി ആത്മീക ചിന്തകളും സഭാദർശനവും പങ്കുവച്ച് അവരെ നവീകരിച്ച് താൽക്കാലിക ഷെഡുകളിലും ഭവനങ്ങളിലും വിശുദ്ധ കുർബാന അർപ്പിച്ച് കൂട്ടായ്മ ശക്തിപ്പെടുത്തിയാണ് ഇടവക രൂപീകരണം സാധ്യമാക്കിയത്. (1958?) 1960-ൽ കൂട്ടാറിലും 1961-ൽ രാമക്കൽമേട്ടിലും ഔദ്യോഗികമായി ആരംഭിച്ച കൂട്ടായ്മകളാണ് 1962-ൽ കൂട്ടാറിലും 1963-ൽ രാമക്കൽമേട്ടിലും ഇടവകകളായി വളർന്ന് ശക്തിപ്രാപിച്ചത്. 1961 ഏപ്രിൽ 15-ന് പാരൂർ ജോസഫിന്റെ കെട്ടിട വരാന്തയിൽ അർപ്പിച്ച വിശുദ്ധ കുർബാനയോടുകൂടിയാണ് രാമക്കൽമേട് ഇടവകയുടെ തുടക്കം.

അണക്കരയിൽ താമസിക്കുന്ന കാലത്തെ പ്രേഷിത യാത്രയാണ് ചക്കുപള്ളത്തും പുനരൈക്യ ശുശ്രൂഷകൾക്ക് തുടക്കം കുറിക്കുന്നത്. 1958 മുതൽ ഭവനങ്ങൾ കേന്ദ്രീകരിച്ച് പ്രാർത്ഥനായോഗങ്ങൾ നടത്തുകയും നെയ്തേലിൽ ജോർജ്, മണ്ണിൽ തോമസ് തുടങ്ങിയവരുടെ ഭവനങ്ങളിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തിരുന്നു. പ്രാർത്ഥനായോഗങ്ങൾക്കും ഭവനങ്ങൾ കേന്ദ്രീകരിച്ചുള്ള വിശുദ്ധ കുർബാനയ്ക്കും ഭവന



www.malankaralibrary.com

സന്ദർശനങ്ങൾവഴി ബഹു. അച്ചൻ ആൾക്കാരെ ആകർഷിച്ചുകൊണ്ടിരുന്നു. സ്വന്തം മാതൃഗ്രാമമായ അയിരൂർ നിന്നും ചക്കുപള്ളത്ത് കുടിയേറിയിരുന്ന വലിയകാലായിൽ, ഊളക്കാവിൽ തുടങ്ങിയ കുടുംബങ്ങളുടെ സാന്നിധ്യവും ബഹു. അച്ചന് സഹായമായിരുന്നു. 1958-ൽ ഈ പ്രദേശത്ത് ആരംഭിച്ച പ്രേഷിത ശുശ്രൂഷ 1960-ൽ ചക്കുപള്ളം ഇടവകയുടെ ഔദ്യോഗിക രൂപീകരണത്തിൽ എത്തി. എട്ടുവർഷത്തെ പ്രവർത്തനങ്ങൾക്കുശേഷം 1964-ൽ അദ്ദേഹം ഹൈറേഞ്ചിൽ നിന്നും താഴ്‌വാരത്തിലിറങ്ങിയെങ്കിലും അദ്ദേഹം പ്രാർത്ഥനാകേന്ദ്രങ്ങൾ ആരംഭിക്കുകയും ആരാധനയ്ക്കായി താൽക്കാലിക ഷെഡുകൾ രൂപപ്പെടുത്തുകയും ചെയ്ത നിരവധി സ്ഥലങ്ങളിൽ പിന്നീട് ഇടവകകൾ സ്ഥാപിതമായി. ചേറ്റുകുഴി (1967), മുരിയ്ക്കടി (1969), വണ്ടൻമേട് (1969), കവന്തി, കല്ലാർ എന്നിങ്ങനെ പള്ളികളുടെ ലിസ്റ്റ് നീളുന്നു. താഴ്‌വാരത്തിലേക്ക് തിരികെ എത്തിയിട്ടും ഹൈറേഞ്ചിലെ പ്രേഷിത ആവശ്യങ്ങളായിരുന്നു അദ്ദേഹത്തിന്റെ മനസിലും ഹൃദയത്തിലും നിറഞ്ഞു നിന്നിരുന്നത്.

**മലനാട്ടിൽ നിന്ന് ഇടനാട്ടിലേക്കും കുട്ടനാട്ടിലേക്കും**

ഹൈറേഞ്ചിൽ നിന്നും നാട്ടിലെത്തിയ ഉടനെ ലഭിച്ച നിയമനം സ്വന്തം ജന്മഗ്രാമത്തിൽപെടുന്ന രണ്ട് ഇടവകകളിൽ; 1964 ജൂൺ 21 മുതൽ 1967 ഏപ്രിൽ വരെ കുമ്പളന്താനം-കുരിശുമുട്ടം ഇടവകകളിൽ വികാരിയായി. ഈ കാലത്ത് രണ്ട് ഇടവകകളിലും അനേകം പുനരൈക്യങ്ങൾ നടന്നതായി ഇടവക രേഖകൾ വ്യക്തമാക്കുന്നു. മാർത്തോമ്മാ ശ്ലീഹാ പള്ളി സ്ഥാപിച്ച നിരണം പ്രദേശമായിരുന്നു അദ്ദേഹത്തിന്റെ അടുത്ത ശുശ്രൂഷാരംഗം. ആലുന്തുരുത്തി എന്ന് പ്രാദേശികമായും നിരണം കിഴക്ക് എന്ന് ഔദ്യോഗികമായും അറിയപ്പെടുന്ന ഇടവകയിൽ വികാരി ആയിരുന്നു 1967 ഏപ്രിൽ മുതൽ 1969 ഏപ്രിൽ 19 വരെ. ഈ കാലയളവിൽ ഹൈറേഞ്ചിലെ പ്രഥമ പ്രേഷിതരിൽ മുമ്പനായിരുന്ന പുരയ്ക്കൽ ബഹു. ജോർജ് അച്ചന്റെ മാതൃഇടവകയായ നിരണം സെൻട്രൽ (നിരണം പടിഞ്ഞാറ്) ഇടവകയിലും പുനരൈക്യ പ്രേഷിത രംഗത്തെ ശക്തനായ അല്മായ പ്രേഷിതനും ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യത്തിന് കളമൊരുക്കുന്നതിൽ പ്രധാനിയുമായിരുന്ന മേലാമ്പറമ്പിൽ ഉമ്മച്ചന്റെ മാതൃഇടവകയായ പുളിക്കീഴ് ഇടവകയിലും വികാരിയായി ശുശ്രൂഷ ചെയ്തിരുന്നു. അപ്പർകുട്ടനാട് പ്രദേശത്ത് ഉൾപ്പെടുന്ന ഈ മൂന്ന് ഇടവകകളിലും കാലവർഷക്കാലത്ത് വെള്ളപ്പൊക്കംമൂലമുണ്ടാകുന്ന ക്ഷാമകാലത്ത് അദ്ദേഹം ചെയ്തിട്ടുള്ള സാമൂഹ്യസേവന



www.malankaralibrary.com

പ്രവർത്തനങ്ങൾ പ്രശംസനീയമായിരുന്നു. കുട്ടനാട്ടിലെ പുഞ്ചപ്രദേശ ത്തുനിന്നും വനപ്രദേശത്തേക്കായിരുന്നു അടുത്ത നിയമനം. 1969 ഏപ്രിൽ 19 മുതൽ 1974 മേയ് വരെ കരിമ്പനാംകുഴി ഇടവകയുടെ വികാ രിയായിരുന്നു. 1969-70 കാലത്ത് കരികുളം ഇടവകയിലും ചുമതല വഹിച്ചു. വനത്തോട് ഓരം ചേരുന്നു കിടക്കുന്ന രണ്ട് ഇടവകകൾ. ഹൈറേഞ്ചിൽ നിന്നും കൂടെ കൂട്ടിയ പശുവും ആടും പട്ടിയും ഈ കാല ങ്ങളിലെല്ലാം അച്ചന് കൂട്ടായി കൂടെയുണ്ടായിരുന്നു. 1974 മേയ് മുതൽ 1977 മേയ് വരെ മുണ്ടൻമല വിട്ടിറങ്ങിയ മാർ ഈവാനിയോസ് പിതാവും മാർ തെയോഫിലോസ് പിതാവും ബഥാന്യരും ആദ്യമായി വന്നു താമ സിച്ച വെണ്ണിക്കുളം ഇടവകയിൽ വികാരിയായിരുന്നു. നിർമാണ പ്രവർത്ത നങ്ങൾക്ക് ഊർജവും ധനവും വ്യയം ചെയ്യുന്നതിൽ വിമുഖനായിരുന്ന അദ്ദേഹം പള്ളി പടിക്കൽ റോഡ് അരികിൽ ഇന്നു കാണുന്ന കുരിശടി പണിയാൻ നേതൃത്വം നൽകിയത് അദ്ദേഹത്തെ അടുത്തറിയുന്ന പലർക്കും ഇന്നും അത്ഭുതമാണ്. തിരുവല്ലാ രൂപതയുടെ ദ്വിതീയാധ്യ ക്ഷനായിരുന്ന ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ മാതൃഇടവകയായിരുന്ന ആനിക്കാട് ബേത്‌ലഹേം തിരുക്കുടുംബ ഇടവ കയായിരുന്നു 1977 മേയ് മുതൽ 1980 മേയ് വരെ അദ്ദേഹത്തിന്റെ സേവ നമേഖല. 1979 മേയ് 27 മുതൽ 1980 മേയ് വരെ പുന്നവേലി ഇടവക യുടെ ചുമതലയും വഹിച്ചിരുന്നു. 1980-82 കാലത്ത് സ്വന്തം ഗ്രാമത്തിലെ പ്ലാങ്കമൺ തേക്കുങ്കൽ ഇടവകകളുടെ വികാരി സ്ഥാനം വഹിച്ചു. സഹോ ദരിയുടെ ക്ഷണം സ്വീകരിച്ച് 1982 മേയ് മാസം മുതൽ സെപ്റ്റംബർ മാസം വരെ അമേരിക്കൻ ഐക്യനാടുകളിൽ സന്ദർശനം നടത്തി. 1982 ഒക്ടോബർ മുതൽ 1984 വരെ എരുമേലി ഇടവകയിൽ വികാരിയായി ഇടയശുശ്രൂഷ നിർവഹിച്ചു.

**അജഗണങ്ങളെ തേടി വീണ്ടും മലനാട്ടിലേക്ക്**

ഹൈറേഞ്ചിലെ സഭാമക്കളെ ഹൃദയത്തിൽ വഹിച്ചിരുന്ന ബഹു. നീലം പിലാലിൽ അച്ചന്റെ സാന്നിധ്യവും സേവനവും ഒരിക്കൽ കൂടി അവിടെ ലഭ്യമാക്കുവാൻ രൂപതാധ്യക്ഷൻ നിശ്ചയിച്ചു. ഇടയ ശുശ്രൂഷയുടെ മർമ്മ ങ്ങൾ നന്നായി അറിഞ്ഞിരുന്ന അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ തിരുമേനി തന്റെ ആലോചന ബഹു. അച്ചനുമായി പങ്കുവച്ചപ്പോൾ അച്ചൻ പൂർണ സമ്മതം അറിയിച്ചു. രാമക്കൽമേട്, കൂട്ടാർ ഇടവകകളുടെ വികാ രിയായും കുമളി വൈദിക മേഖലയുടെ പൊതു ചുമതലക്കാരനായും 1984 ജൂലൈ 5-ാം തീയതി മുതൽ ചുമതല ഏറ്റു. തങ്ങളുടെ ജീവിത



www.malankaralibrary.com

യാതനകൾ ആഴത്തിൽ അറിയുന്ന തങ്ങളുടെ ആദ്യകാല മിഷനറിയെ വീണ്ടും ഇടയനായി ലഭിച്ചത് ഹൈറേഞ്ചിലെ ജനങ്ങൾക്ക് ഇരട്ടി മധുരമായി. ഈ കാലത്താണ് പഴയരിക്കണ്ടം (1984) ഇടവക സ്ഥാപിതമായത്. മേഖലയിലെ ബഹു. വൈദികരെയും സമർപ്പിതരെയും അല്മായ സഹോദരങ്ങളെയും ഏക മനസോടെ സഭാപ്രവർത്തനങ്ങളിൽ സജീവമാക്കി ശക്തമാക്കുന്നതിൽ അദ്ദേഹം പുലർത്തിയ വൈഭവം ഇടയൻമാർക്ക് എന്നും മാതൃകയാണ്. 1989 വരെ സജീവമായി തന്റെ ഹൈറേഞ്ച് ശുശ്രൂഷയുടെ രണ്ടാം ഊഴം തുടർന്നു.

**ആദ്യമായി അല്പം വിശ്രമം**

പുനരൈക്യ പ്രസ്ഥാനത്തിന്റെ പിള്ളത്തൊട്ടിലെന്നറിയപ്പെടുന്നതും തിരുവല്ലാ രൂപതയുടെ തൃതീയാധ്യക്ഷനായിരുന്ന അഭി. സഖറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ മാതൃഇടവകയുമായ തിരുമൂലപുരത്തേക്കായിരുന്നു അടുത്ത നിയമനം. 1989 മുതൽ 1992 വരെ അവിടെ ശുശ്രൂഷ തുടർന്നു. ഈ കാലയളവിലാണ് കണ്ണുകൾക്ക് തിമിരത്തിന് ശസ്ത്രക്രിയ നടത്തിയതും അജപാലനസേവനകാലത്ത് ആദ്യമായി അല്പനാൾ വിശ്രമത്തിനായി മാറിനിന്നതും. എഴുപത്തഞ്ചാം വയസിൽ ഔദ്യോഗിക ശുശ്രൂഷകളിൽ നിന്ന് വൈദികർ വിരമിക്കുന്ന നിയമപരമായ പതിവുണ്ടെങ്കിലും എഴുപത്തിയാറാം വയസിലും രൂപതയുടെ ഏതു സ്ഥലത്തും ശുശ്രൂഷ ചെയ്യുവാൻ അദ്ദേഹം സർവാത്മനാ തയാറായിരുന്നു. രൂപതാകേന്ദ്രത്തിൽ നിന്ന് ഏറെ അകലെയുള്ള കുന്നംകുളം ഇടവകയുടെ വികാരിയായും മേഖലയുടെ പ്രോട്ടോപ്രസ്ബിറ്ററായും 1992ൽ അദ്ദേഹം ചുമതലയേറ്റു. മേഖലയിലെ വൈദികർക്ക് വർധിച്ച പ്രേഷിത ഊർജ്ജം പ്രദാനം ചെയ്യുന്നതായിരുന്നു അദ്ദേഹത്തിന്റെ നേതൃത്വം. അമ്പത്തിരണ്ട് വർഷത്തെ വിശ്രമരഹിത പ്രേഷിത അധ്വാനം എൺപതാം വയസിൽ അദ്ദേഹത്തിന്റെ ശരീരത്തെ ക്ഷീണിപ്പിക്കുവാൻ തുടങ്ങി. മനസ് ശക്തമെങ്കിലും ശരീരം ബലഹീനമാകുന്നു എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. വൈദിക ജീവിതത്തിൽ ഉടനീളം സ്വയം ചെയ്യാവുന്ന യാതൊന്നിനും; ഭക്ഷണം തയാറാക്കുന്ന കാര്യത്തിൽപോലും പരസഹായം തേടാതെ മുന്നോട്ടു പോയിരുന്ന തനിക്ക് ഇനിയും അതു അസാധ്യമാകുന്നു എന്നു മനസിലാക്കിയ അദ്ദേഹം ഇടയ ശുശ്രൂഷയിൽ നിന്ന് ഔദ്യോഗികമായി വിരമിക്കുവാൻ തീരുമാനിച്ചു. 1996 വർഷത്തെ വൈദികരുടെ സ്ഥലംമാറ്റ സമയത്ത് വിരമിച്ച് വിശ്രമ ജീവിതത്തിനായി തിരുവല്ലാ പുഷ്പഗിരി വൈദികമന്ദിരത്തിലെത്തി.


www.malankaralibrary.com

**വിരമിക്കലും വിശ്രമവും**

അജപാലന ശുശ്രൂഷയിൽ നിന്ന് വിരമിച്ച് വിശ്രമജീവിതം നയിക്കുന്ന രൂപതയിലെ മറ്റ് മുതിർന്ന വൈദികരോടൊപ്പം ഏഴു വർഷത്തെ വിശ്രമ ജീവിതം. ഗതകാല സ്മരണകൾ അയവിറക്കിയും പൂർവകാല പുന രൈക്യ പ്രേഷിത അനുഭവങ്ങൾ പങ്കുവച്ചുമുള്ള സന്തോഷകാലം. വൈദിക പരിശീലനകാലത്ത് സെമിനാരിയിലെ സമൂഹജീവിത സമയത്ത് യൗവനത്തിൽ അനുഭവിച്ച ആനന്ദം വാർധക്യത്തിൽ വൈദിക മന്ദിര ത്തിലെ സമപ്രായക്കാരോടൊത്തുള്ള സമൂഹ ജീവിതത്തിൽ അനുഭവി ക്കാൻ സാധിച്ചതിന്റെ സന്തോഷം അദ്ദേഹം പലപ്പോഴും യുവവൈദിക രുമായി പങ്കുവയ്ക്കുമായിരുന്നു. ഇടയ്ക്കൊക്കെ അയിരൂരിൽ ജന്മഗൃഹ ത്തിലെത്തി അനുജനോടും കുടുംബത്തോടുമൊത്തുള്ള താമസവും അദ്ദേഹം ആസ്വദിച്ചിരുന്നു. അയിരൂരിന്റെ ഗ്രാമവീഥികളിലൂടെ നടന്ന് പരിചയക്കാരെയൊക്കെ കണ്ട് ഗൃഹാതുരസ്മരണകൾ പങ്കുവച്ചിരുന്ന അനുഭവങ്ങൾ മനസിനെ കുളിർപ്പിച്ചിരുന്നു.

**നിത്യവിശ്രമത്തിലേക്ക്**

വാർധക്യത്തിന്റെ ആലസ്യം വർധിച്ചപ്പോൾ പുഷ്പഗിരി ആശുപത്രി യിലെ വിദഗ്ധ ചികിത്സ, കുടുംബാംഗങ്ങളുടെ, പ്രത്യേകിച്ച് സഹോദര ഭാര്യ അമ്മിണി ടീച്ചറിന്റെ പരിചരണം, സഹോദരിമാരായ സിസ്റ്റർ സാറാ യുടെയും സിസ്റ്റർ ഡൊറോത്തിയുടെയും സ്നേഹസാന്നിധ്യവും പ്രാർത്ഥ നയും. പുനരൈക്യ പ്രേഷിതയാത്രയിലെ രസകരമായ സംഭവങ്ങൾ പങ്കു വച്ചുകൊണ്ടുള്ള സംതൃപ്ത വിശ്രമജീവിതം. അമ്പത്തിയൊമ്പതു വർഷത്തെ ഇടയ ജീവിതത്തിൽ കഠിനാധ്വാനത്തിലൂടെയും ത്യാഗോ ജ്വലമായ പ്രേഷിത ശുശ്രൂഷയിലൂടെയും സഭയെ പണിത ബഹു. തോമസ് നീലംപിലാലിൽ അച്ചൻ 2003 ഒക്ടോബർ 27-ന് പുഷ്പഗിരി മെഡിക്കൽ കോളജ് ആശുപത്രിയിൽ വച്ച് അനേകരുടെ പ്രാർത്ഥനാ സാന്നിധ്യത്തിൽ തന്റെ നിത്യവിശ്രമത്തിനായി ഇടയന്മാരുടെ ഇടയന്റെ സന്നിധിയിലേക്ക് യാത്രയായി. ഭൗതിക ശരീരം അയിരൂർ സെന്റ് പാട്രിക്സ് പള്ളിയുടെ തെക്കേ അങ്കണത്തിൽ ബഹു. കോശി ഇളവട്ട അച്ചന്റെ കല്ലറയ്ക്ക് കിഴക്കായി പ്രത്യേകം തയാറാക്കിയ കല്ലറയിൽ ഒക്ടോബർ 31-ാം തീയതി കബറടക്കി. മെത്രാപ്പോലീത്താമാരും വൈദി കരും സമർപ്പിതരും രൂപതയിലെ വിവിധ ഇടവകകളിൽ നിന്നെത്തിയ അല്മായരും നാട്ടുകാരുമായി വലിയൊരു ജനാവലി കബറടക്ക ശുശ്രൂ ഷയിൽ പങ്കെടുത്തു.



www.malankaralibrary.com

**സ്വതന്ത്ര ചിന്താഗതിക്കാരൻ**

കൗമാര പ്രായം മുതൽ സ്വതന്ത്രചിന്താഗതിക്കാരനായിരുന്നു അദ്ദേഹം. ചർച്ചകളും സംവാദങ്ങളും അദ്ദേഹത്തിന്റെ ഇഷ്ടരീതികളായിരുന്നു. കൗമാര പ്രായത്തിൽ അയിരൂർ ലൂർദ്ദ് ആശ്രമത്തിലെ വൈദികരുമായി സഭാപരമായ വിഷയങ്ങളിൽ ചർച്ചകളിൽ ഏർപ്പെട്ടതിന്റെയും സംവാദങ്ങൾ നടത്തിയതിന്റെയും ഫലമായിരുന്നു അദ്ദേഹത്തിന്റെ പുനരൈക്യം തന്നെ. സെമിനാരി പഠനകാലത്തും വൈദിക ജീവിതത്തിലും ഈ ശൈലികൾ ഒപ്പമുണ്ടായിരുന്നു. ഒന്നിച്ചു കൂടുന്ന വേദികളിൽ ഗൗരവകരമായ ചർച്ചാ വിഷയങ്ങൾ തൊടുത്തുവിടുകയും ചർച്ച സജീവമാക്കുകയും അദ്ദേഹത്തിന്റെ ഇഷ്ടവിനോദമായിരുന്നു. സമയംകൊല്ലി വാദങ്ങളല്ല, സമയോചിത ഗൗരവവിഷയങ്ങളാണ് അദ്ദേഹം ആഗ്രഹിച്ചിരുന്നത്. ഈശോസഭാ വൈദികരുടെ കീഴിലുള്ള പരിശീലനം ഈ കാര്യത്തിൽ അദ്ദേഹത്തിന് ശക്തിദായകമായിരുന്നു. രണ്ടാം വത്തിക്കാൻ സുന്നഹദോസ് തുറന്നിട്ട സ്വതന്ത്രചിന്തയുടെ വഴിയിലൂടെ ഏറെദൂരം അദ്ദേഹം സഞ്ചരിച്ചു. ദൈവശാസ്ത്രപരമായ റീജിയണൽ, ദേശീയ സെമിനാറുകളിൽ പങ്കെടുക്കുകയും അവിടെ കേൾക്കുന്ന ആശയങ്ങൾ രൂപതയിലെ വൈദിക സമ്മേളനങ്ങളിലും മേഖലാ വൈദിക മീറ്റിംഗുകളിലും പങ്കുവയ്ക്കുകയും അദ്ദേഹത്തിന് ഏറെ പ്രിയമായിരുന്നു.

സഭയുടെ വളർച്ച വലിയൊരളവുവരെ ഇടവക വൈദികരുടെ പ്രവർത്തനങ്ങളെയും കാര്യക്ഷമതയെയും സംതൃപ്തിയെയും ആശ്രയിച്ചാണിരിക്കുന്നതെന്ന് അദ്ദേഹം പറയുമായിരുന്നു. വൈദികർ അധികാരികളുടെ ചൊല്പടിക്കു നിൽക്കേണ്ട ദാസന്മാരല്ല, പൗരോഹിത്യത്തിൽ പങ്കുചേരുന്ന സഹകാരികളാണ് എന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. ഇടവക വൈദികർക്ക് ദേശീയതലത്തിൽ ഒരു സംഘടന ഉണ്ടാകുന്നത് നല്ലതാണെന്ന് അദ്ദേഹം പറയുമായിരുന്നു. ഭാരതീയ കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ (CBCI) മാതൃകയിൽ വൈദികർക്കായി ഭാരതീയ കത്തോലിക്കാ വൈദിക സംഘം (CPCI) രൂപപ്പെടുത്തുന്നതിൽ അദ്ദേഹവും നേതൃത്വം വഹിച്ചിരുന്നു. വൈദികർക്ക് ഗൗരവതരമായ ദൈവശാസ്ത്ര വിഷയങ്ങൾ പഠനവിഷയവും ചർച്ചാ വിഷയവുമാക്കാൻ ആരംഭിച്ച '**വൈദികമിത്രം**' എന്ന ദൈവശാസ്ത്ര മാസികയുടെ പ്രവർത്തകനുമായിരുന്നു അദ്ദേഹം. അധികാരികളുടെയോ അധീനരുടേയോ ആരുടെയും മുഖം നോക്കാതെ ബോധ്യങ്ങൾ തുറന്നു പറയുകയും സഭയുടെ അടിസ്ഥാന വികസനകാര്യങ്ങളിൽ വെള്ളം ചേർക്കാതെ അതനുസരിച്ചു മാത്രം ജീവിക്കുകയും ചെയ്ത വൈദികനായിരുന്നു അദ്ദേഹം.



www.malankaralibrary.com

**അധികാര കേന്ദ്രങ്ങളിൽ നിന്നും അകലം പാലിച്ച ആചാര്യൻ**

രൂപതയുടെ പ്രാരംഭകാലത്ത് കാൻഡി വൈദിക സെമിനാരിയിൽ പഠനം നടത്തി വൈദികരായി എത്തിയിരുന്നവർ ആരംഭം മുതൽ രൂപതാ ഭരണ കേന്ദ്രങ്ങൾക്കു ചുറ്റും കറങ്ങിക്കഴിയുമ്പോൾ രൂപതയിൽ നിന്നുള്ള ആദ്യ ദൈവിവവിളികളിൽ ഒന്നായ ബഹു. തോമസ് നീലംപിലാലിൽ അച്ചൻ അധികാര കേന്ദ്രങ്ങളോട് അടുത്തുവരാൻ ഒരിക്കൽപോലും ആഗ്രഹിച്ചിട്ടും ശ്രമിച്ചിട്ടുമില്ല. അകലങ്ങളിൽ ആടുകളെ തേടി അലയുന്ന ഇടയ ശുശ്രൂഷയായിരുന്നു അദ്ദേഹത്തിന് പ്രിയം. അധികാര സ്ഥാനങ്ങൾ തേടിയുള്ള കസേരകളി അദ്ദേഹത്തിന് അപരിചിതമായിരുന്നു. അജഗണങ്ങളെത്തേടി അതിർത്തികളിൽ അലയുന്ന അജപാലകന്മാരെ വേണ്ട വിധത്തിൽ അംഗീകരിക്കാതെ അവഗണിക്കുന്ന അധികാരികൾക്കെതിരെ വൈദിക സമ്മേളനങ്ങളിൽ അദ്ദേഹം ആക്രോശിച്ചിരുന്നതിന്റെ മുഴക്കം ഇപ്പോഴും കർണപുടങ്ങളിൽ മാറ്റൊലിക്കൊള്ളുന്നതുപോലെ തോന്നുന്നു. അജപാലന അധികാരയിടങ്ങളിൽ ഇടുങ്ങിക്കഴിയുന്നതിനെക്കാൾ അജപാലന പ്രേഷിത വിശാല വീഥികളിൽ ചരിക്കേണ്ടതിന്റെ ആവശ്യവും അതിന്റെ മനോഹാരിതയും യുവവൈദികർക്കു പങ്കുവച്ചു കൊടുക്കുവാൻ അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചിരുന്നു. അധികാരകേന്ദ്രങ്ങളിൽ നിന്ന് അകലം പാലിച്ചപ്പോഴും അധികാരികളുടെ ആവശ്യങ്ങളിൽ തുണയേകുവാൻ അദ്ദേഹം സർവാത്മനാ തയാറായിരുന്നു.

**ഐക്യം ആഗ്രഹിച്ച ആചാര്യൻ**

"ഈ തൊഴുത്തിൽപെടാത്ത മറ്റാടുകളും എനിക്കുണ്ട്. അവയെയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു..." (യോഹ.10:16) എന്ന ഗുരുവചനമായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ആപ്തവാക്യം. പുനരൈക്യ പ്രേഷിതനായിരിക്കുമ്പോഴും മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ വികാരിയായിരിക്കുമ്പോഴും സഭയുടെയോ ഇടവകയുടെയോ നൈയാമിക അതിർത്തികൾക്കുള്ളിൽ തന്റെ സേവനത്തെ തളച്ചിടുവാൻ അദ്ദേഹം തയാറായിരുന്നില്ല. ഹൈറേഞ്ചിൽ കാടുംമേടും താണ്ടി മനുഷ്യവാസ കേന്ദ്രങ്ങൾ തേടിയലഞ്ഞ കാലത്ത് ഇരുട്ടു വീഴുമ്പോൾ അടുത്തുകാണുന്ന വീട്ടിൽ, ഹിന്ദുവോ മുസ്‌ലിമോ ദളിതനോ ആദിവാസിയോ കത്തോലിക്കനോ അകത്തോലിക്കനോ എന്നൊന്നും പരിഗണിക്കാതെ അവിടെ കടന്നുചെന്ന് വിശ്രമിക്കാൻ കാണിച്ചിരുന്ന വിശാലത ജീവിതത്തിൽ ഉടനീളം അദ്ദേഹം പുലർത്തിയിരുന്നു. ഇടവകാതിർത്തിയിലുള്ള എല്ലാ ഭവനങ്ങളും അദ്ദേഹത്തിന് സ്വന്തം ഭവനം പോലെ ആയിരുന്നു. ഭവനസന്ദർശനവേളകളിൽ എല്ലാ ഭവനങ്ങളിലും



www.malankaralibrary.com

സന്ദർശിക്കാനും അവരുടെ ആവശ്യങ്ങൾ മനസിലാക്കുവാനും ആവശ്യമെങ്കിൽ സാധ്യമായ സഹായങ്ങൾ ലഭ്യമാക്കുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

പരിശുദ്ധ കത്തോലിക്കാ സഭയിലെ അംഗത്വം സഭാപരമായ പൂർണതയ്ക്ക് അനിവാര്യമാണെന്ന് വിശ്വസിച്ചിരുന്നപ്പോഴും അകത്തോലിക്കാ സഭാംഗങ്ങളോടും സഭാധികാരികളോടും സ്നേഹവും ബന്ധവും പുലർത്താനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. സഭകൾ തമ്മിലുള്ള വൈജാത്യങ്ങൾ കണ്ടെത്താനല്ല, സജാത്യങ്ങൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനായിരുന്നു പലപ്പോഴും ശ്രമിച്ചിരുന്നത്. യാക്കോബായ സഭയിലെ വൈദികർ ധരിക്കുന്നതുപോലെയുള്ള വട്ടത്തൊപ്പി ഇടക്കാലത്ത് ശിരസിൽ ധരിച്ചിരുന്നതും സി.എസ്.ഐ സഭയിലെയും മാർത്തോമ്മാ സഭയിലെയും വൈദികർ ധരിക്കുന്നതുപോലുള്ള കുപ്പായം ധരിക്കാൻ ആരംഭിച്ചതുമെല്ലാം ഇതിന്റെ ഉദാഹരണങ്ങളായിരുന്നു.

**വൈദിക കൂട്ടായ്മകളുടെ ആസ്വാദകൻ**

കാടും മലയും താണ്ടിയുള്ള പ്രേഷിത അധ്വാനങ്ങളുടെ തിരക്കിനിടയിൽ വീണുകിട്ടുന്ന അവസരങ്ങൾ വൈദികരെ സന്ദർശിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അജപാലന ആവശ്യത്തിൽ അലഞ്ഞ് ക്ഷീണിക്കുന്ന യുവവൈദികരെ തന്റെ താമസസ്ഥലത്ത് ഒന്നിച്ചുകൂട്ടി സ്വയം പാചകം ചെയ്ത് സ്വാദിഷ്ടങ്ങളായ ഭക്ഷണം പങ്കുവച്ച് ഉന്മേഷവാന്മാരാക്കുവാനും അദ്ദേഹം താല്പര്യമെടുത്തിരുന്നു. മേഖലയിലെ വൈദികരെ ഒന്നിച്ചുകൂട്ടി വിനോദയാത്രകൾ ക്രമീകരിക്കുവാനും അദ്ദേഹം ശ്രമിച്ചിരുന്നു. യുവവൈദികരോട് സമപ്രായക്കാരോടെന്നപോലെ ഇടപെടുവാനും സൗഹൃദവും നർമവും പങ്കുവയ്ക്കുവാനും അദ്ദേഹത്തിന് സാധിച്ചിരുന്നു. കുന്ദംകുളം മേഖലാ വികാരി ആയിരുന്നപ്പോൾ തന്റെ എൺപതാം വയസിലും പ്രസ്തുത മേഖലയിലെ വൈദികരുമൊത്ത് ഊട്ടിയിലേക്ക് വിനോദയാത്ര പോയതിന്റെ ഓർമകൾ അതിൽ പങ്കെടുത്ത യുവവൈദികർ പങ്കുവയ്ക്കുന്നത് കേൾക്കുവാനിടയായിട്ടുണ്ട്. സഹവൈദികർക്ക് ജീവിതത്തിൽ എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടെന്നറിഞ്ഞാൽ ഓടിയെത്തി വേണ്ട സഹായസഹകരണങ്ങൾ നൽകുവാൻ അദ്ദേഹം മുന്നിലുണ്ടായിരുന്നു. രൂപതാതലത്തിലുള്ള വൈദിക സമ്മേളനങ്ങളിലും കൂട്ടായ്മകളിലും അദ്ദേഹം സ്ഥിരസാന്നിധ്യവും സജീവപങ്കാളിയുമായിരുന്നു.

**ഒടുമൊഴി**

ബഹു. തോമസ് നീലംപിലാലിൽ അച്ചന്റെ ജീവിതവും പ്രവർത്തന



www.malankaralibrary.com


ങ്ങളും അസാധാരണകളുടെ നീണ്ട പട്ടികയായിരുന്നു. ദൈവകരം പിടിച്ച് നടന്നതിന്റെ പട്ടിക, കൗമാരപ്രായത്തിൽ മാതാപിതാക്കൾ പോലും അറിയാതെയുള്ള പുനരൈക്യം, രഹസ്യമായുള്ള സെമിനാരി പ്രവേശന നീക്കങ്ങൾ, തിരുവനന്തപുരത്തെയും തിരുവല്ലായിലെയും ഇരു സെമിനാരികളിലുമായി വൈദിക പരിശീലന തുടക്കം, കർമ്മലീത്താ മിഷനറിമാരും ഈശോസഭാ മിഷനറിമാരുമായ വിദേശ വൈദികരുടെ ശിക്ഷണത്തിലുള്ള വൈദിക പരിശീലനം, മുഴുമിപ്പിക്കാൻ കഴിയാതെ പോയ സർവകലാശാലാ ബിരുദപഠനം, മലനാട്ടിലും ഇടനാട്ടിലും കുട്ടനാട്ടിലുമായുള്ള ഇടയ ശുശ്രൂഷ, കാലികളെ തെളിച്ചുകൊണ്ട് കാട്ടിലൂടെയുള്ള പ്രേഷിത യാത്രകൾ, കാട്ടുചോലകളിലും മൺകുടിലുകളിലും ഏറുമാടങ്ങളിലും അന്തിയുറക്കം, സ്വയം ഭക്ഷണം പാചകം ചെയ്തു കഴിച്ചിരുന്ന ഭക്ഷണരീതി, അധികാര സ്ഥാനങ്ങളിൽ നിന്ന് അകലം പാലിച്ചിരുന്ന ആചാര്യൻ, കണ്ടുമുട്ടുന്നവരുമായെല്ലാം സൗഹൃദം പങ്കിട്ടിരുന്ന പട്ടക്കാരൻ, സംവാദങ്ങളുടെയും ചർച്ചകളുടെയും ചങ്ങാതി. മുൻതാളുകളിൽ കണ്ടത് ഈ പട്ടികയുടെ പരാവർത്തനങ്ങൾ. കാടുംമേടും കയറി നടന്ന് കർത്താവിനെ സാക്ഷ്യപ്പെടുത്തിയ കർതൃദാസൻ വന്ദ്യ തോമസ് നീലംപിലാലിൽ അച്ചനെ വരുംതലമുറയ്ക്ക് കണ്ടുമുട്ടാൻ ഈ താളുകൾ സഹായിച്ചെങ്കിൽ സഫലം ഈ പരിശ്രമം.

*"ഒരു ജനതയെ നശിപ്പിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം അവരുടെ ചരിത്രത്തെക്കുറിച്ചുള്ള തങ്ങളുടെ സ്വന്തം ധാരണയെ നിഷേധിക്കുകയും നശിപ്പിക്കുകയും ചെയ്യുക എന്നതാണ്".*

*ജോർജ്ജ് ഓർവെൽ.*



www.malankaralibrary.com



# ഫാ. മാത്യു ചെമ്പോത്തിനാൽ

**തുടക്കം**

പ്രകൃതിയുടെ വരദാനമായ കുന്നുകളും താഴ്‌വരകളും തോടുകളും മേടുകളും പാടങ്ങളും പാർപ്പിടങ്ങളും പമ്പാനദിയോടോരം ചേർന്നു കിടക്കുന്ന ഗ്രാമം. നന്മനിറഞ്ഞവരും നിഷ്കളങ്കരുമായ കൃഷീവലന്മാരുടെ നാട്. ക്ഷേത്രങ്ങളും പള്ളികളും പള്ളിക്കൂടങ്ങളുംകൊണ്ട് അനുഗ്രഹീതമായ നാട്. മതമൈത്രിയും സമുദായ സൗഹൃദവുംകൊണ്ട് അനുഗ്രഹീതമായ നാട്. ഹിന്ദുമതത്തിന്റെ വിവിധ അവാന്തര വിഭാഗങ്ങളിൽപെട്ടവരും വിവിധ ക്രൈസ്തവ സഭാവിഭാഗങ്ങളിൽപെട്ടവരും സൗഹൃദത്തിൽ പുലരുന്ന പുണ്യഭൂമി. വിദ്യയാണ് യഥാർഥ വിഭവമെന്നു തിരിച്ചറിഞ്ഞ പൂർവികരുടെ നാട്. വിദേശ ജോലിയുടെ സാധ്യതകൾ കണ്ടെത്തി വിദേശനാണ്യം നാട്ടിലെത്തിച്ച സാഹസികരുടെ നാട്. അനവധി ശ്രേഷ്ഠ പുരോഹിതരെ സഭയ്ക്കും സമൂഹത്തിനും പ്രദാനം ചെയ്ത നാട്. ആത്മീയതയുടെ അന്തരീക്ഷം നിറഞ്ഞു നിൽക്കുന്ന ഗ്രാമം. അതാണ് പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ അയിരൂർ ഗ്രാമം.

**കുടുംബവും ബാല്യവും**

അയിരൂർ ഗ്രാമത്തിലെ പുരാതനമായ തായില്ലം കുടുംബത്തിന്റെ പണിക്കന്റേത്ത് ശാഖയിൽ കാലായിൽ മത്തായി പടിഞ്ഞാറോത്തിൽ ഏലിയാമ്മയെ വിവാഹം ചെയ്ത് കുരിശുമുട്ടത്ത് ചെന്നു താമസിച്ചു. അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാരിൽ ഇളയവൻ മത്തായി അയിരൂർ കുളഞ്ഞിയിൽ റാഹേലമ്മയെ (റെയ്ച്ചൽ) വിവാഹം ചെയ്തു. അവരുടെ ഏക പുത്രനാണ് ഫാ. മാത്യു ചെമ്പോത്തിനാൽ. അദ്ദേഹത്തിന്റെ ജനനം 1934 ഒക്ടോബർ പത്താം തീയതി മാതൃഭവനത്തിൽ. ശ്രീ. മത്തായി തന്റെ



www.malankaralibrary.com

പൂർവികരെപ്പോലെ നല്ല ഒരു കൃഷിക്കാരനായിരുന്നു. കൃഷിക്ക് ആവശ്യമായ ചവറ് ശേഖരിക്കുന്നതിനിടയിൽ ഉണ്ടായ അപകടത്തെ തുടർന്ന് മകന്റെ ജനനത്തിന് ഏതാനും മാസം മുമ്പ് അദ്ദേഹം മരണമടഞ്ഞു (1934). ഭർത്താവിന്റെ അകാലമരണം കാരണം റെയ്ച്ചൽ മകനെയും കൊണ്ട് സ്വന്തം ഭവനമായ അയിരൂർ കുളഞ്ഞിയിൽ വീട്ടിലേക്ക് താമസം മാറി. അധ്യാപികയായി ജോലി ലഭിച്ച റെയ്ച്ചൽ പുനർവിവാഹിതയാകാനുള്ള കുടുംബാംഗങ്ങളുടെ നിർബന്ധത്തിനു വഴങ്ങാതെ പുത്രനു വേണ്ടി ജീവിച്ചു. ഭർത്താവിന്റെ വീതമായി ലഭിച്ച പുരയിടം തിരുവല്ലാ രൂപതയ്ക്ക് കൈമാറി. ആ വസ്തുവിലാണ് കുരിശുമുട്ടം സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളി സ്ഥാപിതമായത്. ഈ പറമ്പിൽ കൃഷി സംബന്ധമായ ജോലികളിൽ വ്യാപൃതനായിരുന്നപ്പോഴായിരുന്നു ബഹു. മാത്യു ചെമ്പോത്തിനാലച്ചന്റെ പിതാവ് അപകടത്തിൽ മരിക്കുന്നത്. അയിരൂർ കുളിഞ്ഞിയിൽ വീടിനടുത്ത് വസ്തുവാങ്ങി വീടു പണിത് അമ്മയും മകനും അവിടെ താമസമായി.

**പഠനം**

വീടിനടുത്തുള്ള സ്കൂളിൽ പ്രാഥമിക പഠനം പൂർത്തിയാക്കി മാത്തുക്കുട്ടി ഹൈസ്കൂൾ പഠനത്തിനായി തടിയൂർ എൻ.എസ്.എസ് ഹൈസ്കൂളിൽ ചേർന്നു. ബഹു. തോമസ് വരിക്കാനിക്കുഴിയിൽ അച്ചനും പത്തിപ്പറമ്പിൽ വന്ദ്യ തോമസ് കോർ എപ്പിസ്കോപ്പായും മുതിർന്ന ക്ലാസുകളിൽ ഇതേ സ്കൂളിൽ പഠിച്ചിരുന്നവരാണ്. പഠനത്തിലും പാഠ്യേതര വിഷയങ്ങളിലും കായിക വിനോദങ്ങളിലും ഒരുപോലെ തിളങ്ങിയിരുന്ന മാത്തുക്കുട്ടി അധ്യാപകരുടെ കണ്ണിലുണ്ണിയായിരുന്നു. അദ്ദേഹത്തിന്റെ അധ്യാപകനും തടിയൂർ എൻ.എസ്.എസ് ഹൈസ്കൂളിൽ ദീർഘകാലം പ്രധാനാധ്യാപകനുമായിരുന്ന താഴമൺ ശ്രീ. റ്റി.എം. ചെറിയാൻ (ചെറിയാൻ സാർ) "തന്റെ അധ്യാപക ജീവിതത്തിൽ മാത്തുക്കുട്ടിയെപ്പോലെ ഇത്ര ബുദ്ധിമാനായ മറ്റൊരു വിദ്യാർഥിയെ കണ്ടിട്ടില്ല" എന്നു സാക്ഷ്യപ്പെടുത്തുന്നത് ഞാൻ നേരിൽ ശ്രവിച്ചിട്ടുണ്ട്. ഒരിക്കൽ കേൾക്കുന്ന കാര്യം പിന്നിടൊരിക്കലും മറക്കാത്തത്ര ഓർമശക്തിയുടെ ഉടമയായിരുന്നു അദ്ദേഹം. ബാസ്കറ്റ് ബോൾ, വോളിബോൾ, ബോൾ ബാഡ്മിന്റൺ, ഗ്രൗണ്ട് ടെന്നീസ്, ക്രിക്കറ്റ് തുടങ്ങിയ കളികളിലെല്ലാം പ്രാഗത്ഭ്യം തെളിയിച്ച കളിക്കാരനായിരുന്നു അദ്ദേഹം. ബാല്യം മുതൽ സംഗീതത്തിൽ പ്രത്യേക അഭിരുചിയും അദ്ദേഹം പ്രകടിപ്പിച്ചിരുന്നു.



www.malankaralibrary.com

**പുനരൈക്യവും ദൈവവളിയും**

റെയ്ച്ചൽ ടീച്ചർ 1949ൽ മകനോടൊപ്പം കത്തോലിക്കാ സഭയിൽ പുനരൈക്യപ്പെട്ടു. ആ വർഷംതന്നെ അദ്ദേഹം ഫസ്റ്റ് ക്ലാസോടുകൂടി എസ്.എസ്.എൽ.സി പരീക്ഷ പാസായി. ബന്ധുക്കളുടെ ശക്തമായ എതിർപ്പുണ്ടായിട്ടും അതൊന്നും ഗൗനിക്കാതെ മാത്തുക്കുട്ടി വൈദിക പഠനത്തിനായി തിരുവല്ലാ ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിൽ ചേർന്നു. വലിയ ദൈവവിശ്വാസിയും ഭക്തയുമായിരുന്ന റെയ്ച്ചൽ ടീച്ചർ മകന്റെ ആഗ്രഹത്തെ ദൈവനിശ്ചയമായി കരുതി അംഗീകരിച്ച് പ്രോത്സാഹിപ്പിച്ചു. ഏകമകൻ വൈദിക പരിശീലനത്തിനായി പോയപ്പോൾ ഏകയായ റെയ്ച്ചൽ ടീച്ചർ വേദപാഠ അധ്യാപികയായും ലീജിയൻ ഓഫ് മേരി സംഘടനയുടെ സജീവ പ്രവർത്തകയും ഭാരവാഹിയുമായി (ലേഖകന്റെ മാതാവിനോടൊപ്പം) അയിരൂർ സെന്റ് പാട്രിക്സ് ഇടവകയിലും തുടർന്ന് തേക്കുങ്കൽ സെന്റ് തോമസ് ഇടവകയിലും പ്രേഷിത ശുശ്രൂഷ നിർവഹിച്ചിരുന്നു.

**ഗുരുക്കന്മാരുടെ പ്രേഷ്ഠശിഷ്യൻ**

പഠനത്തിൽ അതിസമർത്ഥനായിരുന്ന മാത്തുക്കുട്ടി രൂപതാധ്യക്ഷന്റെയും സെമിനാരി റെക്ടറിന്റെയും അധ്യാപകരുടെയും പ്രിയ ശിഷ്യനായിരുന്നു. ഇംഗ്ലീഷ്, ലത്തീൻ, സുറിയാനി ഭാഷകളിൽ വളരെ വേഗത്തിൽ അദ്ദേഹം നല്ല വ്യുല്പത്തി നേടി. സുറിയാനി ഭാഷയിലുള്ള നൈപുണ്യം മാത്തുക്കുട്ടിയെ ബഹു. മൂലമണ്ണിൽ തോമസ് മല്പാന്റെ ഇഷ്ടശിഷ്യനാക്കി. പഠനത്തിൽ മാത്രമല്ല, ആധ്യാത്മിക നിഷ്ഠകളിലും പെരുമാറ്റങ്ങളിലുമെല്ലാം അദ്ദേഹം സകലർക്കും മാതൃകയായിരുന്നു. മൂന്നു വർഷത്തെ ഭാഷാപഠനത്തിനും അധ്യാത്മിക പരിശീലനത്തിനും ശേഷം തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിക്കുവാനായി കാൻഡി പേപ്പൽ സെമിനാരിയിൽ ചേർന്നു. പഠനത്തിലും പാഠ്യേതര വിഷയങ്ങളിലും അവിടെയും അദ്ദേഹം തന്റെ പ്രതിഭ തെളിയിച്ചു. പേപ്പൽ സെമിനാരിയുടെ ചരിത്രത്തിൽ ക്വയർ മാസ്റ്റർ പദവി ലഭിച്ച ആദ്യത്തെ മലയാളി ബ്രദർ മാത്യു ചെമ്പോത്തിനാൽ ആണെന്നറിയുമ്പോൾ അദ്ദേഹത്തിന്റെ സംഗീതത്തിലുള്ള വ്യുല്പത്തി വ്യക്തമാണല്ലോ. പൂനാ പേപ്പൽ സെമിനാരിയിലെ ക്രിക്കറ്റ് ടീമിന്റെ ക്യാപ്റ്റനും അദ്ദേഹമായിരുന്നു എന്നറിയുമ്പോൾ കായിക വിനോദങ്ങളിലും അദ്ദേഹത്തിന്റെ പ്രാവീണ്യം ഊഹിക്കാവുന്നതാണ്. പൂനാ പേപ്പൽ അത്തനേയത്തിൽ നിന്ന് എൽ.പി.എച്ച് ബിരുദവും എൽ.ഡി ബിരുദവും ഉന്നത റാങ്കോടുകൂടി അദ്ദേഹം കരസ്ഥമാക്കി.



www.malankaralibrary.com

**വൈദികാഭിഷേകവും ഇടയശുശ്രൂഷാരംഭവും**

പൂനാ രൂപതാധ്യക്ഷൻ അഭിവന്ദ്യ ആൻഡ്രൂ ഡിസൂസയുടെ കൈവയ്പാൽ പേപ്പൽ സെമിനാരി ചാപ്പലിൽ വച്ച് 1959 ഒക്ടോബർ മൂന്നാം തീയതി അദ്ദേഹം വൈദികനായി അഭിഷിക്തനായി. 1960 മാർച്ചിൽ തിരുവല്ലാ രൂപതയിൽ മടങ്ങിയെത്തിയ ഫാ. മാത്യു ചെമ്പോത്തിനാൽ അയിരൂർ സെന്റ് പാട്രിക്സ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ നവപൂജയർപ്പിച്ചു. നവവൈദികനെ രൂപതാധ്യക്ഷൻ അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത മൈനർ സെമിനാരിയിൽ സുറിയാനി അധ്യാപകനായും മേരിഗിരി അരമനയിൽ ഹൗസ് മിനിസ്റ്റർ ആയും നിയമിച്ചു. ചങ്ങനാശേരി സെന്റ് ബെർക്ക്മാൻസ് കോളജിൽ ചേർന്ന് അദ്ദേഹം ഗോൾഡ് മെഡലോടെ സാമ്പത്തികശാസ്ത്രത്തിൽ ബിരുദം കരസ്ഥമാക്കി (1960-1963). കോളജ് പഠനകാലത്ത് ആനിക്കാട്, കവിയൂർ, കോട്ടൂർ എന്നീ ഇടവകകളിൽ സഹവികാരിയായി ശുശ്രൂഷ നടത്തുകയും ചെയ്തു.

**ഉപരിപഠനം**

ഉപരിപഠനത്തിനായി അതിരൂപതാധ്യക്ഷൻ 1963ൽ അദ്ദേഹത്തെ വിദേശത്തേക്കയച്ചു. ജർമ്മനിയിൽ സംഗീതത്തിൽ ഉപരിപഠനം നടത്തുകയും റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ലിറ്റർജിയിൽ റാങ്കോടുകൂടി ബിരുദം കരസ്ഥമാക്കുകയും ചെയ്തു. ജർമ്മനിയിലെ തണുപ്പും പഠനത്തിന്റെ പിരിമുറുക്കവും അദ്ദേഹത്തിന്റെ ആരോഗ്യത്തെ പ്രതികൂലമായി ബാധിച്ചു. അതുമൂലം ഡോക്ടറേറ്റ് പഠനത്തിനു ചേരാതെ 1966ൽ അദ്ദേഹം രൂപതയിലേക്കു മടങ്ങി.

**ഇടയ ശുശ്രൂഷയിൽ വീണ്ടും**

നാട്ടിൽ മടങ്ങിയെത്തിയ അദ്ദേഹത്തെ മൈനർ സെമിനാരിയിൽ അധ്യാപകനായും വൈസ് റെക്ടറായും നിയമിച്ചു. 1980 വരെ അദ്ദേഹം പ്രസ്തുത ചുമതലയിൽ തുടർന്നു. സെമിനാരിയിലെ ചുമതലയോടൊപ്പം 1966-69 കാലത്ത് തലവടി നോർത്ത്, തലവടി സൗത്ത് ഇടവകകളിൽ സഹവികാരിയായും 1972 മുതൽ പുളിക്കീഴ് ഇടവകയിൽ വികാരിയായും സേവനം ചെയ്തു. 'പുളിക്കീഴ് സെന്റ് ജോർജ് ഇടവകയിൽ മാത്രമേ അദ്ദേഹം വികാരിയായി ശുശ്രൂഷ നടത്തിയിട്ടുള്ളൂ എന്നത് പ്രത്യേകം സ്മരണീയമാണ്'. 1980ൽ സെമിനാരിയിൽ നിന്നും വിരമിച്ച അദ്ദേഹം പുഷ്പഗിരിയിൽ 'ക്ലെർജി ഹോമി'ൽ താമസമാക്കി. ഈ കാലയളവിൽ



www.malankaralibrary.com

കുറെ നാൾ തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ കുമ്പസാര ക്കാരനായി സഹായിച്ചിരുന്നു.

**അമ്മയും മകനും ഒപ്പം**

അധ്യാപകവൃത്തിയിൽ നിന്നും വിരമിച്ച റെയ്ച്ചൽ ടീച്ചർ രൂപതാധ്യ ക്ഷന്റെ പ്രത്യേക അനുവാദത്തോടെ താമസത്തിനുള്ള ചെലവ് നൽകി കുറ്റൂർ പള്ളിമല സ്നേഹസദനിൽ താമസമാക്കി. രോഗിയായ മകൻ ബഹു. മാത്യു ചെമ്പോത്തിനാൽ അച്ചനെ കൂടെ താമസിച്ച് ശുശ്രൂഷി ക്കുവാനുള്ള ആഗ്രഹം അമ്മ പ്രകടിപ്പിച്ചതനുസരിച്ച് ബഹു. മാത്യു ചെമ്പോത്തിനാൽ അച്ചനെ സ്നേഹസദൻ സ്ഥാപനത്തിന്റെ ചാപ്ലെയി നായി രൂപതാധ്യക്ഷൻ നിയമിക്കുകയും പള്ളിമലയിൽ താമസിക്കുവാൻ അനുവദിക്കുകയും ചെയ്തു. ഏതാനും വർഷങ്ങൾക്കുശേഷം റെയ്ച്ചൽ ടീച്ചറിന്റെ കാഴ്ച പരിപൂർണമായി നഷ്ടപ്പെട്ടപ്പോൾ ബഹു. മാത്യു ചെമ്പോത്തിനാൽ അച്ചൻ വൈദികരോടൊപ്പം 'ക്ലെർജി ഹോമി'ൽ താമ സിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചതിനെ തുടർന്ന് രൂപതാധ്യക്ഷന്റെ അനു വാദ പ്രകാരം ബഹു. അച്ചൻ പുഷ്പഗിരി ക്ലെർജി ഹോമിലേക്ക് മടങ്ങി യെത്തി. വിശ്രമജീവിതം നയിച്ചിരുന്ന ബഹു. മാത്യു ചെമ്പോത്തിനാൽ അച്ചൻ 2002 ഏപ്രിൽ 15-ാം തീയതി പുഷ്പഗിരി ആശുപത്രിയിൽവച്ച് നിര്യാതനായി. 17-ാം തീയതി സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വൈദികർക്കുവേണ്ടിയുള്ള കബറിൽ അടക്കം ചെയ്തു. ബഹു. അച്ചന്റെ അവസാന ദിവസങ്ങളിൽ പുഷ്പഗിരി ആശുപത്രിയിൽ ചികിത്സയിലായിരുന്ന അവസരത്തിൽ ലേഖകന്റെ പിതാവും ചികി ത്സാർത്ഥം ആശുപത്രിയിൽ അടുത്ത മുറിയിൽ ഉണ്ടായിരുന്നു. പിതാ വിനെ ശുശ്രൂഷിക്കുവാനായി ആശുപത്രിയിൽ ആയിരുന്ന സന്ദർഭത്തിൽ ബഹു. ചെമ്പോത്തിനാൽ അച്ചന്റെ അന്ത്യനാളുകളിൽ ചില ശുശ്രൂഷ കൾ ചെയ്തു സഹായിക്കാൻ സാധിച്ചത് വലിയഭാഗ്യമായി ഞാൻ കരു തുന്നു.

**എന്നും എല്ലായിടത്തും എപ്പോഴും ഒന്നാമൻ**

ആവർത്തനപുസ്തകം 34/10ൽ മോശയെപ്പറ്റി ഇപ്രകാരം രേഖപ്പെടു ത്തിയിരിക്കുന്നു. 'കർത്താവ് അഭിമുഖം സംസാരിച്ച മോശയെപ്പോലെ മറ്റൊരു പ്രവാചകൻ പിന്നീട് ഇസ്രായേലിൽ ഉണ്ടായിട്ടില്ല'. ബഹു. മാത്യു ചെമ്പോത്തിനാൽ അച്ചനെ ഓർക്കുമ്പോൾ മനസിൽ വരുന്ന ഒരു വേദ ഭാഗമാണിത്. ബഹു. മാത്യു ചെമ്പോത്തിനാൽ അച്ചനെപ്പോലെ ഒരു



www.malankaralibrary.com

വൈദികൻ പിന്നീട് മലങ്കരയിൽ ഉണ്ടായിട്ടില്ല. ഇടപെട്ട കാര്യങ്ങളിലെല്ലാം അദ്ദേഹം ഒന്നാമനായിരുന്നു. പഠിച്ച ക്ലാസുകളിലും വിഷയങ്ങളിലുമെല്ലാം അദ്ദേഹം ഒന്നാമനായിരുന്നു. ഒരു ക്ലാസിലും ഒരു പരീക്ഷയിലും അദ്ദേഹത്തിന്റെ നാവിൽ നിന്നും പേനയിൽ നിന്നും തെറ്റായ ഉത്തരം ഒരിക്കലും ഉണ്ടായിട്ടില്ലെന്ന് അധ്യാപകരും സഹപാഠികളും സാക്ഷ്യപ്പെടുത്തുന്നു. എല്ലാ ക്ലാസിലും ഒന്നാമൻ, എസ്.എസ്.എൽ.സിക്ക് ഫസ്റ്റ് ക്ലാസും സ്കൂളിലെ ഒന്നാം സ്ഥാനവും, സെമിനാരിയിൽ എല്ലാ വിഷയങ്ങൾക്കും എല്ലാവർഷവും ഒന്നാം സ്ഥാനം. പേപ്പൽ സെമിനാരിയിൽ ക്വയർ മാസ്റ്റർ, ക്രിക്കറ്റ് ടീം ക്യാപ്റ്റൻ, ബിരുദ പഠനത്തിൽ കേരള സർവകലാശാലയിൽ സ്വർണമെഡൽ ജേതാവ്, ഇങ്ങനെ എല്ലായിടത്തും ഒന്നാമൻ. എന്നാൽ ജീവിതത്തിൽ ഒരിക്കൽപോലും ഒന്നാം സ്ഥാനം ആഗ്രഹിക്കാതെ പിന്നണിയിൽ നിൽക്കാൻ ആഗ്രഹിച്ച ആചാര്യൻ. മൈനർ സെമിനാരിയിൽ ദീർഘകാലം വൈസ് റെക്ടർ, ഒരിക്കൽപോലും റെക്ടർ പദവി ആഗ്രഹിച്ചിട്ടില്ല. ദീർഘകാലം വിവിധ ഇടവകകളിൽ സഹവികാരി, ഒരിക്കൽ മാത്രം അതും ചുരുങ്ങിയകാലം മാത്രം ഒരു ഇടവകയിൽ (പുളിക്കീഴ്) വികാരി. തന്റെ കഴിവുകളെക്കുറിച്ചോ നേട്ടങ്ങളെക്കുറിച്ചോ പെരുമ്പറ മുഴക്കാൻ ഒരിക്കലും അദ്ദേഹം താല്പര്യപ്പെട്ടില്ല.

ഭഗവത്ഗീതയിൽ സന്യാസയോഗം ഇരുപതാം ശ്ലോകത്തിൽ ഇപ്രകാരം കാണുന്നു. "ആത്മജ്ഞരും കാമക്രോധമില്ലാത്തവരും മനസിനെ നിയന്ത്രിച്ചവരുമായ യോഗികളുടെ ചുറ്റും ബ്രഹ്മജ്ഞാനം വിലസുന്നു". വിജ്ഞാനത്തിന്റെ നിറകുടവും ആത്മീയ ചൈതന്യത്തിന്റെയും വിനയത്തിന്റെയും മൂർത്തീഭാവവുമായിരുന്ന ബഹു. മാത്യു ചെമ്പോത്തിനാൽ അച്ചനെക്കുറിച്ച് ഓർക്കുമ്പോൾ ഈ ചിന്തകൾ കടന്നുവരുന്നതിൽ അത്ഭുതമില്ല. അറിവിന്റെ നിറകുടമായിരുന്നിട്ടും ലാളിത്യത്തിന്റെയും വിനയത്തിന്റെയും മകുടോദാഹരണമായിരുന്നു അദ്ദേഹം. അറിവിന്റെ ആ ഉറവയിൽ നിന്ന് പാനം ചെയ്തവർ അനവധിയാണ്.

### സർവകലാവല്ലഭൻ

അദ്ദേഹത്തിൽ ഒരു സാഹിത്യകാരനും കലാകാരനും വിളങ്ങിയിരുന്നു. ഐക്യദീപം മാസികയിൽ ആധ്യാത്മികതയുടെ ആഴങ്ങൾ തേടുന്ന ധ്യാനചിന്തകൾ പതിവായി പങ്കുവച്ചിരുന്നത് അദ്ദേഹത്തിലെ ആധ്യാത്മിക ചിന്തകനെ വെളിവാക്കിയിരുന്നു. ഇംഗ്ലീഷിലും മലയാളത്തിലും ലത്തീൻ ഭാഷയിലും സുറിയാനി ഭാഷയിലും അദ്ദേഹം കവിതകൾ രചിച്ചിട്ടുണ്ട്. സെമിനാരി പഠനകാലത്തും അതിനുശേഷവും ലഘുനാടക



www.malankaralibrary.com

ങ്ങൾ എഴുതി സംവിധാനം ചെയ്യുക മാത്രമല്ല, പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുകയും ചെയ്തിരുന്നു. അനേകം ഗാനങ്ങൾ രചിക്കുകയും ഗാനങ്ങൾക്ക് സംഗീതം പകരുകയും ചെയ്തിട്ടുണ്ട്. പ്രസിദ്ധമായ മാരാമൺ കൺവൻഷനിലേക്ക് അദ്ദേഹത്തിന്റെ ഗാനങ്ങൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്നറിയുമ്പോൾ അദ്ദേഹത്തിന്റെ സംഗീത ലോകത്തെ കഴിവ് വ്യക്തമാകുകയാണ്. അദ്ദേഹം രചിച്ചിട്ടുള്ള ആശംസാ ഗാനങ്ങളും അനുമോദന ഗാനങ്ങളും സ്ഥാപനങ്ങളുടെയും സംഘടനകളുടെയും ആന്തങ്ങളും അനവധിയാണ്. തിരുക്കർമങ്ങളിൽ ശുശ്രൂഷകർ ചെയ്യേണ്ടുന്ന കാര്യങ്ങളെക്കുറിച്ചും നടത്തേണ്ട ഒരുക്കങ്ങളെക്കുറിച്ചും പുലർത്തേണ്ട മനോഭാവത്തെക്കുറിച്ചുമുള്ള ഒരു ലഘുഗ്രന്ഥം അദ്ദേഹം രചിച്ചിട്ടുണ്ട്.

**ഭാരതീയ ദർശനം ഇഷ്ടദർശനം**

ഭാരതീയ ആധ്യാത്മിക ദർശനങ്ങളെ ആഴത്തിൽ സ്നേഹിച്ചിരുന്ന അദ്ദേഹത്തിൽ ഒരു ദാർശനികനും താപസനും കുടികൊണ്ടിരുന്നു. അത്യാവശ്യത്തിനു മാത്രം സംസാരിക്കുകയും കൂടുതൽ സമയവും മൗനമായിരിക്കുകയും ചെയ്തിരുന്ന അദ്ദേഹം തിരുവല്ലാ ശ്രീരാമകൃഷ്ണാശ്രമത്തിലെ ഒരു സ്ഥിരം സന്ദർശകനായിരുന്നു. അവിടുത്തെ പണ്ഡിതരായ സന്യാസികളുമായി ആത്മീക സംവാദത്തിലേർപ്പെടുക അദ്ദേഹത്തിനു പ്രിയമായിരുന്നു. ശ്രീരാമകൃഷ്ണാശ്രമത്തിലെ ഏകാന്തത അദ്ദേഹം വളരെ ഇഷ്ടപ്പെട്ടിരുന്നു. ഭാരതത്തിന്റെ സുവിശേഷീകരണത്തിന് പടിഞ്ഞാറിന്റെ ശൈലികളെക്കാൾ ഭാരതത്തിന്റെ സന്യാസ ശൈലികളാണ് സ്വീകരിക്കേണ്ടതെന്ന് അദ്ദേഹം പറയുമായിരുന്നു. പ്രഭാത ധ്യാനത്തിന് പാശ്ചാത്യരീതിയെക്കാൾ ഭാരതത്തിന്റെ ഭജൻസും കീർത്തനാലാപവും ഉൾപ്പെടുന്ന ശൈലി അനുവർത്തിക്കുന്നതിനെ അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നു.

**ആധ്യാത്മികത ആദ്യം**

ആധ്യാത്മിക കാര്യങ്ങൾക്കായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിൽ എന്നും പ്രാമുഖ്യം. യാമപ്രാർത്ഥനകൾ ഒരിക്കലും അദ്ദേഹം മുടക്കിയിരുന്നില്ല. പ്രാർത്ഥനയ്ക്ക് സമയത്തിനു മുമ്പേ ചാപ്പലിൽ എത്താൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പ്രഭാതധ്യാനത്തിനും വിശുദ്ധ കുർബാനയ്ക്കും മുടങ്ങാത്ത സാന്നിധ്യമായിരുന്നു അദ്ദേഹത്തിന്റേത്. നോമ്പും ഉപവാസവും അദ്ദേഹം കർശനമായി പാലിച്ചിരുന്നു. ഹാശാ ആഴ്ചയിൽ എല്ലാ ദിവസവും കൂടുതൽ സമയവും അദ്ദേഹം ചാപ്പലിൽ തന്നെ ചെലവഴി



www.malankaralibrary.com

ച്ചിരുന്നു. നോമ്പിന്റെ തീക്ഷ്ണത ചിലപ്പോൾ അദ്ദേഹത്തെ ഒരുതരം ഉന്മാദത്തിലേക്ക് നയിച്ചിരുന്നു. ആധ്യാത്മിക തത്വങ്ങൾ കലയിലൂടെ അവതരിപ്പിക്കുന്നത് കൂടുതൽ ഫലവത്തായിരിക്കും എന്നദ്ദേഹം കരുതിയിരുന്നു. പീഢാനുഭവ ആഴ്ചയിൽ യേശുവിന്റെ പീഢാനുഭവരംഗങ്ങൾ പുസ്തകത്തിൽ വായിക്കുന്നതോടൊപ്പം അവ അഭിനയത്തിലൂടെ അവതരിപ്പിക്കാനും അദ്ദേഹം താല്പര്യപ്പെട്ടിരുന്നു. കലയുടെ സ്വാധീനത്തെക്കുറിച്ച് അറിവു കുറഞ്ഞവർ അതിനെ തെറ്റായി വിമർശിക്കുകയും ബഹു. അച്ചന്റെ രോഗത്തിന്റെ സൂചനയായി ചിത്രീകരിക്കുകയും ചെയ്തിരുന്നു.

**അതുല്യ സംഭാവനയും സഭയുടെ അംഗീകാരവും**

അദ്ദേഹം റോമിൽ ഉപരിപഠനം നടത്തിയിരുന്ന കാലത്തായിരുന്നു ചരിത്രപ്രസിദ്ധമായ രണ്ടാം വത്തിക്കാൻ സുന്നഹദോസ് നടന്നത്. സുന്നഹദോസിലെ ചിന്തകളും ചർച്ചകളും ബഹു. ചെമ്പോത്തിനാൽ അച്ചനും ശ്രദ്ധാപൂർവം പിന്തുടർന്നിരുന്നു. ലിറ്റർജിയിൽ ഉപരിപഠനം നടത്തിക്കൊണ്ടിരുന്ന അദ്ദേഹത്തിന് സുന്നഹദോസിന്റെ ആരാധനക്രമത്തിലെ പ്രാദേശിക അനുരൂപണം സംബന്ധിച്ച പഠനങ്ങൾ വളരെ താല്പര്യമായിരുന്നു. ആരാധനാക്രമങ്ങൾ പ്രാദേശിക ഭാഷയിലായിരിക്കുന്നത് അഭികാമ്യമാണെന്ന സുന്നഹദോസ് നിർദേശങ്ങൾ ബഹു. അച്ചനെ അത്യധികം ആകർഷിച്ചു. തുടർന്നുള്ള വൈദിക ജീവിതത്തിലാകമാനം ഇത് ദൃശ്യമായിരുന്നു.

റോമിലെ ഉപരിപഠനം കഴിഞ്ഞ് നാട്ടിൽ തിരികെ എത്തിയ അദ്ദേഹത്തിന്റെ ആദ്യത്തെ ശ്രദ്ധ സഭയുടെ ഔദ്യോഗിക പ്രാർത്ഥനാക്രമം സുറിയാനിയിൽ നിന്ന് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്താനായിരുന്നു. സുറിയാനി ഭാഷയിലും മലയാള ഭാഷയിലും അദ്ദേഹത്തിനുള്ള പാടവവും സംഗീതവാസനയും കവിത്വവും കഠിനാധ്വാനവും ഒത്തുചേർന്നപ്പോൾ 'ശ്ഹീമ്മോ' നമസ്കാരം അതിന്റെ മനോഹാരിതയും ഗാനാത്മകതയും അല്പംപോലും ചോർന്നു പോകാതെ സുറിയാനിയിൽ നിന്ന് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി. ഗദ്യരൂപത്തിലുള്ള പരിഭാഷ നേരത്തെ ഉണ്ടായിട്ടുണ്ടെങ്കിലും പദ്യരൂപത്തിലുള്ള മലയാള പരിഭാഷ ഇദംപ്രഥമമാണ്. സുറിയാനി ഗാനത്തിന്റെ രാഗവും താളവും ഭംഗം വരാത്ത രീതിയിൽ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയത് സകലരുടെയും അഭിനന്ദനത്തിന് അർഹമായി. 'ശ്ഹീമ്മോ' പ്രാർത്ഥന ക്രമത്തിന്റെ മലയാള പരിഭാഷ 1968 ജൂലൈ 30-ാം തീയതി ആദ്യമായി പ്രസിദ്ധീകരിച്ചു. അതിനു മുമ്പ് ഒരു വർഷക്കാലം കൈയെഴുത്ത് പ്രതിയുപയോഗിച്ച്



www.malankaralibrary.com

പ്രാർത്ഥനകൾ ചൊല്ലി വിദഗ്ധരുടെ അഭിപ്രായങ്ങളും തിരുത്തലുകളും സ്വീകരിച്ചാണ് പ്രസിദ്ധീകരിച്ചത്. ആദ്യത്തെ പതിപ്പിന് ശ്രേഷ്ഠാനുമതി നൽകിക്കൊണ്ട് അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത ഇപ്രകാരം എഴുതി: "സുറിയാനിയിൽ സാധാരണ ചൊല്ലാറുള്ള ലയത്തിൽ ശ്ഹീമോ നമസ്കാരത്തിന്റെ 'ശുബഹോഭാഗം' മാതൃഭാഷയിലേക്കു പരിഭാഷപ്പെടുത്തിയ റവ. ഫാ. മാത്യു ചെമ്പോത്തിനാൽ LD, BAയെ നാം ഹാർദ്ദമായി അനുമോദിക്കുന്നു. ഇപ്രകാരമൊരു പരിഭാഷ ഉണ്ടായിക്കാണുവാൻ പലരും ആഗ്രഹിച്ചിരുന്നതാണ്. മാതൃഭാഷയിൽ പ്രാർഥന ആലപിക്കുന്നതിന് ഒരു പ്രത്യേക ആസ്വാദ്യതയുണ്ട്. ബഹു. അച്ചന് സംഗീതത്തിൽ നല്ല വാസനയുണ്ട്. സുറിയാനി ഭാഷാ പരിജ്ഞാനമുണ്ട്. ഈ കഴിവുകൾ എല്ലാവർക്കും പ്രത്യേകിച്ച് സഹോദരവൈദികരുടെ പ്രാർത്ഥനാ ജീവിതത്തിനു സഹായകരമാക്കിത്തീർക്കുവാൻ ശ്രമിക്കുന്നതിൽ അദ്ദേഹത്തെ അനുമോദിക്കുന്നു. സുറിയാനി നമസ്കാരത്തിന്റെ 'ശുബഹോ' ഭാഗത്തിനു പകരമായി ഈ പരിഭാഷ ഉപയോഗിക്കാവുന്നതാണ്".

'ശ്ഹീമ്മോ' നമസ്കാരത്തിന്റെ 'മെനഓലം ഭാഗം' 1970 ഒക്ടോബർ 25-ാം തീയതി അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെയും സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തയുടെയും സംയുക്താനുവാദത്തോടെ പ്രസിദ്ധീകരിച്ചു. 1975ൽ രണ്ടു ഭാഗങ്ങളും ഒന്നിച്ച് പ്രസിദ്ധീകരിച്ചു. അദ്ദേഹത്തിന്റെ ജീവിതകാലത്തു തന്നെ 1982, 1989, 1992, 1996, 1999 വർഷങ്ങളിൽ പ്രാർത്ഥന പുസ്തകം പുന:പ്രസിദ്ധീകരിച്ചു. എന്നാൽ ഇവയിലൊന്നും ബഹു. മാത്യു ചെമ്പോത്തിനാൽ അച്ചന്റെ പേര് സൂചിപ്പിക്കുക പോലും ചെയ്തിരുന്നില്ല. അദ്ദേഹം അതിൽ യാതൊരു ഖിന്നതയും പ്രകടിപ്പിച്ചുമില്ല. കാരണം, പേരും പെരുമയും അദ്ദേഹം ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ മരണത്തിനുശേഷം 2009 ഒക്ടോബർ പത്തിന് വീണ്ടും പ്രസിദ്ധീകരിച്ചപ്പോൾ ആമുഖത്തിൽ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ ബഹു. ചെമ്പോത്തിനാൽ അച്ചനെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "..... ഫാ. മാത്യു ചെമ്പോത്തിനാൽ മല്പാൻ നിർവഹിച്ച സമ്പൂർണ മലയാള പരിഭാഷ പ്രസിദ്ധീകരിക്കപ്പെടുന്നത് 1968ലാണ്. അതിന്റെ പുതിയ പതിപ്പാണ് ഈ ഗ്രന്ഥം. ഇതിലൂടെ മാത്യു ചെമ്പോത്തിനാൽ മല്പാനച്ചൻ സഭയ്ക്കായി നിർവഹിച്ച സേവനം അതുല്യമാണ്. മല്പാനച്ചന്റെ ഈ സുന്ദരവിവർത്തനം അദ്ദേഹത്തിന്റെ സുറിയാനി പാണ്ഡിത്യവും കാവ്യാത്മക മനസും വെളി



www.malankaralibrary.com

**പ്പെടുത്തുന്നതാണ്...". ഒറ്റവാചകത്തിലൂടെ സഭയുടെ തലവനും പിതാവും ബഹു. ചെമ്പോത്തിനാൽ അച്ചന്റെ പ്രതിഭയെയും സേവന ത്തെയും അംഗീകരിച്ച് ആദരിച്ചിരിക്കുന്നു.**

സഭയിലെ മല്പാനായി ബാവാ തിരുമേനി അദ്ദേഹത്തെ ഉയർത്തി പ്രതിഷ്ഠിച്ചിരിക്കുന്നു. ഇതൊരു മരണാനന്തര ബഹുമതിയായി ഞാൻ കാണുകയാണ്. മല്പാൻ പദവി കല്പിച്ചു നൽകിയതിനു പുറമേ അദ്ദേ ഹത്തിന്റെ സുറിയാനി പാണ്ഡിത്യവും കവിത്വവും എടുത്തു പറഞ്ഞി രിക്കുന്നു. സുറിയാനി കീർത്തനങ്ങൾ അതിന്റെ ആത്മാവു നഷ്ടപ്പെ ടാതെ മലയാള ഭാഷയിലേക്കു മൊഴിമാറ്റം ചെയ്യാൻ രണ്ടു ഭാഷയിലും അഗാധമായ അറിവ് അനിവാര്യമാണല്ലോ. രണ്ടു ഭാഷയിലുമുള്ള അദ്ദേ ഹത്തിന്റെ പ്രാവീണ്യത്തെയും ബാവാ തിരുമേനി അംഗീകരിച്ച് ആദരി ക്കുന്നു. **അദ്ദേഹം ജീവിച്ചിരുന്നപ്പോൾ ഈ ബഹുമതിയും ആദരവും അംഗീകാരവും ഒന്നും സ്വീകരിക്കാനോ രേഖപ്പെടുത്താനോ അദ്ദേഹ ത്തിന്റെ വിനയവും ലാളിത്യവും അനുവദിക്കുമായിരുന്നില്ല.** ഒരു ഭാഷ യിൽ നിന്ന് മറ്റൊരു ഭാഷയിലേക്ക് മൊഴിമാറ്റം നടത്തുന്നവർ രണ്ടു സംസ്കാരങ്ങൾക്കിടയിൽ പാലം പണിയുന്നവരാണെന്നു പറയാറുണ്ട്. ബഹു. ചെമ്പോത്തിനാൽ അച്ചൻ സുറിയാനി ഭാഷയും സംസ്കാരവും മലയാള ഭാഷയും മലയാള നാടും (മലങ്കര) തമ്മിൽ ബന്ധിപ്പിച്ച് പാലം പണിത മഹാനായ ആചാര്യ ശ്രേഷ്ഠനാണ്.

സുറിയാനി ഭാഷയെയും ആധ്യാത്മികതയെയും മലങ്കരയിൽ സജീ വമാക്കാൻ കോട്ടയത്തുള്ള സെന്റ് എഫ്രേം എക്യൂമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിശ്രമങ്ങളെ അദ്ദേഹം അതീവ താല്പര്യത്തോടെ യാണ് വീക്ഷിച്ചിരുന്നത്. സുറിയാനി ഭാഷയിലും ആധ്യാത്മികതയിലും അറിവിന്റെ നേർമുഖമായിരുന്നു അദ്ദേഹം.

### പ്രകൃതിസ്നേഹി

പക്ഷിമൃഗാദികളെയും വൃക്ഷലതാദികളെയും സ്നേഹിച്ചിരുന്ന പ്രകൃ തിസ്നേഹിയായിരുന്നു അദ്ദേഹം. പ്രകൃതിയിലേക്ക് നോക്കി ധ്യാനാത്മ കമായി ദീർഘനേരം അദ്ദേഹം ചെലവഴിക്കുമായിരുന്നു. 'ഈ പ്രകൃതിയെ കണ്ടിട്ട് ആർക്ക് നിരീശ്വരവാദിയായിരിക്കാൻ സാധിക്കും' എന്ന് അദ്ദേഹം ചോദിക്കുന്നത് കേട്ടിട്ടുണ്ട്. നിസാര ജീവികളോടു പോലുമുള്ള ക്രൂരത ക്കെതിരായി അദ്ദേഹം ശക്തമായി പ്രതിഷേധിക്കുന്നത് കണ്ടിട്ടുണ്ട്. ഉറു മ്പിൻകൂട്ടത്തെ ചവിട്ടിക്കൊല്ലാൻ ശ്രമിച്ച വൈദിക വിദ്യാർഥിയെക്കൊണ്ട് ഉറുമ്പിനു തീറ്റി കൊടുപ്പിക്കുന്നതും അണ്ണാനെ കല്ലെടുത്തെറിഞ്ഞ സെമി



www.malankaralibrary.com

നാരിക്കാരനെക്കൊണ്ട് അണ്ണാന് തീറ്റി കൊടുപ്പിച്ചതുമൊക്കെ അന്ന് തമാശയായി തോന്നിയെങ്കിലും ഇന്ന് വലിയ പ്രകൃതിസ്നേഹിയുടെ പ്രതികരണമായി തിരിച്ചറിയാൻ കഴിയുന്നു.

രാത്രി പ്രാർത്ഥനയുടെ സമയത്ത് ചാപ്പലിൽ പറന്നുവന്ന വണ്ടത്താനെ ഒരു വൈദികൻ കൈവീശി അടിച്ചുകൊന്ന് ജനാലവഴി മുറ്റത്തേക്കിട്ടത് അമർഷത്തോടെ നോക്കിനിന്ന ബഹു. ചെമ്പോത്തിനാലച്ചൻ പിറ്റേ പ്രഭാതത്തിൽ ആ ചത്ത വണ്ടത്താനെ എടുത്തുകൊണ്ടുവന്ന് അതിന്റെ 'ഒലിവ് ഗ്രീൻ' നിറത്തെയും അതിന്റെ ചിറകുകളുടെ തിളക്കത്തെയും കുറിച്ച് വർണിച്ചതും 'വീണപൂവിനെ'ക്കുറിച്ചുള്ള കുമാരനാശാന്റെ വർണന പോലെ മനോഹരമായിരുന്നു എന്ന് നാലരപ്പതിറ്റാണ്ടിനു ശേഷവും ഞാനോർക്കുന്നു. അന്ന് അതൊക്കെ എന്തോ 'വികല്പ'മെന്ന് പലരും പറഞ്ഞിരുന്നെങ്കിലും അതായിരുന്നു ശരി എന്ന് ഇന്നു തിരിച്ചറിയുന്നു. ചരിത്രം അങ്ങനെയാണല്ലോ. പല പ്രതിഭകളെയും അവരുടെ സമകാലീന സമൂഹം ഭ്രാന്തന്മാരായി ചിത്രീകരിച്ചിട്ടുണ്ടെങ്കിലും ഭാവിസമൂഹം അവരെ വിജ്ഞന്മാരും വിശുദ്ധരുമായി തിരിച്ചറിഞ്ഞ് അംഗീകരിച്ചിട്ടുള്ളത് ചരിത്രം.

**ഒടുക്കം**

തന്റെ സഭയെയും അതിന്റെ വിശ്വാസത്തെയും കലർപ്പുകൂടാതെ ഹൃദയത്തോടു ചേർത്തപ്പോഴും സർവമതസമഭാവന പുലർത്തിയ ആചാര്യൻ. ദൈവസ്നേഹം, പരിശുദ്ധ മാതാവിനോടുള്ള സ്നേഹം, സ്വന്തം അമ്മയോടുള്ള സ്നേഹം, മലങ്കര സഭയോടുള്ള സ്നേഹം, സുറിയാനി ഭാഷയോടുള്ള സ്നേഹം, ഇതാണ് ബഹു. മാത്യു ചെമ്പോത്തിനാൽ അച്ചന്റെ ജീവിത സംക്ഷേപം. ചുരുങ്ങിയ കാലംകൊണ്ട് വലിയ സേവനം സഭയ്ക്കും സമൂഹത്തിനും നൽകിയ വൈദിക ശ്രേഷ്ഠൻ. **ഈ ഭൂമിയിൽ യാതൊരു നിക്ഷേപവും സ്വരുക്കൂട്ടാതെ സർവനിക്ഷേപവും കർതൃസന്നിധിയിൽ അർപ്പിച്ച ആചാര്യൻ. ഒടുങ്ങാത്ത നിക്ഷേപം സ്വർഗത്തിൽ സംഭരിച്ചുവച്ച കർതൃദാസൻ.**

ചരിത്രത്തിൽ ഒരിക്കൽ മാത്രം സംഭവിക്കുന്നതാണ് ഈ ദൃശ്യജന്മങ്ങൾ. **തടാകത്തിന് ശോഭയേകാൻ ഒരു രാജഹംസം മതി; ആയിരം കൊക്കുകൾക്കു നൽകാവുന്നതല്ല അത്.**

ഗുരുവിന് പ്രണാമം.



www.malankaralibrary.com



# ഫാ. വർഗീസ് കിളിച്ചിമല

**ഉപക്രമം**

"നമ്മൾ പരസ്പരം അറിയണം, പരസ്പരം കേൾക്കണം. അങ്ങനെ നമുക്കു ചുറ്റുമുള്ള ലോകത്തെപ്പറ്റിയുള്ള നമ്മുടെ അറിവ് വർധിപ്പിക്കണം. പലപ്പോഴും ഒരു കൂടിക്കാഴ്ച കഴിഞ്ഞാൽ മറ്റൊരു കൂടിക്കാഴ്ച ക്രമീകരിക്കണം. കാരണം, പരസ്പരമുള്ള സംവാദങ്ങളിൽ നിന്നാണ് പുതിയ ആശയങ്ങളും ആവശ്യങ്ങളും രൂപപ്പെടുക. പരസ്പരം അറിയുക, അറിയിക്കുക. അങ്ങനെ ആശയങ്ങളുടെ വലയം വലുതാക്കുക എന്നതു വളരെ പ്രധാനപ്പെട്ട കാര്യമാണ്...." സംഭാഷണത്തെക്കുറിച്ചും സംവാദത്തെക്കുറിച്ചും പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2013 സെപ്റ്റംബർ 24ന് നാസ്തികനായ ഇറ്റാലിയൻ പത്രാധിപകർ 'എവുജിയോ സ്കാൾ ഹാരിയോട്' ഇപ്രകാരം പറഞ്ഞു. സംഭാഷണവും സംവാദവുമാണ് സത്യത്തെ തിരിച്ചറിയാനും തരംതിരിക്കാനുമുള്ള വഴിയെന്ന് മലങ്കരയിലെ സഭകളോട് പലദശകങ്ങൾക്കു മുമ്പേ ശക്തമായി ഉണർത്തിച്ച ഒരു ആചാര്യശ്രേഷ്ഠനുണ്ടായിരുന്നു, ബഹു. വർഗീസ് കിളിച്ചിമല അച്ചൻ. അദ്ദേഹത്തെ അടുത്തറിയാനും അടുത്ത തലമുറയ്ക്ക് കാണിച്ചുകൊടുക്കാനുമുള്ള ഒരെളിയ ശ്രമമാണീ ലേഖനം. മലങ്കര സഭയിൽ അനേക പ്രേഷിതരുടെ ജീവിതത്തെ തലമുറകൾക്കു മുമ്പിൽ വരച്ചുകാട്ടിയ ബഹു. കിളിച്ചിമല അച്ചന്റെ ജീവിതവും ശുശ്രൂഷയും മറവിയുടെ മാറാപ്പിനുള്ളിൽ മറഞ്ഞുപോകാതിരിക്കാനൊരു ശ്രമം.

**കുടുംബപശ്ചാത്തലം**

പ്രസിദ്ധമായ നിരണം-മാന്നാർ കുരുവേലി കുടുംബത്തിന്റെ പെരുമ്പ്രാൽ ശാഖയിൽപെട്ട ചെങ്ങരൂർ പ്രദേശത്തുവന്നു വസിച്ചവരാണ് കിളി



www.malankaralibrary.com

ച്ചിമല കുടുംബം. മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിതകാലം വരെ ചരിത്രം നീളുന്ന പുരാതന ക്രൈസ്തവ കുടുംബം. സഭാകാര്യങ്ങളിലും സമുദായ കാര്യങ്ങളിലും താല്പര്യവും ആത്മീയ കാര്യങ്ങളിൽ തീക്ഷ്ണ തയും പുലർത്തുന്നവരുടെ കുടുംബം. പാശ്ചാത്യ മിഷനറിമാരുടെ അജ്ഞതയിൽ നിന്നുളവായ ഇടപെടലിനെയും കൂനൻകുരിശ് സത്യ ത്തെയും തുടർന്നുടലെടുത്ത സഭാഭിന്നതയിൽ 'പുത്തൻകൂർ' വിഭാഗ ത്തിലും തദ്വാര യാക്കോബായ ഓർത്തഡോക്സ് സഭാ വിഭാഗത്തിലും ചെന്നുപെട്ട കുടുംബം. സഭയിൽ വന്നുഭവിച്ച ഭിന്നതയിൽ ഹൃദയം നൊന്തിരുന്നവരുടെ കുടുംബം. ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിലൂടെ സഫലമായ 1930ലെ മലങ്കര പുനരൈക്യ ത്തിന്റെ മടിത്തട്ടിലേക്ക് ആവേശത്തോടെ കടന്നുവന്നവരുടെ കുടുംബം. ചെങ്ങരൂർ സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ മഹാ ഇട വകയുടെ രൂപീകരണത്തിനും വളർച്ചയ്ക്കും ത്യാഗപൂർവമായ പങ്കുവ ഹിച്ച കുടുംബം. അതാണ് ചെങ്ങരൂർ കിളിച്ചിമല (പെരുമ്പ്രാൽ) കുടുംബം.

കിളിച്ചിമല കൊച്ചുപാപ്പി (വർഗീസ് ചാണ്ടി) തൈപ്പറമ്പിൽ കൊച്ചു പാപ്പി (എബ്രഹാം വർഗീസ്) എന്നീ സഹോദരപുത്രന്മാർ ചെങ്ങരൂർ പ്രദേ ശത്തെ ആദ്യകാല പുനരൈക്യ പ്രേഷിതരായിരുന്നു. തൈപ്പറമ്പിൽ കൊച്ചുപാപ്പിയുടെ പറമ്പിൽ കെട്ടിയുണ്ടാക്കിയ താൽക്കാലിക ഷെഡാ യിരുന്നു ചെങ്ങരൂർ സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയുടെ പ്രാരംഭ ഇടം. ചെങ്ങരൂർ ബഥനി മഠത്തിന്റെ തുടക്കവും തൈപ്പറമ്പിൽ കൊച്ചുപാപ്പിയുടെ ഭവനത്തിലായിരുന്നു എന്നറിയുമ്പോൾ കിളിച്ചിമല കുടുംബത്തിന്റെ പുനരൈക്യതീക്ഷ്ണതയ്ക്ക് വേറെ തെളിവു തേടേണ്ടതില്ല. തങ്ങളുടെ ഭവനത്തിൽ മഠം ആരംഭിച്ചതായിരിക്കാം തൈപ്പ റമ്പിൽ കൊച്ചുപാപ്പിയുടെ രണ്ടു മക്കളെ ഭാവിയിൽ ബഥനി സന്യാസി നികളാക്കാൻ പ്രേരിപ്പിച്ചത്. സിസ്റ്റർ തൈബൂസ് എസ്.ഐ.സി (ബത്തേരി), സിസ്റ്റർ മരിയ ഗൊരേത്തി എസ്.ഐ.സി (തിരുവല്ല) എന്നി വരാണവർ. തന്റെ പൂർവീകരുടെ സഭാതീക്ഷ്ണതയും പരിശുദ്ധ കത്തോ ലിക്കാ സഭയെക്കുറിച്ചുള്ള ആവേശവും ബഹു. വർഗീസ് കിളിച്ചിമല അച്ച നിൽ ശതഗുണീഭവിച്ചിരുന്നതിൽ അത്ഭുതമില്ല.

### ജനനവും വിദ്യാഭ്യാസവും

കിളിച്ചിമല കിഴക്കേപ്പുറത്ത് ശ്രീ. കൊച്ചിട്ടി വർഗീസിന്റെയും ശ്രീമതി അന്നമ്മ വർഗീസിന്റെയും സീമന്ത പുത്രൻ. 1925 മേയ് മാസം ഒന്നാം തീയതി തൊഴിലാളികളുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ



www.malankaralibrary.com

തിരുനാൾ ദിവസം ജനനം. ജ്ഞാനസ്നാനം ഓർത്തഡോക്സ് സഭയിൽ. കുടുംബപാരമ്പര്യം അനുസരിച്ച് വർഗീസ് എന്ന് മാമ്മോദീസാ പേര്. പ്രാഥമിക വിദ്യാഭ്യാസം കുന്നന്താനത്തും തിരുവല്ലായിലും. 1942ൽ തിരുവല്ലാ മലയാളം സ്കൂളിൽ നിന്ന് ഹയർ പരീക്ഷ പാസായി. തുടർന്ന് മല്ലപ്പള്ളി സി.എം.എസ് ഹൈസ്കൂളിൽ പഠനം. 1945ൽ ഉയർന്ന മാർക്കോടുകൂടി ഇ.എസ്.എൽ.സി (ഇംഗ്ലീഷ് സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്) പാസായി.

### പുനരൈക്യവും ദൈവവിളിയും

മലങ്കര പുനരൈക്യത്തിന്റെ പ്രാരംഭനാളുകളിൽ തന്നെ കിളിച്ചിമല കുടുംബം പുനരൈക്യസരണിയിലേക്ക് കടന്നുവന്നിരുന്നു. എപ്പോഴും വീട്ടിലെ പ്രധാന സംസാരവിഷയം പരിശുദ്ധ കത്തോലിക്കാ സഭയും മാർ ഈവാനിയോസ് തിരുമേനിയും ബഥനിയും പുനരൈക്യ സംഭവവുമൊക്കെയായിരുന്നത് ബാലനായ വർഗീസിൽ സഭയെക്കുറിച്ചും പുനരൈക്യത്തെക്കുറിച്ചും വലിയ താല്പര്യം ജനിപ്പിച്ചത് സ്വാഭാവികം. ഭവനത്തിൽ നിറഞ്ഞു നിന്നിരുന്ന ആധ്യാത്മിക അന്തരീക്ഷവും സഭാതീക്ഷ്ണതയും വൈദികരോടുള്ള ബഹുമാനവും അടുപ്പവും യുവാവായ വർഗീസിൽ വൈദിക ജീവിതത്തോട് ആഭിമുഖ്യം ജനിപ്പിച്ചു. 1945ൽ തിരുവല്ലാ ചെറുപുഷ്പഗിരി അരമനയോടനുബന്ധിച്ചുണ്ടായിരുന്ന മൈനർ സെമിനാരിയിൽ വൈദിക പഠനത്തിനു ചേർന്നു. റെക്ടർ ബഹു. ജോസഫ് ഏറ്റുമാനൂക്കാരൻ അച്ചന്റെ ശിക്ഷണത്തിൽ ഒന്നാം വർഷ പരിശീലനവും പിറ്റേവർഷം റെക്ടറായി നിയമിതനായ ഫാ. ജോസഫ് നിലപ്പന അച്ചന്റെ ശിക്ഷണത്തിൽ ഭാഷാപഠനവും പൂർത്തിയാക്കി.

### മേജർ സെമിനാരി പഠനം

രണ്ടു വർഷക്കാലത്തെ ആധ്യാത്മിക ശിക്ഷണത്തിനും ലത്തീൻ, സുറിയാനി, ഇംഗ്ലീഷ്, മലയാളം ഭാഷാപഠനത്തിനും ശേഷം തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിക്കുവാനായി ആലുവാ മംഗലപ്പുഴ വൈദിക സെമിനാരിയിൽ പ്രവേശനം നേടി. പണ്ഡിതരും പരിശുദ്ധരുമായ സ്പാനിഷ് കർമ്മലീത്താ സന്യാസ വൈദികരുടെ പരിശീലനം ബ്രദർ വർഗീസിന്റെ യുക്തിബോധത്തെയും ദൈവശാസ്ത്രാഭിമുഖ്യത്തെയും ദൃഢപ്പെടുത്തി. പരിശുദ്ധന്മാരായ ഫാ. ഔറേലിയോസ് OCD, ഫാ. സഖറിയാസ് OCD എന്നിവരുടെ കീഴിൽ ലഭിച്ച പരിശീലനം വലിയ ഭാഗ്യവും പുണ്യവുമായാണ് അദ്ദേഹം കണ്ടിരുന്നത്. ബാല്യം മുതൽ ഉണ്ടായിരുന്ന സാഹിത്യ



www.malankaralibrary.com

വാസന പരിപോഷിപ്പിക്കുവാൻ വേണ്ടുവോളം അവസരങ്ങൾ സെമിനാരിയിൽ ലഭിച്ചു. എസ്.എച്ച് ലീഗ് എന്ന പ്രസിദ്ധീകരണ വിഭാഗവും പ്രേഷിത കേരളം മാസികയും ജൂബിലി മെമ്മോറിയൽ പ്രസും ഗുരുക്കന്മാരുടെ പ്രോത്സാഹനവും സാഹിത്യവളർച്ചയ്ക്ക് വലിയ വളമായി.

**വൈദികാഭിഷേകം**

തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ വിജയകരമായി പൂർത്തിയാക്കിയ ബഹു. വർഗീസ് കിളിച്ചിമല ശെമ്മാശൻ പൗരസ്ത്യ തിരുസംഘത്തിന്റെ അധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ യൂജിൻ ടിസ്സറാങ് തിരുമേനിയുടെ കൈവയ്പാൽ മംഗലപ്പുഴ സെമിനാരി ചാപ്പലിൽ വച്ച് 1953 ഡിസംബർ എട്ടാം തീയതി അമലോത്ഭവ മാതാവിന്റെ തിരുനാൾ ദിവസം സഹപാഠികളോടൊപ്പം വൈദിക പദവിയിലേക്ക് ഉയർത്തപ്പെട്ടു.

**ഇടവകകളിലെ ഇടയ ശുശ്രൂഷ**

നവവൈദികൻ 1954 ജൂൺ മുതൽ 1955 ഏപ്രിൽ വരെ വാളകം, പുത്തൻകുരിശ്, കണ്ടനാട് മിഷനുകളിലും 1955 ഏപ്രിൽ മുതൽ 1960 ജൂൺ വരെ നെല്ലിമറ്റം, ചാത്തമറ്റം ഇടവകകളിലും ഇടയശുശ്രൂഷ നിർവഹിച്ചു. 1960 ജൂൺ മുതൽ 1962 ജൂലൈ വരെ തിരുമൂലപുരം ഇടവകയിൽ സഹപട്ടക്കാരനായിരുന്നു. ബി.എഡ് പഠനകാലത്ത് 1962 ജൂലൈ മുതൽ 1963 ഏപ്രിൽ വരെ തൃശൂർ മിഷനിലും പീച്ചി ഇടവകയിലും ശുശ്രൂഷ ചെയ്തു. 1963 മേയ് മാസം മുതൽ തിരുമൂലപുരം ഇടവകയിൽ താമസിച്ചുകൊണ്ട് വികാരിയെ സഹായിക്കുകയും സമീപ ഇടവകകളിൽ ശുശ്രൂഷ നടത്തുകയും ചെയ്തു. ബഹു. മാത്യു ചിറക്കാട്ട് അച്ചന്റെ നിര്യാണത്തെ തുടർന്ന് ചുരുങ്ങിയകാലം തിരുമൂലപുരം ഇടവകയിൽ വികാരിയുടെ ചുമതലകൾ നിറവേറ്റി. 1970 മുതൽ 1973 വരെ കുന്നന്താനം സെന്റ് ഫ്രാൻസിസ് അസ്സീസി ഇടവകയിൽ വികാരിയായും 1973 മുതൽ 1975 വരെ കല്ലിശേരി സെന്റ് തോമസ് പള്ളി വികാരിയായും തിരുമൂലപുരത്ത് താമസിച്ചുകൊണ്ട് സേവനം ചെയ്തു. 1975 മുതൽ 1979 ജൂൺ മാസം വരെ ചുങ്കപ്പാറ സെന്റ് ജോർജ് ഇടവക വികാരിയായിരുന്നു. കർമ്മലഗിരി സെമിനാരിയിൽ താമസിച്ചുകൊണ്ട് 1979 മുതൽ 1986 വരെ കളമശേരി ഹോളി ട്രിനിറ്റി ഇടവക വികാരിയായും 1987ൽ ആലുവ സെന്റ് ജോൺസ് പള്ളി പുനരുദ്ധരിച്ച് 1991 വരെ വികാരിയായും ചുമതല വഹിച്ചു. 1992 മുതൽ 1995 മേയ് 20 വരെ മാന്നാർ സെന്റ് മേരീസ് പള്ളി വികാരിയായും മാന്നാർ ബഥനി മഠം ചാപ്ലെയിനായും



www.malankaralibrary.com

സേവനം ചെയ്തു. 1995 മേയ് 20ന് ഇടവക കേന്ദ്രീകൃത ഇടയ ശുശ്രൂഷയിൽ നിന്ന് വിരമിച്ച് പുഷ്പഗിരി ക്ലെർജി ഹോമിൽ താമസിച്ചുകൊണ്ട് സാഹിത്യസേവനം തുടർന്നു. 2002 മാർച്ച് 17-ാം തീയതി അയർലൻഡിന്റെ മധ്യസ്ഥനായ വിശുദ്ധ പാട്രിക്കിന്റെ തിരുനാൾ ദിവസം ദിവംഗതനായി. 19-ാം തീയതി വിശുദ്ധ യൗസേപ്പ് പിതാവിന്റെ മരണത്തിരുനാൾ ദിവസം ചെങ്ങരൂർ സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിലെ ചാപ്പലിൽ വൈദികർക്കുവേണ്ടിയുള്ള കബറിൽ സംസ്കരിച്ചു.

**അധ്യാപക ശുശ്രൂഷ**

നവവൈദികനായിരുന്ന ബഹു. വർഗീസ് കിളിച്ചിമല വൈദിക ശുശ്രൂഷയുടെ ആദ്യനാളുകളിൽ സ്വന്തമായ പഠനത്തിലൂടെ ബിരുദം നേടി. അധ്യാപക ശുശ്രൂഷയോടദ്ദേഹത്തിനുണ്ടായിരുന്ന ആഭിമുഖ്യവും മലയാള ഭാഷയിലും സാഹിത്യത്തിലുമുണ്ടായിരുന്ന അഭിരുചിയും തിരിച്ചറിഞ്ഞ ബഹു. ഡൊമിനിക് കോയിക്കര അച്ചൻ ബഹു. കിളിച്ചിമല അച്ചനെ കോതമംഗലം സെന്റ് ജോർജ് ഹൈസ്കൂളിൽ അധ്യാപകനായി നിയമിച്ചു. അധ്യാപകവൃത്തിയുടെ കാര്യക്ഷമതയ്ക്കു ട്രെയിനിംഗ് നേടാനായി അച്ചൻ 1962-63 അധ്യയന വർഷം തൃശൂർ സർക്കാർ ട്രെയിനിംഗ് കോളജിൽ പഠിച്ച് ബി.എഡ് ബിരുദം നേടി. ബഹു. കിളിച്ചിമല അച്ചനിലെ അധ്യാപകകല തിരിച്ചറിഞ്ഞ തിരുവല്ലാ രൂപതാധികാരികൾ അദ്ദേഹത്തെ ഇരുവള്ളിപ്ര സെന്റ് തോമസ് ഹൈസ്കൂളിൽ അധ്യാപകനായി നിയമിച്ചു. ഈ കാലയളവിൽ അദ്ദേഹം സ്വന്ത പഠനത്തിലൂടെ മലയാള ഭാഷയിലും സാഹിത്യത്തിലും ബിരുദാനന്തര ബിരുദം കരസ്ഥമാക്കി. പതിനഞ്ചു വർഷക്കാലം ഇരുവെള്ളിപ്ര സെന്റ് തോമസ് ഹൈസ്കൂളിലും തുടർന്ന് 1975 മുതൽ 1979 വരെ കോട്ടാങ്ങൽ സെന്റ് ജോർജ് ഹൈസ്കൂളിലും അധ്യാപക ശുശ്രൂഷ നടത്തി. 1979 മേയ് 31ന് സ്കൂളിൽ നിന്നു വിരമിച്ചു. അതേ വർഷം ജൂൺ മാസം മുതൽ ആലുവ കാർമ്മൽഗിരി പൊന്തിഫിക്കൽ കോളജിലെ മലയാളം അധ്യാപകനായി ചുമതലയേറ്റു. 1993 വരെ അവിടെ ശുശ്രൂഷയിൽ തുടർന്നു. അദ്ദേഹത്തിൽ നിന്ന് മലയാള ഭാഷ അഭ്യസിച്ച നൂറുകണക്കിനു വൈദികർ ഇന്നു കേരളത്തിലെ വിവിധ രൂപതകളിൽ സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ സഭകളിലും വിവിധ സന്യാസ സമൂഹങ്ങളിലുമായി ശ്രേഷ്ഠമായ ശുശ്രൂഷ നിർവഹിക്കുന്നു.



www.malankaralibrary.com

**സാഹിത്യ സേവനം**

ബാല്യകാലം മുതൽ എഴുത്തിലും വായനയിലും പ്രസംഗത്തിലും അദ്ദേഹം വലിയ കമ്പം കാട്ടിയിരുന്നു. കൃഷിസ്ഥലത്തിന്റെ നടുക്ക് മറ്റാരും ശ്രദ്ധിക്കാത്ത സ്ഥലത്തുപോയി പ്രസംഗങ്ങൾ ഉറക്കെപ്പറഞ്ഞ് പരിശീലിക്കുക അദ്ദേഹത്തിന്റെ ബാല്യകാല വിനോദമായിരുന്നു. മല്ലപ്പള്ളി സി.എം.എസ് ഹൈസ്കൂളിൽ പഠിക്കുമ്പോൾ 'സ്കൂൾ ബോയ്സ് ക്ലബി'ലെ സജീവ അംഗവും ഭാരവാഹിയുമായിരുന്നു. 'സ്കൂൾ മോണിട്ടർ' എന്ന സ്കൂളിലെ വാർഷിക പ്രസിദ്ധീകരണത്തിൽ കവിതകൾ രചിച്ചാണ് സാഹിത്യലോകത്തേക്കു കടന്നുവന്നത്. ഫിഫ്ത്ത് ഫോമിൽ പഠിക്കുമ്പോൾ 'മംഗളശ്ലോകവും' ബോയ്സ് ക്ലബ് ജയന്തി എന്നൊരു കവിതയും എഴുതി 'സ്കൂൾ മോണിട്ടറി'ൽ പ്രസിദ്ധീകരിച്ചു. സ്കൂൾ വാർഷിക സമ്മേളനത്തിൽ 'ആത്മവിലാപം' എന്ന കവിത സ്വന്തമായി എഴുതി അവതരിപ്പിച്ചത് അതിഥികളുടെയും അധ്യാപകരുടെയും ശ്രോതാക്കളുടെയും സഹപാഠികളുടെയും അഭിനന്ദനത്തിനർഹമായി. പിറ്റെവർഷത്തെ വാർഷികത്തിൽ 'അന്നത്തെ ആഹാരം' എന്ന കവിത എഴുതി അവതരിപ്പിച്ചു. വാർഷിക സമ്മേളന ഉദ്ഘാടകനായി എത്തിയിരുന്ന ചങ്ങനാശേരി എസ്.ബി കോളജ് പ്രിൻസിപ്പൽ ബഹു. വില്യം നേര്യംപറമ്പിൽ അച്ചൻ യുവകവിയെ മുക്തകണ്ഠം പ്രശംസിച്ചത് ഭാവിയിൽ അദ്ദേഹത്തിനു വലിയ പ്രചോദനമായി.

ചങ്ങനാശേരി അതിരൂപതിയിലെ കുന്നന്താനം സെന്റ് ജോസഫ് ഇടവകയിലെ വികാരിയിൽ നിന്ന് വായനയ്ക്കായി ലഭിച്ചിരുന്ന 'കർമ്മലകുസുമം' മാസികയിലെ 'പ്രശ്നോത്തരി' പൂരിപ്പിച്ചയക്കുക വർഗീസിന്റെ പതിവായിരുന്നു. കെ.വി. വർഗീസ് കുന്നന്താനം എന്ന പേരിലായിരുന്നു ഉത്തരങ്ങൾ അയച്ചിരുന്നത്. അനേക പ്രാവശ്യം ശരിയായ ഉത്തരത്തിന് സമ്മാനങ്ങൾ ലഭിക്കുകയും പേര് മാസികയിൽ അച്ചടിച്ച് വരികയും ചെയ്തിട്ടുണ്ട്. പുസ്തകങ്ങളായിരുന്നു സമ്മാനമായി ലഭിച്ചിരുന്നത്. അതും വർഗീസിന്റെ വായനാശീലത്തിന് പ്രോത്സാഹനവും എഴുതാനുള്ള ശീലത്തിന് ഉത്തേജനവുമായി. സ്കൂൾ പഠനകാലത്തുതന്നെ 'കുസുമസഞ്ചയം' എന്നൊരു കവിതാസമാഹാരം എഴുതി തയാറാക്കി. എന്നാൽ അന്നത് അച്ചടിച്ച് പ്രസിദ്ധീകരിക്കാൻ സാധിച്ചില്ല.

വൈദിക പരിശീലനത്തിനായി ആലുവ മംഗലപ്പുഴ സെമിനാരിയിൽ പ്രവേശനം ലഭിച്ചത് സാഹിത്യ സേവനത്തിന് വലിയ സഹായമായി. സെമിനാരിയുടെ ഉടമസ്ഥതയിലുള്ള എസ്.എച്ച് ലീഗ് പ്രസിദ്ധീകരണശാലയും പ്രേഷിത കേരളം മാസികയും ജൂബിലി മെമ്മോറിയൽ അച്ച



www.malankaralibrary.com

ടിശാലയും തിരുത്തൽ നൽകി പ്രോത്സാഹിപ്പിക്കുന്ന അധ്യാപകരും അദ്ദേഹത്തിന്റെ തൂലികാ ശുശ്രൂഷയെ ശക്തിപ്പെടുത്തി. സെമിനാരി പരിശീലനകാലത്ത് അനേകം കവിതകളും ലേഖനങ്ങളും എഴുതി പ്രസിദ്ധീകരിച്ചു. ഇതേ കാലത്ത് പ്രസംഗകലയിലും അദ്ദേഹം നന്നായി ശോഭിച്ചു. വൈദികാഭിഷേകത്തിന്റെ സ്മാരകമായി വിശുദ്ധ ജോൺ വിയാനിയുടെ ജീവചരിത്രം 1953 ഡിസംബറിൽ പ്രസിദ്ധീകരിച്ചു. അദ്ദേഹം ജീവിച്ചിരിക്കുമ്പോൾതന്നെ പ്രസ്തുത ഗ്രന്ഥത്തിന്റെ ആറു പതിപ്പുകൾ പ്രസിദ്ധീകൃതമായി എന്നത് ഗ്രന്ഥത്തിനു ലഭിച്ച സ്വീകാര്യതയുടെ തെളിവാണ്.

യുവവൈദികനായ ഫാ. വർഗീസ് കിളിച്ചിമലയുടെ ആദ്യനിയമനം തിരുവല്ലാ സെന്റ് ജോസഫ് പ്രിന്റിംഗ് ഹൗസിന്റെ സഹചുമതലക്കാരനായിട്ടായിരുന്നു. പ്രസ്തുത നിയമനം ആറു മാസക്കാലത്തേക്കു മാത്രമായിരുന്നെങ്കിലും (1954 ജനുവരി – 1954 ജൂൺ) അത് അദ്ദേഹത്തിന്റെ സാഹിത്യ സേവനങ്ങൾക്ക് ദിശാസൂചകമായിരുന്നു. ഇരുപത്തിയഞ്ചിൽ അധികം ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് ജന്മമെടുത്തിട്ടുണ്ട്. കവിത, ജീവചരിത്രം, ദൈവശാസ്ത്രം, സഭാശാസ്ത്രം, ബൈബിൾ വിജ്ഞാനീയം, കഥാപ്രസംഗം, ഖണ്ഡകാവ്യം, സംഭാഷണം, ഡയലോഗ്, സാഹിത്യലേഖനങ്ങൾ, നർമ്മം, ഹാസ്യം തുടങ്ങിയ വിവിധ സാഹിത്യ മേഖലകളിലെല്ലാം അദ്ദേഹത്തിന്റെ തൂലിക മികവുകാട്ടിയിട്ടുണ്ട്.

ക്രൈസ്തവകാഹളം, ഐക്യദീപം, പ്രേഷിത കേരളം തുടങ്ങിയ മാസികകളിൽ സഭാബന്ധിയും സാഹിത്യപരവുമായ ലേഖനങ്ങളും പഠനങ്ങളും കവിതകളും അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് ധാരളമായി വന്നിരുന്നു. ചേപ്പാട്ട് പീലിപ്പോസ് റമ്പാൻ ആരംഭിച്ച ക്രൈസ്തവ കാഹളം മാസിക പരിഷ്കരിച്ച് പ്രസിദ്ധീകരണമാരംഭിച്ചപ്പോൾ അദ്ദേഹം പത്രാധിപ സമിതിയിൽ അംഗമായി നിയമിക്കപ്പെട്ടു. "ക്രൈസ്തവ ഐക്യം" വിഷയം മാസികയിൽ കൈകാര്യം ചെയ്തിരുന്നത് അദ്ദേഹമായിരുന്നു. വൈദികപഠനകാലത്ത് തന്റെ സാഹിത്യാഭിരുചി വളർത്തുവാൻ സഹായിച്ച എസ്.എച്ച് ലീഗിന്റെ ഡയറക്ടറായും പ്രേഷിതകേരളം മാസികയുടെ മുഖ്യപത്രാധിപരായും ഒരു ദശകത്തിലധികം (1979-1992) അദ്ദേഹം പ്രവർത്തിച്ചു. 1997 ജനുവരിയിൽ (2-1-1997) "വിമല പ്രബന്ധാവലി" എന്നൊരു ദാർശനിക ദ്വൈവാരിക അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരണമാരംഭിച്ചു. അതിൽ പ്രസിദ്ധീകൃതമായ പല ലേഖനങ്ങളും അനുവാചകരുടെ അപേക്ഷ പരിഗണിച്ച് പിന്നീട് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

തൂലികാ യോദ്ധാവായിരുന്ന അദ്ദേഹം സഭയുടെ പ്രബോധന



www.malankaralibrary.com

പ്രവർത്തനങ്ങൾക്കായിരുന്നു പ്രാമുഖ്യം നൽകിയിരുന്നത്. ക്രൈസ്തവ ഐക്യം ലക്ഷ്യം വച്ചുള്ളതായിരുന്നു അദ്ദേഹത്തിന്റെ ആയോധനമത്രയും. ആശയ പ്രചരണത്തിനു ലഭിച്ച അവസരമൊന്നും അദ്ദേഹം പാഴാക്കിയിട്ടില്ല.

ബഹു. കിളിച്ചിമല അച്ചന്റെ ഗ്രന്ഥങ്ങൾ

1. വി. ജോൺ വിയാനി, 1953, ജീവചരിത്രം
2. വി. ബർണദീത്താ, ജീവചരിത്രം
3. മോൺ. തോമസ് വടശേരി, 1967, ജീവചരിത്രം
4. മാരേട്ട് പീലിപ്പോസ് ജഡ്ജി, 2001, ജീവചരിത്രം
5. ആദർശദീപങ്ങൾ, 1975, ജീവിത ചിത്രീകരണങ്ങൾ
6. രജതരശ്മികൾ, 1990, ജീവചരിത്ര ചിത്രീകരണങ്ങൾ
7. എക്യൂമെനിസ ചിന്തകന്മാർ, 2001, ജീവചരിത്ര ചിത്രീകരണങ്ങൾ
8. ഓർമയുടെ ചിത്രശാല (ഒന്നാം പുസ്തകം), 1996, ജീവിതസ്മരണകൾ
9. വഴി, സത്യം, ജീവൻ, 2000, ക്രിസ്തു ചരിത്രം ബൈബിളിലൂടെ
10. മാർ ഈവാനിയോസ് ഒരു പഠനം, 1990, ജീവിതദർശന പഠനം
11. 70 വർഷം പുസ്തക പ്രസാധനം, 1991, ചരിത്രം
12. ഐക്യത്തിന്റെ വിളി, പ്രബന്ധങ്ങൾ
13. കേരള സഭാചരിത്ര പ്രശ്നങ്ങൾ, ചരിത്ര പ്രബന്ധങ്ങൾ
14. മൂന്നാം സഹസ്രാബ്ദ സ്വീകരണ പരിപാടി, 1996 പ്രബന്ധങ്ങൾ
15. എക്യൂമെനിസം, 1978, പൗരോഹിത്യ രജതജൂബിലി സ്മരണിക, പ്രബന്ധങ്ങൾ
16. അന്ത്യോക്യായോ റോമായോ, പ്രബന്ധങ്ങൾ
17. വിശ്രമവും വിചിന്തനവും, 1975, വിവിധ വിഷയ പ്രബന്ധങ്ങൾ
18. വിഗഹവീക്ഷണം, 1996, സാഹിത്യ സുന്ദരമായ 18 അവലോകനങ്ങൾ
19. അന്നം പാലേ കുടിച്ചിട്ടുള്ളൂ, സാഹിത്യലേഖനങ്ങൾ
20. പുലരിപ്പൂക്കൾ, 1969, 1943-45 കാലഘട്ടത്തിലെഴുതിയ പത്ത് കവിതകൾ
21. കണ്ണു തുറപ്പിച്ച വട്ടിപ്പണം, കഥാപ്രസംഗം
22. കുരിശിന്റെ നീരവസ്വരം, ഖണ്ഡകാവ്യം
23. സഭ ദൈവത്തിന്റെ ജനം, 1998, സഭാപഠനം
24. എക്യൂമെനിസ വിചാരവും മലങ്കര സഭകളുടെ ഡയലോഗും, 1997



www.malankaralibrary.com

എക്യൂമെനിസവും ഡയലോഗും ലേഖനങ്ങൾ
25. കേരള സഭാചരിത്രപ്രശ്നങ്ങളും ഷെവ. വി.സി. ജോർജിന്റെ ഗവേഷണ നിഗമനങ്ങളും, ചരിത്രം.

ബഹു. വർഗീസ് കിളിച്ചിമല അച്ചൻ ആദ്യമായി പ്രകാശനം ചെയ്ത 'ബർണദീത്താ' എന്ന പുസ്തകത്തെ പ്രശംസിച്ചുകൊണ്ട് മോൺ. തോമസ് വടശേരി എഴുതി: "കിളിച്ചിമല കിളിക്കൊഞ്ചലുമായി പുനരൈക്യഗിരി മുകളിൽ പറന്നു മധുരഗീതം മുഴക്കട്ടെ", എന്ന് ആറു പതിറ്റാണ്ടുകൾക്കു മുമ്പ് മോൺ. വടശേരി ആശംസിച്ചത് അക്ഷരം പ്രതി ബഹു. കിളിച്ചിമല അച്ചനിലൂടെ നിറവേറി എന്ന് അദ്ദേഹത്തിന്റെ കൃതികളിലൂടെ കടന്നുപോയവർ ശിരസുകുലുക്കി സമ്മതിക്കും. വളരെ നല്ല ഭാഷ, മനോഹരമായ പ്രതിപാദനം, പ്രസ്പഷ്ടമായ ആശയങ്ങൾ അദ്ദേഹത്തിന്റെ എല്ലാ കൃതികളെക്കുറിച്ചും പറയാം.

മലങ്കര പുനരൈക്യം, മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ സഭാദർശനം, മലങ്കര സഭാചരിത്രം, രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ സഭാവീക്ഷണവും സഭൈക്യദർശനങ്ങളും, തുടങ്ങിയ വിഷയങ്ങളുടെ പ്രചാരകരും പ്രബോധകരും, ഇവ ജീവിതത്തിൽ അനുവർത്തിക്കാനും അവലംബിക്കാനും പരിശ്രമിച്ചവരുമായ വ്യക്തികളുമാണ് ബഹു. വർഗീസ് കിളിച്ചിമല അച്ചന്റെ തൂലികയ്ക്ക് പ്രധാനമായും വിഷയീഭവിച്ചിട്ടുള്ളത്. ചരിത്രം വളച്ചൊടിച്ച് പാണ്ഡിത്യം പ്രകടിപ്പിക്കാൻ ശ്രമിക്കുന്നവരോടദ്ദേഹത്തിനു പുച്ഛമാണ്. ദൈവവചനവും സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളും വികലമാക്കി അവതരിപ്പിച്ച് സഭയിലെ ഭിന്നതയെ ന്യായീകരിക്കാൻ ശ്രമിക്കുന്നവരോടദ്ദേഹത്തിനു സന്ധിയില്ല. വ്യാജരേഖകളും കള്ളപ്രമാണങ്ങളും ചമച്ച് ഐക്യശ്രമങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നവരോടദ്ദേഹത്തിനു സഹതാപമാണ്. പകൽപോലെ വ്യക്തമായ സത്യങ്ങളെ തമസ്കരിച്ച് ഐക്യത്തിനുവേണ്ടി ജീവിതം സമർപ്പിച്ചവരെ അപഹസിക്കുന്നവരോടദ്ദേഹം നിർദാക്ഷിണ്യം കലഹിക്കും.

സാർവത്രിക സഭയിലും മലങ്കര സഭയിലും ഐക്യത്തിന്റെ ചിന്ത ഉയർത്തുകയും വളർത്തുകയും ചെയ്തവരെ അനുവാചകർക്കു പരിചയപ്പെടുത്തുവാനും ഡയലോഗിന്റെയും ചർച്ചയുടെയും അന്തരീക്ഷം വളർത്തുവാനുമാണ് അദ്ദേഹം തന്റെ തൂലിക അധികവും ചലിപ്പിച്ചത്. ചേപ്പാട്ട് പീലിപ്പോസ് റമ്പാനും മോൺ. തോമസ് വടശേരിയുംപോലെ മലങ്കര പുനരൈക്യത്തിനുവേണ്ടി തൂലിക ചലിപ്പിച്ചിട്ടുള്ളത് ബഹു. വർഗീസ് കിളിച്ചിമല അച്ചനാണെന്നത് പകൽപോലെ വ്യക്തമാണ്.



www.malankaralibrary.com

**ഉജ്വല വാഗ്മി**

ഒരുകാലത്ത് കേരളത്തിൽ ഏറ്റവും തിരക്കുള്ള ബൈബിൾ കൺവൻഷൻ പ്രസംഗകൻ ബഹു. വർഗീസ് കിളിച്ചിമല അച്ചനായിരുന്നു. ബൈബിൾ ജ്ഞാനവും മലയാളഭാഷാ സ്വാധീനവും ശ്രോതാക്കൾക്ക് അദ്ദേഹത്തെ പ്രിയങ്കരനാക്കി. രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ സഭാവിജ്ഞാനീയവും സഭൈക്യദർശനവും ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യദർശനവും കോർത്തിണക്കി നൂറുകണക്കിന് വേദികളിൽ അദ്ദേഹം നടത്തിയിട്ടുള്ള പ്രസംഗങ്ങൾ ആയിരങ്ങളെ ആവേശഭരിതരാക്കിയിരുന്നു. മോൺ. തോമസ് വടശേരിക്കുശേഷം പ്രസംഗത്തിലൂടെയും രചനയിലൂടെയും മലങ്കരസഭയെ ഇത്രത്തോളം ധന്യമാക്കിയ വേറൊരാൾ മലങ്കരയിലുണ്ടായിട്ടില്ല. ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിലും എഴുപതുകളിലും പുനരൈക്യവാർഷികാഘോഷങ്ങളോടനുബന്ധിച്ചുള്ള പഠനവേദികളിലെ സ്ഥിരം പ്രബന്ധാവതാരകനായിരുന്നു ബഹു. കിളിച്ചിമല അച്ചൻ. 1974ൽ 44-ാം പുനരൈക്യവാർഷികം തിരുവല്ലയിൽ നടന്നപ്പോഴും (21-09-1974), 1978ൽ 48-ാം പുനരൈക്യവാർഷികം റാന്നിയിൽ നടന്നപ്പോഴും (21-09- 1978) നടത്തിയ സിമ്പോസിയങ്ങളിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത നേതൃത്വം കൊടുത്ത സഭൈക്യം ചരിത്രത്തിലെ മറ്റു പുനരൈക്യങ്ങളിൽ നിന്ന് വ്യത്യസ്തമാണെന്ന് അദ്ദേഹം അവതരിപ്പിച്ചത് ഇന്നും മനസിൽ മിഴിവാർന്നു നിൽക്കുന്നു. 1983ൽ തിരുവല്ലാ രൂപതയുടെ സുവർണ ജൂബിലി സമാപന ആഘോഷങ്ങളുടെ ഭാഗമായി തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രൽ ഹാളിൽവച്ചു നടത്തിയ പ്രഭാഷണത്തിൽ അദ്ദേഹം അവതരിപ്പിച്ച ഐക്യദർശനങ്ങൾ ഇടിമുഴക്കംപോലെ ഇപ്പോഴും മനസിൽ മാറ്റൊലിക്കൊള്ളുന്നു. ഒരു കാലത്ത് മലങ്കരയിലെ പള്ളിപ്പെരുന്നാളുകളിൽ അദ്ദേഹത്തിന്റെ പ്രസംഗം ഒഴിവാക്കാനാകാത്ത ഒരിനമായിരുന്നു.

**ഇടവകയിൽ ഒരു ലൈബ്രറി**

എല്ലാ ഇടവകകളിലും ഓരോ ലൈബ്രറി എന്നത് അദ്ദേഹത്തിന്റെ അഭിലാഷമായിരുന്നു. ബാല്യത്തിലും കൗമാരത്തിലും കയ്യിൽകിട്ടുന്നതൊക്കെ വായിക്കുകയും കൂടുതൽ വായിക്കാൻ നല്ല പുസ്തകങ്ങൾ ലഭിക്കാൻ സൗകര്യമില്ലാത്തതിൽ മനസ് വേദനിക്കുകയും ചെയ്തിരുന്ന അദ്ദേഹം വൈദിക പഠനത്തിന് ആലുവ മംഗലപ്പുഴ സെമിനാരിയിൽ



www.malankaralibrary.com

എത്തിയപ്പോൾ അനുഭവിച്ച ആനന്ദം അവർണനീയമായിരുന്നു. സെമിനാരിയിലെ ബൃഹത്തായ ലൈബ്രറിയും എസ്.എച്ച്. ലീഗ് ഗ്രന്ഥാലയവുമായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും പ്രധാന ആകർഷണങ്ങൾ. പഠനത്തിനിടയിൽ വീണുകിട്ടുന്ന സമയമെല്ലാം ലൈബ്രറിയിൽ ചെലവഴിച്ചിരുന്ന അദ്ദേഹത്തിന് ലൈബ്രറികളോട് വലിയ ഹൃദയ അടുപ്പം രൂപപ്പെട്ടു. കേരള ഗ്രന്ഥശാലാ സംഘത്തിന്റെ പ്രവർത്തനങ്ങളും ഗ്രാമപ്രദേശങ്ങളിലെ വായനശാലകളുടെ സദ്ഫലങ്ങളും സ്കൂൾ ലൈബ്രറികളുടെ പ്രയോജനങ്ങളും നന്നായി മനസിലാക്കിയിരുന്ന ബഹു. അച്ചൻ ഇടവക കേന്ദ്രീകൃതമായി സദ്ഗ്രന്ഥങ്ങളുടെ ഒരു ശേഖരം ഉണ്ടാകണമെന്ന് സാധ്യമായ വേദികളിലെല്ലാം പറയുമായിരുന്നു.

അദ്ദേഹം ആലുവ എസ്.എച്ച് ലീഗിന്റെ അമരക്കാരനായിരുന്നപ്പോൾ 'മൂന്നാം സഹസ്രാബ്ദി സ്വീകരണ കർമ്മപദ്ധതിയിൽ' ഉൾപ്പെടുത്തി ഇടവക ലൈബ്രറി എന്ന ആശയം കേരളമാസകലം പ്രചരിപ്പിക്കുവാൻ ശ്രമം ആരംഭിച്ചിരുന്നു. ഇടവക ലൈബ്രറികൾക്ക് എസ്.എച്ച് ലീഗിന്റെ പുസ്തകങ്ങളും അദ്ദേഹത്തിന്റെതന്നെ പുസ്തകങ്ങളും സൗജന്യനിരക്കിൽ നൽകി പ്രോത്സാഹിപ്പിക്കാനും അദ്ദേഹം പദ്ധതി ആവിഷ്കരിച്ചിരുന്നു. 1992ൽ എസ്.എച്ച് ലീഗിന്റെ ചുമതലയിൽ നിന്നും 1993 ആരംഭത്തിൽ സെമിനാരി ശുശ്രൂഷയിൽ നിന്നും വിരമിച്ചതോടെ പ്രസ്തുത പദ്ധതി പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടു. ഔദ്യോഗിക ശുശ്രൂഷകളിൽ നിന്ന് വിരമിച്ച് തിരുവല്ലാ പുഷ്പഗിരി ക്ലെർജിഹോമിൽ വിശ്രമിജീവിതം നയിക്കുമ്പോഴും 'ഇടവക ലൈബ്രറി' എന്ന ആശയം അദ്ദേഹത്തിൽ ജ്വലിച്ചു നിന്നിരുന്നു. അതിന്റെ പൂർത്തീകരണം മുന്നിൽ കണ്ടുകൊണ്ടാണ് അദ്ദേഹം 1997 ജനുവരി രണ്ടിന് 'വിമല പ്രബന്ധാവലി' എന്ന ദാർശനിക ദ്വൈവാരിക പ്രസിദ്ധീകരണം ആരംഭിച്ചതും അതിലൂടെ വരുന്ന ലേഖനങ്ങൾ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കാൻ തുടങ്ങിയതും. വേണ്ടത്ര പ്രോത്സാഹനം ലഭിക്കാതെ പ്രസ്തുത ഉദ്യമവും മുരടിച്ചു പോയതായി പിന്നീട് അദ്ദേഹം വേദനയോടെ ഗ്രന്ഥങ്ങളിൽ സൂചിപ്പിക്കുന്നുണ്ട്. കേരളസഭയ്ക്ക് വലിയ മുതൽകൂട്ടാകുമായിരുന്ന ഈ സ്വപ്ന പദ്ധതി യുവജന സംഘടനകൾ ഏറ്റെടുക്കണമെന്ന് അദ്ദേഹം അവസാനകാലത്തും ആഗ്രഹം പ്രകടിപ്പിക്കുമായിരുന്നു.

### ഹൃദയം നിറയെ മലങ്കര സഭയും ഡയലോഗും

അദ്ദേഹത്തിന്റെ ഹൃദയം നിറയെ മലങ്കര സഭയായിരുന്നു. മാർത്തോമ്മായുടെ മാർഗവാസികൾ ഒരു കൂട്ടായ്മയായി സുവിശേഷസാക്ഷ്യം



www.malankaralibrary.com

നിർവഹിക്കുന്ന ദിനമാണ് അദ്ദേഹം കാണാൻ ആഗ്രഹിച്ച സ്വപ്നം. 1653ലെ കൂനൻകുരിശിൽ ആരംഭിച്ച ഭിന്നത ദൈവപദ്ധതിയിൽ പര്യവസാനിക്കാൻ 1930 ൽ വഴിതുറന്നിട്ടും ഭിന്നത തുടരുന്നതിലായിരുന്നു അദ്ദേഹത്തിന്റെ മനോവേദന. ഈ പശ്ചാത്തലത്തിൽ അദ്ദേഹം വിശുദ്ധ ഗ്രന്ഥവും സഭാപിതാക്കന്മാരുടെ പഠനങ്ങളും സഭാചരിത്രവും വീണ്ടും പഠനവിഷയമാക്കി. സത്യം പകൽപോലെ വ്യക്തമായിട്ടും അസത്യത്തിന്റെ അന്ധകാരം സൃഷ്ടിച്ച് സ്വാർത്ഥതയുടെയും അധികാരക്കൊതിയുടെയും പൂരണത്തിനായി വിശ്വാസ സമൂഹത്തെ വിഭജിക്കുന്നവർക്കെതിരെ അദ്ദേഹം ജ്വലിക്കുന്നുണ്ട്. ഭിന്നത നിലനിർത്തി അധികാരം ആസ്വദിക്കാൻ വേണ്ടി ദൈവവചനവും ചരിത്രവും വികലമാക്കി അവതരിപ്പിക്കുന്നവർക്കെതിരെ അദ്ദേഹത്തിന്റെ തൂലിക ചലിക്കുന്നുണ്ട്.

സംവാദവും സംഭാഷണവും വഴി സത്യം ഗ്രഹിക്കാൻ ശ്രമിക്കണമെന്നാണദ്ദേഹത്തിനു പറയാനുള്ളത്. രണ്ടാം വത്തിക്കാൻ സുന്നഹദോസ് ഉയർത്തിക്കാട്ടിയ 'ഡയലോഗി'ന്റെ മാർഗം അവലംബിക്കാൻ എല്ലാവരെയും അദ്ദേഹം ആഹ്വാനം ചെയ്യുന്നു. എക്യൂമെനിസത്തെക്കുറിച്ച് വിശദീകരിക്കാനും എക്യൂമെനിസ ചിന്തകളെ പങ്കുവച്ചിട്ടുള്ള ചിന്തകരെ അവതരിപ്പിക്കാനും എക്യൂമെനിസത്തിന്റെ വഴികൾ പിന്തുടർന്ന വ്യക്തികളെ വരച്ചുകാട്ടാനും ഗ്രന്ഥങ്ങളിലുടനീളം അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. 'ഡയലോഗ്' കൊണ്ട് ഒരുവൻ ജയിക്കുകയോ തോൽക്കുകയോ ചെയ്യുന്നില്ല. എന്നാൽ അപരനെപ്പറ്റിയുള്ള അഗാധമായ അറിവു നൽകുന്നതുകൊണ്ട് സംവാദം ഒരുവനെ പൂർവാധികം സമ്പന്നനാക്കുന്നു. പരസ്പരമുള്ള ഈ ധാരണ ഗാഢസ്നേഹത്തെ ഉദിപ്പിക്കുന്നു. സ്നേഹത്തിന്റെ ഐക്യം പടുത്തുയർത്തുന്ന ബലിഷ്ഠമായ അടിത്തറയിൽ മാത്രമേ സത്യത്തിന്റെ ഐക്യം നിലനിൽക്കുകയുള്ളൂ. 'ആദ്യം സ്നേഹത്തിന്റെ ഐക്യം, തുടർന്നു സത്യത്തിന്റെ ഐക്യവും' (എക്യൂമെനിസം, പുറം 173). ഡയലോഗിന്റെ പാതയിലൂടെ ചരിച്ച് മലങ്കര നസ്രാണികൾ ഒരു കൂട്ടായ്മയായി സുവിശേഷ സാക്ഷ്യം നിറവേറ്റുന്ന ദിനമായിരുന്നു അദ്ദേഹത്തിന്റെ പ്രാർത്ഥനയുടെയും പ്രസംഗങ്ങളുടെയും രചനകളുടെയും ലക്ഷ്യം.

**സമാപ്തി**

ആധ്യാത്മിക അന്തരീക്ഷവും സഭാസ്നേഹവും സദാ നിറഞ്ഞുനിന്നിരുന്ന കുടുംബത്തിലെ ജനനവും പുനരൈക്യത്തിലൂടെ പരിശുദ്ധ കത്തോലിക്കാ സഭാ കൂട്ടായ്മയിലെത്തിയതിന്റെ മാധുര്യവും പരപ്പാർന്ന വായനയിലൂടെയും പഠനത്തിലൂടെയും ചിന്തയിലൂടെയും രൂപപ്പെട്ട ആഴമായ



www.malankaralibrary.com

അറിവും ശരാശരി മനുഷ്യർ കാണുന്നതിലുപരി കാര്യങ്ങളെ കാണുവാനദ്ദേഹത്തെ പ്രാപ്തനാക്കി. തെളിഞ്ഞ ചിന്തയും വിട്ടുവീഴ്ചയില്ലാത്ത ധർമപക്ഷപാതവും ആദർശങ്ങളെയും സത്യത്തെയും ഒരിക്കലും ഒറ്റിക്കൊടുക്കാത്ത തൂലികയും അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു. ഇടവകകളിലെ ഇടയശുശ്രൂഷയും പാഠശാലകളിലെ അധ്യാപക ശുശ്രൂഷയും നൂറുകണക്കിന് വേദികളിലെ പ്രസംഗങ്ങളും പ്രബന്ധാവതരണങ്ങളും, വീണുകിട്ടുന്ന സമയവുമെല്ലാം വായനയും ഗ്രന്ഥരചനയും വിശ്രമമറിയാതുള്ള പ്രേഷിത ശുശ്രൂഷ. ആർഭാടം അശേഷം തീണ്ടാത്ത ജീവിതം. കൈയിൽ കിട്ടിയ പണമത്രയും സഭയുടെ സുവിശേഷ ശുശ്രൂഷയ്ക്കായി പ്രത്യേകിച്ച് പുസ്തക പ്രസാധനത്തിനുവേണ്ടി വ്യയം ചെയ്ത് നിസ്വനായി ഭൂമിവിട്ട് സ്വർഗം തേടി പോയ ആചാര്യൻ.

തൊഴിലാളികളുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ ദിനത്തിൽ ജനനം (1-5-1925) പരിശുദ്ധ ദൈവമാതാവിന്റെ അമലോത്ഭവ തിരുനാൾ ദിനത്തിൽ വൈദികാഭിഷകം (8-12-1953) വിശുദ്ധ യൗസേപ്പ് പിതാവിന്റെ മരണത്തിരുനാൾ ദിവസം ഭൗതികശരീരം കബറടക്കം (19-03-2002). ദൈവം കൂടെനടന്ന ആചാര്യൻ.



www.malankaralibrary.com



## ഫാ. എബ്രഹാം കളക്കുടി

അറുപത്തിമൂന്ന് വർഷങ്ങൾക്കു മുമ്പ് കൃത്യമായി പറഞ്ഞാൽ 1957 മേയ് മാസത്തിൽ റോമിൽ സഭാനിയമത്തിൽ ഡോക്ടറൽ തീസിസ് പൂർത്തിയാക്കിക്കൊണ്ടിരുന്ന ബഹു. എബ്രഹാം കളക്കുടി അച്ചന് തിരുവല്ലാ രൂപതയുടെ അധ്യക്ഷൻ അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ഒരു സന്ദേശം ലഭിച്ചു. "ഈ മാസാവസാനത്തിനു മുമ്പ് അച്ചൻ തിരുവല്ലായിൽ തിരികെ വരണം. ജൂൺ ഒന്നാം തീയതി മുതൽ മൈനർ സെമിനാരിയിൽ പഠിപ്പിക്കണം". കാനൻ ലോയിൽ ഉപരിപഠനത്തിന് ജോസഫ് മാർ സേവേറിയോസ് പിതാവാണ് 1953 സെപ്റ്റംബറിൽ കളക്കുടി അച്ചനെ റോമിലേക്ക് അയച്ചത്. പ്രശംസനീയമായ നിലയിൽ ലൈസൻഷിയേറ്റ് നേടിയതിനുശേഷം ഫാ. കൂസായുടെ (പിന്നീട് അദ്ദേഹം കർദ്ദിനാളായി) കീഴിൽ ഗ്രിഗോറിയൻ സർവകലാശാലയിൽ ഡോക്ടറേറ്റ് പഠനം പൂർത്തിയാക്കാൻ മൂന്നു മാസംകൂടി സമയം വേണ്ടിവരുന്ന സന്ദർഭത്തിലാണ് കളക്കുടി അച്ചന് ഈ സന്ദേശം ലഭിക്കുന്നത്. പ്രബന്ധം പൂർത്തിയാക്കി സർവകലാശാലയിൽ സമർപ്പിച്ചിട്ട് മടങ്ങിവരാൻ മൂന്നു മാസത്തെ കാലാവധി അച്ചൻ മെത്രാപ്പോലീത്തയോടു ചോദിച്ചു. മെത്രാപ്പോലീത്തായുടെ മറുപടി: "പഠിക്കാനുള്ളതെല്ലാം അച്ചൻ പഠിച്ചുകഴിഞ്ഞു, ഇനി എന്തിനാണ് ഡോക്ടറേറ്റ്. പറഞ്ഞ സമയത്തിനുള്ളിൽ മടങ്ങി വരിക". ഡോക്ടറേറ്റ് പ്രബന്ധം പൂർത്തിയാക്കി സർവകലാശാലയ്ക്കു സമർപ്പിക്കാതെ രൂപതാധ്യക്ഷന്റെ കല്പന അനുസരിച്ച് 1957 മേയ് മാസം അവസാനിക്കുന്നതിനു മുമ്പ് അദ്ദേഹം തിരുവല്ലായിൽ തിരികെ എത്തി.



www.malankaralibrary.com

വീണ്ടും ഒരു മേയ് മാസത്തിൽ തന്നെ ഇതാ വേറൊരു സന്ദേശം! "മേയ് മാസം അവസാനിക്കുന്നതിനു മുമ്പേ മടങ്ങി എത്തണം".... സന്ദേശം സ്വർഗപിതാവിൽ നിന്നാണ്. മടങ്ങി എത്തേണ്ടത് സ്വർഗപി താവിന്റെ സന്നിധിയിലും. റോമിലെ പഠനത്തിനുശേഷം മടങ്ങിവരാൻ മാർ അത്തനാസിയോസ് പിതാവിനോട് മൂന്നു മാസത്തെ സാവകാശം ചോദിച്ച കളക്കുടി അച്ചൻ ഇപ്രാവശ്യം സ്വർഗപിതാവിനോട് യാതൊരു സാവകാശവും ചോദിച്ചില്ല. 1957 മേയിൽ മൂന്നു മാസത്തെ സാവകാശം മാർ അത്തനാസിയോസ് പിതാവിനോടു ചോദിച്ചിട്ടും അനുവാദം ലഭി ച്ചില്ല, എന്നാൽ ചോദിക്കാതെ തന്നെ ആഗ്രഹിച്ചതിലധികം കാലം വൈദിക ശുശ്രൂഷ നടത്താനും ജീവിക്കാനും പിതാവായ ദൈവം അനു വദിച്ചു. 1928 ഫെബ്രുവരി 21-ന് ജനിച്ച കളക്കുടി അച്ചൻ 2012 ഫെബ്രു വരി 21-ന് 84 വയസ് പൂർത്തിയാക്കി ആയിരം പൂർണചന്ദ്രൻമാരെ കണ്ട് ഭാരതീയ ചിന്താശൈലിയിൽ ഒരു പുരുഷായുസ് പൂർത്തിയാക്കി മൂന്നു മാസം കൂടി ജീവിക്കാൻ സ്വർഗപിതാവ് അനുവദിച്ചു.

അറുപതാമത്തെ വയസിൽ അച്ചൻ മരിക്കുമെന്നൊരു ചിന്ത അച്ചന്റെ മനസിൽ ഉണ്ടായിരുന്നു. 1988 സെപ്റ്റംബർ മാസത്തിൽ അച്ചന് തിരുവ നന്തപുരം ശ്രീചിത്തിര തിരുനാൾ ആശുപത്രിയിൽ ഒരു ബൈപാസ് ഓപ്പ റേഷൻ വേണ്ടിവന്നു. അന്ന് അദ്ദേഹത്തിന് 60 വയസായിരുന്നു. ആ സമ യത്ത് ഓപ്പറേഷനോടുകൂടി അദ്ദേഹം മരിക്കും എന്ന ചിന്ത ഉണ്ടാ കാനുള്ള കാരണം രസകരമാണ്. അച്ചൻ വൈദികനായി കാൻഡിയിൽ നിന്നും നാട്ടിൽ എത്തിക്കഴിഞ്ഞിട്ട്, അന്നുവരെ പറഞ്ഞിട്ടില്ലാത്ത ഒരു കാര്യം അച്ചന്റെ അമ്മ അച്ചനോടു വെളിപ്പെടുത്തി. അച്ചൻ ജനിച്ച് ഏഴാം ദിവസം സമീപവാസിയായ ഒരു 'കണിയാൻ' അച്ചന്റെ ജാതകം എഴുതി നൽകിയിരുന്നു. അതിൽ കുട്ടി ബ്രഹ്മചാരിയായിരിക്കും, വൈദികനാകും, വിദേശപഠനം നടത്തും എന്നൊക്കെ എഴുതിയിരുന്നു. അറുപതാം വയ സിൽ ജാതകം അവസാനിപ്പിച്ചിരിക്കുകയാണ്. ജാതകം കുറിക്കുന്നവർ മരണം എഴുതുകയില്ല. അവിടെ അവസാനിപ്പിക്കുകയാണ് ശൈലി. അച്ചൻ ബൈപാസ് ഓപ്പറേഷന് പോയത് അറുപതാം വയസിലാണ്. ജാതകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന മറ്റു കാര്യങ്ങൾ ശരിയായി കണ്ട തുകൊണ്ട് ഇതും സംഭവിക്കുമായിരിക്കും എന്ന് അദ്ദേഹം കരുതിയത് ഇതുകൊണ്ടാണ്. അതുകൊണ്ട് ദൈവത്തോട് കൂടുതൽ സമയമൊന്നും ചോദിച്ചില്ല. മരണത്തിനായി നന്നായി ഒരുങ്ങി കാത്തിരുന്നു. കാലാവധി കൂട്ടി ചോദിക്കാതിരുന്നിട്ടും സ്വർഗപിതാവ് 24 വർഷങ്ങൾ കൂടി നീട്ടി ക്കൊടുത്തു. 84 വർഷത്തെ സന്തുഷ്ട ഈലോകജീവിതം 60 വർഷത്തെ



www.malankaralibrary.com

വൈദിക ജീവിതവും ശുശ്രൂഷയും. മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവായുടെ വാക്കുകൾ കടമെടുത്താൽ 'കത്തോലിക്കാ പൗരോഹിത്യത്തിന്റെ തനിമയും സ്വത്വവും അതിന്റെ പരിശുദ്ധിയിലും ഔന്നത്യത്തിലും പതിറ്റാണ്ട് ഉയർത്തിപ്പിടിച്ച ഉത്തമ പുരോഹിതൻ" (കളക്കുടിയച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിൽവച്ചുള്ള അവസാന ക്രമത്തിനു നേതൃത്വം നൽകിക്കൊണ്ട് നടത്തിയ അനുസ്മരണ പ്രസംഗത്തിൽ നിന്ന്).

ജനനം: 1928 ഫെബ്രുവരി 21. പിതാവ്: കളക്കുടി ഉമ്മൻ മത്തായി (കെ.ഒ. ഉമ്മൻ). മാതാവ്: മാരൂർ തോട്ടത്തിൽ മേടയിൽ ഏലിയാമ്മ. വിദ്യാഭ്യാസം: 1,2 ക്ലാസ് ഭവനത്തിൽ വച്ച് പഠിച്ചു. 3,4 ക്ലാസ് പഠനം സെന്റ് ബഹനാൻസ് പള്ളിവക പ്രൈമറി സ്കൂൾ. മിഡിൽ സ്കൂൾ പഠനം വാലാങ്കര മിഡിൽ സ്കൂളിൽ (ഇപ്പോഴത്തെ സെന്റ് ബഹനാൻസ് ഹയർ സെക്കൻഡറി സ്കൂൾ, വെണ്ണിക്കുളം). ഹൈസ്കൂൾ പഠനം: പോപ്പ് പയസ് X ഹൈസ്കൂൾ കറ്റാനം. 1943-ൽ ഇ.എസ്.എൽ.സി പാസായിൽ. പുനരൈക്യം: 1931 മാതാപിതാക്കളോടൊപ്പം. മൈനർ സെമിനാരി പഠനം 1943 ജൂൺ മുതൽ 1945 ജനുവരി വരെ ചെറുപുഷ്പഗിരി ഐ.എം.എം സെമിനാരിയിൽ. തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനം 1945 ജനുവരി മുതൽ 1952 ഡിസംബർ വരെ കാൻഡി പേപ്പൽ സെമിനാരിയിൽ. വൈദികാഭിഷേകം 1952 ഓഗസ്റ്റ് 24-ന് കാൻഡി സെമിനാരിയിൽ. നവപൂജാർപ്പണം: 1952 ഓഗസ്റ്റ് 25-ന് കാൻഡി സെമിനാരിയിൽ. നാട്ടിൽ തിരികെ എത്തിയത് 1952 ഡിസംബർ നാലാം തീയതി. ഇടവകയിൽ പ്രഥമ ദിവ്യബലിയർപ്പിച്ചത് 1952 ഡിസംബർ അഞ്ചിന് വെണ്ണിക്കുളത്ത്. പ്രഥമ പൂജാർപ്പണത്തെ തുടർന്ന്, വാർധക്യസഹജമായ രോഗത്തിലായിരുന്ന വല്ല്യമ്മച്ചിക്ക് (അമ്മയുടെ അമ്മ) വിശുദ്ധ കുർബാന നൽകി. കൊച്ചുമകൻ വൈദികനായി കാണാൻ പ്രാർത്ഥനയോടെ കാത്തിരുന്ന വല്ല്യമ്മച്ചി അന്നു വൈകുന്നേരം കർത്താവിൽ നിദ്രപ്രാപിച്ചു.

ശുശ്രൂഷാ മേഖലകൾ, ഇടവകകൾ: വെണ്ണിക്കുളം, തെള്ളിയൂർ (പോളച്ചിറയ്ക്കൽ ഫാ. ചെറിയാന്റെ അസിസ്റ്റന്റ്- പിന്നീട് സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത), കുരിശുമുട്ടം, തച്ചമം, തിരുവൻവണ്ടൂർ, പാണ്ടനാട്, നെടുമ്പ്രം, അമിച്ചകരി, പൂവത്തൂർ, ഇരവിപേരൂർ, കോയിപ്പുറം, കുമ്പളന്താനം, കത്തീഡ്രൽ, കുമ്പനാട്, കുമരകം.

മൈനർ സെമിനാരി അധ്യാപകൻ, വൈസ് റെക്ടർ, രൂപതാ ചാൻസലർ, സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ, രൂപതാ സെക്രട്ടറി, രൂപതാ കൗൺസിൽ അംഗം, 1975 മുതൽ 1983 വരെ കേരള കത്തോലിക്കാ



www.malankaralibrary.com

സഭാ കേന്ദ്രകാര്യാലയമായ പി.ഒ.സിയുടെ ഡയറക്ടർ, താലന്ത് മാസികയുടെ എഡിറ്റർ, കേരള കത്തോലിക്കാ മെത്രാൻ സമിതി സെക്രട്ടറി, ബൈബിൾ പരിഭാഷാ സമിതിയംഗം, 1983 മുതൽ 1986 വരെ ഭാരത കത്തോലിക്കാ മെത്രാൻ സംഘത്തിന്റെ ആസ്ഥാന കാര്യാലയമായ ഡൽഹി സി.ബി.സിഐ കേന്ദ്രത്തിൽ ഡെപ്യൂട്ടി സെക്രട്ടറിയായി സേവനം ചെയ്തു. 1996 മുതൽ 2003 വരെ കോട്ടയം സെന്റ് എഫ്രേം എക്യൂമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണ വിഭാഗത്തിന്റെ ചുമതലക്കാരനായി സേവനം ചെയ്തു. 2003 ഫെബ്രുവരി 21-ന് 75 വയസ് പൂർത്തിയാക്കിയ അന്ന് ഔദ്യോഗിക ശുശ്രൂഷയിൽ നിന്നും വിരമിച്ചു. തുടർന്ന് 2010 വരെ കോട്ടയം സീരിയിൽ താമസിച്ചുകൊണ്ട് സീരിയുടെ വിവിധ പ്രവർത്തനങ്ങളിൽ സഹായിച്ചിരുന്നു. 2010-ൽ പരിപൂർണമായി ശുശ്രൂഷകളിൽ നിന്നും വിരമിച്ച് പള്ളിമല വൈദിക മന്ദിരത്തിൽ വിശ്രമജീവിതത്തിലായിരുന്നു. 2012 മേയ് 24-ന് വ്യാഴാഴ്ച വൈകിട്ട് 5.30 മണിക്ക് തന്റെ പിതാവിന്റെ സൗഭാഗ്യത്തിലേക്ക് മടങ്ങി. മേയ് 28-ന് തിങ്കളാഴ്ച വെണ്ണിക്കുളം സെന്റ് തോമസ് പള്ളി സെമിത്തേരിയിൽ കബറടക്കം നടത്തി.

**വിജ്ഞാനത്തിന്റെ ഉപാസകൻ**

അധ്യയനവും അധ്യാപനവും അദ്ദേഹത്തിന് ശ്വാസോച്ഛ്വാസം പോലെ അനർഗളമായിരുന്നു. പഠനത്തിൽ എന്നും മുൻപന്തിയിൽ. ഒന്നും രണ്ടും ക്ലാസ് വീട്ടിലിരുന്നുതന്നെ നടത്തി. അതിന്റെ പശ്ചാത്തലം രസാവഹമാണ്. ബഥനി സന്യാസ സമൂഹത്തിലെ മേലേൽ ബഹു. ആൻഡ്രൂസ് OIC അച്ചന്റെ പിതാവ് മേലേൽ മാത്യൂസ് സാർ സ്കൂൾ അധ്യാപകനായിരുന്നു. അയിരൂർ സ്വദേശിയായ അദ്ദേഹത്തിന് വെണ്ണിക്കുളം സ്കൂളിലേക്ക് സ്ഥലം മാറ്റം ലഭിച്ചു. യാത്രാ സൗകര്യം വളരെ വിരളമായിരുന്ന ആ കാലത്ത് അയിരൂരിൽ നിന്നും ദിവസവും വെണ്ണിക്കുളത്ത് വന്ന് പഠിപ്പിച്ചിട്ട് മടങ്ങിപ്പോവുക അസാധ്യമായിരുന്നു. വെണ്ണിക്കുളത്ത് താമസിക്കുവാൻ അദ്ദേഹത്തിന് കളക്കുടി ഭവനമാണ് സൗകര്യം നല്കിയത്. 1930-ലെ പുനരൈക്യ സംഭവത്തിനു മുമ്പുതന്നെ ചങ്ങനാശേരി അതിരൂപതയിലെ മിഷൻ ഡയറക്ടർ ബഹു. ഡൊമിനിക് തോട്ടാശ്ശേരിൽ അച്ചന്റെ പ്രേഷിത പ്രവർത്തന ഫലമായി കത്തോലിക്കാ സഭാംഗമായ വ്യക്തിയായിരുന്നു മേലേൽ മാത്യു സാർ. പുനരൈക്യത്തിന്റെ ആദ്യനാളുകളിൽതന്നെ പുനരൈക്യപ്പെട്ട കളക്കുടി ഭവനത്തെ സംബന്ധിച്ച് കത്തോലിക്കാ വിശ്വാസം സ്വീകരിച്ച മാത്യു സാറിന് താമസസൗകര്യം



www.malankaralibrary.com

നല്കുക വലിയ സന്തോഷമായിരുന്നു. താമസത്തിന് കളക്കുടി ഭവനം പ്രതിഫലമൊന്നും സ്വീകരിച്ചിരുന്നില്ല. മാത്യു സാറിന്റെ ഒരു പ്രതി ഫലമായി അദ്ദേഹം കളക്കുടി ഭവനത്തിലെ ബാലനെ സ്കൂളിൽ ചേരാൻ വേണ്ട പ്രായമാകുന്നതിനു മുമ്പു ഒന്നും രണ്ടും ക്ലാസുകളിലെ പാഠഭാഗ ങ്ങൾ വീട്ടിലിരുത്തി പഠിപ്പിച്ചു. കൂട്ടത്തിൽ ഭവനത്തിലുള്ളവരോട് കത്തോ ലിക്കാ സഭാ വിശ്വാസത്തെക്കുറിച്ച് ചർച്ചകൾ നടത്തുകയും ചെയ്തി രുന്നു. കളക്കുടി അച്ചനിൽ വൈജ്ഞാനിക മേഖലകളോടുള്ള ആഭിമു ഖ്യത്തിനും പരിശുദ്ധ കത്തോലിക്കാ സഭയുടെ വിശ്വാസങ്ങളോടും സഭാ സംവിധാനങ്ങളഓടുമുള്ള അടുപ്പത്തിനും അടിത്തറ പാകിയത് മേലേൽ മാത്യുസാർ ആണെന്നതാണ് യാഥാർഥ്യം.

അറിവിനോടുള്ള ആത്മബന്ധവും ഭാഷാപഠത്തോട് പ്രത്യേകിച്ച് ഇംഗ്ലീഷ് ഭാഷയോട് വലിയ താല്പര്യവും ഉടലെടുത്തത് കറ്റാനം പോപ്പ് പയസ് ടെൻത് ഹൈസ്കൂൾ പഠനകാലത്താണ്. ചങ്ങനാശേരി അതിരൂ പതയിൽ നിന്ന് തിരുവനന്തപുരം അതിരൂപതയിൽ പ്രേഷിത പ്രവർത്ത നത്തിനെത്തിയ ബഹു. ആന്റണി കായിത്തറ അച്ചനാണ് അവിടെ കള ക്കുടി അച്ചനെ ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത്. ഭാഷാപഠനത്തോടു താല്പ ര്യവും പ്രത്യേകിച്ച് ഇംഗ്ലീഷ് ഭാഷയോടു വലിയ ആഭിമുഖ്യവും കളക്കു ടിയച്ചന് നൽകിയത് ബഹു. കായിത്തറ അച്ചനാണ്. ഭാഷാപഠനത്തിനു പുറമെ വൈദിക ജീവിതത്തോടുള്ള ആഭിമുഖ്യവും കായിത്തറ അച്ച നിൽ നിന്നാണ് കളക്കുടി അച്ചനു ലഭിച്ചത്. മൈനർ സെമിനാരിയിലെ ലത്തീൻ, സുറിയാനി ഭാഷകളുടെ പഠനം അദ്ദേഹത്തിന്റെ ബൗദ്ധിക മേഖ ലയെ കൂടുതൽ വികസിപ്പിച്ചു. ലത്തീൻ ഭാഷയിലുള്ള അദ്ദേഹത്തിന്റെ പാണ്ഡിത്യം ഇന്ന് കേരളത്തിൽ ജീവിച്ചിരിക്കുന്ന ആർക്കും അവകാശ പ്പെടാൻ സാധിക്കാത്തത്ര ആഴത്തിലുള്ളതായിരുന്നു. കാൻഡി പേപ്പൽ സെമിനാരിയിലെ തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങളും ഈശോ സഭാ വൈദികരുടെ പരിശീലനവും അദ്ദേഹത്തിന്റെ ബൗദ്ധിക മേഖലയെ കൂടുതൽ വികസിപ്പിച്ചു. കളക്കുടി അച്ചന്റെ വിജ്ഞാനദാഹം തിരിച്ച റിഞ്ഞ പേപ്പൽ സെമിനാരിയിലെ അന്നത്തെ റെക്ടർ ഫാ. ആൻകർട്ട് (പിന്നീട് സിലോണിലെ ട്രിങ്കോമാലി രൂപതയുടെ ബിഷപ്) അദ്ദേഹത്തെ സ്വിറ്റ്സർലൻഡിലെ ബേൺ സർവകലാശാലയിൽ അയച്ച് ബൈബിൾ വിജ്ഞാനീയത്തിൽ ഉപരിപഠനം നടത്തിച്ച് കാൻഡി സെമിനാരിയിൽ അധ്യാപകനായി ലഭിക്കാൻ താല്പര്യം പ്രകടിപ്പിച്ചിരുന്നു. അതിനായി അദ്ദേഹത്തെ സെമിനാരി ചെലവിൽ ബേൺ സർവകലാശാലയിലേ ക്കയക്കാൻ മാർ സേവേറിയോസ് പിതാവിനോട് അനുവാദം ചോദിക്കു കയും ചെയ്തിരുന്നു.



www.malankaralibrary.com

റോമിലെ ഗ്രിഗോറിയൻ സർവകലാശാലയിൽ കാനൻ ലോയിൽ ഉപരിപഠനം നടത്തുമ്പോൾ എല്ലാ പരീക്ഷകൾക്കും അദ്ദേഹം ഉന്നത ഗ്രേഡ് കരസ്ഥമാക്കിയിരുന്നു. ഡോക്ടറൽ പ്രബന്ധരചനയിൽ അദ്ദേഹത്തിന്റെ ഡയറക്ടർ ആയിരുന്ന കാർഡിനൽ കൂസാ തന്നെ ഇക്കാര്യം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

പഠനത്തിൽ മാത്രമല്ല, അധ്യാപനത്തിലും അദ്ദേഹം അതിനിപുണനായിരുന്നു. തിരുവല്ലാ, മൂവാറ്റുപുഴ മൈനർ സെമിനാരികൾ, പി.ഒ.സി, വിവിധ സന്യാസ സമൂഹങ്ങളിലെ പരിശീലന വേദികൾ ഇവിടെയെല്ലാം ഇംഗ്ലീഷ്, ലത്തീൻ, സുറിയാനി ഭാഷകളും ബൈബിൾ, സഭാനിയമം, ദൈവശാസ്ത്രം തുടങ്ങിയ വിഷയങ്ങളും അദ്ദേഹം ദീർഘകാലം പഠിപ്പിച്ചിരുന്നു. പി.ഒ.സി, കോട്ടയം സീരി എന്നിവിടങ്ങളിൽ പ്രസിദ്ധീകരണങ്ങളുടെ ചുമതല വഹിക്കുമ്പോൾ അദ്ദേഹത്തിന്റെ ബൗദ്ധിക ഔന്നത്യം പ്രത്യേകം ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. സീരിയിൽ നടക്കുന്ന ലോക സുറിയാനി സമ്മേളനങ്ങളിൽ കളക്കുടിയച്ചന്റെ ഭാഷാ പരിജ്ഞാനം വിദേശ പ്രതിനിധികൾക്ക് ഏറെ സഹാകമായിട്ടുണ്ട്.

**ഭരണ നിപുണൻ**

കളക്കുടിയച്ചന്റെ കബറടക്ക ശുശ്രൂഷാ മധ്യേ ദേവാലയത്തിൽവച്ച് അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് പിതാവ് നടത്തിയ അനുസ്മരണ പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു. "റോമിലെ ഡോക്ടറേറ്റ് പഠനത്തിനുശേഷം ബഹു. കളക്കുടിയച്ചൻ റോമൻ കൂരിയായിൽ ഒരു ജോലിയിൽ പ്രവേശിച്ചിരുന്നെങ്കിൽ അദ്ദേഹം ആഗോള സഭയിലെ അത്യുന്നതനായ ഒരു കർദ്ദിനാളായി തീർന്നേനെ...!!" അദ്ദേഹത്തെ അടുത്തറിയുന്ന ആരും സമ്മതിക്കുന്ന ഒരു നിരീക്ഷണമാണിത്. രൂപതാ ചാൻസലർ, രൂപതാ സെക്രട്ടറി, രൂപതാ സാമൂഹ്യക്ഷേമവകുപ്പ് ഡയറക്ടർ, സെമിനാരി റെക്ടർ, പി.ഒ.സി ഡയറക്ടർ, കെ.സി.ബി.സി സെക്രട്ടറി, സി.ബി.സി.ഐ ഡപ്യൂട്ടി സെക്രട്ടറി, സീരിയിലെ കത്തിടപാടുകളുടെ ചുമതലക്കാരൻ തുടങ്ങിയ നിലകളിൽ അദ്ദേഹം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ കാര്യക്ഷമതയ്ക്ക് തെളിവാണ്. സഖറിയാസ് മാർ അത്തനാസിയോസ്, ഐസക് മാർ യൂഹാനോൻ, ഗീവർഗീസ് മാർ തീമോത്തിയാസ് എന്നീ മെത്രാപ്പോലീത്താമാരോടൊപ്പം രൂപതാ ഭരണത്തിൽ അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകൾ നിസ്തുലങ്ങളാണ്. മുഖപക്ഷമില്ലാത്ത അദ്ദേഹത്തിന്റെ അഭിപ്രായങ്ങളും ഭരണശൈലിയും എടുത്തു പറയത്തക്കതാണ്. പി.ഒ.സിയുടെ മുൻഡയറക്ടർ ബഹു.



www.malankaralibrary.com

സ്റ്റീഫൻ ആലത്തറ അച്ചൻ നടത്തിയ അനുസ്മരണ പ്രസംഗത്തിലെ വാക്കുകൾ കളക്കുടി അച്ചന്റെ സ്വഭാവ വൈശിഷ്ട്യത്തെ വെളിവാക്കുന്നവയാണ്. "കേരളത്തിലെ മൂന്നു വ്യക്തിഗത സഭകളുടെ സംയുക്ത ശുശ്രൂഷാ ഭരണ കേന്ദ്രമായ പി.ഒ.സിയുടെ ചുമതല എല്ലാവർക്കും സ്വീകാര്യമായ വിധത്തിൽ നിറവേറ്റുവാൻ അദ്ദേഹം പ്രകടിപ്പിച്ച വൈഭവം അനന്യമായിരുന്നു". അതെ അനന്യമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ബഹു. കളക്കുടിയച്ചൻ.

**പുനരൈക്യത്തിന്റെ പ്രിയ പുത്രൻ**

മാർ ഈവാനിയോസ് പിതാവിലൂടെ നിറവേറിയ മലങ്കര പുനരൈക്യ പ്രസ്ഥാനത്തെ സംബന്ധിച്ച് വെണ്ണിക്കുളം പ്രദേശം ഏറെ പ്രധാനപ്പെട്ടതാണ്. പരിശുദ്ധ കത്തോലിക്കാ സഭാ കൂട്ടായ്മയിലേക്ക് കടന്നു വരുവാനായി പെരുനാട്ടിലെ മുണ്ടൻമല വിട്ട് ഇറങ്ങിത്തിരിച്ച മാർ ഈവാനിയോസ് പിതാവിനും അനുയായികളായിരുന്ന ബഥനി മക്കൾക്കും അഭയമരുളിയത് വെണ്ണിക്കുളം പ്രദേശമാണ്. കളക്കുടി കുടുംബത്തിനും വെണ്ണിക്കുളം 19-ാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് അഭയമായിരുന്നു.

'കേളപ്പറമ്പിൽ' കുടുംബത്തിന്റെ ഒരു ശാഖയായ 'കളക്കുടി' കുടുംബത്തിലെ ഒരു പിതാവ് നിരണത്തുനിന്ന് വെണ്ണിക്കുളത്തിനടുത്ത് പുല്ലാട്ട് വന്നു താമസിച്ചു. അത് കളക്കുടി അച്ചന്റെ പിതാമഹനായിരുന്നു. അവിടെനിന്ന് കളക്കുടിയച്ചന്റെ പിതാവാണ് വെണ്ണിക്കുളത്ത് (ഇപ്പോൾ പി.ഡബ്ല്യു.ഡി ഓഫീസിന്റെ എതിർവശത്ത് വെണ്ണിക്കുളം കവലയ്ക്കും ബഥനി മഠത്തിനും മധ്യേയുള്ള) 'തെക്കേപുരയിടം' വാങ്ങി താമസമായത്. വെണ്ണിക്കുളത്ത് പുനരൈക്യ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ പള്ളിയായി ഉപയോഗിക്കാനുള്ള ഷെഡ് ഈ പുരയിടത്തിലാണ് നിർമിച്ചത്. ബഹു. വൈദികരും ഈ പുരയിടത്തിലുള്ള കളക്കുടി ഭവനത്തിലാണ് താമസിച്ചത്. പള്ളി ആവശ്യത്തിനായി സ്വന്തം വീടും പുരയിടവും നല്കിയിട്ട് കളക്കുടി കുടുംബം ഇപ്പോൾ കളക്കുടി തമ്പാൻ താമസിക്കുന്ന 'നീറുമാങ്കൽ' പുരയിടത്തിലേക്ക് താമസം മാറ്റി. വെണ്ണിക്കുളം സെന്റ് തോമസ് പള്ളി ഇപ്പോൾ ഇരിക്കുന്ന സ്ഥലം വാങ്ങി പള്ളി പണിത് കൂദാശ നടത്തുന്നതുവരെ കളക്കുടി കുടുംബവകയായ തെക്കേപ്പുരയിടത്തിലായിരുന്നു വിശുദ്ധ കുർബാന അർപ്പിച്ചിരുന്നതും ബഹു. വൈദികർ താമസിച്ചിരുന്നതും. (പിന്നീട് കളക്കുടി കുടുംബം ഈ സ്ഥലം വിറ്റു).

ബഥനി മക്കളുടെ വെണ്ണിക്കുളത്തുള്ള താമസവും കളക്കുടി അച്ചന്റെ വല്ല്യമ്മയും (അമ്മയുടെ അമ്മ) മാർ ഈവാനിയോസ് പിതാവിന്റെ സഹോ



www.malankaralibrary.com

ദരിയുടെ മകന്റെ ഭാര്യയും സഹോദരിമാരായിരുന്നു. ഈ ബന്ധവും, കത്തോലിക്കാ സഭാംഗമായ മേലേൽ മാത്യു സാർ കളക്കുടി ഭവനത്തിൽ താമസത്തിനെത്തിയതുമെല്ലാം കളക്കുടി കുടുംബത്തെ പുനരൈക്യത്തിന്റെ ധീരപ്രേഷിതരാക്കി. ബാല്യം മുതലേ കളക്കുടിയച്ചൻ കത്തോലിക്കാ സഭയെക്കുറിച്ചും മലങ്കര പുനരൈക്യത്തെക്കുറിച്ചുമുള്ള താല്പര്യത്തിലാണ് വളർന്നുവന്നത്. കറ്റാനം സ്കൂൾ പഠനകാലത്ത് ബഹു. ആന്റണി കായിത്തറ അച്ചന്റെ ശിക്ഷണം മലങ്കര കത്തോലിക്കാ സഭയോടു കൂടുതൽ താല്പര്യം വളരാൻ സഹായിച്ചു. കാൻഡി പേപ്പൽ സെമിനാരി റെക്ടർ ആൻകർട്ട് അച്ചൻ കളക്കുടി അച്ചനെ ബേൺ സർവകലാശാലയിൽ വിട്ട് ബൈബിൾ വിജ്ഞാനീയത്തിൽ ഉപരിപഠനം നടത്തിച്ച് സെമിനാരിയിൽ അധ്യാപകനായി ഉൾപ്പെടുത്താൻ ആഗ്രഹിച്ചാണ് അച്ചനെ ഉപരിപഠനത്തിനയക്കാൻ മാർ സേവേറിയോസ് പിതാവിനോട് അനുവാദം ചോദിച്ചത്. തിരുമേനി അനുവാദം നിഷേധിച്ചപ്പോൾ കളക്കുടി അച്ചനു യാതൊരു വിഷമവും തോന്നിയില്ല. കാരണം തിരുമേനി അനുവാദം നൽകിയിരുന്നെങ്കിൽ അച്ചന്റെ സേവനം സെമിനാരിയിലേക്ക് നൽകേണ്ടി വന്നേനെ, മലങ്കര പുനരൈക്യത്തിന് ലഭിക്കാതെ പോയേനെ. മലങ്കര സഭയിൽ ശുശ്രൂഷിക്കുകയായിരുന്നു അച്ചന് എന്നും താല്പര്യം. റോമിൽ ഡോക്ടറേറ്റ് പഠനം പൂർത്തിയാക്കാൻ കേവലം മൂന്നു മാസം മാത്രം ബാക്കിയുള്ളപ്പോൾ നാട്ടിലേക്കു മടങ്ങിവരാൻ രൂപതാധ്യക്ഷൻ അറിയിച്ചപ്പോൾ പരാതിയില്ലാതെ മടങ്ങി എത്തിയതും തന്റെ ശുശ്രൂഷ മലങ്കര സഭയിൽ അനിവാര്യമാണ് എന്ന ചിന്തയായിരുന്നു. പി.ഒ.സിയിൽ ചുമതലക്കാരനായിരുന്നപ്പോഴും ഡൽഹിയിൽ സി.ബി.സി.ഐ സെന്ററിന്റെ ചുമതലക്കാരനായിരുന്നപ്പോഴും ഏല്പിക്കപ്പെട്ടിരിക്കുന്ന ഔദ്യോഗിക ചുമതലകൾ നിറവേറ്റുന്നതിനോടൊപ്പം മലങ്കര സഭയുടെ ഇടവകകളിൽ ശുശ്രൂഷകൾ നടത്തുന്നതിൽ അദ്ദേഹം അതീവതല്പരനായിരുന്നു. ഡൽഹിയിലും സമീപ സംസ്ഥാനങ്ങളിലുമായി ഇന്നു വളർന്നു പന്തലിച്ചിരിക്കുന്ന മലങ്കര കത്തോലിക്കാ സഭാപ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചതും മലങ്കര കുർബാന സെന്ററുകൾ ആരംഭിച്ച് കൂട്ടായ്മകൾ രൂപപ്പെടുത്തിയതും ബഹു. കളക്കുടി അച്ചൻ സി.ബി.സി.ഐ സെന്ററിൽ സേവനം ചെയ്തിരുന്ന സന്ദർഭത്തിൽ ആയിരുന്നു. തന്റെ അറിവും കഴിവും പ്രഥമമായി മലങ്കര സഭയ്ക്കുള്ളത് അതു വഴി സാർവത്രിക സഭയുടെ കെട്ടുപണിയ്ക്ക് എന്നതായിരുന്നു അദ്ദേഹത്തിന്റെ ദർശനം.

"ഉത്തമനായ പുരോഹിതാ... സമാധാനത്താലെ പോവുക..."



www.malankaralibrary.com



# പുത്തൻപറമ്പിൽ ബഹു. ആൻഡ്രൂസച്ചൻ

**കുടുംബപശ്ചാത്തലം**

പുത്തൻപറമ്പിൽ കുടുംബം പാലയൂരിൽ വച്ച് മാർതോമ്മാശ്ലീഹായിൽ നിന്നും മാമോദീസാ സ്വീകരിച്ച് ക്രൈസ്തവ ധർമ്മത്തിലേക്കു വന്ന ''പകലോമറ്റം'' തറവാടിന്റെ പിന്മുറക്കാരാണെന്നാണ് പരമ്പരാഗത വിശ്വാസം. പാലയൂരിൽനിന്നും കുറവിലങ്ങാടു വന്നുതാമസിച്ച ''പള്ളിവീട് '' ശാഖയിൽപെട്ട വർഗീസ് എന്ന പിതാവാണ് 16-ാം നൂറ്റാണ്ടിൽ പുതുപ്പള്ളിൽ 'വല്ലിട്ടി' പുരയിടത്തിൽ വന്നു താമസിച്ചതും അതുവഴി ''വല്ല്യവീട്ടിൽ'' എന്ന വീട്ടുപേര് സ്വീകരിച്ചതും. ഈ പിതാവിന്റെ ആറാം തലമുറക്കാർ മുതലാണ് പുത്തൻപറമ്പിൽ എന്ന വീട്ടുപേരിൽ അറിയപ്പെടുവാൻ തുടങ്ങിയത്.

പുത്തൻ പറമ്പിലായ വെണ്ണാശേരിയിൽ പടിഞ്ഞാറെ ചേരിക്കൽ ഉണ്ണിച്ചെറിയ വർക്കിയുടെയും മറിയാമ്മയുടെയും ദ്വിതീയ പുത്രനായി 1921 ജൂലൈ 30-ാം തീയതി പത്താമത്തെ തലമുറയിലാണ് ബഹു. ആൻഡ്രൂസ് പുത്തൻപറമ്പിലച്ചന്റെ ജനനം. പുതുപ്പള്ളി സെന്റ് ജോർജ്ജ് വലിയപള്ളിയിൽ ''അന്ത്രയോസ് '' എന്ന പേരിൽ മാമോദീസാ സ്വീകരിച്ചു. കുഞ്ഞൂഞ്ഞ് എന്ന ഓമനപ്പേരിലാണ് വീട്ടുകാരും നാട്ടുകാരും വിളിച്ചിരുന്നത്.

**ബാല്യവും വിദ്യാഭ്യാസവും**

കളരി ആശാന്റെ പക്കലായിരുന്നു അക്ഷരാഭ്യാസത്തിന്റെ ആരംഭം. പ്രാഥമിക വിദ്യാഭ്യാസം തലപ്പാടി പ്രൈമറി സ്കൂളിൽ. 1939 – ൽ പുതുപ്പള്ളി സെന്റ് ജോർജ് ഹൈസ്കൂളിൽ നിന്ന് ഇ. എസ്സ്. എൽ. സി



www.malankaralibrary.com

പാസ്സായി. പിന്നീട് ഒരു വർഷം ടൈപ്പ് റൈറ്റിംഗ് പരിശീലിച്ചു. തുടർന്ന് ഒരു വർഷം പാമ്പാടിയിൽ ഒരു സ്വകാര്യ മാനേജ്മെന്റ് സ്കൂളിൽ അദ്ധ്യാപകനായി ജോലിചെയ്തു. ഈ കാലയളവിൽ അധ്യാപനത്തോട് വലിയ ആഭിമുഖ്യം ജീവിതത്തിൽ അങ്കുരിച്ചു. രണ്ടാംലോകമഹായുദ്ധകാലമായിരുന്നതിനാൽ സൈനിക സേവനത്തിനു പോകാനും കൂട്ടുകാരുമൊത്ത് കുഞ്ഞൂഞ്ഞ് ഒരു ശ്രമം നടത്തി. എന്നാൽ വീട്ടുകാരുടെ എതിർപ്പ് പ്രസ്തുത ശ്രമത്തെ തളർത്തിക്കളഞ്ഞു. സമപ്രായക്കാരുമായി ചേർന്ന് നാട്ടിൽ പല സാമൂഹ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിൽ കുഞ്ഞൂഞ്ഞ് വ്യാപൃതനായിരുന്നു. യൗവ്വനാരംഭത്തിൽ തന്നെ വെള്ളുക്കുട്ട സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ സൺഡേസ്ക്കൂൾ ഹെഡ്മാസ്റ്ററായി പ്രവർത്തിച്ചിരുന്നു. കുട്ടികൾക്ക് സ്വന്തം പണം കൊണ്ട് ഒരു എൻഡോവ്മെന്റും ഏർപ്പെടുത്തിയിരുന്നു. ഇന്നും അതിന്റെ പലിശ കുട്ടികൾക്കു പഠനസഹായമായി വെള്ളുക്കുട്ട പള്ളിയിൽ നല്കുന്നുണ്ട്. ഈ കാലത്ത് നാട്ടിലെ വായനശാലയുടെ സെക്രട്ടറിയായും പ്രവർത്തിച്ചിരുന്നു.

**പുനരൈക്യം**

പിതൃസഹോദരൻ ഉണ്ണിച്ചെറിയ സ്കറിയായുടെ നേതൃത്വത്തിൽ അദ്ദേഹത്തിന്റെ സ്ഥലത്ത് കീച്ചാലിൽ ഒരു ഗ്രാമീണ വായനശാല പ്രവർത്തിച്ചിരുന്നു. വായനശാലയുടെ പ്രവർത്തനങ്ങളിൽ കുഞ്ഞൂഞ്ഞ് സഹകാരിയായിരുന്നു. 1939 ൽ വായനശാലയുടെ വാർഷികാഘോഷങ്ങളിലെ മുഖ്യാതിഥി വാളക്കുഴിയിൽ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായായിരുന്നു. അന്ന് അഭിവന്ദ്യ തിരുമേനിക്ക് ലഘുഭക്ഷണം ക്രമീകരിച്ചിരുന്നത് പുത്തൻപറമ്പിൽ ഭവനത്തിലായിരുന്നു. ഭവനത്തിലെത്തി ലഘുഭക്ഷണത്തിൽ പങ്കുചേർന്ന തിരുമേനി കത്തോലിക്കാ സഭയെക്കുറിച്ചും പുനരൈക്യത്തെക്കുറിച്ചും സംസാരിച്ചത് പുത്തൻ പറമ്പിൽ കുടുംബാംഗങ്ങളെ കത്തോലിക്കാ സഭയെക്കുറിച്ച് കൂടുതൽ പഠിക്കുവാൻ പ്രേരിപ്പിച്ചു. ഇതെത്തുടർന്ന് ആ വർഷം തന്നെ പുത്തൻപറമ്പിൽ കുടുംബം പുനരൈക്യപ്പെട്ട് കത്തോലിക്കാ സഭയിൽ ചേർന്നു. വായനശാലയുടെ സെക്രട്ടറിയായിരുന്ന കുഞ്ഞൂഞ്ഞും ഇതോടൊപ്പം പുനരൈക്യപ്പെട്ടു. കീച്ചാലിൽ പ്രവർത്തിച്ചിരുന്ന പ്രസ്തുത വായനശാല പിന്നീട് തിരുവല്ല രൂപതയുടെ കീഴിൽ ഒരു ചാപ്പലായും തുടർന്ന് 1940 ൽ ഇടവകപള്ളിയായും രൂപാന്തരപ്പെട്ടത് ചരിത്രത്തിന്റെ ഭാഗമാണ്. മോൺസിഞ്ഞോർ തോമസ് വടശ്ശേരിൽ അവിടെ എത്തി കത്തോലിക്കാ സഭാവിശ്വാസങ്ങ



www.malankaralibrary.com

ളെക്കുറിച്ച് ക്ലാസ്സുകൾ നയിച്ചിരുന്നു. യുവാവായിരുന്ന കുഞ്ഞൂഞ്ഞ് പ്രസ്തുത ക്ലാസ്സുകളിൽ സജീവമായി സംബന്ധിച്ചിരുന്നു.

**ദൈവവിളിയും വൈദികപഠനവും**

കീച്ചാൽ പ്രദേശത്ത് സ്ഥാപിതമായ മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ വികാരിയായി എത്തിയ ബഹു. അലക്സാണ്ടർ അറക്കപ്പടവിൽ അച്ചന്റെ ജീവിതശുദ്ധിയും നിഷ്ഠയും കുഞ്ഞൂഞ്ഞിനെ പള്ളിയുമായി കൂടുതൽ അടുത്ത് പ്രവർത്തിക്കുവാൻ പ്രേരിപ്പിച്ചു. ഈ ബന്ധം വൈദിക ജീവിതത്തെക്കുറിച്ച് ആഭിമുഖ്യമുളവാക്കുവാൻ സഹായിച്ചു. അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പ്രോത്സാഹനവും വൈദിക ജീവിതത്തെക്കുറിച്ച് താല്പര്യം വർദ്ധിക്കുവാൻ ഇടയാക്കി. അങ്ങനെ 1942 – ൽ കുഞ്ഞൂഞ്ഞ് (ആൻഡ്രൂസ്) വൈദിക പഠനത്തിനായി സെമിനാരിയിൽ ചേർന്നു. ബഹു. ജേക്കബ് ചുണ്ടേവാലേൽ അച്ചനായിരുന്നു അന്ന് കീച്ചാൽ ഇടവക വികാരി.

മൈനർ സെമിനാരിയിൽ ആൻഡ്രൂസിനെ സ്വീകരിച്ചത് ബഹു. തോമസ് വടശ്ശേരിൽ അച്ചനാണ്. 1944 ൽ തത്വശാസ്ത്രപഠനത്തിനും ദൈവശാസ്ത്രപഠനത്തിനുമായി മംഗലപ്പുഴ സെമിനാരിയിൽ ചേർന്നു. വിശുദ്ധരായ കർമ്മലീത്താ മിഷനറിമാരുടെ കീഴിലുള്ള പരിശീലനം ദർശനത്തിൽ ആഴപ്പെടുവാനും മിഷനറി തീക്ഷ്ണതയിൽ ശക്തിപ്പെടുവാനും ഇടയാക്കി.

**വൈദികാഭിഷേകവും ശുശ്രൂഷയും**

1951 മാർച്ച് 10-ാം തീയതി തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽവച്ച് അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് വൈദികാഭിഷേകം സ്വീകരിച്ചു. പിറ്റേദിവസം കീച്ചാൽ ലിറ്റിൽഫ്ളവർ ഇടവക ദൈവാലയത്തിൽ പ്രഥമ ദിവ്യബലിയർപ്പിച്ചു. വൈദികാഭിഷേകത്തിനുശേഷം അദ്ദേഹം ചങ്ങനാശ്ശേരി എസ്. ബി. കോളജിൽ ബിരുദപഠനത്തിനുചേർന്നു. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദം കരസ്ഥമാക്കിയതിനുശേഷം ചങ്ങനാശ്ശേരിയിൽ എൻ. എസ്. എസ്. ട്രയിനിംഗ് കോളജിൽ നിന്നും ബി. റ്റി. ബിരുദവും നേടി.

വൈദിക ശുശ്രൂഷയുടെ തുടക്കം കളത്തിപ്പടി ഇടവകയിൽ സഹായിയായിട്ടായിരുന്നു എസ്. ബി. കോളജിലെ പഠനത്തോടൊപ്പമാണ് ഇടവക ശുശ്രൂഷ നടത്തിയിരുന്നത്. തുടർന്ന് കോട്ടൂർ ലിറ്റിൽ ഫ്ളവർ പള്ളിയിൽ താമസിച്ചുകൊണ്ട് ശുശ്രൂഷചെയ്തു. അവിടെ താമസിച്ചുകൊ



www.malankaralibrary.com

ണ്ടാണ് ബി. റ്റി. പഠനം പൂർത്തിയാക്കിയത്.

വിദ്യാഭ്യാസത്തിലൂടെയാണ് വ്യക്തികളെയും സമൂഹത്തെയും വികസനത്തിലേക്കു നയിക്കുവാൻ സാധിക്കുക എന്ന് ഉറച്ചുവിശ്വസിച്ചിരുന്ന മാർ സേവേറിയോസ് മെത്രാപ്പോലീത്ത ബഹു. പുത്തൻപറമ്പിലച്ചനെ വെണ്ണിക്കുളത്ത് വെള്ളാറമേമല സ്കൂളിൽ ഹെഡ്മാസ്റ്ററായും വെണ്ണിക്കുളം സെന്റ് തോമസ് ഇടവകയിൽ വികാരിയായും നിയമിച്ചു. യുവവൈദികനായ പുത്തൻപറമ്പിലച്ചനിലെ വിദ്യാഭ്യാസ പ്രവർത്തനകനും പുനരൈക്യ മിഷനറിയും ഒരുപോലെ തിളങ്ങിനിന്നിരുന്നകാലമായിരുന്നു അത്. വെണ്ണിക്കുളത്ത് പള്ളിയിൽ താമസിച്ചുകൊണ്ട് വാലാങ്കര, വാളക്കുഴി, പുറമറ്റം, തുടങ്ങിയ സ്ഥലങ്ങളിലും പുനരൈക്യ സന്ദേശം എത്തിക്കുകയും പുതിയ ഇടവകകൾ ആരംഭിക്കുകയും ചെയ്തു. വായനശാല നവീകരിച്ച് കീച്ചാലിൽ പള്ളി തുടങ്ങിയ അനുഭവം മനസ്സിലുള്ള പുത്തൻപറമ്പിലച്ചൻ പുറമറ്റത്ത് കൊപ്രാത്തട്ടി നവീകരിച്ചാണ് പുതിയ മിഷൻ തുടങ്ങിയത്. ബഹു. ജേക്കബ് അയന്തിയിൽ, ബഹു. മാത്യു ചുണ്ടമണ്ണിൽ എന്നീ വൈദികർ സഹപട്ടക്കാരായി പ്രവർത്തനങ്ങൾ കൂടുതൽ എളുപ്പമുള്ളതാക്കി.

1964 – ൽ വെണ്ണിക്കുളം പള്ളിയുടെ വികാരിസ്ഥാലനത്തുനിന്നും മാറി ഇരവിപേരൂർ, പുറമറ്റം പള്ളികളുടെ ചുമതല ഏറ്റെടുത്തു. ഈ കാലത്ത് താമസം ബഹു. ഏബ്രഹാം കളക്കുടിയിൽ അച്ചനോടൊപ്പം കുമ്പനാട്ട് ഇടവകയിലെ വൈദിക മന്ദിരത്തിലായിരുന്നു. പിന്നീട് മാരാമൺ പള്ളിയിൽ വികാരിയായി ചുമതലയേറ്റു. ഈ സമയത്തെല്ലാം മേമല സ്കൂളിൽ പ്രധാനാദ്ധ്യാപകനായും ജോലി ചെയ്തിരുന്നു. മേമല സ്കൂളിൽ ബലവത്തായ കെട്ടിടം നിർമ്മിച്ചതും ഓഫീസ് സൗകര്യവും സ്റ്റാഫ് റൂമും പണിയിച്ചതും ഈ കാലഘട്ടത്തിലാണ്. വെണ്ണിക്കുളത്ത് ബഥനി മഠവും സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂളും ബഹു. പുത്തൻപമ്പിലച്ചന്റെ ശ്രമഫലമായി സ്ഥാപിക്കപ്പെട്ടതാണ്.

1967 – ൽ കൊല്ലം ജില്ലയിൽ കുണ്ടറ എം. ജി. ഡി. ഹൈസ്കൂളിലേക്ക് സ്ഥലം മാറി ഹൈസ്കൂൾ അദ്ധ്യാപകനായി സേവനം തുടർന്നു. പത്താം ക്ലാസ്സിന്റെ ചുമതലയായിരുന്നു ബഹു. അച്ചന് നൽകിയിരുന്നത്. രാവിലെയും വൈകിട്ടും പ്രത്യേക ക്ലാസ്സുകൾ നല്കി എല്ലാ കുട്ടികളെയും വിജയിപ്പിക്കാൻ സാധിച്ചിരുന്നു. അന്നത്തെ വിദ്യാർത്ഥികളിൽ പലരും അച്ചൻ പള്ളിമല വൈദികമന്ദിരത്തിൽ വിശ്രമിച്ചിരുന്നകാലത്തും സന്ദർശിക്കാനെത്തിയിരുന്നു എന്നത് ഇതിന്റെ തെളിവാണ്. 1977 ൽ അദ്ധ്യാപക ജോലിയിൽ നിന്നും വിരമിച്ചു.



www.malankaralibrary.com

കുണ്ടറ സ്കൂളിൽ അദ്ധ്യാപകനായിരുന്ന കാലത്ത് തിരുവനന്തപുരം അതിരൂപതയിൽപെട്ട തൃപ്പിലഴികം ലിറ്റിൽ ഫ്ളവർ മഠത്തിന്റെ ചാപ്ലനായും സേവനം ചെയ്തിരുന്നു. മഠം വക സ്ഥലത്തുള്ള കെട്ടിടത്തിലാണ് താമസിച്ചിരുന്നതും. ഈ കാലഘട്ടത്തിൽ തിരുവനന്തപുരം അതിരൂപതയിലെ അമ്പലത്തുംകാലാ നീലേശ്വരം, ചെവ്വണ്ണൂർ തുടങ്ങിയ ഇടവകകളിലും വൈദിക ശുശ്രൂഷ നടത്തിയിരുന്നു. ഈ ഇടവകകളെക്കുറിച്ച് ഊഷ്മളമായ ഓർമ്മകളാണ് അച്ചനുണ്ടായിരുന്നത്.

1977 മുതൽ അച്ചൻ വെണ്ണിക്കുളം ഇടവകയിൽ രണ്ടാം പ്രാവശ്യം വികാരിയായി നിയമിതനായി. ഈ കാലത്താണ്. സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ വികസിപ്പിച്ചത്. 1980 - ൽ അയിരൂർ ഇടവകയിൽ വികാരിയായി. തുടർന്ന് ആലപ്പുഴ മാതാസ്കൂൾ മാനേജരായും  നിയമിതനായി. മാതാസ്കൂളിനുവേണ്ടി ഹൈവേക്ക് സമീപം തുമ്പോളിയിൽ സ്ഥലം വാങ്ങിയത് അച്ചന്റെ കാലത്താണ്. ആലപ്പുഴനിന്നും തിരുമൂലപുരം ഇടവകയിലേക്കും തുടർന്ന് അമയന്നൂർ ഇടവകയിലേക്കും സ്ഥലം മാറി. നാല് വർഷങ്ങൾക്കുശേഷം സ്വന്തംനാട്ടിൽ പുതുപ്പള്ളി സെന്റ് ജോർജ്ജ് ഇടവകയിൽ വികാരിയായും ഇംഗ്ലീഷ് മീഡിയം  സ്കൂളിൽ മാനേജരായും ചുമതലയേറ്റു. പ്രസ്തുത സ്കൂളാണ് പുതുപ്പള്ളിൽ പ്രവർത്തിക്കുന്ന ഡോൺ ബോസ്കോ ഹയർ സെക്കന്ററി സ്കൂൾ. കോട്ടയം ഗാന്ധിനഗർ ഗുഡ് സമരിറ്റൻ ഹോം, മാന്നാർ ഈസ്റ്റ്, നെടുമ്പ്രം എന്നീ ഇടവകകളിലും  അദ്ദേഹം ചുമതല വഹിച്ചിട്ടുണ്ട്. 1997 - ൽ ഔദ്യോഗിക ചുമതലകളിൽനിന്നും വിരമിച്ചു. പുഷ്പഗിരി വൈദികമന്ദിരത്തിലും തുടർന്ന് പള്ളിമല ശാലോം വൈദികമന്ദിരത്തിലുമായി വിശ്രമജീവിതം നയിച്ചുവരവേ 2011 സെപ്റ്റംബർ 18-ാം തീയതി തൊണ്ണൂറ്റിഒന്നാം വയസിൽ ദിവംഗതനായി, പിറ്റെ ദിവസം കീച്ചാൽ ഇടവകയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ കബറടക്കപ്പെട്ടു.

**വൈദികനും അദ്ധ്യാപകനും**

വൈദികശുശ്രൂഷയും അധ്യാപന ശുശ്രൂഷയും അദ്ദേഹം ഒരുപോലെ ആസ്വദിച്ചിരുന്നു. അനേകർക്ക് ആത്മിയതെളിച്ചവും അറിവിന്റെ വെളിച്ചവും നല്കാൻ സാധിച്ചതിന്റെ സംതൃപ്തി  ജീവിതത്തിലുടനീളം ഹൃദയത്തിൽ നിറഞ്ഞു നിന്നിരുന്നു. കുണ്ടറ സ്കൂളിൽ പത്താംക്ലാസിന്റെ ചുമതല വഹിച്ചിരുന്ന കാലത്ത് കഠിനാദ്ധ്വാനം ചെയ്ത് തന്റെ ക്ലാസ്സിലെ കുട്ടികളെ എല്ലാം വിജയിപ്പിക്കാൻ സാധിച്ചിരുന്നത് വലിയ സംതൃപ്തിദായകമായിരുന്നു എന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്താറുണ്ടായിരുന്നു.



www.malankaralibrary.com

കുണ്ടറ സ്കൂളിൽ അന്ന് ഹെഡ്മാസ്റ്റർ ഉൾപ്പെടെ അഞ്ച് വൈദികർ അദ്ധ്യാപകരായി ഉണ്ടായിരുന്നു. നാലുപേരും ഓർത്തഡോക്സ് സഭാംഗങ്ങൾ. പുത്തൻപറമ്പിലച്ചൻ മാത്രം കത്തോലിക്കാ സഭാംഗം. അദ്ധ്യാപകരുമായി അദ്ദേഹം വളരെ ഊഷ്മളബന്ധം പുലർത്തിയിരുന്നു. അദ്ധ്യാപകരുടെ വ്യക്തിപരമായ പ്രശ്നങ്ങളും വിദ്യാർത്ഥികളുടെ പ്രശ്നങ്ങളും പലപ്പോഴും പുത്തൻപറമ്പിൽ അച്ചന്റെ പക്കലെത്തിയാണ് പരിഹാരം കണ്ടിരുന്നത്. അന്നത്തെ സഹാദ്ധ്യാപകരിലും വിദ്യാർത്ഥികളിലും പലരും കുടുംബസമേതം പള്ളിമല വൈദികമന്ദിരത്തിൽ തന്നെ സന്ദർശിക്കാൻ എത്തുമായിരുന്നു എന്നവിവരം പങ്കുവച്ചപ്പോൾ അദ്ദേഹത്തിന്റെ മിഴികളിൽ ഒരു പ്രത്യേക തിളക്കം ദൃശ്യമായിരുന്നു.


ഇടവക ശുശ്രൂഷയിൽ ഏറ്റവും സംതൃപ്തിദായകമായ കാലം അമ്പലത്തുംകാലപള്ളിയിൽ ശുശ്രൂഷ ചെയ്ത കാലമാണെന്ന് അദ്ദേഹം പറയുമായിരുന്നു. അന്ന് 48 കുടുംബങ്ങൾ മാത്രമുണ്ടായിരുന്ന ഇടവക ഇന്ന് 160 -ൽ അധികം കുടുംബങ്ങൾ ഉൾക്കൊള്ളുന്ന ഇടവകയായി വളർന്നിരിക്കുന്നു. വൈദിക മന്ദിരത്തിൽ വിശ്രമിക്കുന്ന കാലയളവിൽ അമ്പലത്തുംകാല ഇടവകയിൽനിന്നും പലരും വന്ന് ക്ഷേമാന്വേഷണം നടത്താറുണ്ടായിരുന്നു. മറ്റ് ഇടവകകളിൽനിന്നും അമ്പലത്തുകാല ഇടവകയെ വ്യത്യസ്തമാക്കുന്ന ഒരു സദ്ഗുണമാണിത്.

**ഉപസംഹാരം**

ഒൻപത് പതിറ്റാണ്ടുനീണ്ട സംതൃപ്തജീവിതം, ആറ് പതിറ്റാണ്ടു നീണ്ട ഫലദായകമായ വൈദിക ശുശ്രൂഷ, ആകുലതകൾ അശേഷമില്ലാത്ത ജീവിതം, ആർഭാടമോ അധികാരത്തിന്റെ ധാർഷ്ഠ്യമോ അല്പം പോലുമില്ലാത്ത മനുഷ്യൻ, ആധുനികതയുടെ ഔദ്യോഗികതകൾ ലവലേശം ഏശാത്ത ഗ്രാമീണ ജീവിതശൈലിക്കുടമ, ഇരുചെവി അറിയാതെ അനേകരെ കൈപിടിച്ചുയർത്തിയ മനുഷ്യസ്നേഹി, പരാതികളോ പരിഭവമോ ഇല്ലാത്ത പച്ചയായ മനുഷ്യൻ, നയതന്ത്രത്തിന്റെ മേലാപ്പില്ലാതെ ഹൃദയം തുറന്നു പ്രതികരിക്കുന്ന പ്രകൃതക്കാരൻ, ഭക്ഷണത്തിലും വസ്ത്രത്തിലും എന്നല്ല ജീവിതത്തിലുടനീളം ലാളിത്യം പുലർത്തിയിരുന്ന പുരോഹിതൻ, ആത്മീക ജീവിതത്തിൽ വിട്ടുവീഴ്ചയില്ലാത്ത വൈദികൻ, സാധാരണക്കാരുടെ പക്ഷംചേർന്ന പക്ഷാവാദി, ഉച്ചനീചത്വങ്ങളില്ലാത്ത മനസ്സിന്റെ ഉടമ, ഇങ്ങനെ നീളുന്നു ഞാനറിയുന്ന പുത്തൻപറമ്പിലച്ചൻ.



www.malankaralibrary.com



# ഫാ. തോമസ് പടിഞ്ഞാറേക്കുറ്റ്

**ആമുഖം**

അഞ്ചരപ്പതിറ്റാണ്ടുകാലത്തെ ജീവിതം, ഇരുപത്തിയെട്ട് വർഷത്തെ വൈദിക ശുശ്രൂഷ, കടന്നുപോയ സ്ഥലങ്ങളിലെല്ലാം പാദമുദ്രകൾ പതിക്കുകയും കണ്ടുമുട്ടിയവരുടെ ഹൃദയങ്ങളിലെല്ലാം ഇടം കണ്ടെത്തുകയും ചെയ്തിരുന്ന വൈദികൻ. കൈവച്ച സംരംഭങ്ങളെയെല്ലാം വിജയത്തിലെത്തിച്ച സംഘാടകൻ. പ്രവർത്തിച്ച മേഖലകളിലെല്ലാം സകലരുടെയും സഹകരണം നേടിയെടുത്ത നേതാവ്, മത സമുദായ സഭാപരിഗണനകൾക്കതീതമായി വ്യക്തിബന്ധങ്ങൾ പുലർത്തിയിരുന്ന പട്ടക്കാരൻ, ലക്ഷ്യം നേടുന്നതുവരെ വിശ്രമമില്ലാതെ പരിശ്രമം തുടർന്നിരുന്ന അദ്ധ്വാനി. മലങ്കര സുറിയാനി കത്തോലിക്കാ സഭയെ നെഞ്ചിലേറ്റിയിരുന്ന സഭാസ്നേഹി, അധികാരികൾക്ക് ഏത് ഉത്തരവാദിത്വവും ഉറപ്പോടെ ഏല്പിക്കാമായിരുന്ന അജപാലകൻ, യുവജനങ്ങളുടെ ഉള്ളറിഞ്ഞു പ്രവർത്തിച്ചിരുന്ന ഇടയൻ, സ്വകാര്യതകളിൽപോലും സുതാര്യത ഉറപ്പാക്കിയിരുന്ന ഉത്തമ ഇടയൻ. ബഹു. തോമസ് പടിഞ്ഞാറേക്കുറ്റ് അച്ചന്റെ വിശേഷണങ്ങൾ ഇങ്ങനെ അനവധിയാണ്. ആ ജീവിതത്തെയും ശുശ്രൂഷയെയും അടുത്തറിയാനൊരു ശ്രമമാണ് തുടർ താളുകളിൽ ഇതൾ വിടരുന്നത്. വസ്തുതാപരമായ തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ തിരുത്തലിനു വിധേയമാണെന്ന ഉറപ്പോടെ മുന്നോട്ടു നീങ്ങാം.

**കുടുംബപശ്ചാത്തലം**

മാർത്തോമ്മാ ശ്ലീഹായിൽ നിന്ന് പാലയൂർവച്ച് വിശ്വാസം അറിഞ്ഞ്



www.malankaralibrary.com

ജ്ഞാനസ്നാനം സ്വീകരിച്ച പകലോമറ്റം തറവാട്ടിലെ ഒരു പൂർവപിതാവ് ഏതാണ്ട് മൂന്നു നൂറ്റാണ്ടുകൾക്കു മുമ്പ് കടുത്തുരുത്തി-കുറവിലങ്ങാട് പ്രദേശത്ത് വന്ന് താമസിച്ചതോടുകൂടി 'തുറയിൽ' കുടുംബം സ്ഥാപിത മായതായാണ് ചരിത്രം. അവിടെനിന്നും മെച്ചമായ ജീവിതസൗകര്യങ്ങൾ തേടി ഗീവർഗീസ് എന്നൊരു പിതാവ് വായ്പൂർ ഗ്രാമത്തിൽ അതേ വീട്ടു പേരിൽ വന്നു വസിച്ചു. അദ്ദേഹത്തിന്റെ ദ്വിതീയ പുത്രൻ ഗീവർഗീസ് മല്ലപ്പള്ളിയിൽ പഴയ സുറിയാനി പള്ളിക്കു സമീപം 'താഴ്ത്തേടം' എന്ന റിയപ്പെട്ടിരുന്ന വസ്തു സമ്പാദിച്ച് അവിടേക്ക് താമസം മാറ്റി. അദ്ദേഹ ത്തിന്റെ അഞ്ച് ആൺമക്കളിൽ നാലുപേരും കൂടുതൽ സൗകര്യാർഥം മണിമലയാറിന്റെ പടിഞ്ഞാറെകരയിൽ വസ്തുക്കൾ സമ്പാദിച്ച്; കിഴക്കേ കുറ്റ്, നടുക്കേക്കുറ്റ്, പടിഞ്ഞാറേക്കുറ്റ്, കിണറ്റുകര എന്നീ വീട്ടുപേരിൽ താമസിച്ചു. പടിഞ്ഞാറേക്കുറ്റ് കുടുംബനാഥൻ ഈശോ എന്ന പിതാവിന്റെ ഇളയമകൻ കുര്യനായിരുന്നു. കുടുംബത്തിൽ അവകാശിയായി താമസി ച്ചത്. അദ്ദേഹത്തിന് ആൺമക്കൾ ഇല്ലാതിരുന്നതിനാൽ മകൾ തങ്കമ്മ എന്നു വിളിപ്പേരുണ്ടായിരുന്ന സാറാമ്മയ്ക്കായിരുന്നു കുടുംബവീടിന്റെ അവകാശം ലഭിച്ചത്.

**സഭാപശ്ചാത്തലം**

യാക്കോബായ-ഓർത്തഡോക്സ് സഭാ ഭിന്നിപ്പിന്റെ ആരംഭകാലത്ത് യാക്കോബായ വിഭാഗത്തിന്റെ ശക്തനായ പ്രവർത്തകനായിരുന്ന കോട്ട യത്ത് 'പാറയ്ക്കൽ' ശ്രീ കുര്യന്റെ ഏകപുത്രൻ തോമസ് പടിഞ്ഞാറേ ക്കുറ്റ് തങ്കമ്മയെ വിവാഹം ചെയ്ത് പടിഞ്ഞാറെക്കുറ്റ് കുടുംബത്തിന്റെ പിന്തുടർച്ച അവകാശിയായി. ഇവരുടെ മക്കളിലൂടെ പടിഞ്ഞാറേക്കുറ്റ് കുടുംബം തുടരുന്നു. പാറയ്ക്കൽ തോമസ് അങ്ങനെ പടിഞ്ഞാറേക്കുറ്റ് തോമസ് ആയി. സഭാചരിത്രത്തിലും വേദപുസ്തകത്തിലും ആഴമായ അറിവിന്റെ ഉടമയായിരുന്നു അദ്ദേഹം. വേദപണ്ഡിതനായിരുന്ന മഹാ കവി കെ.വി. സൈമണുമായി വളരെ അടുത്ത ബന്ധവും സമ്പർക്കവും അദ്ദേഹത്തിനുണ്ടായിരുന്നു.

**കുടുംബത്തിന്റെ പുനരൈക്യ പശ്ചാത്തലം**

യാക്കോബായ സഭയിൽ പാത്രീയർക്കീസ് വിഭാഗത്തിന്റെ ശക്തനായ പ്രവർത്തകന്റെ മകനായിരുന്നെങ്കിലും വട്ടശേരിൽ തിരുമേനിയുടെ മുടക്കും തുടർന്നുണ്ടായ സഭാഭിന്നതയും സഭാസ്നേഹിയായ തോമ സിന്റെ ഹൃദയത്തെ ഏറെ വേദനിപ്പിച്ചിരുന്നു എന്നു മാത്രമല്ല വേദപു



www.malankaralibrary.com

സ്തകപഠനവും സഭാചരിത്രപഠനവും അദ്ദേഹത്തിന്റെ മനസിൽ ഗൗരവകരമായ ചില സംശയങ്ങളും ഉളവാക്കിയിരുന്നു. വേദപുസ്തകമനുസരിച്ച് അപ്പസ്തോല സംഘത്തിന്റെ തലവൻ പത്രോസ് ശ്ലീഹാ ആയിരിക്കണമെന്നത് യേശുനാഥന്റെ മാറ്റമില്ലാത്ത കല്പനയാണ്. നിഖ്യാവിശ്വാസപ്രമാണത്തിൽ സത്യസഭയുടെ ചതുർലക്ഷണങ്ങളായ; ഏകവും വിശുദ്ധവും സാർവത്രികവും ശ്ലൈഹികവും പൂർണമായി ഉൾച്ചേർന്നിരിക്കുന്നത് വിശുദ്ധ പത്രോസ് ശ്ലീഹായുടെ പിൻഗാമിയായ റീശ് പാത്രീയർക്കീസ് റോമിലെ പരിശുദ്ധ മാർപാപ്പാ നേതൃത്വം നൽകുന്ന സാർവത്രിക സഭയിലാണെന്നത് സഭാശാസ്ത്രപരമായി വ്യക്തമാണ്. യേശുനാഥൻ സ്ഥാപിച്ച അപ്പസ്തോല കൂട്ടായ്മയുടെ ഇടമുറിയാത്ത തുടർച്ച റോമാ മാർപാപ്പാ നേതൃത്വം നൽകുന്ന പരിശുദ്ധ കത്തോലിക്കാ സഭയാണെന്ന് ചരിത്രവും സാക്ഷിക്കുന്നു. ഈ തിരിച്ചറിവുകൾ പരിശുദ്ധ കത്തോലിക്കാ സഭയെക്കുറിച്ച് കൂടുതൽ പഠിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ചങ്ങനാശേരി രൂപതയിലെ വേദപ്രചാര ഡയറക്ടർ ആയിരുന്ന ബഹു. ഡൊമിനിക് തോട്ടാശേരിൽ അച്ചന്റെ നേതൃത്വത്തിൽ മല്ലപ്പള്ളി പ്രദേശത്ത് നടന്നിരുന്ന പുനരൈക്യ പ്രേഷിത പ്രവർത്തനങ്ങൾ പരിശുദ്ധ കത്തോലിക്കാ സഭയെക്കുറിച്ച് കൂടുതൽ പഠിക്കുവാൻ അദ്ദേഹത്തിന് അവസരവും നൽകി.

അന്ത്യോക്യൻ ആരാധനക്രമം അതിയായി ഇഷ്ടപ്പെട്ടിരുന്നെങ്കിലും സത്യസഭ പരിശുദ്ധ കത്തോലിക്കാ സഭയാണെന്നുള്ള തിരിച്ചറിവ് കാലവിളംബമെന്യേ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുവാൻ അദ്ദേഹത്തെ നിർബന്ധിച്ചു. അങ്ങനെ അദ്ദേഹം 1920കളുടെ ഉത്തരാർധത്തിൽ പുനരൈക്യപ്പെട്ട് മല്ലപ്പള്ളി (നെടുങ്ങാടപ്പള്ളി) സെന്റ് അത്തനേഷ്യസ് കത്തോലിക്ക ഇടവകയിൽ അംഗമായി. ബഹു. ഡൊമിനിക് തോട്ടാശേരിൽ അച്ചന്റെ വേദപ്രചാരക സംഘത്തിൽ പ്രവർത്തകനുമായി. സത്യസഭയിൽ എത്തിയതിന്റെ സന്തോഷം ഹൃദയത്തിൽ നിറഞ്ഞുനിന്നിരുന്നപ്പോഴും താൻ ഏറെ ഇഷ്ടപ്പെട്ടിരുന്ന അന്ത്യോക്യൻ ആരാധനക്രമം കൈവിട്ടുപോകുന്നതിന്റെ നഷ്ടം മനസിൽ തങ്ങിനിന്നിരുന്നു. അന്ത്യോക്യൻ ആരാധനക്രമവും പൈതൃകങ്ങളും അംഗീകരിച്ചുകൊണ്ടുള്ള പുനരൈക്യത്തിന് ഓർത്തഡോക്സ് സഭയുടെ സുന്നഹദോസ് 1926 നവംബർ ഒന്നാം തീയതി പ്രാരംഭ നടപടികൾ ആരംഭിച്ചതായും ബഥനിയുടെ മാർ ഈവാനിയോസിനെ അതിനായി ചുമതലപ്പെടുത്തിയതായുമുള്ള ശ്രുതികൾ അദ്ദേഹത്തിന് വലിയ പ്രതീക്ഷ നൽകിയിരുന്നു. 1930 സെപ്റ്റംബർ 20-ന് സഫലമായ പുനരൈക്യ സംഭവവും തുടർന്നുണ്ടായ



www.malankaralibrary.com

മലങ്കര സുറിയാനി ഹയരാർക്കി സ്ഥാപനവും അദ്ദേഹത്തിന് വലിയ സന്തോഷം നൽകി. താൻ ഏറ്റവും ഇഷ്ടപ്പെട്ടിരുന്ന അന്ത്യോക്യൻ ആരാധനക്രമം അനുഷ്ഠിച്ചുകൊണ്ട് പരിശുദ്ധ കത്തോലിക്കാ സഭയിൽ അംഗമായിരിക്കുവാനുള്ള സാധ്യത കൈവന്നിരിക്കുന്നു. എങ്കിലും തന്റെ താമസസ്ഥലത്തിനു സമീപത്ത് മലങ്കര സുറിയാനി കത്തോലിക്ക ഇടവക കൂട്ടായ്മ ഇല്ലാതിരുന്നതിനാൽ സീറോ മലബാർ സഭയിൽപെട്ട സെന്റ് അത്തനേഷ്യസ് ഇടവകയിൽ കുറച്ചുനാൾകൂടി അംഗമായി തുടരേണ്ടി വന്നു. ചെങ്ങരൂർ പ്രദേശത്ത് പുനരൈക്യപ്പെട്ടവർക്കായി ഒരു താൽക്കാലിക പള്ളി 1938-ൽ സ്ഥാപിതമായി. തുടർന്ന് സ്വന്തമായി സ്ഥലം വാങ്ങി സൗകര്യപ്രദമായ ഒരു പള്ളി 1939-ൽ പണി ആരംഭിച്ച് 1941 മേയ് ഏഴാം തീയതി വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിൽ കൂദാശ ചെയ്തതോടുകൂടി പടിഞ്ഞാറേക്കുറ്റ് തോമസും കുടുംബവും അവിടെ ഇടവക ചേർന്നു, അങ്ങനെ തന്റെ ആഗ്രഹവും സാധിച്ചു. പുനരൈക്യ പ്രസ്ഥാനത്തിന്റെ ശക്തനായ അല്മായ പ്രേഷിതനായി അദ്ദേഹം. മാരേട്ട് എ. ഫിലിപ്പോസ് ജഡ്ജി ഡയറക്ടറായി പ്രവർത്തിച്ചിരുന്ന തിരുവല്ല രൂപതയിലെ കത്തോലിക്ക സാക്ഷ്യസംഘത്തിന്റെ മുന്നണി പ്രവർത്തകരിൽ ഒരാളുമായി അദ്ദേഹം.

**ജനനവും സ്കൂൾ പഠനവും**

തോമസ്-തങ്കമ്മ ദമ്പതികൾക്ക് മൂന്ന് പുത്രന്മാരും രണ്ട് പുത്രിമാരും ജാതരായി. പുത്രന്മാരിൽ രണ്ടാമനായിരുന്നു നമ്മുടെ കഥാപുരുഷൻ ഫാ. തോമസ് പടിഞ്ഞാറേക്കുറ്റ്. ജനനം 1939 മാർച്ച് മാസം മൂന്നാം തീയതി. ജ്ഞാനസ്നാനം 1939 മാർച്ച് 19-ാം തീയതി വിശുദ്ധ യൗസേപ്പ് പിതാവിന്റെ മരണ തിരുനാൾ ദിവസം മല്ലപ്പള്ളി സെന്റ് അത്തനേഷ്യസ് പള്ളിയിൽ വികാരി ബഹു. മാത്യു മാളിയേക്കൽ അച്ചനിൽ നിന്ന്. പ്രാരംഭ വിദ്യാഭ്യാസം ഭവനത്തിനടുത്തുള്ള സെന്റ് തോമസ് ലോവർ പ്രൈമറി സ്കൂളിലും തുടർന്നുള്ള വിദ്യാഭ്യാസം നെടുങ്ങാടപ്പള്ളി സി.എം.എസ് ഇംഗ്ലീഷ് ഹൈസ്കൂളിലുമായിരുന്നു. 1957-ൽ ഇ.എസ്.എൽ.സി പൂർത്തിയാക്കി.

**വൈദിക പഠനവും വൈദികാഭിഷേകവും**

രക്തത്തിൽ അലിഞ്ഞുചേർന്നിരുന്ന സഭാസ്നേഹവും പിതാവിൽ നിന്ന് പകർന്നു ലഭിച്ച പ്രേഷിത താല്പര്യവും അദ്ദേഹത്തിൽ വൈദിക ശുശ്രൂഷയോട് ആഭിമുഖ്യം ഉളവാക്കി. 1957 ജൂണിൽ അഭിവന്ദ്യ സഖറി



www.malankaralibrary.com

യാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത തോമസിനെ വൈദികപഠനത്തിനായി തിരുവല്ല ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിൽ സ്വീകരിച്ചു. രണ്ടു വർഷത്തെ ഭാഷാ പഠനത്തിനും ആത്മിക പരിശീലനത്തിനുംശേഷം ബ്രദർ തോമസ് പടിഞ്ഞാറെക്കുറ്റ് തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾക്കായി തൃശ്ശനാപ്പള്ളി സെന്റ് പോൾസ് സെമിനാരിയിൽ പ്രവേശനം നേടി. കലശലായ തലവേദന അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നെങ്കിലും മൂന്നു വർഷത്തെ തത്വശാസ്ത്ര പഠനവും നാലു വർഷത്തെ ദൈവശാസ്ത്ര പഠനവും പ്രശസ്തമായ രീതിയിൽ അദ്ദേഹം പൂർത്തിയാക്കി. നേതൃഗുണങ്ങളും പരോപകാര സ്വഭാവവും അദ്ദേഹത്തെ അധ്യാപകരുടെയും സഹപാഠികളുടെയും പ്രിയങ്കരനാക്കിയിരുന്നു. തമിഴ് ഭാഷയിലുള്ള അറിവ് തമിഴ് ഭാഷക്കാരുടെയും സേവനസന്നദ്ധത മലയാളികളുടെയും സാങ്കേതിക കാര്യങ്ങളിലുള്ള പരിജ്ഞാനം അധികാരികളുടെയും താല്പര്യം നേടിയെടുക്കുവാൻ അദ്ദേഹത്തിന് സഹായമായി. 1966 മാർച്ച് 26-ാം തീയതി തൃശ്ശനാപ്പള്ളി രൂപതാധ്യക്ഷൻ അഭിവന്ദ്യ ജയിംസ് മെന്റോൻസായുടെ കൈവയ്പാൽ തൃശ്ശനാപ്പള്ളി കത്തീഡ്രലിൽ വച്ച് വൈദികനായി അഭിഷിക്തനായി. മാർച്ച് അവസാനം നാട്ടിൽ മടങ്ങിയെത്തി മാതൃഇടവകയിൽ പ്രഥമദിവ്യബലി അർപ്പിച്ചു.

**അജപാലനരംഗത്ത്**

ബഹു. ചെറിയാൻ മൈലക്കാട്ട് അച്ചന്റെ സഹായിയായി മാനന്തവാടി പ്രദേശത്തെ പ്രേഷിത വയലിലേക്കായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ അജപാലകനിയമനം. 'നടപ്പെടുന്നിടത്ത് പുഷ്പിക്കുക' എന്ന ജീവിത ദർശനവുമായി 1966 മേയ് മാസത്തിൽ അദ്ദേഹം മാനന്തവാടിയിലെത്തി. ആറാട്ടുതറ എന്ന സ്ഥലത്ത് താമസിച്ചുകൊണ്ടായിരുന്നു കണിയാംപറ്റ, അഞ്ചുകുന്ന് (കമ്മന) കൊറോം, മാനന്തവാടി തുടങ്ങിയ സമീപ സ്ഥലങ്ങളിലെല്ലാം പ്രേഷിത ശുശ്രൂഷ നടത്തിയിരുന്നത്. ബഹു. ചെറിയാൻ മൈലക്കാട്ട് അച്ചനോടൊത്തുള്ള താമസവും പ്രവർത്തനങ്ങളും അജപാലന ശുശ്രൂഷയുടെ പ്രായോഗിക പാഠങ്ങൾ പഠിക്കുവാൻ അവസരം നൽകിയിരുന്നതായി ബഹു. പടിഞ്ഞാറേക്കുറ്റ് അച്ചൻ അനുസ്മരിക്കാറുണ്ടായിരുന്നു. പ്രേഷിത ശുശ്രൂഷയോടൊപ്പം രൂപതവകയായി അവിടെ ഉണ്ടായിരുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്ത് ആദായകരമാക്കുന്നതിലും ബഹു. മൈലക്കാട്ട് അച്ചനോടൊപ്പം അദ്ദേഹം അധ്വാനിച്ചിരുന്നു. ഒരു വർഷത്തിനുശേഷം ബഹു. പടിഞ്ഞാറേക്കുറ്റ് അച്ചൻ അഞ്ച്കുന്ന്, കണിയാംപറ്റ, കോറോം ഇടവകകളുടെ വികാരിയായി ചുമതലയേറ്റു. ആറാ



www.malankaralibrary.com

ട്ടുതറ, പന്നിച്ചാൽ ഇടവകകകളുടെ ചുമതല ബഹു. തോമസ് പുതിയ വീട്ടിൽ അച്ചനും. ഒരു നല്ല സംഘാടകനും സംരംഭകനുമായിരുന്ന ബഹു. പടിഞ്ഞാറെക്കുറ്റ് അച്ചൻ തന്റെ സാമൂഹ്യ പ്രവർത്തനങ്ങളുടെ ഭാഗമായി മാനന്തവാടി പട്ടണത്തിൽ ഒരു ഹോട്ടൽ ആരംഭിച്ച് ഏതാനും യുവാക്കൾക്ക് തൊഴിൽ നൽകാനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി. ഊർജസ്വലനായ യുവവൈദികന്റെ സേവനം നാട്ടിൽ ആവശ്യമാണെന്നു കണ്ട് അഭിവന്ദ്യ മാർ അത്തനാസിയോസ് തിരുമേനി അദ്ദേഹത്തെ നാട്ടിലേക്ക് തിരികെ വിളിച്ച് 1970ൽ ഏതാനും കാലം പാണ്ടങ്കരി, തലവടി സൗത്ത് ഇടവകകളിൽ ചുമതല നൽകി. അദ്ദേഹത്തിന്റെ അടുത്ത നിയമനം പൂഴിക്കുന്ന്, തൃക്കോമല ഇടവകകളിലേക്കായിരുന്നു. 1971 മുതൽ 1975 വരെ നാല് വർഷക്കാലം റാന്നി മേഖലയിലെ പൊതു അജപാലന കാര്യങ്ങളിലും എക്യൂമെനിക്കൽ പ്രവർത്തനങ്ങളിലും വിയാനി യൂണിയന്റെ പ്രവർത്തനങ്ങളിലും അദ്ദേഹം സജീവമായി സഹകരിച്ചിരുന്നു. ഈ കാലഘട്ടത്തിൽ പൂഴിക്കുന്ന്, തൃക്കോമല ഇടവകകളെ സൺഡേ സ്കൂൾ, യുവജന സംഘടന എന്നിവയുടെ പ്രവർത്തനങ്ങളിൽ റാന്നി വൈദിക ജില്ലയിലെ ഏറ്റവും നല്ല യൂണിറ്റുകളാക്കുവാൻ അദ്ദേഹത്തിന്റെ നേതൃത്വം സഹായിച്ചു.

അദ്ദേഹത്തിന്റെ അടുത്ത ശുശ്രൂഷാവേദി കോട്ടയം വൈദിക ജില്ലയിൽ കീച്ചാൽ, പുതുപ്പള്ളി, വാകത്താനം ഇടവകകളായിരുന്നു. 1975-ൽ കീച്ചാൽ, പുതുപ്പള്ളി ഇടവകകളുടെ വികാരിയായി നിയമിതനായി. കീച്ചാലിൽ താമസിച്ചുകൊണ്ട് പുതുപ്പള്ളി പള്ളിയുടെ ചുമതലയും പുതുപ്പള്ളിയിലും ഗാന്ധിനഗറിൽ മെഡിക്കൽ കോളജിന് സമീപം ഇപ്പോൾ ഗുഡ്സമരിറ്റൻ ഹോസ്റ്റൽ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ചുമതലയും അദ്ദേഹം വഹിച്ചിരുന്നു. ഒരു വർഷത്തിനുശേഷം 1976 മേയ് മാസത്തിൽ കീച്ചാൽ ഇടവകയുടെ ചുമതലയിൽ നിന്നും ഒഴിഞ്ഞ് വാകത്താനം ഇടവകയുടെ വികാരി സ്ഥാനം ഏറ്റെടുക്കുകയും താമസം പുതുപ്പള്ളിയിലേക്ക് മാറ്റുകയും ചെയ്തു. ഗാന്ധിനഗറിലും പുതുപ്പള്ളിയിലുമുള്ള സ്ഥലങ്ങൾ മതിൽകെട്ടി സുരക്ഷിതമാക്കി റബറും കശുമാവും കൃഷി ചെയ്ത് ആദായകരമാക്കുവാൻ അദ്ദേഹം ശ്രമിച്ചു.

പുതുപ്പള്ളി പ്രദേശത്ത് ഇതരസഭാസമൂഹങ്ങളും സമുദായങ്ങളുമായി വളരെ നല്ല ബന്ധം വളർത്തുവാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. ശ്രീ ഉമ്മൻ ചാണ്ടിയുടെ കുടുംബവുമായി വളരെ അടുത്ത ബന്ധം അദ്ദേഹം പുലർത്തിയിരുന്നു. അന്ന് എം.എൽ.എ ആയിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി പുതുപ്പള്ളിയിൽ രൂപതയ്ക്കുള്ള സ്ഥലത്ത് ഒരു ഇംഗ്ലീഷ് മീഡിയം



www.malankaralibrary.com

സ്കൂൾ തുടങ്ങാൻ അച്ചനോട് ആവശ്യപ്പെടാറുണ്ടായിരുന്നു. സർക്കാർ തലത്തിൽ നിന്നു ലഭിക്കേണ്ട അംഗീകാരങ്ങൾ വാങ്ങിക്കൊടുത്തുകൊള്ളാമെന്നും അദ്ദേഹം ഉറപ്പുകൊടുത്തിരുന്നു. എന്നാൽ, സ്കൂൾ ആരംഭിക്കാനുള്ള നിർദേശത്തെ മാർ അത്തനാസിയോസ് തിരുമേനി നിരുത്സാഹപ്പെടുത്തുകയാണുണ്ടായത്. പുതുപ്പള്ളി ഓർത്തഡോക്സ് പള്ളിയിലെ വികാരിയുമായും കൈക്കാരന്മാരുമായും പുതുപ്പള്ളി നിലയ്ക്കൽ പള്ളിക്കാരുമായൊക്കെ വളരെ അടുത്ത ബന്ധം അദ്ദേഹം പുലർത്തിയിരുന്നു. ബഹു. പടിഞ്ഞാറെക്കുറ്റ് അച്ചന്റെ പിൻഗാമിയായി പുതുപ്പള്ളി-വാകത്താനം പള്ളികളിൽ വികാരിയായി എത്തിയ എനിക്ക് അദ്ദേഹത്തിന്റെ ആ പ്രശേത്തെ ബന്ധങ്ങൾ നേരിട്ടറിയുവാൻ സാധിച്ചിട്ടുണ്ട്. പുതുപ്പള്ളി പള്ളിയിൽ ഞാൻ വികാരിയായി എത്തിയിട്ടും ഏതാനും ദിവസങ്ങൾകൂടി ബഹു. പടിഞ്ഞാറെക്കുറ്റ് അച്ചൻ അവിടെ ഉണ്ടായിരുന്നു. അവിടെ ചില വീടുകളിൽ അദ്ദേഹത്തിന് യാത്രയയപ്പ് നൽകുന്ന അവസരത്തിൽ അതിൽ ഭാഗഭാക്കാകുവാൻ എനിക്കും സാധിച്ചു. ഞാൻ അവിടെ എത്തിയ അന്ന് ശ്രീ. ഉമ്മൻ ചാണ്ടിയുടെ കുടുംബവീട്ടിൽ അച്ചന് അത്താഴം ക്രമീകരിച്ചിരുന്നു. രണ്ടാം ദിവസം പുതുപ്പള്ളി ഓർത്തഡോക്സ് പള്ളിയിലെ വികാരിയച്ചന്റെ ഭവനത്തിലായിരുന്നു അത്താഴം, മൂന്നാം ദിവസം അത്താഴം നിലയ്ക്കൽ പള്ളിയുടെ അടുത്ത് താമസിച്ചിരുന്ന ഓർത്തഡോക്സ് സഭാംഗമായിരുന്ന കൈപ്പനാട്ട് കുഞ്ഞുച്ചായൻ എന്ന ആളുടെ ഭവനത്തിലായിരുന്നു. ഈ സന്ദർഭങ്ങളിലും തുടർന്നും ബഹു. പടിഞ്ഞാറേക്കുറ്റ് അച്ചന് ആ നാട്ടുകാരുടെ ഇടയിൽ ഉണ്ടായിരുന്ന സ്വാധീനവും ബന്ധവും ബോധ്യപ്പെട്ടിട്ടുണ്ട്.

**ചുങ്കപ്പാറയുടെ ഹൃദയം അറിഞ്ഞ ഇടയൻ**

പുതുപ്പള്ളി-വാകത്താനം ഇടവകകളുടെ ചുമതലവിട്ട് 1979 ജൂൺ ആറാം തീയതി അദ്ദേഹം ചുങ്കപ്പാറ പള്ളിയുടെ വികാരിയായി ചുമതലയേറ്റു. ഏതാണ്ട് പന്ത്രണ്ട് വർഷക്കാലം അവിടെ അദ്ദേഹം ശുശ്രൂഷകൾ നിർവഹിച്ചു. ചുങ്കപ്പാറ ഇടവകയുടെയും ആ പ്രദേശത്തിന്റെയും വികസനത്തിന് പുനർജീവൻ നൽകിയ കാലമായിരുന്നു അത്. കാലപ്പഴക്കം വന്ന പള്ളിമേട പുതുക്കി പണിതു. സെന്റ് ജോർജ് ഹൈസ്കൂൾ പടിക്കൽ മനോഹരമായ കുരിശടി നിർമിച്ചു. പള്ളിയുടെ മദ്ബഹാ മോടിപിടിപ്പിക്കുയും പള്ളി പടിഞ്ഞാറോട്ട് നീട്ടി വിപുലപ്പെടുത്തുകയും ചെയ്തു. നാടിനു നൽകിയ ഏറ്റവും വലിയ സംഭാവന ക്രിസ്തുരാജ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ തുടക്കമായിരുന്നു. ഇടവകക്കാരിൽ നിന്നും നാട്ടു



www.malankaralibrary.com

കാരിൽ നിന്നും വിദേശത്തുള്ള സുഹൃത്തുക്കളിൽ നിന്നും ചെറുതും വലുതുമായ സംഭാവനകൾ സ്വീകരിച്ചാണ് അദ്ദേഹം ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്ന ചുങ്കപ്പാറ ഗ്രാമത്തിന്റെ ആഗ്രഹം സഫലമാക്കിയത്. സ്കൂളിന് ഫണ്ട് ശേഖരിക്കാനായി അദ്ദേഹം രണ്ടു പ്രാവശ്യം ഗൾഫ് രാജ്യങ്ങളിൽ സന്ദർശനം നടത്തിയിരുന്നു. മത, സമുദായ, രാഷ്ട്രീയ, സഭാ ഭേദമെന്യേ എല്ലാവരോടും അദ്ദേഹത്തിനുണ്ടായിരുന്ന വ്യക്തിബന്ധങ്ങൾ സ്കൂൾ നിർമാണത്തിൽ അദ്ദേഹത്തിന് സഹായമായി.

ഇടവകയെ സഭാജീവിതത്തിൽ സജീവമാക്കുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന വൈഭവം ഒന്നു പ്രത്യേകമായിരുന്നു. സൺഡേസ്കൂൾ, എം.സി.വൈ.എം, സെന്റ് വിൻസെന്റ് ഡി പോൾ സഖ്യം തുടങ്ങിയ സംഘടനകൾ ഇടവകയിൽ ആ കാലത്ത് വളരെ സജീവമായിരുന്നു. അദ്ദേഹം ആരംഭിച്ച ചുങ്കപ്പാറ ബൈബിൾ കൺവൻഷൻ അദ്ദേഹത്തിന്റെ സുവിശേഷ ആഭിമുഖ്യത്തിന്റെ സ്മാരകമായി ഇന്നും സജീവമായി തുടരുന്നു. ചുങ്കപ്പാറ ഇടവകയിലെ ചുമതലകളോടൊപ്പം മുക്കട ഇടവകയുടെ വികാരി സ്ഥാനവും പുന്നവേലി ഇടവകയുടെ ചുമതലയും കുറെക്കാലം അദ്ദേഹം വഹിച്ചിരുന്നു. എഴുമറ്റൂർ കേന്ദ്രമാക്കി ഒരു ഇടവക കൂട്ടായ്മ തുടങ്ങുവാനുള്ള പ്രാരംഭ നടപടികൾ അദ്ദേഹം നടത്തുകയും അതിനായി ഒരു വസ്തു രൂപതയ്ക്കുവേണ്ടി വാങ്ങുകയും ചെയ്തിരുന്നു. പ്രതീക്ഷിച്ചത്ര വിജയസാധ്യത കാണായ്കയാൽ പിന്നീട് പ്രസ്തുത സ്ഥലം വിൽക്കുകയും ചെയ്തു. എഴുമറ്റൂർ കേന്ദ്രമാക്കി ഇടവക കൂട്ടായ്മ ആരംഭിക്കുവാൻ നടത്തിയ പരിശ്രമങ്ങളാണ് പിന്നീട് അരീക്കൽ ഇടവകയുടെ രൂപീകരണത്തിന് സഹായകമായത്. രൂപതയിലെ ദളിത് വിദ്യാർഥികൾക്ക് സൗജന്യ സ്കൂൾ പഠനം ലഭ്യമാക്കുവാനായി അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തയുടെ ആഗ്രഹമനുസരിച്ച് ചുങ്കപ്പാറ ക്രിസ്തുരാജ സ്കൂളിനോടനുബന്ധിച്ച് പ്രത്യേക ബോർഡിംഗ് സൗകര്യം ക്രമീകരിക്കുവാൻ അദ്ദേഹം കാണിച്ച താല്പര്യം അദ്ദേഹത്തിന്റെ സാമൂഹ്യ പ്രതിബദ്ധതയുടെ പ്രകടമായ അടയാളമായിരുന്നു.

### ആളിക്കത്തിയ അവസാന ശുശ്രൂഷ

അദ്ദേഹത്തിന്റെ അടുത്ത നിയമനം തോട്ടഭാഗം ഇടവകയുടെ വികാരിയും തിരുവല്ല രൂപതയുടെ വിദ്യാഭ്യാസ ഏജൻസിയുടെ കോർപറേറ്റ് മാനേജരും ആയിട്ടായിരുന്നു. 1991 ഫെബ്രുവരി 17-ാം തീയതി മുതൽ ഈ രണ്ട് ചുമതലകളും അദ്ദേഹം ഏറ്റെടുത്തു. ഏതാണ്ട് മൂന്നു വർഷത്തോടടുത്ത കാലംകൊണ്ട് തോട്ടഭാഗം ഇടവക സമൂഹത്തെ സഭാപര



www.malankaralibrary.com

മായി സജീവമാക്കാൻ അദ്ദേഹത്തിന് സാധിച്ചു. സൺഡേസ്കൂളും എം.സി.വൈ.എം സംഘടനയും സജീവമാക്കി. പാടത്തുപാലത്ത് വേളാങ്കണ്ണിമാതാവിന്റെ നാമത്തിൽ സ്ഥാപിതമായിരുന്ന കുരിശടിയിൽ പ്രതിവാര വിശുദ്ധ കുർബാനയും മധ്യസ്ഥപ്രാർത്ഥനയും കൂടുതൽ ജനകീയമാക്കി. വൈദികമന്ദിരം നവീകരിക്കുകയും അതിനോടനുബന്ധിച്ച് ഒരു മിനി ഓഡിറ്റോറിയം നിർമിക്കുകയും ചെയ്തു. ആധുനിക കവിയൂരിന്റെ ശില്പി എന്ന് വിളിക്കപ്പെടാവുന്ന കലേക്കാട്ടിൽ വന്ദ്യ തോമസ് അച്ചന്റെ സ്മാരകമായി തോട്ടഭാഗം പള്ളിയങ്കണത്തിൽ ബൃഹത്തും മനോഹരവുമായ ഓഡിറ്റോറിയം നിർമിക്കുകയും പള്ളിമുറ്റത്തുണ്ടായിരുന്ന വിശുദ്ധ അന്തോണിയോസിന്റെ കുരിശടി നവീകരിക്കുകയും ചെയ്തു. യുവജനങ്ങളെ സജീവമാക്കുന്നതിനും അവരെ ഇടവക ജീവിതത്തിൽ ഉൾച്ചേർക്കുന്നതിലും അദ്ദേഹം താല്പര്യമെടുത്തിരുന്നു. പള്ളിയും പള്ളിമേടയും അനുബന്ധ സൗകര്യങ്ങളും യുവജനങ്ങളുടെ കൂടിവരവിനും പ്രവർത്തനങ്ങൾക്കും സർവസ്വതന്ത്രമായി അദ്ദേഹം അനുവദിച്ചു കൊടുത്തിരുന്നു. ചിലപ്പോഴൊക്കെ ഇടവകയിലെ ചില മുതിർന്നവർക്ക് വ്യത്യസ്ത അഭിപ്രായം ഉണ്ടായിരുന്നെങ്കിലും യുവജനങ്ങൾക്ക് പ്രവർത്തന സ്വാതന്ത്ര്യം നൽകുക അദ്ദേഹത്തിന്റെ ഒരു അജപാലന സവിശേഷതയായിരുന്നു. തന്നോടൊപ്പം ഒരേ പാത്രത്തിൽ നിന്നു ഭക്ഷിച്ച യൂദാസ് തന്റെ ഗുരുവിനെ വധകർക്ക് ഏല്പിച്ചു കൊടുത്തതുപോലെ താൻ ആർക്ക് തന്നോടൊപ്പം ഭക്ഷണം പങ്കുവച്ച് നൽകിയിരുന്നോ ആ ഒരു യുവാവ് 1993 ഡിസംബർ 12-ാം തീയതി രാത്രിയിൽ കൂട്ടുകാരുമായി സംഘം ചേർന്ന് അച്ചനെ അപായപ്പെടുത്തി. മധ്യതിരുവിതാംകൂറിനെ നടുക്കിയ സംഭവം. തിരുവല്ല രൂപതയെയും ബഹു. തോമസ് പടിഞ്ഞാറെക്കുറ്റ് അച്ചനെ അറിയുന്ന സകലരെയും ദു:ഖത്തിലാഴ്ത്തിയ സംഭവം. നിയമപരമായ പോലീസ് നടപടികൾക്കുശേഷം മൃതദേഹം ചെങ്ങരൂർ സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളി സെമിത്തേരിയിൽ പ്രത്യേകം തയാറാക്കിയ കല്ലറയിൽ ഡിസംബർ 14-ാം തീയതി സംസ്കരിച്ചു. 2000-ൽ ചെങ്ങരൂർ പള്ളി പുതുക്കി പണിത് കൂദാശ ചെയ്തതിനെ തുടർന്ന് അച്ചന്റെ ഭൗതിക ശേഷിപ്പുകൾ പുതിയ പള്ളിയോടനുബന്ധിച്ചുള്ള ആരാധനാ ചാപ്പലിൽ ബഹു. വൈദികരുടെ കബറിടത്തിനുവേണ്ടി തയാറാക്കിയിരിക്കുന്ന കല്ലറയുടെ നാലാമത്തെ സെല്ലിലേക്കു മാറ്റി അടക്കി.

**കോർപറേറ്റ് മാനേജർ**

1991 ഫെബ്രുവരി 16-ാം തീയതി മുതൽ മരണം വരെ (1993 ഡിസംബർ 12) അദ്ദേഹം തിരുവല്ലാ രൂപത വിദ്യാഭ്യാസ ഏജൻസിയുടെ



www.malankaralibrary.com

കോർപറേറ്റ് മാനേജർ ആയിരുന്നു. ചുങ്കപ്പാറ ക്രിസ്തുരാജ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ വിജയകരമായ നടത്തിപ്പിലൂടെ നേടിയ പ്രായോഗിക അറിവും നേതൃപാടവവും കോർപറേറ്റ് മാനേജർ എന്ന നിലയിൽ നന്നായി ശോഭിക്കുവാൻ അദ്ദേഹത്തിന് ഇടയാക്കി. രൂപതയുടെ ഹൈറേഞ്ച് മേഖലയിൽ ഇംഗ്ലീഷ് മിഡിയം സ്കൂൾ ആരംഭിക്കുവാൻ അദ്ദേഹം പദ്ധതികൾ ആവിഷ്കരിച്ചു. ചെങ്ങരൂർ കേന്ദ്രമാക്കി ഒരു വനിത കോളജ് ആരംഭിക്കുവാനുള്ള പ്രാരംഭ നടപടികൾ അദ്ദേഹം ആരംഭിച്ചിരുന്നു. പ്രസ്തുത നടപടികളാണ് പിന്നീട് ബി.എഡ് കോളജിന്റെ തുടക്കത്തിന് കാരണമായത്. അധ്യാപകർ തമ്മിലും അധ്യാപകരും മാനേജ്മെന്റും തമ്മിലും ഊഷ്മളമായ ബന്ധം വളർത്തുവാൻ അദ്ദേഹത്തിന്റെ നേതൃത്വം സഹായിച്ചിരുന്നു.

**യുവജനങ്ങളുടെ തോഴൻ**

അദ്ദേഹം ശുശ്രൂഷ ചെയ്തിട്ടുള്ള ഇടവകകളിലെല്ലാം യുവജനങ്ങളെ സംഘടിപ്പിക്കുന്നതിലും അവരുടെ കർമ്മശേഷി ഇടവകയ്ക്കും നാടിനും നന്മയാക്കി വളർത്തുന്നതിനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വാകത്താനം, ചുങ്കപ്പാറ, തോട്ടഭാഗം ഇടവകകളിലെ പ്രവർത്തനങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്. ചുങ്കപ്പാറയിൽ വികാരി ആയിരിക്കുമ്പോൾ മല്ലപ്പള്ളി മേഖലയിലെ എം.സി.വൈ.എം മേഖലാ ഡയറക്ടർ സ്ഥാനവും അദ്ദേഹം വഹിച്ചിരുന്നു. ആ കാലത്ത് മല്ലപ്പള്ളി ഡിസ്ട്രിക്ട് എം.സി.വൈ.എം ആയിരുന്നു രൂപതയിലെ യുവജന പ്രവർത്തനങ്ങളിൽ മുന്നിട്ടു നിന്നിരുന്നത്. ലേഖകൻ രൂപതയിലെ എം.സി.വൈ.എം ഡയറക്ടർ ആയിരുന്നപ്പോൾ മല്ലപ്പള്ളി ഡിസ്ട്രിക്ടിലെ എം.സി.വൈ.എം ഡയറക്ടറായിരുന്ന ബഹു. പടിഞ്ഞാറേക്കുറ്റ് അച്ചന്റെ യുവജനങ്ങളോടുള്ള ആഭിമുഖ്യവും താല്പര്യവും നേരിട്ട് അറിഞ്ഞിട്ടുള്ളതാണ്.

**നേതാവും സംഘാടകനും**

സെമിനാരി പഠനകാലം മുതൽ അദ്ദേഹത്തിന്റെ നേതൃപാടവവും സംഘാടനാ വൈഭവവും പ്രകടമായിരുന്നു. തമിഴ്നാട്ടിലെ തൃശിനാപ്പള്ളി സെന്റ് പോൾസ് സെമിനാരിയിൽ പഠിച്ചിരുന്ന കേരളക്കാരായ വൈദിക വിദ്യാർഥികൾ ഏതാവശ്യത്തിനും അദ്ദേഹത്തെയാണ് സമീപിച്ചിരുന്നത്. എന്തു ത്യാഗം സഹിച്ചും അദ്ദേഹം അവരുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുമായിരുന്നു. തൃശിനാപ്പള്ളി സെമിനാരിയിൽ അസിസ്റ്റന്റ് പ്രീഫെക്ടും പൾസേറ്ററും ആയി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടത് സഹ



www.malankaralibrary.com

പാഠികളുടെയും അധ്യാപകരുടെയും ഇടയിൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്വീകാര്യതയുടെ അടയാളമായിരുന്നു. വൈദിക ജീവിതത്തിലും അദ്ദേഹത്തിന്റെ സംഘാടക പാടവവും നേതൃത്വവും പ്രകടമായിരുന്നു. 1980-ൽ കോട്ടയത്തുവച്ച് നടന്ന പുനരൈക്യ സുവർണ ജൂബിലി ആഘോഷങ്ങളുടെ സ്റ്റിയറിംഗ് കമ്മിറ്റിയംഗവും അടിസ്ഥാന സൗകര്യ ക്രമീകരണ കമ്മിറ്റി കൺവീനറുമായിരുന്നു അദ്ദേഹം. മാർ അത്തനാസിയോസ് പിതാവിന്റെ കബറടക്കം, ഐസക് മാർ യൂഹാനോൻ, സിറിൽ മാർ ബസേലിയോസ് പിതാക്കന്മാരുടെ മെത്രാഭിഷേകം, തിരുവല്ല രൂപതയുടെ സുവർണ ജൂബിലിയാഘോഷം ഐസക് മാർ യൂഹാനോൻ പിതാവിന്റെ കബറടക്കം, ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവിന്റെ മെത്രാഭിഷേകം, മല്ലപ്പള്ളിയിൽ നടന്ന പുനരൈക്യവാർഷികാഘോഷം എന്നീ സന്ദർഭങ്ങളിലെല്ലാം അദ്ദേഹത്തിന്റെ നേതൃത്വവും സംഘാടകത്വവും പ്രകടമായിരുന്നു. ചുങ്കപ്പാറ ക്രിസ്തുരാജ സ്കൂളും തോട്ടഭാഗത്തെ കലേക്കാട്ടിൽ തോമ്മാ കത്തനാർ മെമ്മോറിയൽ ഓഡിറ്റോറിയവും അദ്ദേഹത്തിന്റെ നേതൃത്വത്തിന്റെയും സംഘാടകത്വത്തിന്റെയും സ്മാരകങ്ങളാണ്.

**കുടുംബസ്നേഹി**

തന്റെ കുടുംബത്തെക്കുറിച്ചും പിതാവിന്റെയും പിതാമഹന്മാരുടെയും സഭാസ്നേഹത്തെക്കുറിച്ചും വളരെ അഭിമാനത്തോടെയായിരുന്നു അദ്ദേഹം അനുസ്മരിച്ചിരുന്നത്. കുടുംബത്തിലൂടെ പകർന്നു കിട്ടിയ സഭാസ്നേഹവും വിശ്വാസ തീക്ഷ്ണതയും അദ്ദേഹത്തിൽ ജ്വലിച്ചു നിന്നിരുന്നു. കുടുംബത്തെക്കുറിച്ച് അദ്ദേഹം അഭിമാനിച്ചിരുന്നതുപോലെ കുടുംബാംഗങ്ങൾക്ക് അദ്ദേഹവും അഭിമാനമായിരുന്നു. സഹോദരങ്ങളെയും മക്കളെയും ഒന്നിപ്പിച്ചു നിർത്തുന്ന കേന്ദ്രബിന്ദുവായിരുന്നു അദ്ദേഹം. അച്ചന് രണ്ട് സഹോദരിമാരും രണ്ട് സഹോദരന്മാരുമാണുണ്ടായിരുന്നത്. ഒരു സഹോദരി ബാല്യത്തിലെ മരിച്ചുപോയി. മൂത്ത സഹോദരി അമ്മിണി മാവേലിക്കര പുതുപുരയ്ക്കൽ ശമുവേലിനെ വിവാഹം ചെയ്തു. അവർക്ക് മക്കൾ ആറ്: നാല് പുത്രിമാരും രണ്ട് പുത്രന്മാരും. ജ്യേഷ്ഠ സഹോദരൻ, നാട്ടുകാർ ആശാൻ എന്ന് സ്നേഹപൂർവം വിളിക്കുന്ന തോമസ് കുര്യൻ. ചുങ്കപ്പാറ പനന്തോട്ടം ആനവേലിൽ അന്നമ്മയെ വിവാഹം ചെയ്തു. അവർക്ക് എട്ടു മക്കൾ. അഞ്ച് പുത്രന്മാരും മൂന്നു പുത്രിമാരും. മക്കളിൽ മൂന്നാമൻ രാജൻ ബാല്യത്തിലെ മരിച്ചു. മറ്റുള്ളവർ വിവാഹിതരായി കുടുംബമായി സഭയ്ക്കും നാടിനും നന്മ നൽകു



www.malankaralibrary.com


ന്നവരായി ജീവിക്കുന്നു. അച്ചന്റെ അനുജൻ കുഞ്ഞുമോൻ എന്നു വിളിപ്പേരുള്ള ജോർജ് തോമസ്, പുറമറ്റം കോഴിമണ്ണിൽ അന്നമ്മയെ വിവാഹം ചെയ്തു. രണ്ടുപേരും ജർമനിയിൽ ഉദ്യോഗസ്ഥരായിരുന്നു. അവർക്ക് രണ്ട് പെൺമക്കൾ. രണ്ടുപേരും വിവാഹിതരായി. കുഞ്ഞുമോൻ നാട്ടിൽ സ്വന്തമായി ബിസിനസ് നടത്തുകയും ഇടവകയും നാടുമായി ബന്ധപ്പെട്ട പൊതുപ്രവർത്തനങ്ങളിൽ സഹകരിക്കുകയും ചെയ്യുന്നു. ഈ ലോകത്തായിരുന്നപ്പോൾ കുടുംബാംഗങ്ങളെ എല്ലാം ഒന്നിപ്പിക്കുന്നതിൽ കേന്ദ്രബിന്ദുവായിരുന്നതിനെക്കാൾ അധികം ഇന്ന് സ്വർലോകത്തിരുന്നുകൊണ്ട് കുടുംബാംഗങ്ങൾക്കുവേണ്ടി മധ്യസ്ഥനായിരിക്കുന്നു എന്ന് കുടുംബാംഗങ്ങൾ ഉറച്ച് വിശ്വസിക്കുന്നു.

**പിൻപുറം**

'തുറയിൽ' കുടുംബത്തിലൂടെ 'പകലോമറ്റം' തറവാടിന് മാർത്തോമ്മാ ശ്ലീഹായിൽ നിന്നു ലഭിച്ച വിശ്വാസത്തിന്റെ ദൃഢതയും 'പാറയ്ക്കൽ' കുടുംബത്തിലൂടെ ലഭിച്ച സഭാസ്നേഹവും സംയുക്തമായി സമ്മേളിച്ചിരുന്ന വ്യക്തിത്വമായിരുന്നു ബഹു. തോമസ് പടിഞ്ഞാറേക്കുറ്റ് അച്ചന്റേത്. അദ്ദേഹത്തിലെ തീക്ഷ്ണമതിയായ വൈദികനെ രൂപപ്പെടുത്തിയ കുടംബ-സഭാ പശ്ചാത്തലങ്ങളുടെയും ഇരുപത്തിയെട്ട് വർഷത്തെ അജപാലന ശുശ്രൂഷയിലൂടെ അനേകർക്ക് നന്മ നൽകിയ പൗരോഹിത്യ ജീവിതത്തിന്റെയും നേർക്കാഴ്ചകളാണ് മുൻ താളുകളിൽ വരച്ചുകാട്ടുവാൻ ശ്രമിച്ചത്. അടുത്തറിഞ്ഞവരെല്ലാം അദ്ദേഹത്തെ സ്നേഹിച്ചു. അദ്ദേഹത്തിന്റെ പൗരോഹിത്യ രജതജൂബിലി 1991-ൽ തന്റെ ജന്മനാട്ടിൽ ചെങ്ങരൂർ ഇടവകയിലും കർമ്മനാട്ടിൽ ചുങ്കപ്പാറ ഇടവകയിലും ജാതിമതഭേദമെന്യേ സകലരും ചേർന്ന് സാഘോഷം കൊണ്ടാടിയത് അദ്ദേഹത്തിന്റെ വ്യക്തിത്വത്തെയും ശുശ്രൂഷകളെയും സമൂഹം എപ്രകാരം അംഗീകരിച്ച് ആദരിച്ചിരുന്നു എന്നതിന്റെ അടയാളമായിരുന്നു. അദ്ദേഹത്തിന്റെ ആകസ്മിക വേർപാടിൽ തന്റെ പ്രധാന കർമ്മമേഖലയായിരുന്ന ചുങ്കപ്പാറ ദേശവാസികൾ ഒന്നടങ്കം ഹർത്താൽ ആചരിച്ചത് അദ്ദേഹത്തിന്റെ ആചാര്യ ശുശ്രൂഷയെ ജനം എത്രമാത്രം ആഴത്തിൽ അംഗീകരിച്ചിരുന്നു എന്നതിന്റെ പ്രകടമായ തെളിവുമായിരുന്നു.



www.malankaralibrary.com



# ബഹു. ജേക്കബ് അയന്തിയിൽ അച്ചൻ

**മുഖമൊഴി**

നാട്ടുകാർ 'ശാസ്ത്രി അച്ചൻ' എന്നും പള്ളിക്കാർ അയന്തിയിൽ അച്ചൻ എന്നും സഭയുടെ ഔദ്യോഗിക വേദികളിൽ ഫാ. ജേക്കബ് അയന്തിയിൽ എന്നും വിളിച്ചിരുന്ന ബഹുമാനപ്പെട്ട ജേക്കബ് അയന്തിയിൽ അച്ചന്റെ ജനനത്തിന്റെ നവതിയുടെ തുടക്കവും (15-03-1927) സ്വർഗപ്രാപ്തിയുടെ മുപ്പതാം വർഷവും (08-07-1986) ഒത്തു വന്നിരിക്കുന്ന വർഷമാണ് 2016. ഈ സന്ദർഭത്തിൽ ബഹു. അച്ചനെ അനുസ്മരിക്കുവാൻ ഒരു ശ്രമമാണ് തുടർന്നുള്ള താളുകളിൽ. അനുഗ്രഹീതനായ വചനപ്രഘോഷകൻ, തീക്ഷ്ണനായ പുനരൈക്യ പ്രേഷിതൻ, സ്നേഹനിധിയായ ഇടയൻ, ആടുകളോടൊപ്പം നടന്ന അജപാലൻ, കുടുംബസ്നേഹി തുടങ്ങി അനേക വിശേഷണങ്ങൾക്ക് ഉടമ. ആദ്യ സംസാരത്തിൽതന്നെ ആരെയും ആകർഷിക്കുന്ന ഭാഷാശുദ്ധിയും അക്ഷരസ്ഫുടതയും വെളുത്തകുപ്പായവും കറുത്ത ഇടക്കെട്ടും നീണ്ട താടിയും ആരെയും ആകർഷിക്കുന്ന ആൾരൂപം. ജീവിതത്തിൽ കൃത്യമായ ചിട്ടയും നിഷ്ഠയും, കൈയിലൂടെ കടന്നുപോയ ഓരോ പൈസയുടെയും കൃത്യമായ കണക്കും രേഖകളും പ്രവർത്തനങ്ങളുടെ കൃത്യമായ വിവരങ്ങളും വിവരണങ്ങളും എല്ലാം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്ന പ്രകൃതം, അനുകരണീയമായ അനേക വ്യക്തിസവിശേഷതകളുടെ ആൾരൂപമായ ആചാര്യൻ-ബഹു. അയന്തിയിൽ അച്ചൻ.

**കുടുംബപശ്ചാത്തലവും ജനനവും**

മധ്യതിരുവിതാംകൂറിൽ പടർന്നു പന്തലിച്ചിരിക്കുന്ന **'മണ്ണേക്കാട്ടിൽ'** കുടുംബത്തിന്റെ **'എലിമുള്ളുംമാങ്കൽ'** ശാഖയിൽ ചാക്കോ (കൊച്ചുകുഞ്ഞ്)യുടെ മകൻ എബ്രഹാമിന്റെയും **കണികുന്നത്ത് പ്ലാത്താനത്ത്**



www.malankaralibrary.com

**മണിയംപാറ** ഗീവർഗീസിന്റെയും (കീവറിച്ചൻ) മകൾ ശോശാമ്മയുടെയും പ്രഥമ ജാതൻ.ജനനം: 1927 മാർച്ച് മാസം 15-ന് (കൊല്ലവർഷം 1102 മേടമാസം 18). കുടുംബപാരമ്പര്യമനുസരിച്ച് വല്യപ്പച്ചന്റെ പേരായ 'ചാക്കോ' എന്ന പേരിട്ട് ജ്ഞാനസ്നാനം മാർത്തോമ്മാ സഭയിൽ. തങ്കച്ചൻ എന്ന് ഓമനപേര്. രണ്ട് സഹോദരിമാരും (സാറാമ്മ, റാഹേൽ) രണ്ട് സഹോദരന്മാരും (വർഗീസ്-ജോയി, ശമുവേൽ- പൊടിക്കുഞ്ഞ്).

മണ്ണേക്കാട്ടിൽ കുടുംബത്തെക്കുറിച്ച് ഒരുവാക്ക്. നസ്രാണികളുടെ പൈതൃക തറവാടായ കുറവിലങ്ങാട് പ്രദേശത്തുനിന്ന് ഇരുപ്പൂട്ടി എന്ന ഒരു യുവാവ് കൊല്ലത്തു ചെന്നു താമസിച്ചതായും കായികാഭ്യാസിയും യുദ്ധതന്ത്രജ്ഞനും 'ആശാൻ' എന്ന് ആൾക്കാർ ആദരപൂർവം അഭിസംബോധന ചെയ്തിരുന്നതുമായ അദ്ദേഹത്തെ രാജാവ് ആറന്മുള ക്ഷേത്ര ക്കളരിയിലേക്ക് കല്പിച്ച് നിയമിച്ചതുമായാണ് വാമൊഴി. രാജകല്പന പ്രകാരം ക്ഷേത്രഭാരവാഹികൾ അദ്ദേഹത്തിന് മാരാമണ്ണിൽ 'നൂഴുമണ്ണ്' എന്ന സ്ഥലത്ത് താമസസൗകര്യം നൽകിയതായും പിന്നീട് 'മന്നവൻകാട്' എന്ന സ്ഥലം കരം ഒഴിവായി പതിച്ചു നൽകിയതായുമാണ് രേഖകളിൽ കാണുന്നത്. ഈ മന്നവൻകാടാണ് പിൽക്കാലത്ത് മണ്ണേക്കാടായി ലോപിച്ചതെന്നുമാണ് പഴമക്കാർ പറയുന്നത്.

കുറവിലങ്ങാട്ടുനിന്ന് കുറിയന്നൂരിൽ കുടിയേറിയ പകലോമറ്റം തറവാട്ടിൽപെട്ട ഓറേത്ത് തരകൻ എന്ന പിതാവിന്റെ മകളെയായിരുന്നു 'ഇരുപ്പൂട്ടി ആശാൻ' വിവാഹം ചെയ്തത്. ഇവരുടെ മത്തായി, ഗീവർഗീസ് എന്നീ ആൺമക്കളുടെ സന്തതിപരമ്പരകളാണ് 'മണ്ണേക്കാട്ടിൽ' കുടുംബമായി ഇന്ന് അറിയപ്പെടുന്നത്. ഇരുപ്പൂട്ടി ആശാന്റെ മൂത്തപുത്രൻ മത്തായിയുടെ രണ്ടാമത്തെ മകൻ ഗീവർഗീസ് വടക്കേപാലക്കാട്ടേത്ത് താമസിച്ചു. അദ്ദേഹത്തിന്റെ മക്കൾ എലിമുള്ളുംമാങ്കൽ, വാഹപ്ലാക്കൽ, ചെറുതലമണ്ണിൽ, തെക്കേകോലത്ത് എന്നിങ്ങനെ മണ്ണേക്കാട്ടിൽ കുടുംബത്തിന്റെ നാലു ശാഖകളായി വളർന്നു വികസിച്ചു. പ്രസ്തുത ഗീവർഗീസിന്റെ മക്കളിൽ അഞ്ചുപേർ: ഒന്നാമൻ മത്തായി, രണ്ടാമൻ തോമസ്, മൂന്നാമൻ കൊച്ചൂഞ്ഞ്, നാലാമൻ ഔസേപ്പ്, ആറാമൻ ചെറിയാൻ എന്നിവർ ഫലഭൂയിഷ്ഠമായ കൃഷിഭൂമി തേടി റാന്നിയിലേക്കു കുടിയേറി. മൂന്നാമത്തെ മകൻ കൊച്ചൂഞ്ഞാണ് റാന്നിയിലേക്ക് ആദ്യം കുടിയേറിയത്. 1122 ധനുമാസം 22-ാം തീയതി അദ്ദേഹം നിര്യാതനായി. റാന്നി പഴവങ്ങാടിക്കര ഇമ്മാനുവേൽ മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടതായി രേഖകളിൽ കാണുന്നു. പ്രസ്തുത കൊച്ചൂഞ്ഞിന്റെ രണ്ടാമത്തെ പുത്രൻ അബ്രഹാമിന്റെ പ്രഥമജാതനാണ് എലിമുള്ളുംമാങ്കൽ ശാഖയിൽപെട്ട ബഹു. ജേക്കബ് അയന്തിയിൽ അച്ചൻ.



www.malankaralibrary.com

**പഠനം**

സ്വന്തം കുടുംബത്തിൽപെട്ട എലിമുള്ളുംമാങ്കൽ കുഞ്ഞോമ്മാ ആശാന്റെ കീഴിൽ അക്ഷരാഭ്യാസം നേടി. കാഞ്ഞിരത്താമല എം.എസ്.സി.എൽ.പി സ്കൂളിൽ പ്രൈമറി പഠനവും കഴിഞ്ഞ് പെരുനാട്ടിലെ സംസ്കൃത സ്കൂളിൽ നിന്ന് പഞ്ചമം പാസായി. തിരുവല്ലാ രൂപതയിൽ വൈദികനായിരുന്ന റാന്നി സ്വദേശി ബഹു. എബ്രഹാം ഇടശേരിൽ അച്ചൻ പെരുനാട് സ്കൂളിൽ സഹപാഠിയായിരുന്നു. റാന്നി തോട്ടമൺ പ്രബോധചന്ദ്രോദയ സംസ്കൃത സ്കൂളിൽ ശാസ്ത്രിപഠനം പൂർത്തിയാക്കി, റാന്നി എം.എസ് ഹൈസ്കൂളിൽ ഫോർത്ത് ഫോമിൽ ചേർന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസം നടത്തി, 1948ൽ ഇ.എസ്.എൽ.സി പാസായി.

**പുനരൈക്യം**

അമ്മയോടും സഹോദരങ്ങളോടുമൊപ്പം 1944ൽ പുനരൈക്യപ്പെട്ട് കരിമ്പനാംകുഴി (ചെറുകുളഞ്ഞി) സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ ചേർന്നു. അന്നു പുനരൈക്യപ്പെടാതിരുന്ന സ്വന്തം പിതാവ് രണ്ടു വർഷത്തിനുശേഷമാണ് പുനരൈക്യസരണിയിൽ എത്തിയത്. അയന്തിയിൽ കുടുംബത്തിന്റെ പുനരൈക്യ പശ്ചാത്തലം ഇപ്രകാരമാണ്. മലങ്കര മാർത്തോമ്മാ സഭയുടെ തുടക്കത്തിനു കാരണക്കാരായവരുടെ നാടായ മാരാമണ്ണിനടുത്തുള്ള നെടുമ്പ്രയാർ പ്രദേശത്തെ വാസം കുടുംബത്തെ നവീകരണ ചിന്തയിലേക്കും മാർത്തോമ്മാ സഭയിലേക്കും എത്തിച്ചിരുന്നു. റാന്നിയിലേക്ക് കുടിയേറിയപ്പോഴും മാർത്തോമ്മാ സഭയിൽ തുടരുവാൻ അവർ സന്നദ്ധരായത് അതുകൊണ്ടായിരുന്നു. നവീകരണ ആശയക്കാരായ അവർ പുനരൈക്യപ്പെടുക ദുഷ്കരമായിരുന്നു.

ബഹു. അയന്തിയിൽ അച്ചന്റെ അമ്മയുടെ പിതാവ് കണികുന്നത്ത് പ്ലാത്താനത്ത് മണിയംപാറ ഗീവർഗീസ് (കീവറിച്ചൻ) റാന്നി വൈക്കത്ത് താമസിച്ചിരുന്നപ്പോൾ പെരുനാട് ബഥനി പള്ളിയിലാണ് കൂടിനടന്നിരുന്നത്. അതുവഴി ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുമായി വലിയ അടുപ്പവും ബന്ധവും പുലർത്തിയിരുന്നു. തിരുമേനിയുടെ ജീവിതവിശുദ്ധിയെക്കുറിച്ചും വിജ്ഞാനത്തെക്കുറിച്ചും അടുത്തറിഞ്ഞിരുന്ന കീവറിച്ചൻ തിരുമേനിയുടെ ഒരു ആരാധകനായിരുന്നു. തിരുമേനിയിൽ നിന്ന് സഭാപരമായ വളരെയധികം കാര്യങ്ങൾ അദ്ദേഹം മനസിലാക്കിയിരുന്നു. തിരുമേനിയും ബഥാന്യരും പുനരൈക്യ തീരുമാനവുമായി മുണ്ടൻമല ഉപേക്ഷിച്ച് യാത്ര തിരിക്കുന്നതിനു മുമ്പ് തന്റെ പദ്ധതികളെക്കുറിച്ച് കീവറിച്ചനോടു പറയുകയും "കീവറിച്ചൻ എന്റെ കൂടെ കാണണം" എന്നു കല്പിക്കുകയും ചെയ്തിരുന്നു. തിരുമേനിയെ ദൈവതുല്യം ആദരിച്ചിരുന്ന കീവറിച്ചന്റെ മറുപടി ഇപ്രകാരമായിരുന്നു. "തിരു



www.malankaralibrary.com

മേനി എവിടെ പോയാലും ഈ കീവറീച്ചൻ കൂടെ കാണും; നരകത്തിൽ ആയാൽ പോലും". തിരുമേനിയിൽ അത്രമാത്രം വിശ്വാസമായിരുന്നു അദ്ദേഹത്തിന്. ചുരുക്കത്തിൽ, മാർ ഈവാനിയോസ് തിരുമേനിയും ബഥാന്യരും പുനരൈക്യപ്പെടുവാൻ നിശ്ചയിച്ച് മുണ്ടൻമല വിട്ടിറങ്ങിയപ്പോൾ കീവറിച്ചനും ഓർത്തഡോക്സ് സഭ വിട്ട് ഹൃദയംകൊണ്ട് കത്തോലിക്കാ സഭാംഗമായിരുന്നു എന്നു കരുതുന്നതിൽ തെറ്റില്ല. എന്നാൽ 1936ൽ കരിമ്പനാംകുഴി സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയുടെ തുടക്കത്തോടുകൂടി മാത്രമേ ഔദ്യോഗികമായി രജിസ്റ്ററിൽ പേര് ചേർക്കപ്പെട്ട അംഗമായുള്ളൂ. പുനരൈക്യത്തോടുകൂടി പുനരൈക്യ പ്രേഷിത ശുശ്രൂഷയുടെ മുന്നണി പ്രേഷിതരിൽ ഒരാളായി അദ്ദേഹം. അദ്ദേഹത്തിന്റെ പ്രവർത്തനമാണ് അയന്തിയിൽ അച്ചനെയും അമ്മയെയും സഹോദരങ്ങളെയും 1944ലും രണ്ട് വർഷങ്ങൾക്കുശേഷം അച്ചന്റെ പിതാവിനെയും പുനരൈക്യത്തിലേക്ക് നയിച്ചത്. തിരുവല്ലാ അതിരൂപതയിലെ ബഹു. വർഗീസ് മാളിയേക്കൽ അച്ചന്റെ മാതാവ് ബഹു. അയന്തിയിൽ അച്ചന്റെ മാതൃസഹോദരിയാണ്. അവരുടെ കുടുംബത്തിന്റെ പുനരൈക്യവും കീവറിച്ചന്റെ പ്രവർത്തനഫലമാണ്. അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് തിരുമേനി കീവറിച്ചന്റെ ഏക സഹോദരിയുടെ ദ്വിതീയ പുത്രൻ തോട്ടത്തിൽ ഫിലിപ്പിന്റെ മകനാണ്.

### വൈദിക ജീവിത വിളിയിലേക്ക്

ബാലനായിരുന്ന ചാക്കോയുടെ ആത്മീക കാര്യങ്ങളിലുള്ള ആഭിമുഖ്യവും പഠനത്തിലുള്ള സാമർഥ്യവും തിരിച്ചറിഞ്ഞ തിരുവല്ലാ രൂപതയുടെ അധ്യക്ഷനായിരുന്ന വാളക്കുഴി ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ ചാക്കോയെ വൈദിക പഠനത്തിന് തെരഞ്ഞെടുക്കുകയും 1948ൽ തിരുവല്ലാ ചെറുപുഷ്പഗിരി അരമനയോട് അനുബന്ധിച്ച് പ്രവർത്തിച്ചിരുന്ന മൈനർ സെമിനാരിയിൽ ചേർക്കുകയും ചെയ്തു. ആദ്യവർഷം ബഹു. ജോസഫ് നിലപ്പന അച്ചനും രണ്ടാം വർഷം ബഹു. തോമസ് നേര്യംപറമ്പിൽ അച്ചനുമായിരുന്നു റെക്ടർമാർ. സുറിയാനി അധ്യാപകൻ മൂലമണ്ണിൽ വന്ദ്യ തോമസ് മല്പാനും. ശാസ്ത്രിപഠനത്തിലൂടെ സംസ്കൃതഭാഷയിലും മലയാള ഭാഷയിലും നല്ല പരിജ്ഞാനം ഉണ്ടായിരുന്ന ബ്രദർ ചാക്കോ മൈനർ സെമിനാരി പഠനത്തിലൂടെ സുറിയാനിയിലും ലത്തീനിലും ഇംഗ്ലീഷിലും കൂടി നല്ല അറിവ് കരസ്ഥമാക്കി. സേവേറിയോസ് പിതാവ് വാത്സല്യപൂർവം 'ശാസ്ത്രിയാർ' എന്നു വിളിച്ചിരുന്ന ബ്രദർ ചാക്കോയെ രണ്ടു വർഷത്തെ മൈനർ സെമിനാരി പഠനത്തിനും ആധ്യാത്മിക ശിക്ഷണത്തിനും ശേഷം 1950ൽ തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനങ്ങൾക്കായി ആലുവ മംഗലപ്പുഴ സെന്റ് ജോസഫ്



www.malankaralibrary.com

അപ്പസ്തോലിക് വൈദിക സെമിനാരിയിലേക്ക് അയച്ചു.

**മേജർ സെമിനാരിയിൽ**

മാതൃപിതാവിൽ നിന്നു ലഭിച്ച പുനരൈക്യ തീക്ഷ്ണതയും മാതാവിൽ നിന്നു ലഭിച്ച ദൈവവചനാഭിമുഖ്യവും മാർ സേവേറിയോസ് പിതാവിൽ നിന്നു പകർന്നു കിട്ടിയ പ്രേഷിത ചൈതന്യവും മംഗലപ്പുഴ വൈദിക സെമിനാരിയിലെ പരിശുദ്ധരും പണ്ഡിതരുമായിരുന്ന കർമ്മലീത്താ മിഷനറിമാരുടെ പരിശീലനത്തിൽ പതിന്മടങ്ങായി വളർന്നു. സംസ്കൃതഭാഷയിൽ പരിജ്ഞാനവും ഭാരതീയ മീമാംസയിൽ ആഴത്തിലുള്ള അറിവുമുണ്ടായിരുന്ന സെമിനാരി പ്രൊഫസർ ബഹു. സക്കറിയാസ് ഒ.സി.ഡി അച്ചന് സംസ്കൃതഭാഷയിൽ പരിജ്ഞാനമുണ്ടായിരുന്ന ബ്രദർ ചാക്കോയെ വലിയ താല്പര്യമായതിൽ അത്ഭുതമില്ല. റെക്ടറായിരുന്ന പരിശുദ്ധനായ ഔറേലിയൻ ഒ.സി.ഡി അച്ചന്റെ പ്രത്യേക ശ്രദ്ധയും ബ്രദർ ചാക്കോയ്ക്ക് ലഭിച്ചിരുന്നു. പിന്നീട് റെക്ടറായി വന്ന ബഹു. മൈക്കിൾ ഏയ്ഞ്ചൽ ഒ.സി.ഡി അച്ചന്റെ ഭരണനിപുണത ബ്രദർ ചാക്കോയിൽ കാര്യനിർവഹണകഴിവ് വർധിപ്പിക്കുവാൻ സഹായിച്ചു. സെമിനാരിയിലെ ആത്മീകവും വൈജ്ഞാനികവുമായ അന്തരീക്ഷം അദ്ദേഹം വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തി. ദൈവശാസ്ത്ര വിഷയങ്ങളിൽ ആഴവും ജീവിതത്തിൽ ആത്മീക പക്വതയും നേടി. പ്രേഷിത കേരളം മാസികയും എസ്.എച്ച് ലീഗ് പ്രസിദ്ധീകരണ ശാലയും അദ്ദേഹത്തിലെ എഴുത്തുകാരനെയും സാഹിത്യകാരനെയും പരിപോഷിപ്പിക്കുവാൻ സഹായിച്ചു. സെമിനാരി പരിശീലന കാലത്തുതന്നെ അദ്ദേഹം നല്ല വചനപ്രഘോഷകനും ധ്യാനപ്രസംഗകനും എഴുത്തുകാരനും കവിയും കഥാകൃത്തുമൊക്കെയായി ഖ്യാതി നേടിയിരുന്നു.

**വൈദികാഭിഷേകം**

മേജർ സെമിനാരി പഠനം പ്രഗത്ഭമായ രീതിയിൽ പൂർത്തിയാക്കിയ ബഹു. ജേക്കബ് അയന്തിയിൽ ശെമ്മാശൻ 1957 മാർച്ച് 25-ന് നമ്മുടെ കർത്താവിന്റെ വചനിപ്പ് തിരുനാൾ ദിവസം തന്റെ മുപ്പതാം ജന്മദിനം കഴിഞ്ഞ് പത്താം നാൾ അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തയുടെ കൈവയ്പാൽ തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് സഹപാഠികളായിരുന്ന ബഹു. എബ്രഹാം അഴകത്ത് (മാരാമൺ), ബഹു. തോമസ് വരിക്കനാക്കുഴിയിൽ (അയിരൂർ), ബഹു. മാത്യു വരിക്കപ്ലാമൂട്ടിൽ (തച്ചമം), യാക്കോബായ സഭയിൽ നിന്നു ചേർന്ന ബഹു. സക്കറിയാസ് കരിവേലി (മാന്നാർ) എന്നീ ശെമ്മാശന്മാരോടൊപ്പം വൈദികനായി അഭിഷിക്തനായി ഫാ. ജേക്കബ് അയന്തിയിൽ ആയി.



www.malankaralibrary.com

മാതൃ ഇടവകയായ ചെത്തോങ്കര ക്രിസ്തുരാജാ മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ പ്രഥമദിവ്യബലിയും അർപ്പിച്ചു. ചെത്തോങ്കര ഇടവകയ്ക്കും മണ്ണേക്കാട്ടിൽ കുടുംബത്തിനും ആദ്യ പട്ടക്കാരൻ.

**അജപാലന വേദിയിലേക്ക്**

പുനരൈക്യതീക്ഷ്ണതയിൽ ജ്വലിച്ചിരുന്ന യുവവൈദികൻ അജപാലശുശ്രൂഷയിലേക്ക് കടന്നുവന്നത് വെണ്ണിക്കുളം ഇടവകയിൽ വികാരിയായിരുന്ന ബഹു. ആൻഡ്രൂസ് പുത്തൻപറമ്പിൽ അച്ചന്റെ സഹായപട്ടക്കാരനായിട്ടായിരുന്നു. വെണ്ണിക്കുളം പള്ളിയിൽ താമസിച്ചുകൊണ്ട് വെണ്ണിക്കുളത്തും സമീപ പ്രദേശങ്ങളിലും പുനരൈക്യ സന്ദേശവുമായി ഭവനങ്ങൾതോറും കയറിയിറങ്ങി. 1953ൽ സ്ഥാപിതമായ തെള്ളിയൂർ പള്ളിയിലും അദ്ദേഹത്തിന്റെ സഹായഹസ്തം എത്തിയിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ 1957ൽ കുരിശുമുട്ടത്ത് സ്വതന്ത്രമായ ഒരു ഇടവകയുടെ രൂപീകരണത്തിന് മുഖാന്തിരമായി. പെരുമ്പക്കാട് എന്നറിയപ്പെട്ടിരുന്ന സ്ഥലത്ത് അദ്ദേഹം നടത്തിയ പ്രേഷിത ശുശ്രൂഷകളാണ് ശക്തമായ ഒരു ഇടവക അവിടെ രൂപപ്പെടുവാൻ ഇടയാക്കിയത്. പ്രസ്തുത കൂട്ടായ്മയാണ് 1963ൽ ഇടവകയായി വളർന്ന് വാളക്കുഴിയിൽ ഇപ്പോൾ പള്ളിയിരിക്കുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടത്. ബഹു. ആൻഡ്രൂസ് പുത്തൻപറമ്പിൽ അച്ചനിൽ നിന്നും അജപാല ശുശ്രൂഷയുടെ ആദ്യപാഠങ്ങൾ അഭ്യസിച്ച അയന്തിയിൽ അച്ചന്റെ അടുത്ത അജപാലനവേദി മുണ്ടക്കയം, ചിറ്റടി, കാപ്പിപതാൽ, കോതപാറ (വളകോട്) മിഷനുകളായിരുന്നു (1958–1959).

**മലബാറിന്റെ മണ്ണിലേക്ക്**

അദ്ദേഹത്തിന്റെ അടുത്ത ഊഴം മലബാർ പ്രദേശത്തെ പുതിയ പ്രേഷിത വയലിലേക്കായിരുന്നു. 1958 ഫെബ്രുവരി 14ന് റോമിലെ പൗരസ്ത്യ തിരുസംഘം പുറപ്പെടുവിച്ച കല്പന പ്രകാരം (534/53) തിരുവല്ലാ രൂപതയുടെ അതിർത്തി ഭാരതപുഴയ്ക്ക് വടക്ക് മലബാറിലേക്കും തമിഴ്നാടിന്റെ കോയമ്പത്തൂർ, നീലഗിരി ജില്ലകളിലേക്കും തൃശിനാപ്പള്ളി ജില്ലയിലെ കരൂർ താലൂക്കിലേക്കും കർണാടക സംസ്ഥാനത്തിന്റെ മൈസൂർ, മാണ്ഡ്യ, ഹസൻ, കൂർഗ്, ചിക്കമംഗ്ളൂർ, ഷിമോഗ, സൗത്ത് കാനറ പ്രദേശങ്ങളിലേക്കും വ്യാപിച്ചിരുന്നു. പ്രസ്തുത പ്രദേശങ്ങളിലെ മിഷൻ പ്രവർത്തനങ്ങളുടെ പൊതുചുമതല ബഹു. തോമസ് നേര്യംപറമ്പിൽ അച്ചനെയാണ് അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത ഭരമേല്പിച്ചിരുന്നത്. പ്രസ്തുത പ്രദേശങ്ങളെ മൂന്നു മേഖലകളായി തിരിച്ച് (ബത്തേരി, താമരശേരി, മാനന്തവാടി) പുനരൈക്യ



www.malankaralibrary.com

പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ബത്തേരി മേഖലയിൽ ഫാ. യോവാക്കിം നാഗഞ്ചേരിലും ഫാ. സൈമൺ പുളിയൻകീഴും താമരശേരി മേഖലയിൽ ഫാ. ജോൺ മേളാംപറമ്പിലും (ജോൺ മേളാംപറമ്പിൽ കോർ ബിഷപ്പ്), ഫാ. മൈക്കിൾ മഞ്ഞനാംകുഴിയിൽ ഒ.ഐ.സിയും മാനന്തവാടി മേഖലയിൽ ഫാ. തോമസ് നേര്യംപറമ്പിലും ആയിരുന്നു പ്രധാന പ്രേഷിതർ. തന്റെ മൈനർ സെമിനാരി റെക്ടറായിരുന്ന ഫാ. തോമസ് നേര്യംപറമ്പിലിന്റെ പ്രേഷിത സഹായിയായി 1959ൽ ബഹു. ജേക്കബ് അയന്തിയിൽ അച്ചൻ മാനന്തവാടിയിൽ എത്തി. ഗുരുവിന്റെ സഹായിയായി ശിഷ്യൻ. അവിടെ ഗുരുവിനോടൊപ്പം കാർട്ടിക്കുളം (1959), പുൽപ്പള്ളി (1960), കോറോം (1961), കമ്മന (1962) ഇടവകകളുടെ തുടക്കക്കാരനായി. 1960 മേയ് 17-ാം തീയതി ബഹു. അയന്തിയിൽ അച്ചൻ കണ്ണൂർ ജില്ലയിൽ കേളകം, നടുവിൽ ഇടവകകളുടെ വികാരിയായി. 1964 വരെ അവിടെ അധ്വാനം തുടർന്നു. ബത്തേരി രൂപതയ്ക്ക് അടിത്തറയാകത്തക്കവിധത്തിൽ മലബാർ പ്രദേശത്ത് പുനരൈക്യ ശുശ്രൂഷകൾ ബലപ്പെടുത്തുന്നതിൽ മറ്റു വൈദികരോടൊപ്പം ബഹു. അയന്തിയിൽ അച്ചൻ വഹിച്ച പങ്ക് ഇവിടെ ദർശിക്കുവാൻ സാധിക്കും.

1965-1966 വർഷത്തിൽ വീണ്ടും അദ്ദേഹം മുണ്ടക്കയം, ചിറ്റടി പള്ളികളിൽ വികാരിയായി ശുശ്രൂഷ ചെയ്തു. മുണ്ടക്കയത്തുനിന്ന് ഇന്നത്തെ മൂവാറ്റുപുഴ രൂപതയിൽപെടുന്ന പൂതൃക്ക, പുതുപ്പനം, പോത്താനിക്കാട്, ചാത്തമറ്റം ഇടവകകളിലും 1970 മുതൽ 1974 വരെ ചുവന്നമണ്ണ്, കൊമ്പഴ ഇടവകകളിലും സേവനം ചെയ്തു. 1976 മുതൽ 1979 വരെ ഇരവിപേരൂർ, പുറമറ്റം, പുല്ലാട് ഇടവകകളിലും 1979-1980 ഒരു വർഷക്കാലം അയിരൂർ, കാഞ്ഞീറ്റുകര ഇടവകകളിലും 1980 മുതൽ 1984 വരെ എരുമേലി, മുക്കട, മുക്കൂട്ടുതറ ഇടവകകളിലും തുടർന്ന് 1984- 1985ൽ വാളക്കുഴി, കുരിശുമുട്ടം ഇടവകകളിലും അവസാനം കുമ്പനാട് ഇടവകയിലും ഇടയശുശ്രൂഷ നടത്തി.

### അധ്വാനിയുടെ അന്ത്യനാളുകൾ

അരോഗ്യദൃഢഗാത്രനായിരുന്ന ബഹു. അയന്തിയിൽ അച്ചൻ സഭാസംബന്ധിയായ ശുശ്രൂഷകൾക്കായി എന്തുമാത്രം അധ്വാനിക്കുന്നതിനും അലയുന്നതിനും തയാറായിരുന്നു. ഔദ്യോഗിക സഭാസംവിധാനത്തിന്റെയും സഭാമക്കളുടെയും ഏത് ആവശ്യത്തിലും അദ്ദേഹം ഓടിയെത്തുമായിരുന്നു. വാളക്കുഴി, കുരിശുമുട്ടം ഇടവകകളിൽ വികാരിയായിരുന്ന അവസരത്തിൽ 1985 മേയ് മാസം 11-ാം തീയതി നിലയ്ക്കൽ സെന്റ് തോമസ് എക്യൂമെനിക്കൽ പള്ളിയുടെ ഉടമ്പടി രജിസ്ട്രേഷൻ സംബന്ധിച്ച് അയിരൂർ പ്ലാങ്കമണ്ണിൽ കുറുന്തോട്ടത്തിൽ ശ്രീ. വി. ചെറിയാന്റെ


www.malankaralibrary.com

(അപ്പൂസ്) ഭവനത്തിൽ നടന്ന ആലോചനകളിൽ പങ്കെടുത്തശേഷം അദ്ദേഹം നേതൃത്വം നൽകി രൂപീകരിച്ച 'മണ്ണേക്കാട്ടിൽ' കുടുംബയോഗത്തിന്റെ പുല്ലാട്ട് ചെറുതാലമണ്ണിൽ ബഹു. സി.വി. വർഗീസ് അച്ചന്റെ ഭവനത്തിൽ കൂടിയ കമ്മിറ്റി മീറ്റിംഗിലും സംബന്ധിച്ചതിനുശേഷം വാളക്കുഴി പള്ളിമേടയിൽ താമസസ്ഥലത്ത് എത്തിയപ്പോഴേക്കും ശക്തമായ നെഞ്ചുവേദന അനുഭവപ്പെട്ടു. വേഗത്തിൽ പുഷ്പഗിരി ആശുപത്രിയിൽ എത്തിച്ച് വിദഗ്ധ ചികിത്സ ലഭ്യമാക്കി. ചികിത്സയ്ക്കും വിശ്രമത്തിനും ശേഷം അജപാലന ശുശ്രൂഷ തുടരാൻ അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചതനുസരിച്ച് കുമ്പനാട് ഇടവകയുടെ ചുമതല നൽകി. രോഗം താൽക്കാലികമായി സുഖപ്പെട്ടിരുന്നെങ്കിലും ഹൃദയകോശങ്ങൾക്ക് സംഭവിച്ചിരുന്ന ക്ഷതം അപരിഹാര്യമായിരുന്നു. വീണ്ടുമുണ്ടായ ശക്തമായ ഹൃദയസ്തംഭനം മൂലം 1986 ജൂലൈ എട്ടാം തീയതി പ്രഭാതത്തിൽ 59-ാം വയസിൽ അദ്ദേഹം തന്റെ നിത്യ അവകാശത്തിലേക്ക് യാത്രയായി.

ഭൗതിക ശരീരം പിറ്റെദിവസം (09-07-1986) കരികുളം സെന്റ് ജോസഫ് പള്ളിയങ്കണത്തിൽ തയാറാക്കിയ പ്രത്യേക കല്ലറയിൽ കബറടക്കി. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത, ഐസക് മാർ യൂഹാനോൻ, സിറിൽ മാർ ബസേലിയോസ്, പൗലോസ് മാർ പീലക്സീനോസ് എന്നീ മെത്രാപ്പോലീത്താമാരും അനവധി ബഹു. വൈദികരും സന്യസ്തരും വിശ്വാസികളുടെ വലിയ ഗണവും നാനാജാതി മതസ്ഥരായ നാട്ടുകാരുടെ വലിയ കൂട്ടവും ശുശ്രൂഷയിൽ പങ്കെടുത്ത് അന്ത്യോപചാരം അർപ്പിച്ചു.

**ഭാഷാ സ്നേഹി, വചനപ്രഘോഷകൻ**

സംസ്കൃതഭാഷാ പഠനം കുട്ടിക്കാലം മുതൽ അദ്ദേഹത്തിൽ ഭാഷയോടും സാഹിത്യത്തോടും താല്പര്യം ജനിപ്പിച്ചിരുന്നു. സ്കൂൾ പഠനകാലം മുതൽ കഥകളും കവിതകളും ശ്ലോകങ്ങളും രചിച്ച് അധ്യാപകരുടെ പ്രശംസ നേടിയിട്ടുണ്ട്. ഭാഷാശുദ്ധിയും അക്ഷരസ്ഫുടതയും അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ അത്യാകർഷകങ്ങളാക്കിയിരുന്നു. ബൈബിളിലും കത്തോലിക്കാ ആധ്യാത്മിക ശാസ്ത്രത്തിലും ആഴമായ അവഗാഹവും സംസ്കൃത പുരാണങ്ങളിൽ അറിവുമുണ്ടായിരുന്ന അദ്ദേഹത്തിന്റെ ബൈബിൾ പ്രഭാഷണങ്ങളും കൺവൻഷൻ പ്രസംഗങ്ങളും ധ്യാന പ്രസംഗങ്ങളും അത്യാകർഷകങ്ങളായിരുന്നു. കൃത്യമായി ഡയറി എഴുതുന്ന ശീലം അദ്ദേഹത്തിനുണ്ടായിരുന്നു. പ്രസ്തുത ഡയറിക്കുറിപ്പുകളിൽ നിന്ന് ഗ്രഹിക്കുവാൻ സാധിച്ചത് അദ്ദേഹം 190 പള്ളികളിലായി 218 ധ്യാനങ്ങൾ നയിച്ചിട്ടുണ്ട്. പെരുന്നാൾ പ്രസംഗങ്ങളുടെയും



www.malankaralibrary.com

ബൈബിൾ പ്രഭാഷണങ്ങളുടെയും ലിസ്റ്റ് ഇതിലും എത്രയോ നീണ്ട താണ്. ഒരേ പള്ളിയിൽ വീണ്ടും വീണ്ടും അദ്ദേഹത്തെ ധ്യാനത്തിനും പ്രസംഗത്തിനുമൊക്കെ ക്ഷണിച്ചിരുന്നത് അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ശ്രോതാക്കൾക്ക് എത്രമാത്രം താല്പര്യമായിരുന്നു എന്നതിന്റെ തെളി വായിരുന്നു.

ദശകങ്ങൾക്കു മുമ്പ് ബഹു. അയന്തിയിൽ അച്ചൻ യുവവൈദികനാ യിരുന്ന കാലത്ത് കല്ലൂപ്പാറ മലങ്കര സുറിയാനി കത്തോലിക്കാ പള്ളി യുടെ കുരിശടി ആരോ സാമൂഹ്യവിരുദ്ധർ തകർത്ത ഒരു സംഭവമുണ്ടായി. അതിനോടനുബന്ധിച്ച് സംഘടിപ്പിക്കപ്പെട്ട പ്രതിഷേധ യോഗത്തിലെ ഒരു പ്രധാന പ്രസംഗകനായിരുന്നു 'ശാസ്ത്രി അച്ചൻ'. ഏത് ശിലാഹൃദയ നിലും കുരിശിനോടു ബഹുമാനവും ഭക്തിയും ജനിപ്പിക്കത്തക്കതായി രുന്നു അച്ചന്റെ അന്നത്തെ പ്രസംഗമെന്ന് പഴമക്കാരിൽ നിന്ന് കേട്ടിട്ടുണ്ട്.

ആധ്യാത്മിക വിഷയങ്ങളിൽ ധാരാളം ലേഖനങ്ങൾ അദ്ദേഹം രചിച്ചി ട്ടുണ്ട്. സത്യദീപം, സത്യസഭാകാഹളം (ക്രൈസ്തവ കാഹളം), സത്യ പ്രകാശം, വേദപ്രചാരമധ്യസ്ഥൻ, പ്രേഷിത കേരളം, ഐക്യദീപം തുട ങ്ങിയ പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹത്തിന്റെ ലേഖനങ്ങൾ തുടർച്ച യായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1379 നും 1471 നും മധ്യേ ജീവിച്ചിരുന്ന വിശിഷ്ട ആധ്യാത്മിക ഗ്രന്ഥകാരനായിരുന്ന തോമസ് അക്കെമ്പിസിന്റെ 'Spiritual Garden' എന്ന കൃതി 'വിജ്ഞാന വാടിക' എന്ന അഭിധാന ത്തിൽ ഭാഷാന്തരം നടത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുനരൈക്യ പ്രേഷിത വയലിലെ ഇടവേള ലഭിക്കാത്ത ഇടയശുശ്രൂഷയുടെ തിരക്കുകൾ അദ്ദേ ഹത്തിലെ സാഹിത്യതാലന്തിനെ തണുപ്പിച്ചു കളഞ്ഞത് ക്രൈസ്തവ ആധ്യാത്മിക സാഹിത്യ മേഖലയ്ക്ക് നഷ്ടമായി എന്നു കരുതുന്നതിൽ തെറ്റില്ല.

**വിശുദ്ധനാട് തീർത്ഥാടനം**

പൗരോഹിത്യ സ്വീകരണത്തിന്റെ രജതജൂബിലി കുടുംബാംഗങ്ങളു ടെയും സ്നേഹിതരുടെയും ആഭിമുഖ്യത്തിൽ കരിമ്പനാംകുഴി ഇടവക യിൽ വച്ച് 1982ൽ സമുചിതമായി ആഘോഷിക്കുകയുണ്ടായി. ജൂബി ലിയോടനുബന്ധിച്ച് ദൈവിക സമ്മാനമായി വിശുദ്ധ നാട്ടിലേക്ക് തീർത്ഥാ ടനം നടത്തുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. വൈദികപഠനകാ ലത്ത് ബൈബിൾ പഠിക്കുമ്പോൾ മുതൽ ഹൃദയത്തിൽ താലോലിച്ച് പ്രാർത്ഥനാ വിഷയമാക്കിയിരുന്നതാണ് യേശുനാഥൻ ജനിച്ച് ജീവിച്ചു മരിച്ച് ഉത്ഥാനം ചെയ്ത സ്ഥലങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുക എന്നത്. 1983ൽ അത് സഫലമായി. നിരന്തരമായ പ്രാർത്ഥന നിനച്ചിരിക്കാത്ത അവസരത്തിൽ നിറവേറുമെന്ന പാഠം വീണ്ടും അനുഭവമായ ഒരവസരം.


www.malankaralibrary.com

തന്റെ തീർത്ഥാടന വിശേഷങ്ങൾ മനോഹരമായ ഭാഷയിൽ 1983 നവംബർ മാസം മുതൽ ഐക്യദീപം മാസികയിൽ ഖണ്ഡശ: പ്രസിദ്ധീകരിച്ചിരുന്നത് വിശുദ്ധ നാട്ടിലൂടെ തീർത്ഥാടനം നടത്തുന്ന വ്യക്തിപരമായ അനുഭവം വായനക്കാരിൽ ഉളവാക്കുവാൻ പര്യാപ്തമായിരുന്നു.

**ശുശ്രൂഷയുടെ മർമ്മം അറിഞ്ഞ ഇടയൻ**

ഇടവകജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങി ചെല്ലുന്നതായിരുന്നു അദ്ദേഹത്തിന്റെ അജപാലനശൈലി. വെയിലും മഴയും ഒന്നും അദ്ദേഹത്തിന് പ്രതിബന്ധമായിരുന്നില്ല. സ്വന്തമായി വാഹനമില്ല; നാലു ചക്രവുമില്ല, രണ്ടു ചക്രവുമില്ല. ഉള്ളത് രണ്ട് കാലും ഒരു കാലൻകുടയും മാത്രം. ഇടവകകളിൽ മുടക്കം കൂടാതെ ഭവനസന്ദർശനം നടത്തുക ഒരിക്കലും മാറ്റമില്ലാത്ത അജപാലന ശൈലി. ഭവനങ്ങളിലെത്തിയാൽ സംസാരം കുടുംബാംഗങ്ങളെ ആത്മീയമായി ശക്തിപ്പെടുത്തുന്നവ. പാഴ്വാക്കുകളോ തരംതാണ തമാശകളോ അദ്ദേഹത്തിന്റെ വായിൽ നിന്നും വരില്ല. പാട്ടുപാടി പ്രാർത്ഥിച്ച് ആശീർവാദവും നൽകി ഭവനത്തിൽ നിന്നിറങ്ങുമ്പോൾ ഭവനവാസികളിൽ എന്തോ ഒരു ആത്മിക തേജസ് നിറഞ്ഞ അനുഭവമായിരിക്കും. ഭവനസന്ദർശനത്തിൽ നിന്ന് അകത്തോലിക്കാ ഭവനങ്ങളെയോ അക്രൈസ്തവ ഭവനങ്ങളെയോ ഒരിക്കലും ഒഴിവാക്കിയിരുന്നില്ല. പുനരൈക്യ പ്രേഷിത പ്രവർത്തനത്തിലെ അദ്ദേഹത്തിന്റെ വേറിട്ട ഒരു ശൈലിയായിരുന്നു അത്.

വിവിധ സഭാവിഭാഗങ്ങളിൽ പെട്ടിരുന്ന തന്റെ കുടുംബാംഗങ്ങളെ 'മണ്ണേക്കാട്ടിൽ' കുടുംബയോഗത്തിന്റെ ബാനറിൽ ഒന്നിച്ചു കൂട്ടുവാനും ബലപ്പെടുത്തുവാനും അദ്ദേഹം വളരെയധികം അധ്വാനിക്കുകയും ത്യാഗം സഹിക്കുകയും ചെയ്തിട്ടുണ്ട്. അതും തന്റെ ഇടയ ദൗത്യത്തിന്റെ ഭാഗമായിട്ടാണ് അദ്ദേഹം കരുതിയിരുന്നത്.

തന്റെ പരിചയത്തിൽപെട്ട ഏതെങ്കിലും കുടുംബത്തിൽ ആരെങ്കിലും രോഗിയാണന്നോ അവിടെ ഒരു മരണം സംഭവിച്ചെന്നോ അറിഞ്ഞാൽ ആദ്യം അവിടെ എത്തുന്നതിൽ ഒരാൾ ബഹു. അയന്തിയിൽ അച്ചനായിരിക്കും. ദൂരവും കാലാവസ്ഥയും യാത്രാക്ലേശവും മറ്റു പരിമിതകളുമൊന്നും അദ്ദേഹത്തിന് പ്രതിബന്ധങ്ങളായിരുന്നില്ല. ചുരുക്കത്തിൽ അജപാലകർക്ക് ഒരു ഉത്തമ മാതൃകയായിരുന്നു അദ്ദേഹം.

**പാവങ്ങളുടെ പക്ഷം പിടിക്കുന്നവൻ**

യുവവൈദികനായിരുന്നപ്പോൾ മുതൽ വിമോചകനായ യേശുവിനെ മനസിൽ വരിച്ചിരുന്ന അദ്ദേഹം ദരിദ്രരോട് പക്ഷം ചേരുന്നതിലും അനീതികളെ ചോദ്യം ചെയ്യുന്നതിലും അല്പം പോലും അമാന്തിച്ചിരുന്നില്ല.



www.malankaralibrary.com

വൈദിക സമ്മേളനങ്ങളിലും ആലോചനാ യോഗങ്ങളിലുമൊക്കെ നീതിക്കുവേണ്ടി അദ്ദേഹം സംസാരിച്ചിരുന്നത് ഇപ്പോഴും ശ്രവണപുടങ്ങളിൽ മാറ്റൊലിക്കൊള്ളുന്നതുപോലെ തോന്നുന്നു. അദ്ദേഹത്തിന്റെ ഈ പ്രത്യേകത തിരിച്ചറിഞ്ഞിരുന്ന രൂപതാധ്യക്ഷൻ രൂപതയിലെ 'ദളിത് കത്തോലിക്കാ മഹാസഭ (DCMS)'യുടെ ചുമതലക്കാരനായി അദ്ദേഹത്തെ നിയമിച്ചിരുന്നു. ആ കാലത്ത് രൂപതയിലെ ഈ സഹോദരങ്ങൾക്കുവേണ്ടി അനവധികാര്യങ്ങൾ നടപ്പിൽ വരുത്തുവാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. ധ്യാനപ്രസംഗങ്ങളും പ്രസംഗയോഗങ്ങളും വഴി അദ്ദേഹത്തിനു ലഭിച്ചിരുന്ന യാത്രപ്പടിയും കൈമുത്തും ബുദ്ധിമുട്ടനുഭവിക്കുന്നവരുടെ ഉന്നമനത്തിനുവേണ്ടിയാണ് അദ്ദേഹം ഉപയോഗിച്ചിരുന്നത്.

**സ്വന്തമായൊരു ഗ്രന്ഥശാല**

വിവിധ ശാഖകളിൽപെടുന്ന ഗ്രന്ഥങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും ഒരു ബൃഹത്ശേഖരം അദ്ദേഹത്തിനുണ്ടായിരുന്നു. തന്റെ വരുമാനത്തിന്റെ സിംഹഭാഗവും അദ്ദേഹം ചെലവഴിച്ചത് ഗ്രന്ഥങ്ങൾ സംഘടിപ്പിക്കുന്നതിനായിരുന്നു എന്നു തോന്നുന്നു. ഗ്രന്ഥങ്ങളും മാസികകളും സംബന്ധിച്ച രജിസ്റ്ററുകളും അദ്ദേഹം സൂക്ഷിച്ചിരുന്നു. തന്നെത്താൻ ഒരുങ്ങി തയാറാക്കിയ പ്രഭാഷണങ്ങളുടെയും ധ്യാനങ്ങളുടെയും ബൈബിൾ പ്രസംഗങ്ങളുടെയും തിരുനാൾ പ്രസംഗങ്ങളുടെയും മറ്റ് അവസരോചിത പ്രസംഗങ്ങളുടെയും വലിയ ഒരു ശേഖരം അദ്ദേഹത്തിന്റെ പക്കൽ ഉണ്ടായിരുന്നു. പലപള്ളികളിലും പൊതു മീറ്റിംഗുകളിലും പെരുനാളുകളിലും കൺവൻഷനുകളിലും അടിയന്തര സന്ദർഭങ്ങളിൽ സഹായി ആയി എത്തി സംഘാടകർക്ക് ഉണ്ടാകാമായിരുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാൻ അച്ചന്റെ ഈ പ്രത്യേകത സഹായമായിട്ടുണ്ട്. ആർക്കും അനുകരണീയമായ ഒരു പ്രത്യേകതയുടെ ഉടമ.

**ദൈവവിളി പ്രോത്സാഹകൻ**

വൈദികജീവിതത്തിലേക്കും സന്യാസ ജീവിതത്തിലേക്കുമുള്ള ദൈവിവിളി തിരിച്ചറിയുവാൻ അനേകരെ അദ്ദേഹം സഹായിച്ചിട്ടുണ്ട്. മാർ സേവേറിയോസ് പിതാവിന്റെ നേരിട്ടുള്ള ഇടപെടലാണ് തന്റെ ദൈവവിളി തിരിച്ചറിയുവാൻ സഹായിച്ചതെന്ന് നന്നായി അറിഞ്ഞിരുന്ന അദ്ദേഹം അനേക യുവതി യുവാക്കന്മാർക്ക് അവരുടെ ദൈവവിളി തിരിച്ചറിയുവാൻ വ്യക്തിപരമായി സഹായിച്ചിരുന്നു. തന്റെ ഇടപെടലിലൂടെ തങ്ങളുടെ ദൈവവിളി തിരച്ചറിയുവാൻ സഹായിച്ചവരിൽ സമർപ്പണജീവിതം സംബന്ധിച്ച ആഴത്തിലുള്ള ബോധ്യവും പകർന്നു നൽകാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അദ്ദേഹം പ്രോത്സാഹിപ്പിച്ച് വളർത്തി ഫലമ



www.malankaralibrary.com

ണിയിപ്പിച്ച ദൈവവിളികളിൽ ചിലത് കാണുന്നത് അദ്ദേഹത്തിന്റെ ഈ പ്രത്യേകതകൾ വ്യക്തമായി മനസിലാക്കാൻ സഹായിക്കും. സ്വന്തം സഹോദരീപുത്രിയെ സന്യാസത്തിന്റെ സമർപ്പണത്തിലേക്ക് നയിച്ച് ബഥനി സന്യാസിനിയാക്കിയതിൽ അദ്ദേഹത്തിന്റെ പങ്ക് വലുതാണ്. സിസ്റ്റർ സേവന എസ്.ഐ.സി ദീർഘകാലം പുഷ്പഗിരി ആശുപത്രിയിൽ ഓപ്പറേഷൻ തീയേറ്ററിൽ സേവനം ചെയ്യുകയും പിന്നീട് പുഷ്പഗിരി മെഡിക്കൽ കോളജ് ആശുപത്രിയിൽ നഴ്സിംഗ് സൂപ്രണ്ടായി സേവനം ചെയ്യുകയുമുണ്ടായി. ഔദ്യോഗിക ജോലിയിൽ നിന്ന് വിരമിച്ചതിനുശേഷം സിസ്റ്റർ ഇപ്പോഴും അവിടെ രോഗീശുശ്രൂഷയിൽ വ്യാപൃതയായിരിക്കുന്നു. പേരുപോലെതന്നെ ആത്മാർത്ഥമായ ശുശ്രൂഷാ ജീവിതത്തിന് സിസ്റ്റർ സേവനയെ തല്പരയാക്കിയത് ബഹു. അയന്തിയിൽ അച്ചനായിരുന്നു.

അദ്ദേഹം ചുവന്നമണ്ണ്, കൊമ്പഴ പള്ളികളിൽ വികാരി ആയിരിക്കുമ്പോൾ ഒരു ഞായറാഴ്ച ദിവസം ഭവനസന്ദർശനത്തിനു കടന്നുചെന്ന ഒരു അകത്തോലിക്കാ കുടുംബത്തിലെ ഓമന എന്ന പെൺകുട്ടിയാണ് ഇപ്പോഴത്തെ ബഥനി സന്യാസിനി സമൂഹത്തിന്റെ മദർ ജനറൽ സിസ്റ്റർ ലിറ്റിൽ ഫ്ളവർ എസ്.ഐ.സി. ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കു പോകാതെ വീട്ടിലിരുന്ന പെൺകുട്ടിയെ അദ്ദേഹം തന്റെ പള്ളിയിലേക്ക് വിശുദ്ധ കുർബാനയ്ക്ക് ക്ഷണിച്ചു. ആ ക്ഷണത്തിൽ തുടങ്ങിയ ദൈവവിളി പോഷണമാണ് മദർ ലിറ്റിൽ ഫ്ളവറിന്റെ ജീവിതത്തെ സമർപ്പണത്തിന്റെ ആഴങ്ങളിലേക്ക് നയിച്ചത്. മദറിന്റെ കുടുംബാംഗങ്ങൾ പുനരൈക്യപ്പെട്ടിരുന്നില്ല എന്നു മനസിലാക്കുമ്പോഴാണ് മദറിന്റെ ദൈവവിളിയുടെ ആഴം ഗ്രഹിക്കാനിടയാകുന്നത്.

ബഹു. അയന്തിയിൽ അച്ചനിലൂടെ തിരിച്ചറിഞ്ഞ് സഫലമായ വേറൊരു ദൈവവിളിയാണ് ബഥനി സന്യാസ ആശ്രമത്തിന്റെ മുൻ സുപ്പീരിയർ ജനറാൾ പെരിയ ബഹു. ജോസ് മരിയദാസ് ഒ.ഐ.സി അച്ചന്റേത്. ഇരവിപേരൂർ ഇടവകയിൽ വികാരിയായിരിക്കുമ്പോൾ പ്രത്യേക വാത്സല്യത്തോടെ വിളിച്ച് സംസ്കൃത ശ്ലോകങ്ങളുമൊക്കെ ചൊല്ലി പഠിപ്പിച്ച് വളർത്തിയതാണ് മരിയദാസച്ചന്റെ സന്യാസ ദൈവവിളി. സംസ്കൃത ശോകങ്ങളും ഭാരതീയമീമാംസയുടെ ആദ്യപാഠങ്ങളും ബഹു. അയന്തിയിൽ അച്ചനിൽ നിന്നും കേട്ടറിഞ്ഞതിൽ നിന്നാണ് തനിക്ക് ഭാരതീയ തത്വദർശനത്തോട് താല്പര്യം ഉളവായതെന്ന് ബഹു. മരിയദാസച്ചൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇന്ന് മലങ്കരയിലെ ഇന്ത്യൻ തത്വശാസ്ത്രത്തിന്റെ ആധികാരികശബ്ദം ബഹു. മരിയദാസച്ചന്റേതാണെന്ന് അറിയുമ്പോൾ കൗമാരപ്രായത്തിൽ ബഹു. അയന്തിയിൽ അച്ചൻ നൽകിയ



www.malankaralibrary.com

പരിശീലനം എത്ര ശക്തമായിരുന്നു എന്നു വ്യക്തം. ബഹു. അയന്തിയിൽ അച്ചനിലൂടെ തങ്ങളുടെ ദൈവവിളി കണ്ടെത്തിയവരുടെ ലിസ്റ്റ് വളരെ നീണ്ടതാണ്.


**പിൻമൊഴി**

അനുകരണീയങ്ങളായ അനേകം വ്യക്തിഗുണങ്ങളുടെ ഉടമയായിരുന്നു ബഹു. അയന്തിയിൽ അച്ചൻ. കണ്ണൂർ ജില്ല മുതൽ ഇടുക്കി ജില്ലയുടെ അതിരുകൾ വരെ വിസ്തൃതമായ സ്ഥലങ്ങളിലൂടെയെല്ലാം ഓടിനടന്ന് അത്യധ്വാനം ചെയ്ത ഇടയന്റെ 'അകാല' നിര്യാണം മലങ്കര സഭയ്ക്ക് ഭൂമിയിൽ ഒരു നഷ്ടമായെങ്കിൽ സ്വർഗത്തിൽ വലിയ നേട്ടമായി എന്ന് അദ്ദേഹത്തെ അറിയുന്നവർ തലകുലുക്കി സമ്മതിക്കും. ആടുകൾക്കുവേണ്ടിയുള്ള അധ്വാനവും അലച്ചിലും അകാലത്തിൽ അദ്ദേഹത്തെ പ്രമേഹരോഗിയാക്കി, അത് ഹൃദ്രോഗത്തിലെത്തിച്ചു. അങ്ങനെ ആ ജീവൻ നാടിന് നഷ്ടവും സഭയ്ക്ക് സുകൃതവുമായി.

തിരുവല്ലാ അതിരൂപതാ കേന്ദ്രത്തിൽ ലഭ്യമായ ഔദ്യോഗിക രേഖകൾ, വിവിധ പള്ളികളിലെ രജിസ്റ്ററുകളും റിപ്പോർട്ടുകളും സ്മരണികകളും മണ്ണേക്കാട്ടിൽ കുടുംബചരിത്രവും മണ്ണേക്കാട്ടിൽ കുടുംബയോഗം സ്മരണികയും ഡയറക്ടറിയും അയന്തിയിൽ അച്ചന്റെ അനുജൻ ജോയി സാറിൽ നിന്നും കറുകച്ചാൽ ഇടവകാംഗം മണിയംപാറ വർഗീസ് സാറിൽ നിന്നും ബഹു. വൈദികരും അല്മായരുമായ അനേകരിൽ നിന്നും ലഭ്യമായ വിവരങ്ങളുമാണ് ഈ ലേഖനത്തിന്റെ ഇന്ധനം. കൂടുതൽ വ്യക്തമായതും കൃത്യമായതും ആധികാരികവുമായ അറിവുകൾ പകരാൻ കഴിവുള്ളവർ സഹായിച്ചാൽ ലേഖനം കൂടുതൽ ആധികാരികമാക്കാം. സഹകരണം പ്രതീക്ഷിക്കുന്നു.



www.malankaralibrary.com



# അയിരൂക്കുഴിയിൽ ബഹു. ജോസഫ് അച്ചൻ

**പുരോവചനം**

ആർസിലെ വികാരിയായിരുന്ന ജോൺ മരിയ വിയാനിയെപോലെ ഗ്രാമീണ പൗരോഹിത്യ ശുശ്രൂഷയുടെ പര്യായമായിരുന്ന ഒരു വൈദികൻ, പാണ്ഡിത്യത്തിന്റെ പാരമ്യമോ അധിക പദവികളുടെ ജാഡകളോ ഭരണനിപുണതയുടെ ഹുങ്കോ ഒന്നുമില്ലാതെ ശാന്തമായി ഒഴുകി നിത്യതയിൽ ലയിച്ച ജീവിതം, കുമ്പസാരക്കൂട്ടിൽ നീണ്ട മണിക്കൂറുകൾ ഇരുന്ന് ആർസ് ഗ്രാമത്തെ മാത്രമല്ല, സമീപസ്ഥവും വിദൂരസ്ഥവുമായ പ്രദേശങ്ങളെപോലും മാനസാന്തരത്തിലേക്കു നയിച്ച വിയാനി പുണ്യവാനെപ്പോലെ 'അനുതാപ കുർബാന' വഴി അനേകരുടെ ആത്മീക ജീവിതത്തെ ഉത്തേജിപ്പിക്കുകയും ഭവനസന്ദർശനങ്ങൾ വഴി അനേക കുടുംബങ്ങളുടെ സഭാജീവിതത്തെ ബലപ്പെടുത്തുകയും പുനരൈക്യംവഴി അനേകരെ സത്യസഭാ കൂട്ടായ്മയിലേക്കാനയിക്കുകയും ചെയ്ത വൈദികൻ. പുനരൈക്യാനന്തരം ദൈവശാസ്ത്ര, സഭാശാസ്ത്രപഠനത്തിനു ശേഷം 1967 ഓഗസ്റ്റ് നാലാം തീയതി വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിവസം പരിശുദ്ധ കത്തോലിക്കാ സഭയിൽ വൈദിക ശുശ്രൂഷ ആരംഭിച്ച ബഹു. ജോസഫ് അയിരൂക്കുഴിയിൽ അച്ചന്റെ ജീവിതത്തെ മറവിയുടെ മാറാലയിൽപെടാതെ പ്രകാശിപ്പിക്കുവാനൊരു ശ്രമമാണ് ഈ ചെറു ലേഖനം. നേരിൽ കണ്ടും കേട്ടും അറിഞ്ഞിട്ടുള്ളതും ബഹു. അച്ചന്റെ സഹധർമിണിയിൽ നിന്നും മൂത്തമകൾ റോസമ്മയിൽ നിന്നും സഹോദരപുത്രൻ അച്ചൻകുഞ്ഞിൽ നിന്നും കരികുളം ഇടവകാംഗം അയന്തിയിൽ വർഗീസ് ഏബ്രഹാമിൽ നിന്നും തിരുവല്ലാ അതിരൂപതയിലെ പല മുതിർന്ന വൈദികരിൽ നിന്നും ചോദിച്ച് അറിഞ്ഞതും



www.malankaralibrary.com

തിരുവല്ലാ അതിരൂപതയിലെ ഔദ്യോഗിക രേഖകളിൽ നിന്നും ലഭിച്ച വിവരങ്ങളുമാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കത്തിനു ഹേതു.

**കുടുംബവൃത്താന്തം**

പുത്തൻകൂർ സമുദായത്തിന്റെ ശക്തികേന്ദ്രങ്ങളിൽ ഒന്നായ പുത്തൻകാവിൽ പ്രസിദ്ധ നസ്രാണി തറവാടായ അയിരൂക്കുഴിയിൽ കുടുംബത്തിലെ യോഹന്നാൻ കുര്യൻ (എ.ജെ. കുര്യൻ) എന്ന പിതാവ് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ റാന്നിയിൽ കരികുളത്ത് മുണ്ടിയാന്തറയിൽ വന്നു താമസിച്ചു. കാർഷികവൃത്തി ജീവിതമാർഗമായി സ്വീകരിച്ചിരുന്ന അദ്ദേഹം കൃഷിക്ക് കൂടുതൽ യോജിച്ച ഭൂമിതേടിയുള്ള യാത്രയിലാണ് വനത്തോടു ചേർന്ന് ഫലഭൂയിഷ്ഠമായ കരികുളം മുണ്ടിയാന്തറ പ്രദേശത്ത് വന്നെത്തിയത്. റാന്നി പൂഴിക്കുന്ന് അയന്തിക്കൽ തറവാട്ടിലെ ചരിവുപുരയിടത്തിൽ കുടുംബത്തിലെ റെയ്ച്ചലിനെയാണ് അദ്ദേഹം സഹധർമിണിയായി വരിച്ചത്. ഉത്തമ ക്രൈസ്തവ കുടുംബജീവിതം നയിച്ചിരുന്ന അവർക്ക് ആറ് ആൺമക്കളെയും (എ.കെ. ജോൺ (തമ്പാൻ), എ.കെ. ചാണ്ടി (ഇട്ടി), എ.കെ. കുര്യൻ (ബേബി), എ.കെ. എബ്രാഹം (അവറാച്ചൻ), എ.കെ. ജോർജ് (ജോർജുകുട്ടി), എ.കെ. ഐപ്പ് (കുഞ്ഞച്ചൻ), രണ്ടു പെൺമക്കളെയും (തങ്കമ്മ-മാവേലി പേരങ്ങാട്ട് ജോർജിനെ വിവാഹം ചെയ്തു, കുഞ്ഞമ്മ-പേമരുതിൽ കരിങ്ങാട്ടിൽ തോമസിനെ വിവാഹം ചെയ്തു) നൽകി ദൈവം അനുഗ്രഹിച്ചു. യോഹന്നാൻ കുര്യൻ-റെയ്ച്ചൽ ദമ്പതികളുടെ കനിഷ്ഠപുത്രൻ എ.കെ. ഐപ്പാണ് നമ്മുടെ കഥാപുരുഷൻ ഫാ. ജോസഫ് അയിരൂക്കുഴിയിൽ.

**ജനനവും പഠനവും**

ജനനം കൊല്ലവർഷം 1105 തുലാമാസം 16-ാം തീയതി (1929). ജോസഫ് എന്ന നാമത്തിൽ ജ്ഞാനസ്നാനം 1105 ധനുമാസം 17-ാം തീയതി. ഐപ്പ് എന്ന് ഔദ്യോഗിക പേര്, കുഞ്ഞച്ചൻ എന്ന് ഓമനപേര്. സ്കൂൾ പഠനം റാന്നി എസ്.എസി സ്കൂളിലും, എം.എസ് ഹൈസ്കൂളിലും. എസ്.എസ്.എൽ.സി ഉയർന്ന മാർക്കോടെ പാസായി. ബാല്യം മുതലേ ആധ്യാത്മിക കാര്യങ്ങളിൽ താല്പര്യവും വൈദിക ജീവിതത്തോട് ആഭിമുഖ്യമുണ്ടായിരുന്ന ഐപ്പ് ആത്മിക ശിക്ഷണത്തിനും വൈദിക പരിശീലനത്തിനുമായി മഞ്ഞനിക്കര മാർ ഇഗ്നാത്തിയോസ് ദയറായിൽ ചേർന്നു. നാലു വർഷക്കാലത്തെ പഠനത്തിനും പരിശീലനത്തിനും ആത്മീക ശിക്ഷണത്തിനും ശേഷം മണർകാട് മർത്തമറിയം



www.malankaralibrary.com

പള്ളിയിൽ വച്ച് 1952 മാർച്ച് ഒന്നിന് കായംകുളം കാദീശാ പള്ളി അംഗ മായിരുന്ന, തെക്കൻ ഭദ്രാസനങ്ങളുടെ ചുമതല വഹിച്ചിരുന്ന മിഖായേൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ (കോട്ടയത്ത് പാണം പടി പള്ളിയിലാണ് അദ്ദേഹം കബറടങ്ങിയിരിക്കുന്നത്) കൈവയ്പാൽ ശെമ്മാശ്പട്ടം സ്വീകരിച്ചു. ചെറായി ഇടവകാംഗമായിരുന്ന അഭിവന്ദ്യ പൗലോസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ (പിന്നീട് അദ്ദേഹം ബസേലിയോസ് പൗലോസ് ദ്വിതീയൻ എന്ന പേരിൽ ശ്രേഷ്ഠ കാതോലിക്കാ ബാവായായി ഉയർത്തപ്പെട്ടു) കൈവയ്പാൽ 1957 മാർച്ച് നാലാം തീയതി പാമ്പാടി പള്ളിയിൽ വച്ച് ജോസഫ് ശെമ്മാശൻ കശീശ്ശാ ആയി അഭിഷിക്തനായി. കണ്ടനാട് ഭദ്രാസനത്തിന്റെ അധ്യക്ഷനായിരുന്ന പൗലോസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ ആ കാലത്ത് കോട്ടയം തുമ്പമൺ ഭദ്രാസനങ്ങളുടെ അധിക ചുമതലയും വഹിച്ചിരുന്നു.

**വൈദികൻ**

യാക്കോബായ-ഓർത്തഡോക്സ് സഭാവിഭാഗങ്ങൾ തമ്മിൽ യോജി പ്പിലായിരുന്ന കാലത്തായിരുന്നു ബഹു. ജോസഫ് അയിരൂക്കുഴിയിൽ ശെമ്മാശൻ വൈദികസ്ഥാനം സ്വീകരിച്ച് ഇടയ ശുശ്രൂഷയ്ക്ക് എത്തി യത്. യാക്കോബായ സഭയിലാണ് വൈദിക പരിശീലനം നടത്തി വൈദി കാഭിഷേകം സ്വീകരിച്ചതെങ്കിലും ഓർത്തഡോക്സ് പള്ളികളിൽ ശുശ്രൂഷ ചെയ്യുവാൻ ചരിത്രം അദ്ദേഹത്തിനു വേദിയൊരുക്കി. തിരുവ ല്ലായിൽ മുത്തൂർ, റാന്നിയിൽ തോട്ടമൺ, മുക്കാലുമൺ, കുറ്റിയാനി, കരി മ്പനാംകുഴി എന്നീ ഓർത്തഡോക്സ് പള്ളികളിൽ വികാരിയായി ശുശ്രൂഷ ചെയ്തു.

**ഇടയന്റെ ദു:ഖം**

ഏറെ ശ്ലാഘിക്കപ്പെട്ട യോജിപ്പിന്റെ യഥാർഥമുഖം ബഹു. ജോസഫ് അയിരൂക്കുഴിയിൽ അച്ചനെ വേദനിപ്പിച്ചിരുന്നു. യോജിപ്പ് തൊലിപ്പുറത്തു ള്ളതുമാത്രമാണെന്നും രണ്ടു വിഭാഗങ്ങളിൽ പെട്ടവരുടെയും ഹൃദയ ത്തിന്റെ ആഴങ്ങളിൽ വിഭാഗീയതയും വിദ്വേഷവും നിറഞ്ഞു നിൽക്കുക യാണെന്നും അദ്ദേഹം അനുഭവിച്ചറിഞ്ഞിരുന്നു. ഹൃദയംകൊണ്ട് അകന്നു നിൽക്കുന്നവരുടെ ഇടയിൽ ഇടയശുശ്രൂഷ നടത്തുക അദ്ദേഹത്തിന്റെ ഹൃദയത്തെ വളരെയധികം ഭാരപ്പെടുത്തിയിരുന്നു. പുറമെ കാണുന്ന ഈ യോജിപ്പ് അധികകാലം നിലനിൽക്കുകയില്ലെന്നും വരുംകാലങ്ങളിൽ സഭ യിൽ വലിയ ഭിന്നത ഉടലെടുക്കുമെന്നും അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു.



www.malankaralibrary.com

ആത്മീക ജീവിതത്തിലുള്ള താല്പര്യവും സ്വർഗപിതാവിന്റെ പൂർണത പ്രാപിക്കുവാനുള്ള ആഗ്രഹവും കാരണം വൈദിക ജീവിതം തെരഞ്ഞെടുത്ത താൻ അനുഭവിക്കുന്ന ഹൃദയവ്യഥ അദ്ദേഹം പലരോടും പങ്കുവച്ചിരുന്നു. 1653ലെ കൂനൻകുരിശ് സത്യം മുതൽ മലങ്കര സഭയിലുണ്ടായ ഭിന്നതയ്ക്ക് പരിഹാരമായി ദൈവപദ്ധതിയിൽ സഫലമായ 1930 സെപ്റ്റംബർ 20ലെ മലങ്കര പുനരൈക്യത്തെപ്പറ്റിയും അതിന്റെ സഭാപരവളർച്ചയായ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലൂടെ നിർവഹിക്കപ്പെടുന്ന ശുശ്രൂഷകളെക്കുറിച്ചും കൂടുതൽ അറിയുവാൻ ഈയവസരത്തിൽ അദ്ദേഹത്തിന് ഇടയായി. ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ദാവീദ് രാജാവ് തന്റെ പിറകേ നടന്ന് തനിക്കെതിരായി വ്യാജാരോപണങ്ങൾ ഉന്നയിച്ചിരുന്ന ഷെമയിയെ അവഗണിച്ച് ദൈവം ഏല്പിച്ചിരുന്ന ചുമതലകൾ നിർവഹിച്ച് മുന്നേറിയതുപോലെ, ശത്രുക്കളുടെ വ്യാജ ആരോപണങ്ങൾക്ക് മറുപടി പറയാൻ ഊർജം പാഴാക്കാതെ മലങ്കരയിൽ വലിയ സേവനങ്ങൾ നിർവഹിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ശുശ്രൂഷകളിൽ ദൈവത്തിന്റെ പ്രത്യേക നടത്തിപ്പ് അദ്ദേഹം ദർശിച്ചതിൽ അത്ഭുതപ്പെടാനില്ല. മൂന്നു ദശകം മാത്രം പ്രായമുള്ള പുനരൈക്യത്തിലൂടെ സാർവത്രിക സഭാ കൂട്ടായ്മയിലേക്ക് കടന്നുവന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയിലൂടെ നിർവഹിക്കപ്പെടുന്ന ശുശ്രൂഷകൾ അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. പരിശുദ്ധ കത്തോലിക്കാ സഭയിൽ ആയിരിക്കുന്നതിൽ എന്തൊക്കെയോ ചില മഹത്വങ്ങൾ ഉണ്ടെന്നദ്ദേഹം തിരിച്ചറിഞ്ഞു. കത്തോലിക്കാ സഭയെക്കുറിച്ച് കൂടുതൽ പഠിക്കുവാൻ അദ്ദേഹം തീരുമാനിച്ചു.

**പുനരൈക്യം**

റാന്നി സ്വദേശിയും ക്നാനായ സഭാംഗവുമായിരുന്ന തനിക്ക് മുമ്പ് മഞ്ഞനിക്കര ദയറായിൽ പരിശീലനം നേടി വൈദികനായിരുന്ന ബഹു. എബ്രഹാം ഇടശേരി അച്ചൻ പുനരൈക്യപ്പെട്ട് കത്തോലിക്കാ സഭയിൽ ചേർന്നു തിരുവല്ലാ രൂപതയിൽ ശുശ്രൂഷ ചെയ്യുന്നത് അദ്ദേഹത്തിന് ഉത്തേജനം പകർന്നിരുന്നു. കത്തോലിക്കാ സഭയെക്കുറിച്ച് കൂടുതൽ പഠിക്കുവാനായി അദ്ദേഹം ബഹു. എബ്രഹാം ഇടശേരിൽ അച്ചന്റെ സഹായം തേടി. സ്വന്തം നാട്ടുകാരനായിരുന്ന ബഹു. ജേക്കബ് അയന്തിയിൽ അച്ചനും ബഹു. ജോസഫ് അയിരൂക്കുഴിയിൽ അച്ചന് സഹായവുമായി എത്തി. 1960കളുടെ ആരംഭത്തിൽ ചെത്തോങ്കര ക്രിസ്തുരാജ മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ വികാരിമാർ ആയിരുന്ന ബഹു.



www.malankaralibrary.com

ആന്റണി കാരാട്ട്, ബഹു. യോവാക്കിം നാഗഞ്ചേരിൽ എന്നീ വൈദിക രിൽനിന്ന് പരിശുദ്ധ കത്തോലിക്കാ സഭയെക്കുറിച്ച് കൂടുതൽ പഠിച്ചു. മലങ്കര സഭയിൽ യഥാർഥ സമാധാനത്തിനുള്ള ഏകവഴി യേശുനാഥൻ സ്ഥാപിച്ച സഭയുടെ പൂർണതയായ പരിശുദ്ധ കത്തോലിക്കാ സഭാ കൂട്ടാ യ്മയിൽ അപ്പസ്തോല ശ്രേഷ്ഠൻ പത്രോസിന്റെ പിൻഗാമിയായ റോമിലെ പരിശുദ്ധ മാർപാപ്പായുടെ സംസർഗത്തിൽ ആയിരിക്കുകയാ ണെന്ന് അദ്ദേഹം കണ്ടെത്തി. അന്ത്യോക്യൻ ആരാധനാക്രമം പതിനേഴാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിൽ ആകസ്മികമായി മലങ്കരയിൽ വന്നു ചേർന്നതാണെന്നും സഭയിലുണ്ടായിരുന്ന ഭിന്നത ചരിത്രത്തിൽ വന്നു പെട്ട ഒരു അപചയമാണെന്നും ഈ അപചയത്തിനുള്ള പരിഹാരമാണ് മലങ്കര പുനരൈക്യമെന്നും അദ്ദേഹം കണ്ടെത്തി. 'വിലയേറിയ രത്നം കണ്ടെത്തുമ്പോൾ പോയി തനിക്കുള്ളതെല്ലാം വിറ്റ് അതുവാങ്ങുന്ന' (മത്തായി 13:40) വ്യാപാരിയെപ്പോലെ സഭയെക്കുറിച്ചുള്ള സത്യം തിരി ച്ചറിഞ്ഞ ബഹു. ജോസഫ് അയിരൂക്കുഴിയിൽ അച്ചൻ മറ്റ് എന്തെല്ലാം നഷ്ടപ്പെട്ടാലും പരിശുദ്ധ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെ ടുവാൻ തീരുമാനിച്ചു. ചെത്തോങ്കര ക്രിസ്തുരാജ മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ വച്ച് 1966 സെപ്റ്റംബർ 18-ാം തീയതി അഭി വന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായുടെ സമക്ഷം കുടുംബാംഗങ്ങളോടൊപ്പം വിശ്വാസം ഏറ്റുപറഞ്ഞ് പരിശുദ്ധ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടു. ബഹു. അച്ചനോടൊപ്പം അച്ചന്റെ സഹോദരന്മാരും അവരുടെ കുടുംബങ്ങളും മറ്റ് ഏതാനും കുടും ബങ്ങളും പുനരൈക്യപ്പെട്ട് പരിശുദ്ധ കത്തോലിക്കാ സഭയെ ആശ്ലേ ഷിച്ചു. തന്റെ ജീവിതത്തിലെ ഏറ്റവും സംതൃപ്തിദായകമായ സംഭവം തന്റെയും കുടുംബാംഗങ്ങളുടെയും പുനരൈക്യമായിരുന്നു എന്ന് അദ്ദേഹം പലപ്പോഴും സാക്ഷ്യപ്പെടുത്തുന്നത് നേരിൽ കേൾക്കാനിടയാ യിട്ടുണ്ട്. പുനരൈക്യപ്പെടുമ്പോൾ കൗമാരപ്രായക്കാരിയായിരുന്ന ബഹു. അച്ചന്റെ മൂത്തമകൾ റോസമ്മയും പറഞ്ഞു കേട്ടിട്ടുണ്ട്; പുനരൈക്യം അവരുടെ ജീവിതത്തിലെ വലിയ സന്തോഷത്തിന്റെ അവസരമായിരുന്നു; എന്നാൽ 'അച്ചന്റെ തൊപ്പി അച്ചൻ മാറ്റിയത്' വലിയ സങ്കടമായിപ്പോയി എന്ന്.

### ദൈവശാസ്ത്ര പഠനം

പുനരൈക്യത്തിന്റെ ആരംഭം മുതൽ കർമ്മലീത്താ സന്യാസ വൈദി കർ മലങ്കര സഭയ്ക്ക് ചെയ്തിട്ടുള്ള സേവനങ്ങൾ വളരെ വലുതാണ്.



www.malankaralibrary.com

മാർ ഈവാനിയോസ് പിതാവിന്റെയും മാർ തെയോഫിലോസ് പിതാവിന്റെയും പിന്നീട് മാർ സേവേറിയോസ് പിതാവിന്റെയും അഭ്യർത്ഥനകൾ അനുസരിച്ച് പ്രിയോർ ജനറാൾമാർ അനേക കർമ്മലീത്താ വൈദികരുടെ സേവനം മലങ്കര കത്തോലിക്കാ സഭയ്ക്ക് ഔദാര്യപൂർവം നൽകിയിട്ടുണ്ട്. ആളും അർത്ഥവും നൽകി കർമ്മലീത്താ സന്യാസ സമൂഹം മലങ്കര സഭയ്ക്ക് നൽകിയ സേവനങ്ങളെ കൃതജ്ഞതയോടെയാണ് ഇന്നും സഭ അനുസ്മരിക്കുന്നത്. പുനരൈക്യപ്പെട്ട ബഹു. വൈദികർക്ക് കത്തോലിക്കാ ദൈവശാസ്ത്രവും സഭാശാസ്ത്രവും പകർന്നു കൊടുക്കുവാൻ സഹായിച്ചിരുന്നത് ചങ്ങനാശേരി ചെത്തിപ്പുഴ ആശ്രമത്തോടനുബന്ധിച്ചുണ്ടായിരുന്ന ദൈവശാസ്ത്രപഠനകേന്ദ്രമാണ്. പുനരൈക്യപ്പെട്ട ബഹു. വൈദികർക്ക് വർഷങ്ങളോളം അവിടെ താമസിച്ച് പഠിക്കാനുള്ള സൗകര്യം ലഭ്യമാക്കിയിരുന്നു. ബഹു. അയിരൂക്കുഴിയിൽ അച്ചനും പുനരൈക്യാനന്തരം ചെത്തിപ്പുഴ കർമ്മലീത്താ ആശ്രമത്തിൽ ദൈവശാസ്ത്ര പഠനം നടത്തിയിരുന്നു.

### പ്രേഷിത വയലിൽ

ഒരു വർഷം നീണ്ടുനിന്ന പഠനാനന്തരം 1967 ഓഗസ്റ്റ് നാലാം തീയതി രൂപതാ വൈദികരുടെ സ്വർഗീയ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിവസം തിരുവല്ലാ രൂപതയിൽ ശുശ്രൂഷ ആരംഭിച്ചു. ചെത്തോങ്കര ക്രിസ്തുരാജാ മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ വികാരിയായിരുന്ന ബഹു. എബ്രഹാം ഇടശേരിൽ അച്ചന്റെ സഹവികാരിയായി ചെത്തോങ്കര, കരിമ്പനാംകുഴി, കരികുളം, ഇടമുറി ഇടവകകളിലായിരുന്നു ഇടയ ശുശ്രൂഷയുടെ തുടക്കം. പിന്നീട് ബഹു. തോമസ് പടിഞ്ഞാറേക്കുറ്റ് അച്ചന്റെ സഹവികാരിയായി പൂഴിക്കുന്ന് തൃക്കോമല ഇടവകകളിൽ സേവനം ചെയ്തു (1970-71). ഇടമുറി, കരികുളം, നീരാട്ടുകാവ്, മോതിരവയൽ ഇടവകകളിൽ പലപ്രാവശ്യം വികാരിയായി സേവനം ചെയ്തിട്ടുണ്ട്. 1976ൽ സ്ഥാപിതമായ മോതിരവയൽ സെന്റ് തോമസ് ഇടവകയുടെ സ്ഥാപക വികാരിയും അദ്ദേഹമായിരുന്നു.

### ആകസ്മിക അന്ത്യം

കരിങ്കല്ലുംമൂഴി (എരുമേലി) ഇടവകയിൽ വികാരി ആയിരിക്കുമ്പോഴാണ് അദ്ദേഹം രോഗിയാകുന്നത്. കാൻസർ രോഗത്തെ തുടർന്ന് അദ്ദേഹം 1991 സെപ്റ്റംബർ 26-ാം തീയതി നിര്യാതനായി. (പത്ത് ദിവസത്തിനുള്ളിൽ മൂന്ന് പ്രഗത്ഭ വൈദികരുടെ മരണം തിരുവല്ലാ രൂപതയ്ക്ക് വലിയ



www.malankaralibrary.com

വേദനയുളവാക്കിയ സന്ദർഭമായിരുന്നു അത്. സെപ്റ്റംബർ 16-ന് മോൺ. മാത്യു നെടുങ്ങാട്ടിന്റെ മരണം, സെപ്റ്റംബർ 18-ന് ബഥനി സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ ബഹു. ലൂയിസ് മൂലേവീട്ടിൽ അച്ചന്റെ മരണം, സെപ്റ്റംബർ 26-ന് ബഹു. ജോസഫ് അയിരൂക്കുഴിയിൽ അച്ചന്റെ മരണം). പരിശുദ്ധ കത്തോലിക്കാ സഭയിൽ 25 വർഷത്തെ ഇടയ ശുശ്രൂഷയും യാക്കോബായ-കത്തോലിക്കാ സഭകളിലായി 34 വർഷത്തെ വൈദിക ശുശ്രൂഷയും പൂർത്തായാക്കി 62-ാമത്തെ വയസിൽ അദ്ദേഹം തന്റെ നിത്യസമ്മാനത്തിനായി യാത്രയായി. പിറ്റേദിവസം സഭയുടെ സകല ബഹുമതികളോടും ആദരവോടും കൂടി കരികുളം സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിമുറ്റത്ത് തയാറാക്കിയ പ്രത്യേക കല്ലറയിൽ ഭൗതിക ശരീരം കബറടക്കി. എന്തെല്ലാം നഷ്ടപ്പെട്ടാലും യേശുക്രിസ്തു സ്ഥാപിച്ച സത്യസഭയിൽ അംഗമായിരുന്നുകൊണ്ട് മരിക്കണമെന്ന അദ്ദേഹത്തിന്റെ അദമ്യമായ ആഗ്രഹം അങ്ങനെ സഫലമായി.

**അറിഞ്ഞ സത്യത്തെ ആഴത്തിൽ ആശ്ലേഷിച്ചവൻ**

യാക്കോബായ-ഓർത്തഡോക്സ് സഭാവിഭാഗങ്ങൾ തമ്മിൽ യോജിപ്പിലായിരുന്ന കാലത്താണ് ബഹു. ജോസഫ് അയിരൂക്കുഴിയിൽ അച്ചൻ വൈദിക ശുശ്രൂഷ ആരംഭിച്ചതെങ്കിലും ഇരുവിഭാഗങ്ങൾ തമ്മിൽ ഹൃദയ ഐക്യം ഉണ്ടായിരുന്നില്ല എന്ന് ഹൃദയവേദനയോടെ തിരിച്ചറിഞ്ഞിരുന്ന അദ്ദേഹത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ശുശ്രൂഷകളും പുനരൈക്യ പ്രസ്ഥാനവും താല്പര്യം ഉളവാക്കിയതായി നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. ഈ പശ്ചാത്തലത്തിലാണ് അദ്ദേഹം പുനരൈക്യത്തെക്കുറിച്ച് കൂടുതൽ പഠിച്ചത്. "കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയിൽ ഞങ്ങൾ വിശ്വസിക്കുന്നു" എന്ന് ദിവസം പല പ്രാവശ്യം പ്രാർത്ഥനയിൽ ഉരുവിടുന്നത് അദ്ദേഹത്തെ ചിന്തിപ്പിച്ചു. ഈ സവിശേഷതകൾ നാലും ഉള്ള സഭയേത് എന്നദ്ദേഹം അന്വേഷിച്ചുകൊണ്ടിരുന്നു. മെത്രാപ്പോലീത്താമാർ ജനങ്ങളെ ആശീർവദിക്കുമ്പോൾ ആലപിക്കുന്ന 'അൽശിമയോൻ കീപ്പാ' എന്നു തുടങ്ങുന്ന സുറിയാനി ഗീതത്തിൽ പറയുന്ന കാര്യങ്ങളും അദ്ദേഹത്തെ ചിന്തിപ്പിച്ചു. "ഞാൻ പണിയപ്പെട്ടിരിക്കുന്നത് ശിമയോൻ കീപ്പാ (പാറ) മേലാകുന്നു, എനിക്ക് താങ്ങായി എഴുപത് തൂണുകളുണ്ട്. വിശുദ്ധന്മാർ എന്റെ നിധികളാകുന്നു. പ്രവാചകന്മാർ എന്നെ പടുത്തുയുർത്തി, അപ്പസ്തോലന്മാർ എന്നെ സ്ഥിരീകരിച്ചു. എന്റെ മാറിൽ രക്തസാക്ഷികൾ കുടിയിരിക്കുന്നു. അജയ്യമായ



www.malankaralibrary.com

കോട്ടകൾ എനിക്കു ചുറ്റുമുണ്ട്. ഞാൻ അണിഞ്ഞൊരുങ്ങിയ വധുവിന് സമാനമാണ്. എന്റെ മണവാളനായ ക്രിസ്തുവിൽ ഞാൻ സ്ഥിരയായിരിക്കുന്നു". എന്ന് സഭ പറയുന്നതായിട്ടാണ് ഈ പുരാതന സുറിയാനി ഗീതം. യേശുക്രിസ്തു സ്ഥാപിച്ചത് ഒരു സഭമാത്രം. പത്രോസാകുന്ന പാറമേലാണ് സഭയെ പണിതത്. ഈ സഭയ്ക്ക് ഒരേയൊരു കേന്ദ്രം. ഒരേയൊരു തലവൻ. ആ കേന്ദ്രവും തലവനും പത്രോസിന്റെ യഥാർഥ പിൻഗാമിയായ റോമാ മാർപാപ്പായും. ഈ സഭാതലവനുമായി സംസർഗത്തിലായിരിക്കുക സഭാ പൂർണതയ്ക്ക് അനിവാര്യവും. ഈ വലിയ വെളിച്ചമാണ് അദ്ദേഹത്തെ പുനരൈക്യത്തിനുള്ള ധീരതീരുമാനമെടുക്കാൻ ശക്തനാക്കിയത്. പുനരൈക്യാനന്തരം അദ്ദേഹത്തിന്റെ പ്രധാന ശ്രദ്ധ ഈ സത്യം കഴിയുന്നത്ര ആൾക്കാരുമായി പങ്കുവയ്ക്കുന്നതിലായിരുന്നു. കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങളുടെ മധ്യത്തിലും അദ്ദേഹത്തിന്റെ പുനരൈക്യ പ്രേഷിത തീക്ഷ്ണത ഉത്തരോത്തരം ജ്വലിച്ചു നിന്നിരുന്നു.

**ഉത്തമകുടുംബസ്ഥൻ**

'കുടുംബം ഭരിക്കുന്നവൻ കാശിയ്ക്കു പോകണ്ടാ' എന്നൊരു പ്രയോഗം നാട്ടിലുണ്ടല്ലോ. കുടുംബം പുലർത്തുക അത്രവലിയ പുണ്യപ്രവൃത്തിയാണ്. അത് നന്നായി നടത്തുന്നവർ പൂർണതയ്ക്ക് വേറെ വഴി തേടേണ്ടതില്ല എന്നു വ്യംഗ്യം. ബഹു. ജോസഫ് അയിരൂക്കുഴിയിൽ അച്ചൻ വിവാഹിതനായ വൈദികനായിരുന്നു. 1955 നവംബർ 21- നായിരുന്നു വിവാഹം. (വൃശ്ചികം 5). കോന്നി തെക്കിനേത്ത് റ്റി.വി. കോശിയുടെയും ഏലിയാമ്മയുടെയും മകൾ മറിയാമ്മ (മേരിക്കുട്ടി)യാണ് സഹധർമിണി. അവരുടെ ദാമ്പത്യവല്ലരിയിൽ വിടർന്നത് ആറു സൂനങ്ങൾ. നാലു പെൺമക്കളും രണ്ട് ആൺമക്കളും. പെൺമക്കൾ: റെയ്ച്ചൽ (റോസമ്മ) പെരുമ്പനച്ചി കിഴക്കേവീട്ടിൽ തോമസ് ജോബിനെ വിവാഹം ചെയ്തു. 2. എലിസബത്ത് (സാലി) മാമ്മൂട് കാരയ്ക്കാട് ജോസിനെ വിവാഹം ചെയ്തു. 3. അന്നമ്മ (ഓമന) കുമ്പഴ തോട്ടത്തിൽ ബെന്നിയെ വിവാഹം ചെയ്തു. 4. സാറാമ്മ (അനു) ചെന്നീർക്കര പടിഞ്ഞാറേമണ്ണിൽ ബിനുവിനെ വിവാഹം ചെയ്തു. ആൺമക്കൾ: 1. കുറിയാക്കോസ് ജോസഫ് (അച്ചൻകുഞ്ഞ്) മൈലപ്ര മേലേതിൽ ജസ്സുവിനെ വിവാഹം ചെയ്തു. അവർക്ക് രണ്ട് മക്കൾ. ഒരു മകനും ഒരു മകളും. 2. കോശി ജോസഫ് (റെജി) കാഞ്ചിയാർ തടത്തിൽ ലൗലിയെ വിവാഹം ചെയ്തു. അവർക്ക് രണ്ട് ആൺമക്കളും ഒരു മകളും. സഭയിലെ ഇടയ ശുശ്രൂഷ കുടുംബത്തോടുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനോ കുടുംബ



www.malankaralibrary.com

ത്തിന്റെ ഉത്തരവാദിത്വം സഭയിലെ ശുശ്രൂഷയ്ക്കോ ഒരിക്കലും പ്രതിബന്ധമാകാതെ പരസ്പര പൂരകമാക്കുവാൻ അദ്ദേഹവും കുടുംബാംഗങ്ങളും ശ്രദ്ധിച്ചിരുന്നു. മക്കൾക്കുവേണ്ടി സമ്പത്ത് സ്വരുക്കൂട്ടുവാൻ വ്യഗ്രതപ്പെടാതിരുന്നപ്പോഴും ദൈവം അദ്ദേഹത്തിന്റെ മക്കളെ സമൂഹത്തിൽ ഉയർത്തിയിരിക്കുന്നു.

**ആരാധനയിലൂടെ ആത്മാവിലേക്കിറങ്ങുന്ന ആചാര്യൻ**

മഞ്ഞനിക്കര ദയറായിൽ നിന്നും ലഭിച്ച സുറിയാനി ഭാഷാപരിജ്ഞാനവും ആരാധനാക്രമ പരിശീലനവും വിശുദ്ധ കുർബാനയും മറ്റ് ആരാധനാ ശുശ്രൂഷകളും മനോഹരമായും ഇമ്പമായും നടത്തുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയിരുന്നു. മുഴക്കമാർന്ന സ്വരവും ഇമ്പകരമായ ആലാപനവും അദ്ദേഹത്തിന്റെ ആരാധനാ ശുശ്രൂഷകൾ എല്ലാവർക്കും പ്രിയങ്കരമാക്കി. പെരുന്നാളുകളോടനുബന്ധിച്ച് സമീപ ഇടവകകളിൽ അദ്ദേഹത്തിന്റെ വിശുദ്ധ കുർബാന ഒരു അവിഭാജ്യ ഘടകമായിരുന്നു. റാന്നി കാത്തലിക് കൺവൻഷനിൽ പ്രാർത്ഥനകൾ നയിക്കുന്നതിനും അറിയിപ്പുകൾ നൽകുന്നതിനും അദ്ദേഹത്തെയാണ് സാധ്യമായപ്പോഴെല്ലാം ചുമതലപ്പെടുത്തിയിരുന്നത്. ശബ്ദഗാംഭീര്യവും ഉച്ചാരണ സ്ഫുടതയും പ്രാർത്ഥനകളിലൂടെ മനുഷ്യഹൃദയങ്ങളെ അനുഭൂതിയുടെ ഉയരങ്ങളിലേക്ക് ഉയർത്തുവാനുള്ള വരവുമായിരുന്നു അതിനുള്ള കാരണം.

**സേവന സന്നദ്ധൻ**

രൂപതയിലും മേഖലയിലും വൈദിക കൂട്ടായ്മയിലെ സജീവ സാന്നിധ്യമായിരുന്നു അദ്ദേഹത്തിന്റേത്. 1983ൽ തിരുവല്ലാ രൂപത വൈദിക സെനറ്റിൽ അദ്ദേഹം അംഗമായിരുന്നു. റാന്നി പ്രദേശത്തെ കത്തോലിക്കാ വൈദികരുടെ കൂട്ടായ്മയായ 'വിയാനി യൂണിയനി'ലെ സജീവ അംഗമായിരുന്നു അദ്ദേഹം. മേഖലയിലെ അജപാലന കാര്യങ്ങളും പ്രേഷിത ശുശ്രൂഷാകാര്യങ്ങളും ആലോചിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന 'വിയാനിയുണിയന്റെ' മീറ്റിംഗുകളിൽ ക്രിയാത്മകമായ ആലോചനകളും നിർദേശങ്ങളുമാണ് അദ്ദേഹത്തിൽ നിന്നും ഉണ്ടായിരുന്നത്. റാന്നി കാത്തലിക് കൺവൻഷൻ വിയാനി യൂണിയന്റെ സദ്ഫലങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. 1974, 1975, 1976, 1977, 1984 എന്നിങ്ങനെ അഞ്ചു വർഷങ്ങളിൽ ബഹു. ജോസഫ് അയിരൂക്കുഴിയിൽ അച്ചനായിരുന്നു റാന്നി കാത്തലിക് കൺവൻഷൻ കമ്മിറ്റിയുടെ ചെയർമാൻ എന്നറിയുമ്പോൾ മേഖലയിലെ പൊതുകാര്യങ്ങൾക്ക് അദ്ദേഹം നൽകിയിരുന്ന നേതൃത്വം എത്രയോ വലിയതായിരുന്നു എന്നു വ്യക്തമാണ്.



www.malankaralibrary.com

'നിലയ്ക്കൽ പ്രതിസന്ധി' ഉടലെടുത്തപ്പോൾ പ്രശ്നപരിഹാരത്തിനും നിലയ്ക്കൽ എക്യൂമെനിക്കൽ ദൈവാലയം സ്ഥാപിക്കുന്നതിനും മേഖലയിലെ മറ്റു വൈദികരോടൊപ്പം അദ്ദേഹം നേതൃത്വം നൽകുകയും നിലയ്ക്കൽ പള്ളി സംരക്ഷണത്തിനായി കരികുളം ഇടവകയിൽ നിന്നും വിശ്വാസികളുമൊത്ത് പല ദിനരാത്രങ്ങൾ വനത്തിൽ കാവലിരിക്കുകയും ചെയ്തത് ചരിത്രത്തിന്റെ ഭാഗമാണ്.


നാടിന്റെ വികസനത്തിനും നാട്ടിലെ പ്രവർത്തനങ്ങൾക്കും അദ്ദേഹം എന്നും നാടിനോടൊപ്പം ഉണ്ടായിരുന്നു. തന്റെ മാതൃവിദ്യാലയമായ റാന്നി എസ്.സി സ്കൂളിൽ അധ്യാപക-രക്ഷാകർതൃ സംഘടനയുടെ ഉപാധ്യക്ഷനായി അദ്ദേഹം നൽകിയ നേതൃത്വം ശ്രദ്ധേയമായിരുന്നു. റാന്നിയുടെ തിലകക്കുറിയായി പ്രശോഭിക്കുന്ന സെന്റ് മേരീസ് സെൻട്രൽ സ്കൂളിന്റെയും ജൂണിയർ കോളജിന്റെയും തുടക്കകാലത്തെ പ്രവർത്തനങ്ങളിൽ ബഹു. തോമസ് പുതിയവീട്ടിൽ അച്ചന് ശക്തി പകരാൻ മേഖലയിലെ മറ്റു വൈദികരോടും അല്മായ നേതാക്കന്മാരോടുമൊപ്പം അദ്ദേഹവും മുൻപന്തിയിലുണ്ടായിരുന്നു. റാന്നി വൈദികമേഖലയിലെ ഇടവകകളിലെയും കുടുംബങ്ങളിലെയും ആവശ്യങ്ങളിൽ ഓടിയെത്തുക മേഖലയിലെ ബഹു. വൈദികരുടെ ഒരു സവിശേഷ ശൈലിയായിരുന്നു. ബഹു. വൈദികരുടെ ഈ സവിശേഷതയാണ് റാന്നി വൈദിക മേഖലയെ തിരുവല്ലാ അതിരൂപതയിലെ ഏറ്റവും സജീവമേഖലയായി വളർത്തിയത് എന്നതിൽ സംശയമില്ല. ബഹു. ജോസഫ് അയിരൂക്കുഴിയിൽ അച്ചന്റെ ജീവിതം ഈ ശൈലീ രൂപീകരണത്തിന് ഊർജം പകരുന്നതായിരുന്നു.

**പിൻവചനം**

വൈദികജീവിതത്തിന്റെ ധവളിമ കളങ്കമേൽക്കാതെ കാത്തുസൂക്ഷിക്കുകയും അജപാലന ശുശ്രൂഷയെ ആഴത്തിൽ സ്നേഹിക്കുകയും പരിശുദ്ധ കത്തോലിക്കാ സഭാ കൂട്ടായ്മയിൽ ഉൾച്ചേരാൻ സാധിച്ചതിന്റെ ആത്മഹർഷം ആവോളം ആസ്വദിക്കുകയും ഇമ്പമാർന്ന ആരാധനാ ശുശ്രൂഷകളിലൂടെ ആരാധനാ സമൂഹത്തിന്റെ ആത്മീക ജീവിതത്തെ ആഴപ്പെടുത്തുകയും കുടുംബസ്ഥനായ പട്ടക്കാരൻ എന്ന നിലയിലെ പരിമിതമായ സാമ്പത്തിക പശ്ചാത്തലത്തിലും പതിതരും പാവപ്പെട്ടവരുമായ അനേകർക്ക് കൈത്താങ്ങ് നല്കുകയും ചെയ്ത് നിത്യതയിലേക്ക് കടന്നുപോയ ബഹു. ജോസഫ് അയിരൂക്കുഴിയിൽ അച്ചന്റെ ജീവിതം അല്പമെങ്കിലും അടുത്തറിയാൻ പുത്തൻ തലമുറയ്ക്ക് ഈ ചെറുലേഖനം സഹായകമാകുമെങ്കിൽ ഞാൻ ധന്യൻ. നമോവാകം.



www.malankaralibrary.com



# ഞാനറിയുന്ന ബഹു. മാത്യു തെങ്ങുംതോട്ടത്തിലച്ചൻ

**മുൻമൊഴി**

1990 ജനുവരി മാസത്തിൽ ആണെന്നാണ് എന്റെ ഓർമ്മ. ഒരു ദിവസം കളമ്പാല പള്ളിയിൽ ഏതോ ഒരു ചടങ്ങിൽ പങ്കെടുക്കാൻ എത്തിയ അവസരത്തിൽ തെങ്ങുംതോട്ടത്തിൽ റ്റി. എസ്. ജോർജ് സാർ എന്നോടിപ്രകാരം പറഞ്ഞു: ''അച്ചാ, വളരെ നേരത്തെ ഒരു കാര്യ പറയുകയാണ്. ഈ വർഷം ഡിസംബർ മാസം പത്താം തീയതി ഞങ്ങളുടെ അച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ രജതജൂബിലി വർഷം ആരംഭിക്കുകയാണ്. ഉചിതമായ രീതിയിൽ നടത്തണമെന്നുണ്ട്. എങ്ങനെ വേണമെന്ന് പറഞ്ഞുതരണം''. ഞാൻ പറഞ്ഞു: ''നല്ലകാര്യമാണ്, ആർഭാടമൊന്നും അരുത്. സമയമുണ്ടല്ലോ., നമുക്ക് പിന്നീടാലോചിക്കാം''. ജൂബിലി വർഷം തുടങ്ങുന്നതിന് ഒരാഴ്ച മുമ്പ്(02- 12 -1990) ദൈവം അച്ചനെ തന്റെ സന്നിധിയിലേക്ക് തിരികെ വിളിച്ചു. ജൂബിലി ആഘോഷം സ്വർഗത്തിലാകട്ടെ എന്നു ദൈവം നിശ്ചയിച്ചു. ''മനുഷ്യൻ തന്റെ മാർഗം ആലോചിച്ചു വയ്ക്കുന്നു; അവന്റെ കാലടികളെ നിയന്ത്രിക്കുന്നത് കർത്താവാണ്'' (സുഭാഷിതങ്ങൾ 16: 9). 2015 ഒക്ടോബർ മാസം പതിനാലാം തീയതി (14- 10- 2015) പാലനിൽക്കുന്നതിൽ പി.കെ മാത്യുസാറിന്റെ ഭാര്യയുടെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കാൻ കളമ്പാല പള്ളിയിൽ എത്തിയപ്പോൾ ജോർജ് സാർ ഇപ്രകാരം പറഞ്ഞു: ''അച്ചാ, ഞങ്ങളുടെ അച്ചന്റെ ചരമരജതജൂബിലി വർഷം ഈ വരുന്ന ഡിസംബർ രണ്ടാം തീയതി (02 -12 -2015) സമാപിക്കുകയാണ്. എളിയ രീതിയിൽ ഉചിതമായി ആചരിക്കണമെന്നുണ്ട്. അഭിവന്ദ്യ കൂറിലോസ് പിതാവിനോടു പറ



www.malankaralibrary.com

ഞ്ഞപ്പോൾ വളരെ നല്ലകാര്യമാണ്. ഡിസംബർ 26 -ാം തീയതിയാണെങ്കിൽ അദ്ദേഹം വരാം എന്നു സമ്മതിച്ചിട്ടുണ്ട്. സ്തേഫാനോസ് പിതാവിനോടും പറഞ്ഞു. അദ്ദേഹത്തിനും അന്നു സൗകര്യമാണ്. അതു കൊണ്ട് ഡിസംബർ 26-ാം തീയതി വിശുദ്ധ കുർബാനയും അനുസ്മരണ സമ്മേളനവും സ്നേഹവിരുന്നുമായി നടത്താനാണ് ആഗ്രഹം. ഒരു ചെറിയ സ്മരണികയും തയാറാക്കണമെന്നുണ്ട്. അച്ചൻ അതിലേക്ക് ഒരു അനുസ്മരണ എഴുതിത്തരണം''. 1990 ൽ ഇതേ സ്ഥലത്തുവച്ച് അച്ചന്റെ പൗരോഹിത്യ രജതജൂബിലി ആചരിക്കുന്നതിനെക്കുറിച്ച് ജോർജ് സാർ പറഞ്ഞത് എന്റെ മനസിലൂടെ മിന്നിമറഞ്ഞു.

1990 ൽ പൗരോഹിത്യസ്വീകരണത്തിന്റെ രജതജൂബിലി ആചരിക്കാൻ ആഗ്രഹിച്ചെങ്കിലും നടന്നില്ല. എന്നാൽ 2015 ൽ അദ്ദേഹത്തിന്റെ സ്വർഗപ്രവേശത്തിന്റെ രജതജൂബിലിയും (02-12-1990 - 02 12- 2015) അദ്ദേഹത്തിന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ കനക ജൂബിലിയാരംഭവും (10 - 12 1966- 10 12- 2015) അദ്ദേഹത്തിന്റെ ജനനത്തിന്റെ 78-ാം വാർഷികവും( 30 -12 - 1937 - 30 12- 2015) അദ്ദേഹത്തിന്റെ വത്സലപിതാവിന്റെ മരണത്തിന്റെ മുപ്പതാം വാർഷികവും (09 -12 - 1985- 9 12 -2015 ) സംയുക്തമായി ആചരിക്കുവാൻ ദൈവം അനുവദിച്ചിരിക്കുന്നു. ബഹു. മാത്യു തെങ്ങുംതോട്ടത്തിലച്ചനും ഡിസംബർ മാസവുമായി എന്തോ ഒരു ഹൃദയബന്ധം. ജനനവും പൗരോഹിത്യസ്വീകരണവും പ്രഥമദിവ്യബലിയും മരണവും വത്സലപിതാവിന്റെ മരണവും എല്ലാം ഡിസംബർ മാസത്തിൽ. ക്രിസ്ത്യാനിക്ക് ഒന്നും ആകസ്മികമല്ലല്ലോ. എല്ലാം ദൈവപദ്ധതിയുടെ ഭാഗം എന്നും വിശ്വസിക്കാനാണെനിക്കിഷ്ടം.

**അല്പം ചരിത്രം**

അച്ചന്റെ ജീവിത വഴികളിലൂടെ ഒരു ഓട്ടപ്രദക്ഷിണം നടത്തി ആരംഭിക്കാം. ഇന്നും ഗ്രാമീണ ജീവിതത്തിന്റെ സൗന്ദര്യവും സൗരഭ്യവും നൈർമല്യവും സൗഹാർദതയും മൈത്രിയും നിറഞ്ഞു നിൽക്കുന്ന അയിരൂർ ഗ്രാമത്തിലെ പുരാതന ക്രൈസ്തവ തറവാടായ തായില്ലം കുടുംബത്തിന്റെ തെങ്ങുംതോട്ടത്തിൽ ശാഖയിൽ മംഗലത്തുകുളം ഉപശാഖയിൽ ചെമ്പൻമുഖം തെങ്ങുംതോട്ടത്തിൽ തെക്കേവീട്ടിൽ സൈമൺന്റെയും അന്നമ്മയുടെയും ദ്വിതീയപുത്രൻ. ജനനം 1937 ഡിസംബർ 30 ന്. ജ്ഞാനസ്നാനം ഓർത്തഡോക്സ് സുറിയാനി സഭയിൽ. പുനരൈക്യം 1957 മേയ് മാസം രണ്ടാം തീയതി സഭാ പിതാവായ മാർ അത്തനാസിയോസിന്റെ തിരുനാൾ ദിവസം. വൈദികപരിശീലനാരംഭം 1957 ജൂണിൽ. പ്രാഥമിക



www.malankaralibrary.com

വൈദികപഠനം തിരുവല്ല മൈനർ സെമിനാരിയിൽ. തത്വശാസ്ത്ര ദൈവ ശാസ്ത്രപഠനങ്ങൾ തൃശ്ശിനാപ്പള്ളി സെന്റ് പോൾസ് സെമിനാരിയിൽ ഈശോസഭാ വൈദികരുടെ ശിക്ഷണത്തിൽ. വൈദികാഭിഷേകം 1966 ഡിസംബർ പത്താം തീയതി മാർ ബഹനാൻ സഹദായുടെയും സഹോദരി സാറായുടെയും നാല്പത് സഹദേന്മാരുടെയും തിരുനാൾ ദിവസം തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽവച്ച് സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായുടെ കൈവയ്പാൽ. പ്രഥമദിവ്യബലിയർപ്പണം 1966 ഡസംബർ 12-ാം തീയതി കളമ്പാല സെന്റ് ആന്റണീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ. വൈദികപഠനം പൂർത്തിയാക്കി രൂപതയിൽ തിരികെയെത്തിയത് 1967 മാർച്ച് മാസം 24 -ാം തീയതി.

ഇന്നത്തെ ബത്തേരി രൂപതയിൽ ഉൽപ്പെടുന്ന ഇടവകകളിലായിരുന്നു അജപാലന ശുശ്രൂഷയുടെ ആരംഭം. പുൽപ്പള്ളി സെന്റ് ജോർജ് 1967 മുതൽ 1968 വരെ, നിലമ്പൂർ സെന്റ് ജോസഫ്, കരുളായി 1968 ഏപ്രിൽ മുതൽ 1974 വരെ, രാമക്കൽമേട്, കൂട്ടാർ 1974 മുതൽ 1980 വരെ, 1976 -ൽ ബാലഗ്രാം ഇടവകയുടെ അധികച്ചുമതലയും വഹിച്ചു. ചക്കുപള്ളം, നെറ്റിത്തൊഴു 1980 മുതൽ 1982 വരെ, മുക്കൂട്ടുതറ, ഇടത്തിക്കാവ് 1982 മുതൽ 1984 വരെ അയിരൂർ, കാഞ്ഞീറ്റുകര 1984 മാർച്ച് 24 മുതൽ 1986 മാർച്ച് വരെ കുമ്പളന്താനം, കുരിശുമുട്ടം. 1986 മാർച്ച് മുതൽ 1988 വരെ, തെള്ളിയൂർ കാഞ്ഞിരപ്പാറ 1988 മുതൽ 1990 വരെ, മരണം 1990 ഡിസംബർ രണ്ടാം തീയതി ഏഴുമണിക്ക്. കബറടക്കം 1990 ഡിസംബർ മൂന്നാം തീയതി വേദപ്രചാര മധ്യസ്ഥൻ ഭാരതത്തിന്റെ ദ്വീതീയ അപ്പസ്തോസൻ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ ദിവസം കളമ്പാല സെന്റ് ആന്റണീസ് ദൈവാലയത്തിന്റെ വടക്കേമുറ്റത്ത് മദ്ബഹായോടു ചേർന്നു തയാറാക്കിയ പ്രത്യേക കല്ലറയിൽ.

**പുരോഹിതൻ**

ദൈവം പ്രത്യേകം തെരഞ്ഞെടുത്ത് നിയോഗിച്ചവരാണ് പുരോഹിതർ. ദൈവജനത്തെ നയിക്കുവാനായി പ്രത്യേകം വിളിക്കപ്പെട്ടവർ. തന്റെ തിരുശരീരരക്തങ്ങളാകുന്ന ദിവ്യരഹസ്യങ്ങളുടെ ശുശ്രൂഷകരാകുവാൻ തെരഞ്ഞെടുത്ത് വേർതിരിച്ച് പ്രത്യേക വസ്ത്രവും നൽകപ്പെട്ടിരിക്കുന്നവർ. “പുരോഹിതരായി എനിക്കു ശുശ്രൂഷ ചെയ്യുവാൻ വേണ്ടി അഹറോനെയും പുത്രന്മാരെയും അഭിഷേകം ചെയ്യുകയും വേർതിരിച്ചു നിർത്തുകയും ചെയ്യുക” (പുറ. 30: 30). “അവിടുന്ന് ഞങ്ങളെ ആത്മാവി



www.malankaralibrary.com

നാൽ പുതിയ ഉടമ്പടിയുടെ ശുശ്രൂഷകരാകുവാൻ യോഗ്യരാക്കിയിരിക്കുന്നു''(2 കോരി. 3: 6). കർത്താവിന്റെ കൂടാരത്തിൽ ശുശ്രൂഷ ചെയ്യാനും സമൂഹത്തിനു മുമ്പിൽ നിന്നു സേവനം അനുഷ്ഠിക്കാനും ഇസ്രായേലിന്റെ ദൈവം സമൂഹത്തിൽ നിന്നു നിങ്ങളെ വേർതിരിച്ചത് നിസാരകാര്യമാണോ? (സംഖ്യ. 16: 19). കർത്താവിന്റെ തെരഞ്ഞെടുക്കപ്പെട്ടവനാണ് പുരോഹിതൻ. കർത്താവാണ് അവന്റെ ഓഹരിയും അവകാശവും. പ്രഭാഷകൻ 45: 2 – 22 ൽ നാം കാണുന്നു: ദൈവം അഹറോനെ തെരഞ്ഞെടുത്ത് പൗരോഹിത്യം നൽകി. വിശേഷ വസ്ത്രങ്ങൾ അണിയിച്ചു. പ്രത്യേക അധികാരങ്ങൾ നൽകി. എന്തിന് ? ബലി അർപ്പിക്കാൻ, ജനത്തെ ആശീർവദിക്കാൻ, പ്രമാണങ്ങൾ പഠിപ്പിക്കാൻ, വിധി പ്രസ്താവിക്കാൻ. അവന്റെ ശത്രുക്കളെ നശിപ്പിച്ചു. ആദ്യഫലങ്ങൾ അവന് അനുവദിച്ചു നൽകി. എന്നാൽ, ദേശത്ത് മറ്റുള്ളവർക്കുള്ളതുപോലെ യാതൊരു അവകാശവും ഓഹരിയും ഉണ്ടായിരിക്കുകയില്ല. കർത്താവ് തന്നെയാണ് അവന്റെ ഓഹരിയും അവകാശവും. നഷ്ടപ്പെടുത്തലിന്റെ ബലിജീവിതം പൗരോഹിത്യം; ദൈവത്തിനുവേണ്ടിയുള്ള നഷ്ടപ്പെടുത്തൽ. സ്വന്തം ജീവൻ കണ്ടെത്തുന്നവൻ അതു നഷ്ടപ്പെടുത്തും. എന്നെ പ്രതി ജീവൻ നഷ്ടപ്പെടുത്തുന്നവൻ അതു കണ്ടെത്തും( മത്തായി 10 : 39). പൗരോഹിത്യത്തെക്കുറിച്ച് ഇപ്രകാരമുള്ള ഉത്തമധാരണകളോടെയാണ് ബഹു. മാത്യു തെങ്ങുംതോട്ടം അച്ചൻ അജപാലനമേഖലയിലേക്ക് ഇറങ്ങിയത്.

**ലാളിത്യവും സമഭാവനയും**

ജീവിതലാളിത്യം അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. ഭക്ഷണത്തിലും വസ്ത്രത്തിലും യാത്രയിലും താമസസൗകര്യ ക്രമീകരണങ്ങളിലുമെല്ലാം ലാളിത്യം അദ്ദേഹം പുലർത്തിയിരുന്നു. എല്ലാവരോടും സമഭാവന പുലർത്തിയിരുന്നപ്പോഴും പാർശ്വവത്കരിക്കപ്പെട്ടവരോടൊരു പരിഗണന അദ്ദേഹം പാലിച്ചിരുന്നു. ജീവിതത്തിൽ പ്രത്യേകിച്ച് ഭക്ഷണത്തിലും വസ്ത്രത്തിലും ലാളിത്യം കൂടിപ്പോകുന്നില്ലേ എന്ന പരാതിയുള്ളവരും ഉണ്ടായിരുന്നു. അത്തരം പരാതിക്കാരോട് അദ്ദേഹത്തിന്റെ ഉത്തരം സ്വാമി വിവേകാനന്ദന്റെ ഒരു ഉദ്ധരണിയായിരുന്നു: ‘‘ഒരിക്കൽ ഒരു ഇംഗ്ലീഷുകാരൻ സ്വാമി വിവേകാനന്ദനോട് ചോദിച്ചു: നിങ്ങൾക്കു പാന്റും ഷർട്ടും ടൈയും ധരിച്ച് ഒരു മാന്യനെപ്പോലെ നടന്നുകൂടെ ?''. സ്വാമി വിവേകാനന്ദൻ പുഞ്ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു: നിങ്ങളുടെ സംസ്കാരത്തിൽ തയ്യൽക്കാരനാണ് മാന്യനെ സൃഷ്ടിക്കുന്നത്. എന്നാൽ, ഞങ്ങളുടെ സംസ്കാരത്തിൽ വ്യക്തിത്വമാണ് ഒരുവനെ മാന്യനാക്കുന്നത് ''.



www.malankaralibrary.com

**കരുണയുടെ മുഖം**

നിയമത്തിന്റെ കാർക്കശ്യവും അധികാരത്തിന്റെ മുഷ്കരത്വവും വെടിഞ്ഞ് സകലരോടും കരുണകാണിക്കുവാനാണല്ലോ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ സകലരോടും, പ്രത്യേകിച്ച് അജപാലകരോട് ആവശ്യപ്പെടുന്നത്. അജപാലന മേഖലകളിലെല്ലാം സകലരോടും കാർക്കശ്യം വെടിഞ്ഞ് കാരുണ്യം കാട്ടിയിരുന്നു ബഹു. മാത്യു തെങ്ങുംതോട്ടത്തിലച്ചൻ. അക്ഷരത്തെറ്റുള്ള വരികൾ വായിക്കുന്നതുപോലെയായിരിക്കണം അജപാലനശൈലി എന്നതായിരുന്നു അദ്ദേഹത്തിന്റെ മതം. ജനങ്ങളുമായുള്ള അജപാലന ഇടപെടലുകളിൽ ചില തെറ്റുകളെയും ശരികളാക്കി വായിക്കണം. അപ്പോൾ അജപാലന ജീവിതത്തിന്റെ ഭംഗി തിരിച്ചറിഞ്ഞാസ്വദിക്കാം.

**വത്തിക്കാൻ സുന്നഹദോസിന്റെ സ്വാധീനം**

രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ കാലത്തായിരുന്നു (1962–65) അദ്ദേഹത്തിന്റെ ദൈവശാസ്ത്ര പഠനം. അതും നൂതനചിന്താഗതിക്കാരും പരീക്ഷണ തല്പരരുമായ ഈശോസഭാ വൈദികരുടെ കീഴിൽ. സുന്നഹദോസിൽ നടക്കുന്ന ചർച്ചകളും തീരുമാനങ്ങളും യഥാസമയം സെമിനാരിയിലും ചർച്ചയ്ക്ക് വിഷയമായിക്കൊണ്ടിരുന്നു. ആരാധന ക്രമം സംബന്ധിച്ച സുന്നഹദോസ് തീരുമാനങ്ങൾ അദ്ദേഹത്തെ പ്രത്യേകം സ്വാധീനിച്ചു. പഠനം പൂർത്തിയായി പൗരോഹിത്യം സ്വീകരിക്കുന്ന സമയമായപ്പോഴേക്കും സുന്നഹദോസിന്റെ പ്രമാണ രേഖകൾ ഗ്രന്ഥരൂപത്തിൽ മലയാളത്തിൽ പ്രസിദ്ധീകൃതമാകുകയും ചെയ്തു. വിശുദ്ധ കുർബാനയും മറ്റ് ആരാധന ശുശ്രൂഷകളും കുദാശകളും ഓരോ ജനതയുടെയും മാതൃഭാഷയിലും സാംസ്കാരിക, സാമൂഹിക പശ്ചാത്തലത്തിലും അനുഷ്ഠിക്കുവാൻ നടപടികളെടുക്കണമെന്നുമുള്ള സുന്നഹദോസിന്റെ പഠനം സഭയിൽ വലിയ വ്യതിയാനത്തിനു വഴിതെളിച്ചതിന് നാമൊക്കെ സാക്ഷികളാണല്ലോ. മലബാർ – ഹൈറേഞ്ച് പ്രദേശങ്ങളിലെ അജപാലന ശുശ്രൂഷാ മേഖലകളിൽ ആരാധനക്രമം സംബന്ധിച്ച സുന്നഹദോസിന്റെ അരൂപി അനുവർത്തിക്കുവാൻ യുവവൈദികനായ അദ്ദേഹം ശ്രമിച്ചതിൽ അത്ഭുതമില്ല. ആരാധന ശുശ്രൂഷകൾ കഴിവതും ക്ലിഷ്ഠതകളും ദൈർഘ്യവും ഒഴിവാക്കിയും ലഘുകരിച്ചും അനുഷ്ഠിക്കുവാൻ അദ്ദേഹം ശ്രമിച്ചു. മലബാറും ഹൈറേഞ്ചും വിട്ട് താഴ്‌വാരത്തിലേക്കിറങ്ങിയപ്പോൾ മാമൂൽപ്രിയർക്ക് ഈ ശൈലി അത്ര രസിച്ചില്ലെങ്കിലും ഉല്പതിഷ്ണുക്കൾക്ക് താല്പര്യമായി. ശുശ്രൂഷാമധ്യേ നീണ്ട വചനപ്ര



www.malankaralibrary.com

സംഗങ്ങൾ ഒഴിവാക്കി ഹ്രസ്വമായ സന്ദേശങ്ങൾ നൽകുന്നതിലായിരുന്നു അദ്ദേഹത്തിനു സന്തോഷം. ആത്മീക ശുശ്രൂഷകൾ മനുഷ്യന് ഒരു ഭാര മാകാതെ സന്തോഷം പകരുന്നതായിരിക്കണം എന്നതായിരുന്നു അദ്ദേ ഹത്തിന്റെ പ്രമാണം.

**പ്രേഷിത ശൈലി**

മനുഷ്യനെ വീണ്ടെടുക്കുവാൻ മനുഷ്യനായി കാലിത്തൊഴു ത്തിൽ പിറന്ന് വഴിയോരങ്ങളിൽ അന്തിയുറങ്ങിയ യേശുനാഥന്റെ ശൈലി യായിരുന്നു ബഹു. തെങ്ങുംതോട്ടത്തിലച്ചനും. ഓരോരുവനെയും നേടാൻ അവനവന്റെ ശൈലി. യുവജനങ്ങളെ ഇടവക ജീവിതത്തിൻെറ മുഖ്യധാ രയിൽ നിലനിർത്താൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. യുവജനങ്ങളെ പള്ളിയോടു ബന്ധിപ്പിച്ചു നിർത്താൻ പള്ളിമേടയിലോ യുവജനസംഘ ടനാ ഓഫീസിലോ ചീട്ടുകളി, ക്യാരംസ്, ചെസ് തുടങ്ങിയ കളികൾ അദ്ദേഹം അനുവദിച്ചിരുന്നു. ചിലപ്പോൾ അദ്ദേഹവും അവരോടൊപ്പം കളിയിൽ പങ്കുചേരുമായിരുന്നു. ചിലപ്പോഴൊക്കെ ഇതിന്റെ പേരിൽ ഇട വകയിലെ ചില മുതിർന്നവരുടെ പഴി കേൾക്കേണ്ടതായി വന്നിട്ടുണ്ട്. അവി ടെയും അദ്ദേഹം എടുത്തിരുന്ന നിലപാട് രസാവഹമായിരുന്നു. ആരെ ങ്കിലും നിങ്ങളെ അകാരണമായി കുറ്റപ്പെടുത്തിയാൽ സന്തോഷിക്കുക. അവർ നിങ്ങളെക്കാൾ വളരെ താഴെയാണ്. നിങ്ങൾക്കൊപ്പമെത്താൻ അവർ വളരെ കഷ്ടപ്പെടുന്നുണ്ട്.

**ഹൃദയത്തെ പണിയുന്നവൻ**

സ്വന്തമായി എന്തെങ്കിലും സമ്പാദിക്കുന്നതിലോ സ്വരുക്കൂട്ടുന്ന തിലോ ഫലകങ്ങളിൽ പേരുകൊത്തിവയ്ക്കുന്നതിലോ പള്ളികളും പള്ളി മേടകളും കുരിശടികളും പണിത് പേരു നിലനിർത്തുന്നതിലോ ഒന്നും അദ്ദേഹം ഹരം കൊണ്ടിരുന്നില്ല. മനുഷ്യഹൃദയങ്ങളിൽ ദൈവഭവനം പണിയുന്നതിനായിരുന്നു തന്റെ ഇടയ ശുശ്രൂഷയിൽ അദ്ദേഹം പ്രാമു ഖ്യം നൽകിയിരുന്നത്. ‘‘.......... നല്ലതെന്തെന്ന് അവിടുന്ന് നിനക്ക് കാണിച്ചു തന്നിട്ടുണ്ട്. നീതി പ്രവർത്തിക്കുക, കരുണകാണിക്കുക, നിന്റെ ദൈവ ത്തിന്റെ സന്നിധിയിൽ വിനീതനായിരിക്കുക. ഇതല്ലാതെ മറ്റെന്താണ് കർത്താവ് നിന്നിൽ നിന്ന് ആവശ്യപ്പെടുന്നത് ’’ (മിക്ക. 6: 8).

**പുനരൈക്യ പ്രേഷിതൻ**

പുനരൈക്യ ശുശ്രൂഷ അദ്ദേഹത്തിന്റെ ആവേശമായിരുന്നു. അജ



www.malankaralibrary.com

പാലന ശുശ്രൂഷയുടെ ആരംഭകാലത്ത് മലബാർ പ്രദേശത്തും തുടർന്ന് ഹൈറേഞ്ചിലെ ഏറ്റവും ദുർഘട പ്രദേശങ്ങളിലും അദ്ദേഹം നിറവേറ്റിയ ശുശ്രൂഷകൾ ആ പ്രദേശവാസികളുടെ മനസിൽ ഇന്നും മായാതെ നിൽക്കുന്നുണ്ട്.ബഹു. അച്ചന്റെ രണ്ടു സഹോദരങ്ങൾ മധ്യപ്രദേശിൽ ഭോപ്പാലിലും രത്ലാമിലും ജോലിയിലിരുന്ന കാലത്ത് അച്ചൻ സഹോദ ങ്ങളെ സന്ദർശിക്കുവാൻ അവിടേക്ക് പോകാറുണ്ടായിരുന്നു. പ്രസ്തുത അവസരങ്ങളിൽ അവിടെയുള്ള മലങ്കര മക്കളെ ഒന്നിച്ചു ചേർത്ത് പ്രാർത്ഥ നായോഗങ്ങളും വിശുദ്ധ കുർബാനയും സംഘടിപ്പിക്കുമായിരുന്നു. 1982 കാലങ്ങളിൽ ബഹു. തെങ്ങുംതോട്ടത്തിലച്ചൻ ആരംഭിച്ച പ്രസ്തുത ശുശ്രൂഷകളുടെ ഒരു കാലിക വളർച്ചയാണ് ഭോപ്പാലിലെ ഇന്നത്തെ നമ്മുടെ ഇടവകയും സ്കൂളും നഴ്സിംഗ് കോളജും  അനുബന്ധ സ്ഥാപനങ്ങളും.

**രസികൻ**

ആരോടും അശേഷവും അസ്വസ്ഥതയോ പരിഭവമോ അദ്ദേഹത്തിനില്ലായിരുന്നു. എത്ര ചെറുതാകാനും അദ്ദേഹത്തിനൊരു മടിയുമില്ലായിരുന്നു. അദ്ദേഹത്തിന്റെ ജീവിത ലാളിത്യത്തെക്കുറിച്ച് തമാശകൾ സൃഷ്ടിക്കുന്നവരോടും അദ്ദേഹം പറയുമായിരുന്നു. ‘‘നിങ്ങൾക്ക് രസിക്കാൻ ഒരവസരം കിട്ടുന്നെങ്കിൽ ആയിക്കൊള്ളട്ടെ’’. മറ്റുള്ളവർക്ക് സന്തോഷം കൊടുക്കുന്നതായിരുന്നു അദ്ദേഹത്തിന്റെയും സന്തോഷം. അമ്പതു വർഷങ്ങൾക്കപ്പുറത്തെ വയനാട്ടിലെയും മലബാറിലെയും ഹൈറേഞ്ചിലെയും കാലാവസ്ഥയും ജീവിത സാഹചര്യങ്ങളും ആരോഗ്യദൃഢഗാത്രനായിരുന്ന അച്ചന്റെ ആരോഗ്യത്തെ ബാധിച്ചിരുന്നു എന്നു തോന്നിപ്പോകുന്നു. ഇത് ആരംഭകാല പുനരൈക്യ പ്രേഷിതരുടെ പ്രത്യേകതയെന്നു കരുതിയാൽ മതി.

“No one notices your tears
No one notices your sadness
No one notices your pains

But they all notice your mistakes”

**പിൻകുറി**

അടുത്ത നാളിൽ വായിച്ച ഒരു കവിതാഭാഗം കൊണ്ടവസാനിപ്പിക്കാം.
‘‘സത്യംസത്യമായിട്ടു ഞാൻ
നിങ്ങളോടു പറയുന്നു



www.malankaralibrary.com

കോഴ വാങ്ങലില്ലാതാവണമെങ്കിൽ
കോഴ കൊടുക്കലില്ലാതാകണം
കോഴ കൊടുക്കലില്ലാതാകണമെങ്കിൽ
കാശില്ലാതാകണം
കാശില്ലാതാകണമെങ്കിൽ
കീശയില്ലാതാകണം
കീശയില്ലാതാകണമെങ്കിലാശയില്ലാതാകണം
ആശയില്ലാതാവാനെന്തുവേണമെന്നു
പറയാനെനിക്കറിയില്ല
ഈ അജ്ഞാനമുള്ളതുകൊണ്ടാണല്ലോ
ഞാൻ യേശുവാകാതെ വെറുമൊരശുവായത് ".

ആശയില്ലാതാവാനെന്തുവേണമെന്നു പറയാൻ കവിക്കറിയില്ല. ബഹു. മാത്യു തെങ്ങുംതോട്ടത്തിലച്ചനെ അറിഞ്ഞിരുന്നെങ്കിൽ കവി അങ്ങനെ പറയുമായിരുന്നില്ലെന്ന് എനിക്കു തോന്നുന്നു. അതായിരുന്നു ബഹു. മാത്യു. തെങ്ങുംതോട്ടത്തിലച്ചൻ.



www.malankaralibrary.com



# ആടുകൾ സ്നേഹിച്ച ആടുകളെ സ്നേഹിച്ച ഇടയൻ

**ആമുഖം**

ആകാശവിതാനത്ത് നയനാന്ദകരമായ വർണ്ണരാചികൾ തീർത്ത് പ്രകാശം പരത്തി ക്ഷണനേരം കൊണ്ട് അപ്രത്യക്ഷമാകുന്ന മിന്നൽ പിണർപോലെ വെറും ആററവർഷത്തെ വൈദികശുശ്രൂഷകൊണ്ട് ഇടവക കൂട്ടായ്മകളിലും തിരുവല്ല അതിരൂപതയിലെ വൈദികകൂട്ടായ്മയിലും പ്രകാശം പരത്തി നിത്യസൗഭാഗ്യത്തിലേക്ക് മടങ്ങിപോയ ബഹു. ജോസഫ് ചെറുപുഴത്തോട്ടത്തിൽ അച്ചന്റെ സ്മരണ അദ്ദേഹത്തെ ഏതെങ്കിലും തരത്തിൽ കണ്ടുമുട്ടിയിട്ടുള്ളവരുടെയെല്ലാം മനസ്സിൽ ഇന്നും സജീവമായി നില്ക്കുന്നു. ഓരോ മിന്നലും ഭൂമിയെ ജീവസുറ്റതാക്കുന്നതുപോലെ ബഹു. ചെറുപുഴത്തോട്ടത്തിൽ അച്ചന്റെ ഹൃസ്വജീവിതവും സമൂഹത്തിന് ജീവദായകമായിരുന്നു. അലിഞ്ഞുചേർന്ന് ജലത്തെ രസമുള്ളതാക്കുന്ന ഉപ്പുപോലെ സമൂഹത്തിൽ അലിഞ്ഞുചേർന്ന് അതിനെ രുചികരവും ആസ്വാദ്യകരവുമാക്കുന്നതുമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം.

'കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും, എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാണ് ' (സങ്കീ. 16/5). ബഹു. ജോസഫ് ചെറുപുഴത്തോട്ടത്തിൽ അച്ചനെക്കുറിച്ച് ഒരു ചെറുകുറിപ്പ് എഴുതുവാൻ ആലോചിച്ചപ്പോൾ എന്റെ മനസ്സിൽ വന്ന ദൈവവചനമാണ് മുകളിൽ ഉദ്ധരിച്ചത്. അദ്ദേഹത്തിന്റെ ഇരുപത്തഞ്ചാം ഓർമ്മയാചരണത്തോടനുബന്ധിച്ച് 2017 ഓഗസ്റ്റ് 12-ാം തീയതി ശനിയാഴ്ച കടമാൻകുളം തിരുഹൃദയ പള്ളിയിൽ പ്രത്യേക വി. കുർബാനയും അനുസ്മരണ ചടങ്ങുകളും ക്രമീകരിച്ചിരുന്നു. അന്ന് ഒരു അനുസ്മരണാ കുറിപ്പ് തയ്യാറാക്കുവാൻ



www.malankaralibrary.com

ആഗ്രഹിച്ചിരുന്നു. വൈദികാഭിഷേകത്തിൽ ഏതാനും വർഷത്തെ വ്യത്യാസമുണ്ടെങ്കിലും ഒരേ കാലത്ത് സെമിനാരിയിൽ ഉണ്ടായിരുന്നതിന്റെ ഓർമ്മകളും ചുരുങ്ങിയ കാലത്തെ ഒരേ വൈദികകൂട്ടായ്മയിലുണ്ടായിരുന്ന പങ്കാളിത്തത്തിന്റെ സജീവസ്മരണകളും ഇന്ധനമാക്കി അനുസ്മരണ തയ്യാറാക്കുവാൻ ഒരുങ്ങി ആദ്യവാചകം എഴുതിക്കൊണ്ടിരിക്കുമ്പോൾ അപരിചിതനായ ഒരു വൈദികൻ മുറിയിലേക്ക് കടന്നുവന്ന് പരിചയപ്പെടുത്തി. പാലാ രൂപതയിൽപെട്ട വാഗമൺ ഇടവകയുടെ വികാരിയും നെബോ ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടറുമായ ബഹു. തോമസ് വാഴചാരിയ്ക്കൽ അച്ചൻ അദ്ദേഹത്തിന്റെ ഗവേഷണ പ്രബന്ധം പുസ്തകരൂപത്തിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുവാൻ തയ്യാറെടുക്കുകയാണ്. അതിലേക്ക് അഭിവന്ദ്യ തോമസ് മാർ കൂറിലോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ് പിതാക്കന്മാരുടെ ഓരോ ആസ്വാദനകുറിപ്പ് ലഭ്യമാക്കുവാനാണ ദ്ദേഹം വന്നത്. അഭിവന്ദ്യ പിതാക്കന്മാരേ കാണുവാൻ സാധിക്കാതിരുന്നതിനാൽ എന്റെ അടുത്തുവന്നതാണ്. തിരുവല്ല അതിരൂപതയിലെ ബഹു. ജോസഫ് ചെറുപുഴത്തോട്ടത്തിൽ അച്ചൻ സഹപാഠിയായിരുന്നു എന്ന് പറഞ്ഞപ്പോൾ ഞാൻ പറഞ്ഞു: അദ്ദേഹത്തിന്റെ മരണത്തിന്റെ ഇരുപത്തഞ്ചാം വർഷമാണ്. ഓഗസ്റ്റ് 12-ാം തീയതി ഇടവക പള്ളിയിൽ പ്രത്യേക ചടങ്ങുകൾ ക്രമീകരിക്കുന്നുണ്ട്, അദ്ദേഹത്തെക്കുറിച്ച് ഒരു അനുസ്മരണ തയ്യാറാക്കുകയാണ് ഞാൻ. ആദ്യത്തെ വാചകം എഴുതിക്കൊണ്ടിരുന്നപ്പോഴാണ് അച്ചൻ കടന്നുവന്നത് എന്ന്. ഒരു ദൈവനിയോഗം പോലെ ബഹു. തോമസ് വാഴചാരിക്കൽ അച്ചൻ ബഹു. ജോസഫ് ചെറുപുഴത്തോട്ടത്തിൽ അച്ചനെക്കുറിച്ച് ഏറെ കാര്യങ്ങൾ പങ്കുവച്ചു. അദ്ദേഹത്തിന്റെ വാക്കുകളും ഈ അനുസ്മരണക്കുറിപ്പ് തയ്യാറാക്കാൻ സഹായകമായി. കല്ലൂപ്പാറ കാളിയാങ്കലായ മുണ്ടുപാലത്തുങ്കൽ കുടുംബചരിത്രഗ്രന്ഥവും തിരുവല്ല അതിരൂപതയിലെ രേഖകളും ബഹു. ജോസ് ചെറുപുഴത്തോട്ടത്തിൽ അച്ചന്റെ സഹപാഠികളിൽ നിന്നും ലഭിച്ച വിവരങ്ങളുമാണ് ഈ ലേഖനത്തിന് ആധാരം. വസ്തുതാപരമായ തെറ്റുകളുണ്ടെങ്കിൽ തിരുത്തലിനു വിധേമാണ്.

**കുടുംബപുരാണം**

പാലയൂരിൽ വച്ച് മാർത്തോമ്മാശ്ലീഹായിൽ നിന്ന് സുവിശേഷം സ്വീകരിച്ച കാളികാവ് തറവാട്ടിൽപെട്ടവർ ചരിത്രപരമായ കാരണങ്ങളാൽ സ്വദേശം വിട്ട് കുറവിലങ്ങാട് കടുത്തുരുത്തി പ്രദേശത്തും തുടർന്ന് 'പള്ളിവാതുക്കൽ' എന്ന വീട്ടുപേരിൽ നിലയ്ക്കലും വന്നു വസിച്ചു. കാലാന്തരത്തിൽ നിലയ്ക്കൽ വിട്ടുപേക്ഷിച്ച് പുറപ്പെട്ട അവരിൽ ഒരുകൂട്ടർ കാഞ്ഞി



www.malankaralibrary.com

രപ്പള്ളിയിലും മറ്റൊരു കൂട്ടർ കടമ്പനാട്ടും അതേ കുടുംബപേരിൽ വന്നു വസിച്ചു. ഏകദേശം ഏഴ് നൂറ്റാണ്ടുകൾക്ക് മുമ്പ് കടമ്പനാട്ട് പള്ളിവാതുക്കൽ കുടുംബത്തിന്റെ ശാഖയായ തെക്കേവീട്ടിൽ നിന്ന് സഹോദരങ്ങളായ വർക്കിയും നൈനാനും പുത്തൻകാവിൽ എത്തി 'വലിയവീട്ടിൽ' എന്ന കുടുംബനാമം സ്വീകരിച്ച് താമസിച്ചിരുന്നു. കൂടുതൽ മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ തേടി വർക്കി അവിടെ നിന്നും ഇടപ്പള്ളി സ്വരൂപത്തിന്റെ ഭരണാധികാര അതിർത്തിയിൽപെട്ട കല്ലൂപ്പാറ പ്രദേശത്ത് എത്തി. അവിടെ വേലന്മാരുടെ 'ചുടുകാട് ' വർക്കിയ്ക്ക് വീട് വയ്ക്കാൻ ഇടപ്പള്ളി തമ്പുരാൻ കല്പിച്ച് നല്കി. പ്രസ്തുത പുരയിടത്തിന്റെ അടുത്ത് വഴിയിൽ നീളം കുറഞ്ഞ ഒരു പാലം (തുണ്ടുപാലം) ഉണ്ടായിരുന്നു. അതു കാരണം വർക്കിയ്ക്ക് 'മുണ്ടുപാലത്തുങ്കൽ' എന്ന് വീട്ടുപേരും വീണു. കല്ലൂപ്പാറ വലിയപള്ളിയുടെ തുടക്കകാലത്തിനും മുമ്പാണിത്. പ്രസ്തുത വർക്കിയുടെ 13-ാം തലമുറയിൽപെട്ട വർക്കിയുടെ മൂന്ന് ആൺമക്കളിൽ മൂന്നാമൻ മാമ്മൻ മുണ്ടുപാലത്തുങ്കൽ നിന്ന് ചെറുപുഴത്തോട്ടത്തിലേക്ക് മാറി താമസിച്ചു. ചെറുപുഴത്തോട്ടത്തിൽ ശാഖയുടെ തുടക്കം അദ്ദേഹത്തിലാണ്. പ്രസ്തുത മാമ്മന്റെ മൂന്നാം തലമുറയിൽപെട്ട (മുണ്ടുപാലത്തുങ്കൽ വന്നു താമസിച്ച വർക്കിയുടെ പതിനേഴാം തലമുറ) ചാണ്ടിയുടെ (ബേബി) മൂന്ന് പുത്രന്മാരിൽ രണ്ടാമനായിരുന്നു നമ്മുടെ കഥാപുരുഷൻ ബഹു. ജോസഫ് ചെറുപുഴത്തോട്ടത്തിൽ അച്ചൻ.

**ജനനം, പഠനം, ദൈവവിളി**

ജനനം 1958 മാർച്ച് 16-ാം തീയതി. ജ്ഞാനസ്നാനവും സ്ഥൈര്യലേപനവും കടമാൻകുളം തിരുഹൃദയപള്ളിയിൽ വച്ച് 1958 ഏപ്രിൽ ഒന്നാം തീയതി. പ്രാഥമിക വിദ്യാഭ്യാസം കടമാൻകുളം സെന്റ് മേരീസ് എൽ. പി. സ്കൂളിലും തുടർപഠനം പുതുശ്ശേരി എം. ജി. ഡി. ഹൈസ്കൂളിലും . 1975 ൽ എസ്സ്. എസ്സ്. എൽ. സി. പരീക്ഷ പാസ്സായി വൈദിക പരിശീലനത്തിനായി 1975 ജൂൺ 14-ാം തീയതി തിരുവല്ല ഇൻഫന്റ് മേരീസ് മൈനർ സെമിനാരിയിൽ ചേർന്നു. നാല് വർഷത്തെ മൈനർ സെമിനാരി പരിശീലന കാലയളവിൽ എടത്വാ സെന്റ് അലോഷ്യസ് കോളേജിൽ ചേർന്ന് പ്രീഡിഗ്രി പഠനം പൂർത്തിയാക്കി. തത്വശാസ്ത്ര പഠനം 1979 ജൂൺ മുതൽ 1982 മാർച്ച് വരെ തമിഴ്നാട്ടിലെ തൃശ്ശിനാപ്പള്ളി സെന്റ് പോൾസ് സെമിനാരിയിൽ നടത്തി തത്വശാസ്ത്രത്തിൽ ബിരുദം നേടി. തുടർന്ന് 1982 ജൂൺ മുതൽ കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ ദൈവശാസ്ത്ര പഠനം നടത്തി. 1984 മെയ് 16-ാം തീയതി മേരിഗിരി അരമന ചാപ്പലിൽ വച്ച് അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ



www.malankaralibrary.com

മെത്രാപ്പോലീത്തായിൽ നിന്ന് മ്സമറോനോ, കോറൂയോ, ഹെവുപ്പ ദ്യാക്ക്നോ പട്ടങ്ങളും 1984 ഡിസംബർ 21 -ാം തീയതി മ്ശംശോനോ പട്ടവും സ്വീകരിച്ചു. വടവാതൂർ സെമിനാരി റെക്ടർ മോൺസിഞ്ഞോർ സഖറിയാസ് വാഴപ്പള്ളിൽ ആദ്ധ്യാത്മിക പിതാവ് മോൺസിഞ്ഞോർ മാത്യു മങ്കുഴിക്കരി തുടങ്ങിയ വിശുദ്ധരും പണ്ഡിതരുമായ ഗുരുക്കന്മാരുടെ കീഴിലുള്ള പഠനവും പരിശീലനവും ആദ്ധ്യാത്മികതയിലും പ്രേഷിതചൈതന്യത്തിലും ആഴപ്പെടുവാൻ സഹായിച്ചു.

കുടുംബത്തിൽ നിന്നു ലഭിച്ച പുനരൈക്യ പ്രേഷിതചൈതന്യത്തിൽ ജ്വലിക്കുവാൻ സെമിനാരി പരിശീലനം ഇടയാക്കി. നാല് വർഷത്തെ ദൈവശാസ്ത്രപഠനം വിജയകരമായി പൂർത്തിയാക്കി ബഹു. ജോസഫ് ചെറുപുഴത്തോട്ടത്തിൽ ശെമ്മാശ്ശൻ തന്റെ സഹപാഠികളായിരുന്ന മാമ്മൻ ചക്കാലപടിയ്ക്കൽ (അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത) ജോൺ തോമസ് കണ്ടത്തിങ്കൽ (തെള്ളിയൂർ) ചെറിയാൻ മാമ്പ്രക്കുഴി (കടമാൻകുളം) ജോസ് പൊയ്കയിൽ (ചെങ്ങരൂർ) എന്നീ ബഹു. ശെമ്മാശ്ശന്മാരോടൊപ്പം അഭിവന്ദ്യ ഐസക്ക് മാർ യൂഹാനോൻ മെത്രാപ്പോലീത്തായുടെ കൈവയ്പ്പാൽ 1985 ഡിസംബർ 30-ാം തീയതി തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് വൈദികനായി അഭിഷിക്തനായി. അങ്ങനെ വൈദികരുടെ എണ്ണം കൊണ്ട് സമ്പന്നമായ കടമാൻകുളം ഇടവകയിലും കല്ലൂപ്പാറ കാളിയാങ്കലായ മുണ്ടുപാലത്തുങ്കൽ കുടുംബത്തിന്റെ ചെറുപുഴത്തോട്ടത്തിൽ ശാഖയിലും ഒരു വൈദികൻ കൂടി അഭിഷിക്തനായി. പിറ്റേദിവസം രാവിലെ കടമാൻകുളം തിരുഹൃദയ ഇടവക ദൈവാലയത്തിൽ പ്രഥമ ദിവ്യബലി അർപ്പിച്ചു. നവവൈദികനും കുടുംബാംഗങ്ങളും പുത്തൻകുർബ്ബാനയോടനുബന്ധിച്ചുള്ള ചടങ്ങുകളും വിരുന്നും ലളിതവും അനാർഭാടവുമാക്കാൻ ശ്രമിച്ചിരുന്നത് അതിഥികളുടെ അഭിനന്ദനത്തിന് ഇടയാക്കി.

### പ്രേഷിതവയലിലേക്ക്

ആദ്യ അജപാലന നിയമനം 1986 ജനുവരി മാസത്തിൽ ബഹു. ആന്റണി ചെത്തിപ്പുഴ അച്ചന്റെ സഹായിയായി ചുവന്നമണ്ണ്, കൊമ്പഴ, അടിപ്പെരണ്ട, ചക്കുണ്ട് ഇടവകകളിലേക്കായിരുന്നു. ചുവന്നമണ്ണ് പള്ളിയിലെ വൈദിക വസതിയിൽ താമസിച്ചുകൊണ്ട് ഔദ്യോഗികമായി ചുമതല ഏല്പിക്കപ്പെട്ടിരുന്ന പള്ളികളിൽ മാത്രമല്ല അടുത്തുള്ള മറ്റ് ഇടവകകളിലും അജപാലനശുശ്രൂഷയിൽ വൈദികരെ സഹായിക്കുന്നതിൽ അദ്ദേഹം സദാസന്നദ്ധനായിരുന്നു. 1987 മെയ് മാസം മുതൽ കൊമ്പഴ, അടിപ്പെരണ്ട ഇടവകകളുടെ വികാരിയായി അദ്ദേഹം നിയമിതനായി. ചുവ



www.malankaralibrary.com

ന്നമണ്ണ് പള്ളിയിലെ വൈദികമന്ദിരത്തിൽ വസിച്ചുകൊണ്ടു തന്നെ അദ്ദേഹം ശുശ്രൂഷകൾ തുടർന്നു. യുവവൈദികന്റെ പ്രേഷിതചൈതന്യം തിരിച്ചറിഞ്ഞ മേഖലയിലെ ബഹു. വൈദികർ അദ്ദേഹത്തെ കുന്ദംകുളം വൈദിക ജില്ലയുടെ എം. സി. വൈ. എം. ഡയറക്ടറായി തെരഞ്ഞെടുത്തു. തുടർന്നുള്ള രണ്ട് വർഷക്കാലം കുന്ദംകുളം മേഖലയിലെ എം. സി. വൈ. എം. പ്രവർത്തനങ്ങളുടെ സുവർണ്ണ കാലമായിരുന്നു. രൂപതാതലത്തിൽ കുന്ദംകുളം മേഖല പ്രവർത്തനങ്ങളിൽ തിളങ്ങിനിന്നിരുന്നു.

രണ്ട് വർഷങ്ങൾക്ക് ശേഷം 1989 മെയ് 14-ാം തീയതി അദ്ദേഹം കുന്നിക്കുരുടി, മഴുവന്നൂർ ഇടവകകളുടെ വികാരിയായി നിയമിതനായി. വൈദിക പരിശീലനത്തിനായി മൈനർ സെമിനാരിയിലേക്ക് തന്നെ സ്വീകരിച്ച് പ്രഥമ റെക്ടർ ബഹു. ജോർജ്ജ് ചുണ്ടേവാലേൽ അച്ചൻ തിരുവല്ല രൂപതയുടെ അദ്ധ്യക്ഷനായി നിയമിതനായതിനുശേഷം അദ്ദേഹം നടത്തിയ വൈദികരുടെ പൊതുസ്ഥലമാറ്റത്തോടനുബന്ധിച്ചായിരുന്നു. ബഹു. ചെറുപുഴത്തോട്ടത്തിൽ അച്ചന്റെ കുന്നിക്കുരുടി, മഴുവന്നൂർ ഇടവകകളിലേക്കുള്ള നിയമനം. കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലെത്തിയിരുന്ന കുന്നുക്കുരുടിയിലെ വൈദികഭവനവും ഇടവകദൈവാലയവും പുതുക്കിപ്പണിയുക എന്ന ദൗത്യവും നല്കിയായിരുന്നു പ്രസ്തുത നിയമനം. ഇടവക ജനങ്ങളുടെ പരിപൂർണ്ണ സഹകരണത്തോടെ രണ്ട് വർഷം കൊണ്ട് പള്ളിയും പള്ളിമേടയും അദ്ദേഹം പുനഃനിർമ്മിച്ചു. ഇടവകക്കാരുടെയും നാട്ടുകാരുടെയും ഹൃദയത്തിൽ സ്ഥാനം നേടിയിരുന്ന അവസരത്തിൽ അടുത്ത സ്ഥലമാറ്റം അദ്ദേഹത്തെ തേടിയെത്തി. 1992 ജനുവരിയിൽ ചേലക്കര, കല്ലേപ്പാടം, കൊണ്ടാഴി എന്നീ ഇടവകകളുടെ ഇടയനായി നിയമിതനായി. ചേലക്കര ദൈവാലയത്തിന്റെ പുനഃനിർമ്മാണം മനസ്സിൽ കണ്ടുകൊണ്ടായിരുന്നു രൂപതാദ്ധ്യക്ഷൻ ഈ നിയമനം നടത്തിയത്. അധികാരികൾ മനസ്സിൽ കാണുന്നത് മരത്തേൽ കാണുവാൻ കഴിവുള്ളവനായിരുന്നു ബഹു. ചെറുപുഴത്തോട്ടത്തിൽ അച്ചൻ. ചേലക്കര എത്തിയതുമുതൽ പുതിയ ദൈവാലയ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ അദ്ദേഹം ആരംഭിച്ചു. ഇടവകജനങ്ങളെ മുഴുവൻ ചുരുങ്ങിയ കാലംകൊണ്ട് ഒരേ ചരടിൽ കോർത്തിണക്കി. ഇതേ കാലത്ത് സ്വകാര്യമാനേജ്മെന്റിന്റെ വകയായിരുന്ന ഇളനാട് സെന്റ് ജോൺസ് ഹൈസ്കൂൾ തിരുവല്ല രൂപതയ്ക്കു വേണ്ടി വാങ്ങുന്നതിനുമുള്ള ആലോചനകൾ അദ്ദേഹം ആരംഭിച്ചിരുന്നു. പിന്നീട് 1993 ൽ ബഹു. ജോൺ തോമസ് കണ്ടത്തിങ്കൽ അച്ചന്റെ നേതൃത്വത്തിൽ പ്രസ്തുത സ്കൂൾ രൂപതയ്ക്കു വേണ്ടി വാങ്ങുകയുണ്ടായി. ആറ് മാസത്തെ പ്രവർത്തനങ്ങൾ കൊണ്ട് ഇടവകക്കാരുടെ മുഴുവൻ ഹൃദയം കവരുവാൻ ബഹു. ചെറുപു



www.malankaralibrary.com

ഴത്തോട്ടത്തിൽ അച്ചന് സാധിച്ചു. ചേലക്കര ഇടവകയും കുന്നിക്കുരുടി ഇടവകയും എല്ലാ വർഷവും അദ്ദേഹത്തിന്റെ അനുസ്മരണ നടത്താറുണ്ട് എന്നത് അദ്ദേഹം അവർക്ക് എത്രമാത്രം സ്വീകാര്യനായിരുന്നു എന്നതിന്റെ തെളിവാണ്.

**അന്ത്യയാത്ര**

ഓഗസ്റ്റ് 4–ാം തീയതിയിലെ വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് വൈദികദിനവും ഓഗസ്റ്റ് 6–ാം തീയതി അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായുടെ മെത്രാഭിഷേക വാർഷികവും സംയുക്തമായി ആഘോഷിക്കുന്ന പതിവുണ്ടായിരുന്നു തിരുവല്ല രൂപതയിൽ. 1992 ൽ പ്രസ്തുത ആഘോഷം ഓഗസ്റ്റ് 6, 7 തീയതികളിലായിരുന്നു. വൈദികകൂട്ടായ്മ എന്തിനെക്കാൾ അധികം ഇഷ്ടപ്പെട്ടിരുന്ന ചെറുപുഴത്തോട്ടത്തിൽ അച്ചൻ വൈദികരുടെ കൂടിവരവ് ഒരിക്കലും നഷ്ടപ്പെടുത്തിയിരുന്നില്ല. ചേലക്കരയിൽ നിന്നും അദ്ദേഹം ബസ്സിൽ തിരുവല്ലായിൽ എത്തി. മടക്കയാത്രയിൽ ഏഴാംതീയതി തന്റെ സഹപാഠിയായ ബഹു. ജോസ് പൊയ്കയിൽ അച്ചൻ വികാരി ആയിരിക്കുന്ന പൂതൃക്ക പള്ളിയിൽ എത്തി വിശ്രമിച്ചു. വെട്ടിയ്ക്കൽ പള്ളി വികാരിയും ചെറുപുഴത്തോട്ടത്തിൽ അച്ചന്റെ ഉത്തമസ്നേഹിതനുമായ ബഹു. സ്കറിയ വട്ടമറ്റം അച്ചനും അവിടെ എത്തി. ബഹു. ചെറുപുഴത്തോട്ടത്തിൽ അച്ചന്റെ മോട്ടോർ സൈക്കിൾ സർവ്വീസിംഗിനായി നല്കിയിരിക്കുകയായിരുന്നു. പിറ്റെ ദിവസം (8/ 8/ 92) രാവിലെ 11 മണിക്ക് അദ്ദേഹത്തിന് കൊണ്ടാഴി ഇടവകയിൽ ഒരു വിവാഹവാഗ്ദാന ശുശ്രൂഷ നടത്തേണ്ടതുണ്ട്. രാത്രി വിശ്രമത്തിനുശേഷം രാവിലെ 6. 30 മണിയോടുകൂടി ബഹു. സ്കറിയാ വട്ടമറ്റം അച്ചന്റെ ബജാജ് ചേതക്ക് സ്കൂട്ടറുമായി അദ്ദേഹം ചേലക്കരയിലേക്ക് പുറപ്പെട്ടു. മദനിയുടെ കാല് വെട്ട് സംഭവവുമായി ബന്ധപ്പെട്ട് അന്ന് പി. ഡി. പി. സംസ്ഥാന ബന്ദ് ആഹ്വാനം ചെയ്തിരുന്ന ദിവസവുമായിരുന്നു. രാത്രിയിലാണ് ബന്ദ് പ്രഖ്യാപനം ഉണ്ടായത്. നേരത്തെ അറിഞ്ഞിരുന്നെങ്കിൽ തലേദിവസം തന്നെ മടങ്ങി പോകാമായിരുന്നു. കാരണം വിവാഹവാഗ്ദാന ശുശ്രൂഷ സമയത്ത് നടത്തണമല്ലോ.

**1992 ഓഗസ്റ്റ് 8 ശനി** രാവിലെ 8. 30 ന് ആ ദുഃഖവാർത്ത കാതുകളിലെത്തി. തൃശ്ശൂർ പുതുക്കാട് എന്ന സ്ഥലത്തുവച്ച് ചെറുപുഴത്തോട്ടത്തിൽ അച്ചൻ സഞ്ചരിച്ചിരുന്ന സ്കൂട്ടർ അപകടത്തിൽപെട്ടു. ബഹു. അച്ചൻ മരിച്ചു. പോലീസ് സ്റ്റേഷന് മുൻപിലാണ് സംഭവം. എന്താണ് സംഭവിച്ചതെന്ന് ഇന്നും വ്യക്തമല്ല. മറ്റ് വാഹനങ്ങളുമായി കൂട്ടിയിടിച്ചി



www.malankaralibrary.com

ട്ടില്ല. അച്ചൻ ഓടിച്ചിരുന്ന സ്കൂട്ടറിന് യാതൊരു പരുക്കും സംഭവിച്ചിട്ടില്ല. ബഹു. അച്ചന്റെ തലയ്ക്കോ, മുഖത്തോ മറ്റ് ഏതെങ്കിലും അവയവത്തിനോ യാതൊരു പരുക്കും കാണാനില്ല; നാഭിപ്രദേശത്ത് ആഴത്തിൽ ഒരു മുറിവ് ഒഴികെ. വാഹനാപകടം എന്നല്ലാതെ അദ്ദേഹത്തിന്റെ മരണകാരണത്തെക്കുറിച്ച് വ്യക്തമായ അറിവുകൾ ഇന്നും ലഭ്യമായിട്ടില്ല. യാത്രയ്ക്കിടെ ഹൃദയാഘാതം ഉണ്ടായതാണോ ? നാഭിപ്രദേശത്ത് മാത്രം എങ്ങനെ മുറിവുണ്ടായി ? ആ മുറിവാണോ മരണകാരണം ? അതോ മറ്റ് ആന്തരിക മുറിവുകളോ രക്തസ്രാവമോ ഉണ്ടായിരുന്നോ ? പി. ഡി. പി. പ്രഖ്യാപിത ബന്ദും അപകടവും തമ്മിൽ എന്തെങ്കിലും ബന്ധം ഉണ്ടോ ? പോലീസ് സ്റ്റേഷന് തൊട്ട് മുൻപിൽ നടന്ന അപകടത്തെക്കുറിച്ച് എന്തേ കൂടുതൽ അറിവുകൾ ലഭിക്കാതെ പോയത് ? ബുള്ളറ്റ് മോട്ടോർ സൈക്കിൾ ഉപയോഗിക്കുന്ന ആൾ ബജാജ് ചേതക്ക് സ്കൂട്ടർ ഉപയോഗിച്ചത് അപകടകാരണമായോ ? ബഹു. ചെറുപുഴത്തോട്ടത്തിൽ അച്ചന്റെ മരണ വാർത്ത അദ്ദേഹത്തെ അറിയുന്നവരെയെല്ലാം ദുഃഖത്തിലാഴ്ത്തി. ആയിരങ്ങൾ കണ്ണീർ തൂകി മൃതശരീരം കണ്ട് കടന്നു പോകുമ്പോൾ ബഹു. ചെറുപുഴത്തോട്ടത്തിൽ അച്ചന്റെ ഭൗതിക ശരീരം പുഞ്ചിരിക്കുന്ന മുഖത്തോടെ പേടകത്തിൽ കിടന്നിരുന്നു. നിയമപരമായ പരിശോധനകൾക്കും നടപടികൾക്കും ശേഷം അച്ചന്റെ ഭൗതികശരീരം കടമാൻകുളം തിരുഹൃദയ പള്ളി സെമിത്തേരിയിൽ ഓഗസ്റ്റ് 8-ാം തീയതി അടക്കം ചെയ്തു. ബഹു. വൈദികരും സന്യസ്തരും അല്മായരുമായി വലിയ ഒരു ജനക്കൂട്ടം മൃതസംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു.

**വൈദികർക്ക് ഉത്തമ തോഴൻ**

വൈദിക കൂട്ടായ്മകൾ അദ്ദേഹം അതിയായി ആസ്വദിക്കുക മാത്രമല്ല മറ്റുള്ളവർക്കും ആസ്വാദ്യകരമാക്കുകയും ചെയ്തിരുന്നു. രൂപതാതലത്തിലും മേഖലാതലത്തിലുമുള്ള വൈദിക സമ്മേളനങ്ങളിൽ നിറസാന്നിദ്ധ്യമായിരുന്നു അദ്ദേഹം. ഇടപെടലുകളും രസപ്രദമമായ നിർദ്ദേശങ്ങളും വഴി ചർച്ചാസമ്മേളനങ്ങളെ അദ്ദേഹം സജീവമാക്കിയിരുന്നു. വാർദ്ധക്യത്തിലോ രോഗത്തിലോ ആയ ബഹു. വൈദികരെ സന്ദർശിക്കുന്നതും സഹായിക്കുന്നതും അദ്ദേഹത്തിന് ആനന്ദകരമായിരുന്നു. ഇടവകയിൽ വലിയ തിരക്കുകൾ ഇല്ലാത്ത സന്ദർഭങ്ങളിൽ സമീപ പള്ളികളിൽ ബഹു. വൈദികരെ സന്ദർശിക്കുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. വൈദിക കൂട്ടായ്മകളിൽ സംബന്ധിക്കുന്നതിനുള്ള സന്തോഷമാണ് ഓഗസ്റ്റ് 8-ാം തീയതി കൊണ്ടാഴി പള്ളിയിൽ വിവാഹവാഗ്ദാനം നടത്തേണ്ടതുണ്ടായിട്ടും ഓഗസ്റ്റ് 6, 7 തീയതികളിൽ തിരുവല്ലായിൽ നടന്ന



www.malankaralibrary.com

വൈദിക കൂട്ടായ്മയിൽ പങ്കെടുക്കുവാൻ അദ്ദേഹത്തിന് ഇടയാക്കിയത്. ബഹു. ചെറുപുഴത്തോട്ടത്തിൽ അച്ചന്റെ സാന്നിധ്യം സഹവൈദികർക്ക് എപ്പോഴും ആനന്ദകരമായിരുന്നു. ഏത് വിരസസമ്മേളനവും അദ്ദേഹത്തിന്റെ സാന്നിദ്ധ്യം കൊണ്ട് സജീവമായിരുന്നു.

**യുവജനങ്ങൾക്കൊരു സാരഥി**

യുവജനങ്ങളുടെ ഇടയിലെ ശുശ്രൂഷകളെ ഏറെ ഇഷ്ടപ്പെട്ടിരുന്നു അദ്ദേഹം. കുന്ദംകുളം വൈദികജില്ലയിലെ എം. സി . വൈ. എം. സംഘടനയുടെ ഡയറക്ടറായി അദ്ദേഹം പ്രവർത്തിച്ച രണ്ടു വർഷവും സംഘടന രൂപതയുടെ മുൻനിരയിൽ തിളങ്ങിയിരുന്നു. സഭയോട് പ്രതിബദ്ധതയുള്ള നേതാക്കന്മാരെ വളർത്തിയെടുക്കുവാനുള്ള അദ്ദേഹത്തിന്റെ ശ്രമം വിജയം കണ്ടുവെന്ന് ഇന്ന് നമുക്ക് സാക്ഷ്യപ്പെടുത്തുവാൻ സാധിക്കും. രൂപതാതലത്തിലുള്ള യുവജനപ്രവർത്തനങ്ങളിലും ബഹു. ചെറുപുഴത്തോട്ടത്തിൽ അച്ചന്റെ നേതൃത്വം സജീവമായിരുന്നു. പ്രതിസന്ധി സന്ദർഭങ്ങളിൽ നിറപുഞ്ചിരിയുമായി കടന്നുചെന്ന് പ്രശ്നങ്ങളെ ലഘൂകരിക്കുവാനും പരിഹരിക്കുവാനും അദ്ദേഹത്തിനുണ്ടായിരുന്ന കഴിവ് പ്രശംസനീയമായിരുന്നു. കലോത്സവവേദികളിലും തെരഞ്ഞെടുപ്പു സന്ദർഭങ്ങളിലും യൂണിറ്റുകൾ തമ്മിലും മേഖലകൾ തമ്മിലും ഉളവാകുന്ന പ്രശ്നങ്ങളിൽ ഇടപെട്ട് അവ പരിഹരിക്കുവാൻ അദ്ദേഹത്തിന് അനിതരസാധാരണ വൈഭവം ഉണ്ടായിരുന്നു.

**ഉപസംഹാരം**

33 വർഷം ഈ ലോകത്തിൽ തന്റെ രക്ഷണീയ കർമ്മം പൂർത്തിയാക്കി പിതാവിന്റെ മഹത്വത്തിലേക്ക് ആരോഹണം ചെയ്ത യേശുനാഥനെപ്പോലെ 34 വർഷത്തെ ഈലോക ജീവിതവും ആറരക്കൊല്ലത്തെ വൈദികശുശ്രൂഷയും കൊണ്ട് തന്നെ ഭരമേല്പിച്ചിരുന്ന ദൈവികദൗത്യം പൂർത്തിയാക്കി പിതാവിന്റെ മഹത്വം പൂകിയ ബഹു. ജോസഫ് ചെറുപുഴത്തോട്ടത്തിൽ അച്ചനെ അല്പമെങ്കിലും വായനക്കാർക്ക് അടുത്തറിയാൻ ഈ ചെറുകുറിപ്പു സഹായിച്ചെങ്കിൽ ഞാൻ സംതൃപ്തൻ.



www.malankaralibrary.com



# ഫാ. ഗീവർഗീസ് തോമ്പ്ര

**മുൻമൊഴി**

ഞാൻ ആദ്യമായി ബഹു. ഗീവർഗീസ് തോമ്പ്ര അച്ചനെ കാണുന്നത് വൈദിക പരിശീലനത്തിനായി തിരുവല്ലാ മൈനർ സെമിനാരിയിൽ ചേർന്ന 1968-ൽ ആണ്. "**ലക്ഷം മനുഷ്യർ കൂടുമ്പോളതിൽ ലക്ഷണ മൊത്തവർ ഒന്നോ രണ്ടോ**" എന്ന് കുഞ്ചൻ നമ്പ്യാർ പാടിയതുപോലെ ലക്ഷണങ്ങളിൽ ലക്ഷണമൊത്ത വൈദികൻ. നല്ല മുഖശ്രീ. ആകർഷകമായ ആകാരസൗഷ്ഠവം, ഗാംഭീര്യമുള്ള സ്വരം, തന്റേടം പ്രസരിക്കുന്ന നയനങ്ങൾ, ആകർഷകമായ പെരുമാറ്റം, നേതൃപാടവം, വാക്ചാതുരി, ബുദ്ധിവൈഭവം. മാസത്തിൽ ഒരിക്കലെങ്കിലും മേരിഗിരി അരമനയിൽ വരും. പലപ്പോഴും രാത്രിയിൽ അവിടെ താമസിക്കും. വൈദികരും വൈദിക വിദ്യാർഥികളുമായി ഹൃദ്യമായി ഇടപെട്ടിരുന്ന വൈദികൻ. യാമപ്രാർത്ഥനകൾക്ക് ചാപ്പലിൽ വന്ന് ഉച്ചത്തിൽ ഇമ്പമാർന്ന സ്വരത്തിൽ പ്രാർത്ഥനകൾ ചൊല്ലിയിരുന്ന അദ്ദേഹത്തെ ആരും പ്രത്യേകം ശ്രദ്ധിച്ചുപോകും. സന്ധ്യാ പ്രാർത്ഥനാവേളകളിൽ ചില ദിവസങ്ങളിൽ സുറിയാനി ഭാഷയിൽ അദ്ദേഹം സങ്കീർത്തനങ്ങൾ ആലപിച്ചിരുന്നതിന്റെ മാധുര്യം ഒളിമങ്ങാതെ ഇന്നും എന്റെ മനസിൽ തെളിഞ്ഞു നിൽക്കുന്നു. രാത്രി ഭക്ഷണത്തിനുശേഷമുള്ള ഉല്ലാസവേളകളിൽ വൈദികവിദ്യാർഥികളുടെ അടുത്തെത്തി സംസാരിക്കാനും പ്രായഭേദമെന്യേ എല്ലാവരോടും സൗഹൃദം പങ്കുവയ്ക്കാനും അദ്ദേഹം കാണിച്ചിരുന്ന ഹൃദയവലുപ്പം ശ്രദ്ധേയമായിരുന്നു.

എട്ടരപതിറ്റാണ്ട് നീണ്ട ജീവിതം, ആറര പതിറ്റാണ്ടുകാലത്തെ വൈദിക ജീവിതം, അഞ്ചരപതിറ്റാണ്ടു കാലത്തെ പുനരൈക്യ പ്രേഷിത ശുശ്രൂഷ. സഭാതനയർക്കുവേണ്ടി മാത്രമല്ല, സമൂഹത്തിലെ സകലർക്കുംവേണ്ടിയും



www.malankaralibrary.com

സമർപ്പിക്കപ്പെട്ട ജീവിതം. സത്യം തേടിയുള്ള പ്രയാണത്തിൽ പുന രൈക്യ വീഥിയിൽ എത്തി. ജനസേവനയാത്രയിൽ രാഷ്ട്രീയത്തിലും കടന്നുവന്ന വൈദികൻ. പള്ളിയുടെയും ഇടവകയുടെയും പരിമിതി കൾക്കുള്ളിൽ പതുങ്ങിക്കൂടാതെ പൗരോഹിത്യ ശുശ്രൂഷയെ സമൂഹമ ധ്യത്തിലേക്ക് ഇറക്കിക്കൊണ്ടുവന്ന പുരോഹിതൻ. അദ്ദേഹം സഭയ്ക്കും സമൂഹത്തിനും നൽകിയിട്ടുള്ള സേവനങ്ങൾ നിസ്തുലങ്ങളാണ്. ആധു നിക തലമുറയ്ക്ക് മാതൃകയാക്കാവുന്ന ആചാര്യൻ, ബഹു. ഗീവർഗീസ് തോമ്പ്ര അച്ചൻ.

**ബാല്യവും വിദ്യാഭ്യാസവും**

പെരുമ്പാവൂർ വില്ലേജിൽ 'തോമ്പ്ര' കുടുംബത്തിന്റെ 'കിടങ്ങേത്ത്' ശാഖയിൽ തോമ്പ്ര മാത്തുവിന്റെയും പനയ്ക്കൽ ഏലീശ്വായുടെയും കനി ഷ്ഠപുത്രൻ. ജനനം 1900 മാർച്ച് 16-ന്. സഹോദരങ്ങൾ സൈമൺ ചുമ്മാറും സൂസന്നയും. ജ്ഞാനസ്നാനം ഗീവർഗീസ് എന്ന പേരിൽ യാക്കോബായ സഭയിൽ. അഞ്ചാം വയസിൽ (1905) പിതാവ് മരണമ ടഞ്ഞു. മാതൃവീട്ടുകാരുടെ സംരക്ഷണയിൽ വളർന്നു, പ്രാഥമിക വിദ്യാ ഭ്യാസം പെരുമ്പാവൂർ സർക്കാർ സ്കൂളിൽ. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടാ നായി ജ്യേഷ്ഠനോടൊപ്പം സിലോണിലേക്കു പോയി. ബാല്യം മുതൽ സഭയോടും വൈദികരോടും ഉണ്ടായിരുന്ന താല്പര്യവും അടുപ്പവും വൈദിക ജീവിതത്തോട് താല്പര്യം ഉളവാക്കി. വൈദിക ജീവിതം സ്വപ്നം കണ്ട് ഗീവർഗീസ് നാട്ടിലേക്കു മടങ്ങി. അല്ലപ്ര തുരുത്തിപ്ലിയിൽ സുറിയാനി പഠനം ആരംഭിച്ചു. മാർ ഔഗേൻ മെത്രാപ്പോലീത്തായുടെ കീഴിൽ വൈദിക പരിശീലനം ആരംഭിച്ച് ആലുവാ തൃക്കുന്നത്ത് സെമി നാരിയിൽ പഠനം തുടർന്നു. ശെമ്മാശനായിരുന്നപ്പോൾ അകപറമ്പ് പറ വട്ടി മറിയാമ്മയെ വിവാഹം ചെയ്തു. വൈദികാഭിഷേകം 1922 ഓഗസ്റ്റ് ഒന്നാം തീയതി തൃക്കുന്നത്ത് സെമിനാരിയിൽ വച്ച് വിശുദ്ധ പൗലോസ് മാർ അത്തനാസിയോസ് (ആലുവായിലെ വലിയ തിരുമേനി) മെത്രാപ്പോ ലീത്തായുടെ കൈവയ്പാൽ.

**വൈദിക ശുശ്രൂഷയും പുനരൈക്യ ചിന്തയും**

വൈദിക ശുശ്രൂഷയിൽ പ്രഥമനിയമനം പെരുമ്പാവൂർ ബഥേൽ സൂലോക്കോ പള്ളിയിൽ. പള്ളിയിലെ ശുശ്രൂഷകളിൽ മാത്രം ഒതുങ്ങു ന്നതായിരുന്നില്ല അദ്ദേഹത്തിന്റെ അജപാലന സേവനം. നാട്ടിലെ നാനാ വിധ പ്രവർത്തനങ്ങളിൽ പങ്കുചേരുകയും നേതൃത്വം കൊടുക്കുകയും ചെയ്തിരുന്നു. സൂലോക്കോ പള്ളിയിൽ ഒന്നിലധികം വൈദികർ ശുശ്രൂഷ



www.malankaralibrary.com

ചെയ്തിരുന്നത് ചില പ്രായോഗിക അസ്വാരസ്യങ്ങൾക്ക് ഇടയാക്കിയിരുന്നു. ജനിച്ചുവളർന്ന സഭയുടെ വിശ്വാസവും പൈതൃകവും നെഞ്ചിലേറ്റി താലോലിച്ചിരുന്ന യുവവൈദികനായ ബഹു. ഗീവർഗീസ് അച്ചന് സഭയിലെ ഭിന്നതയും കക്ഷിവഴക്കും വ്യവഹാരങ്ങളും ശുശ്രൂഷ ചെയ്യുന്ന പള്ളിയിലെ അസ്വാരസ്യങ്ങളും വലിയ ഹൃദയവ്യഥയ്ക്കു കാരണമായിരുന്നു. എറണാകുളം അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ അഗസ്റ്റിൻ കണ്ടത്തിൽ മെത്രാപ്പോലീത്തായുടെ കല്പന പ്രകാരം ബഹു. ജോസഫ് മേനാച്ചേരിൽ അച്ചന്റെ നേതൃത്വത്തിൽ എറണാകുളം ജില്ലയിൽ പുത്തൻകൂർ സഭാമക്കളുടെ ഇടയിൽ ശക്തമായ പ്രേഷിത പ്രവർത്തനം നടക്കുകയും യാക്കോബായ സഭയിൽ നിന്ന് ആൾക്കാർ കത്തോലിക്കാ സഭയിലേക്ക് പ്രവേശിക്കുകയും ചെയ്യുന്ന പ്രവണത വളർന്നു വന്നിരുന്ന കാലമായിരുന്നു അത്. ബഹു. ജോസഫ് മേനാച്ചേരിൽ അച്ചന്റെ നേതൃത്വത്തിൽ നടന്നിരുന്ന പുനരൈക്യ പ്രവർത്തനങ്ങളെ എതിർത്തു തോല്പിക്കുന്നതിന് അരയും തലയും മുറുക്കി അരങ്ങിൽ ബഹു. ഗീവർഗീസ് അച്ചൻ ഉണ്ടായിരുന്നു. ഈ കാലത്ത് **മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ഉടലെടുത്ത ബഥനി പ്രസ്ഥാനത്തെയും പുനരൈക്യ പ്രസ്ഥാനത്തെയും സംശയത്തോടെയാണ് അദ്ദേഹം വീക്ഷിച്ചത്. കാരണം, സഭയിൽ ഒരു വിഭജനംകൂടി ഉടലെടുക്കുന്നു എന്ന നിലയിലാണ് അദ്ദേഹം അതിനെ കണ്ടത്. മാത്രവുമല്ല, ബഥനിയെയും പുനരൈക്യ സംഭവത്തെയും 'മെത്രാൻ കക്ഷി'യുമായി ബന്ധപ്പെട്ട സംരംഭമായിട്ടാണ് വടക്കുള്ള 'ബാവാകക്ഷി'ക്കാർ കണ്ടിരുന്നത്.** എങ്കിലും ബഹു. ജോസഫ് മേനാച്ചേരി അച്ചനും എറണാകുളം അതിരൂപതയിലെ പണ്ഡിതരായ മറ്റു വൈദികരുമായി ബന്ധപ്പെട്ട് കത്തോലിക്കാ സഭയെക്കുറിച്ചും പുനരൈക്യ പ്രസ്ഥാനത്തെക്കുറിച്ചും കൂടുതൽ പഠിക്കുവാൻ ബഹു. ഗീവർഗീസ് അച്ചൻ തയാറായി. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ യാഥാർഥ്യമായ പുനരൈക്യ സംരംഭത്തെയും അദ്ദേഹം സസൂക്ഷ്മം നിരീക്ഷിക്കുയും പഠനവിഷയമാക്കുകയും ചെയ്തുകൊണ്ടിരുന്നു.

### പുനരൈക്യം

തന്റെ പഠനങ്ങളും ചർച്ചകളും വിലയിരുത്തലുകളും ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവത്രികവുമായ സത്യസഭയിൽ അംഗമായിരിക്കുക സഭാപരമായ പൂർണതയ്ക്ക് അനിവാര്യമാണെന്നും താൻ അംഗമായിരിക്കുന്ന സഭയുടെ പൈതൃകങ്ങളും പാരമ്പര്യങ്ങളും ആരാധനാരീതികളും ആചാരാനുഷ്ഠാനങ്ങളും സംരക്ഷിച്ചുകൊണ്ട് സാർവ



www.malankaralibrary.com

ത്രിക സഭാസംസർഗം നേടിയെടുക്കുവാൻ പുനരൈക്യ സംരംഭം വഴി യൊരുക്കുന്നു എന്നും അദ്ദേഹം മനസിലാക്കി. സത്യം തിരിച്ചറിഞ്ഞ ബഹു. ഗീവർഗീസ് അച്ചൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയു മായി ബന്ധപ്പെട്ട് 1931 മാർച്ച് എട്ടാം തീയതി തിരുമൂലപുരം ബഥനി പള്ളിയിൽവച്ച് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മുമ്പാകെ സത്യവിശ്വാസം ഏറ്റുപറഞ്ഞ് പുനരൈക്യപ്പെട്ട് പരിശുദ്ധ കത്തോലിക്കാ സഭയിൽ അംഗമായി. കൃത്യം ഒരു മാസം മുമ്പ് 8-2-1931-ൽ പുനരൈ ക്യപ്പെട്ട കലേക്കാട്ടിൽ തോമാ കത്തനാരോടൊപ്പമാണ് അദ്ദേഹം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പക്കൽ എത്തിയിരുന്നത്. കുത്തിയൊഴുകിക്കൊണ്ടിരുന്ന നദി ശാന്തമായ സമുദ്രത്തിലെത്തിയ പ്രതീതി. '**ആത്മീക ജീവിതത്തിൽ ഏറ്റവും അധികം സംതൃപ്തിയും സന്തോഷവും നൽകിയ സംഭവം**' എന്നാണ് പുനരൈക്യത്തെ അദ്ദേഹം വിശേഷിപ്പിച്ചിരുന്നത്. ആത്മീക ജീവിതത്തിൽ പുനരൈക്യം ശാന്തത നൽകിയപ്പോൾ സാമൂഹിക ജീവിതത്തിൽ അസ്വസ്ഥതകളുടെ ആരംഭ മായിരുന്നു അത്.

ഭീഷണികളും അധിക്ഷേപങ്ങളും ബഹിഷ്കരണങ്ങളും അദ്ദേഹത്തി നെതിരെ അരങ്ങേറി. ബോധ്യം നൽകിയ ശക്തിയും, എതിർപ്പുകൾ നൽകിയ ദൃഢതയും വർധിച്ച ആവേശത്തോടെ വടക്കൻ പ്രദേശങ്ങളിലെ പുനരൈക്യ പ്രവർത്തനങ്ങളുടെ തേരാളിയാകുവാൻ അദ്ദേഹത്തെ പ്രേരി പ്പിച്ചു. എറണാകുളം അതിരൂപതയുടെ ശക്തമായ പിൻബലം അദ്ദേഹ ത്തിന് ഏറെ ശക്തിപകർന്നു. കർമ്മലീത്താ സന്യാസികളുടെ നേതൃത്വ ത്തിൽ എറണാകുളം അതിരൂപതവകയായി 'കുന്നിക്കുരുടി'യിൽ ആരം ഭിച്ചിരുന്ന പള്ളി ബഹു. ഗീവർഗീസ് തോമ്പ്ര അച്ചൻവഴി മലങ്കര സുറി യാനി കത്തോലിക്കാ സഭയ്ക്ക് ലഭ്യമായി. അതുപോലെതന്നെ പൂതൃക്ക മിഷനും പുതുപ്പനം (പത്താം മൈൽ) പള്ളിയും എറണാകുളം അതിരൂ പതയിൽ നിന്നും അദ്ദേഹം ഏറ്റുവാങ്ങി മലങ്കര സുറിയാനി കത്തോ ലിക്കാ സഭയുടേതാക്കി.

### പുനരൈക്യ പ്രേഷിതൻ

ബഹു. ഗീവർഗീസ് തോമ്പ്ര അച്ചന്റെ ശുശ്രൂഷ പെരുമ്പാവൂരിലും സമീ പപ്രദേശങ്ങളിലും മാത്രമായി ഒതുങ്ങി നിന്നില്ല. മോൺ. പീറ്റർ കോച്ചേ രിയുടെ വാക്കുകൾ കടമെടുത്താൽ "**... കൂത്താട്ടുകുളം മുതൽ വടക്ക് കൂടത്തായി വരെ വ്യാപിച്ചു കിടക്കുന്ന പ്രദേശങ്ങളിൽ ഇന്നത്തെ മൂവാ റ്റുപുഴ-ബത്തേരി രൂപതകളിൽ വളർന്നു പന്തലിച്ച പല പള്ളികളു ടെയും സ്ഥാപന ചരിത്രത്തോട് തോമ്പ്രയച്ചന്റെ പേര് അഭേദ്യമായി**



www.malankaralibrary.com

**ബന്ധപ്പെട്ടിരിക്കുന്നു. വടക്ക് എവിടെയെങ്കിലും ഒന്നോ രണ്ടോ പേർക്ക് പുനരൈക്യ ചായ്‌വ് ഉണ്ടെന്നറിവുകിട്ടിയാൽ പിന്നെ തോമ്പ്രയച്ചൻ അങ്ങോട്ടു പായുകയാണ്.** "മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കിയും തിരുവല്ലാ രൂപതയും സ്ഥാപിതമായതോടുകൂടി ബഹു. ഗീവർഗീസ് തോമ്പ്ര അച്ചന്റെ പ്രേഷിത പ്രവർത്തനങ്ങളും കൂടുതൽ ശക്തമായതായി ചരിത്രം സാക്ഷിക്കുന്നു. പെരുമ്പാവൂർ (1931), കുന്നിക്കുരുടി (1932), കോതമംഗലം (1967), പൂതൃക്ക (1931), പിറവം (1939), തമ്മാനിമറ്റം (1936), കോലഞ്ചേരി (1950), വാളകം (1944), വെങ്ങോല (1943), ചേലക്കര (1950), നിലമ്പൂർ (1958), കൊമ്പഴ (1968), കീഴില്ലം (1953), കുണ്ടുകാട്, പുതുപ്പനം തുടങ്ങിയ ഇടവകകളുടെയെല്ലാം തുടക്കത്തിൽ ബഹു. തോമ്പ്ര അച്ചന്റെ നേതൃത്വം എടുത്തു പറയേണ്ടതാണ്. ക്ഷീണം വകവയ്ക്കാതെ സൈക്കിളിൽ കിലോമീറ്ററുകൾ താണ്ടിയുള്ള പ്രേഷിത ശുശ്രൂഷ.

വാളക്കുഴി ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യം (29-11-1937) തോമ്പ്ര അച്ചനെ കൂടുതൽ ശക്തനും തീക്ഷ്ണനുമാക്കി. പ്രഗത്ഭരായ അനേകം വൈദികരുടെയും അൽമായരുടെയും പുനരൈക്യം അനേകം മിഷൻ കേന്ദ്രങ്ങളുടെ തുടക്കം, ഭാവിയിൽ സഭയുടെ വളർച്ചയ്ക്കും ശുശ്രൂഷകൾക്കും പ്രയോജനപ്പെടാവുന്ന സ്ഥലങ്ങൾ സഭയ്ക്കുവേണ്ടി നേടിയെടുക്കൽ, അനേക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തുടക്കം, പ്രസിദ്ധമായ കുടുംബങ്ങളിലെ അനേകം യുവതി യുവാക്കന്മാരുടെ സമർപ്പണ ജീവിതത്തിലേക്കും വൈദിക ജീവിതത്തിലേക്കുമുള്ള കടന്നുവരവ് (അഭി. ഐകസ് മാർ യൂഹാനോൻ, ഫാ. ഈപ്പൻ നെച്ചിക്കാട്ടിൽ, ഫാ. ജേക്കബ് കൂട്ടപ്ലാക്കൽ, ഫാ. പീറ്റർ കോച്ചേരി, ഫാ. മാത്യു ചെരിപ്പുറം, ....), പുനരൈക്യ ശുശ്രൂഷകൾക്ക് ശക്തി പകരുവാൻ സാധിക്കുമെന്ന് ബോധ്യമായ സ്ഥലങ്ങളിൽ ബഥനി മഠങ്ങളുടെ തുടക്കം എന്നിവയെല്ലാം ബഹു. തോമ്പ്ര അച്ചന്റെ നേതൃത്വത്തെ അവിസ്മരണീയമാക്കിയ സംഗതികളാണ്.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ശുശ്രൂഷാ മേഖല ഭാരതപ്പുഴയ്ക്ക് വടക്ക് മലബാറിലേക്കും കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലേക്കും വ്യാപിച്ചപ്പോൾ മലബാർ മേഖലയിൽ പുനരൈക്യ പ്രേഷിതനായി അദ്ദേഹം ഓടിയെത്തിയിരുന്നു. പുനരൈക്യ സാധ്യതയുള്ള സ്ഥലങ്ങളിൽ പുതിയ മിഷൻ കേന്ദ്രങ്ങൾ തുടങ്ങുവാൻ അധികാരികളോട് അദ്ദേഹം നിർബന്ധപൂർവം ആവശ്യപ്പെടുമായിരുന്നു. തിരുവല്ലാ രൂപതയുടെ വടക്കൻ പ്രദേശങ്ങളിലെ പുനരൈക്യ ശ്രമങ്ങളിലായിരുന്നു അദ്ദേഹത്തിന്റെ സവിശേഷ ശ്രദ്ധ. ആ പ്രദേശങ്ങളിലെ പ്രേഷിത



www.malankaralibrary.com

പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാൻ ഒരു പുതിയ രൂപതതന്നെ ഉണ്ടാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. ബത്തേരി (1978), മൂവാറ്റുപുഴ (2003), പുത്തൂർ (2010) രൂപതകൾ നിലവിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ ആഗ്രഹം പ്രതീക്ഷിച്ചതിൽ അധികമായി സാക്ഷാത്കരിക്കപ്പെടുകയാണുണ്ടായത്. പുനരൈക്യ പ്രേഷിത ശുശ്രൂഷയിൽ വിശുദ്ധ പൗലോസ് ശ്ലീഹായായിരുന്നു അദ്ദേഹത്തിന്റെ മാതൃക.

**ഭരണതന്ത്രജ്ഞൻ**

ബഹു. തോമ്പ്രയച്ചൻ ഒരു ഭരണതന്ത്രജ്ഞനായിരുന്നു. രൂപതയുടെ അജപാലനഭരണ ക്രമീകരണങ്ങളിൽ രൂപതാധ്യക്ഷൻമാർക്ക് അദ്ദേഹം ശക്തമായ പിൻബലം നൽകിയിരുന്നു. രൂപതാ ആലോചന സമിതി, വൈദിക കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ തുടങ്ങിയ ഔദ്യോഗിക സമിതികളിൽ അദ്ദേഹം അംഗമായിരുന്നു. പല നിർണായക സന്ദർഭങ്ങളിലും അദ്ദേഹം നൽകിയിട്ടുള്ള ആലോചനകളും പിൻബലവും രൂപതയുടെ വളർച്ചയിൽ സഹായമായിരുന്നു എന്നത് ചരിത്രസത്യമാണ്. പുതിയ മിഷൻ കേന്ദ്രങ്ങളും സെമിത്തേരികളും സ്ഥാപനങ്ങളും ആരംഭിക്കുമ്പോൾ നേരിട്ടിരുന്ന പ്രശ്നങ്ങളിലും പ്രതിസന്ധികളിലും ധീരമായ നിലപാടുകളും പ്രായോഗിക നിർദേശങ്ങളുമായി അദ്ദേഹം ഓടിയെത്തിയിരുന്നു. 1973ൽ പൗരോഹിത്യ സുവർണജൂബിലി ആഘോഷവേളയിൽ അഭിവന്ദ്യരായ സഖറിയാസ് മാർ അത്തനാസിയോസ്, മാർ മാത്യു പോത്തനാമ്മൂഴി, മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി എന്നീ പിതാക്കന്മാർ അദ്ദേഹത്തിന്റെ പ്രതിഭകളെക്കുറിച്ച് വർണിച്ചത് ഇന്നും മനസിൽ മായാതെ മാറ്റൊലിക്കൊള്ളുന്നു.

**വൈദിക കൂട്ടായ്മയുടെ ആനന്ദം**

രൂപതാധ്യക്ഷന്മാരോടും സഹവൈദികരോടും അദ്ദേഹത്തിന് ഊഷ്മള ബന്ധവും അടുപ്പവുമാണ് ഉണ്ടായിരുന്നത്. വൈദികരുടെ സൗഹൃദവും കൂട്ടായ്മയും അദ്ദേഹത്തിന് അതീവ ഹൃദ്യമായിരുന്നു. തിരുവല്ലായിൽ രൂപതാകേന്ദ്രത്തിൽ വന്നിരുന്നപ്പോഴൊക്കെ ഒരു രാത്രിയെങ്കിലും അവിടെ താമസിക്കാനും വൈദികരുമായി സൗഹൃദം പങ്കുവയ്ക്കാനും വൈദികരൊന്നിച്ച് യാമപ്രാർത്ഥനയിൽ സംബന്ധിക്കാനും വിശുദ്ധ കുർബാന അർപ്പിക്കാനും അദ്ദേഹം താല്പര്യം കാണിച്ചിരുന്നു. വൈദികരുടെ കൂട്ടായ്മയിലായിരിക്കുക അദ്ദേഹത്തിന് ഏറ്റവും ആനന്ദകരമായിരുന്നു. വൈദികരുടെ വാർഷിക ധ്യാനവേളകളിൽ ഒരാഴ്ച സഹവൈദികരൊന്നിച്ചുള്ള കൂട്ടായ്മ അദ്ദേഹം എത്രമാത്രം ആസ്വദിച്ചിരുന്നു എന്നു ഞാൻ നേരിൽ



www.malankaralibrary.com

കണ്ടിട്ടുള്ളതാണ്. കുടുംബാംഗങ്ങളെക്കാൾ അദ്ദേഹം സ്നേഹിച്ചിരുന്നതും സ്വന്തമെന്നു കരുതിയിരുന്നതും സഹവൈദികരെ ആയിരുന്നു എന്നു തോന്നിപ്പോയിട്ടുണ്ട്. സജീവ ശുശ്രൂഷയിൽ നിന്ന് വിരമിച്ച് ഭവനത്തിൽ വിശ്രമജീവിതം നയിക്കുമ്പോൾ മക്കളുടെയും കുടുംബാംഗങ്ങളുടെയും താല്പര്യം കണക്കിലെടുക്കാതെ നിർബന്ധപൂർവം തിരുവല്ലായിൽ വൈദിക മന്ദിരത്തിൽ മറ്റു മുതിർന്ന വൈദികരോടൊപ്പം വിശ്രമജീവിതം നയിക്കുവാൻ താല്പര്യപ്പെട്ടത് വൈദിക കൂട്ടായ്മയിൽ ആയിരിക്കുന്നത് അദ്ദേഹം എത്രമാത്രം വിലമതിക്കുകയും ആസ്വദിക്കുകയും ചെയ്തിരുന്നു എന്നതിന്റെ തെളിവാണ്. ജീവിതത്തിന്റെ സായംകാലത്ത് 1984-85ൽ അദ്ദേഹം തിരുവല്ലാ 'ക്ലേർജി ഹോമിൽ' സഹധർമിണിയോയൊപ്പം വന്ന് താമസിച്ചത് സ്മർത്തവ്യമാണ്.

പൗരോഹിത്യത്തിന്റെ മഹത്വം ജീവിതത്തിൽ തെളിയിക്കുകയും അതിന്റെ ആനന്ദം ജീവിതത്തിൽ ആഴത്തിൽ അനുഭവിക്കുകയും പൗരോഹിത്യ കൂട്ടായ്മയുടെ സന്തോഷം ജീവിതത്തിൽ ഉടനീളം പുലർത്തുകയും ചെയ്തിരുന്ന ബഹു. തോമ്പ്ര അച്ചൻ സ്വർഗപ്രവേശനത്തിലേക്ക് വിളിക്കപ്പെട്ടത് സഭയിൽ പൗരോഹിത്യം സ്ഥാപിക്കപ്പെട്ടതിന്റെ അനുസ്മരണ ആചരിക്കുന്ന പെസഹാ വ്യാഴാഴ്ച ആയിരുന്നു (27-03-1986) എന്നത് ദൈവനിശ്ചയമായിരുന്നു എന്നതിൽ പക്ഷാന്തരമില്ല. കബറടക്കം ദു:ഖശനിയാഴ്ചയും (29-03-1986). പ്രധാന കാർമ്മികർ സിറിൽ മാർ ബസേലിയോസ്, ഐസക് മാർ യൂഹാനോൻ, പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താമാരും. വൈദികരും സന്യസ്തരും അല്മായരുമടങ്ങുന്ന വലിയ ജനാവലി പങ്കെടുത്തു. ഇന്നദ്ദേഹം ഉയിർപ്പിന്റെ വലിയ മഹത്വത്തിൽ ആചാര്യന്മാർക്കവകാശപ്പെട്ട സന്തോഷഭവനത്തിൽ ആയിരിക്കുന്നു എന്നതിൽ സംശയമില്ല.

**നാടിന്റെ നായകൻ**

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ രാജഭരണകാലം, രണ്ട് ലോകമഹായുദ്ധങ്ങളുടെ കെടുതികളുടെ കാലം, സാധാരണ ജനങ്ങൾ ഏറെ കഷ്ടപ്പെട്ടിരുന്ന കാലം. സാധാരണക്കാരുടെ ജീവിത കഷ്ടപ്പാടുകൾ കണ്ടുവളർന്ന ബഹു. തോമ്പ്ര അച്ചന്റെ ശ്രദ്ധ സഭയുടെ കാര്യത്തിലെന്നപോലെതന്നെ സാമൂഹ്യകാര്യങ്ങളിലേക്കും തിരിഞ്ഞിരുന്നു. നാടിന്റെ വികസനത്തിനും സാധാരണക്കാരുടെ ഉന്നമനത്തിനും നേതൃത്വം നൽകാൻ അദ്ദേഹം എന്നും മുൻപന്തിയിലുണ്ടായിരുന്നു. ജനസേവനത്തിന് ഉതകുമെന്നതിനാൽ രാഷ്ട്രീയവും അദ്ദേഹത്തിന് അന്യമായിരുന്നില്ല. 1953ൽ പെരുമ്പാവൂർ മുനിസിപ്പാലിറ്റി രൂപീകൃതമായപ്പോൾ



www.malankaralibrary.com

പ്രഥമ കൗൺസിലിൽ അദ്ദേഹം ജനപ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. 1962-ൽ നഗരസേവാസമിതി രൂപീകരിച്ച് വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലും അദ്ദേഹമായിരുന്നു നേതൃത്വം നൽകിയത്. പട്ടിണിയുടെയും ഭക്ഷ്യദൗർലഭ്യത്തിന്റെയും കാലങ്ങളിൽ തിരുവല്ലാ രൂപതയിലെ സാമൂഹ്യക്ഷേമപ്രവർത്തന വകുപ്പുമായി ബന്ധപ്പെട്ട് പോഷകാഹാര വിതരണം, ഭവനനിർമാണം, വിദ്യാഭ്യാസ സഹായ വിതരണം തുടങ്ങിയ കാര്യങ്ങൾ വടക്കൻ മേഖലയിലെ പള്ളികൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുവാൻ അദ്ദേഹം നേതൃത്വം നൽകിയിരുന്നു. പുനരൈക്യത്തിന്റെ പൊരുൾ മനസിലാകാതിരുന്ന ചിലർ പുനരൈക്യാനന്തരം അദ്ദേഹത്തെ അധിക്ഷേപിക്കുകയും എതിർക്കുകയും ചെയ്തപ്പോഴും വിശാല സമൂഹം അദ്ദേഹത്തെ സ്നേഹാദരവുകളോടെയാണ് കണ്ടിരുന്നത്. 1937-ൽ അദ്ദേഹത്തിന്റെ വത്സലമാതാവ് നിര്യാതയായപ്പോൾ പുനരൈക്യപ്പെട്ടവർക്ക് പെരുമ്പാവൂരിൽ സെമിത്തേരി ഇല്ലാതിരുന്ന സാഹചര്യത്തിൽ സീറോ മലബാർ സമൂഹവും ലത്തീൻ കത്തോലിക്കാ സമൂഹവും അദ്ദേഹത്തെ സ്നേഹിക്കുന്ന നാട്ടുകാരും ഒത്തുചേർന്ന് പെരുമ്പാവൂർ സെന്റ് തെരേസാസ് പള്ളി സെമിത്തേരിയിൽ മൃതസംസ്കാരത്തിനുള്ള സൗകര്യം ക്രമപ്പെടുത്തിയത് പെരുമ്പാവൂരിലെ ജനങ്ങൾക്ക് ബഹു. തോമ്പ്ര അച്ചൻ എത്ര പ്രിയപ്പെട്ടവനായിരുന്നു എന്നതിന്റെ സ്പഷ്ടമായ തെളിവായിരുന്നു. പൗരോഹിത്യ ശുശ്രൂഷ സമൂഹത്തിന്റെ സമഗ്ര വികസനത്തിനും വളർച്ചയ്ക്കും ഉതകണം എന്നായിരുന്നു അദ്ദേഹത്തിന്റെ വീക്ഷണം.

**കുടുംബനാഥൻ**

അദ്ദേഹത്തിന് മക്കൾ നാല്; രണ്ട് പുത്രന്മാരും രണ്ട് പുത്രിമാരും. മൂത്തമകൻ മത്തായി, രണ്ടാമൻ ആന്റണി, മൂത്തമകൾ ഗ്രേസി, രണ്ടാമത്തെ മകൾ കൊച്ചുത്രേസ്യാ (സിസ്റ്റർ ഡോ. സ്കൊളാസ്റ്റിക്ക SIC). മക്കളോടും കൊച്ചുമക്കളോടും സ്നേഹിതനെപ്പോലെയാണ് അദ്ദേഹം പെരുമാറിയിരുന്നത്. എല്ലാവർക്കും സ്വാതന്ത്ര്യം നൽകുന്ന പ്രകൃതം, കാർക്കശ്യവും ശിക്ഷകളുമില്ല. ബഹു. അച്ചന്റെ മൂത്ത പുത്രിയുടെ മകൻ പ്രസിദ്ധനായ കാർട്ടൂണിസ്റ്റ് രാജു നായർ (രാജു പീറ്റർ) വല്ല്യപ്പച്ചനെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "അമ്മവീട്ടിലെ വിശാലമായ തൊടിയിലൂടെ അമ്മാവന്മാരുടെ മക്കളുമൊത്ത് കളിച്ച് കറങ്ങി നടക്കുമ്പോഴും ഇടയ്ക്കിടയ്ക്ക് അപ്പച്ചന്റെയടുക്കലെത്തും. അപ്പച്ചനും കളിക്കാൻ കൂടും. എല്ലാ പ്രായത്തിലുള്ള കുട്ടികളെയും ചീട്ടുകളി പഠിപ്പിച്ച് ഒന്നിച്ചിരുത്തി കളിപ്പിക്കും". മക്കളുടെ വളർച്ചയിലും കത്തോലിക്കാ രൂപീകരണത്തിന്


www.malankaralibrary.com

അദ്ദേഹം പ്രാമുഖ്യം നൽകിയിരുന്നു. മക്കളുടെ വിവാഹകാര്യങ്ങളിൽ ഉത്തമ കത്തോലിക്കാ കുടുംബങ്ങളുമായി ബന്ധപ്പെടുവാനാണ് അദ്ദേഹം താല്പര്യപ്പെട്ടത്. കർമ്മലീത്താ സന്യാസ വൈദികനും പുനരൈക്യ പ്രേഷിതനുമായിരുന്ന ബഹു. ഡാനിയേൽ അച്ചന്റെ സഹോദരിയെയാണ് (മേരി) മൂത്തമകൻ മത്തായിക്ക് സഹധർമ്മിണിയായി കണ്ടെത്തിയത്. മൂത്ത മകൾ ഗ്രേസിയെ സഭാസ്നേഹിയായ കോച്ചേരി കെ.ഇ. പീറ്ററിനെ ക്കൊണ്ട് വിവാഹം ചെയ്യിച്ചു. രണ്ടാമത്തെ മകൻ ആന്റണി വിവാഹം ചെയ്തത് പുനരൈക്യത്തിന്റെ ശക്തനായ മിഷനറിയായിരുന്ന 'കുമ്പഴ അച്ചന്റെ' മകൾ ലില്ലിക്കുട്ടിയെ ആയിരുന്നു. ഇളയ മകൾ കൊച്ചുത്രേ സ്യായെ നിത്യമണവാളനായ യേശുനാഥന് മണവാട്ടിയായി സമർപ്പിച്ച് ബഥനി സന്യാസിനി സമൂഹത്തിലെ സിസ്റ്റർ ഡോക്ടർ സ്കൊളാസ്റ്റിക്ക SIC ആയി ആതുരശുശ്രൂഷാ രംഗത്ത് അതുല്യ പ്രതിഭയാക്കി.

**പിൻമൊഴി**

അവിഭക്ത തിരുവല്ലാ രൂപതയിൽ അരനൂറ്റാണ്ടിൽ അധികം ആചാര്യ ശുശ്രൂഷ നിർവഹിച്ച ബഹു. ഗീവർഗീസ് തോമ്പ്ര അച്ചന്റെ ത്യാഗോജ്ജ്വ ലമായ ജീവിത്തിലേക്ക് എത്തി നോക്കുവാനൊരു ശ്രമമായിരുന്നു മുൻ താളുകളിൽ. സത്യം തേടിയുള്ള അന്വേഷണയാത്ര, കണ്ടെത്തിയ സത്യം സ്വീകരിക്കുവാനുള്ള ആർജ്ജവം, സ്വീകരിച്ച സത്യം പ്രഘോഷിക്കുവാ നുള്ള തീക്ഷ്ണത, എതിർപ്പുകളെ നേരിടുവാനുള്ള ധൈര്യം, സത്യസഭാ കൂട്ടായ്മകൾ സ്ഥാപിക്കുവാനുള്ള തീവ്രശ്രമം, ദൈവവിളികൾ കണ്ടെത്തി പ്രോത്സാഹിപ്പിച്ച് വളർത്തിയ അനുഭവങ്ങൾ, സഭയോടൊപ്പം സമൂഹ ത്തെയും കരുതിയ ആചാര്യൻ, വൈദിക കൂട്ടായ്മകളെ ഊഷ്മളമാ ക്കിയിരുന്ന സാന്നിധ്യം, ആലോചനായോഗങ്ങളെ ഗുണപരമാക്കിയി രുന്ന ആലോചനക്കാരൻ, കൃത്യനിർവഹണ സന്ദർഭങ്ങളിൽ കൃത്യത പുലർത്തിയിരുന്ന പുരോഹിതൻ, വൈതരണികളെ തരണം ചെയ്തിരുന്ന തന്ത്രശാലി, മനുഷ്യത്വം നിറഞ്ഞുനിന്നിരുന്ന ദൈവമനുഷ്യൻ, ഭാവിത ലമുറ അറിയേണ്ടതും അനുകരിക്കേണ്ടതുമായ ജീവിതം. ഇന്നിന്റെയും നാളെയുടെയും പ്രേഷിതർക്ക് മാതൃകയും പ്രചോദനവും.



www.malankaralibrary.com



# വചനം വരിച്ച ആചാര്യൻ
# കാരാമക്കോയിക്കൽ
# ബഹു. കെ. എം. പത്രോസ് അച്ചൻ

**അകലെനിന്നു കണ്ട അനുഭവം**

ഒരു വൈദിക വിദ്യാർഥിയായിരിക്കുമ്പോഴാണ് (1968) ആദ്യമായി ഞാൻ ബഹു. കെ. എം. പത്രോസ് അച്ചനെ കാണുന്നത്. രൂപതാ കേന്ദ്രത്തിൽ വൈദികരുടെ വാർഷിക ധ്യാനത്തിനും ആലോചനാ യോഗങ്ങൾക്കും പൊതുമീറ്റിംഗുകൾക്കും സഭാപരമായ മറ്റ് ആവശ്യങ്ങൾക്കുമായി തിരുവല്ലായിൽ എത്തുന്ന ബഹു. അച്ചനെ പിന്നീട് പലപ്രാവശ്യം കണ്ടിട്ടുണ്ട്. രൂപതാ കേന്ദ്രത്തിൽ വരുമ്പോഴെല്ലാം വിശുദ്ധ കുർബാനയ്ക്കും യാമപ്രാർത്ഥനകൾക്കും കൃത്യമായി എത്തുന്ന ബഹു. കെ. എം. പത്രോസ് അച്ചന്റെ ചിത്രമാണ് എന്റെ മനസ്സിൽ തെളിഞ്ഞു നിൽക്കുന്നത്. സന്ധ്യാനമസ്കാരങ്ങളിൽ ചിലപ്പോൾ അച്ചൻ സുറിയാനി ഭാഷയിൽ സംഗീതാത്മകമായി സങ്കീർത്തനങ്ങൾ ആലപിക്കുന്നതിന്റെ സ്വരമാധുരിയും എന്റെ മനസ്സിൽ തെളിഞ്ഞു നിൽക്കുന്നുണ്ട്. ഒന്നിച്ചു കൂടുമ്പോൾ സഹവൈദികരോട് സൗഹൃദമായും എന്നാൽ വൈദിക ജീവിതത്തിന്റെ അന്തസിനും ആഭിജാത്യത്തിനും ഇണങ്ങുന്ന വിധത്തിലും മാത്രം ഇടപെട്ടിരുന്ന വൈദികൻ. ദൂരെനിന്നുള്ള കാഴ്ചയിൽ ബഹു. കെ. എം. പത്രോസ് അച്ചനിൽ ഞാൻ നിരീക്ഷിച്ചിട്ടുള്ള ചില പ്രത്യേകതകൾ ഇവയൊക്കെയാണ്.

**അടുത്തറിഞ്ഞ അവസരം**

എന്റെ വൈദികാഭിഷേകത്തിനുശേഷം (01 - 01 - 1979) ബഹു. കെ. എം. പത്രോസ് അച്ചനുമായി അടുത്തിടപഴകാൻ ചുരുക്കം ചില



www.malankaralibrary.com

അവസരങ്ങളും ലഭിച്ചു. അത് പ്രധാനമായും ഞാൻ എറണാകുളത്ത് എം. ജി റോഡിലുള്ള സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ ശുശ്രൂഷ ചെയ്യുന്ന കാലത്തായിരുന്നു. ബഹു. അച്ചന്റെ മകൾ കുമാരിയും മക്കളും എറണാകുളം ഇടവകാംഗങ്ങൾ ആയിരുന്നു. മകളെയും കൊച്ചുമക്കളെയും സന്ദർശിക്കാൻ എറണാകുളത്ത് വരുമ്പോൾ പള്ളിയിൽ എന്റെ അടുത്തും വരുമായിരുന്നു. പലപ്പോഴും പകൽ സമയം നീണ്ട മണിക്കൂറുകൾ പള്ളിയിൽ ചെലവഴിച്ചിട്ടാണ് മകളുടെ ഭവനത്തിലേക്ക് പോയിരുന്നത്. ഈ സന്ദർഭങ്ങളിലാണ് ബഹു. കെ. എം. പത്രോസച്ചനെ അടുത്തറിയാൻ എനിക്കു സാധിച്ചിട്ടുള്ളത്. ഈ അറിവിന്റെ വെളിച്ചത്തിലാണ് ഈ കുറിപ്പ് ഞാൻ തയ്യാറാക്കിയത്.

**ഫലത്തിൽ നിന്നു വൃക്ഷത്തെ അറിയാം**

ഫലത്തിൽ നിന്നു വൃക്ഷത്തെ അറിയാം എന്നു പറയുന്നതു പോലെ ബഹു. കെ. എം. പത്രോസ് അച്ചനെ അറിയാൻ എന്നെ സഹായിച്ച രണ്ടു സന്ദർഭങ്ങൾകൂടിയുണ്ട്. ഒന്ന്: അച്ചന്റെ മകൾ കുമാരിയുടെയും മക്കളുടെയും ജീവിതം. കുമാരിയെ വിവാഹം ചെയ്തിരുന്നത് പെരിയ ബഹുമാനപ്പെട്ട സൈമൺ ഡി. കരവട്ട് കോർ എപ്പിസ്കോപ്പായുടെ മകൻ ജോർജ് ബെൻ ആയിരുന്നു. കോൺട്രാക്ടർ ബിസിനസു നടത്തിയിരുന്ന ജോർജ് ബെന്നിന്റെ ആകസ്മിക നിര്യാണം മൂലം കുമാരി യൗവനത്തിലെ വിധവയായി. കുടുംബത്തിന്റെ അടിത്തറ ഉലച്ച നിമിഷങ്ങൾ. കിട്ടാനുള്ള പണത്തെ സംബന്ധിച്ച് കൃത്യമായി യാതൊന്നും അറിയില്ല. കൊടുക്കുവാനുള്ള പണത്തിന്റെ കണക്കുമായി അനേകർ. നാല് പൊടിക്കുഞ്ഞുങ്ങളുമായുള്ള ജീവിതം തകർന്നുപോകാവുന്ന സന്ദർഭത്തിൽ വലിയ ക്രൈസ്തവ വിശ്വാസത്തോടെ ദൈവത്തിൽ ആശ്രയിച്ചുള്ള ജീവിതം. ഇടവകപള്ളിയിൽ നിന്നു വളരെ ദൂരത്തിലായിരുന്നു ഭവനമെങ്കിലും ഞായറാഴ്ചകളിൽ വിശുദ്ധ കുർബാനയ്ക്ക് മുടക്കം വരുത്താതെ ആദ്യം എത്തിയിരുന്നത് കുമാരിയും കുഞ്ഞുമക്കളുമായിരുന്നു. കുട്ടികളുടെ വേദപാഠ ക്ലാസുകളും കഴിഞ്ഞു മാത്രമേ എത്ര താമസിച്ചാലും അവർ മടങ്ങിയിരുന്നുള്ളൂ. കുടുംബത്തിൽ നിന്ന് കുമാരിക്കു ലഭിച്ചിരുന്ന വിശ്വാസ രൂപീകരണമായിരുന്നു ആ കുടുംബത്തെ താങ്ങി വളർത്തിയത് എന്നു ഞാൻ കരുതുന്നു. തീർച്ചയായും ബഹു. കെ. എം. പത്രോസ് അച്ചനിലൂടെ മകൾക്കു ലഭിച്ച വലിയ വിശ്വാസത്തിന്റെയും ആത്മീയതയുടെയും അടിസ്ഥാനപാഠങ്ങളുടെ ഫലം ഇന്ന് ആ കൊച്ചുമക്കളെ സമൂഹത്തിൽ ഉന്നതസ്ഥാനീയരാക്കുന്നു. രണ്ട് : ബഹു. കെ. എം. പത്രോസ് അച്ചന്റെ ഇളയമകൻ പീറ്ററിന്റെ (തമ്പി) ഇളയമകൻ ഫാ. വിനു പോൾ തത്വശാസ്ത്ര പഠനത്തിനു ശേഷമുള്ള റീജൻസി (പ്രായോഗിക പരിശീലനകാലം) കാലത്ത് കോട്ടയം



www.malankaralibrary.com

ബേക്കർ ഹില്ലിലുള്ള സെന്റ് എഫ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ (സീരി) സുറിയാനി ഭാഷയിലും സാഹിത്യത്തിലും ബിരുദാനന്തര ബിരുദ പഠനത്തിന് രൂപതാദ്ധ്യക്ഷൻ നിയോഗിച്ചു. പഠനത്തിലും പ്രാർത്ഥനയിലും ആത്മിക കാര്യങ്ങളിലുമുള്ള വിനു പോളിന്റെ ചിട്ടയും താല്പര്യവും നിഷ്ഠയും എന്നെ ഏറെ ആകർഷിച്ചിട്ടുണ്ട്. യാമപ്രാർത്ഥനകൾക്ക് കൃത്യസമയത്ത് ചാപ്പലിൽ ഉണ്ട്. രാത്രിയിൽ ഏകനായി ചാപ്പലിൽ ധ്യാനത്തിനായി എത്തുന്ന വിനു പോൾ മറ്റുള്ളവർക്ക് ഉത്തമ മാതൃകയായിരുന്നു. ആത്മിക കാര്യങ്ങളിലുള്ള അഭിരുചിയും ദൈവാലയ ശുശ്രൂഷകളിലുള്ള താല്പര്യവും 'അപ്പച്ചനിൽ' നിന്നു (ബഹു. കെ. എം. പത്രോസ് അച്ചൻ) ലഭിച്ചിട്ടുള്ളതായിട്ട് വിനു പോൾ സാക്ഷ്യപ്പെടുത്താറുമുണ്ടായിരുന്നു. ഈ രണ്ട് അനുഭവങ്ങളും ബഹു. കെ. എം. പത്രോസ് അച്ചന്റെ ജീവിത നന്മയിലേക്കും ആത്മീക തീക്ഷ്ണതയിലേക്കുമാണ് എന്നെ എത്തിക്കുന്നത്.

**അനുസ്മരണ തലമുറകളോടുള്ള കടമ**

എട്ടര ദശാബ്ദക്കാലത്തെ ഈ ലോകജീവിതം (08/04/1907 - 03/11/1992) അഞ്ചരപ്പതിറ്റാണ്ടുകാലത്തെ ധന്യമായ വൈദിക ശുശ്രൂഷ (25/05/1937 - 03/11/1992) ഒരു ദശകത്തിനടുത്ത കാലത്തെ പാവപ്പെട്ടവരുടെ ഇടയിലുള്ള പ്രത്യേക സുവിശേഷ പ്രവർത്തനം (14 /09/1924 - 1932), പന്ത്രണ്ടാം വയസിൽ (1919 -ൽ) കരോട്ടു വീട്ടിൽ യൂയാക്കീം മാർ ഈവാനിയോസ് മെത്രാപ്പോലീത്തയിൽ നിന്ന് (പണിക്കർവീട്ടിൽ ഫാ. പി.റ്റി. ഗീവർഗീസ് അച്ചനെ ബഥനിയുടെ മെത്രാനായി ഗീവർഗീസ് മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാനായി അഭിഷേകം ചെയ്ത കർമ്മത്തിൽ സഹകാർമികനാണ് ഇദ്ദേഹം. ഇദ്ദേഹത്തിന്റെ പേരാണ് ബഥനിയുടെ മാർ ഈവാനിയോസും സ്വീകരിച്ചത്. പിൽക്കാലത്ത് ഇദ്ദേഹം പുനരൈക്യപ്പെടാൻ നിശ്ചയിച്ച് തന്റെ അനന്തിരവൻ കരവട്ട സൈമൺ ശെമ്മാശനെയും കൂട്ടി വള്ളത്തിൽ യാത്ര പോയതായും എന്നാൽ ശെമ്മാശൻ കൗശലപൂർവ്വം വഞ്ചി തിരിച്ചുവിട്ട് മെത്രാപ്പോലീത്തായെ പരുമല എത്തിച്ചതായും അദ്ദേഹം അവിടെ കബറടങ്ങിയതായും ചരിത്രം. മെത്രാപ്പോലീത്തായുടെ പുനരരൈക്യ ആഗ്രഹം പരാജയപ്പെടുത്തിയ ശെമ്മാശൻ പിൽക്കാലത്ത് പുനരൈക്യപ്പെട്ടതും ചരിത്രം). കോറൂയോ പട്ടം സ്വീകരിച്ചപ്പോൾ മുതൽ ആയിരം പൂർണചന്ദ്രന്മാരെ കണ്ട് പൂർണ പുരുഷായുസു പൂർത്തിയാക്കി 85-ാം വയസിൽ നിത്യസമ്മാനത്തിനായി സ്വർഗ്ഗപിതാവിന്റെ പക്കലേക്കു യാത്രയാകുന്നതുവരെ (03. 11. 1992) നീണ്ട വൈദിക സുവിശേഷ ശുശ്രൂഷയുടെ പ്രകാശം അണഞ്ഞു പോകാൻ പാടില്ല. ഓരോ വ്യക്തിയുടെയും കഥ ദൈവപരിപാലനയുടെ കഥയാ



www.malankaralibrary.com

ണല്ലോ. ബഹു. കെ. എം. പത്രോസ് അച്ചന്റെ കഥയും അപ്രകാരം തന്നെ. ദൈവിക പരിപാലനയുടെ ആ കഥ വരുംതലമുറകൾ അറിയണം. ഈ കുറിപ്പിന്റെ പ്രസക്തി അതാണ്.

ഈ കുറിപ്പ് എഴുതാൻ സന്നദ്ധമായപ്പോൾ എന്റെ മനസ്സിൽ കടന്നുവന്ന ഒരു സങ്കീർത്തനഭാഗമുണ്ട് (78/2-7). അതിപ്രകാരമാണ് : ഞാൻ ഒരു ഉപമ പറയാം; പുരാതന ചരിത്രത്തിന്റെ പൊരുൾ ഞാൻ വ്യക്തമാക്കാം. നാം അതു കേൾക്കുകയും അറിയുകയും ചെയ്തിട്ടുണ്ട്; പിതാക്കന്മാർ നമ്മോടു പറഞ്ഞിട്ടുമുണ്ട്. അവരുടെ മക്കളിൽ നിന്ന് നാം അതു മറച്ചുവയ്ക്കരുത്. കർത്താവ് പ്രവർത്തിച്ച മഹത്തായ കാര്യങ്ങളും അവിടുത്തെ ശക്തിപ്രഭാവവും അത്ഭുത കാര്യങ്ങളും  വരും തലമുറയ്ക്ക് വിവരിച്ചുകൊടുക്കണം. അവിടുന്നു യാക്കോബിന് പ്രമാണങ്ങൾ നൽകി. ഇസ്രായേലിനു നിയമവും; അതു മക്കളെ പഠിപ്പിക്കാൻ നമ്മുടെ പിതാക്കന്മാരോട് അവിടുന്ന് ആജ്ഞാപിച്ചു.  വരാനിരിക്കുന്ന തലമുറ, ഇനിയും ജനിച്ചിട്ടില്ലാത്ത മക്കൾ അവ അറിയുകയും തങ്ങളുടെ മക്കൾക്ക് അവ പറഞ്ഞു കൊടുക്കുകയും ചെയ്യും. അവർ ദൈവത്തിൽ ആശ്രയിക്കുകയും അവിടുത്തെ പ്രവർത്തികളെ വിസ്മരിക്കാതെ കല്പനകൾ പാലിക്കുകയും ചെയ്യും. ബഹു. കെ. എം. പത്രോസ് അച്ചനിലൂടെ അനാവരണം ചെയ്യപ്പെട്ട ഒരു ദൈവിക  പദ്ധതിയുണ്ട്. അദ്ദേഹത്തിന്റെ സംസാരത്തിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നും പ്രതികരണങ്ങളിൽ നിന്നും അതു മനസിലാക്കാൻ സാധിക്കും.

**വചനോപാസകൻ**

ബാല്യം മുതലേ അദ്ദേഹത്തെ ആഴത്തിൽ സ്വാധിനിച്ചിരുന്ന ദൈവവചനം 'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' (മർക്കോസ് 16/15) എന്നതായിരുന്നു. ആഴത്തിലുള്ള ആധ്യാത്മിക അടിത്തറയും വൈദിക പാരമ്പര്യമുള്ള കുടുംബപശ്ചാത്തലവും വൈദിക ജീവിതത്തിലേക്ക് അദ്ദേഹത്തെ ആകൃഷ്ടനാക്കി. വ്യവസ്ഥാപിത ഇടവക പട്ടക്കാരൻ എന്നുള്ള വൈദിക ശുശ്രൂഷയെക്കാൾ അദ്ദേഹം ഹൃദയത്തിൽ താലോലിച്ചിരുന്നത് സുവിശേഷ പ്രചരണത്തിൽ ഫലംചൂടുന്ന വൈദിക ശുശ്രൂഷയായിരുന്നു. സുവിശേഷാഭിമുഖ്യവും വൈദിക ശുശ്രൂഷയും അദ്ദേഹത്തെ ആവേശഭരിതനാക്കിയിരുന്നപ്പോൾ സഭയിലെ കക്ഷിവഴക്കും കോടതി വ്യവഹാരങ്ങളും അദ്ദേഹത്തിൽ അതിയായ വേദന ഉളവാക്കിയിരുന്നു.

**സ്ലീബാദാസൻ**

പന്ത്രണ്ടാം വയസിൽ കോറൂയോ പട്ടം സ്വീകരിച്ചിരുന്ന അച്ചൻ



www.malankaralibrary.com

17-ാം വയസിൽ 1924- ൽ മുക്കഞ്ചേരിൽ ബഹു. എം. പി. പത്രോസ് അച്ചനോടൊപ്പം (പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത) സ്ലീബാദാസ സമൂഹത്തിൽ ചേർന്ന് ശുശ്രൂഷ ആരംഭിച്ചു. (14. 09. 1924). പണിക്കരുവീട്ടിൽ പി. റ്റി. ഗീവർഗീസ് അച്ചൻ (ബഥനിയുടെ മാർ ഈവാനിയോസ്) 1919 - ൽ ബഥനി സന്യാസ സമൂഹം ആരംഭിച്ചതിൽ നിന്ന് ഊർജം ഉൾക്കൊണ്ടുകൊണ്ടാണ് 1924 -ൽ സ്ലീബാദാസ സമൂഹം സ്ഥാപിതമാക്കുന്നത്. പാവപ്പെട്ടവരുടെ ഇടയിലുള്ള സുവിശേഷ പ്രവർത്തനങ്ങളായിരുന്നു സ്ലീബാദാസ സമൂഹത്തിന്റെ പ്രത്യേകത. ദൈവവചന വായനയും വചനധ്യാനവും വചനപ്രഘോഷണവും ശുശ്രൂഷകളിലൂടെയുള്ള വചനം പങ്കുവയ്ക്കലും ആയിരുന്നു പ്രധാന ശുശ്രൂഷകൾ. സഭയിലെ ഭിന്നതകൾക്കും വ്യവഹാരങ്ങൾക്കും എല്ലാമുപരിയായി ദൈവവചനത്തിൽ വേരൂന്നി അതിന്റെ ഉപാസകനും ശുശ്രൂഷകനുമായിരിക്കാൻ സാധിക്കുന്നത് വലിയ ഭാഗ്യമായി അദ്ദേഹം കരുതി. കൊച്ചി, തിരുവിതാംകൂർ, ബ്രിട്ടീഷ് മലബാർ പ്രദേശങ്ങളിലൊക്കെ വചനദൂതുമായി കടന്നുചെല്ലാൻ അദ്ദേഹത്തിനു സാധിച്ചു. സ്ലീബാദാസ സമൂഹാംഗമെന്ന നിലയിൽ നേടിയ ജീവിത ലാളിത്യവും വചന പ്രതിബദ്ധതയും സാധുക്കളോടുള്ള ദീനാനുകമ്പയും കൈമുതലാക്കി ഇടവക പട്ടക്കാരനായി ശുശ്രൂഷ തുടരുവാൻ അദ്ദേഹം നിശ്ചയിച്ചു. 1934 - ൽ ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് ശെമ്മാശ പട്ടം സ്വീകരിച്ചു. 1936 മേയ് പത്തിന് വിവാഹിതനായി. 1937 മേയ് 25 - ന് ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തയിൽ നിന്നുതന്നെ വൈദികാഭിഷേകവും സ്വീകരിച്ചു. ദൈവവചനത്തോടുള്ള ആഭിമുഖ്യത്തിൽ നിറഞ്ഞ് അനേക പ്രദേശങ്ങളിൽ അദ്ദേഹം വൈദിക ശുശ്രൂഷ നടത്തി. അപ്പോഴും ഹൃദയത്തിൽ ഒരു മരവിപ്പ് അദ്ദേഹത്തിന് അനുഭവപ്പെട്ടിരുന്നു, സഭയിലെ ഭിന്നതകളും കക്ഷിവഴക്കും വ്യവഹാരങ്ങളും ഉളവാക്കിയ ആത്മിക മരവിപ്പ്.

**പുനരൈക്യ സരണിയിൽ**

സഭാ ചരിത്രം കൂടുതലായി പഠിക്കുന്നതിന് ഈ അവസരം ഇടയായി. ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിലൂടെ നിറവേറിയ പുനരൈക്യത്തിന്റെ അലയൊലികൾ മലങ്കരയിലാകമാനം അലയടിക്കുന്നകാലം. തനിക്കു പ്രാഥമിക പട്ടങ്ങൾ നൽകിയ യൂയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്താപോലും പുനരൈക്യപ്പെടാൻ ആഗ്രഹിച്ച് അതിനുവേണ്ടിപുറപ്പെട്ടതും എന്നാൽ മെത്രാപ്പോലീത്തയുടെ തന്നെ ബന്ധു കരവട്ട് വീട്ടിൽ സൈമൺ ശെമ്മാശൻ മെത്രാപ്പോലീത്തായെ കൗശലപൂർവ്വം വഴിമാറ്റി പരുമലയിൽ എത്തിച്ച് അദ്ദേഹത്തിന്റെ പുനരൈക്യശ്രമത്തെ പരാജയപ്പെടുത്തിയതുമെല്ലാം നാട്ടിൽ



www.malankaralibrary.com

പരക്കുന്ന കാലം. കത്തോലിക്കാ സഭയെക്കുറിച്ചും പുനരൈക്യ സംഭവ ത്തെതുടർന്ന് വളർന്നുകൊണ്ടിരിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയിലൂടെ നിറവേറ്റപ്പെടുന്ന സുവിശേഷ പ്രവർത്തനങ്ങളെക്കുറിച്ചും കൂടുതൽ അറിയുന്നതിനും പഠിക്കുന്നതിനും ഈ അവസരം വഴി തെളി ച്ചു. യൂയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പുന രൈക്യ ശ്രമങ്ങളെ തന്ത്രപൂർവം പരാജയപ്പെടുത്തിയ സൈമൺ ഡി കര വാട്ട് കോർ എപ്പിസ്കോപ്പാ കാലാന്തരത്തിൽ പുനരൈക്യപ്പെട്ടു. ഇതു പോലെ ഗീവർഗീസ് തോമ്പ്ര, കുറിയാക്കോസ് തറയപ്പട്ടയ്ക്കൽ, ജേക്കബ് തൈക്കാട്ടിൽ, പൗലോസ് തൈക്കാട്ടിൽ, പീറ്റർ രാമനാട്ട്, സി. റ്റി. കുര്യാ ക്കോസ് തുടങ്ങിയ അനേകം പ്രസിദ്ധരും പണ്ഡിതരുമായ വൈദികർ പുനരൈക്യപ്പെടുകയും ശക്തമായ സുവിശേഷ ശുശ്രൂഷ നിറവേറ്റുകയും ചെയ്യുന്നത് ബഹു. കെ. എം. പത്രോസ് അച്ചനെയും പുനരൈക്യപാത യിലേക്കു നയിച്ചു. 1949 – ൽ അദ്ദേഹം പുനരൈക്യപ്പെട്ടു. ജീവിതത്തിലെ ഏറ്റവും സംതൃപ്തിദായക സംഭവം എന്നാണ് പുനരൈക്യത്തെ അദ്ദേഹം വിശേഷിപ്പിച്ചിരിക്കുന്നത്. അതുവരെ ചെയ്തിരുന്ന ശുശ്രൂഷകൾ തന്നെ യാണ് പുനരൈക്യാനന്തരവും ചെയ്തിരുന്നത്. എന്നാൽ, അതിന്റെ അർത്ഥതലങ്ങളിൽ വലിയ വ്യത്യാസം അദ്ദേഹത്തിന് അനുഭവപ്പെട്ടിരു ന്നു. പുനരൈക്യാനന്തര ശുശ്രൂഷയെക്കുറിച്ച് അദ്ദേഹത്തിൽ നിന്ന് നേരിട്ടു ശ്രവിക്കാൻ എനിക്കിടയായിട്ടുണ്ട്. അപ്പോഴൊക്കെ എന്റെ മനസ്സിലേക്കു വന്നിട്ടുള്ള ഒരു സെൻഗുരുവിന്റെ കഥ ഇവിടെ കുറിക്കുന്നത് അപ്രസ ക്തമാകുകയില്ലെന്നു കരുതുന്നു.

ബോധോദയം ലഭിച്ച ഒരു സെൻഗുരുവായിരുന്നു റിൻസായി. ഒരിക്കൽ അദ്ദേഹത്തിന്റെ ഒരു ശിഷ്യൻ അദ്ദേഹത്തോടു ചോദിച്ചു. ‘‘ബോധോദയം ഉണ്ടാകുന്നതിനു മുമ്പ് അങ്ങ് എന്താണു ചെയ്തിരു ന്നത്?’’ ‘‘ഇപ്പോൾ ചെയ്യുന്ന കാര്യങ്ങൾ തന്നെയാണ് ഞാൻ അന്നും ചെയ്തിരുന്നത്. അന്നും ഗുരുവിനും ഗുരുകുലത്തിലെ മറ്റ് അംഗങ്ങൾക്കും വേണ്ടി ഞാൻ വെള്ളം കോരുമായിരുന്നു, വിറകുവെട്ടുമായിരുന്നു, ആശ്ര മത്തിലെ മറ്റു ജോലികൾ ചെയ്യുമായിരുന്നു. ഇപ്പോഴും ഞാൻ അതു തന്നെ ചെയ്യുന്നു. എന്റെ ആശ്രമത്തിലെ അംഗങ്ങൾക്കുവേണ്ടി വെള്ളം കോരുന്നു, വിറകുവെട്ടുന്നു, മറ്റു ജോലികൾ ചെയ്യുന്നു’’. അപ്പോൾ ശിഷ്യൻ ചോദിച്ചു. ‘‘ബോധോദയം ലഭിച്ചയാളും ലഭിക്കാത്തയാളും തമ്മിൽ എന്താണു വ്യത്യാസം ?’’. റിൻസായി പറഞ്ഞു: ‘‘ബോധോദയം ലഭിക്കാത്തയാൾ വിചാരിക്കും വെള്ളം കോരുന്നതും വിറകു വെട്ടുന്നതും മറ്റു ജോലികൾ ചെയ്യുന്നതുമൊക്കെ സാധാരണ ജോലികളാണെന്ന്. എന്നാൽ ബോധോദയം ലഭിച്ചയാൾ ആകട്ടെ ഈ ജോലികളൊക്കെ വിശു ദ്ധവും ദൈവികവും പുണ്യപൂർണതിലേക്കു നയിക്കുന്നവയുമാണെന്നു



www.malankaralibrary.com

കാണുന്നു. തന്മൂലം അസാധാരണമായ വിശുദ്ധ ജീവിതമായിട്ടാണ് അയാൾ തന്റെ ജീവിതത്തെ കാണുന്നത് ''.

പുനരൈക്യത്തിനു മുമ്പ് ചെയ്തിരുന്ന ശുശ്രൂഷകളൊക്കെത്തന്നെയാണ് പുനരൈക്യാനന്തരവും ചെയ്തിരുന്നത്. എന്നാൽ പുനരൈക്യശേഷം അവയൊക്കെ ദൈവികവും പുണ്യപൂർണതയിലേക്കു നയിക്കുന്നവയും ആയി അനുഭവപ്പെട്ടു. മുമ്പ് ഇവയൊക്കെ ചില പ്രവർത്തനങ്ങളായി മാത്രം അവശേഷിച്ചിരുന്നു.

**ഭൗതിക നേട്ടങ്ങളെ ത്യജിച്ചവൻ**

പുനരൈക്യ പ്രവർത്തനങ്ങളിൽ വലിയ സംതൃപ്തി ലഭിക്കുന്നതായി അദ്ദേഹം പറഞ്ഞിരുന്നു. കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ ഉണ്ടായിരുന്നെങ്കിലും പുനരൈക്യ ശുശ്രൂഷയ്ക്കായി ദൂരെ സ്ഥലങ്ങളിൽ പോകാനും അദ്ദേഹം സന്നദ്ധനായിരുന്നു. സുവിശേഷ പ്രവർത്തനങ്ങൾക്കുതകേണ്ട സഭയുടെ സമ്പത്തും ഊർജവും മത്സരത്തിനും വ്യവഹാരങ്ങൾക്കും നഷ്ടപ്പെടുത്തുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന ഹൃദയവേദന വലുതായിരുന്നു. പുനരൈക്യത്തിലൂടെ വലിയ സന്തോഷവും സംതൃപ്തിയും കൈവന്നതായി അദ്ദേഹം പറയുമായിരുന്നു. ഈ സത്യം മലങ്കര മക്കൾ എല്ലാവരും അറിയുകയും അനുഭവിക്കുകയും വേണം. അതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. ചില ലാഭങ്ങൾ വേണ്ടെന്നു വയ്ക്കുന്നവരാണ് യഥാർഥത്തിൽ ദൈവത്തിനവകാശപ്പെട്ടവർ. പുനഃരൈക്യത്തിലേക്കു കടന്നുവന്നവർ അപ്രകാരമുള്ളവരായിരുന്നു. ബഹു. കെ. എം. പത്രോസ് അച്ചനും അപ്രകാരം യാക്കോബായ സഭയിലെ ഇടവക പട്ടക്കാരനെന്ന നിലയിൽ ലഭിച്ചിരുന്ന സാമൂഹികവും സാമ്പത്തികവുമായ നേട്ടങ്ങൾ തൃണസമാനം ഉപേക്ഷിച്ചുകൊണ്ട് പുനഃരൈക്യസരണിയിലേക്കു കടന്നുവന്ന പുരോഹിത ശ്രേഷ്ഠനാണ്. എല്ലാക്കാലത്തും ഇങ്ങനെയുള്ള ഒരു ചെറുഗണം മനുഷ്യരുണ്ടായിരിക്കും. കൂലിയില്ലാതെ പണിയെടുക്കുന്നവർ, ഇവരാണ് യഥാർത്ഥ ശുശ്രൂഷകർ, യഥാർത്ഥ ശിഷ്യർ. ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാൻ വന്ന യേശുനാഥന്റെ ശിഷ്യർ.... സ്ലീബാദാസ സമൂഹത്തിലൂടെ നേടിയ ലാളിത്യഭാവം നിറഞ്ഞുനിൽക്കുന്ന പ്രകൃതവും പെരുമാറ്റവുമായിരുന്നു ബഹു. കെ. എം. പത്രോസ് അച്ചന്റേത്. എളിയവരോടുള്ള പരിഗണനയും അദ്ദേഹത്തിൽ ശ്രദ്ധേയമായിരുന്നു. അദ്ദേഹത്തിന്റെ ഈ സ്വഭാവവിശേഷങ്ങൾ പുനരൈക്യ ശുശ്രൂഷയെ ഏറെ സഹായിച്ചു.

**ഉത്തമകുടുംബനാഥൻ**

ദയറാ ജീവിതത്തിൽ ആകൃഷ്ടനായി മുക്കഞ്ചേരിൽ എം. പി.



www.malankaralibrary.com

പത്രോസ് അച്ചനോടൊപ്പം 1924 മുതൽ 1932 വരെ സ്ലീബാദാസ സമൂഹത്തിൽ ചേർന്നു പ്രവർത്തിച്ച ബഹു. കെ. എം. പത്രോസ് അച്ചൻ യാക്കോബായ സഭയിൽ സന്യാസത്തിനും ദയറാ പ്രസ്ഥാനത്തിനുമുള്ള വളക്കൂറില്ലായ്മയിൽ മനസ്സു മടുത്ത് ദയറാജീവിതത്തിൽ നിന്നു പിൻവാങ്ങി വൈദിക ശുശ്രൂഷയിലേക്കുള്ള ഒരുക്കമാരംഭിച്ചു. 1934 –ൽ ശെമ്മാശപട്ടം സ്വീകരിച്ചു. 1936 മേയ് പത്താം തീയതി വിവാഹിതനായി. ഈ ദാമ്പത്യത്തിൽ വളർന്നത് ഏഴു മക്കളും പതിനെട്ട് കൊച്ചുമക്കളും. കുടുംബത്തോടുള്ള ചുമതലകൾക്ക് കുറവു വരുത്താതെ പുനരൈക്യശുശ്രൂഷകൾ നിർവഹിക്കുന്നതിൽ അദ്ദേഹം പുലർത്തിയ തീക്ഷ്ണത ശ്ലാഘനീയമായിരുന്നു. ദൈവിക കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിച്ചപ്പോൾ കുടുംബകാര്യങ്ങൾ ദൈവം നേരിട്ടു നടത്തിയ അനുഭവം. മക്കളും കൊച്ചുമക്കളും സഭയ്ക്കും സമൂഹത്തിനും നന്മ നല്കുന്നവരായി ഉത്തമ ക്രൈസ്തവ ജീവിതം നയിക്കുന്നു. കൊച്ചുമക്കളിൽ ഏറ്റവും ഇളയവൻ വൈദികനായി കുടുംബത്തിന്റെ വൈദിക പാരമ്പര്യം തുടരുന്നു. ''കുടുംബം ഭരിച്ചവൻ കാശിയിൽ പോകണ്ടാ'' എന്നു നാട്ടിൽ ഒരു ചൊല്ലുണ്ട്. കുടുംബജീവിതം നയിക്കുന്നവൻ വിശുദ്ധീകരണത്തിന് വേറെ വഴി തേടേണ്ടതില്ലെന്ന് സ്വാരസ്യം ബഹു. കെ. എം. പത്രോസ് അച്ചന്റെ കുടുംബജീവിതവും വൈദിക ശുശ്രൂഷാ ജീവിതംപോലെ ധന്യമായിരുന്നു.

**ഉപസംഹാരം**

വലിയകാര്യങ്ങളെന്നു ലോകത്തിനു തോന്നാവുന്നതൊന്നും ചെയ്യാതെ സുവിശേഷാധിഷ്ഠിതമായി വൈദിക ശുശ്രൂഷയും കുടുംബജീവിതവും നയിച്ച് പുനരൈക്യത്തെ വളർത്തിയ വൈദിക ശ്രേഷ്ഠൻ. ലാളിത്യവും ദൈവവചനാഭിമുഖ്യവും സാധുക്കളോടുള്ള ദീനാനുകമ്പയും ജീവിതത്തിൽ പുലർത്തിയ ആചാര്യൻ. സുവിശേഷത്തെപ്രതി പല ലാഭങ്ങളും ജീവിതത്തിൽ വേണ്ടെന്നുവച്ച് ഹൃദയംകൊണ്ട് ദയറാ ജീവിതം കൊതിച്ച ദൈവസ്നേഹി. അതായിരുന്നു ഞാൻ കണ്ട കെ. എം. പത്രോസ് അച്ചൻ.



www.malankaralibrary.com

***യാമപ്രാർത്ഥനകളോടൊപ്പം ചൊല്ലുവാൻ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത തയ്യാറാക്കി 1929 – ൽ പ്രസിദ്ധീകരിച്ചതാണ് ഹാർദ്ദവ പ്രാർത്ഥന. അതിൽ നിന്നെടുത്ത മൂന്ന് പ്രാർത്ഥനകൾ ചുവടെ ചേർക്കുന്നു.***

**സഭയ്ക്കുവേണ്ടി**

1. കരുണയുള്ള യേശുതമ്പുരാനേ! ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള അങ്ങേ വിശുദ്ധ സഭയെ അനുഗ്രഹിക്കണമെ. അങ്ങേ ജീവനും ശക്തിയുംകൊണ്ട് അതിനെ നിറയ്ക്കണമെ. അതിന്റെ പ്രകാശത്താലും അങ്ങേ കൃപയാലും അതിന്റെ അംഗങ്ങളെല്ലാം വിശുദ്ധികൊണ്ടും സത്യജ്ഞാനംകൊണ്ടും നിറയുമാറാക്കണമെ. താഴ്മയാലും സ്നേഹത്താലും അങ്ങേ വിശുദ്ധ സഭ സകല ശത്രുക്കളെയും ജയിക്കുമാറാകണമെ. സകല ജാതികളും അങ്ങേ അറിയുവാനും സ്നേഹിക്കാനും സേവിക്കാനും അതിനെ തൃക്കൈയ്യിൽ ശക്തിയുള്ള ആയുധമാക്കി അതിന്റെ വേലയെ ഫലപ്പെടുത്തണമെ. കർത്താവേ, സത്യവിശ്വാസികളായ സകല മേൽപ്പട്ടക്കാരേയും പട്ടക്കരേയും, ശെമ്മാശന്മാരേയും ദൈവവേലക്കാർ ഏവരേയും, സകല സന്യാസസമൂഹങ്ങളേയും വിശ്വാസികളായ എല്ലാ സ്ത്രീപുരുഷന്മാരേയും വൃദ്ധന്മാരേയും കുഞ്ഞുങ്ങളേയും അവിടുന്ന് അനുഗ്രഹിക്കണമെ. അങ്ങേ മഹത്വം അവരിൽ പ്രശോഭിക്കുമാറാകണമെ.
2. കർത്താവേ! സമാധാനത്തിന്റെ പ്രഭുവായുള്ളോവേ, അങ്ങേ സഭയ്ക്ക് സമാധാനവും യോജിപ്പും നൽകണമെ. സകല മത്സരങ്ങളും വിരുദ്ധങ്ങളും നീക്കിക്കളഞ്ഞ് താഴ്മയും സ്നേഹവും വിശുദ്ധ സഭയിൽ നിറയ്ക്കണമെ.
3. ലോകത്തിൽ എവിടെയും ക്രിസ്ത്യാനികൾ തമ്മിലുള്ള സകല മത്സരങ്ങളും അവസാനിപ്പിക്കണമെ. സത്യവിശ്വാസത്തിൽ പരസ്പരം യോജിക്കാനും സ്നേഹിക്കാനും, അങ്ങേ വേല ലോകത്തിൽ ചെയ്വാനും അവരെ ശക്തിപ്പെടുത്തണമെ.
4. കർത്താവേ! സുറിയാനി സഭയിലുള്ള സകല വഴക്കുകളും അവിടുന്ന് അവസാനിപ്പിച്ച് സ്നേഹവും ഐക്യവും തന്ന് ഞങ്ങളെ അങ്ങേ തിരുനാമമഹത്വത്തിന് ഉപയോഗിക്കണമെ. കർത്താവേ!



www.malankaralibrary.com

സകല മത വിപരീതങ്ങളിൽ നിന്നും അവിശ്വാസങ്ങളിൽ നിന്നും ഞങ്ങളെ കാത്തുസൂക്ഷിച്ച് സത്യവിശ്വാസത്തിൽ ഞങ്ങളെ ഉറപ്പിക്കണമെ.

**ഇടവക പട്ടക്കാരനുവേണ്ടി**

യേശുതമ്പുരാനേ! ഞങ്ങളുടെ ആത്മീയപിതാവായി അവിടുന്ന് കൽപ്പിച്ചാക്കിയിരിക്കുന്ന ഈ ആളിനെ അനുഗ്രഹിക്കണമെ. അങ്ങേ തിരുവിഷ്ടപ്രകാരമുള്ള പട്ടക്കാരനായിരിക്കാൻ അനുഗ്രഹിക്കണമെ. അങ്ങേ വഴി ഞങ്ങളെ പഠിപ്പിക്കാനും ഞങ്ങളുടെ നിത്യരക്ഷയെപ്പറ്റി കരുതാനും അവിടുത്തെ പ്രതിപുരുഷനായ ഈ പട്ടക്കാരന് കൃപ നൽകണമെ.

**ശത്രുവിനുവേണ്ടി**

കർത്താവേ, ശത്രുക്കളെ സ്നേഹിക്കണമെന്ന് അങ്ങ് കൽപ്പിച്ചിരിക്കുന്നു. ഒരുവനേയും ദ്വേഷിപ്പാൻ എന്റെ ഹൃദയത്തിനു ശക്തിയുണ്ടാകരുതെ. എന്നോട് ശത്രുതയുള്ളവരെ അനുഗ്രഹിക്കണമെ. സ്നേഹം സകലത്തിലും വലിയതാണെന്ന് അവരെ പഠിപ്പിക്കണമെ. സർവശക്തനായ കർത്താവേ! അങ്ങ് സകല ലോകത്തേയും ഭരിക്കുന്നവനാണല്ലോ. ഞങ്ങളോടു ശത്രുതയുള്ള മനുഷ്യരുടെ ഹൃദയങ്ങളേയും ആലോചനകളേയും അങ്ങ് ഭരിക്കണമെ. അവരെ അനുഗ്രഹിക്കണമെ. അവർ എനിക്കും ഞാൻ അവർക്കും പുണ്യത്തിനും വിശുദ്ധിക്കും അങ്ങേ തൃക്കൈയ്യിൽ ആയുധങ്ങളായിരിക്കാൻ കൃപ ചെയ്യണമെ.



www.malankaralibrary.com



## ഫാ. ചെറിയാൻ താഴമൺ

| | | |
|---|---|---|
| ജനനം | : | 1953 മാർച്ച് 12. |
| മാതാപിതാക്കൾ | : | തോമസ് ചെറിയാൻ & ശോശാമ്മ ചെറിയാൻ. |
| കുടുംബം | : | അയിരൂർ പകലോമറ്റം താഴമൺ. |
| വൈദികപഠനം | : | തിരുവല്ല, കർമ്മലഗിരി, മംഗലപ്പുഴ ആലുവ. |
| ശെമ്മാശ്പട്ടം | : | അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായിൽ നിന്ന് 1978 ഒക്ടോബർ 19 ന് മേരിഗിരി അരമനചാപ്പലിൽ. |
| വൈദികപട്ടം | : | അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്തായിൽ നിന്ന് 1979 ജനുവരി ഒന്നാം തീയതി സെന്റ് ജോൺസ് കത്തീഡ്രലിൽ. |
| പ്രഥമ ദിവ്യബലി | : | അയിരൂർ സെന്റ് പാട്രിക്സ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ, 1979 ജനുവരി രണ്ടാം തീയതി. |
| ഇടവക വികാരി | : | പുന്നവേലി, നൂറോമ്മാവ്, വാകത്താനം, പുതുപ്പള്ളി, നിരണം ഈസ്റ്റ് (രണ്ട് പ്രാവശ്യം), പുളിക്കീഴ് (രണ്ട് പ്രാവശ്യം), നിരണം വെസ്റ്റ് (രണ്ട് പ്രാവശ്യം), പാണ്ടനാട്, തിരുവൻവണ്ടൂർ, വാളക്കുഴി, മുണ്ടക്കയം (രണ്ട് പ്രാവശ്യ), ചിറ്റടി, കോരുത്തോട്, എറണാകുളം (രണ്ട് പ്രാവശ്യം), കളമശ്ശേരി, ആനിക്കാട്, മഞ്ഞത്താനം, പനയമ്പാല, മുണ്ടുകുഴി, കുമ്പനാട് (രണ്ട് പ്രവശ്യം), പൂവത്തൂർ (രണ്ട് പ്രവശ്യം) ഡൽഹി മിഷൻ (രണ്ട് പ്രവശ്യം), പൂഴിക്കുന്ന്, തൃക്കോമല, സെന്റ് ജോൺസ് കത്തീഡ്രൽ തിരുവല്ല, കുമരകം. |
| സംഘടനകൾ | : | ഫാമിലി അപ്പസ്തോലേറ്റ് അതിരൂപതാ ഡയറക്ടർ<br>എം.സി.വൈ.എം. അതിരൂപതാ ഡയറക്ടർ<br>എം.സി.എ. അതിരൂപതാ ഡയറക്ടർ<br>ഐക്യദീപം ചീഫ് എഡിറ്റർ<br>കോർപ്പറേറ്റ് മാനേജർ ഓഫ് സ്കൂൾസ് തിരുവല്ല അതിരൂപത. |
| സെക്രട്ടറി | : | അതിരൂപതാ പാസ്റ്ററൽ കൗൺസിൽ. |
| സി.ഇ.ഒ | : | ദീപിക, കോട്ടയം. |
| മുഖ്യവികാരി ജനറാൾ | : | തിരുവല്ലാ അതിരൂപത. |

www.malankaralibrary.com